
Silver JUBILEE



DOMINVS ILLVMINATIO MEA

souvenir

PALAI

1950 - 1975

MARAM
73
8/1975
BRARY

...ARMARAN COLLEGE LIBRARY
...C. NO ...$8000588...
...SH NO ...M23/D624/1975



Souvenir

Of the Silver Jubilee

Of the Episcopal Ordination

Of His Excellency Mar Sebastian Vayalil

And

The Foundation of the Diocese of Palai

DHARMARAM COLLEGE LIBRARY, BANGALORE.

1950 — 1975

PALAI

EDITORIAL BOARD


PATRON

His Excy. Rt. Rev. Mar Joseph Pallikaparampil

BOARD OF EDITORS

Prof. C. J. Sebastian M. A.
Sri Cyriac Thomas M. A.
Sri Mathew Joseph M. A.
Sri Devasia Anjoottimangalam
Sri Joseph Mattam M. A.
Sri Thomas Mathew Kottarathumkuzhy
Sri K. T. Thomas M. A., B. Ed.
Sri Thomas Joseph Kottukappally M. A., LL. B.
Rev. Fr. James Kaippanplackal
Rev. Fr. Mathew Madathikunnel
Rev. Fr. Jacob Plathottam *(Treasurer)*
Rev. Fr. Kurian Mathothu *(Chief Editor)*

Printed at
The St. Thomas Press, Palai



Lead, Kindly Light

Lead, kindly light, amid th' encircling gloom,
Lead Thou me on;
The night is dark, and I am far from home,
Lead Thou me on;
Keep Thou my feet; I do not ask to see
The distant scene; one step enough for me.

I was not ever thus, nor pray'd that Thou
Shouldst lead me on;
I loved to choose and see my path; but now
Lead Thou me on;
I loved the garish day, and, spite of fears,
Pride ruled my will. Remember not past years.

So long Thy power has blest me sure it still
Will lead me on
Over moor and fen, o'er crag and torrent, till
The night is gone,
And with the morn those angel faces smile
Which I have loved long since, and lost awhile.

— **John Henry Newman** —


Lead, Kindly Light

Lead, kindly light, amid th' encircling gloom,
Lead Thou me on;
The night is dark, and I am far from home,
Lead Thou me on;
Keep Thou my feet; I do not ask to see
The distant scene; one step enough for me.

I was not ever thus, nor pray'd that Thou
Shouldst lead me on;
I loved to choose and see my path; but now
Lead Thou me on;
I loved the garish day, and, spite of fears,
Pride ruled my will. Remember not past years.

So long Thy power has blest me sure it still
Will lead me on
Over moor and fen, o'er crag and torrent, till
The night is gone,
And with the morn those angel faces smile
Which I have loved long since, and lost awhile.

— John Henry Newman —



HIS EX. RT. REV. MAR SEBASTIAN VAYALIL
JUBILARIAN 1950 - 1975

Venerabili Fratri

Sebastiano Vayalil

Episcopo Palaiensi

Hoc vertente Iubilaeo anno, cum simul contingat faustus natalis et dioecesis Palaiensis et episcopatus tui, propterea vehementer cupimus ambos notabiles eventus hisce litteris Nostris sponte commemorare, at praesertim episcopum te aperte celebrare, quippe qui auctor et actor opitulante Deo adhuc fueris prosperitatis et viriditatis Ecclesiae in dicione fidelibus catholicis frequentissima totius Indiae.

Quoniam vero eadem ista in urbe natus et institutus es atque istic solum ut sacerdos et sacrorum Antistes es operatus, idcirco vicesimus quintus episcopatis tui muneris anniversarius tibi quidem in primis magnum tribuit honorem, non autem minus-

decus et ornamentum omni populo, ad quem multiplici sic titulo pertines et in. re. De anniversario tuo die vere gratulamur tibi ipsi fraterna cum laetitia, dum laudes debitas referimus Redemptori Domino, quem illuminationem tuam esse semper voluisti, propter memorabilia bona et emolumenta per te episcopum ad. lata carissimo Palaiensi gregi.

Vix ulla enim regio vitae ecclesialis est aut episcopalis operae ubi consilia egregia tua et incepta pastoralia non emineant, ubi plurimi progressus his viginti quinque proximis annis non sint effecti. Libet profecto ante omnia agnoscere, quanta merita domi et foris cumulaveris tibi potissimum in honorifica educationis provincia et quanta proinde monumenta huius evangelicae tuae curae istic iam condideris, diu posthac mansura: seminaria non nulla sacerdotibus praeparandis, collegia Sororibus ac puellis instituendis, technicas scholas et complures sedes tradendae christianae doctrinae; nec facere possumus

quin valde consolemur Nos ipsos ob multitudinem discipulorum millenorum qui disciplinas ibidem addiscunt. Magnopere pariter Nobis probatur diligens illud studium quod prudentissime nimirum locavisti in vocationibus religiosis et sacerdotalibus adiuvandis, in ipsis Congregationibus religiosis intra dioecesis fines duplicandis, in senibus presbyteris sustentandis. Apostolica insuper alacritas tua, qua memor es totius nationis necessitatum, perfecit ut missionalis societas Sancti Thomae Apostoli excitaretur suosque sodales quoquoversus Evangelii praecones dimitteret. Accurata tum exsecutio socialium Ecclesiae praeceptorum effectrix fuit novorum valetudinariorum, domuum pupillarium nec non praeclarae rationis succurrendi familiis singulis egentibus.

Patet igitur luculenter Nobis et omnibus haec coepta tua recensentibus quam multa magnaque commoda et beneficia episcopatus tuus, Venerabilis Frater, importaverit dilectae dioecesi Palaiensi, quae florida iam et adulta tecum patre ac pastore concelebrat

vicesimum quintum vitae annum explentium. Adsumus propterea tibi hoc beato tempore gratulanti quidem animo sed hortanti quoque voce, ut quae omnia divino motu et impulsu pro animarum salute impiger susceperis, ita constanter prosequaris immo et augeas ad Dei gloriam et Ecclesiae confirmationem.

Tibi denique spectato episcopo comes semper in via esto Apostolica Nostra Benedictio, quam velut testimonium clarum peculiaris aestimationis Nostrae et pignus simul necessariorum Dei auxiliorum tibi ad vicesimum quintum episcopatus natalem diem cum his litteris transmittimus nec non et universo clero ac populo Palaiensi cui Christi nomine praees.


Ex Aedibus Vaticanis, die XXIV mensis Octobris, anno MCMLXXV, Pontificatus Nostri tertio decimo.

Paulus P. P. VI.

PRESIDENT'S SECRETARIAT
Rashtrapathi Bhavan
New Delhi - 110004

No. F. 2-M/75

December 30, 1975



Dear Sir,

The President is glad to know from your letter of the 16th December 1975 that the Diocese of Palai, Kottayam, Kerala State, will celebrate its Silver Jubilee on the 4th January, 1976. It is a matter for gratification that these celebrations synchronise with the Episcopal Silver Jubilee of Rt. Rev. Dr. Sebastian Vayalil, its first Bishop. On this happy occasion, he sends his felicitations to the Bishop and best wishes to the Diocese for success in its social, culture and humanitarian activities.

Yours faithfully,

Sd/- (K. R. Gupta)
Additional Private Secretary
to the President

Rt. Rev. Msgr. Joseph Pallikaparampil,
Auxiliary Bishop,
Bishop's House, Palai, Kerala

PRIME MINISTER

NEW DELHI

February 4, 1976



Dear Shri Mani,

I have received your letter of January 28.

Please give my good wishes to the Rt.Rev. Dr. Sebastian Vayalil, Bishop of Palai, on his Episcopal Silver Jubilee.

Yours sincerely,

Sd/- (INDIRA GANDHI)

Shri K. M. Mani,
Minister for Finance,
Kerala, Trivandrum

To

Mar Sebastian Vayalil,
Bishop's House,
Palai

Occasion twentififth anniversary apostolic c.nstitution Quo Ecclesiarum creating eparchy of Palai holy father united in prayer with bishop clergy religious and laity gives thanks to almighty God for past favours and while invoking holy year graces of renewal and reconciliation on ntire church in Palai with spiritual affection imparts apostolic blessing.

CARDINAL VILLOTT


(TELEGRAM)

SACRA CONGREGATIO
PRO ECCLESIIS ORIENTALIBUS

00193 Roma, November 14, 1975
Via della Conciliazione, 34

Prot. N. 503/68

Mentionem facias, quaeso, huius numeri in tua responsione
Si prega di citare numero nella risposta



Your Lordship,

On the occasion of the joyful celebration of the Silver Jubilee of your Episcopate, this Sacred Congregation desires to join with you in thanking the Lord for the copious gifts, graces and apostolic consolations He has vouchsafed you in your twenty-five years of ministry as Shepherd of the beloved eparchy of Palai.

The impulse Your Lordship gave to the life of the Eparchy at its beginnings in 1951 has borne fruit in all sectors, as can be seen from the uninterrupted series of significant achievements.

In addition to the consoling results obtained in the social, educational and charitable fields, we would like to single out for special mention the exceptionally rich flowering of clerical and religious vocations, which, on account of their abundance, have God's good Providence, been of great benefit to not a few other dioceses and regions.

This Sacred Congregation woud like to extend the expression of its lively satisfaction to the members of the clergy and the religious institutes who have co-operated in the realization of the various diocesan projects, as well as to the faithful who are the object of your assiduous pastoral solicitude and who have responded so generously to your leadership.

A special word of greeting and congratulations is addressed also to His Lordship the Auxiliary Bishop and to your closer collaborators.

Calling upon you the Lord's choicest blessings for many more years of successful and fruitful ministry, I am, Your Lordship, with sentiments of highest esteem and renewed personal good wishes,

Sincerely yours in Christ,


Paul Card Philippe

Prefect

His Lordship the Most Reverend
Msgr. Sebastian Vayalil, D. D.,
Bishop of Palai,
Kerala, India

Citta del Vaticano

October 25, 1975



Dear Lord Bishop,

It is a pleasure and a privilege for me to take part, if not bodily at least by heart in the celebration together with all your diocesans, of the 25th anniversary of your consecration as the Bishop of the newly erected diocese of Palai which story of brilliant development, is verified in the exercise of pastoral devotion of your Lordship.

The reading of the situation of 25 years ago and that of today are eloquently expressing how the grace of God has been working through the Pastor and his collaborators — clergy, religious and lay people — for the glory of God and the increase of the Church for the benefit of the souls, not only in your diocese of Palai but abroad and there is every reason to believe that the first Missionary Society founded in India will be a new vigorous element for spreading the Christian Doctrine and life in many fields.

In those interesting figures I appreciate in a particular way the Mission League, the Youth League in parishes and the works of Charity with local resources. May the good Lord, also by the intercession of His Blessed Mother, continue to bless the Christian life in Palai under the leadership of your Excellency.

Yours sincerely,

(Sd) M. Card. De FURSTENBERG

Archbishop's Hose
Bombay 1 - BR

AH : D : 12

16th December 1975



Your Excellency,

I have received from your Auxiliary Bishop a letter dated 12th December 1975, and I note that it is the Silver Jubilee of your Episcopate, since you were consecrated on 9th November 1950.

I have noted from the statistics supplied, the large number of Institutions that have been established during these last twentyfive years; especially the number of vocations promoted for work within the diocese and for the missions outside.

I write, therefore, to offer you my congratulations and prayers for your continued welfare.

With every good wish,

Yours sincerely in Dno.

(Sd) Valerian Cardinal Gracias
Archbishop of Bombay


Mar Sebastian Vayalil
Bishop of Palai

SACRA CONGREGATIO
PRO GENTIUM EVANGELIZATIONE
SEU DE PROPAGANDA FIDE

Rome

October 28, 1975

Prot. 5479/75



Your Lordship,

I have received your esteemed letter of October 8, last, in which you informed me of the fact that the diocese of Palai will be shortly completing its first 25 years of existence, during which time Your Lordship has always exercised the Office of its Chief Pastor. Consequently, really two celebrations are taking place almost simultaneously, that of the erection of the diocese and that of Your Lordship's episcopal ordination.

The memory of our associations both in the Episcopal conference of India as well as in the days when I was Archbishop of Bangalore, still remain very green and fresh in mind and in my heart, nor has the time and days spent here in Rome in any way diminished them, or the deep gratitude that I personally owe Your Lordship for the training of priests in your seminary, who subsequently have served the Archdiocese of Bangalore so zealously and so faithfully. You may be certain that the small help which the Society of St. Peter the Apostle has been able to provide your seminary is only a token of the immense debt of thanks which the Archdiocese of Bangalore and this Sacred Congregation owe to your diocese for the formation of such priests.

Much as I would like personally to be present for the celebrations that will begin shortly, it will not be possible. But your Lordship may rest assured that I will be there very much both in spirit and in communion in prayer. Moreover, I shall be especially mindful at the altar of the Lord, both of Your Lordship and of the diocese, on the days on which the festivities will be celebrated.

Expressing to Your Lordship my deepest sentiments of personal gratitude and esteem, I remain,

Devotedly yours in our Lord,

(Sd) D. S. LOURDUSAMY

Mar Sebastian Vayalil
Bishop of Palai

AMMINISTRAZIONE DEL PATRIMONIO
DELLA SEDE APOSTOLICA

Vatican

22nd October 1975

SEZIONE ORDINARIA



My dear Lord Bishop,

The forthcoming Fortieth Anniversary of Your Lordship's priestly ordination is going to be framed, as it were, by the Silver Jubilees both of your own consecration as a Bishop and of the Foundation of the Diocese of Palai. In writing to offer you my prayerful best wishes on this three-fold happy occasion, I recall with great pleasure the visits which I made to you in 1968 and 1969.

The warmth of your welcome on those occasion was truly a reflection of the ardent apostolic zeal for the spreading of Christ's Kingdom which I witnessed in Palai. I recall, in particular, the dedication of the Missionary Society of Saint Thomas the Apostle, and of the Sisters and the members of the lay apostolate.

I know too that the Church in Palai has shown many signs of its continuing growth in stature and in the love of Christ during these years, seeking not only to receive the Good News but to spread it beyond the confines of the Diocese, by means of missionaries in the North of India.

All this progress is sure and certain confirmation of God's love and grace, but it also demonstrates the effectiveness of the spiritual affection, resolute determination and unflagging zeal which you, the Chief Pastor of Church in Palai, have lavished so selflessly on all committed to your care. Although I cannot be with you to celebrate these wonderful Feasts, I shall be spiritually united with you in prayer, Floreat Ecclesia Palaiensis — Ad Multos Annos !

With every good wish, I remain,

Yours fraternally in Christ

(Sd) G. CAPRIO

Mar Sebastian Vayalil
Bishop of Palai

APOSTOLIC NUNCIATURE
IN INDIA

Telegrams : 'Nuntius' New Delhi
Telephone : 616521
Niti Marg, Chanakyapuri
New Delhi - 110021

19th December, 1975

No. 9454/75



Your Lordship,

Within the near future the Diocese of Palai will be celebrating the Silver Jubilee both of its foundation and of the installation of the Right Reverend Sebastian Vayalil as its first Bishop.

It is fitting that these two events should be celebrated on the same date, as the history and the development of the Diocese is bound up with the apostolic leadership and zeal of the present Bishop. Under his guidance and inspiration the priests, religious and faithful of the Diocese have worked with a ready will to deepen the spirit of faith, and to provide an increasing number of facilities to meet the spiritual, educational and social needs of the diocesan community, and to serve the needs of the Church in other parts of India.

On this Jubilee occasion I join with the Bishop and with the ecclesia[1] community of the Diocese of Palai, in prayerful thanksgiving to God for the blessings He has bestowed on the Chnrch in Palai, and on him who has served the community as its zealous Pastor for twenty-five years.

With my prayerful good wishes, I remain,

Fraternally yours in Christ

(Sd) Apostolic Pro-Nuncio

Rt. Rev. Msgr. Joseph **Pallikapar**ampil,
Auxiliary Bishop,
Bishop's House, Palai, Kerala

GOVERNOR OF KERALA

Raj Bhavan
Trivandrum

December 20, 1975




I understand that the Silver Jubilee of the Foundation of the Diocese of Palai and the Episcopal Silver Jubilee of the first Bishop of the Diocese, Rt. Rev. Dr. Sebastian Vayalil, are being celebrated on the 4th January 1976 and that a Souvenir is being published on the occasion. I send my good wishes to the Celebrations as well as the Souvenir.

(Sd) N. N. VANCHOO

C. ACHUTHA MENON
CHIEF MINISTER, KERALA

Trivandrum

December 22, 1976



I am happy to know that the Diocese of Palai is cclebrating its Siver Jubilee, shortly.

I send my good wishes.

(Sd) C. Achutha Menon
Chief Minister

Grams : CARDINAL


Phone : 32629

JOSEPH CARDINAL PARECATTIL
ARCHBISHOP OF ERNAKULAM

Archbishop's House
Post Bag No. 1209
Cochin - 682011

No. M 3/B–232/75

December 22, 1975



The Diocese of Palai had the privilege of celebrating already two Silver Jubilees : of its foundation on July 25, 1975 and of your Episcopal Consecration on November 9, 1975 and I understand that another Silver Jubilee, equally important, if not more, is to be celebrated on January 4, 1976: of your installation as the Bishop of Palai inaugurating thereby the Diocese of Palai. On this happy occasion when sentiments of joy and jubilation, gratitude and thanksgiving to God well up in the hearts of all in the Diocese of Palai, permit me to make these sentiments my own and sing to the Lord with you "Te Deum laudamus....." Called to be the first Bishop of the infant Diocese of Palai you guided over its destinies for the last twentyfive years with untiring zeal and unfailing enthusiasm coupled with a daring initiative and prodigious courage that the Diocese of Palai has verily progressed by leaps and bounds and has reached thc forefront of the Dioceses of India with an enviable record of achievements in the educational, social and missionary fields. Please accept my hearty congratulations. Your forward march has been immeasurably facilitated by the unconditional support and co-operotion you received from Bishop Pallikaparampil, all the clergy and faithful of the Diocese of Palai; my congratulations to them too. I wish all success to the Jubilee Celebrations and to the Souvenir which will be brought out to place on public record all the memorable events related to the life and activities of Your Excellency and of the Diocese. With the assurance of my prayers for your health and longevity and with best wishes for your continued success.

Yours sincerely in Our Lord

+ Joseph Card. Parecattil

Archbishop of Ernakulam

His Lordship the Most Reverend
Msgr. Sebastian Vayalil, D. D.,
Bishop of Palai,
Kerala, India

MOST REV. JOSEPH KELANTHARA
ARCHBISHOP OF VERAPOLY

Phone : Cochin (Ek) 32892
Latin Archbishop's House
P. B. No. 1211, Cochin - 682011

A. No. 685/75/E

December 20, 1975



My Lord,

I am very happy to note that this year the Dioeese of Palai is celebrating a triple Silver Jubilee : Jubilee of the erection of the Diocese, Episcopal Ordination of His Excellency Bishop Sebastian Vayalil and of the installation as the First Bishop of the Diocese together with its official inauguration.

It is indeed a rare occasion worthy of solemn celebrations. And the fact that you are concentrating more on the spiritual renewal and reconciliation, after the goal of the Holy Year, of the people of God in that diocese and on helping the homeless, is all the more impressive and praiseworthy. I am sure that the Perpetual 12 Hours Adoration which is going on in the various parishes and institutions of the Diocese will definitely be a source of unprecedented divine blessings in the Diocese. The Project of building 400 houses for the poor is indeed a herculian task and is an excellent expression of the yeoman service which the Diocese has been doing during the past 25 years under the able guidance of its zealous and privileged Pastor.

On this most happy occasion of this triple-Jubilee I wish to place on record the zealous interest of Bishop Vayalil in promoting Vocations to priesthood and religious life both for the Church in Kerala and in India at large. This is worthy of being recorded in golden letters in the annals of the history of the Church in India.

It is my sincere wish and ardent prayer that this Jubilee celebrations be a great incentive for the entire people of God in the Diocese of Palai still more to intensify their Catholic Faith, their mutual unity under the able pastoral guidance of their zealous Bishop and to foster more and more Vocations for apostolate in the Vineyard of the Lord. I wish the Jubilee celebrations every success and invoke God's choicest blessings on the Catholic Community of the Diocese of Palai and on His Excellency Bishop Sebastian Vayalil.

Your Lordship's devotedly in Our Lord,


(Sd) Archbishop of Verapoly

His Lordship
Rt. Rev. Dr. Joseph Pallikaparampil
Auxiliary Bishop of Palai

MOST REV. BENEDICT MAR GREGORIOS
O. I. C., M. A., D. D.
ARCHBISHOP OF TRIVANDRUM

Archbishop's House
Trivandrum - 695004
Kerala, India

March 19, 1976



On the occasion of the Silver Jubilee of the erection of the Diocese of Palai and that of the Episcopal Silver Jubilee of its First and Illustrious Bishop His Excellency the Most Rev. Mar Sebastian Vayalil, I join all the faithful of the Diocese in thanking Our Lord for the Most wonderful graces He has bestowed on the Diocese and on His Excellency Mar Sebastian Vayalil during the past quarter of a century. I offer to His Excellency and to all the members of the Diocese my cordial greetings.

During the last twenty-five years of his episcopate, His Excellency Bishop Vayalil has endeared himself to his people and I have been personal w tness to the deep affection they bear towards him. He has most wisely laid the foundation for the new Diocese and built it up on very healthy lines. Its apostolic fruitfulness is unrivalled in the entire Christian world and its sons and daughters are carrying on the work of the Divine Master throughout the face of the globe.

I pray that God may bless His Excellency with good health and all graces so that he may be able to continue his fruitful service in the diocese and in the whole Church.

(Sd) Archbishop of Trivandrum

MAR ANTONY PADIYARA
ARCHBISHOP OF CHANGANACHERRY

Archbishop's House
Changanacherry - 686101
Phone: 40

18th March 1976



I am very happy to know that you are going to publish a Souvenir to commemorate the combined Jubilee Celebrations of the establishment of the diocese of Palai, and also of the Episcopal Consecration of His Excellency Rt. Rev. Dr. Sebastian Vayalil. I have no doubt that the Souvenir will record at length the history of the diocese, and its progress in the last 25 years. A man of great vision and initiative, His Excellency was instrumental in the meritorious achievements of the diocese in the educational, spiritual, and social fields. The people in Palai, can legitimately be proud of the fact that they have been sending many missionaries to the different parts of India and even to the various countries outside. May our dear Lord bless the people in Palai, and may He reward His Excellency for his dedicated and selfless service to the people.

Wishing the Souvenir all success, and with best wishes,

Yours devotedly in Our Lord,


(Sd) Archbishop of Changanacherry

The Editor,
Souvenir Committee,
Palai.

മംഗളാശംസ

കെല്പാവോളം തുടക്കംമുതൽ വിജയകരം
പ്രസ്ഫുരിപ്പിച്ചുപൊന്തും -
നല്പാലാ രൂപതയ്ക്കും, തദധിപതി മഹാ
നാം പിതാവിന്നുമൊപ്പം,
ശില്പാരൂഢാഭചേഴും 'രജത' ലസിത
'ജൂബിലി' ശ്രീമഹം, തൻ -
നല്പാളം തൃക്കടാക്ഷം വഴി ശുഭതമ മാ
ക്കീടണം ക്രിസ്തുനാഥൻ.

പ്രവിത്താനം പി. എം. ദേവസ്യാ



പാലാ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ സഹോദരൻ സെബാസ്റ്റ്യൻ വയലിലിനു്

പാലാ രൂപതാ സ്ഥാപനത്തിനേറയും താങ്കളുടെ മെത്രാൻ പദപ്രാപ്തിയുടേയും ഏകോപചിച്ചുള്ള രജതജൂബിലി വത്സരമാണല്ലോ ഇതു്. ഈ മഹാസംഭവങ്ങളും രണ്ടിനേയും സവ്വാത്മനാ അനുസ്മരിക്കുന്നതിനും വൈദികാദ്ധ്യക്ഷനായ അങ്ങയെ മുക്തകണ്ഠം അനുമോദിക്കുന്നതിനും ഈ സന്ദേശദ്വാരാ നാം അവസരമായി ആഗ്രഹിക്കുന്നു. ഇൻഡ്യയിലൊട്ടാകെ വിശ്വാസികളുടെ ശതമാനത്തിൽ ഒന്നാം സ്ഥാനത്തുനില്ക്കുന്ന ആ രൂപതയിൽ സഭയുടെ നന്മയ്ക്കും ചൈതന്യത്തിനുംവേണ്ടി ഈശ്വരാനുഗ്രഹത്താൽ അങ്ങു് നടത്തിയ ഊജ്ജസ്വലവും കർമ്മോന്മുഖവുമായ പരിശ്രമങ്ങളെ ഹൃദയപൂവ്വം അഭിനന്ദിക്കുവാനും ഈയവസരം നാം ഉപയോഗിച്ചുകൊള്ളട്ടെ.

ആ പ്രദേശത്തു് ജനിച്ചു് അവിടെത്തന്നെ വിദ്യാഭ്യാസവും പരിശീലനവും നേടി സ്വജനങ്ങളുടെ ഇടയിൽ വൈദികനായും മെത്രാനായും സേവനമനുഷ്ഠിക്കുവാൻ ഭാഗധേയം സിദ്ധിച്ച അങ്ങേക്കു് മെത്രാഭിഷേക ജൂബിലിയുടെ ഈ സുവർണ്ണാവസരം അത്യന്തം ചാരിതാർത്ഥ്യപ്രദമാണു്. അതുപോലെതന്നെ അങ്ങയുടെ ബഹുമുഖങ്ങളായ സേവനങ്ങളുടെ ഫലാനുഭോക്താക്കളായ ആ ജനവിഭാഗത്തിനും ഈ മംഗളസന്ദർഭം അഭിമാനപ്രദമാണു്. ഭ്രാതൃനിർഭരമായ ആനന്ദവായ്പോടെ അങ്ങേയ്ക്കു് നാം ജൂബിലി മംഗളങ്ങൾ ആശംസിക്കുകയും, പാലാ രൂപതയിലെ സ്നേഹവത്സലരായ അജഗണങ്ങൾക്കു് ഇടയനായ അങ്ങിലൂടെ കൈവന്ന അവിസ്മരണീയങ്ങളായ ദൈവാനുഗ്രഹങ്ങൾക്കും നന്മകൾക്കുംവേണ്ടി രക്ഷകനായ ദിവ്യനാഥനു് നാം കൃതജ്ഞതാസ്തോത്രം അർപ്പിക്കുകയും ചെയ്യുന്നു. ആ ദിവ്യനാഥൻ സാന്ത്വന പ്രകാശമായിരിക്കുവാനാണല്ലൊ അങ്ങയുടെ ചിരന്തനമായ അഭിലാഷവും.

ഇരുപത്തഞ്ചു കൊല്ലത്തോളം ദീർഘിക്കുന്ന ഭരണകാലത്തു് രൂപതയിലെ മതാത്മകജീവിതത്തിൽ അങ്ങയുടെ അജപാലനാ വൈഭവത്തിനും കർമ്മശൂരതയ്ക്കും അന്യൂനമാംവിധം വിധേയമാവാത്ത യാതൊരു പ്രവർത്തനമേഖലയുമില്ല. എല്ലാ രംഗത്തും ബഹുമുഖങ്ങളായ ഫലസിദ്ധികൾ കൈവന്നിട്ടുണ്ടു്. സവ്വോപരി അങ്ങയുടെ പ്രേഷിത പരിശ്രമത്തിന്റെ ഫലമായി വിദ്യാഭ്യാസമണ്ഡലത്തിൽ സമുദായാംഗങ്ങളുടേയും മറ്റുള്ളവരുടേയും പ്രശംസയും അംഗീകാരവും ആർജ്ജിച്ച മഹനീയങ്ങളായ നേട്ടങ്ങൾ എടുത്തുപറയുവാനുണ്ടു്. വൈദികരുപവല്ക്കരണത്തിനുള്ള ഒന്നിലധികം സെമിനാരികൾ, വിദ്യാഭ്യാസത്തിനും കന്യാസ്ത്രീകളുടെ പരിശീലനത്തിനുമുള്ള ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങൾ സാങ്കേതിക വിദ്യാലയങ്ങൾ, ഒട്ടനവധി മതാദ്ധ്യാപനകേന്ദ്രങ്ങൾ മുതലായവയാണവ. ഈ സ്ഥാപനങ്ങളിൽ അദ്ധ്യയനം നടത്തുന്ന ബഹുസഹസ്രം അധ്യേതാക്കളെയോർത്തു് നാം ആനന്ദംകൊള്ളുന്നു. അതുപോലെതന്നെ സന്യാസജീവിതത്തിലേക്കും വൈദിക വൃത്തിയിലേക്കുമുള്ള

ദൈവവിളികളെ പ്രോത്സാഹിപ്പിക്കുന്നതിലും രൂപത യിലെ സന്യാസസമൂഹങ്ങളെ വർദ്ധിപ്പിക്കുന്നതിലും വയോധികരായ വൈദികരുടെ പരിരക്ഷാപദ്ധതി യിലും പ്രദർശിതമായ അങ്ങയുടെ വിവേകപൂർണ്ണമായ തീഷ്ണതയേയും ശ്രേഷ്ഠക്കാന്തിയേയുംപറ്റി നമുക്കു നല്ലവണ്ണം അറിയാം. ഇവയ്ക്ക് പുറമേ അങ്ങയുടെ പ്രേഷിതോചിതമായ ഉത്സാഹപ്രകർഷംമൂലം രാജ്യ ത്തിനൊട്ടാകെയുള്ള പ്രേഷിതാവശ്യങ്ങളെ മനസ്സിരു ത്തിക്കൊണ്ട് സെൻറ് തോമസ് മിഷനറി സൊ സൈറ്റിക്കു് അങ്ങ് ആരംഭമിടുകയുണ്ടായി. ആ സൊസൈറ്റിയുടെ അംഗങ്ങളെ സുവിശേഷ പ്രച രണാർത്ഥം നാനാഭാഗങ്ങളിലേക്കും അയക്കപ്പെടുക യും ചെയ്യും. മാത്രമല്ല സഭയുടെ സാമൂഹ്യപ്രബോ ധനകൃത്യത്തിന് എത്രയും അനുയോജ്യമായ രീതിയിൽ ആതുര ശുശ്രൂഷാകേന്ദ്രങ്ങളും അനാഥശാലകളും ഇതര പ്രസ്ഥാനങ്ങളും അങ്ങ് പുതുതായി സ്ഥാപിക്കുകയും കുടുംബക്ഷേമ പദ്ധതികളെ കരുപ്പിടിപ്പിക്കുകയും ചെയ്തു.

അതിനാൽ അഭിവന്ദ്യ സഹോദരാ, അങ്ങയു ടെ ഭരണകാലത്തു് സ്നേഹോജ്ജ്വലമായ പാലാ രൂപ തയ്ക്ക് കൈവന്ന അനുഗ്രഹോപകാരങ്ങളെ ബഹുല ങ്ങളും മഹനീയങ്ങളുമാണെന്നു് നമുക്ക് തീർച്ചയ ണ്ട്. അങ്ങയുടെ മേൽപറഞ്ഞ സംരംഭങ്ങളെ നിരീ ക്ഷിക്കുന്ന ആർക്കും ഈ വസ്തുത സ്പഷ്ടമാവുകയും ചെ യ്യും. പുഷ്പഫലസമൃദ്ധയായി ഇന്നു് താരുണ്യദശ യിലേക്കു് കാലൂന്നിയിരിക്കുന്ന രൂപത അവളുടെ പിതാവും ഇടയനുമായ അങ്ങയോടൊപ്പം ഇരുപത്ത ഞ്ചാം വത്സരപൂർത്തി ആഘോഷിക്കുകയാണു്. ഈ മംഗളവേളയിൽ അങ്ങയെ നാം ഹൃദയംഗമമായി അനുമോദിക്കുകയും ഇവയെല്ലാം ദൈവികപ്രചോദ നത്തോടും ആത്മാക്കളുടെ രക്ഷയ്ക്കായും സ്വീകരിക്കു വാൻ ഉദ്ബോധിപ്പിക്കുകയും ചെയ്തുകൊള്ളട്ടെ. അ ങ്ങനെ ദൈവമഹത്വത്തിനും സഭയുടെ സ്ഥിരീകര ണത്തിനും ഉതകുമാറു് നിസ്സ്പൃഹമായും സുസ്ഥിരമായും അങ്ങ് ഉത്തരോത്തരം ഉൽക്കർഷകനായിത്തീരട്ടെ യെന്നു് നാം ആശംസിക്കുന്നു.

അവസാനമായി പ്രശസ്ത വൈദികാദ്ധ്യക്ഷനായ അങ്ങയോടുകൂടി ആയുഷ്കാലം മുഴുവനിലും നമ്മുടെ സ്നേഹനിർഭരമായ ശ്രദ്ധാകാംക്ഷ ഉണ്ടായിരി ക്കട്ടെ. നമ്മുടെ സവിശേഷമായ സമാദരത്തിന്റെ നിദർശകമായും അങ്ങേക്കാവശ്യമുള്ള സകല ദൈ വാനുഗ്രഹങ്ങളുടെ ചിഹ്നമായും മെത്രാഭിഷേകരജത ജൂബിലി ദിനത്തിൽ അങ്ങ് വൈദികാധിപത്യം വഹിക്കുന്ന പാലായിലെ സകല വൈദികർക്കും ജനങ്ങൾക്കുമായും ഈ സന്ദേശദ്വാര നമ്മുടെ ശ്രദ്ധാ കാശിർവാദം നാം നല്കുന്നു.

വത്തിക്കാൻ അരമനയിൽനിന്നും 1975 ഒക്ടോ ബർ 24--ാംതീയതി നമ്മുടെ ഭരണത്തിന്റെ 13—ാം വത്സരം.

(പരിശുദ്ധപിതാവു് പോൾ ആറാമൻ മാർപ്പാപ്പാ തിരുമേനിയുടെ സന്ദേശത്തിന്റെ ശരിപ്പകർപ്പു്)

ചങ്ങനാശ്ശേരി രൂപത വിഭജിച്ച് പാലാ രൂപത സ്ഥാപിച്ചുകൊണ്ട് പരി. സിംഹാസനത്തിൽനിന്നും പുറപ്പെടുവിച്ച 'കോ എക്ലേസിയാരും' (Quo Ecclesiarum) എന്ന അപ്പസ്തോലിക ലേഖനം.

ദൈവത്തിന്റെ ദാസന്മാരുടെ ദാസനായ പീയൂസ് മെത്രാൻ

സംഭവത്തിന്റെ ശാശ്വതസ്മരണക്ക്.

ഭദ്രാസന ഇടവകകളുടെ അതിർത്തികളും വിശ്വാസികളുടെ ആവശ്യങ്ങൾക്കും ആദ്ധ്യാത്മികാഭിവൃദ്ധിക്കും കൂടുതൽ ഉപകരിക്കുമാറ് വിസ്താരമേറിയ രൂപതാപ്രവശ്യകളും വിഭജിച്ച് അനുരൂപരായ മറ്റ് ഇടയന്മാരെ ഭരമേല്പിച്ച് പുതിയ ഭദ്രാസനഇടവകകളും സ്ഥാപിക്കേണ്ടതു് ന്യായയുക്തമാണ്.

നമ്മുടെ വന്ദ്യ മുൻഗാമി ഭാഗ്യസ്മരണാർഹനായ പതിനൊന്നാം പീയൂസ് പാപ്പാ മലബാർ സുറിയാനിക്കാരുടെ ഭരണാധികാരികളോട് യഥോചിതം ആലോചിച്ച് ആയിരത്തിതൊള്ളായിരത്തി ഇരുപത്തിമൂന്നാമാണ്ട് ഡിസംബർ മാസം ഇരുപത്തൊന്നാംതീയതി ഈയമുദ്ര പതിച്ച നല്കിയ "റൊമാനി പൊൻറിഫിച്ചസ്" (Romani Pontifices) എന്ന അപ്പസ്തോലിക ലേഖനത്താൽ സീറോ മലബാർ റീത്തിൽപ്പെട്ട ചങ്ങനാശ്ശേരി രൂപതയെ ഒരു ഭദ്രാസന ഇടവകയുടെ പദവിയിലേക്കും ബഹുമതിയിലേക്കും ഉയർത്തി. അന്നു മുതൽ സന്യസ്തരും ഇടവകപ്പട്ടക്കാരുമായ വൈദികഗണത്തിന്റെ സംഖ്യയും ദേവാലയങ്ങളുടെ എണ്ണവും മതസ്ഥാപനങ്ങളുടെ പ്രാധാന്യവും അടിക്കടി അഭിവൃദ്ധി പ്രാപിച്ചുവരുന്നതും അതിന്റെ വിസ്തീർണ്ണതയും മികച്ച ജനബാഹുല്യവും നിമിത്തം ഭരണാധികാരി എത്ര സമർത്ഥനായിരുന്നാൽത്തന്നെയും ഭരണം യഥോചിതം നിർവ്വഹിക്കുവാൻ സാധിക്കാതെ വരുമെന്നതും പരിഗണിച്ച് മുൻപറഞ്ഞ വസ്തുതയെ ആധാരമാക്കി പൌരസ്ത്യസഭകൾക്കുവേണ്ടിയുള്ള തിരുസംഘത്തിന്റെ മേലദ്ധ്യക്ഷന്മാരായി നിയമിക്കപ്പെട്ടിരിക്കുന്ന നമ്മുടെ വന്ദ്യ സഹോദരന്മാരായ വിശുദ്ധ റോമാസഭയുടെ കർദ്ദിനാളന്മാരുടെ ഉപദേശം സ്വീകരിക്കുകയും സലാമിന്റെ സ്ഥാനിക മെത്രാനും ഇൻഡ്യയിലെ അപ്പസ്തോലിക്ക് ഇൻറർനുൺഷിയോയുമായ വന്ദ്യ സഹോദരൻ ലിയോ പീറർ കിയർക്കെൽസിന്റെ അനുകൂലമായ അഭിപ്രായം സമ്പാദിക്കുകയും ചെയ്തശേഷം പ്രസ്തുത ചങ്ങനാശ്ശേരി രൂപതയെ വിഭജിക്കുന്നതിനും വേർപെടുത്തപ്പെട്ട പ്രദേശം സമർത്ഥനായ വേറൊരിടയന്റെ സംരക്ഷണത്തിനു ഏല്പിക്കപ്പെടേണ്ട ഒരു പുതിയ രൂപതയായി ഉയർത്തുന്നതിനും തീരുമാനിച്ചു.

ആകയാൽ പൌരസ്ത്യതിരുസംഘത്തിന്റെ അസ്സസ്സർ ആയ വന്ദ്യസഹോദരനെ സശ്രദ്ധം ശ്രവിക്കുകയും തല്പരകക്ഷികളുടേയും തല്പരകക്ഷികളെന്നു വിചാരിക്കുന്നവരുടേയും സമ്മതം യഥായോഗ്യം സമ്പാദിക്കുകയും എല്ലാം അവഗാഢം ചിന്തിക്കയും ചെയ്തശേഷം, പാലാ, മുട്ടുചിറ, കുറവിലങ്ങാട്, ആനക്കല്ല്, രാമപുരം എന്നു അഞ്ചു ഫൊറോനാ ഇടവകകളും ഉൾക്കൊള്ളുന്ന പ്രദേശത്തെ നമ്മുടെ അപ്പസ്തോലിക പരമാധികാരത്താൽ ചങ്ങനാശ്ശേരി രൂപതയിൽനിന്നും നാം വേർപെടുത്തുന്നു. ആ പ്രദേശത്തെ ഒരു പ്രത്യേക രൂപതയായി നാം ഉയർത്തുകയും സ്ഥാപിക്കുകയും ചെയ്യുന്നു. അതിന്റെ പേർ പാലാ രൂപത എന്നായിരിക്കും. അതിന്റെ പരിധി മുൻപറഞ്ഞ ഫൊറോനാ ഇടവകകളുടെ അതിർത്തികളും തന്നെയായിരിക്കും. അതിനെ നാം എറണാകുളം അതിരൂപതയുടെ സാമന്ത രൂപതയായി സ്ഥാപിക്കുന്നു. ഈ സാഹചര്യത്തിൽ അതിന്റെ മെത്രാൻ എറണാകുളം മെത്രാപ്പോലീത്തായുടെ പ്രധാനാദ്ധ്യക്ഷാധികാരത്തിനു വിധേയനായിരിക്കും. ഈ പുതിയ രൂപതയുടെ മെത്രാസനം പാലാ പട്ടണത്തിൽ സ്ഥാപിച്ചുകൊണ്ട് ആ പട്ടണത്തെ മെത്രാസന പദവിയിലേക്കു നാം ഉയർത്തുന്നു. മറിച്ച് നിശ്ചയിക്കപ്പെടുന്നതുവരെ, ആ പട്ടണത്തിൽ തന്നെ വിശുദ്ധ തോമസ് അപ്പസ്തോലന്റെ നാമത്തിൽ ദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ദേവാലയം മെത്രാന്റെ സിംഹാസനമായ ഭദ്രാസനപ്പള്ളിയായി നാം സ്ഥാപിക്കുന്നു. മറ്റു ഭദ്രാസന ദേവാലയങ്ങളും മെത്രാന്മാരും അനുഭവിക്കുന്ന നിലവിലുള്ള സകല അധികാരങ്ങളും അവകാശങ്ങളും ബഹുമാനങ്ങളും, സ്ഥാനചിഹ്നങ്ങളും ആനുകൂല്യങ്ങളും ഈ ഭദ്രാസന ദേവാലയത്തിനും അതിന്റെ മെത്രാന്മാർക്കും നാം അനുവദിക്കുന്നു. കാനോൻ നിയമവും സീറോ മലബാർ സഭയുടെ ന്യായപാരമ്പര്യങ്ങളും അനുസരിച്ച് മറ്റു മെത്രാന്മാരിൽ ചുമത്തപ്പെട്ടിരിക്കുന്ന ഭാരങ്ങളും കർത്തവ്യങ്ങളും ആ മെത്രാന്മാരിലും നാം ചുമത്തുന്നു. കൂടാതെ സമാവകാശത്തിൽ ഓരോ രൂപതയ്ക്കും വീതിക്കപ്പെടേണ്ട രൂപതാവക സ്വത്തുക്കളും മെത്രാസന വരുമാനങ്ങളും രൂപതാ സ്ഥാപനംകൊണ്ടുള്ള നന്മ അനുഭവിക്കുന്ന വിശ്വാസികളും ഉദാരമായി നല്കാ

റുള്ള ദാനങ്ങളും പുതിയ മെത്രാസനത്തിന്റെ ആസ്ഥിയായിരിക്കുന്നതാണു്. പുതിയ രൂപതയുടെ അതിർത്തിക്കുള്ളിലുള്ള വൈദികരേയും വിശ്വാസികളേയും ക്രിസ്തീയമായ സകലത്തേയും സംബന്ധിക്കുന്ന ആത്മീയവും ലൗകീകവുമായ കാര്യങ്ങളും ആണ്ടും മാസവും തീയതിയും കൃത്യമായി നിണ്ണയിച്ചിട്ടുള്ള നമ്മുടെ ഈ ആജ്ഞാപന ലേഖനം നടപ്പിലാക്കപ്പെടുന്ന നിമിഷം മുതൽ അതിനാൽത്തന്നെ നിയമാനുസാരം പാലാ മെത്രാന്റെ അധികാരത്തിനു വിധേയമായിരിക്കുന്നതാണെന്നു് നാം തീരുമാനിക്കുന്നു. വൈദികരെ സംബന്ധിച്ചിടത്തോളം, പ്രത്യേകമായി, അവർ ഏതു രൂപതയിൽ നിയമാനുസരണം വ്യാപൃതരായിരിക്കുന്നുവോ അവിടെ അതിനാൽത്തന്നെ ചേക്കപ്പെട്ടവരായി പരിഗണിക്കപ്പെടുന്നതാണെന്നും നാം നിശ്ചയിക്കുന്നു.

മെത്രാസനം ഒഴിവാകുന്ന അവസരത്തിൽ അഡ്മിനിസ്ട്രേറ്ററുടെ തിരഞ്ഞെടുപ്പു്, വൈദിക ജീവിതത്തിനു് വിളിക്കപ്പെടുന്ന യുവാക്കന്മാരുടെ ശിക്ഷണം, വൈദികരുടേയും വിശ്വാസികളുടേയും കത്തവ്യാധികാരങ്ങളും മുതലായ പുതിയ രൂപതയുടെ ഭരണവും നടത്തിപ്പും സംബന്ധിച്ച കാര്യങ്ങളും കാനോൻ നിയമങ്ങളും സീറോ മലബാർ സഭയുടെ ന്യായയുക്തമായ പാരമ്പര്യങ്ങളും നിശ്ചയിക്കുകയും ആജ്ഞാപിക്കയും ചെയ്യുന്നവിധം നടക്കേണ്ടതാണെന്നു് നാം കല്പിക്കുന്നു.

മേൽ വിവരിക്കുകയും നിശ്ചയിക്കുകയും ചെയ്യപ്പെട്ടവ നടപ്പിലാക്കുന്നതിനു് മുൻപറഞ്ഞ വന്ദ്യ സഹോദരൻ ഇൻഡ്യയിലെ അപ്പസ്തോലിക് ഇൻവർനൺഷിയോയെ അല്ലെങ്കിൽ ഈ കല്പന നടപ്പിലാകേണ്ട അവസരത്തിൽ അപ്പസ്തോലിക് ഇൻവർനൺഷിയേച്ചറിന്റെ അധിപനായിരിക്കുന്ന ആളെ നാം നിയോഗിക്കുന്നു. ഉന്നത വൈദികസ്ഥാനിയായ ഒരാളെ പ്രതിപുരുഷനായി നിയോഗിച്ചു് ഈ കല്പന നടപ്പിലാക്കുന്നതിനുള്ള അധികാരമുംപ്പെടെ ആവശ്യവും സന്ദർഭോചിതവുമായ അധികാരങ്ങളും നാം അദ്ദേഹത്തിനു നല്കുന്നു. യഥാവിധി നിവ്വഹിക്കുന്ന പ്രസ്തുത ക്രിയാകർമ്മങ്ങളുടെ റിപ്പോർട്ടിന്റെ ഒരു കോപ്പി പൗരസ്ത്യസഭകൾക്കുവേണ്ടിയുള്ള തിരുസംഘത്തിലേക്കു കഴിയുന്നതും വേഗം അയച്ചുകൊടുക്കുവാനും അദ്ദേഹത്തെ നാം ചുമതലപ്പെടുത്തുന്നു.

തല്പരകക്ഷികളൊ തല്പരകക്ഷികളെന്നു ഭാവിക്കുന്നവരൊ അവർ പ്രത്യേകമായും വ്യക്തിപരമായും പേർ പറയപ്പെടുവാൻ അർഹരാണെങ്കിൽപോലും ഈ ലേഖനവും അതിന്റെ ഉള്ളടക്കവും ഒരിക്കലും ദുർവ്യാഖ്യാനം ചെയ്യുന്നതിനോ, എതിർക്കുന്നതിനോ, വിവാദവിഷയമാക്കുന്നതിനോ പാടില്ലാത്തതാകുന്നു. അവരോടാലോചിച്ചില്ലന്നോ, അവർ അതിനോടു യോജിക്കുന്നില്ലെന്നോ ഉള്ള കാരണങ്ങളോ അഥവാ അതിൽ ആലോചനക്കുറവോ യഥാർത്ഥ ന്യൂനതകളോ ഉണ്ടായിരുന്നാൽപോലും അവ കൃത്രിമമോ, ആകസ്മികമോ അസാധുവോ, ഉദ്ദേശശുദ്ധിയില്ലാത്തതോ, ഇതര ന്യൂനതകളോടുകൂടിയതോ ആണെന്ന കാരണങ്ങളോ അപ്രസക്തമായിരിക്കും. പ്രത്യുത അവ സുനിശ്ചിതമായ അറിവോടും പരമാധികാരത്തോടും കൂടി ഉണ്ടാക്കി പുറപ്പെടുവിച്ചാലെന്നപോലെ എന്നേക്കും സാധുവായതും സാധുവായിരിക്കുന്നതുമാണു്. പൂണ്ണവും സമഗ്രവുമായ ഫലങ്ങളും അവകാശങ്ങളായിരിക്കുന്നതാണു്. അവ ആരേയെല്ലാം ബാധിക്കുന്നുവോ അവരെല്ലാം അവ ആദരിച്ചനുസരിക്കേണ്ടതാണു്. അതിനു വിപരീതമായി ആരെങ്കിലും ഏതെങ്കിലുമധികാരത്താൽ അറിഞ്ഞോ അറിയാതയോ അതിനെ എതുക്കാനിടയാകുന്നെങ്കിൽ അതു നിരർത്ഥകവും വ്യർത്ഥവുമായിരിക്കും. പ്രാദേശികവും സാമാന്യവും സാവ്ത്രീകവുമായ സൂനഹദോസുകളിൽ പാസാക്കിയിട്ടുള്ള നിയമങ്ങളിലും അപ്പസ്തോലിക സിംഹാസനത്തിന്റെ സാമാന്യമോ പ്രത്യേകമോ ആയ നിയമങ്ങളിലും നിർദ്ദേശങ്ങളിലും നമ്മുടെ മുൻഗാമികളായ റോമാ മാപ്പാപ്പാമാരുടെ ചട്ടങ്ങളിലും ഇവയ്ക്കു പ്രതികൂലമായിട്ടുള്ളവയെല്ലാം, ഈ കല്പനയുടെ പ്രാബല്യത്തിനു് ആവശ്യമായിവരുന്നിടത്തോളം ഈ ലേഖനത്താൽ നാം ദുർബലപ്പെടുത്തുന്നു.

അവസാനമായി ഒരു കരണസാക്ഷ്യോദ്യോഗസ്ഥന്റെ കൈയൊപ്പും സഭയിൽ ബഹുമാന്യസ്ഥാനമോ ഉദ്യോഗമോ ഉള്ള ഒരു വൈദികന്റെ മുദ്രയുംകൊണ്ടു് സ്ഥിരീകൃതമായ ഈ ലേഖനത്തിന്റെ പരിഭാഷക്കും ഉദ്ധൃതാംശങ്ങൾക്കും അവ അച്ചടിപ്പിക്കപ്പെട്ടവയാണെങ്കിലും ഇതുമൂലം രേഖക്കുള്ള വിലനല്കണമെന്നു് നാം ആജ്ഞാപിക്കുന്നു.

വിഭജനത്തിന്റേയും സംസ്ഥാനത്തിന്റേയും ഭരണവ്യവസ്ഥയുടേയും അനുവാദത്തിന്റേയും വിധേയത്വത്തിന്റേയും നിയമത്തിന്റേയും പ്രമാണത്തിന്റേയും അധികാരദാനത്തിന്റേയും വിരുദ്ധനിയമദൗർബല്യീകരണത്തിന്റേയും നമ്മുടെ ഹിതത്തിന്റേയും പ്രകടനമായ ഈ ലേഖനത്തെ ആരെങ്കിലും ലംഘിക്കുന്നതിനോ എതിർക്കുന്നതിനോ പാടുള്ളതല്ല. അവിവേകപൂണ്ണമായ ധിക്കാരത്തോടുകൂടി അതിനെ എതിർക്കുന്നതിനു് ആരെങ്കിലും തുനിയുന്നു എങ്കിൽ സർവ്വശക്തനായ ദൈവത്തിന്റേയും വിശുദ്ധ ശ്രീഹന്മാരായ പത്രോസിന്റേയും പൗലോസിന്റേയും കോപത്തിനു് അവൻ പാത്രമാകുമെന്നു് അറിഞ്ഞിരിക്കട്ടെ.

ഗൊൺഡോം ഫസ് കൊട്ടാരത്തിൽ നിന്നും ക്രിസ്തുവർഷം ആയിരത്തിത്തൊള്ളായിരത്തി അൻപതു് ജൂലൈമാസം ഇരുപത്തഞ്ചാം തീയതി നമ്മുടെ വാഴ്ചയുടെ പന്ത്രണ്ടാം കൊല്ലം നല്കപ്പെട്ടതു്.

വി. റോമാസഭയുടെ പരമാദ്ധ്യക്ഷനുവേണ്ടി,
കർദ്ദിനാൾ സംഘത്തിന്റെ ഡീൻ
ഫ്രാൻസീസ് കർദ്ദിനാൾ മർക്കേത്തി
സെൽവഗിയാനി (ഒപ്പു്)

പൗരസ്ത്യസഭകൾക്കുവേണ്ടിയുള്ള
തിരുസംഘത്തിന്റെ സെക്രട്ടറി
എവുജേനിയൂസ് കർദ്ദിനാൾ ടിസ്സറൻറ് (ഒപ്പു്)

വെരി. റവ. ഫാ. എമ്മാനുവൽ സെബാസ്റ്റ്യൻ വയലിലിനെ

പാലാ രൂപതയുടെ പ്രഥമ മെത്രാനായി നിയമിച്ചുകൊണ്ട്

പരി. സിംഹാസനത്തിൽനിന്നും പുറപ്പെടുവിച്ച അപ്പസ്തോലിക ലേഖനം

Dilecto Filio

ദൈവത്തിന്റെ ദാസന്മാരുടെ ദാസനായ പീയൂസ് മെത്രാൻ

സീറോ മലബാർ റീത്തിൽപ്പെട്ട പാലാ രൂപതയിലെ വൈദികനും ആ രൂപതയുടെ നിയുക്ത മെത്രാനും ആയ പ്രിയ പുത്രൻ വയലിൽ എമ്മാനുവൽ സെബസ്ത്യാനോസിനു് ആശംസകളും അപ്പസ്തോലിക കാശീർവാദവും.

ഇടയന്മാരുടെ നിത്യനായ നാഥൻ, സാർവ്വത്രിക ക്രൈസ്തവലോകത്തിന്റെ അദ്ധ്യക്ഷനായിരിക്കുന്നതിനു് പ്രേഷിത പരമാദ്ധ്യക്ഷപദം വിനീതനായ നമുക്കു നല്കിയിരിക്കുന്ന അതു്, തനിക്കേല്പിക്കപ്പെട്ടിരിക്കുന്ന കത്താവിന്റെ അജഗണത്തെ രക്ഷാകരമായി സംരക്ഷിക്കുകയും ഭരിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യുന്നതിനു് ഒഴിവുവരുന്ന ഓരോ മെത്രാസനത്തിലും അറിവും പ്രാപ്തിയുമുള്ള ഒരു ശ്രേഷ്ഠപുരോഹിതൻ നിയമിക്കപ്പെടത്തക്കവണ്ണം അതിസൂക്ഷ്മമായ ശ്രദ്ധ പതിക്കുന്നതിനുള്ള ഭാരം നമ്മിൽ ചുമത്തിയിരിക്കുന്നു.

ആകയാൽ ഈ ദിവസംതന്നെ ഈയമുദ്ര പതിച്ച ''കോ എക്ലേസിയാരും'' (Quo Ecclesiarum) എന്ന അപ്പസ്തോലിക ലേഖനത്താൽ ചങ്ങനാശ്ശേരി രൂപതയെ വിഭജിച്ചു്, എറണാകുളം അതിരൂപതയുടെ സാമന്തരൂപതയായി നമ്മാൽ ഉയർത്തപ്പെട്ടിരിക്കുന്ന പാലാ രൂപതക്കു് സ്വന്ത ഇടയനെ നല്കേണ്ടിയിരിക്കുന്നു. പൗരസ്ത്യസഭകളുടെ തിരുസംഘത്തിന്റെ മേലധികാരികളായി നിയുക്തരായിരിക്കുന്ന നമ്മുടെ വന്ദ്യസഹോദരന്മാരായ വിശുദ്ധ റോമാസഭയുടെ കർദ്ദിനാളന്മാരുടെ അഭിപ്രായമനുസരിച്ചു് ആ അജപാലകകൃത്യത്തിനു് താങ്കളാണു് ഏറ്റവും യോഗ്യനാണെന്നു നമുക്കു ബോദ്ധ്യം വന്നിരിക്കുന്നു. ആകയാൽ നമ്മുടെ അപ്പസ്തോലികാധികാരം വഴിയായി താങ്കളെ ആ രൂപതയിലേക്കു തിരഞ്ഞെടുക്കുകയും അതിന്റെ മെത്രാനും ഇടയനുമായി അവരോധിക്കുകയും ചെയ്യുന്നു. ആ രൂപതയുടെ ആദ്ധ്യാത്മികവും ഭൗതികവുമായ കാര്യങ്ങളുടെ സംരക്ഷണവും ഭരണവും കൈകാര്യവും വിശുദ്ധ സഭാനിയമങ്ങളും സീറോ മലബാർ സഭയുടെ പ്രത്യേകനിയമങ്ങളും പ്രശസ്തങ്ങളായ പാരമ്പര്യാചാരങ്ങളും അനുസരിച്ചു് ഈ അജപാലനകൃത്യത്തോടു് അനുബന്ധമായിരിക്കുന്ന സകല അവകാശങ്ങളോടും ഭാരങ്ങളോടും കർത്തവ്യങ്ങളോടുംകൂടി താങ്കളെ പൂർണ്ണമായി ഭരമേല്പിക്കുന്നു. എന്നാൽ താങ്കൾ മെത്രാഭിഷേകം സ്വീകരിക്കുന്നതിനും താങ്കൾക്കു ഏല്പിക്കപ്പെട്ടിരിക്കുന്ന രൂപതയുടെ കാനോനികാവകാശം കൈയേല്ക്കുന്നതിനും മുൻപു് അപ്പസ്തോലിക സിംഹാസനത്തിന്റെ സംതൃപ്തിയും ഐക്യവുമുള്ള ഒരു കത്തോലിക്ക മേലദ്ധ്യക്ഷനെ തിരഞ്ഞെടുത്തു് അദ്ദേഹത്തിന്റെ മുമ്പാകെ നിശ്ചിത രീതിയിൽ കത്തോലിക്കാ വിശ്വാസപ്രഖ്യാപനവും നിയമപ്രകാരമുള്ള സത്യപ്രതിജ്ഞകളും നടത്തിക്കൊള്ളണം. ആ പ്രതിജ്ഞാപത്രങ്ങളുടെ പ്രതികൾ താങ്കളുടേയും ആ വൈദിക മേലദ്ധ്യക്ഷന്റേയും കൈയ്യൊപ്പും മുദ്രയുംകൊണ്ടു സ്ഥിരീകരിച്ചു് മുൻപറഞ്ഞ പൗരസ്ത്യസഭകൾക്കുവേണ്ടിയുള്ള തിരുസംഘത്തിലേക്കു കഴിയുന്നത്രവേഗം അയക്കുന്നതിനും താങ്കൾ ബാദ്ധ്യസ്ഥനാണെന്നു് നാം കല്പിക്കുന്നു. കൂടാതെ താങ്കളുടെ കൂടുതൽ സൗകര്യത്തെ പരിഗണിച്ചു് റോമാ നഗരത്തിനു പുറമേ താങ്കളുടെ റീത്തിൽ അപ്പസ്തോലിക സിംഹാസനത്തിന്റെ സംതൃപ്തിയും ഐക്യവുമുള്ള ഏതെങ്കിലും കത്തോലിക്കാ വൈദിക മേലദ്ധ്യക്ഷനെ പ്രധാന കാർമ്മികനായും അതേ റീത്തിൽപ്പെട്ട രണ്ടു കത്തോലിക്കാ മെത്രാന്മാരെ സഹകാർമ്മികരായും തിരഞ്ഞെടുത്തു് നിയമപ്രകാരം യഥാവിധി അഭിഷേചിക്കപ്പെടുന്നതിനു് താങ്കളെ നാം അനുവദിക്കുന്നു. ആകയാൽ ഇതിലേക്കു താങ്കൾ തിരഞ്ഞെടുക്കുന്ന ശ്രേഷ്ഠാചാര്യസഹോദരനു് താങ്കളെ അഭിഷേചിക്കുന്നതിനുള്ള ചുമതലയും അധികാരവും ഈ ലേഖനത്താൽത്തന്നെ നാം പ്രദാ

നം ചെയ്യുന്നു. എന്നാൽ മേൽപ്രസ്താവിച്ച വിശ്വാസപ്രഖ്യാപനവും സത്യപ്രതിജ്ഞയും മുൻകൂട്ടി നടത്താതെ അഭിഷേകം സ്വീകരിക്കുവാൻ താങ്കൾ തുനിയുകയോ താങ്കളാൽ തിരഞ്ഞെടുക്കപ്പെടുന്ന ശ്രേഷ്ഠാചാര്യൻ താങ്കളെ അഭിഷേചിക്കയോ ചെയ്യുകൂടാത്തതാകുന്നു. നമ്മുടെ ഈ ആജ്ഞ നിങ്ങൾ ലംഘിക്കുന്നപക്ഷം അനുഭവിക്കേണ്ടതായി നിയമപ്രകാരം നിശ്ചയിക്കപ്പെട്ടിട്ടുള്ള ശിക്ഷയിൽ കീഴ് ഇതു ഖണ്ഡിതമായി നാം കല്പിക്കുന്നു. കൂടാതെ, എറണാകുളം മെത്രാപ്പോലീത്തായുടെ സാമന്തമെത്രാനായി തിരഞ്ഞെടുക്കപ്പെട്ട താങ്കളെ നമ്മുടെ നേർക്കും അപ്പോസ്തോലിക സിംഹാസനത്തിന്റെ നേർക്കുമുള്ള ആദരവേക്കുറിച്ച്, സ്നേഹാനുകൂല്യങ്ങൾ നല്കി സഹോദരനായി സ്വീകരിക്കണമെന്നും താങ്കളെ ഏല്പിച്ചിരിക്കുന്ന ചുമതല അനുസരിച്ചു താങ്കളുടെ ശ്രുപതയുടെ ഉന്നതാഭിവൃദ്ധി അനായാസേന സാധിക്കുവാൻ താങ്കൾ പ്രാപ്തനായിത്തീരുന്നതിനു ദൈവമഹത്വവും സഭയുടെ നന്മയും വർദ്ധിപ്പിക്കുന്നതിനുള്ള തീഷ്ണതയാൽ പ്രചോദിതനായി താങ്കൾ അദ്ദേഹത്തിൽ നിന്ന് ആവശ്യപ്പെടുന്ന സഹായങ്ങൾ നല്കുവാൻ മടിക്കരുതെന്നും എറണാകുളം മെത്രാപ്പോലീത്തായെ നാം ഉപദേശിക്കുന്നു.

അതുപോലെതന്നെ താങ്കളുടെ ശ്രുപതയിലെ വൈദികരും ജനങ്ങളുമായ വാത്സല്യമക്കളോട്, അവരുടെ മെത്രാനായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന താങ്കളെ അവരുടെ പിതാവും ആത്മാക്കളുടെ ഇടയനുമായി ആദരപൂർവ്വം സ്വീകരിക്കുകയും ബഹുമാനിക്കുകയും ചെയ്യണമെന്നും, താങ്കൾ അവരെ ഭക്തിയുള്ള മക്കളായും അവർ താങ്കളെ വാത്സല്യമുള്ള പിതാവായും കണ്ട് സന്തോഷിക്കത്തക്കവണ്ണം താങ്കളുടെ രക്ഷാകരങ്ങളായ ഉപദേശങ്ങളും കല്പനകളും അനുസരിക്കണമെന്നും നാം കല്പിക്കുന്നു.

നമ്മുടെ ഈ ലേഖനം താങ്കൾ കൈപ്പറ്റിയശേഷം ആദ്യത്തെ കടമുള്ള തിരുനാൾ ദിവസം ഭദ്രാസന ദേവാലയത്തിലെ പ്രസംഗപീഠത്തിൽനിന്ന് അതു പരസ്യമായി വായിക്കപ്പെടണമെന്ന് നാം ആഗ്രഹിക്കുന്നു.

അവസാനമായി താങ്കളുടെ ചുമലിൽ വയ്ക്കപ്പെട്ടിരിക്കുന്ന കർത്താവിന്റെ നുകം തികഞ്ഞ ഭക്തിയോടെ താങ്കൾ സ്വീകരിക്കുമെന്നും പാലാ ശ്രുപത താങ്കളുടെ ഇടയനടുത്ത പരിശ്രമഫലമായി ആദ്ധ്യാത്മികവും ലൗകീകവുമായി നാൾക്കുനാൾ അഭിവൃദ്ധി പ്രാപിക്കണമെന്നും അവിടെ മിശിഹായുടെ രാജ്യം കൂടുതൽ വിസ്തൃതമാക്കപ്പെടത്തക്കവണ്ണം താങ്കളെ ഏല്പിച്ചിരിക്കുന്ന ജോലി താങ്കൾ നിർവഹിക്കുമെന്നും നമുക്കു ദൃഢമായ വിശ്വാസവും പ്രതീക്ഷയും ഉണ്ട്.

ഗൺഡോൾഫോ കൊട്ടാരത്തിൽനിന്നും, ക്രിസ്തുവർഷം ആയിരത്തിതൊള്ളായിരത്തി അൻപതു് ജൂലൈ മാസം ഇരുപത്തഞ്ചാം തീയതി, നമ്മുടെ വാഴ്ചയുടെ പന്ത്രണ്ടാം വർഷം നല്കപ്പെട്ടതു്.

പാലാ രൂപതയുടെ അഭിവന്ദ്യമെത്രാൻ

മാർ സെബാസ്റ്റ്യൻ വയലിൽ തിരുമനസ്സിലേക്ക്,

അവിടുത്തെ മെത്രാഭിഷേക രജതജൂബിലിയുടെ അവസരത്തിൽ, രൂപതയിലെ വൈദികരും, സന്യാസിസന്യാസിനികളും; വിശ്വാസികളേവരും ചേർന്ന് ഭക്ത്യാദരപുരസ്സരം സമർപ്പിക്കുന്ന

മംഗളപത്രം

അഭിവന്ദ്യപിതാവേ,

പാലാരൂപതയുടേയും, രൂപതയുടെ പ്രഥമ മേലദ്ധ്യക്ഷനായി അവിടുന്ന് അഭിഷിക്തനായതിന്റേയും, സംയുക്ത രജതജൂബിലി, സമംഗളം കൊണ്ടാടപ്പെടുന്ന ഈ ശുഭാവസരത്തിൽ, അകമഴിഞ്ഞ ആഹ്ലാദവായ്പോടും, കൃതജ്ഞതാനിർഭരമായ ഹൃദയത്തോടും, അഭിമാനസമന്വിതമായ ആദരവോടുംകൂടി അങ്ങയെ ഞങ്ങൾ അഭിവാദനം ചെയ്യുന്നു.

അങ്ങയുടെ ഉജ്ജ്വലമായ ആത്മീയനേതൃത്വം, കഴിഞ്ഞ കാൽനൂറ്റാണ്ടിനുള്ളിൽ, ഞങ്ങൾക്കു കൈവരുത്തിയ അനർഘങ്ങളായ അനുഗ്രഹസിദ്ധികളെ അനുസ്മരിക്കുവാനും അങ്ങയെ ആദരപൂർവ്വം അനുമോദിക്കുവാനുമുള്ള അവസരം കൂടിയാണിതെന്ന് ഞങ്ങൾ കരുതുന്നു. ഇപ്രകാരം ഒരുമിച്ചുകൂടി, അങ്ങയെ നേരിൽ കണ്ട് അഭിവാദനങ്ങൾ അർപ്പിക്കാൻ അവസരം സിദ്ധിച്ചതിൽ ഞങ്ങൾ അതീവ സന്തുഷ്ടരാണ്.

മഹത്തായ ഒരു രൂപതയെ, ഇല്ലായ്മയിൽനിന്നുനോണം, ഭദ്രമായ അടിസ്ഥാനത്തിൽ കെട്ടിപ്പടുക്കുവാനും, ആ രൂപതയ്ക്ക് അന്യാദൃശ്യങ്ങളായ നേട്ടങ്ങളും, അനവദ്യമായ ആദ്ധ്യാത്മികചൈതന്യവും കൈവരുത്തുവാനും അങ്ങേയ്ക്കു കഴിഞ്ഞതു് അതുല്യമായ ഈശ്വരാനുഗ്രഹത്തിന്റെ അടയാളമായി ഞങ്ങൾ കരുതുന്നു.

നവജാതയായ ഒരു രൂപതയ്ക്ക്, സ്വഭാവികമായും നേരിടാവുന്ന സാമ്പത്തികവും സംഘടനാപരവുമായ ക്ലേശങ്ങളേയും വിഷമഘട്ടങ്ങളേയും അത്ഭുതകരമാംവിധം തരണംചെയ്ത്, ആ സഭാഘടകത്തെ ഇൻഡ്യയിലെ കത്തോലിക്കാ രൂപതകളുടെ മുൻപന്തിയിലെത്തിച്ച അങ്ങയുടെ പ്രഗത്ഭമായ നേതൃത്വവും കർമ്മകുശലതയും സാർവ്വത്രികമായി പ്രശംസിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്യുന്നതിൽ ഞങ്ങൾക്കുള്ള ആഹ്ലാദം അപരിമിതമാണ്.

സ്ഥലവിസ്തൃതിയിൽ ഇൻഡ്യയിലെ ഏറ്റവും ചെറിയ രൂപതകളിലൊന്നാണെങ്കിലും, വിശ്വാസികളുടെ സംഖ്യാബലംകൊണ്ടും കർമ്മശേഷികൊണ്ടും ക്രൈസ്തവഭാരതത്തിൽ സമുന്നതമായ ഒരു സ്ഥാനം കൈവരിക്കുവാൻ ഈ രൂപതയ്ക്ക് ഇതിനകം കഴിഞ്ഞിട്ടുണ്ട്. അനുകരണീയമായ ആദ്ധ്യാത്മികശിക്ഷണത്തിലും പ്രേഷിതചൈതന്യത്തിലും അചിരേണ വളർന്ന്, അതിന്റെ സൽഫലങ്ങൾ ഭാരതത്തിലെവിടെയും ഈ രാജ്യത്തിനുവെളിയിലും രൂപത സംഭാവന ചെയ്തുകൊണ്ടിരിക്കുന്നു. തലശ്ശേരി രൂപതയുടെ ആരംഭദശയിലും, ഉജ്ജയിൻ മുതലായ എക്സാർക്കേറ്റുകളുടെ വളർച്ചയിലും, ഈ രൂപത ആളുകൊണ്ടും അർത്ഥംകൊണ്ടും ചെയ്ത സേവനങ്ങളെ ഞങ്ങൾ കൃതാർത്ഥതയോടെ സ്മരിക്കുന്നു.

ഒരു രൂപതയുടെ ചരിത്രത്തിൽ ഇരുപത്തിയഞ്ചു സംവത്സരക്കാലം ഒരു നിർണ്ണായകഘട്ടമല്ല. പക്ഷേ, പാലാ രൂപതയെ സംബന്ധിച്ചിടത്തോളം വിധിനിർണ്ണായകമായ, അനേകമനേകം കാൽവയ്പുകൾ കൊണ്ട്, അങ്ങയുടെ ഭരണകാലം ധന്യമാക്കപ്പെട്ടിരിക്കുന്നു. രൂപതയിലാകെ അങ്ങയുടെ അഭിലാഷത്തിന്റേയും പ്രോത്സാഹനത്തിന്റേയും ഫലമായി ഉയർന്നുവന്നിട്ടുള്ള ദൈവാലയങ്ങളുടേയും സന്യാസമന്ദിരങ്ങളുടേയും, അഞ്ചു കോളെജുകൾ ഉൾപ്പെടെയുള്ള നിരവധി വിദ്യാഭ്യാസസ്ഥാപനങ്ങളുടേയും, ആശുപത്രികൾ, അഗതിമന്ദിരങ്ങൾ, സാമൂഹ്യസാംസ്കാരികകേന്ദ്രങ്ങൾ മുതലായവയുടേയും വൈപുല്യം ആരേയും അത്ഭുതപ്പെടുത്തുന്നതാ

ണു്. അങ്ങയുടെ സംഘടനാവൈഭവത്തിനേറെയും ഭരണനൈപുണിയുടേയും ശാശ്വത സ്മാരകങ്ങളാണവ. ഇക്കാര്യത്തിൽ ശ്രുപതാതലത്തിലും പ്രാദേശികതലങ്ങളിലും അങ്ങേയ്ക്കു് അകമഴിഞ്ഞ സഹകരണം നല്കിയ ഏവരേയും ഞങ്ങൾ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു.

അപ്പസ്തോലിക പാരമ്പര്യത്തിൽ അധിഷ്ഠിതരും, വിശ്വാസത്തിൽ ഉറച്ചവരും, സംസ്കാരസമ്പന്നരും, ഉൽക്കർഷേച്ഛുക്കളുമായ അനുയായികളെക്കൊണ്ടു് അവിടുന്നു് അനുഗ്രഹീതനാണു്. ഈ സമൂഹത്തിനു് ആദ്ധ്യാത്മികമായ ഒരു നവോത്ഥാനം കൈവരുത്തുവാൻ അങ്ങയുടെ തീഷ്ണതയും മാർഗ്ഗദർശനവും പ്രയോജകീഭവിച്ചിട്ടുണ്ടു്. വാത്സല്യം നിറഞ്ഞസന്ദർശനങ്ങളാലും കാലോചിതമായി അയയ്ക്കുന്ന ഇടയലേഖനങ്ങളാലും ശ്രുപതയിലൊട്ടാകെയുള്ള ആദ്ധ്യാത്മികചൈതന്യം ബലിഷ്ഠമായ അടിസ്ഥാനത്തിൽ ഉറപ്പിക്കുവാൻ അങ്ങു് എക്കാലത്തും ജാഗരൂകനായിരുന്നു. അത്മായപ്രേഷിതത്വത്തിനേറെയും സാമൂഹ്യപ്രവർത്തന പ്രസ്ഥാനങ്ങളുടേയും ഒരു ശൃംഘല തന്നെ ഇന്നു് ശ്രുപതയിലാകമാനം കാണ്മാനുള്ളതു് ഇതിലേയ്ക്കു് തെളിവാണു്.

ദൈവവിളികളുടെ വിളനിലമെന്നു് ഇൻഡ്യയിലാകെ അറിയപ്പെടത്തക്കവിധം, മിഷ്യൻപ്രദേശങ്ങളിലേയ്ക്കു് ധാരാളമായി വൈദികാർത്ഥികളേയും, സന്യാസാർത്ഥികളേയും അയയ്ക്കുവാൻ, പാലാ ശ്രുപതയ്ക്കു സാധിച്ചതു്, അങ്ങയുടെ ദീർഘവീക്ഷണത്തിനേറെയും, പ്രേഷിതചൈതന്യത്തിനേറെയും സൽഫലങ്ങളിലൊന്നാണു്. സെൻറ് തോമസ് മിഷനറി സൊസൈറ്റിയും, വളർന്നുവരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളും, ഈ വസ്തുതയെ എക്കാലത്തും ഉദ്ഘോഷിക്കുകയും ചെയ്യും.

പണ്ഡിതനും, വാഗ്മിയുമെന്ന നിലയിൽ നേരത്തേതന്നെ അറിയപ്പെട്ടിരുന്ന അങ്ങു്, മെത്രാൻപദപ്രാപ്തിയ്ക്കുശേഷം, ആദ്ധ്യാത്മികതത്വങ്ങളുടെ അക്ഷീണനായ പ്രബോധകനായും, വിദ്യാഭ്യാസ സാമൂഹികമണ്ഡലങ്ങളിൽ സഭാ നേതൃത്വത്തിനേറെ സവ്വാദരണീയനായ വക്താവായും അംഗീകരിക്കപ്പെട്ടിരിക്കുകയാണു്. അങ്ങയുടെ ശ്രദ്ധേയങ്ങളായ പ്രഭാഷണങ്ങളും മാറ്റൊലികൊള്ളാത്ത ആദ്ധ്യാത്മികമോ, സാംസ്കാരികമോ, സാമൂഹികമോ ആയ രംഗങ്ങളും ഇല്ലെന്നു തന്നെ പറയാം.

പൊതുജീവിതരംഗങ്ങളിൽ ആവിർഭവിച്ചിട്ടുള്ള കോളിളക്കങ്ങളുടേയും, ആശയസംഘട്ടനങ്ങളുടേയും നടുവിൽ ഈ ശ്രുപതാനൗകയെ, ഭദ്രമായ തീരങ്ങളിലേയ്ക്കു് അങ്ങു നയിച്ചു. ഈ ദിഗ്വാസികളുടെ ഭൗതികപുരോഗതിയിലും, അവിടുന്നു വഹിച്ചിട്ടുള്ള ഭാഗം ചരിത്രത്തിന്റെ ഏടുകളിൽ മായാതെ നിൽക്കും. പ്രതിസന്ധിഘട്ടങ്ങളിൽ അങ്ങു പ്രദർശിപ്പിച്ചിട്ടുള്ള സാഹസികമായ ധീരതയും, പ്രദാനംചെയ്ത പ്രമാദരഹിതമായ മാർഗ്ഗദർശനവും, നേതൃത്വത്തിനേറെതായ അപൂർവ്വസിദ്ധികളുടെ മകുടോദാഹരണങ്ങളാണു്.

ഒരു പ്രത്യേകമതവിഭാഗത്തിന്റെയോ, സമൂഹത്തിനേറെയോ മണ്ഡലങ്ങളിൽ മാത്രം ഒതുങ്ങിനിൽക്കുന്നതായിരുന്നില്ല അങ്ങയുടെ ബഹുമുഖസ്പർശിയായ വ്യക്തിത്വം. അങ്ങയുടെ ഹൃദയനൈർമ്മല്യവും മഹാമനസ്കതയും അഗാധമായ വിജ്ഞാനവും ആരേയും ആകഷ്ിക്കുന്ന പെരുമാറ്റരീതിയും, സവ്വോപരി, സ്നേഹോദാരമായ ഹൃദയാലുത്വവുംകൊണ്ടു്, ഈ നാടു മുഴുവനിന്റെയും സ്നേഹാദരവുകൾ ആർജ്ജിക്കുവാൻ അവിടുത്തേയ്ക്കു കഴിഞ്ഞിട്ടുണ്ടു്. പ്രതികൂലശക്തികളോടും സാഹചര്യങ്ങളോടും പടവെട്ടേണ്ടിവന്നപ്പോഴെല്ലാം അങ്ങയുടെ പിൻപിൽ അണിനിരന്നതു് കത്തോലിക്കർ മാത്രമായിരുന്നില്ലല്ലോ. അങ്ങു് നേതൃത്വം നൽകിയ മഹാപ്രസ്ഥാനങ്ങളുടെ ഗുണഫലങ്ങൾ ജാതിമതഭേദമെന്യേ ഏവർക്കും അനുഭവവേദ്യമത്രേ.


അഭിവന്ദ്യ പിതാവേ,

അങ്ങു് ഞങ്ങളുടെ ആദ്ധ്യാത്മികപിതാവു മാത്രമല്ല, ആത്മാർത്ഥത നിറഞ്ഞ സുഹൃത്തും സുശക്തനായ കാവൽഭടനുമാണു്. അങ്ങയുടെ ധീഷണാവൈഭവവും നിർഭയത്വവും, നന്മയിലുള്ള ആഭിമുഖ്യവും, സവ്വോപരി ദൈവഭക്തിയും ഞങ്ങളിൽ ആത്മവിശ്വാസം വളർത്തി. അങ്ങയുടെ പാദമുദ്രകൾ ഞങ്ങൾക്കു് മാർഗ്ഗദർശനം നൽകി. അങ്ങയുടെ പൈതൃക നേതൃത്വത്തിൽ, ഞങ്ങൾ സുരക്ഷിതരാണെന്ന ചിന്ത, ഞങ്ങൾക്കെന്നും ധൈര്യം പകരുന്നു. നന്ദി പറയാൻ ഞങ്ങൾക്കു് വാക്കുകളില്ല. എങ്കിലും അതീതകാലസ്മരണകൾ ആദരവോടും അഭിമാനത്തോടും വികാരവായ്പോടും കൂടി ഞങ്ങൾ അയവിറക്കുകയാണു്.


വരും കാലങ്ങളിലും ആചാര്യനും, നേതാവും, മാർഗ്ഗദർശകനുമായി വിരാജിക്കുമാറു് ആരോഗ്യവും ദീർഘായുസ്സും നൽകി സവ്വശക്തനായ ദൈവം അങ്ങയേയും, ശ്രുപതാ ഭരണത്തിൽ അങ്ങേയ്ക്കു വലം കൈയ്യായി വർത്തിക്കുന്ന സഹായമെത്രാനേയും അനുഗ്രഹിക്കട്ടെയെന്നു പ്രാർത്ഥിച്ചുകൊണ്ടും, അങ്ങയുടെ എല്ലാ ഭാവിസംരംഭങ്ങളിലും അനന്യമായ സഹകരണം വാഗ്ദാനം ചെയ്തുകൊണ്ടും ഈ മംഗളോപഹാരം ഞങ്ങൾ ആദരപൂർവ്വം സമർപ്പിച്ചുകൊള്ളുന്നു.

മിശിഹായിൽ അങ്ങയുടെ വിനീതരായ മക്കൾ,
പാലാ ശ്രുപതാംഗങ്ങൾ

1975 ഡിസംബർ 19–ാം തീയതി പാലാ സെൻറ് തോമസ് ഹൈസ്കൂൾ ഓഡിറേറാറിയത്തിൽ ഇടവക വികാരിമാരുടേയും പ്രതിനിധികളുടേതുമായ യോഗം ചേർന്നപ്പോൾ ശ്രീ. T. A. തൊമ്മൻ ഈ മംഗളപത്രം വായിച്ചു് വന്ദ്യപിതാവിനു സമർപ്പിച്ചു.



HIS EX. RT. REV. MAR JOSEPH PALLIKAPARAMPIL
AUXILIARY BISHOP OF PALAI



ഉള്ളടക്കം

Messages III—XXIV

Quo Ecclesiarum – പാലാ രൂപതാ സ്ഥാപനം: പേപ്പൽ ബൂളാ XXVII

Dilecto Filio – വന്ദ്യപിതാവിന്റെ മെത്രാൻസ്ഥാന നിയമനം: പേപ്പൽ ബൂളാ XXIX

1) മലബാർ സഭ: വ്യക്തിത്വവും ദൗത്യവും
— ഡോക്ടർ സേവ്യർ കൂടപ്പുഴ 1

2) മെത്രാൻ: ഉന്നതപുരോഹിതൻ
— ഡോക്ടർ ജേക്കബ്ബ് കട്ടയ്ക്കൽ 6

3) അനുകരണീയനായ ആത്മീയാചാര്യൻ
— സിറിയക്കു് തോമസ് എം. എ. 12

4) കൂരിയായിൽ വന്ദ്യപിതാവിന്റെ സഹപ്രവർത്തകർ 16

5) ജൂബിലി മഹാമഹം വിജയിക്കട്ടെ
— സിസ്റ്റർ മേരി ബനീഞ്ഞാ 17

6) Dr. Sebastian Vayalil: An Outstanding Educationalist
— Sri N. N. Wanchoo Governor of Kerala 18

7) നമ്മുടെ വിദ്യാഭ്യാസ പൈതൃകവും പാലാ രൂപതയും
— ഫാ. ജോൺ മറ്റം എം. എ. 19

8) പാലായുടെ സാംസ്കാരിക പാരമ്പര്യം
— അഞ്ഞൂറ്റിമംഗലം 23

9) പാലാ രൂപത പ്രേഷിതരംഗത്തു്
— പി. സി. എബ്രാഹം 28

10) പുഷ്പാഞ്ജലി
— പാലാ നാരായണൻനായർ 35

11) മതബോധനവേദിയിൽ കാൽനൂറ്റാണ്ടു രചിച്ച കാൽപ്പാടുകൾ
— എസ്. കുര്യൻ വേമ്പേനി 37

12) സാമൂഹ്യസേവനവേദിയിൽ
— ഫാ. കുര്യൻ മാതോത്തു് 43

13) രൂപതയിലെ വിവിധ സന്യാസസഭകൾ
— സിസ്റ്റർ റജീനാ C. M. C. 48

14) പാലാ രൂപതയിലെ സംഘടിതപ്രസ്ഥാനങ്ങൾ
— ജോസഫ് മൈലാടി 58

15) യുഗ്മ ജൂബിലി
— ഫാ. തോമസ് മണക്കാട്ടു് 71

16) പാലാ രൂപതയിലെ പുരാതനദേവാലയങ്ങൾ
— തോമസ് മാത്യു കൊട്ടാരത്തുംകുഴി 72

17) ജൂബിലി മംഗളം
— ഫാ. ജെ. റവി. ചൊവ്വാറുകുന്നേൽ 94

18) പാലാ രൂപതയിൽനിന്നുള്ള വൈദിക മേലദ്ധ്യക്ഷന്മാർ
— കെ. റവി. തോമസ് പാലാ 95

19) ആദ്യത്തെ രണ്ടു വികാരി ജനറാളന്മാർ
— ജോജ്ജ് ആലഞ്ചാപ്പള്ളി 99

20) പാലായുടെ സഹായമെത്രാൻ
— പ്രൊ. സി. ജെ. സെബാസ്റ്റ്യൻ 101

21) നിറമാല
— ഏ. എൻ. സോമവമ്മരാജാ 103

22) പാലാ രൂപതയിലെ അവിസ്മരണീയരായ ചില അല്മായപ്രമുഖർ
— ഷെവലിയർ വി. സി. ജോജ്ജ് 104

23) കിഴക്കു് ഒരു നക്ഷത്രം
— ജോസഫ് മറ്റം 112

24) സ്വന്തം റീത്തിനും സ്വാതന്ത്ര്യത്തിനുംവേണ്ടി
— എം. ഒ. ജോസഫ് നെടുങ്കുന്നം 116

25) പ്രേഷിതപ്രബോധനം
— പ്രവിത്താനം പി. എം. ദേവസ്യാ 127

26) പാലാ രൂപതാ തലസ്ഥാനം
— തോമസ് ജോസഫ് കൊട്ടുകാപ്പള്ളി 126

27) സെൻറ് തോമസ് കോളജ്: ഒരു പ്രത്യവലോകനം
— ഡോക്ടർ തോമസ് പരുവനാനി 129

28) ഡയറിക്കുറിപ്പുകൾ 136

Greetings & best wishes from:

Congregation of Mother of Carmel, Alwaye
Air India, Cochin
Claretian Congregation, Kuravilangad
Seematti, Kottayam
St George Church Velliamattam
Rani Giri Hospital, Thudanganad
National Engineering Works, Palai
Gold Field Brothers, Palai
Jaison Saw Mills, Palai
St Joseph's Convent, Manjamattom
P. V. Krishnankutty Nair & Brothers, Palai
Hotel Everest, Palai
Bharat Clinical Laboratory, Palai
St. Mary's Church, Valiakumaramangalam
Alphonsa Bhavan, Bharananganam
Adoration Congregation, Cenacle, Alwaye-2
Vincentian House, Nazareth Hill, Kuravilangad
Fatima Mission Hospital Kozhuvanal
St Thomas Cathedral, Palai
Holy Cross Church, Cherpunkal
St. Mary's Church, Kuravilangad
P. A Mathai & Co. Cholikara, Ramapuram
Alphonsa College, Palai
St. Michael Church, Idamattam
Holy Ghost Mission Hospital, Muttuchira
St John's Church, Vadakara
Plantation Corporation of Kerala Ltd, Kottayam
Rubber Board, Kottayam
Carmelite Congregation, Palai
St. Mary's Church, Poonjar
Franciscan Clarist Convent, Bharananganam
I. H. M. Hospital, Bharananganam
M. K. M. Hospital, Pravithanam
Franciscan Clarist Convent, Mattakara
Holy Family Church, Mattakara
Assisi Magazine, Bharananganam

Assisi Friary Bharananganam
C. R. Parameswaran Nair, Chollanickal, Palai
K. T. J. M. High School, Idamattom
S. H. Congregation, Diocese of Palai
P. N. R. Brothers, Palai
Deva Matha College, Kuravilangad
Ashoka Press, Palai
St. Augustine's Forane Church, Ramapuram
Nirappel Medical Agencies, Palai
St. Anne's Monastery, Kurianad
Sacred Heart Church, Ullanad
Holy Cross Church, Kanjiramattom
Malabar Fruit Products Co., M. G. Road, Cochin
Anjali Hotel, K. K. Road, Kottayam
The Bank of Cochin Ltd., Cochin
Padinjarekara Agencies Ltd., Kottayam
Clarist Convent, Vakakkad
Alphonsa G. H. School, Vakakkad
St. Joseph's Church, Kudakkachira
Kallookunnel D. S. Hospital Vellieppally, Palai
St. Peter's Church, Elanji
St. Joseph's Mission Home, Palai
St. George's College Aruvithura
St. Vincent English Medium H. School, Palai
Kunjumissionary, Bharananganam
Sacred Heart Church, Karoor
St. Pauls Church, Valiakumaramangalam
St. Vincent Monastery, Palai
Adoration Congregation, Diocese of Palai
St. Sebastian's Church Sankarappally
Congregation of the Sisters of Nazareth, Poovathodu
St. Augustines Church, Kudayathoor
Cherupushpam — (C. S. T.) Poovathodu
St. Thomas Church, Poovathodu
Assumption Hospital, Melukavumattom
Sevanikethan Society, Cherpunkal
Narmada Textiles, Kottayam
St. Thomas College, Palai
Moozhayil Medical Agencies, Palai
South Indian Bank Ltd., Trichur
Federal Bank Ltd,. Alwaye
Vellappally Brothers, Kottayam

Steel India, Palai
C. C. Joseph & Co. Palai
M. O. Devasia & Co Palai
C. J. Joseph & Co Palai
K. C Sebastian & Co Palai
Vadayattu Jewellery, Palai
Moozhayail Jewellers, Palai
Blue Star Restaurant, Palai
Swamy's Textiles, Palai
Edapparampil Stores, Palai
St Joseph Book Depot, Palai
Thottumkal Jewellers, Palai
Thottumkal Stores, Palai
V. M. Joseph & Co Palai
Thakadiyal Photos, Palai
Blue Moon, Palai
T. V. Abraham Tharappel & Co Palai
C. Y. M. L., Palai
P. J. Thomas & Co Palai
Cherupushpam Bankers, Palai
Universal Theatre, Palai
Nirmala Medicals, Palai
Kathambari, Palai
Teekoy Rubbers India Ltd , Palai
Joseph Michael & Bros, Cochin

മെത്രാൻ, ശ്രുപത, അജപാലനം

"പരിശുദ്ധാത്മാവിനാൽ നിയമിതരായ മെത്രാന്മാർ ആത്മപാലകരെന്ന നിലയിൽ ശ്ലീഹന്മാരുടെ പിൻഗാമികളാണു്. നിത്യം ജീവിക്കുന്ന ഇടയനായ ക്രിസ്തുവിന്റെ ദൗത്യം മാർപ്പാപ്പായോടുകൂടിയും അദ്ദേഹത്തിന്റെ അധികാരത്തിൻ കീഴിലും എന്നെന്നും തുടർന്നുകൊണ്ടുപോകാനാണു് മെത്രാന്മാർ നിയുക്തരായിരിക്കുന്നതു്.

"വൈദീകഗണത്തിന്റെ സഹകരണത്തോടെ അജപാലനം നടത്തുവാനായി മെത്രാനെ ഏല്പിച്ചിരിക്കുന്ന ദൈവജനത്തിന്റെ ഒരു ഭാഗമാണു് ശ്രുപത. തന്മൂലം ഇടയനോടു ചേർന്നു നില്ക്കുകയും, സുവിശേഷവും ദിവ്യകാരുണ്യവും മുഖേന ഇടയൻ പരിശുദ്ധാത്മാവിൽ സംയോജിക്കുകയും ചെയ്യുന്ന സമൂഹം ഒരു പ്രത്യേക സഭയായി ശ്രുപം കൊള്ളുന്നു". രണ്ടാം വത്തിക്കാൻ സൂനഹദോസു്, "മെത്രാന്മാർ" No. 2, 11.

"കർത്താവിന്റെ തിരഞ്ഞെടുക്കപ്പെട്ട അജഗണത്തെ മേയിക്കുവാൻ നിയുക്തരായിരിക്കുന്ന ഈ അജപാലകർ ക്രിസ്തുവിന്റെ ശുശ്രൂഷകരും ദൈവരഹസ്യങ്ങളുടെ പരിചാരകരുമാണു് (1 കോറ. 4.1). ദൈവാനുഗ്രഹങ്ങളുടെ സുവിശേഷത്തിനു് സാക്ഷ്യം വഹിക്കേണ്ടവർ അവരാണു്. (റോമ. 15. 16., നട. 20.24). അതുപോലെതന്നെ മഹത്വത്തിൽ അനുപമിയുടേയും നീതിയുടേയും ശുശ്രൂഷ്ണുു് നിയുക്തരായവരും" (2 കോറ. 3. 8–9). തിരുസഭ No. 21.

മലബാർ സഭ:

വ്യക്തിത്വവും ദൗത്യവും

''വിശ്വാസത്തിൽ ക്രൈസ്തവരെങ്കിലും സാംസ്ക്കാരികമായി ഹൈന്ദവർതന്നെ ആയിരുന്ന അവർ; എന്നാൽ പുതിയ വിശ്വാസത്തിന്റെ വെളിച്ചത്തിൽ ആചാരങ്ങൾക്ക് പുതിയ അർത്ഥവും ആഴവും അവർ നൽകി''. 'വി. തോമ്മായുടെ മാർഗ്ഗം' സ്വീകരിച്ച കേരള ക്രൈസ്തവരെപ്പറ്റി ഒരു ചെറുപഠനം.

ഡോ. സേവ്യർ, കുടപ്പുഴ.

ക്രിസ്തുശിഷ്യനായ വി. തോമ്മായിൽനിന്നും സ്വീകരിച്ച സുവിശേഷചൈതന്യം ഇരുപതു നൂറ്റാണ്ടുകളായി അഭംഗുരം പാലിച്ചുവരുന്ന ഒരു സമൂഹത്തിന്റെ ജീവിതമാണ് മലബാർ സഭയുടെ ചരിത്രം. ക്രിസ്തുവർഷം ഒന്നാം നൂറ്റാണ്ടിൽത്തന്നെ സഭ രൂപംകൊണ്ടു. ക്രിസ്തുവിന്റെ പന്ത്രണ്ടു് അപ്പസ്തോലന്മാരിൽ ഒരാളിൽനിന്നു് നേരിട്ടു സുവിശേഷം ശ്രവിക്കുവാനും, സ്വീകരിക്കുവാനും കഴിഞ്ഞു എന്നതു് മലബാർസഭയുടെ വ്യക്തിത്വത്തിനും ദൗത്യത്തിനും മാറ്റുകൂട്ടുന്നു. ഈ വ്യക്തിത്വത്തിലേയ്ക്കും ദൗത്യത്തിലേയ്ക്കും വെളിച്ചം വീശുകയാണു് ഈ ലേഖനോദ്ദേശ്യം.

ക്രിസ്തുനുഭവത്തിൽ പങ്കുപറ്റി ക്രിസ്തുസന്ദേശത്തിന്റെ കാതൽ മനസ്സിലാക്കിയ അപ്പസ്തോലന്മാക്കു് ഈശോ ഒരു ദൗത്യം നല്കി. ''ലോകത്തിന്റെ അതിർത്തികൾവരെ നിങ്ങൾ എനിക്കു സാക്ഷികളാകുവിൻ''. പിതാവു് ക്രിസ്തുവിനെ ലോകത്തിലേയ്ക്കയച്ചതുപോലെ ക്രിസ്തു അവിടുത്തെ ശിഷ്യന്മാരെയും അയയ്ക്കുന്ന പന്തക്കുസ്താദിനത്തിൽ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ ശ്രീഹന്മാർ പ്രേഷിതചൈതന്യത്താൽ പ്രചോദിതരായി ജനസമൂഹങ്ങളുടെ ഇടയിലേക്കു് ഇറങ്ങിച്ചെന്നു. ആദിമസഭാസമൂഹങ്ങളുടെ സ്ഥാപനം വഴി അവർ ക്രിസ്തുവിനു് സാക്ഷ്യം വഹിക്കുകയായിരുന്നു. കണ്ടതും കേട്ടതും, അനുഭവിച്ചതുമായ കാര്യങ്ങൾ അപ്പസ്തോലന്മാർ ആദിമസഭകളെ അറിയിച്ചു. അവർ ഇങ്ങനെ രൂപംകൊടുത്ത സഭകൾ 'മാതൃസഭകൾ' എന്ന പേരിൽ അറിയപ്പെടുന്നു. അപ്പസ്തോലന്മാരിൽനിന്നും നേരിട്ടു ലഭിച്ച ''പൈതൃകം'' സംരക്ഷിക്കുകയും ലോകത്തെ അറിയിക്കുകയും ചെയ്യുക എന്ന പ്രേഷിതദൗത്യം സഭകൾ തുടർന്നുകൊണ്ടുപോകുന്നു.

ഓരോ അപ്പസ്തോലന്റെയും ക്രിസ്തുനുഭവം അദ്ദേഹം ജന്മം നല്കിയ സഭകൾക്കും ലഭിക്കുന്നു. ''ക്രിസ്തു നല്കിയ ദൗത്യം അപ്പസ്തോലന്മാർ വിശ്വസ്തതയോടെ നിറവേറ്റി. തങ്ങളുടെ പ്രസംഗം വഴിയും മാതൃക വഴിയും കല്പനകൾ വഴിയും അവർ ക്രിസ്തുവിന്റെ വാക്കുകളിൽനിന്നും പ്രവൃത്തികളിൽനിന്നും, സമ്പർക്കത്തിൽനിന്നും സ്വീകരിച്ചവയോ, അഥവാ പരിശുദ്ധാത്മാവിന്റെ പ്രചോദനത്തിൽനിന്നും പഠിച്ചവയോ ആയ കാര്യങ്ങൾ മറ്റുള്ളവർക്കു കൈമാറി.'' (വത്തിക്കാൻ കൗൺസിലിന്റെ ദൈവാവിഷ്കരണത്തെ സംബന്ധിച്ച ഡിക്രി നമ്പർ 7) ദൈവം ആവിഷ്കരിച്ച രക്ഷയുടെ സന്ദേശം വിലിഖിതത്തിലുണ്ടെങ്കിലും അതു് ആദ്യം ജീവിതനിയമമാക്കിത്തീർത്തതു് അപ്പസ്തോലന്മാരും അവർ ജന്മം നല്കിയ ആദിമസഭാസമൂഹങ്ങളുമാണു്. ''അപ്പസ്തോലന്മാർ നല്കിയ പാരമ്പര്യത്തിൽ, ദൈവജനത്തിന്റെ ജീവിതം വിശുദ്ധമായി നയിക്കുന്നതിനും വിശ്വാസം അഭിവൃദ്ധമാക്കുന്നതിനും ആവശ്യമായതെല്ലാം അടങ്ങിയിട്ടുണ്ടു്. ഇങ്ങനെ തന്റെ പ്രബോധനത്തിലും ജീവിതത്തിലും ആരാധനയിലും തലമുറ തലമുറയായി സഭ തന്നെത്തന്നെയും താൻ വിശ്വസിക്കുന്നവയെയും എന്നും നിലനിർത്തുകയും എല്ലാ തലമുറകൾക്കുമായി പകർന്നുകൊടുക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു'' (വൈവാവിഷ്കരണം No. 8) ഇപ്രകാരം എഴുതപ്പെടാതെ അനുദിന ജീവിതത്തിലൂടെ കൈമാറിയ ദൈവവചനമാണു് വിശുദ്ധ പാരമ്പര്യം (Divine Tradition). ഈ പാരമ്പര്യമാകട്ടെ ഇന്നു നമുക്കു ലഭിക്കുന്നതു മാതൃസഭകളിലൂടെയാണു്. ഇതിൽനിന്നു് അപ്പസ്തോലന്മാർ ജന്മംനല്കിയ സഭകളുടെ പ്രത്യേക സ്ഥാനവും പ്രാധാന്യവും വ്യക്തമാണല്ലോ.

അപ്പസ്തോലനായ വി. തോമ്മായുടെ ക്രിസ്തുവേമാണ് മലബാർ സഭയുടെ ജീവാത്മാവ്. ഈ സഭയുടെ വ്യക്തിമാഹാത്മ്യത്തിന്റെ നിദാനവും മറെറാന്നല്ല. മാതൃസഭ എന്ന നിലയിൽ സാവ്ത്രികസഭയ്ക്കു വിലപ്പെട്ട സംഭാവനകൾ നല്കുവാൻ മലബാർ സഭയ്ക്കു കഴിവും കടമയുമുണ്ട്. തിരുസ്സഭയുടെ വളർച്ചയുടെയും, സാവ്ത്രികതയുടെയും സാംസ്ക്കാരിക ഉദ്ഗ്രഥനത്തിന്റെയും അടയാളമാണ് വിവിധ പ്രാദേശിക സഭകൾ (Individual Churches). വിവിധ പ്രാദേശിക സഭകളുടെ ''പൈതൃകം,'' സാവ്ത്രികസഭയുടെ പൊതുസ്വത്താണ്. വൈവിധ്യമാണ് ഈ പ്രാദേശികപാരമ്പര്യങ്ങൾ ഉപേക്ഷിച്ചാൽ അനർഘമായ ദൈവാവിഷ്ക്കരണത്തിന്റെ പ്രധാന ഘടകങ്ങളെ നഷ്ടപ്പെടുത്തുകയാവും ചെയ്യുക. ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ടു ചിന്തിക്കുമ്പോൾ മലബാർ സഭയുടെ വ്യക്തിപ്രഭാവവും പ്രത്യേക ദൗത്യവും കൂടുതൽ വ്യക്തമാകും.

മലബാർ സഭ: ചരിത്രപശ്ചാത്തലം.

ഇരുപതു നൂറ്റാണ്ടുകൾക്കു മുമ്പ് ഭാരതത്തിന്റെ തെക്കെ അറ്റത്ത് ഒരു പുതിയ ''മാർഗ്ഗം'' ആരംഭിക്കുക തികച്ചും സാഹസികമായിരുന്നു. എല്ലാ സംസ്ക്കാരങ്ങളെയും, ചിന്താധാരകളെയും വിശ്വാസസംഹിതകളെയും സ്വന്തമാക്കുവാനും സ്വാംശീകരിക്കുവാനും കഴിവുള്ള ഹിന്ദുമതത്തിന്റെ മധ്യത്തിലായിരുന്നു ഈ പുതിയ ''മാർഗ്ഗം'' അവതരിപ്പിച്ചത്. പക്ഷേ ഹിന്ദുമതത്തിന്റെ ഭാഗമായിത്തീരാതെ, എന്നാൽ ഹൈന്ദവ സംസ്ക്കാരത്തെ തിരസ്ക്കരിക്കാതെ ആ പുതിയ ''മാർഗ്ഗം'' ഭാരതത്തിൽ വേരുപിടിച്ചു. ''തോമ്മായുടെ മാർഗ്ഗം'' (''Law of Thomas'') നമ്മുടെ പൂർവ്വപിതാക്കന്മാർ അഭംഗുരം തുടർന്നു. അവർ സ്വീകരിച്ച വിശ്വാസദീപം കരിന്തിരി കത്താതെ തലമുറകളിലേക്കു പകരുവാൻ അവർക്കു സാധിച്ചെങ്കിൽ അതിനു കാരണം തോമ്മാ അറിയിച്ച സന്ദേശം ജീവിതസ്പർശി ആയിരുന്നു എന്നതുതന്നെ. പുതിയ വിശ്വാസം ആശ്ലേഷിച്ചപ്പോൾ പരിചയിച്ചുവന്ന ആചാരമോ, സംസ്ക്കാരമോ അവർ കൈവെടിഞ്ഞില്ല. പ്രത്യുത ഈ നാടിന്റെ സാമൂഹ്യ, സാംസ്ക്കാരിക പശ്ചാത്തലത്തിൽ നിന്നുകൊണ്ടുതന്നെയാണവർ ക്രിസ്തുവിന്റെ സന്ദേശം സ്വീകരിച്ചത്. വിശ്വാസത്തിൽ ക്രൈസ്തവരെങ്കിലും സാംസ്ക്കാരികമായി ഹൈന്ദവർതന്നെ ആയിരുന്ന അവർ; എന്നാൽ പുതിയ വിശ്വാസത്തിന്റെ വെളിച്ചത്തിൽ ആചാരങ്ങൾക്കു പുതിയ അർത്ഥവും ആഴവും അവർ നല്കി, അങ്ങനെ തികച്ചും ഭാരതീയ പശ്ചാത്തലത്തിൽത്തന്നെ ആദ്യശതകംമുതൽ ഇവിടത്തെ സഭ വളർന്നു. തന്മൂലം ഭാരതവല്ക്കരണമെന്ന രണ്ടാമതൊരു പരിപാടി അവർക്കാവശ്യമായിരുന്നില്ല.

ആരാധനക്രമം.

ആരാധനക്രമപരമായി ആദ്യംമുതല്ക്കേ പേർഷ്യയുമായി മലബാർസഭ ബന്ധപ്പെട്ടിരുന്നു. ക്രിസ്തുവിനു നാല്പ നൂറ്റാണ്ടുകൾക്കുശേഷം മാത്രമാണ് ആരാധനക്രമം നിയതരൂപം പ്രാപിച്ചതു. പേർഷ്യയുമായുണ്ടായ ഈ ബന്ധത്തിനു പിന്നിൽ ഭൂമിശാസ്ത്രപരവും, വാണിജ്യപരവും, വൈകാരികവും, സാംസ്ക്കാരികവുമായ കാരണങ്ങളുണ്ട്. പേർഷ്യൻ അഥവാ പൗരസ്ത്യസുറിയാനിസഭ വി. തോമ്മായുമായി ബന്ധപ്പെട്ടിരുന്നു. ശ്ലീഹായുടെ ശിഷ്യരായ അദ്ദായിയും മാറിയും (St. Addai and Mari) യുമാണ് ആ സഭയ്ക്ക് ജന്മം നല്കിയവർ. ഈ ബന്ധം മലബാർ സഭയെ പൗരസ്ത്യ സുറിയാനിസഭയുമായി അടുപ്പിക്കുന്നതിനിടയാക്കി. കൂടാതെ, ഇവിടെ ഒറ്റപ്പെട്ടു കഴിഞ്ഞിരുന്ന മലബാർ സഭയോട് ഭൂമിശാസ്ത്രപരമായി ഏറ്റവും അടുത്തുകഴിഞ്ഞിരുന്ന ക്രിസ്തീയസമൂഹം മധ്യപൂർവ്വദേശത്തേതായിരുന്നു. നാലാം നൂറ്റാണ്ടുമുതൽ കൽദായമെത്രാന്മാർ ഇവിടെ വന്നിരുന്നു. അക്കാലംമുതൽ അറാമായഭാഷ നമ്മുടെ ആരാധനാഭാഷയായി. ഇങ്ങനെ കൽദായസുറിയാനി ആരാധനക്രമം മലബാർസഭ സ്വീകരിച്ചതു് അടിമത്തത്തിന്റെ ലക്ഷണമായിരുന്നില്ല. ക്രിസ്തുവിനോടുള്ള അത്യാദരവാണ് അതിനു പിന്നിലുണ്ടായിരുന്നതു്. ക്രിസ്തുവും, മാതാവും അപ്പസ്തോലന്മാരും ഉപയോഗിച്ച ഭാഷയോടും ജീവിച്ച സംസ്ക്കാരത്തോടും പ്രത്യേക താല്പര്യം കാണിച്ചെങ്കിൽ അതു സ്വാഭാവികം മാത്രമാണ്. ഭാഷയിലൂടെയൊ ആരാധനക്രമത്തിലൂടെയൊ നാം വിദേശമേൽക്കോയ്മയ്ക്കു് അടിമപ്പെട്ടിരിക്കുകയാണെന്നു് ഏതെങ്കിലും ഇംഗ്ലീഷുകാരൻ അവകാശപ്പെടുമെന്നും തോന്നുന്നില്ല. ഇങ്ങനെയെങ്കിൽ ആദ്യനൂറ്റാണ്ടുകളിൽ, ക്രിസ്തുവിന്റെയും, മാതാവിന്റെയും, അപ്പസ്തോലന്മാരുടെയും ആദിമസഭയുടെയും പാരമ്പര്യമുള്ള ഒരു ഭാഷ മലബാറുകാർ സ്വീകരിച്ചെങ്കിൽ അതിൽ അത്ഭുതത്തിനോ കണ്ണിതത്തിനോ അവകാശമില്ല. ഹിന്ദുവിനു് സംസ്കൃതവും,

വ്യാപാരത്തിനു് ഇവിടെയെത്തിയ ഇംഗ്ലീഷുകാർവഴി ഭാരതത്തിൽ ഇംഗ്ലീഷുഭാഷ പ്രചരിച്ചതുകൊണ്ടു് ബ്രിട്ടീഷുകാർ ഇംഗ്ലീഷ് ഭാരതീയരുടെമേൽ അടിച്ചേല്പിച്ച എന്നു് ഇന്നാരും പറയുമെന്നു തോന്നുന്നില്ല. അല്ലെങ്കിൽ ഇംഗ്ലീഷു സംസാരിക്കുന്നവരെല്ലാം ഇംഗ്ലീഷുകാരുടെ മേൽക്കോയ്മ സ്വീകരിക്കണമെന്നു് ഏതെങ്കിലും ഇംഗ്ലീഷുകാരൻ അവകാശപ്പെടുമെന്നും തോന്നുന്നില്ല. ഇങ്ങനെയെങ്കിൽ

മുസൽമാന അറബിയും എങ്ങനെയോ, അപ്രകാരം തന്നെയാണ് ക്രൈസ്തവന അറമായഭാഷയും എന്നുകൂടി പറഞ്ഞുകൊള്ളട്ടെ. കാരണം ക്രൈസ്തവ ദൈവാവിഷ്കരണഭാഷയായിത്തീർന്നതു സുറിയാനിയാണ്. തന്മൂലം ഉറവിടങ്ങളിൽനിന്നു ചൈതന്യമുൾക്കൊള്ളുവാൻ ആഗ്രഹിക്കുന്ന ക്രൈസ്തവൻ ചെന്നുനില്ക്കുന്നതു സുറിയാനി പാരമ്പര്യത്തിലാണ്. ഇതുയും സൂചിപ്പിക്കുന്നതു സുറിയാനിഭാഷ മലബാറിൽ അടിച്ചേല്പിച്ചതാണ് എന്ന പുതിയൊരു ചിന്താഗതി കഴമ്പില്ലാത്തതാണെന്നു വ്യക്തമാക്കുന്നതിനാണ്.

സ്വന്തമായ ഭരണക്രമം.

കൽദായമെത്രാന്മാർ മലബാറിൽ എത്തിയിരുന്നു. ആദിമ സഭകളുടെ പരമ്പര്യമനുസരിച്ച് പൗരോഹിത്യത്തിലുള്ള ഭോഗഭോഗിത്വം പരസ്പരം പങ്കുവയ്ക്കുന്നതു വഴി രണ്ടു സഭകളും തമ്മിലുള്ള ഐക്യമാണ് പ്രകടമാക്കിയിരുന്നതു്. കൽദായ മെത്രാന്മാർ മലബാറിലെത്തിയിരുന്നതു പ്രധാനമായും പൗരോഹിത്യബന്ധം പുലർത്താനായിരുന്നു; ഇതര സഭകളിലും ഇതുപോലെയുള്ള പാരമ്പര്യം നിലവിലിരുന്നു. എന്നാൽ സഭാഭരണം എപ്പോഴും നാട്ടുകാരുടെ നേതൃത്വത്തിലായിരുന്നു. ഭരണത്തിൽ മുഖ്യസ്ഥാനം വഹിച്ചിരുന്നതു ആർച്ചുഡീക്കനും. ഭാരതത്തിന്റെ മുഴുവൻ പേരിലാണ് ഇവിടുത്തെ ആർച്ചുഡീക്കൻ അറിയപ്പെട്ടിരുന്നതു്. ഈ പദവിയെ കാൽദായമെത്രാന്മാർ അങ്ങേയറ്റം ആദരിച്ചിരുന്നു. സഭാനേതാവായിരുന്ന അദ്ദേഹത്തിന്റെ സമ്മതത്തിനു വിരുദ്ധമായി ഒരു കൽദായ മെത്രാനും പ്രവർത്തിച്ചിരുന്നില്ല. എന്നാൽ പതിനാറാം നൂറ്റാണ്ടിനുശേഷം ഇങ്ങനെയല്ല സംഭവിച്ചതു്. പാശ്ചാത്യമിഷനറിമാർ ആർച്ചു ഡീക്കന്റെ നേതൃത്വത്തെ അവഗണിച്ചു ഭരണം സ്വന്തമാക്കുവാനാണു ശ്രമിച്ചതു്.

സഭയിൽ ആർച്ചുഡീക്കനു് സമുന്നതസ്ഥാനമുണ്ടായിരുന്നു, എങ്കിലും അദ്ദേഹം ഏകാധിപതി ആയിരുന്നില്ല. പള്ളിയോഗപ്രതിനിധികളുമായി ചർച്ചചെയ്താണ് പ്രധാന കാര്യങ്ങൾ തീരുമാനിച്ചിരുന്നതു്. ആർച്ചുഡീക്കന്റെയും വൈദികരുടെയും ഭരണത്തെ നിയന്ത്രിച്ചിരുന്നതു പള്ളിയോഗങ്ങളായിരുന്നു. അതിരുകടന്ന വൈദികമേധാവിത്വത്തിനു് ഇവിടെ സ്ഥാനമില്ലായിരുന്നു; വേണ്ടത്ര അത്മായ പ്രാതിനിധ്യമുള്ള ഭരണരീതിയായിരുന്നു ഈ സഭയുടേതു്.

പള്ളിയോഗങ്ങൾ

ഇടവകയുടെ ഭരണം നടത്തിയിരുന്നതു പള്ളിയോഗങ്ങളായിരുന്നു. പതിനാറു നൂറ്റാണ്ടുകാലം സജീവമായി ഇവിടെ നിലനിന്നിരുന്ന ഈ പാരമ്പര്യം കേരളസഭ, സാവ്ത്രികസഭയ്ക്കു നല്കിയ വിലപ്പെട്ട സംഭാവനയാണ്. പള്ളിയോഗങ്ങൾ ഇടവകയുടെ സവ്തോന്മുഖമായ ഉന്നമനത്തിനുവേണ്ടി ശ്രമിച്ചിരുന്നു. ആദ്ധ്യാത്മികവും ഭൗതികവുമായ എല്ലാ ഉത്തരവാദിത്വങ്ങളും വൈദികരുടെ നേതൃത്വത്തിലുള്ള ഈ സമിതിയുണ്ടായിരുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ വെളിച്ചത്തിൽ രൂപം കൊണ്ട പാരിഷ് കൗൺസിലുകളും, പാസ്റ്ററൽ കൗൺസിലുകളും, മലബാർ സഭയിൽ ഒരു സജീവ യാഥാർത്ഥ്യമായിരുന്നു!

മേൽക്കോയ്മയുടെ നൂറ്റാണ്ടുകൾ.

പോർച്ചുഗീസുകാരനായ വാസ്കോഡിഗാമയുടെ ആഗമനം (1498) മലബാർ സഭയുടെ ചരിത്രത്തിലെ സുപ്രധാന വഴിത്തിരിവാണ്. സ്വതന്ത്രമായ വ്യാപാരബന്ധങ്ങൾ ലക്ഷ്യമാക്കി കേരളതീരത്തെത്തിയ ഗാമയെ മാർത്തോമ്മാ ക്രിസ്ത്യാനികൾ സഹോദരസഭയിലെ മാന്യനായ ഒരംഗമെന്ന നിലയിൽ സ്വീകരിച്ചു. രണ്ടാം പ്രാവശ്യം (1502) ഗാമ കേരളത്തിൽ വന്നപ്പോൾ കച്ചവടക്കാരോടൊപ്പം വൈദികരുമുണ്ടായിരുന്നു. ആദ്യമാദ്യം ഇവിടുത്തെ ക്രിസ്ത്യാനികളുമായി ഐക്യത്തിൽ കഴിഞ്ഞിരുന്ന പോർച്ചുഗീസുകാർ ക്രമേണ നയം മാറ്റി. ലത്തീൻ സഭ മാത്രമാണ് കത്തോലിക്കസഭയെന്നു ധരിച്ചിരുന്ന പറങ്കികൾക്കു് ഇവിടുത്തെ പൗരസ്ത്യസഭാ പാരമ്പര്യങ്ങൾ മനസ്സിലാക്കുവാൻ സാധിച്ചില്ല. ആശാസ്യമല്ലാത്ത പലതും അവർ ഇവിടെ ആരംഭിച്ചു.

തങ്ങൾ ''തോമ്മായുടെ നിയമ''മാണ് അനുസരിക്കുന്നതെന്നും, പാശ്ചാത്യർ അനുസരിക്കുന്ന ''പത്രോസിന്റെ നിയമ''ത്തോടു് അതു വിരുദ്ധമല്ലെന്നും മലബാറുകാർ പോർട്ടുഗീസുകാരെ ധരിപ്പിച്ചു. അവർ അതു ശ്രവിച്ചില്ല. പുതിയ ലത്തീൻ രൂപതകൾ സ്ഥാപിച്ചു് (ഗോവ 1534, കൊച്ചി 1558) മാർത്തോമ്മാ ക്രിസ്ത്യാനികളെ പാശ്ചാത്യവൽക്കരിക്കുന്നതിനുള്ള നീക്കങ്ങളാരംഭിച്ചു. ഭരണം വിദേശികളുടെ കൈകളിലാക്കുന്നതിനുള്ള നിരന്തര പരിശ്രമത്തിനെതിരായി കേരളകത്തോലിക്കർ ശക്തിയായി പ്രതിഷേധിച്ചു. ഒടുവിൽ ഈ സഭയുടെ മേൽ അധികാരമില്ലാതിരുന്ന ഗോവൻ മെത്രാപ്പോലീത്താ ഡോം മെനെസിസ്സ് അനധികൃതമായി

ഉദയംപേരൂരിൽ ഒരു സൂനഹദോസു വിളിച്ചുകൂട്ടി (1599). ഇന്നാട്ടുകാരുടെ ശക്തമായ എതിർപ്പുകളെ തൃണവൽഗണിച്ചുകൊണ്ട് പോർട്ടുഗീസ് മെത്രാന്മാരെ മലബാർ സഭയുടെമേൽ നിയമിച്ചു; വിദേശാചാരങ്ങൾ സ്വീകരിക്കുവാൻ നിർബ്ബന്ധിച്ചു; പിതാക്കന്മാർ അഭംഗുരം കാത്തുസൂക്ഷിച്ച സംസ്കാരപാരമ്പര്യങ്ങൾ പുറംതള്ളുവാൻ പ്രേരണനല്കി; മാത്തോമ്മാ ക്രിസ്ത്യാനികളുടെ മെത്രാപ്പോലീത്താസ്ഥാനം തരംതാഴ്ത്തി ഗോവായുടെ കീഴിലാക്കി! (1599); അങ്ങനെ അപ്പസ്തോലികപാരമ്പര്യമുള്ള, സ്വന്ത വ്യക്തിത്വമുള്ള, ഭരണരീതിയുള്ള ഒരു പ്രാദേശികസഭയെ മറെറാരു സഭാമേലദ്ധ്യക്ഷൻ ബലപ്രയോഗത്തിലൂടെ കീഴ്പ്പെട്ടത്തി! അങ്ങനെ കേരളസഭയുടെമേൽ വിദേശവൈദികമേലദ്ധ്യക്ഷന്മാരുടെ ഭരണം സ്ഥാപിതമാകുകയുംചെയ്തു (1603). ശ്രുശ്രൂഷചെയ്വാനും അനേകരുടെ നന്മയ്ക്കുവേണ്ടി ബലിയായിത്തീരുവാനുംവന്ന ക്രിസ്തുവിനെ അനുഗമിച്ചവർ സേവനത്തിന്റെ പാതകയും വെടിഞ്ഞതിന്റെ തിക്തഫലം!

1599 മുതൽ 1896 വരെ അക്ഷരാർത്ഥത്തിൽ ഈ വിദേശമേധാവിത്വമിവിടെ നിലനിന്നു. പാരമ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി നാട്ടുകാർ നടത്തിയ പരിശ്രമങ്ങളത്രയും വിഫലമായി. സഭാതലത്തിൽ മേൽക്കോയ്മ നടത്തിയതിനെതിരായി കേരളസഭാ പ്രതിനിധികൾ ഒത്തൊരുമിച്ചു നടത്തിയ ഐതിഹാസികസംഭവമാണ് കൂനൻകുരിശുസത്യം (1653). ഒരു സഭയുടെ പൈതൃകസമ്പത്തു മുഴുവൻ താറുമാറാക്കുവാൻ മുതിർന്ന വിദേശമേധാവിത്വത്തിനെതിരേ നടത്തിയ സംഘടിതപ്രതിഷേധമായിരുന്നു അതു്. അതേത്തുടർന്നു കേരളത്തിലുണ്ടായ സംഭവവികാസങ്ങൾ വേദനാജനകമാണ്. മലബാർസഭ രണ്ടായി പിളരുന്നതിനും, ശീശ്മമെത്രാന്മാരെ ക്ഷണിക്കുന്നതിനും, വിദേശാചാരങ്ങൾ സ്വീകരിക്കുന്നതിനുമൊക്കെ അതു് ഇടയാക്കി. അതിന്റെ തിക്താനുഭവങ്ങളിൽ നിന്നും മലബാർസഭ ഇന്നും വിമുക്തമല്ല. അന്ത്യോക്യൻസഭയുടെ പാശ്ചാത്യസുറിയാനിയിലുള്ള ആരാധനക്രമം പൂർണ്ണമായി സ്വീകരിച്ചതിന്റെ പ്രധാനകാരണം സുറിയാനി പാരമ്പര്യങ്ങൾ സംരക്ഷിക്കുക ആയിരുന്നു എന്നതു സ്മരണീയമാണ്.

സ്വദേശമെത്രാന്മാരെ ലഭിക്കുന്നതിനുള്ള ശ്രമങ്ങൾ മലബാറുകാർ തുടർന്നുകൊണ്ടേയിരുന്നു. സഭാചരിത്രത്തിലെ മഹാരഥന്മാരായ ജോസഫ് കരിയാറിയും പാറേമ്മാക്കൽ തോമ്മാകത്തനാരും നടത്തിയ പരിശ്രമങ്ങൾ ധീരവും അവിസ്മരണീയവുമാണ്. കേരളസഭയുടെ ദുസ്ഥിതിയും, വിദേശമിഷനറിമാരുടെ അധികാരപ്രമത്തതയും മാപ്പാപ്പയെ ബോധ്യപ്പെടുത്തുന്നതിനുവേണ്ടി സ്വന്തജീവൻപോലും തൃണവൽഗണിച്ചുകൊണ്ട് പാറേമ്മാക്കൽ തോമ്മാക്കത്തനാരും കരിയാറിൽ ജോസഫ് മല്പാനും റോമ്മായ്ക്കു നടത്തിയ ക്ലേശഭൂയിഷ്ഠമായ യാത്ര (1778–1786) മലയാളയാത്രാവിവരണസാഹിത്യശാഖയിലെ ആദ്യഗ്രന്ഥമായ 'വർത്തമാനപ്പുസ്തകത്തിൽ' വിശദമായി വിവരിച്ചിട്ടുണ്ട്. കേരളസഭയുടെ പരാധീനതകളും വിദേശമിഷനറിമാർ ഈ സഭയെ വീക്ഷിച്ചവിധവുമൊക്കെ മിഴിവുറ്റവിധം രേഖപ്പെടുത്തിയ പാറേമ്മാക്കൽ ഗോവർണ്ണദോരുടെ പാവനസ്മരണയ്ക്കു മുന്നിൽ ആദരാഞ്ജലികൾ! മാർ ജോസഫ് കരിയാറിയുടെ അഗാധപാണ്ഡിത്യവും സമുദായസ്നേഹവും ആർക്കാണ് ഉത്തേജനമരുളാത്തതു്! അവരെപ്പോലെ ആദർശധീരരും സഭാസ്നേഹികളുമായ നേതാക്കന്മാർ മലബാർസഭയുടെ ചൈതന്യസ്രോതസ്സുകളാണ്.

നാട്ടുമെത്രാന്മാർ നേതൃത്വം ഏറെറടുക്കുന്നു.

പത്തൊമ്പതാം നൂറാണ്ടിന്റെ അവസാനം മലബാർസഭയിൽ ഒരു പുതിയ യുഗത്തിന്റെ ആരംഭം കുറിക്കുവാൻ തുടങ്ങി. നിരന്തരപരിശ്രമഫലമായി (1896) നാട്ടുമെത്രാന്മാരെ ലഭിച്ചു. എന്നാൽ നൂറാണ്ടുകളായി വിദേശികളുടെകീഴിൽ നടന്നുവന്ന സെമിനാരി പരിശീലനത്തിലൂടെ മലബാറിലെ വൈദികരെ അവർ വിദേശസംസ്കാര പാരമ്പര്യങ്ങളുടെ വക്താക്കളാക്കി ഇതിനകം മാറ്റിയിരുന്നു, അങ്ങനെ സ്വദേശി വിദേശി പാരമ്പര്യങ്ങളെ വിവേചിക്കുവാൻ കഴിവോ, സ്വന്തസഭയുടെ വ്യക്തിത്വത്തെപ്പറ്റി അറിവോ ഇല്ലാത്ത തലമുറയ്ക്കു രൂപം കൊടുത്തുവന്നിരുന്നു. തന്മൂലം നാട്ടുമെത്രാന്മാരുടെ ആഗമനവും ഈ സ്ഥിതിയ്ക്കു വലിയ മാറ്റമൊന്നും വരുത്തിയില്ല! വൈദികപരിശീലനത്തിലൂടെയാണ് സ്വന്തമായ വ്യക്തിത്വം വളർത്തിയെടുക്കേണ്ടതു്.

മലബാർസഭ ഇന്നു്

എല്ലാസഭകൾക്കും തുല്യസ്ഥാനവും തുല്യഔന്നത്യവുമാണുള്ളതു്. തിരുസ്സഭയുടെ ഘടനയിലെ അടിസ്ഥാനതത്വമാണിതു് (പൗരസ്ത്യസഭകൾ, No 3; വത്തിക്കാൻ II). ഇതിന്റെ വെളിച്ചത്തിൽവേണം ഇന്നു നാം മലബാർസഭയെ വിലയിരുത്തുവാൻ.

സഭ സ്വഭാവത്താൽത്തന്നെ പ്രേഷിതയാണ്. പ്രേഷിതചൈതന്യമാണ് സഭയെ അതാക്കിത്തീർക്കുന്നതു്. എന്നാൽ ഈ ദൗത്യനിർവ്വഹണത്തിനനുകൂല

മായ സാഹചര്യമല്ല ഇന്ന മലബാർസഭയ്ക്കുള്ളതു്. ഭാരതത്തിലെ അപ്പസ്തോലികസഭയെ കേരളത്തിന്റെ അതിർത്തികൾക്കുള്ളിൽ ഒതുക്കിനിർത്തുവാനുള്ള നീക്കങ്ങളാണു് ഇതുവരെ നടന്നിരുന്നതു്. ഭാരതത്തെ വിവിധ രൂപതകളായി വെട്ടിമുറിച്ചു് വിദേശമിഷനറിമാരെ ഏല്പിച്ചുകഴിഞ്ഞിരുന്ന. തന്മൂലം ധാരാളം ദൈവവിളികളുള്ള മലബാർസഭയ്ക്കു് അടുത്തകാലംവരെ ലത്തീൻറീത്തിലേക്കു് ആളുകളെ മാനസാന്തരപ്പെടുത്തുന്നതിനു മാത്രമേ അനുവാദമുണ്ടായിരുന്നുള്ള! മലബാറിന്റെ മക്കളാണു് ഭാരതത്തിലെ രൂപതകളിൽ സേവനം ചെയ്യുന്നവരിൽ അധികവും! മലബാർസഭയെ സ്വദൗത്യനിർവ്വഹണത്തിൽ നിന്നും മാറ്റിനിർത്തിയ ഈ അനീതിയെ വെളിച്ചത്തിക്കാൻ സൂനഹദോസിന്റെ വിദഗ്ധരിലൊരാളായ വിക്ടർ പോസ്വാഷൽ ചൂണ്ടിക്കാണിക്കുന്നുണ്ടു്.

"തെക്കെ ഇന്ത്യയിൽ കേരളസംസ്ഥാനത്തു് വളന്ന വികസിച്ചുകൊണ്ടിരിക്കുന്നമലബാർ റീത്തിന്റെയും മലങ്കര റീത്തിന്റെയും സ്ഥിതി പ്രത്യേകമാണു്. പൗരസ്ത്യപാശ്ചാത്യസുറിയാനി റീത്തിൽപ്പെട്ട അവർ വി. തോമ്മാശ്ലീഹായാൽ മാനസാന്തരപ്പെട്ടവരാണെന്നുള്ള പാരമ്പര്യം അസാദ്ധ്യമെന്നു തോന്നിയേക്കാമെങ്കിലും അതു എളുപ്പത്തിൽ തള്ളിക്കളയുവാൻ പാടില്ലാത്തതാണു്. ഇവർക്കു തങ്ങളുടെ പ്രേഷിതപ്രവർത്തനം ഭാരതത്തിലെ അക്രൈസ്തവരുടെ ഇടയിലേക്കു വ്യാപിപ്പിക്കുവാൻ അനുവാദമില്ലായിരുന്നു. അതിനു കാരണം ഇന്ത്യ മുഴവനും ലത്തീൻ റീത്തിൽപെട്ട മിഷനറിമാരുടെ കുത്തകയായി നല്കിയതാണു്. ഈ ലത്തീൻ റീത്തു ഭാരതത്തിലെത്തിയിട്ടു ഏതാനും നൂറാണ്ടുകളം മാത്രമേ ആയിട്ടുള്ള. ഈ വ്യവസ്ഥിതി അനീതിയാണെന്നു മാത്രമല്ല, ദീർഘദൃഷ്ടി ഇല്ലാത്തതുമാണു്. അവിടത്തെ മലബാർ റീത്തിൽ, മറെറാരിടത്തും ഇല്ലാത്ത വിധം സന്ന്യാസാന്തസ്സിലേക്കും വൈദികാന്തസ്സിലേക്കും വളരെയധികം ദൈവവിളികളുണ്ടു്. ലത്തീൻ റീത്തുകാരെക്കാളം ഇന്ത്യൻ പാരമ്പര്യമുള്ള ഈ പൗരസ്ത്യറീത്തുകളം ലത്തീൻ റീത്തിലെ മിഷൻ രംഗങ്ങളെപ്പോലെ വൈദേശികതപം കൊണ്ടു വിശുദ്ധമല്ല" Victor J. Pospishil, Orientalium Ecclesiarum, The Decree on the Eastern Catholic Churches of Vatican II, New York, 1965, p. 13-14.

എക്സാർക്കേറുകളുടെ സ്ഥാപനത്തോടെ ഈ അവസ്ഥയ്ക്കു് അല്പം മാറ്റം വന്നിട്ടുണ്ടു്. ഇതുവരെ മലബാർസഭ ഒരു വിധത്തിൽപ്പറഞ്ഞാൽ മിഷനറി ഏജൻസിയായി മാത്രം പ്രവർത്തിക്കുകയായിരുന്ന. ഇവിടത്തെ പല മിഷൻ സ്ഥാപനങ്ങളും ഉത്തരേന്ത്യയിലെ ലത്തീൻ രൂപതകൾക്കുവേണ്ടി കുട്ടികളെ പരിശീലിപ്പിച്ചു് അവിടത്തെ മെത്രാന്മാരെ ഏല്പിക്കുകയാണു ചെയ്തിരുന്നതു്. 'മിഷൻ രംഗങ്ങളുടെ പൂർണ്ണ ഉത്തരവാദിത്വം മലബാർസഭ ഏറെറടുക്കേണ്ട കാലം കഴിഞ്ഞു. അതിനിന്നു് ഈ സഭ പ്രാപ്തയുമാണു്. ലാറ്റിൻ സഭയെപ്പോലെതന്നെ മിഷനറി ഉത്തരവാദിത്വം മലബാർ സഭയ്ക്കുമുണ്ടല്ലോ. വിദേശമിഷനറിമാരുടെ ഉദ്ദേശശുദ്ധിയെ ഇവിടെ ചോദ്യംചെയ്യുന്നില്ല. പക്ഷേ മലബാർ സഭയുടെ പരമ്പരാഗതമായ ആരാധനക്രമവും, പാരമ്പര്യവും, വ്യക്തിത്വവും ആദ്ധ്യാത്മികവീക്ഷണവുമുൾപ്പെട്ട ആ പൈതൃകസമ്പത്തു നഷ്ടമാകുന്നതിനു് ആരുടെയും അതിതീക്ഷ്ണത കാരണമാകരുതെന്ന മാത്രം. ചരിത്രം, ആരാധനക്രമം, ദൈവശാസ്ത്രം എന്നിവ നാം പഠിക്കേണ്ടിയിരിക്കുന്ന. ഈ രംഗങ്ങളിൽ നമ്മുടെ അഭിവന്ദ്യപിതാക്കന്മാർ ചെലുത്തുന്ന ശ്രദ്ധ സന്തോഷകരമാണു്.

നാളത്തെ സഭ

ദൈവവിളികളിൽ സമ്പന്നയാണു മലബാർ. പ്രേഷിതദൗത്യത്തെപ്പററി പുതിയ ഉണർവ്വു് എങ്ങും സംജാതമായിരിക്കുന്ന. ഇനി വേണ്ടതു് ചിന്തിച്ചുള്ള പ്രവർത്തനമാണു്. നമ്മുടെ സഭയുടെ ഭരണക്രമം ഇന്ന പൂർണ്ണമായി പൗരസ്ത്യമല്ല. പൗരസ്ത്യസഭകളുടെ പരമ്പരാഗതമായ ഭരണക്രമം പാത്രിയർക്കീസിന്റെ നേതൃത്വത്തിലുള്ളതാണു്. ഇതു് എത്രവേഗം സംസ്ഥാപിതമാകുന്നുവോ അത്രയും നന്നു്. ആരാധനാക്രമത്തിലെ വികലതകളും പൂർണ്ണമായി മാറിയിട്ടില്ല. യഥാർത്ഥക്രൈസ്തവപാരമ്പര്യവും, പൗരസ്ത്യചിന്താഗതിയും വളർത്തി എടുക്കുവാൻ പാത്രിയർക്കീസ് സ്ഥാനം അനിവാര്യമാണു്.

തത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും ആദ്ധ്യാത്മികവീക്ഷണത്തിലും, വേഷഭൂഷാദികളിലും പാശ്ചാത്യരീതിയാണു് ഇപ്പോഴും കേരളത്തിൽ നിലവിലിരിക്കുന്നതു്. അന്ധമായി അനുകരിക്കുന്നതിനുള്ള പ്രവണതയും പ്രകടമാണു്. ഇവ മാറേണ്ടിയിരിക്കുന്ന.

സഭകളുടെയോ റീത്തുകളുടെയോ മറപിടിച്ചു നടത്തുന്ന താറടിക്കലുകളും വിലയിടിക്കലുകളും ഏതു സ്ഥാനങ്ങളിൽനിന്നായാലും അപലപനീയമാണു്. പ്രത്യേകിച്ചും വിവിധസഭകളം ഒരുമിച്ചു പ്രവർത്തിക്കേണ്ട ഭാരതത്തിൽ. വിവിധ പാരമ്പര്യങ്ങളുള്ള കുടുംബങ്ങളംപോലെ ഒരുമിച്ചു വസിക്കുകയും പരസ്പരം സഹകരിക്കുകയും ചെയ്യാവുന്നതുപോലെ ഭാരതത്തി

മെത്രാൻ:
ഉന്നതപുരോഹിതൻ

പ്രബോധന — പവിത്രീകരണ — നിയന്ത്രണാധികാരങ്ങൾ ദൈവത്തിൽനിന്നു ലഭിച്ചിട്ടുള്ള ആചാര്യശ്രേഷ്ഠൻ

ഡോക്ടർ ജേക്കബ് കട്ടയ്ക്കൽ

"എല്ലാ ജനപദങ്ങളുടെയുമിടയിൽ എന്റെ സുവിശേഷം പ്രചരിപ്പിക്കുവിൻ; പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്ക് ജ്ഞാനസ്നാനം നല്കുവിൻ" (മാത്യു, 28. 18–20) എന്ന ക്രിസ്തുനാഥന്റെ അന്തിമശാസനമനുസരിച്ച്, ക്രിസ്തുശിഷ്യന്മാർ ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും പോയി. പോയ സ്ഥലങ്ങളിലെല്ലാം ജഗദ്ഗുരുവിന്റെ സുവിശേഷം അവർ പ്രചരിപ്പിക്കുകയും അനേകർക്ക് മാമ്മോദീസാ നല്കുകയും ചെയ്തു. അങ്ങനെ ആദിമശതകത്തിൽത്തന്നെ ലോകത്തിന്റെ നാനാഭാഗങ്ങളിൽ ചെറിയ ചെറിയ ക്രൈസ്തവസഭകൾ രൂപമെടുത്തു. ആദ്യം അപ്പസ്തോലന്മാർതന്നെ ആ സഭകളുടെ മേൽനോട്ടം വഹിച്ചു. അപ്പസ്തോലന്മാർ മരിക്കുന്നതിനു മുമ്പ് അവരുടെ പിൻഗാമികളെയും നിയമിച്ചു. അങ്ങനെയാണ്, അപ്പസ്തോലന്മാർ രൂപംകൊടുത്ത ക്രൈസ്തവസമൂഹങ്ങളുടെയും പിന്നീട് രൂപമെടുക്കാനിരുന്ന സഭകളുടെയും അധിപന്മാരായി, അപ്പസ്തോലപിൻഗാമികളായ മെത്രാന്മാർ നിയമിതരായതു്.

മെത്രാൻപദത്തിന്റെ ഉത്പത്തിയെയും സ്ഥാനമാഹാത്മ്യത്തെയും ഉദ്യോഗഗൗരവത്തെയുംകുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിൽ, 'മെത്രാന്മാർ', 'ക്രിസ്തുസഭ' എന്നീ പ്രമാണരേഖകളിൽ സാമാന്യം സമൃക്കായി പ്രതിപാദിച്ചിട്ടുണ്ട്: ദൈവസുതനായ ക്രിസ്തു, സർവമനുഷ്യരുടെയും സമുദ്ധാരണാർത്ഥം ലോകത്തിലവതരിച്ചു. അവതീർണ്ണദൈവസുതൻ ഒരു ശിഷ്യഗണത്തെ തിരഞ്ഞെടുത്തു് പഠിപ്പിച്ച്, പവിത്രീകരിച്ച്, സുവിശേഷപ്രഘോഷണത്തിനായി ദിഗന്തങ്ങളിലേക്കു് പറഞ്ഞയച്ചു. ഇങ്ങനെ ക്രിസ്തുനിയുക്തരായ ദ്വാദശപ്രേഷിതരിൽ (അപ്പസ്തോലന്മാരിൽ) പ്രധാനി പത്രോസ് ആയിരുന്നു; പത്രോസിന്റെ പിൻഗാമിയാണു് റോമിലെ മാർപ്പാപ്പാ; മറ്റു് അപ്പസ്തോലന്മാരുടെ അനന്തരഗാമിരുന്ന സഭകളുടെയും അധിപന്മാരായി, അപ്പസ്തോലപിൻഗാമികളായ മെത്രാന്മാർ നിയമിതരായതു്.

മെത്രാൻപദത്തിന്റെ ഉത്പത്തിയെയും സ്ഥാനമാഹാത്മ്യത്തെയും ഉദ്യോഗഗൗരവത്തെയുംകുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിൽ, 'മെത്രാന്മാർ', 'ക്രിസ്തുസഭ' എന്നീ പ്രമാണരേഖകളിൽ സാമാന്യം സമൃക്കായി പ്രതിപാദിച്ചിട്ടുണ്ട്: ദൈവസുതനായ ക്രിസ്തു, സർവമനുഷ്യരുടെയും സമുദ്ധാരണാർത്ഥം ലോകത്തിലവതരിച്ചു. അവതീർണ്ണദൈവസുതൻ ഒരു ശിഷ്യഗണത്തെ തിരഞ്ഞെടുത്തു് പഠിപ്പിച്ച്, പവിത്രീകരിച്ച്, സുവിശേഷപ്രഘോഷണത്തിനായി ദിഗന്തങ്ങളിലേക്കു് പറഞ്ഞയച്ചു. ഇങ്ങനെ ക്രിസ്തുനിയുക്തരായ ദ്വാദശപ്രേഷിതരിൽ (അപ്പസ്തോലന്മാരിൽ) പ്രധാനി പത്രോസ് ആയിരുന്നു; പത്രോസിന്റെ പിൻഗാമിയാണു് റോമിലെ മാർപ്പാപ്പാ; മറ്റു് അപ്പസ്തോലന്മാരുടെ അനന്തരഗാമിലെ വിവിധ റീത്തുകൾക്കും ഒരുമിച്ചു പ്രവർത്തിക്കാവുന്നതാണു്. ഇവിടത്തെ സഭയുടെ ഭാവി ഈ സഹകരണത്തെ ആശ്രയിച്ചു നിലകൊള്ളുന്നു.

മലബാർ സഭയും അവളുടെ ശ്രൈഷ്ഠിക പാരമ്പര്യങ്ങളും നാം എല്ലാവരുടെയും അവഗാഢമായ പഠനത്തിനു വിഷയമാകട്ടെ! അവളുടെ പിതൃസമ്പത്തു ഭാരതസഭയ്ക്കാകെ അഭിമാനകരമാണെന്നു് മനസ്സിലാക്കട്ടെ! വൈവിധ്യമുള്ള സാർവ്വത്രികസഭയുടെ അമൂല്യസമ്പത്തായി പ്രാദേശികസഭകൾ പ്രശോഭിക്കട്ടെ! എല്ലാ സഭകൾക്കും തുല്യപദവിയും തുല്യ ഉത്തരവാദിത്വങ്ങളുമാണുള്ളതെന്നും എല്ലാവരും അറിയട്ടെ! സ്ഥലകാലാനുസൃതം അനുരൂപണങ്ങളിലൂടെ എല്ലാ സഭകളും സമ്പന്നമാകട്ടെ!

ജൂബിലി മംഗളങ്ങൾ

മലബാർ സഭയുടെ പ്രേഷിതപ്രവർത്തനത്തിൽ സമുന്നതസ്ഥാനമാണു് പാലാ രൂപതയ്ക്കുള്ളതു്. ഭാരതത്തിനു് അനേകം ധീരമിഷനറിമാരെ പ്രദാനം ചെയ്ത പാലാ രൂപതയ്ക്ക് ഭാവുകങ്ങൾ!

സീറോ മലബാർ സഭയുടെ വ്യക്തിത്വവും ഐക്യവും നിലനിർത്തി പ്രേഷിതദൗത്യം അജ്ഞേയറാം നിർവ്വഹിക്കുന്നതിനു് നേതൃത്വം നല്കുന്ന അഭിവന്ദ്യ വയലിൽ പിതാവിന്റെ മഹത്തായ സേവനങ്ങൾ മലബാർ സഭയുടെ ചരിത്രത്തിൽ അറിയപ്പെടുകതന്നെ ചെയ്യും.

കയും മെത്രാന്മാരും. പഠിപ്പിക്കുക, പരിശുദ്ധീകരിക്കുക, നേതൃത്വം നല്കുക എന്നീ ത്രിവിധ ധർമ്മങ്ങളാണ് മെത്രാന്മാരിൽ നിക്ഷിപ്തമായിരിക്കുന്നത്. മെത്രാൻപട്ടമെന്ന കൂദാശ സ്വീകരിക്കുന്നതോടെ ഉന്നതപുരോഹിതപദവിയിലേക്ക് ഉയർത്തപ്പെടുന്ന അഭിനവമെത്രാൻ, മാർപ്പാപ്പായുടെ കീഴിൽ മറ്റ് മെത്രാന്മാരുമായി ഐക്യബന്ധം പുലർത്തിക്കൊണ്ടുവേണം, ഈ ത്രിവിധ ധർമ്മങ്ങളും അനുഷ്ഠിക്കുവാൻ. കത്തോലിക്കാസഭയിലെ ഓരോ മെത്രാനും തനേറതായ പ്രവർത്തനമണ്ഡല (ശ്രുപത) വും പ്രത്യേക കർത്തവ്യങ്ങളുമുണ്ട്. അതോടൊപ്പം, ക്രിസ്തുസഭയുടെ സാർവലൗകികശ്രേയസിനെ ലക്ഷ്യമാക്കി പ്രവർത്തിക്കാൻ മെത്രാന്മാർക്ക് സംഘാതാത്മക കർത്തവ്യവും (Collegial responsibility) ഉണ്ട്' ('മെത്രാന്മാർ', 1–2). 'മാർപ്പാപ്പായുമായി ഐക്യബന്ധം പുലർത്തുന്ന മെത്രാന്മാർ, എല്ലാവരാലും ആദരിക്കപ്പെടേണ്ടവരാണ്; കാരണം, ദൈവികസത്യങ്ങളുടെ സാക്ഷികളാണവർ' ('തിരുസഭ', 25).

മെത്രാൻ ശബ്ദം. പ്രാദേശിക സഭകളുടെ (ശ്രുപതകളുടെ) ഉന്നതാചാര്യന്മാരായി അപ്പസ്തോലന്മാരാൽ നിയമിതരായവരോ അവരുടെ പിൻഗാമികളോ ആണ് മെത്രാന്മാർ. ഇന്നു നാം ഉപയോഗിക്കുന്ന 'മെത്രാൻ' ശബ്ദത്തിന്റെ സ്ഥാനത്ത്, 'എപ്പിസ്കോപ്പോസ്' (episcopos) എന്ന ഗ്രീക്കുവാക്കാണ്, ഗ്രീക്ക് സംസ്കാരം നിലവിലിരുന്ന ആദിമ സഭകളിൽ പ്രയോഗത്തിലിരുന്നത്. 'എപ്പിസ്കോപ്പോസ്' എന്ന ഗ്രീക്ക് വാക്കിനു 'മേൽനോട്ടം വഹിക്കുന്നവൻ' (epi + scopos = over -sear, superviser, super-intendent) എന്നാണ് നിരുക്തി. മേൽപ്പടിയിലുള്ള രാഷ്ട്രീയോദ്യോഗസ്ഥന്മാരെയും മതസംഘടനാദ്ധ്യക്ഷന്മാരെയും നിർദ്ദേശിക്കുവാനാണ്, പുരാതന ഗ്രീക്കുകാർ 'എപ്പിസ്കോപ്പോസ്' എന്ന പദം പ്രയോഗിച്ചിരുന്നത്. എപ്പിസ്കോപ്പോസ് എന്ന ഗ്രീക്കുവാക്ക് പഴയ ഇംഗ്ലീഷിൽ 'എപ്പ്സ്കോപ്പ്' (epscop) എന്നും, 'ബിസ്കോപ്പ്' (biscop) എന്നും രൂപാന്തരപ്പെട്ടു; പിന്നീടത് 'ബിഷപ്പ്' (bishop) എന്നുമായി. ഇന്ന് 'മെത്രാനെ'പ്പോലെ 'ബിഷപ്പും' മലയാളീയായി മാറിയിരിക്കുന്നു. മലയാളത്തിൽ സർവ്വസാധാരണയായി ഉപയോഗിക്കുന്ന 'മെത്രാൻ' എന്ന സുറിയാനി വാക്ക്, 'മിത്രാൻ' എന്ന അറബിവാക്കിൽനിന്ന് നിഷ്പന്നമായിരിക്കാനാണ് സാധ്യത. 'മിത്ര' അഥവാ 'മൈറർ' (mithra or mittre, ഉന്നതപുരോഹിതൻ തലയിൽവെക്കുന്ന തൊപ്പി) ധരിക്കുന്നവനാണ് മിത്രാൻ. പുരാതന ഇൻഡോ യൂറോപ്യൻ വർഗ്ഗക്കാരുടെ 'സൂര്യദേവ'ന്റെ മറ്റൊരു പേരായിരുന്നു 'മിത്രൻ' (mithra). മിത്രനിൽനിന്ന് (സൂര്യതാപത്തിൽനിന്ന്) രക്ഷനേടാനുള്ള തൊപ്പിയും തലപ്പാവുമായിരുന്നു മിത്ര അഥവാ മൈറർ. ഏതായാലും, ആധുനികമലയാളത്തിൽ, ഒരു പ്രദേശത്തെ ക്രൈസ്തവസഭയുടെ (ശ്രുപതയുടെ, മിസ്സത്തിന്റെ, മഹായിടവകയുടെ) അധിപതിയാണ് മെത്രാൻ അഥവാ ബിഷപ്പ്.

പുതിയനിയമത്തിൽ. മെത്രാൻപദവിയുടെ സ്വഭാവത്തെക്കുറിച്ച് പുതിയനിയമത്തിൽ അനവധി പ്രസ്താവനകളും കാണാം. ഒരു പ്രത്യേക ഭൂവിഭാഗത്തു് (ശ്രുപതയിൽ) പരമാധികാരമുള്ള ഒരു ഏകാധിപതിയായിട്ടല്ല, പ്രത്യുത സാവ്ത്രികസഭയുടെ ശ്രേയസ്സിൽ ബദ്ധശ്രദ്ധനായിരിക്കുന്ന ഒരു ക്രിസ്തുപ്രേഷിതനായിട്ടാണ്, ആദ്യകാലസഭ മെത്രാനെ പരിഗണിക്കുന്നത്. പുതിയ നിയമത്തിന്റെ മൂലകൃതിയിൽ 'എപ്പിസ്കോപ്പോസ്' എന്ന വാക്ക് പലതവണ പ്രയോഗിച്ചിട്ടുണ്ട്. എപ്പിസ്കോപ്പോസ് എന്ന ഗ്രീക്കുവാക്കിനു ബിഷപ്പ് അല്ലെങ്കിൽ മെത്രാൻ എന്നു് പില്ക്കാലത്തു് അർത്ഥവ്യതിയാനമുണ്ടായെങ്കിലും, ഈ നിഷ്കൃഷ്ടാർത്ഥത്തിലല്ല, പുതിയനിയമത്തിൽ 'എപ്പിസ്കോപ്പോസ്' (ബിഷപ്പ്) എന്ന പദം ഉപയോഗിച്ചിരിക്കുന്നത്. പുതിയ നിയമത്തിലെ താഴെ വരുന്ന വാക്യങ്ങളും പരിശോധിക്കാം:

1) സെൻറ് പീറർ ആദിമക്രിസ്ത്യാനികൾക്ക് എഴുതുകയാണ്. ''യേശുക്രിസ്തു നിങ്ങളുടെ ആത്മാക്കളുടെ മേൽനോട്ടക്കാരൻ (episcopos) ആണെന്നു നിങ്ങളും അനുസ്മരിക്കുവിൻ''.

2) സെൻറ് പോൾ ഫിലിപ്പിയർക്ക് എഴുതുമ്പോൾ അവരുടെ ക്രൈസ്തവസമൂഹത്തിലെ മെത്രാന്മാരെയും (episcopoi) ഡീക്കന്മാരെയും അഭിവാദ്യം ചെയ്യുന്നു (ഫിലി. 1–1).

3) സെൻറ് പോൾ എഫേസൂസിലെ പുരോഹിതന്മാർക്ക് (presbyters, elders, ശ്രേഷ്ഠന്മാർ) എഴുതുകയാണ്: 'ദൈവത്തിന്റെ മേൽനോട്ടക്കാരായി (episcopoi) പരിശുദ്ധാത്മാവു നിങ്ങളെ നിയമിച്ചിരിക്കുന്നതിനാൽ, ദൈവജനത്തെ സൃഷ്ടിച്ചു പരിപാലിക്കുന്നതിൽ നിങ്ങളും ദത്തശ്രദ്ധരായിരിക്കുവിൻ' (നടപടി, 20–28).

4) തിമത്തിക്കുള്ള ലേഖനത്തിൽ മെത്രാന്മാരുടെ ഉദ്യോഗമാഹാത്മ്യത്തെയും, മെത്രാൻ പദാർത്ഥീകരിക്കേണ്ടതായിരിക്കേണ്ട ഗുണവിശേഷങ്ങളെയുംകുറിച്ച് പ്രതിപാദിക്കുന്നു (1 തിമ. 1: 7–9).

5) ഈ ആശയംതന്നെ തിമത്തിക്കു് എഴുതിയ ലേഖനത്തിൽ അന്യത്ര പ്രസ്താവിക്കുന്നുമുണ്ടു്.

(1 തിമ. 3: 2–7)

ഒരു പ്രാദേശികസഭയിൽ അഥവാ, രൂപതയിൽ ഏറ്റവും കൂടുതൽ അധികാരവും ചുമതലയുമുള്ള ഏക വ്യക്തിയായി പ്രസ്തുത ബൈബിൾ ഭാഗങ്ങളൊന്നുംതന്നെ മെത്രാനെ ചിത്രീകരിക്കുന്നില്ലെന്നതു വാസ്തവം തന്നെ. ഇക്കാരണത്താൽ ആദിമ ക്രൈസ്തവസമൂഹങ്ങളിൽ, ഓരോ രൂപതയുടെയും അധികാരവും ചുമതലയും മെത്രാൻ എന്ന ഏക വ്യക്തിയിൽ നിക്ഷിപ്തമായിരുന്നില്ലെന്നും, പുരോഹിതന്മാരും പക്വമതികളായ മറ്റു പലരും ചേർന്ന ഒരു കൂട്ടത്തരവാദിത്വഭരണമാണു് ആദിമസഭയിൽ നിലവിലിരുന്നതെന്നും ചില ഗ്രന്ഥകാരന്മാർ (ഹർണാക്, ബാർത്ത്, ബ്രൂണർ, ബൗവർ, ലൈറ്റ്ഫൂട്) അഭിപ്രായപ്പെടുന്നു. ഇവരുടെ അഭിപ്രായത്തിൽ, ക്രിസ്തുവിനുശേഷം മൂന്നാം ശതകത്തോടുകൂടി ആദിമക്രൈസ്തവസമൂഹങ്ങളിൽ ഛിദ്രവാസനകളും അബദ്ധപ്രബോധനങ്ങളും തലപൊക്കിത്തുടങ്ങിയപ്പോഴും, സഭയിൽ ഐക്യവും ഭദ്രതയും നിലനിർത്താനുള്ള ശ്രമങ്ങളും നടന്നു. അനന്തരഫലമായി മെത്രാന്മാരിൽ അധികാരം കേന്ദ്രീകൃതമായി. മാത്രവുമല്ല, പല ആദ്യകാല മെത്രാന്മാരും, സിദ്ധന്മാരും പണ്ഡിതന്മാരുമായിരുന്നതിനാൽ ക്രൈസ്തവജനസമൂഹങ്ങളും സ്വമനസ്സാ അവരുടെ അധികാരവും നേതൃത്വവും അംഗീകരിക്കയും അവർക്കു് ബഹുമാനാദരങ്ങളും വെച്ചുനീട്ടുകയും ചെയ്തു. ഏതായാലും, മെത്രാന്മാർ അപ്പസ്തോലന്മാരുടെ അനന്തരഗാമികളാണെന്നതാണു് കത്തോലിക്കാപ്രബോധനം.

സഭാചരിത്രത്തിൽ. മെത്രാൻപദവിയുടെ ആരംഭബിന്ദു ക്രിസ്തുവാണെങ്കിലും, ക്രിസ്തുസഭാചരിത്രത്തിൽ മെത്രാൻപദവിയുടെ വികാസപരിണാമങ്ങളും സമ്യക്കായി കാണുന്നതിനു് സഭാചരിത്രത്തിന്റെ മൂന്നുഘട്ടങ്ങളും പരിശോധിക്കുന്നതു നന്നായിരിക്കും. ആ മൂന്നുഘട്ടങ്ങളും താഴെപ്പറയുന്നവയാണു്,

1) ഒന്നു മുതൽ ഒൻപതു വരെ നൂറ്റാണ്ടുകളും
2) പത്തു മുതൽ പതിനഞ്ചു വരെ നൂറ്റാണ്ടുകളും
3) പതിനാറുമുതൽ ആധുനികകാലം വരെ

1) ഒന്നാംഘട്ടം: ഏകാധിപത്യ–സംഘാതാത്മകഘട്ടം. ആദിമശതകങ്ങളിൽ, മെത്രാൻ ഒരു പ്രത്യേക രൂപതയുമായിമാത്രം ബന്ധിക്കപ്പെടാതെ, സാർവ്വജനീനമായ പ്രേഷിതവൃത്തി നടത്തിയിരുന്നു. ചില ആദ്യകാലമെത്രാന്മാർ (ഇന്നത്തെ ചില പന്ത്രണ്ടോ മിഷണറിമാരെപ്പോലെ) പല സ്ഥലങ്ങളിൽ ചുറ്റിനടന്നു് വേദപ്രചരണം നടത്തിയിരുന്നു. എന്നാൽ ആദിമനൂറ്റാണ്ടുകളിൽത്തന്നെ ചില മെത്രാന്മാർ, ചില പ്രത്യേക ഭൂവിഭാഗത്തെയോ ജനവിഭാഗത്തെയോ മാത്രം കേന്ദ്രീകരിച്ചു് പ്രേഷിതവൃത്തിയും മെത്രാൻ ഉദ്യോഗവും നിർവഹിച്ചിരുന്നു. (Sacramentum Mundi, 'Bishops' കാണുക) ആദ്യകാലത്തു് വിവിധ സഭാസമൂഹങ്ങളും വ്യക്തരൂപം പ്രാപിക്കുന്നതുവരെ 'ഒരു രൂപതയ്ക്കു് ഒരു മെത്രാൻ' എന്ന പദ്ധതി സാധ്യവുമായിരുന്നില്ല. എങ്കിലും അൻറിയോക്കിലെ സെൻറ് ഇഗ്നേഷ്യസ് (110 എ.ഡി.), നിശ്ചിത രൂപതാദ്ധ്യക്ഷന്മാരായ മെത്രാന്മാരുടെ ഉദ്യോഗസ്വഭാവത്തെക്കുറിച്ചു വിവരിക്കുന്നുണ്ടു്: 'സഭയിൽ വിശുദ്ധ കൂദാശകളും പരികർമ്മം ചെയ്യുന്നവനും സഭാംഗങ്ങളുടെയിടയിൽ ഐക്യം നിലനിറുത്തുന്നവനും അപ്പസ്തോലപിൻഗാമിയുമായി' സെൻറ് ഇഗ്നേഷ്യസ് മെത്രാനെ വർണിക്കുന്നു. മെത്രാൻ അപ്പസ്തോലപിൻഗാമിയാണെന്നും, വൈദികരും ഡീക്കന്മാരും മെത്രാന്മാരുടെ സഹപ്രവർത്തകരാണെന്നുമുള്ള ഇഗ്നേഷ്യൻ പ്രഖ്യാപനത്തിന്റെ ചുവടുപിടിച്ചുകൊണ്ടാണു്, പില്ക്കാലത്തെ 'മെത്രാൻ ദൈവവിജ്ഞാനീയം' വികസിച്ചിട്ടുള്ളതു്. 'പത്രോസ് ശ്ലീഹാ അപ്പസ്തോലന്മാരുടെ പ്രധാനിയായിരുന്നതുപോലെ, അപ്പസ്തോല പിൻഗാമികളായ മെത്രാന്മാരുടെയെല്ലാം പ്രധാനി റോമാ മാർപ്പാപ്പായാണെന്നു്' സെൻറ് ഐറണിയസ് (Irenaeus) പ്രഖ്യാപിക്കുന്നു. 'വെറും അധികാരം പേറുന്നവർ മാത്രമല്ല മെത്രാൻ; പരിശുദ്ധാത്മാവിനാൽ അദ്ദേഹം പരിപൂതനായിരിക്കണം' എന്നുകൂടി അനന്തരകാല ചിന്തകർ കൂട്ടിച്ചേർത്തു. 'പലരുടെ നേതാവായിരിക്കേണ്ട മെത്രാനെ പലർചേർന്നു് തിരഞ്ഞെടുക്കുകയുക്തമാണെ'ന്ന തത്ത്വം, മഹാനായ ലെയോ മാർപ്പാപ്പാ (Leo the Great) അംഗീകരിച്ചു. (Qui praefuturus est omnibus, ab omnibus eligatur) ഓരോ മെത്രാനും സ്വന്തം രൂപതയ്ക്കുപുറമേ, സാർവ്വത്രികസഭയുടെപേരിലും തത്പരനായിരിക്കണമെന്ന തത്വം നാലാം നൂറ്റാണ്ടോടുകൂടി പൊതുവേ അംഗീകൃതമായി. ഈ തത്വത്തിന്റെ ബാഹ്യചിഹ്നമായിട്ടാണു്, പല മെത്രാന്മാർ ഒരുമിച്ചുചേർന്നു് അഭിനവമെത്രാനെ വാഴിക്കുന്നതു്. സുവിശേഷപ്രഘോഷണവും കൂദാശകളുടെ പരികർമ്മവും ആദ്ധ്യാത്മികമായ അദ്ധ്യാപനവും മെത്രാന്റെ മുഖ്യകർത്തവ്യങ്ങളായി ആദ്യകാല സഭാചിന്തകർ ചൂണ്ടിക്കാണിക്കുന്നു. (Sacramentum Mundi, Bishops).

രണ്ടാം ഘട്ടം: 10–15 നൂറ്റാണ്ടുകൾ:

a) സഭാരാഷ്ട്രബന്ധം: ആദ്യ നൂറ്റാണ്ടുകളിൽത്തന്നെ പൗരസ്ത്യക്രൈസ്തവസഭകളിൽ മിക്കവാറും തുല്യാധികാരമുള്ള പല 'പാത്രിയർക്കീസ്' ഭരണകൂടങ്ങൾ' (Patriarchates) രൂപം പ്രാപിച്ചപ്പോൾ, പാശ്ചാത്യസഭയിൽ റോമാമാർപ്പാപ്പാ അധികാരകേന്ദ്രമായി. പാശ്ചാത്യ (റോമൻ) സഭയിൽ പിന്നീട് പല അവസരങ്ങളിലും ഒരു ത്രികോണമത്സരം – രാഷ്ട്രം, മാർപ്പാപ്പാ, വൈദികർ എന്നീ ത്രിവിധ മണ്ഡലങ്ങൾ തമ്മിൽ – നടന്നുകൊണ്ടിരുന്നു. കോൺസ്റ്റൻറയിൻ ചക്രവർത്തിയുടെ കാലം (4–ാം ശതകം മുതൽ സഭാധികാരികളും ഒരു തരം രാഷ്ട്രീയോദ്യോഗസ്ഥന്മാരായി പരിഗണിക്കപ്പെട്ടു. (Lord, Excellency, Prince of the Church മുതലായ അഭിവാദനരൂപങ്ങളും ഉന്നത പുരോഹിതന്മാരുടെ വേഷവിധാനങ്ങളും ഇങ്ങനെ ഉദ്ഭവിച്ചവയാണ്.) ഫലമോ? മെത്രാന്മാരെ തിരഞ്ഞെടുക്കുക, ഓരോരോ രൂപതകളും സ്ഥാപിക്കുക, കൗൺസിലുകൾ വിളിച്ചുകൂട്ടുക മുതലായവ ചക്രവർത്തിയുടെ അധികാരവലയത്തിൽ വന്നു. 5–ാം നൂറ്റാണ്ടിൽ ധീരനായ സെൻറ് അംബ്രോസ് അന്നത്തെ ചക്രവർത്തിയോട് ഇങ്ങനെ പറയേണ്ടിവന്നു: ''ചക്രവർത്തി സഭയ്ക്കു മുകളിലല്ല, പിന്നെയോ സഭയ്ക്കുള്ളിലാണ്: Imperator non supra ecclesiam sed intra ecclesiam.) എങ്കിലും 921–ാമാണ്ടിൽ ജോൺ ദശമൻ മാർപ്പാപ്പാ ചക്രവർത്തിയുടെ അധികാരവാദത്തെ വകവച്ചുകൊടുത്തു. ചക്രവർത്തിയുടെ അനുവാദം കൂടാതെ ഒരു മെത്രാനെയും നിയമിക്കയില്ല' (Nullus episcopus absque jussione regis) എന്നു അദ്ദേഹം സമ്മതിച്ചു. അങ്ങനെ റോമാചക്രവർത്തിയുടെ സന്മനസ്സിനും സംപ്രീതിക്കും പാത്രമായ പല മെത്രാന്മാരും ഒരു തരം രാജകിങ്കരന്മാരായി മാറി; മറ്റു ചിലർ രാജാധികാര വലയത്തിൽ കിടന്നു ശ്വാസം മുട്ടി. ഈ അടുത്ത കാലത്തു മാത്രമാണു, പാശ്ചാത്യസഭ, രാഷ്ട്രീയാധികാരികളുടെ മേൽക്കോയ്മയിൽനിന്നു ഏതാണ്ടു പൂർണ്ണമായി സ്വതന്ത്രയായതു. എങ്കിലും പാശ്ചാത്യ രാജ്യങ്ങളിൽ രാഷ്ട്രീയാധികാരികളും സഭാകാര്യങ്ങളിൽ ഇടപെട്ടതു, പാശ്ചാത്യസഭയുടെ ഭൗതികസ്ഥിതിക്കു സഹായകമായി എന്നതു വിസ്മരിക്കാവുന്നതല്ല.

b) മാർപ്പാപ്പായും മെത്രാന്മാരും തമ്മിൽ. മാർപ്പാപ്പായ്ക്കു മെത്രാന്മാരുടെ മേലുള്ള അധികാരവ്യാപ്തിയെക്കുറിച്ചു പാശ്ചാത്യസഭയിൽ പലപ്പോഴും തർക്കങ്ങൾ ഉദ്ഭവിച്ചിട്ടുണ്ട്. 13–ാം നൂറ്റാണ്ടിൽ തോമസ് അക്വീനാസ്, ബൊനവെഞ്ചർ മുതലായ 'ഭിക്ഷാടനസന്യാസസഭാ' (Mendicant orders) പണ്ഡിതന്മാർ, മാർപ്പാപ്പാ സഭയുടെയെല്ലാം സർവ്വാധികാരിയാണെന്നു അഭിപ്രായപ്പെട്ടു. എന്നാൽ ഈ ചിന്താഗതിക്കു ഒരു പ്രതികരണമായി Henry of Ghent, Godfrey de Fontaine തുടങ്ങിയ ദൈവശാസ്ത്രജ്ഞന്മാർ, മെത്രാന്മാരുടെ സംഘാതാത്മകസ്വഭാവവും കൂട്ടുത്തരവാദിത്വവും ഊന്നിപ്പറഞ്ഞു. കൂടാതെ അക്കാലഘട്ടത്തിൽ മാർപ്പാപ്പായ്ക്കെതിരായി 'അന്തിപ്പാപ്പാ' തലയുയർത്തുകയും, മാർപ്പാപ്പായുടെ രൂപം വികൃതമാവുകയും ചെയ്തപ്പോൾ, ഓരോരോ സഭകളുടെ അധികാരികളും ആ സഭകളിലെ മെത്രാന്മാർ തന്നെയാണു, മാർപ്പാപ്പയല്ല, എന്ന ചിന്താഗതി പ്രബലപ്പെട്ടു. പിന്നീടതു 'മെത്രാൻ സർവ്വാധികാരി' (Gallicanism) എന്ന പാഷണ്ഡതയായിമാറി; അപ്പോഴും അതു അഭിശപ്തവുമായി.

c) മെത്രാൻപട്ടവും വൈദികപട്ടവും. സെൻറ് ജെറോം, അംബ്രോസിയാസ്റ്റർ മുതലായ പണ്ഡിതന്മാരുടെ ചിന്തയുടെ ചുവടുപിടിച്ചുകൊണ്ടു, ഒരു കൂടാശയെന്ന നിലയിൽ മെത്രാൻപട്ടത്തിനു വൈദികപട്ടത്തെക്കാളും മേന്മയൊന്നുമില്ലെന്നു ചിലർ വാദിച്ചു. പാശ്ചാത്യസഭയിൽ സാധാരണ വൈദികർക്കു രണ്ടു പ്രാവശ്യം മെത്രാൻപട്ടം നല്കിയിട്ടുണ്ടു; ആ മെത്രാൻപട്ടം സാധുവായി സഭ അംഗീകരിക്കുകയും ചെയ്തിട്ടുണ്ടു. അതിനാൽ മെത്രാൻപട്ടവും വൈദിക (പുരോഹിത) പട്ടവും തമ്മിൽ ഒരു കൂടാശയെന്ന നിലയിൽ വ്യത്യാസമൊന്നുമില്ലെന്നും, സഭാഭരണാധികാരം (jurisdiction) വഴിയാണു മെത്രാൻ, സാധാരണവൈദികരിൽനിന്നു വ്യത്യസ്തനായിരിക്കുന്നതെന്നും അന്നും ഇന്നും ചില ചിന്തകർ വാദിക്കുന്നു. മെത്രാനും സാധാരണവൈദികരും തമ്മിൽ യാതൊരു വ്യത്യാസവുമില്ലെന്ന ('parochialism') പാഷണ്ഡത ഒരു കാലത്തു സഭയിൽ തലപൊക്കിയിരുന്നു. എന്നാൽ മെത്രാൻപട്ടം പുരോഹിതപട്ടത്തേക്കാളും ശ്രേഷ്ഠമാണെന്നും, പൗരോഹിത്യത്തിൻറെ പൂർണ്ണതയാണെന്നുമാണു പൊതുവായ കത്തോലിക്കാ പ്രബോധനം.

മൂന്നാംഘട്ടം: 16–26 നൂറ്റാണ്ടുകൾ

മെത്രാൻപദവിയുടെ സ്വഭാവവിശദീകരണം.

മദ്ധ്യയുഗത്തിൽ പല മെത്രാന്മാരും ലൗകീകതിക്കത്തിലേയ്ക്കു വഴുതിവീണപ്പോൾ, അക്കാലത്തെ പുരോഗമനവാദികൾ, മെത്രാൻസ്ഥാനത്തെ വെറുമൊരു ലൗകീകസ്ഥാനമായി, മനുഷ്യനിർമ്മിതമാ

യി കരുതാൻ തുടങ്ങിയതിൽ അത്ഭുതമില്ല. പല പ്രോട്ടസ്റ്റന്റു സഭകളിലും മെത്രാന്മാക്ക് ഗണ്യമായ അധികാരമില്ലാത്തതിന്റെ കാരണം, ഈ ചരിത്ര പശ്ചാത്തലത്തിൽ മനസിലാക്കാൻ കഴിയും. പ്രോട്ടസ്റ്റന്റു വിപ്ലവത്തെത്തുടർന്ന 16-ാം നൂറ്റാണ്ടിൽ ട്രെന്റിൽ (Council of Trent) സമ്മേളിച്ച സാർവത്രികസഭാ കൗൺസിൽ, മെത്രാൻസ്ഥാനം വൈദികപദവിയേക്കാൾ ശ്രേഷ്ഠമാണെന്നും, മാർപ്പാപ്പാ മെത്രാന്മാരെല്ലാവരേയുംകാൾ ശ്രേഷ്ഠനാണെന്നും പ്രഖ്യാപിച്ചു. പിന്നീടു് കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാനത്തിൽ ഒന്നാം വത്തിക്കാൻ കൗൺസിലിൽ മാർപ്പാപ്പായുടെ അപ്രമാദിത്വവും 'പരമാധികാരവും' ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെടുകയും ചെയ്തു. ഇതേ തുടർന്നു് മെത്രാന്മാരുടെ അധികാരം എവിടെനിന്നുള്ളതാണു് എന്ന തർക്കമുദ്ഭവിച്ചു: ദൈവത്തിൽനിന്നാണോ മാർപ്പാപ്പായിൽ നിന്നാണോ? ദൈവത്തിൽ നിന്നാണെങ്കിൽ, അതു നേരിട്ടു ദൈവത്തിൽ നിന്നാണോ, അതോ മാർപ്പാപ്പായിൽക്കൂടിയാണോ? ഈ തർക്കങ്ങൾക്കെല്ലാം ശേഷം പിന്നീടു് രണ്ടാം വത്തിക്കാൻ കൗൺസിൽ, മെത്രാന്മാരും മാർപ്പാപ്പായും തമ്മിലുള്ള ബന്ധത്തെപ്പറ്റി സാമാന്യം സമ്യക്കായി അദ്ധ്യവസാനം ചെയ്തിരിക്കുന്നു.

വത്തിക്കാൻ II രണ്ടാം വത്തിക്കാൻ കൗൺസിൽ മെത്രാന്മാരെക്കുറിച്ചും, മെത്രാന്മാരും മാർപ്പാപ്പായും തമ്മിലുള്ള ബന്ധത്തെക്കുറിച്ചും സാമാന്യം സൂക്ഷ്മമായ പ്രഖ്യാപനങ്ങളും നടത്തിയിരിക്കുന്നു: ''അപ്പസ്തോല പിൻഗാമികളായ മെത്രാന്മാർ പരിശുദ്ധാത്മാവിനാൽ നിയുക്തരാണു്. അപ്പസ്തോലപ്രമുഖനായ വി. പത്രോസിന്റെ പിൻഗാമിയായ മാർപ്പാപ്പായോടൊത്തു്, ക്രിസ്തുവിന്റെ സന്ദേശം ലോകമെങ്ങും പ്രചരിപ്പിക്കാൻ ചുമതലപ്പെട്ടവരാണു് മെത്രാന്മാർ. അതിനാൽ മെത്രാന്മാർ പ്രബോധകരും ശ്രേഷ്ഠപുരോഹിതന്മാരും അജപാലകന്മാരുമാണു്. മെത്രാൻപട്ടമെന്ന കൂദാശസ്വീകരണവും സാവ്ത്രിക സഭാബന്ധവും വഴി അഭിനവമെത്രാന്മാർ അവരുടെ കർത്തവ്യം ഏറ്റെടുക്കുന്നു. ഓരോ മെത്രാനും, സ്വന്തം രൂപതയിൽ പ്രവർത്തിക്കാൻ ദൈവദത്തമായ അധികാരവും കർത്തവ്യവുമുള്ളതുപോലെ, സാവ്ത്രികസഭാശ്രേയസിനെ മുൻനിറുത്തി പ്രവർത്തിക്കാനുള്ള കർത്തവ്യവുമുണ്ടു്'' ('മെത്രാന്മാർ', 1–8). തുടർന്നു് 'സഭ' എന്ന കോൺസ്റ്റിറ്റ്യൂഷനിൽ മെത്രാന്മാരെക്കുറിച്ചു് വിശദമായി കൗൺസിൽ പ്രസ്താവിക്കുന്നു: 'അപ്പസ്തോലന്മാർ തലമുറകളിലേക്കു് കൈമാറേണ്ടിയിരുന്ന സുവിശേഷം, സഭയുടെ അംഗങ്ങളുടെ ആദ്ധ്യാത്മികജീവനു വേണ്ടിയുള്ളതാണു്. അതിനാൽ തങ്ങളുടെ അധികാരക്രമത്തിൽ (in the hierarchical society) പിൻഗാമികളെ നിശ്ചയിക്കുന്നതിൽ അപ്പസ്തോലന്മാർ ബദ്ധശ്രദ്ധരായി' (തിരുസഭ, 20) 'കർത്താവിന്റെ നിശ്ചയപ്രകാരം പത്രോസും ഇതര ശ്ലീഹന്മാരും ചേർന്നു് ഒരു അപ്പസ്തോല സമൂഹം (apostolic college) സംജാതമായതുപോലെ, മാർപ്പാപ്പായുമായി ഐക്യബന്ധം പുലർത്തുന്ന മെത്രാന്മാർ അപ്പസ്തോല പിൻഗാമികളുടെ ഒരു സമൂഹമായിത്തീരുന്നു' (22). 'ക്രൈസ്തവവിശ്വാസികളുടെ മദ്ധ്യേ, അവരുടെ മെത്രാൻവഴി ഉന്നത പുരോഹിതനായ ക്രിസ്തു സന്നിഹിതനാകുന്നു' (21). രണ്ടാം വത്തിക്കാൻ കൗൺസിൽ വീണ്ടും പഠിപ്പിക്കുന്നു: 'മെത്രാൻപട്ടസ്വീകരണം വഴി, പൗരോഹിത്യകൂദാശയുടെ പൂർണ്ണത മെത്രാന്മാക്ക് നല്കപ്പെടുന്നു' (21). 'ഒരു വ്യക്തി മെത്രാൻ സംഘത്തിലെ അംഗമായിത്തീരുന്നതു്, മെത്രാൻപട്ടമെന്ന കൂദാശയുടെ സ്വീകരണവും, മാർപ്പാപ്പായുമായുള്ള ഐക്യബന്ധവും വഴിയാണു്. അംഗങ്ങളും ശിരസ്സും തമ്മിൽ, മെത്രാന്മാരും മാർപ്പാപ്പായും തമ്മിൽ, ഐക്യത്തിന്റെയും സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ബന്ധമുണ്ടു്. പല വ്യഷ്ടിഗതസഭകളും ചേർന്നു് സമഷ്ടിരൂപമായ, ഏകമായ കത്തോലിക്കാസഭ സംജാതമാകുന്നു'. (സഭ, 22–23)

മെത്രാന്റെ ത്രിവിധധർമ്മങ്ങൾ. ''സുവിശേഷപ്രഘോഷണം മെത്രാന്റെ സുപ്രധാന കർത്തവ്യമാണു്; മെത്രാൻ മദ്ധ്യസ്ഥനുമാണു് – ക്രിസ്തു വിശ്വാസികളിലേക്കു് ഈശ്വരാനുഗ്രഹം പകർന്നു കൊടുക്കാനുള്ള മദ്ധ്യസ്ഥൻ. കൂദാശകളുടെ ക്രമാനുഗതമായ അനുഷ്ഠാനംവഴി, മെത്രാൻ ക്രൈസ്തവവിശ്വാസികളെ പവിത്രീകരിക്കുന്നു. അതിനും പുറമേ, മെത്രാൻ ക്രിസ്തുവിന്റെ പ്രതിനിധിയും 'അംബാസ്സിഡറും,' തന്റെ സഭയുടെ നേതാവുമായി വർത്തിക്കുന്നു' (സഭ, 25–ാം ഖണ്ഡിക). മെത്രാന്റെ ഈ പ്രബോധന–പവിത്രീകരണ – നേതൃത്വ ധർമ്മങ്ങളെക്കുറിച്ചു് വത്തിക്കാൻ II വിശദീകരിക്കയാണു്.

a) പ്രബോധനധർമ്മം. ''സകല ജനതകളെയും ശിഷ്യരാക്കുവിൻ'' (മത്തായി, 28. 19) എന്നു് അപ്പസ്തോലന്മാക്കു് ക്രിസ്തു നല്കിയ അനുശാസനം, അപ്പസ്തോല പിൻഗാമികളായ മെത്രാന്മാരെക്കൂടി ഉദ്ദേശിച്ചുള്ളതാണു്. ഓരോരോ പ്രാദേശികമെത്രാന്മാരും സാർവ്വലൗകിക സഭയുടെ ഉന്നമനത്തിൽ തത്പരരായിരിക്കണമെന്ന തത്വവും പ്രസ്തുത അനുശാസനത്തിലടങ്ങിയിരിക്കുന്നു. സെന്റ് ഐറണിയസിന്റെ (Irenaeus) വാക്കുക

ളിൽ 'മെത്രാൻപട്ടസ്വീകരണംവഴി സ്വകർത്തവ്യ നിർവഹണത്തിനുള്ള ഒരു ദിവ്യവരം (Charism) മെത്രാനു ലഭിക്കുന്നു. അങ്ങനെ മാർപ്പാപ്പായുമൊത്തു് സാർവലൗകികക്രൈസ്തവസഭയെ അബദ്ധരഹിതമായ തത്ത്വങ്ങൾ പഠിപ്പിക്കുന്നതിനുള്ള വരം മെത്രാൻസംഘത്തിനു ലഭിക്കുന്നു.

b) പൗരോഹിത്യധർമ്മം. വിശുദ്ധകുർബാന മുതലായ കൂദാശകളുടെ അനുഷ്ഠാനത്തിന്റെ കാര്യത്തിലും മെത്രാനാണു് കേന്ദ്രപുരുഷൻ. ''മെത്രാനെക്കൂടാതെ ബലിയർപ്പണമില്ല'' എന്നുപോലും സെൻറ് സിപ്രിയൻ പറയുന്നു. അത്യുന്നതപുരോഹിതനായ ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ മെത്രാൻ പങ്കുചേരുന്നു; മെത്രാനിൽക്കൂടി പൗരോഹിത്യം ഇതര വൈദികരിലേയ്ക്കു് സംക്രമിക്കുന്നു.

c) നേതൃത്വ (pastoral) ധർമ്മം. ദൈവജനത്തെ അഥവാ ക്രിസ്തുവിന്റെ അജഗണത്തെ നേർവഴിക്കു നടത്താനും നിയന്ത്രിക്കാനും അവർക്കു് ആദ്ധ്യാത്മിക ഭോജനം നല്കാനുമുള്ള വരവും അധികാരവുമാണു് മെത്രാന്മാർക്കു ലഭിച്ചിരിക്കുന്നതു്. എന്നാൽ മെത്രാന്റെ ഈ 'അധികാരം' സേവനപൂർവ്വകമായ അധികാരമാണെന്നു വിസ്മരിക്കരുതു് (മാത്യു, 20. 25–28; മാർക്കു് 10.42–43). അതുകൊണ്ടാണു് ലിയോ മാപ്പാപ്പായുടെ (St Leo the Great) കാലം മുതൽ മെത്രാന്മാരും മാർപ്പാപ്പാമാരും 'ദൈവദാസന്മാരുടെ ദാസൻ' (servus servorm Dei) എന്ന അഭിധാനം സ്വയം ഏറെറടുത്തിരിക്കുന്നതു്. താത്വികമായി പറഞ്ഞാൽ ഏതൊരു മെത്രാനും സാർവ്വത്രികസഭയിൽ 'അധികാരം' ഉണ്ടെങ്കിലും, ആധുനിക പദ്ധതിയനുസരിച്ചു് പ്രായോഗികതലത്തിൽ, ഓരോ മെത്രാനും തന്റെ രൂപതയിൽ മാത്രം പ്രധാനമായി പ്രവർത്തിക്കുന്നു. എങ്കിലും ഏകൃമേനിക്കൽ കൗൺസിൽ, ബിഷപ്സ് സിനഡ് മുതലായ സമ്മേളനങ്ങൾവഴി, മെത്രാന്മാർ അവരുടെ സംഘാതാത്മകസ്വഭാവം കുറെയെല്ലാം വ്യക്തമാക്കുന്നുണ്ടു്.

മെത്രാൻ ഐക്യത്തിന്റെ പ്രതീകം. ക്രിസ്തുസഭയിലെ മെത്രാന്മാർ, ക്രൈസ്തവസഭയുടെ ഏകീകരണശക്തിയായിട്ടാണു് വർത്തിച്ചിട്ടുള്ളതു്. ക്രിസ്തുസഭയ്ക്കു കെട്ടുറപ്പും ഒരുമയും കൈവരുത്തുന്നവരാണു് മെത്രാന്മാരെന്നും, മെത്രാൻസ്ഥാനം ക്രിസ്തുവിന്റെ കാലം മുതൽ സഭയിൽ നിലനില്ക്കുന്നുവെന്നും അൻറിയോക്കിലെ സെൻറ് ഇഗ്നേഷ്യസ് രണ്ടാം ശതകത്തിലെഴുതിയ രേഖകളുണ്ടു്. 'ഐക്യത്തിന്റെ സജീവസ്തംഭം' എന്നാണു് അദ്ദേഹം മെത്രാനെ വിശേഷിപ്പിക്കുന്നതു്. ക്രിസ്തു ഏകനായിരിക്കുന്നതുപോലെ ഒരു ക്രൈസ്തവസമൂഹത്തിന്റെ നേതാവു് അവിടത്തെ (ആ രൂപതയുടെ) മെത്രാനാണെന്നു് അദ്ദേഹം പറയുന്നു. Ubi Episcopus, ibi Ecclesia- എവിടെ മെത്രാനുണ്ടോ അവിടെ സഭയുണ്ടു്. മെത്രാന്മാരാകട്ടെ, മാർപ്പാപ്പായെ സാർവ്വത്രികസഭയുടെ മുഴുവൻ പരമാചാര്യനും പൊതുപിതാവുമായി ആദരിക്കുന്നു. ഇങ്ങനെ ഒരധികാരസംവിധാനവും (hierarchy of order) തജ്ജന്യമായ ഐക്യവും കത്തോലിക്കാസഭയിലുണ്ടു്. എന്നാൽ മാർപ്പാപ്പ ഒരു സ്വേച്ഛാധിപതിയായിട്ടല്ല പ്രവർത്തിക്കുന്നതു്. ക്രൈസ്തവലോകത്തിന്റെ മുഴുവൻ പൊതുപിതാവെന്ന നിലയ്ക്കു്-ക്രിസ്തു-സമുദായഗാത്രത്തിന്റെ ശിരസ് എന്ന നിലയ്ക്കു് സമുദായഗാത്രത്തിലെ പ്രമുഖാംഗങ്ങളായ മെത്രാന്മാരുമായി ആലോചിച്ചശേഷമാണു്, മാർപ്പാപ്പാ സാർവ്വലോകസംബന്ധിയായ പല തീരുമാനങ്ങളുമെടുക്കുന്നതു്. രണ്ടാം വത്തിക്കാൻ കൗൺസിലിൽ മെത്രാന്മാരോടായി പോപ്പ് മാർപ്പാപ്പാ ചെയ്തൊരു പ്രഭാഷണം ഇവിടെ ഉദ്ധാര്യമാണു്. ''അഭിവന്ദ്യ സഹോദരന്മാരെ, നിങ്ങൾക്കു് ഒരു ഏകീകരണകേന്ദ്രം (മാർപ്പാപ്പ) ആവശ്യമാണു്; അതുപോലെ റോമൻ സിംഹാസനത്തിനു് നിങ്ങളെയും ആവശ്യമാണു്''. ഇപ്രകാരം മാർപ്പാപ്പായും മെത്രാന്മാരും വൈദികരും അൽമായരും ചേർന്ന ഒരു അധികാരസംവിധാനം (hierarchy) കത്തോലിക്കാസഭയിൽ വിരാജിക്കുന്നു. ക്രിസ്തുമതത്തിന്റെ ആദ്യശതകങ്ങളിലെ മെത്രാന്മാർ, അസാമാന്യമായ ആദ്ധ്യാത്മികജ്ഞാനവും സിദ്ധിവിശേഷങ്ങളുമുള്ളവരായിരുന്നതിനാൽ, അക്കാലത്തെ ക്രൈസ്തവസമൂഹങ്ങൾ മെത്രാന്മാരോടു് അസന്തോഷം ആദരവും വിധേയത്വവും പ്രദർശിപ്പിച്ചിരുന്നു. ഇന്നു് വിശ്വവ്യാപകമായ കത്തോലിക്കാസഭയിലെ രണ്ടായിരത്തിലധികം മെത്രാന്മാർ (അകത്തോലിക്കാസഭകളിലെ അഞ്ഞൂറോളം മെത്രാന്മാരും) ആദ്യകാലമെത്രാന്മാരെ അനുകരിച്ചു് ആദർശപുരുഷന്മാരായി ജീവിക്കാൻ ശ്രമിക്കുന്നവരാണു്.

അനുകരണീയനായ

ആത്മീയാചാര്യൻ


സിറിയക്കു് തോമസ് എം. എ.

മനുഷ്യജന്മങ്ങളം സാധാരണയായി വിലയിരുത്തപ്പെടുന്നതു സ്വന്ത ജീവിതംകൊണ്ടു താൻ ജീവിക്കുന്ന സമൂഹത്തെ എത്രകണ്ടു സ്വാധീനിക്കുന്നുവെന്നതിന്റെ അടിസ്ഥാനത്തിലാണു്. സ്വസമൂഹങ്ങളെ സ്വാധീനിക്കുന്ന ധന്യവ്യക്തിത്വങ്ങളെ അറിഞ്ഞാദരിക്കുക ലോകസാധാരണവുമാണു്. ജീവിച്ചിരിക്കെത്തന്നെ മറുള്ളവരുടെ ആദരവും ആരാധനയും ആജ്ജീക്കുന്നവരാണല്ലൊ യഥാർത്ഥ നേതൃത്വസിദ്ധിയുടെ ഉടമകളം. ലോകം അനായാസമായിത്തന്നെ അവരെ അംഗീകരിക്കുന്നു. ഒരാത്മീയാചാര്യനു അനുയോജ്യമായ എല്ലാ സിദ്ധിവിശേഷങ്ങളും സമഞ്ജസമായിത്തന്നെ സമന്വയിപ്പിച്ചുകൊണ്ടു കാൽനൂറ്റാണ്ടിലേറെ ഒരു സമൂഹത്തെ മുഴുവൻ നയിക്കുവാൻ കഴിഞ്ഞ അനുകരണീയമായ ഒരു വ്യക്തിത്വത്തിന്റെ സമുജ്ജ്വലമായ ഉദാഹരണമാണു ബിഷപ്പു മാർ സെബാസ്റ്റ്യൻ വയലിൽ.


വ്യക്തികളംക്കായാലും സ്ഥാപനങ്ങളംക്കായാലും സമൂഹങ്ങളംക്കായാലും സ്വന്തനേട്ടങ്ങളെ വിലയിരുത്തുവാനും കോട്ടങ്ങളെ കണ്ടെത്തുവാനും കാൽശതാബ്ദക്കാലമെന്നതു മതിയായ ഒരു കാലപരിധിയാണെന്നതിൽ സംശയമില്ല. അൻപതു വർഷത്തിലൊരിക്കൽ യഹൂദർ ആചരിച്ചുവന്നിരുന്ന ജൂബിലി പടങ്ങുകളംക്കു കാലാന്തരത്തിൽ വന്നുചേർന്ന അവസ്ഥാന്തരങ്ങളനുസരിച്ചാണു ഗണനീയരായ വ്യക്തികളുടേയും സ്മരണീയങ്ങളായ സംഭവങ്ങളുടേയും ജൂബിലി ഇന്നു നാം ആഘോഷിക്കാറുള്ളതു്. ഒരു രൂപതയുടേയും രൂപതാദ്ധ്യക്ഷന്റെയും ജൂബിലി ഒന്നിച്ചാചരിക്കുവാൻ അവസരമുണ്ടാകുക അത്ര സാധാരണമല്ല. സമാന്തരസാമൂഹ്യജീവിതത്തെ സാധാരണയിൽക്കവിഞ്ഞു സ്വാധീനിക്കുവാൻ കഴിഞ്ഞിട്ടുള്ള പാലാ രൂപതയും രൂപതാദ്ധ്യക്ഷനും ഒരു തലമുറയുടെ മുഴുവൻ ആശയാഭിലാഷങ്ങളേയും പ്രതീക്ഷകളേയും സാമാന്യത്തിലധികം സാക്ഷാത്കരിക്കുവാൻ സാധിച്ച സാമൂഹ്യഘടകങ്ങളം തന്നെയാണു്.

ആയിരത്തിതൊള്ളായിരത്തിഅൻപതു ജൂലൈ ഇരുപത്തിയഞ്ചാം തീയതിയായിരുന്ന ഭാഗ്യസ്മരണാർഹനായ പന്ത്രണ്ടാം പീയൂസ് മാപ്പാപ്പാ തിരുമേനി ''കോപാ എക്ലേസിയാരും'' എന്ന തിരുവെഴുത്തു വഴി ചങ്ങനാശേരി രൂപതയെ രണ്ടായി വിഭജിച്ചുകൊണ്ടു പാലായെ ഒരു പ്രത്യേക ഭദ്രാസനമാക്കി ഉയർത്തിയതു്. മറെറാരു കല്പനവഴി ഫാദർ എമ്മാനുവൽ സെബാസ്റ്റ്യൻ വയലിൽ പുതിയ രൂപതയുടെ പ്രഥമ മേലദ്ധ്യക്ഷനായി നിയോഗിക്കപ്പെടുകയും ചെയ്തു. അതേവർഷംതന്നെ നവംബർ ഒൻപതാം തീയതി റോമിൽവച്ചു അത്യുന്നത കർത്താവിനാൽ ടിസറൻറ തിരുമേനിയാൽ മെത്രാഭിഷിക്തനായ വയലിൽ പിതാവു 1951 ജനുവരി നാലാം തീയതിയാണു പുതിയ രൂപതയുടെ ഭരണഭാരം ഏറെറടുത്തതു്. അനുകരണീയമായ ആത്മീകജീവിതം മുഖേന അഭിമാനകരമായ ആത്മീയനേതൃത്വത്തിലേക്കുയർന്ന അഭിവന്ദ്യപിതാവിന്റെ അനുപമമായ ഭരണസാരഥ്യം കഴിഞ്ഞ ഇരുപത്തിയഞ്ചു സംവത്സരക്കാലംകൊണ്ടു തികച്ചും അഭിനന്ദനാർഹങ്ങളായ നേട്ടങ്ങളാണു പാലാ രൂപതയ്ക്കു കൈവരിച്ചിട്ടുള്ളതു്.


അചഞ്ചലമായ വിശ്വാസം, അഗാധമായ ഭക്തി, അക്ഷീണമായ അദ്ധ്വാനം—തന്റെ അജപാലനത്തിന്റെ ആദ്യനാളുകളിൽ അഭിവന്ദ്യപിതാവിനു ആകെക്കൂടിയുണ്ടായിരുന്ന ആസ്തികളാണവ. ഇല്ലായ്മയിൽ നിന്നെന്നതുപോലെയാണു വളരെ ബൃഹത്തായ ഒരു രൂപതയെ പ്രശംസനീയമാംവിധം അദ്ദേഹം പണിതുയർത്തിയതു്. അസൂയാർഹമായ ഐശ്വര്യം മാത്രമല്ല ആഴമേറിയ ഒരാത്മീയാടിസ്ഥാനവും പാലാ രൂപതയ്ക്കു പ്രദാനം ചെയ്യുവാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ടു്. പാലായുടെ സ്ഥാനം ഇന്നു ഇന്ത്യയിലെ ഇതര കത്തോലിക്ക രൂപതകളുടെ മുൻ




Consecration of the Jubilarian and Archbishop Mathew Kavukatt, at St. Theresa's Church Rome, on 9-11-1950 by His Em. Card. Tisserent, assisted by their Excellencies Rt. Rev. Dr. Jerome Fernandes, Bishop of Quilon and Rt. Rev. Dr. Thomas Tharayil, Bishop of Kottayam.



The Papal Internunzio Most Rev. Dr. Leo Peter Kierkels and the Jubilarian being received at Palai on 4 - 1 - 1951



Rt. Rev. Mgr. Emmanuel Mecherikunnel the Vicar General, reading the Papal Bull, erecting the Diocese, 4-1-1951



The Bull appointing Bishop Vayalil is brought to him by Rt. Rev. Mgr. Jacob Kallarackal, Vicar capitular of Changanacherry on Sept. 9-1950




അഭിവന്ദ്യപിതാവു് കർദ്ദിനാൾ ടിസറൻറുമൊരുമിച്ചു് 1953



ജൂബിലേറിയൻ പോൾ ആറാമൻ മാർപ്പാപ്പായെ സന്ദർശിച്ചപ്പോൾ



ജൂബിലേറിയൻ XXIII–ാം യോഹന്നാൻ മാർപ്പാപ്പായെ സന്ദർശിച്ചപ്പോൾ



വന്ദ്യപിതാവു് മാർ മാത്യു കാവുകാട്ടുമൊരുമിച്ചു് XII–ാം പീയൂസു് മാർപ്പാപ്പായെ സന്ദർശിച്ചപ്പോൾ

പന്തിയിലാണ്. സപ്തതി കഴിഞ്ഞ ശ്രേഷ്ഠാദ്ധ്യക്ഷനാകട്ടെ പ്രായംകൊണ്ടും പക്വതകൊണ്ടും ഈ രാജ്യത്തെ ക്രൈസ്തവസഭാ മേലദ്ധ്യക്ഷന്മാരുടെ മുൻനിരയിലാണ് നിലകൊള്ളുന്നതും.

പാലാസ്സുടുത്തു പാറപ്പള്ളിയിലെ ഒരഭിജാത കുടുംബമായ വയലിൽ കളപ്പുരയിലാണ് 1906 ജനുവരി 28-ാം തീയതി അദ്ദേഹം ജനിച്ചതു്. മൂലയിൽ കുഞ്ഞുദേവസ്യയുടേയും വയലിൽ കളപ്പുരയിൽ ത്രേസ്യാമ്മയുടേയും രണ്ടാമത്തെ പുത്രനായി ജനിച്ച അദ്ദേഹം അവരുടെ ആറാമത്തെ സന്താനമായിരുന്നു. പാലാ വലിയപള്ളിയുടെ സ്ഥാപകകുടുംബങ്ങളിലൊന്നായ വയലക്കൊമ്പുശേഖരത്തിലുൾപ്പെട്ടതാണ് വയലിൽ കളപ്പുരയിൽ കുടുംബം. വയലക്കൊമ്പു കുടുംബത്തിന്റെ സ്ഥാപകൻ മീനച്ചിൽ കർത്താവിന്റെ സൈന്യാധിപനായിരുന്നുവെന്നും കോട്ടയ്ക്കായൽ നിന്നും തൊടുപുഴ മയിലക്കൊമ്പിൽ വന്നു താമസിച്ച അദ്ദേഹം മീനച്ചിൽ കർത്താവിന്റെ സേനാനായകനായതിനെ തുടർന്നു പാലായിലേക്കു സ്ഥിരതാമസമാക്കുകയാണുണ്ടായതെന്നുമത്രേ ഐതിഹ്യം.

ഭക്തരും കുലീനരുമായിരുന്ന മാതാപിതാക്കളുടെ ശിക്ഷണമായിരിക്കണം മാണിക്കുട്ടിക്കു്—ജ്ഞാനസ്നാനാവസരത്തിൽ സെബാസ്റ്റ്യൻ എന്നാണു നാമകരണം ചെയ്യപ്പെട്ടതെങ്കിലും എല്ലാവരുംതന്നെ വാത്സല്യപൂർവ്വം മാണിക്കുട്ടി എന്നാണു വിളിച്ചുപോന്നിരുന്നതു്—വൈദികജീവിതത്തോടു ആഭിമുഖ്യം തോന്നിക്കുവാനിടയാക്കിയതു്. പാറപ്പള്ളിയിലെ പ്രാദേശിക വിദ്യാലയത്തിൽ പ്രാഥമികവിദ്യാഭ്യാസം നിർവ്വഹിച്ച മാണിക്കുട്ടി പാലാ സെൻറ് തോമസ് ഹൈസ്കൂളിലും തൃശ്ശിനാപ്പള്ളി സെൻറ് ജോസഫ്സ് കോളെജിലും ചങ്ങനാശേരി സെൻറ് ബർക്കുമാൻസിലും തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളെജിലു (അന്നു മഹാരാജാസ് കോളെജ്) മായിട്ടാണു വിദ്യാഭ്യാസം പൂർത്തിയാക്കിയതു്. 1928 ൽ ഇംഗ്ലീഷും ചരിത്രവും ഐശ്ചികമായെടുത്തു ബി.എ. പാസ്സായ അദ്ദേഹം ആ വർഷംതന്നെ കോട്ടയം പെറ്റി സെമിനാരിയിൽ വൈദികവിദ്യാഭ്യാസത്തിനായി ചേർന്നു. മംഗലപ്പുഴ സെമിനാരിയിൽ തുടർന്നു പരിശീലനം നടത്തുകയും തന്റെ സന്തത സഹചാരിയും സതീർത്ഥ്യനുമായിരുന്ന ഫാദർ മാത്യു കാവുകാട്ടുമൊത്തു 1935 ഡിസംബർ 21-ാം തീയതി മാർ ജെയിംസ് കാളാശേരിയിൽനിന്നും വൈദികപട്ടം സ്വീകരിക്കുകയും ചെയ്തു.

അഭിവന്ദ്യപിതാവു തന്റെ സേവനത്തിന്റെ ആദ്യരംഗം അരങ്ങേറിയതു പാലാ സെൻറ് തോമസ് ഹൈസ്കൂളിൽ അദ്ധ്യാപകനും അസിസ്റ്റൻറു മാനേജരുമായിട്ടായിരുന്നു. അക്കാലങ്ങളിൽ അദ്ധ്യാപകർക്കു ശമ്പളം നല്കേണ്ട ഭാരവും വിദ്യാർത്ഥികളുടെ ഫീസു പിരിക്കുന്ന കണക്കുകളും കൃത്യമായി സൂക്ഷിക്കേണ്ട ചുമതലയും പ്രായോഗികമായി അദ്ദേഹത്തിന്റെ ചുമലിൽത്തന്നെയായിരുന്നു നിക്ഷിപ്തമായിരുന്നതു്. അതിനു പുറമേ ക്ലാസ്സുകൾക്കു വേണ്ടിയുള്ള തയ്യാറെടുപ്പുകളും നടത്തേണ്ടിയിരുന്നതുകൊണ്ടു അർദ്ധരാത്രിക്കു ശേഷമല്ലാതെ ഉറങ്ങുവാൻപോവുക അദ്ദേഹത്തിനു അസാദ്ധ്യവുമായിരുന്നു. ഏതാനും വർഷങ്ങൾക്കുശേഷം 1942—ൽ മാണിക്കുട്ടിയച്ചൻ തിരുവനന്തപുരം ട്രെയിനിംഗ് കോളേജിൽ നിന്നും എൽ. റ്റി. ബിരുദവുംകൂടി സമ്പാദിക്കുകയും തുടർന്നു സെൻറ് തോമസ് ട്രെയിനിംഗ് സ്കൂൾ ഹെഡ്മാസ്റ്ററായി നിയമിതനാവുകയും ചെയ്തു. ഭരണപരമായ തന്റെ സിദ്ധികൾ പ്രകടിപ്പിക്കുവാൻ അദ്ദേഹത്തിനു ലഭിച്ച നല്ലൊരവസരമായിരുന്നു അതു്. വിദ്യാർത്ഥികളോടു സൗമ്യമായും സൗഹൃദത്തോടെയും പെരുമാറിയിരുന്ന അദ്ദേഹം അച്ചടക്കം പാലിക്കുന്ന കാര്യത്തിൽ തികഞ്ഞ കാർക്കശ്യംതന്നെ പുലർത്തിയിരുന്നു. ചുരുങ്ങിയകാലംകൊണ്ടു കഴിവുറ്റ അദ്ധ്യാപകനും സമർത്ഥനായ ഭരണാധിപനുമെന്ന പ്രശസ്തി അദ്ദേഹം സമ്പാദിക്കാതെയുമിരുന്നില്ല. നല്ലൊരു വാഗ്മിയെന്ന നിലയിലും ഇക്കാലത്തദ്ദേഹം പ്രസിദ്ധിനേടി.

പാലായിൽ ഒരു കോളേജു സ്ഥാപിക്കുവാനുള്ള പരിശ്രമങ്ങളോടു ബന്ധപ്പെടുവാനിടയായതു മാണിക്കുട്ടിയച്ചന്റെ ജീവിതത്തിൽ ഒരു വഴിത്തിരിവിനു വഴിയൊരുക്കിയെന്നു പറയാം. ഓരോരോ കാരണങ്ങൾകൊണ്ടു ഏതാണ്ടു മന്ദീഭവിച്ചുകിടന്നിരുന്ന പ്രസ്തുത സംരംഭത്തിനു വീണ്ടും സജീവത്വം കൈവന്നതു നാല്പതുകളുടെ രണ്ടാം പാദത്തിലാണ്. പാലാ വലിയപള്ളി വികാരിയായിരുന്ന ഫാദർ എമ്മാനുവൽ മേച്ചേരിക്കുന്നേൽ, ഫാദർ സെബാസ്റ്റ്യൻ വയലിൽ, ജോജ്ജ് തോമസ് കൊട്ടുകാപ്പള്ളി എന്നിവരുടെ ഒരു സംയുക്ത നേതൃനിരയാണു പാലായിലെ പൗരമുഖ്യർക്കു ദൃഢനിശ്ചയത്തോടെ രംഗത്തിറങ്ങുവാൻ പ്രേരണനൽകിയതു്. ചങ്ങനാശേരി ബിഷപ്പു മാർ ജെയിംസ് കാളാശേരിയുടെ അനുഗ്രഹാശ്ശിസ്സുകളും അവർക്കുണ്ടായിരുന്നു. 1949—ൽ ജോജ്ജ് തോമസ് കൊട്ടുകാപ്പള്ളിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന പൗരസമ്മേളനം അന്നു നിയമസഭാ സ്പീക്കറായിരുന്ന ആർ. വി. തോമസ് അവതരിപ്പിച്ച പ്രമേയം അംഗീകരിച്ചതോടെ കോളേജു നിർമ്മാണ പരിശ്രമങ്ങൾക്കു ഒരു പ്രായോഗിക പന്ഥാവിലേക്കു നീങ്ങിത്തുടങ്ങുകയും ചെയ്തു. കോ

ളേജു സ്ഥാപന പരിശ്രമങ്ങൾക്കു നേതൃത്വം നൽകുന്നതിനുവേണ്ടി രൂപീകൃതമായ പൗരസമിതിയുടെ അദ്ധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ടതു മാണിക്കുട്ടിയച്ചനായിരുന്നു. പ്രസ്തുത സ്ഥാനത്തേക്കു ചങ്ങനാശേരി ബിഷപ്പു നിർദ്ദേശിച്ചിരുന്നതും മറ്റാരേയുമായിരുന്നില്ല. ഇതോടെയാണു മാണിക്കുട്ടിയച്ചൻ സജീവമായ ബഹുജനശ്രദ്ധ ആകഷ്ടിച്ചു തുടങ്ങിയിതെന്നു പറയാം. ഉറച്ച ലക്ഷ്യബോധവും കഠിനാദ്ധ്വാനസന്നദ്ധതയും തനിക്കു സ്വായത്തമായിരുന്ന നേതൃത്വ സിദ്ധികളോടു ചേർന്നപ്പോൾ കോളേജു നിർമ്മാണ സംരഭങ്ങൾക്കു വ്യക്തമായ രൂപം കൈവന്നു തുടങ്ങി. ഈ രംഗത്തുതന്നെ മുഴുവൻ ശ്രദ്ധയും കേന്ദ്രീകരിക്കുവാൻ നിർബ്ബന്ധിതനായതിനെ തുടർന്നു ടെയിനിംഗ് സ്കൂൾ ഹെഡ്മാസ്റ്റർ പദവി രാജിവയ്ക്കുവാനും അദ്ദേഹം സന്നദ്ധനായി. വിശ്രമമെന്തെന്നറിയാതെയുള്ള പ്രവർത്തനങ്ങളിലായിരുന്ന പിന്നീടുള്ള ഒരു വർഷക്കാലം മാണിക്കുട്ടിയച്ചൻ വ്യാപൃതനായിരുന്നതു്. കോളേജിനാവശ്യമായ ഫണ്ടു ശേഖരിക്കുന്നതിനുവേണ്ടി മീനച്ചിൽ താലൂക്കിന്റെ എല്ലാ ഭാഗങ്ങളിലും കുന്നും മലയും വ്യത്യാസംകൂടാതെ അദ്ദേഹം കയറിയിറങ്ങി. അദ്ദേഹത്തോടൊപ്പം ഫാദർ മേച്ചേരിക്കുന്നേലും ജോർജ് തോമസ് കൊട്ടുകാപ്പള്ളിയും പാലായിലും സമീപപ്രദേശങ്ങളിലുമുള്ള നിരവധി പൗരമുഖ്യരും സജീവമായി രംഗത്തിറങ്ങി. സംഭാവനകളും പിരിക്കുന്നതും നൽകുന്നതും അന്നൊന്നും ഇന്നത്തേതുപോലെ പ്രചാരത്തിലെത്തിയിരുന്നില്ല. ജനങ്ങളുടെ സ്വഭാവശീലങ്ങളിൽത്തന്നെ അടിസ്ഥാനപരമായ പരിവർത്തനം വരുത്തിക്കൊണ്ടു മാത്രമേ ഈ രംഗത്തു അന്നു വിജയിക്കുവാൻ കഴിയുമായിരുന്നുള്ളു. മാണിക്കുട്ടിയച്ചന്റെ ആത്മാർത്ഥ ശ്രമങ്ങൾക്കു പ്രയത്നസാഫല്യമുണ്ടായതു 1950 ആഗസ്റ്റ് 7-ാം തീയതി ഈ പ്രദേശത്തെ ജനങ്ങളുടെ ചിരകാലസ്വപ്നം സാക്ഷാത്കരിച്ചുകൊണ്ടു പാലാ സെൻറ് തോമസ് കോളേജു ഉദ്ഘാടനം ചെയ്യപ്പെട്ടപ്പോഴാണു്. അന്നുതന്നെ പാലാ രൂപത സ്ഥാപിച്ചുകൊണ്ടും മാണിക്കുട്ടിയച്ചനെ പുതിയ രൂപതയുടെ പ്രഥമമേലദ്ധ്യക്ഷനായി നിയമിച്ചുകൊണ്ടും റോമിൽനിന്നും അറിയിപ്പുണ്ടാവുകയും ചെയ്തു. "നിങ്ങളെക്കാൾ വലിയവൻ നിങ്ങളുടെ മദ്ധ്യേയുണ്ടു്. എന്നാൽ നിങ്ങൾ അവനെ അറിയുന്നില്ല" എന്ന വിശുദ്ധ വേദപുസ്തക വാക്യങ്ങൾ ഉദ്ധരിച്ചുകൊണ്ടു കോളേജുദ്ഘാടനാവസരത്തിൽ കോട്ടയം ബിഷപ്പു് ഡോ. തോമസ് തറയിൽ ചെയ്ത പ്രസംഗത്തിന്റെ സാംഗത്യം അപ്പോൾ മാത്രമേ പലർക്കും മനസ്സിലാക്കുവാൻ കഴിഞ്ഞുള്ളൂ.

ഇരുപത്തിയഞ്ചു വർഷക്കാലത്തെ തന്റെ അവിരാമമായ അദ്ധ്വാനംകൊണ്ടു വിസ്മയാവഹങ്ങളായ നേട്ടങ്ങളാണു പാലാ രൂപതയ്ക്കു തിരുമേനി കൈവരുത്തിയിട്ടുള്ളതു്. കാൽനൂറ്റാണ്ടുകാലത്തെ രൂപതയുടെ ചരിത്രം അഭിവന്ദ്യ പിതാവിന്റെ ചരിത്രവും കൂടിയാണു് എന്നു പറയുന്നതിൽ അല്പവും അതിശയോക്തിയില്ല. നിരവധി അനാഥാലയങ്ങൾക്കും ആതുരശുശ്രൂഷാകേന്ദ്രങ്ങൾക്കും അദ്ദേഹം ജന്മം നൽകിയിട്ടുണ്ടു്. രൂപതയുടെ ആഭിമുഖ്യത്തിൽ തന്നെ ഒന്നിലേറെ വ്യവസായസംരംഭങ്ങളുമുണ്ടു്. അത്ര തകരമാംവിധം ദൈവവിളികളുള്ള ഈ രൂപതതന്നെയാണു് ഇന്ത്യയിലെ മിഷൻ രംഗങ്ങളിലേക്കു് ഏറ്റവും കൂടുതൽ വൈദികരെയും സന്യാസിനികളെയും സംഭാവനചെയ്യുന്നതും.

കേരളത്തിലെ എണ്ണപ്പെട്ട ഒരു ഉന്നത വിദ്യാകേന്ദ്രമായി പാലാ മാറിയിട്ടുണ്ടെങ്കിൽ അതിനുള്ള കാരണവും അഭിവന്ദ്യ തിരുമേനിതന്നെയാണു്. ഈ രംഗത്തു അദ്ഭുതപൂർവ്വമായ നിലയിൽ അദ്ദേഹം വിജയിച്ചിട്ടുണ്ടെന്നതു തിരുമേനിയുടെ വിമർശകർ പോലും സമ്മതിക്കാതിരിക്കുകയില്ല. മൂന്നു ഒന്നാം ഗ്രേഡു കോളജുകളും ഒരു ജൂണിയർ കോളജും ഒരു ടെയിനിംഗ് കോളജും തിരുമേനിയുടെ രക്ഷാധികാരത്തിൽ പ്രവർത്തിക്കുന്നുണ്ടു്. ഇതിനു പുറമേയാണു രൂപതവകയായുള്ള അനവധി ഹൈസ്കൂളുകളും ഇതര വിദ്യാഭ്യാസസ്ഥാപനങ്ങളും. ഗ്രഡ്ഷെപ്പേർഡു സെമിനാരിയും സെൻറ് തോമസു മിഷനറി സൊസൈറ്റിയും അഭിവന്ദ്യ പിതാവിന്റെ തൊപ്പിയിലെ മറ്റു രണ്ടു തൂവലുകളാണു്.

കേവലമൊരു മതാദ്ധ്യക്ഷനെന്നനിലയിൽ മാത്രമല്ല അഭിവന്ദ്യ പിതാവു ജനശ്രദ്ധയാകഷ്ടിച്ചിട്ടുള്ളതു്. വിശാലമായ ദേശീയവീക്ഷണവും പക്വമായ രാഷ്ട്രീയനയങ്ങളും അതിലുപരി അദ്ദേഹത്തിന്റെ അനുകരണീയമായ രാജ്യസ്നേഹവും നമ്മുടെ ദേശീയജീവിതത്തിന്റെ മുഖ്യധാരയുമായിത്തന്നെ അദ്ദേഹത്തെ ബന്ധിപ്പിച്ചിട്ടുണ്ടു്. സ്വാതന്ത്ര്യസമരത്തിന്റെ ഐതിഹാസികദിനങ്ങളിലും വിമോചനസമരത്തിന്റെ അഗ്നികുണ്ഡത്തിനു നടുവിലും ദേശാഭിമാനികളായ ആദർശവാദികൾക്കു തിരുമേനി ഒരു ശക്തിസ്തംഭമായി നിലകൊണ്ടിരുന്നു. കേരളത്തിൽ നടന്നിട്ടുള്ള എല്ലാ വിദ്യാഭ്യാസസമരങ്ങളിലും പരോക്ഷമായോ പ്രത്യക്ഷമായോ അദ്ദേഹത്തിന്റെ നേതൃത്വം അനുഭവപ്പെട്ടിട്ടുണ്ടു്. കേരളത്തിലെ സ്വകാര്യവിദ്യാഭ്യാസരംഗം എപ്പോഴൊക്കെ ഭീഷണികൾക്കു വിധേയമായിട്ടുണ്ടോ അപ്പോഴൊക്കെ സമുദായത്തിന്റെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടി തിരുമേനി രംഗത്തിറങ്ങിയിട്ടുണ്ടു്. 1972-ൽ നടന്ന സ്വകാര്യകോളജു സമരകാലത്തു് അനേകായിരങ്ങൾക്കു നേതൃത്വം

നൽകിക്കൊണ്ട് ഒരു വമ്പിച്ച റാലിയെ അഭിവന്ദ്യ പിതാവ് പാലായിലെ പ്രധാന വീഥികളിലൂടെ നയിക്കുകയും തനിക്കുത്തമബോദ്ധ്യമുള്ള കാര്യങ്ങളിൽ വിട്ടുവീഴ്ചയില്ലാതെ സമരം ചെയ്യുവാൻ വാർദ്ധക്യവും അനാരോഗ്യവും ഒരു തടസ്സമല്ലെന്നു വ്യക്തമായി തെളിയിക്കുകയും ചെയ്തു. താൻ വിശ്വസിക്കുന്ന ആദർശങ്ങളുടെ സംരക്ഷണത്തിനുവേണ്ടി എത്തു ത്യാഗവും സഹിക്കുവാൻ ശക്തനും ദൃഢപ്രതിജ്ഞനുമാണു താനെന്നു് ആരെയും ബോദ്ധ്യപ്പെടുത്തുവാൻ പോന്ന ആവേശമാണു് അക്കാലത്തു തിരുമേനി പ്രകടിപ്പിച്ചതു്. രാജ്യസ്നേഹപരമായ രാഷ്ട്രീയനിലപാടുകളും കറയറ്റ ദേശാഭിമാനവും പുലർത്തുന്നതിൽ കർദ്ദിനാൾ മാനിംഗിനെയാണു് അദ്ദേഹം മാതൃകയാക്കിയിട്ടുള്ളതെന്നു തോന്നുന്നു.

പ്രൗഢോജ്വലനായ ഒരു വാഗ്മി എന്ന നിലയിലും തിരുമേനി വളരെ പ്രശസ്തനാണു്. പ്രസംഗകലയിൽ മെമസ്തനീസിനെയും സിസറോയെയും അനുസ്മരിക്കുന്ന പാടവമാണു് അഭിവന്ദ്യ പിതാവു സ്വായത്തമാക്കിയിട്ടുള്ളതു്. വിമോചനസമരമദ്ധ്യേ അങ്കമാലിയിൽ വെടിയേറ്റു മരിച്ച രക്തസാക്ഷികളുടെ സംസ്ക്കാരശുശ്രൂഷാമദ്ധ്യേ തിരുമേനി ചെയ്ത വികാരനിർഭരമായ പ്രസംഗത്തിന്റെ ശക്തമായ അലയൊലികൾ അന്നത്തു കേട്ടവരുടെ കാതുകളിൽ ഇന്നും മുഴങ്ങുന്നുണ്ടാവണം. മാതൃഭാഷയിലെന്നതുപോലെ സംസ്കൃതത്തിലും സാമാന്യം അവഗാഹമുള്ള അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ അവയുടെ പാണ്ഡിത്യവും പ്രൗഢിയും പ്രാസവും പ്രസാദാത്മകതയുംകൊണ്ടു തികച്ചും ആകർഷകങ്ങളാണു്.

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ എല്ലാ സമ്മേളനങ്ങളിലും തന്നെ പങ്കെടുത്ത അഭിവന്ദ്യ പിതാവു സൂനഹദോസു സംബന്ധിച്ചു നിയോഗിക്കപ്പെട്ട പ്രിപ്പറേട്ടറി കമ്മീഷനിലും അംഗമായിരുന്നു. പല പ്രാവശ്യം വിദേശപര്യടനം നടത്തിയിട്ടുള്ള അദ്ദേഹത്തിനു വിദ്യാഭ്യാസരംഗത്തെ അതുല്യസംഭാവനകളെ പുരസ്കരിച്ചു് അമേരിക്കയിലെ (ചിക്കാഗോ) ഡി പോൾ സർവ്വകലാശാല 1967 ൽ ഡോക്ടറേറ്റു (എൽ. എൽ ഡി) നൽകി ആദരിക്കുകയുണ്ടായി.

സമുദായമൈത്രിയുടെ ശക്തനായ ഒരു പ്രചാരകനായി എക്കാലവും അറിയപ്പെട്ടിട്ടുള്ള ശ്രേഷ്ഠാദ്ധ്യക്ഷൻ സമുദായങ്ങൾക്കിടയിൽ സാഹോദര്യം വളർത്തുന്നതിൽ മാതൃകായോഗ്യമായ ക്രാന്തദർശിതാ മാണു പ്രകടിപ്പിച്ച പോരുന്നതു്. വളരെ ചിട്ടപ്പെടുത്തിയ ഒരു ജീവിതക്രമമാണു ചെറുപ്പം മുതല്ലു തന്നെ തിരുമേനി ശീലിച്ച പോന്നിട്ടുള്ളതു്. അതിരാവിലെ ഉറക്കമുണർന്നു് അർദ്ധരാത്രിവരെ അദ്ധ്വാനിക്കുന്ന പതിവായിരുന്ന അടുത്ത കാലംവരെ അദ്ദേഹത്തിനുണ്ടായിരുന്നതു്. അനാരോഗ്യം കൂടുതൽ വിശ്രമത്തിനു് ഇപ്പോൾ തിരുമേനിയെ നിർബ്ബന്ധിതനാക്കുന്നുണ്ടു്.

പാണ്ഡിത്യംകൊണ്ടും പ്രാഗത്ഭ്യംകൊണ്ടും മാത്രമല്ല മാതൃകായോഗ്യമായ മനോനൈർമ്മല്യംകൊണ്ടും അഭിവന്ദ്യപിതാവിനു തികച്ചും അനുയോജ്യനായ അനുഗാമിയാണു സഹായമെത്രാനായി വാഴിക്കപ്പെട്ടിരിക്കുന്ന മാർ ജോസഫ് പള്ളിക്കാപറമ്പിൽ. തന്റെ ഭാരിച്ച ചുമതലകൾ പങ്കുവയ്ക്കുവാൻ സർവ്വഥാ സമർത്ഥനായ ഒരു സഹായിയെ ലഭിച്ചതിൽ അഭിവന്ദ്യപിതാവു് ഭാഗ്യവാനാണെന്നു തന്നെ പറയണം. ഇനിയും അനേകവർഷങ്ങൾകൂടി പാലാ രൂപതയുടെ ഭാഗ്യവിധികളെ അഭിവന്ദ്യപിതാവു നിയന്ത്രിക്കുകയും തന്റെ ആത്മീയപാലനത്തിനായി ഏല്പിക്കപ്പെട്ടിരിക്കുന്ന ദൈവജനത്തിനു ശരിയായ മാർഗ്ഗോപദേശം നൽകുകയും ചെയ്യുന്നതിനിടയാകട്ടെ എന്നു ഈ ജൂബിലിവേളയിൽ നമുക്കു പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യാം.

കൂരിയായിൽ വന്ദ്യപിതാവിന്റെ

സഹപ്രവർത്തകർ

1950 — '75

സഹായമെത്രാൻ:

റൈറ്റ്. റവ. ഡോ. ജോസഫ് പള്ളിക്കാപറമ്പിൽ	1973

വികാരിജനറാൾ:

റൈറ്റ്. റവ. മോൺ. എമ്മാനുവേൽ മേച്ചേരിക്കുന്നേൽ	1951—1957
റൈറ്റ്. റവ. മോൺ. ഫിലിപ്പ് വാലിയിൽ	1957—1973
റൈറ്റ്. റവ. മാർ ജോസഫ് പള്ളിക്കാപറമ്പിൽ	1973—

പ്രോ വികാരിജനറാൾ:

വെരി. റവ. മോൺ. കുര്യൻ വഞ്ചിപ്പുരയ്ക്കൽ	1970—

ചാൻസിലർ:

റവ. ഫാ. മാത്യു കൊട്ടാരത്തുമ്യാലിൽ	1951—1964
റവ. ഫാ. ജോസഫ് മറ്റം	1964—1968
റവ. ഫാ. മാത്യു മഠത്തിക്കുന്നേൽ	1968—

പ്രൊക്യുറേറ്റർ:

റവ. ഫാ. സെബാസ്റ്റ്യൻ മറ്റം	1951—1955
റവ. ഫാ. ജോസഫ് ആലുങ്കൽ	1955—1962
റവ. ഫാ. ജേക്കബ് മാളിയേക്കൽ	1962—1970
റവ. ഫാ. ജേക്കബ് പ്ലാത്തോട്ടം	1970—

സെക്രട്ടറി:

റവ. ഫാ. മാത്യു കൊട്ടാരത്തുമ്യാലിൽ	1951—1957
റവ. ഫാ. കുര്യൻ വഞ്ചിപ്പുരയ്ക്കൽ	1957—1961
റവ. ഫാ. മാത്യു മഠത്തിക്കുന്നേൽ	1961—1963
റവ. ഫാ. തോമസ് പുരയിടം	1963—1972
റവ. ഫാ. കുര്യൻ മാതോത്തു്	1972—

സെക്രട്ടറി (Personal):

റവ. ഫാ. പോൾ പള്ളത്തുകുഴിയിൽ	1951—1956
റവ. ഫാ. കുര്യാക്കോസ് മാമ്പുഴയ്ക്കൽ	1956—1959
റവ. ഫാ. ഫ്രാൻസീസ് കണ്ടത്തിൽ	1959—1960
റവ. ഫാ. മാത്യു മഠത്തിക്കുന്നേൽ	1968
റവ. ഫാ. ജോസഫ് കുഴിഞ്ഞാലിൽ	1975—

ജൂബിലിമഹാമഹം വിജയിക്കട്ടെ!

സി. മേരി ബനീഞ്ഞാ

പാലായാം പാലാഴിയിൽ പള്ളികൊണ്ടരുളുന്ന
ശ്രീലപുണ്യശ്ലോകനാം 'വയലിൽ' മെത്രാൻ,
പാലൊളിപ്പകംകൊണ്ട പാവ്വണകലാനിധി–
ക്കാലസ്യമിയറുന്ന പ്രതാപശാലി,
താഴാത്ത ഭരണത്താലൂഴിക്ക തിലകമായ്
വാഴുന്ന മാർ സെബാസ്റ്റ്യൻ വിജയിക്കുന്നു!
മാത്തോമ്മാ ജ്ഞാനസ്നാനം നൽകിയ കുടുംബങ്ങം
കീർത്തിതങ്ങളാണതിലൊരു കുടുംബം
വന്നിഹ കുടിയേറി കോട്ടക്കാവതിർത്തിയിൽ
നിന്നതിന്നഭിധാനം 'വയലക്കൊമ്പായ്'
ശാഖകം വീശിപ്പടർന്നാ നല്ല പാരിജാത
ശാഖിയിൽ നിന്നിങ്ങൊരു 'വയലു'മുണ്ടായ്.
ആ വയൽ വിളഞ്ഞതിൽ കാഞ്ചനക്കതിർ പാലാ
യീവിധം മകുടമായണിഞ്ഞിരിപ്പൂ.

പാലായാം പാലാഴിയിൽ പള്ളികൊണ്ടരുളുന്ന
ശ്രീലപുണ്യശ്ലോകനാം 'വയലിൽ' മെത്രാൻ,
ശേഷിയും ശേമുഷിയും ചേർന്ന മെത്രാസനത്തെ
ഭ്രഷ്ടിതമാക്കീട്ട കാൽശതാബ്ദമായി.
ആറ്റാദവീചിമാല രജതജൂബിലിയെ
ആഹ്വാനംചെയ്തെങ്ങുമേ നടമാടുന്നു.
രൂപതാചരിത്രത്തിൽ കാഞ്ചനലിപികളായ്
ജൂബിലിയിതു ദീപ്തി പരത്തിനില്ക്കും.

നാഥനോടൊത്തു പാലാ രൂപത ഭ്രജാതയായ്
ജാതകക്കുറിപ്പാരുമെഴുതിയില്ല.
ഭ്രതവർത്തമാനങ്ങം ഭാവിയും കാണുന്നവൻ
ജാതകപ്പൊരുത്തവുമറിഞ്ഞിരുന്നു.
നാലു നൂറാണ്ടുകൊണ്ടുചേരേണ്ട പുരോഗതി
നാലൊന്നു നൂറാണ്ടിനേറയിടയിലുണ്ടായ്.
നാട്ടുകാരറിയുന്ന രൂപത്തെയ്തുയെത്ര
നേട്ടങ്ങളുണ്ടെന്നിപ്പോം പരസ്യമായി.
കർമ്മയോഗിയായ് കാലംപോക്കുന്ന തിരുമേനി
കർമ്മസിദ്ധിയാൽ പാരം കൃതാർത്ഥനുമായ്.

വൈദികമേലദ്ധ്യക്ഷന്മാരുടെ തറവാടെ–
ന്നാദ്യതയാണു പാലാ വിതക്കുമെന്നേ.
ആ നല്ല തറവാട്ടിലാദ്യത്തെ ക്കാരണവ–
രാണല്ലൊ പ്രഗത്ഭനാം കഥാപുരുഷൻ.
പാരിലത്യുച്ചവടി ചേരുന്ന രംഗത്തെല്ലാ–
മാരാധ്യവ്യക്തിമുദ്ര പതിഞ്ഞുകാണാം.
സന്യാസപൗരോഹിത്യപ്രേഷിതവിളികംക്കീ
ധന്യരൂപത പാലായജയ്യയത്രേ.
സഞ്ചിതസുകൃതത്തിന്നോഹരി വർദ്ധിപ്പിച്ചു
പഞ്ചഭ്രഖണ്ഡങ്ങളും പവിത്രമാക്കാൻ
പൂരുഷന്മാരെന്നല്ല മാനിനീമണിമാരും
ധീരരായ്ക്കുടുംബം വിട്ടിറങ്ങിടുന്നു.
ലാലസിച്ചീടുന്നെങ്ങും ലോകമാതാക്കളായി
പാലാമാതാവിൻ മക്കം സുഭഗരായി.
പാലായാം പാലാഴിയിൽ പള്ളികൊള്ളും പ്രതാപ-
ശാലിയാം മാർ സെബാസ്റ്റ്യൻ വിജയിക്കുന്നു!

സാമാന്യനിലവിട്ട സാരസ്വതക്ഷേത്രങ്ങം,
സാമൂഹ്യസാംസ്കാരികപ്രവർത്തനങ്ങം,
ഉന്നതബിരുദങ്ങം നേടിയ ഭരണീയർ,
മാന്യകലാകാരന്മാർ, മഹാകവികം,
സന്യാസഭവനങ്ങളാരാധനാലയങ്ങം,
ധന്യമിഷൻകേന്ദ്രങ്ങം, സെമിനാരികം,
അന്തിയിൽ തല ചായ്ക്കാനാലയമില്ലാത്തവ–
ക്കന്തരാർത്തി തീർക്കുന്ന നികേതനങ്ങം,
സാധുബാലികാബാലന്മാർക്കുള്ള സങ്കേതങ്ങം,
ആതുരശാലകളെന്നിതു വിധത്തിൽ
എണ്ണിയാൽ തീരാതുള്ള നേട്ടങ്ങം നിനച്ചാലീ
പുണ്യജനേശ്വരനെ നമിക്കുമാരും.
രാജതജൂബിലിയും രാജിതസപ്തതിയും
യോജിക്കാനടുക്കുന്ന കരങ്ങംനീട്ടി.
ആ രംഗമതിഹൃദ്യം; ഭ്രരിഭ്രതിയോടങ്ങേ–
യ്ക്കാരോഗ്യം ദീർഘായുസ്സും വരട്ടെ മേന്മേൽ.

DR SEBASTIAN VAYALIL
An Outstanding Educationalist

N. N. Wanchoo, Governor of Kerala

(An extract from the speech delivered by Mr. N. N. Wanchoo, Governor of Kerala, at the reception given to His Excellency Dr. Sebastian Vayalil, by the teachers of the Corporate Educational Agency, Dioccse of Palai, on the 4th January 1976, at Palai.)

On the occasion of the Episcopal Silver Jubilee of Rt. Rev. Dr. Sebastian Vayalil, Corporate Manager of the Corporate Educational Agency of the Diocese of Palai, I have great pleasure to be present with you here this afternoon and thank you for the very kind welcome accorded to me.

The Diocese of Palai came into existence exactly 25 years ago and since then Dr. Vayalil has throughout shown great interest in educational development. The present St. Thomas College which came into being in 1950 is a tribute to his untiring efforts in this field. The zeal with which he has worked for educational development is most commendable and a few facts and figures show his great achievements.....The setting up of an Academic Council, a democratically constituted body of all teachers of the Corporate Management, which enables them to meet together and discuss academic matters, is also a tribute to the large-heartedness of Dr. Vayalil. Having regard to all this, it is not surprising that as a token of their love and respect to their Corporate Manager, the teaching and non-teaching staff have started a teachers' welfare fund to commemorate his Episcopal Jubilee. As much as Rs. 30,000/- has already been collected and a major portion of this amount is being distributed to needy teachers.

But while education has been the first love of Bishop Vayalil, his other social activities have also been of immense benefit to the people of the Diocese. The houses built for the poor and donated to the homeless, the mission hospitals, the orphanages, the houses for the aged, all speak of the goodwill and charity of the Bishop and neither caste nor creed has affected his desire to help the needy generously.

Kerala is a land where people of diverse religions have been existing for thousands of years and I think it is a remarkable tribute to the people of this State that the relationship between the communities in Kerala is a model of tolerance and friendliness for the other States of India. Not only that, religious establishments here of various religions have shown a marked degree of social consciousness to help our weaker brothers and sisters. But while there is no doubt that in this State we have very many active voluntary organisations and agencies which render social service to the community, particularly its weaker sections, the fact remains that to reap the full benefit of such activities of the social service organisations, there is a great necessity for selfless leadership and it is in this respect that I consider that the Diocese of Palai has been particularly fortunate in having the guidance and leadership of Bishop Vayalil for the last 25 years. His inspiring example has created a consciousness of the need for educational and social reform in this area, which is praiseworthy. It is in the true spirit of Christian charity that the Bishop has laboured, and I am sure that today's spontaneous tribute to his leadership of this Diocese will give him great pleasure. The country can progress only if we have in a good measure the right type of leadership to guide and inspire the younger generation and it is in this respect also that the Bishop's achievements deserve all praise.

For all these reasons it has been a matter of great pleasure to me to be associated with this function today and to felicitate Dr. Sebastian on this histroric occasion when he completes his Silver Jubilee as the first Bishop of the Diocese of Palai. Thank you.

ജൂബിലി ആഘോഷിക്കുന്ന പാലാ രൂപത

ഒരു കാൽന്നൂറ്റാണ്ടു കടന്നുപോയി, പാലാരൂപത സ്ഥാപിതമായിട്ട്. ഏതൊരു വ്യക്തിക്കും സ്ഥാപനത്തിനും സാധാരണ അനുഭവപ്പെടാറുള്ള ബാലാരിഷ്ടതകളും ക്ലേശങ്ങളും ഈ രൂപതയ്ക്കും അഭിമുഖീഭവിച്ചു. എങ്കിലും ഇവിടെ ആരും നഷ്ടധൈര്യരായില്ല. രൂപതാദ്ധ്യക്ഷനോടൊപ്പം കഠിനാദ്ധ്വാനം ചെയ്യുവാൻ ഒരു ജനത മുന്നിട്ടിറങ്ങി; ധീരരായ അത്മായരും സേവനസന്നദ്ധരായ വൈദികരും. കർത്താവിന്റെ 'സാന്ത്വനപ്രകാശം' അവർക്ക് വഴികാട്ടിആയിരുന്നു. അവർ കൈവച്ച ഭൗതികവും ആദ്ധ്യാത്മികവുമായ എല്ലാ കർമ്മരംഗങ്ങളിലും പുരോഗതിയുടെ പൊൻപുലരി ദൃശ്യമായി. വിവിധ മണ്ഡലങ്ങളിൽ രൂപതയ്ക്ക് കൈവന്നിട്ടുള്ള അത്ഭുതാവഹമായ വളർച്ച ഏഴു ലേഖനങ്ങളിലൂടെ സംക്ഷിപ്തമായി വിശദീകരിക്കുന്നു.

എഡിറ്റർ.

നമ്മുടെ വിദ്യാഭ്യാസ പൈതൃകവും പാലാ രൂപതയും

''ബിരുദധാരിയായ ഒരു മകനോ മകളോ ഇരുപത്തഞ്ചു വർഷം മുമ്പ് ഒരു മഹാസംഭവമായിരുന്ന ഗ്രാമീണരായ മാതാപിതാക്കളുടെ സ്ഥാനത്ത് ഇന്ന് ബിരുദമുള്ളവരും ബിരുദാനന്തര യോഗ്യതയുള്ളവരുമായ മക്കളെക്കൊണ്ട് അഭിമാനിക്കുന്ന മാതാപിതാക്കളെ എത്ര വേണമെങ്കിലും കാണാം''

ഫാ. ജോൺ മറ്റം എം. എ.

ക്രൈസ്തവർക്ക് എവിടെയും, എക്കാലവും, പ്രിയപ്പെട്ട ഒരു വിഷയമാണ് വിദ്യാഭ്യാസം. വിദ്യാഭ്യാസത്തിന്റെ വിശുദ്ധിയും സ്വാതന്ത്ര്യവും കാത്തു സൂക്ഷിക്കുന്നതിനുവേണ്ടി എത്രയെത്ര പ്രക്ഷോഭങ്ങൾക്ക് അവർ നേതൃത്വം നല്കിയിട്ടുണ്ട്. കേരളത്തിലെമാത്രം ബഹുജനസമരങ്ങളുടെ കഥകളെടുത്താൽ അവയിൽ ഏറിയ പങ്കും വിദ്യാഭ്യാസം എന്ന പ്രശ്നവിഷയത്തെച്ചൊല്ലി രൂപം കൊണ്ടവയാണെന്നു കാണാം. ആ സമരങ്ങൾക്കെല്ലാം നേതൃത്വം കൊടുത്തതും ആളും അർത്ഥവും നല്കിയതും ഇന്നാട്ടിലെ ക്രൈസ്തവരായിരുന്നു. ദേവാലയംപോലെ പരിപാവനമാണു വിദ്യാലയം എന്നു വിശ്വസിക്കുകയും ഈ പവിത്രത അഭംഗുരം പരിപാലിക്കാനാഗ്രഹിക്കുകയും ഇതിനായി ഏതു ത്യാഗവും സഹിക്കാൻ സന്നദ്ധരാവുകയും ചെയ്യാൻ അവർക്കു മടിയില്ല.

കേരളത്തിനു ഭാരതത്തിന്റെ വിദ്യാഭ്യാസ സാംസ്കാരിക മണ്ഡലങ്ങളിൽ ഇത്ര സമുന്നതമായ സ്ഥാനം ലഭിക്കുന്നതിനു കാരണം സ്വകാര്യ ഏജൻസികളാണെന്ന കാര്യത്തിൽ ആർക്കും അഭിപ്രായാന്തരമുണ്ടാവുകയില്ല. വിദ്യാഭ്യാസം ദേശീയവത്കരിക്കണമെന്ന ദുശ്ശാഠ്യം പിടിക്കുന്നവർക്കും ഈ സത്യത്തെ എതിർക്കാനാവില്ല. മെച്ചപ്പെട്ട അധ്യാപനവും അതിലുപരി ശിക്ഷണത്തിനേറെതായ ഒരന്തരീക്ഷവുമാണ് ക്രൈസ്തവവിദ്യാലയങ്ങളുടെ മുഖമുദ്രകൾ. യുവജനങ്ങളുടെ സ്വഭാവരൂപവത്കരണത്തിൽ

വിദ്യാലയങ്ങൾക്കുള്ള പങ്ക് നിസ്സാരമല്ലല്ലോ. സമൂഹത്തിന്റെ പിള്ളത്തൊട്ടിലാണ വിദ്യാലയങ്ങൾ. ഉന്നതമായ ആദർശങ്ങളോടും മഹത്തായ മൂല്യങ്ങളോടുമുള്ള ആഭിമുഖ്യം അവിടെനിന്നാണ് കുട്ടികളിൽ നാമ്പെടുക്കുക. തികച്ചും ഭൗതികമാത്രമായ വിദ്യാഭ്യാസം ധാർമ്മികമൂല്യങ്ങളെ നശിപ്പിക്കും. അത്തരം വിദ്യാഭ്യാസം മാരകായുധങ്ങളേക്കാൾ വിനാശകരമത്രേ.

മനുഷ്യരാശി മുഴുവന്റേയും ജ്ഞാനോദ്ദീപനം എന്ന മഹാ ലക്ഷ്യത്തോടെയാണ് ക്രൈസ്തവർ വിദ്യാഭ്യാസത്തെ സമീപിക്കുന്നത്. യുവാക്കളുടെ മാനസികവും ബൗദ്ധികവും ആത്മീയവുമായ തലങ്ങളിലെല്ലാം പ്രവർത്തിച്ച് അവരിൽ സമ്പൂർണ്ണമായ വ്യക്തിത്വം വളർത്തിയെടുക്കുകയാണ് വിദ്യാഭ്യാസത്തിന്റെ മൗലികമായ ലക്ഷ്യം. എന്നാൽ ക്രൈസ്തവർക്ക് ഇതു അല്പം കൂടെ ഉയർന്ന ഒരു ദൗത്യമാണ്; പ്രേഷിതപ്രവൃത്തിയാണ്. ക്രൈസ്തവമായ ഒരു നീതിശാസ്ത്രം, ധർമ്മശാസ്ത്രം, സ്നേഹശാസ്ത്രം എന്നിവ വഴി മനുഷ്യജീവിതത്തിന്റെ എല്ലാ പ്രതലങ്ങളിലും കടന്നുചെന്ന് യുവാക്കളെ പ്രചോദിപ്പിക്കുകയും അങ്ങനെ സച്ചിദാനന്ദസ്വരൂപനായ സർവ്വേശ്വരനെ, പരമ ജ്ഞാനത്തെ, പരമവിജ്ഞാനത്തെ, സത്യസ്നേഹങ്ങളുടെ രൂപത്തിൽ അവരിൽ സന്നിവേശിപ്പിക്കുകയും ചെയ്യുക. ഉദാത്തമായ ഒരു ജീവിതദർശനമാണ നാമിവിടെ കാണുന്നത്. ഈശ്വരന്റെ മഹത്വവും മാനവരാശിയുടെ മഹോദയവും അവർ ഉന്നം വയ്ക്കുന്നു. ജനങ്ങൾക്കു ധാർമ്മികാടിത്തറയിലുള്ള ഒരു പുതിയ രാജ്യവും സത്യസന്ധാശ്ലങ്ങളുടെ പുതിയ സുവിശേഷവും ജ്ഞാനവിജ്ഞാനങ്ങളിൽ നിബന്ധിക്കപ്പെട്ട പുതിയൊരു സംസ്കാരവും വാഗ്ദാനം ചെയ്യുകയാണവർ, വിദ്യാഭ്യാസം വഴി.

അതിപ്രാചീനകാലം മുതൽ വിദ്യാഭ്യാസം ഭാരതത്തിൽ എന്നും മതത്തിൽ അധിഷ്ഠിതമായിരുന്നു ഹൈന്ദവരുടെ വേദേതിഹാസങ്ങളും ഉപനിഷത്തുകളും ധർമ്മശാസ്ത്രസംഹിതകളും ഇന്നും നമ്മുടെ സംസ്കാരത്തിന്റെ ഒരിക്കലും വറ്റാത്ത സ്രോതസുകളായി നിലകൊള്ളുന്നത് അതുകൊണ്ടത്രേ. മതത്തിന്റെ പവിത്രതയിലെന്നതുപോലെ വിദ്യാഭ്യാസത്തിന്റെ സംശുദ്ധിയിലും പുരോഹിതന്റെ സംപൂജ്യതയിലെന്നപോലെ ഗുരുവിന്റെ ബഹുമാന്യതയിലും അവർ അഭിമാനിച്ചിരുന്നു. ''ശിശുവിന്റെ ശാരീരികവും മാനസികവും ആത്മീയവുമായ അഭ്യുന്നതി, മനുഷ്യനിലുള്ള നന്മ മുഴുവൻ''—ഇതാണ് ഭാരതീയ വിദ്യാഭ്യാസചിന്തയുടെ ശക്തിയേറിയ അന്തർധാരകൾ. ആത്മാവിന്റെ ജ്ഞാനസ്വരൂപമറിയിക്കുന്നതും സംസാര നാശിനിയുമാണ് വിദ്യ. വിദ്യ അമരത്വം നല്കുന്നു: വിദ്യയെന്നാൽ വിനയം. ഭർത്തൃഹരി പറയുംപോലെ വിദ്യ നരനു പ്രച്ഛന്നഗുപ്തമായ ധനമാണ്, ഭോഗകരിയാണ്, യശസ്സുഖകരിയാണ്. ഗുരുക്കന്മാരിലും ഗുരുവാണ്. വിദേശഗമന വേളയിൽ ബന്ധുവാണ്; പരദേവതയാണ്. ബ്രഹ്മത്തെ പ്രാപിക്കാൻ സഹായിക്കുന്നയാളാണ് ഗുരു. അതുകൊണ്ടാണ് വിദ്യാദേവത, വാഗ്ദേവത, സരസ്വതി, മതത്തിലും സമാരാധ്യയായത്. വിദ്യതേടിയെത്തുന്ന അധ്യേതാവു മതപഠനത്തിനു സമ്പൂർണ്ണ സമർപ്പണം ചെയ്യണമായിരുന്നു. മതാചാരങ്ങളോടുകൂടിയായിരുന്നല്ലോ കുട്ടികളുടെ വിദ്യാരംഭംതന്നെ. ''വെറും അക്ഷരാഭ്യാസം വിദ്യയാകുന്നില്ലെന്നും മനുഷ്യനന്മയെ കണ്ടെത്താനുള്ള സമഗ്രമായ ഒരു യത്നമാണ് വിദ്യാഭ്യാസമെന്നും മഹാത്മജി പറയുന്നതു ഈയവസരത്തിൽ സ്മർത്തവ്യമത്രേ. ക്രൈസ്തവവും അതേ സമയം ഭാരതീയവുമായ ഈ ലക്ഷ്യങ്ങളെ മുന്നിൽക്കണ്ടുകൊണ്ട സ്ഥാപിക്കപ്പെട്ടവയാണ് കേരളത്തിലെ ക്രൈസ്തവ വിദ്യാലയങ്ങൾ.

അരിസ്റ്റോട്ടൽ പറയുന്നതുപോലെ ''അറിവു സമൂഹത്തിലെ അഭിജാതവിഭാഗത്തിനു മാത്രമുള്ള ഒരു ആർഭാട''മായിരുന്ന കാലത്താണ് എല്ലാവർക്കും അറിവും എല്ലാവർക്കും വെളിച്ചവുമായി ക്രൈസ്തവസഭകൾ കടന്നു വന്നതു കേരളത്തിൽ ആഗലവിദ്യാഭ്യാസത്തിനു തുടക്കമിട്ട ക്രൈസ്തവമിഷനറിമാരുടെ ചുവടുപിടിച്ച് പിള്ളാലത്തു ഓരോ സഭാവിഭാഗവും, അനന്തരം ഓരോ രൂപതയും, അതിന്റെ ഭദ്രദീപവുമായി രംഗത്തു വന്നു. ക്രൈസ്തവസഭകൾ നമ്മുടെ വിദ്യാഭ്യാസരംഗത്തു ചെയ്തിട്ടുള്ള സേവനങ്ങളുടെ ഗരിമാവു മനസ്സിലാക്കണമെങ്കിൽ അന്നത്തെ സാമൂഹിക പശ്ചാത്തലങ്ങൾ കൂടെ ഗ്രഹിച്ചിരിക്കണം. അയിത്തവും അസ്പൃശ്യതയും കൊടികുത്തിവാണിരുന്ന അന്തരീക്ഷത്തിൽ പള്ളികളോടു ചേർന്നു രൂപംകൊണ്ട പള്ളിക്കൂടങ്ങളിൽ എല്ലാജാതികളിലും പെട്ട വിദ്യാർത്ഥികൾ അടുത്തടുത്തിരുന്നു വിദ്യ അഭ്യസിച്ചിരുന്നതു വർണ്ണഭേദമെന്യേ എല്ലാവർക്കും വിസ്മയകരമായ ഒരനുഭവമായിരുന്നു. എല്ലാവർക്കും സ്വീകാര്യമായ ഒരു സന്മാർഗ്ഗികാന്തരീക്ഷം, ധാർമ്മികമായ ഒരു പരിതോവസ്ഥ, ഇതിലുപരിയായി മറെറാരു ലക്ഷ്യവും ക്രൈസ്തവർക്കുണ്ടായിരുന്നില്ല. യുവമാനസങ്ങളിൽ സത്യം, നീതി, ധർമ്മം, പരസ്നേഹം, സമഭാവന, സർവ്വോപരി ഈശ്വരവിശ്വാസം എന്നിവ പുലർന്നു കാണാൻ അവരാഗ്രഹിച്ചു. ഈ ലക്ഷ്യങ്ങളും ഭാരതീയമാണ്, അതേ സമയം ക്രൈസ്തവവും.

COLLEGES




St. Thomas College, Palai




Alphonsa College, Palai


Colleges (Contd.)



St. Thomas Training College, Palai



Devamatha College, Kuravilangad



St. George's College, Aruvithura

വിദ്യാഭ്യാസവികസനത്തിൽ നൂറ്റാണ്ടുകളായി ക്രൈസ്തവർ അനുഷ്ഠിച്ചുകൊണ്ടിരുന്ന അത്ഭുതാവഹമായ സേവനങ്ങളോടേതായ പശ്ചാത്തലത്തിൽ വേണം കേരളത്തിലെ ഒരു പ്രമുഖക്രൈസ്തവകേന്ദ്രമായ പാലായും പാലാരൂപതയും ഈ മഹായജ്ഞത്തിൽ വഹിച്ചിരുന്ന പങ്കിനേപ്പറ്റി അനുസ്മരിക്കാൻ. പാലാരൂപതയ്ക്ക് ഇരുപത്തഞ്ചുവയസ്സു തികയുന്ന ഈ മംഗളവേളയിൽ ഈ വിചിന്തനം തികച്ചും ഉചിതവും സ്ഥാനസ്ഥിതവുമാണെന്നു് എനിക്കു തോന്നുന്നു.

സാന്ത്വനപ്രകാശത്തിന്റെ വഴിയിൽ

പഠിക്കുക, പവിത്രീകരിക്കുക, സേവനം ചെയ്യുക— സഭയുടെ ഈ ത്രിവിധ ദൗത്യങ്ങളും സ്തുത്യർഹമാംവിധം നിർവ്വഹിക്കുകയും സാന്ത്വനപ്രകാശത്തിന്റെ നിത്യഭാസുരമായ മാർഗ്ഗത്തിൽ ചരിക്കുകയും ചെയ്യുന്ന ഒരു കർമ്മയോഗിയാണു് പാലാ രൂപതാദ്ധ്യക്ഷൻ തിരുമേനി. വിജ്ഞാനവിതരണം ഒരു പ്രേഷിതവൃത്തിയാണെന്നു് അദ്ദേഹം കരുതുന്നു. കേരളത്തിന്റെ വിദ്യാഭ്യാസപരമായ നവോത്ഥാനത്തിനു കാഹളമൂതിയ മഹാമനീഷികളിലൊരാളായ ബിഷപ്പു് വയലിൽ, രൂപതാഭരണം ഏറ്റെടുക്കുന്ന കാലത്തു് പരിമിതമായ വിദ്യാഭ്യാസസൗകര്യങ്ങളെ ഉണ്ടായിരുന്നുള്ളൂ. ഉന്നതവിദ്യാഭ്യാസം ഇന്നാട്ടുകാക്കു് ഒരു വിദൂരസ്വപ്നം മാത്രമായിരുന്നു. ചങ്ങനാശ്ശേരി എസ്. ബി., കോട്ടയം സി. എം., എസ്. കോളെജുകളായിരുന്ന ഏറ്റം അടുത്ത ഉന്നത വിദ്യാപീഠങ്ങൾ. ചങ്ങനാശ്ശേരി രൂപതയിൽ നിന്നും ഭാഗം പിരിഞ്ഞു് സ്വന്തമായ വ്യക്തിത്വത്തോടും ആസ്തികളോടുംകൂടി പ്രവർത്തിച്ചുതുടങ്ങിയ പാലാ രൂപതയിൽ ഏതാനും പ്രൈമറി–മിഡിൽ സ്കൂളുകളും അന്നും ഇന്നും ധാടിയിലും മോടിയിലും പ്രശസ്തിയിലും വലിപ്പമേറിയ പാലാ സെൻറ് തോമസ് ഹൈസ്കൂൾ ഉൾപ്പെടെ വളരെക്കുറച്ചു ഹൈസ്കൂളുകളുമേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ മീനച്ചിൽ മാപ്പിളയുടെ അധ്വാനത്തിന്റെ വീരേതിഹാസങ്ങൾ മയങ്ങിക്കിടക്കുന്ന വളക്കൂറുള്ള മണ്ണിൽ മുളച്ചുവന്ന ഈ കൊച്ചുരൂപതയെ കഴിഞ്ഞ ഇരുപത്തഞ്ചുവർഷംകൊണ്ടു് കേരളത്തിന്റെ ഉപരിവിദ്യാഭ്യാസത്തിന്റെയും ഗവേഷണത്തിന്റെയും മണ്ഡലങ്ങളിൽ ഒരു ദീപഗോപുരംപോലെ തലയുയർത്തിനില്ക്കാൻ പ്രാപ്തയാക്കി. ഇന്നു് കേരളത്തിൽ മറേറതൊരു ഭാഗത്തോടും കിടപിടിക്കത്തക്ക വിദ്യാഭ്യാസസൗകര്യങ്ങളും പാലായിലും പരിസരങ്ങളിലും ലഭ്യമാണു്.

ഉന്നത വിദ്യാഭ്യാസരംഗത്തു്

സെക്കൻഡറി സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞു് വിദൂരസ്ഥലങ്ങളിൽ പോയി ഹോസ്റ്റലുകളിൽ പാർത്തു് ഉന്നതവിദ്യാഭ്യാസം നടത്താൻ അന്നു് പലർക്കും കഴിയുമായിരുന്നില്ല. സർവ്വകലാശാലാ വിദ്യാഭ്യാസം ഒരു വിഫലസ്വപ്നം മാത്രമായി അവശേഷിച്ചിരുന്ന അക്കാലത്തു് അവർക്കു കിട്ടിയ ഒരു മഹാനിധിയാണു് പാലാ സെൻറ് തോമസ് കോളേജ്. ഇന്നു് അതൊരു ചെറിയ യൂണിവേഴ്സിറ്റിയായി വളർന്നിരിക്കുന്നു. കേരളത്തിൽ ഇത്രയധികം പോസ്റ്റ്ഗ്രാഡ്വേറ്റ് കോഴ്സുകളും ഗവേഷണസൗകര്യങ്ങളുമുള്ള സ്വകാര്യകോളേജുകളും അപൂർവ്വമായിരിക്കും. മീനച്ചിലിന്റെ സംസ്കാരവാഹിനിയായി മന്ദഗമനം ചെയ്യുന്ന കവണാറിന്റെ തീരത്തു്, അവളുടെ കാരുണ്യംകൊണ്ടുതന്നെ, ഫലഭൂയിഷ്ഠമായ അടുപതിൽപരം ഏക്കർവരുന്ന വിശാലമായ സമതലഭൂമിയിൽ സെൻറ് തോമസ് കോളേജും, കോളേജു കെട്ടിടങ്ങളും ഒരു ടൗൺഷിപ്പുപോലെ തലയുയർത്തി നില്ക്കുന്നു. മോൺ. എമ്മാനുവേൽ മേച്ചേരിക്കുന്നേൽ, ഡോ. പി. ജെ. തോമസ്, ജോർജ്ജ് തോമസ് കൊട്ടുകാപ്പിള്ളി, ഷെവ. വി. ജെ ജോസഫ്, മോൺ. ജോസഫ് കുരീത്തടം മുതലായി വിദ്യാഭ്യാസമണ്ഡലത്തിലും മതരംഗത്തും പ്രശസ്തരും പ്രഗല്ഭമേതികളുമായ മഹാരഥന്മാരായിരുന്ന ബിഷപ്പ് തിരുമേനിയോടൊപ്പം സെൻറ് തോമസിന്റെ ആദ്യകാല ശില്പികരും. മോൺ. കുരീത്തടം എന്ന അത്ഭുതമനുഷ്യന്റെ കൈയിൽ സെൻറ് തോമസിനുണ്ടായ വളർച്ച വിസ്മയകരമായിരുന്നു.

ഈ മഹാസ്ഥാപനത്തെ ഇല്ലായ്മയിൽ നിന്നുണ്ടാക്കുക എന്ന മഹായജ്ഞത്തെ ഉദാരമായ സംഭാവനകൾവഴി പ്രോത്സാഹിപ്പിച്ച ഇട്ടിഗ്വാസികളുടെ ത്യാഗനിർഭരമായ മനോഭാവത്തെ എത്ര പ്രശംസിച്ചാലും അധികമാവുകയില്ല. സെൻറ് തോമസ് കോളേജ് ആരംഭിച്ചിരുന്നില്ലെങ്കിൽ മീനച്ചിൽ താലൂക്കിലെ നിരവധി യുവാക്കൾ സെക്കൻഡറി തലത്തിൽവച്ചുതന്നെ പഠനം അവസാനിപ്പിക്കേണ്ടിവരുമായിരുന്നു. സെൻറ് തോമസിലെ മിക്ക അദ്ധ്യാപകരും അവരുടെ ബിരുദ–ബിരുദാനന്തര പഠനങ്ങൾക്കു് കടപ്പെട്ടിരിക്കുന്നതു് ഈ മഹാപാഠശാലയോടാണെന്നതു് ഒരു വസ്തുതയാണു്.

സ്ത്രീകൾക്കു കിട്ടുന്ന വിദ്യാഭ്യാസം അവരുടെ നിശ്ശബ്ദം തലമുറകൾക്കു കൈമാറുന്നുവെന്നു പറയാറുണ്ടല്ലൊ. ഗൃഹത്തിന്റെ നാലു ചുവരുകൾക്കുള്ളിൽ ക്രൈസ്തവമായ പുണ്യങ്ങൾ മാത്രം അഭ്യസിച്ചു് ഇടവകപ്പള്ളിക്കും മാതൃവിദ്യാലയത്തിനുമപ്പുറത്തു് മറെറാരു ലോ

കമുണ്ടെന്നറിയാതെ, ശാലീനതയും മുഗ്ധതയുംകൊണ്ട് മുഖാവരണമണിഞ്ഞ് വിവാഹമൊഴിച്ചു മറ്റൊരു സ്വപ്നവുമില്ലാതെ കഴിഞ്ഞുവന്ന ഇന്നാട്ടിലെ പെൺകുട്ടികൾക്ക് അറിവും വെളിച്ചവും തുടിക്കുന്ന പുതിയ ലോകങ്ങളുണ്ടെന്നു കാട്ടിക്കൊടുക്കുന്നതിലും ശ്രുപത മുൻകൈയെടുത്തു. തത്ഫലമായി ജന്മമെടുത്തതാണ്, പുണ്യചരിതയായ അൽഫോൻസായുടെ നാമത്തിലാരംഭിക്കപ്പെട്ട വനിതാകോളേജ്. ചുരുങ്ങിയ നാൾകൊണ്ട് അൽഫോൻസാ കോളേജ് കേരളത്തിലെ വനിതാകോളേജുകളുടെ മുൻപന്തിയിൽ സ്ഥാനം പിടിച്ചുകഴിഞ്ഞു. കോട്ടയം - പാലാ റോഡിന്റെ ഇരുവശത്തുമായി ഈ മഹാവിദ്യാലയങ്ങളും പാലാ ശ്രുപതയുടെ വിദ്യാഭ്യാസ പുരോഗതിയുടെ നിത്യസ്മാരകങ്ങളായി നിലകൊള്ളുന്നു—പ്രൗഢിയേറിയ സെൻറ് തോമസും സുന്ദരിയായ അൽഫോൻസായും.

ചെറുപ്പക്കാർക്ക് അധ്യാപനരംഗത്തു പരിശീലനം ലഭിക്കാൻ പ്രയാസമുണ്ടായിരുന്ന ഒരു കാലത്താണ് ആരംഭിച്ചതാണ് സെൻറ് തോമസ് ടെയിനിംഗ് കോളേജ്. ഓരോ കൊല്ലവും നൂറിൽപ്പരം വിദ്യാർത്ഥികളെ പരിശീലിപ്പിച്ചെടുക്കാൻ ഈ സ്ഥാപനത്തിനു കഴിയുന്നുണ്ട്. മറുനാടുകളിലും വിദേശങ്ങളിലും ഉപജീവനമാർഗ്ഗം തേടിപ്പോയ എത്രയെത്ര യുവാക്കൾക്ക് ശ്രേയസ്കരമായ ഭാവിയുടെ കവാടങ്ങളാണ് തുറന്നുകൊടുത്തിരിക്കുന്നു, ഈ കലാലയം.

ശ്രുപതയിലെ രണ്ടു ഫൊറോനാകളും ഉന്നത വിദ്യാഭ്യാസരംഗത്തേക്കു സധൈര്യം കടന്നുവന്നതിന്റെ സൗവർണ്ണസ്മാരകങ്ങളാണ് കുറവിലങ്ങാട് ദേവമാതാകോളേജും അരുവിത്തുറ സെൻറ് ജോർജ് കോളേജും. മിക്കവാറും എല്ലാ വിഷയങ്ങൾക്കും ബിരുദപഠനത്തിനു സൗകര്യമുള്ള ഒരു ഫസ്റ്റ് ഗ്രേഡ് കോളേജായി ദേവമാതാകോളേജ് വളർന്നുകഴിഞ്ഞിരിക്കുന്നു.

ബിരുദംകൊണ്ടും ബിരുദാനന്തരപഠനംകൊണ്ടും കാര്യമായ പ്രയോജനമില്ലാത്ത, അഭ്യസ്തവിദ്യർ സമൂഹത്തിനൊരു പേടിസ്വപ്നമായി വളർന്നുവരുന്ന, ഒരു കാലഘട്ടമാണല്ലൊ ഇതു്. സാങ്കേതികവിദ്യാഭ്യാസം ഒരളവുവരെ ഇതിനു ഫലപ്രദമായ ഒരു പരിഹാരമാണ്. ഭരണങ്ങാനത്തെ നേഴ്സസ് ടെയിനിംഗ് സ്കൂൾ, കുരുവിനാട്ടിലെ ഇൻഡസ്ട്രീയൽ ടെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ടെക്നിക്കൽ കോളേജും ശ്രുപതയിലെ ഏതാനും ബെയിസിക് ടെയിനിംഗ് സ്കൂളുകളും ഈ ചിന്തയുടെ ഫലമായി ശ്രുപമെടുത്തവയത്രെ. നല്ല കുടുംബിനികളേയും നല്ല മാതാക്കളേയും വാർത്തെടുക്കാനായി സ്ഥാപിതമായ രണ്ടു ഹോംസയൻസ് കോളേജുകളും ശ്രുപതയിലുള്ളിൽ പ്രവർത്തിക്കുന്നുണ്ട്. മൂലമറ്റത്തെ ജ്യോതി ഹോം സയൻസ് കോളേജ് പൂവരണിയിലെ നിർമ്മലാ ഹോം സയൻസ് കോളേജ് തുടങ്ങിയ സ്ഥാപനങ്ങളും സുന്ദരവും സൗഭാഗ്യകരവുമായ കുടുംബജീവിതത്തിനു് യുവതികളെ പ്രാപ്തരാക്കുന്നു.

സെക്കൻഡറി, അപ്പർ പ്രൈമറി വിദ്യാഭ്യാസരംഗങ്ങളിൽ ശ്രുപത അനുഷ്ഠിക്കുന്ന സേവനം എത്ര പ്രശംസിച്ചാലും അധികമാവുകയില്ല. മുപ്പത്തിയേഴ് ഹൈസ്കൂളും അത്രയും തന്നെ യു. പി. സ്കൂളും നൂറിലേറെ എൽ. പി. സ്കൂളുമാണിവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതു്. ഈ വിദ്യാലയങ്ങളിലൂടെ പഠിച്ചു്, വിവിധ കർമ്മരംഗങ്ങളിലേക്കു കടന്നുവരുന്നവരിൽ ഒരു നല്ല ശതമാനം അക്രൈസ്തവരാണെന്നു് നാം അനുസ്മരിക്കേണ്ടതുണ്ട്.

വിദ്യാഭ്യാസത്തിന്റെ ഏതു മണ്ഡലമെടുത്താലും അവിടെ നാം കാര്യമായി പുരോഗതി കൈവരിച്ചിരിക്കുന്നതായി കാണാം. അഭ്യസ്തവിദ്യരായ തൊഴിൽരഹിതരുടെ അംഗസംഖ്യ വർദ്ധിപ്പിക്കാൻ മാത്രമുപകരിക്കുന്നതെന്നു് പരക്കെ ആക്ഷേപിക്കപ്പെട്ടാലും വിജ്ഞാനത്തിന്റെ വിവിധമേഖലകളിൽ അത്ഭുതകരമായ നേട്ടങ്ങൾ മൈകവരിക്കാൻ ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായം കൊണ്ടു നമുക്കു കഴിഞ്ഞിരിക്കുന്നു. അച്ചടക്കത്തിൽ, ശിക്ഷണത്തിൽ, വിജയനിലവാരത്തിൽ ഇവിടത്തെ ഒരു കലാലയവും ഒന്നിന്റെയും പിന്നിലല്ല. സെൻറ് തോമസ് കോളെജും അൽഫോൻസാകോളെജും ചേർന്നു് നമ്മുടെ കായികാഭ്യാസരംഗത്തു്, സ്പോർട്സിലും ഗെയിംസിലും, സൃഷ്ടിക്കുന്ന അത്ഭുതങ്ങൾ നിസ്സാരമല്ല. അന്തർദ്ദേശീയ കായികരംഗങ്ങളിൽപ്പോലും സെൻറ് തോമസിന്റേയും അൽഫോൻസായുടെയും വീരസന്താനങ്ങൾ മികച്ച പ്രകടനങ്ങൾ കാഴ്ചവയ്ക്കുന്നു.

ഇനി എന്തു്?

ജൂബിലിയുടെ അനുഗ്രഹത്തിമർപ്പിൽ ഒരു ചോദ്യം നമ്മുടെ മുമ്പിൽ അവശേഷിയ്ക്കുന്നു: ഇനി എന്തു് എന്ന ചോദ്യം. ഇരുപത്തഞ്ചു വർഷം കൊണ്ടു് നമ്മുടെ ശ്രുപത വളർന്നിരിക്കുന്നു. ശ്രുപതയോടൊപ്പം നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങളും. ബിരുദധാരിയായ ഒരു മകനോ മകളോ ഇരുപത്തഞ്ചുവർഷം മുമ്പു് ഒരു മഹാസ്വപ്നമായിരുന്ന ഗ്രാമീണരായ മാതാപിതാക്കളുടെ സ്ഥാനത്തു് ഇന്നു് ബിരുദമുള്ളവരും ബിരുദാനന്തരയോഗ്യതയുള്ളവരുമായ മക്കളേക്കൊണ്ടു് അഭിമാനിക്കുന്ന മാതാപിതാക്കളെ നമു


Greetings to the Jubilarian Mar Sebastian Vayalil

FROM

CONGREGATION OF MOTHER OF CARMEL


Mount Carmel Generalate
Carmel Road
Alwaye - 6

AIR - INDIA



Mahatma Gandhi Road
COCHIN

ക്ലരീഷ്യൻ കോൺഗ്രിഗേഷൻ



ക്ലരീഷ്യൻ കോൺഗ്രിഗേഷന്റെ
ഇൻഡ്യയിലെ മാതൃഭവനം ഉദ്ഘാടനംചെയ്യപ്പെട്ടപ്പോൾ.

ക്രിസ്തുനാഥന്റെ ദിവ്യാഹ്വാനം സ്വീകരിച്ചുകൊണ്ട് —
വി. ആന്റണി ക്ലാരെറിന്റെ കാല്പാടുകളെ പിൻതുടർന്നുകൊണ്ട് —
വിവിധ പ്രേഷിതരംഗങ്ങളിൽ സേവനമനുഷ്ഠിക്കുവാൻ
ആഗ്രഹിക്കുന്ന യുവാക്കളെ സ്വാഗതംചെയ്യുന്നു.

S.S.L.C. യൊ P.D.C. യൊ നല്ല മാർക്കോടുകൂടി
പാസ്സാകുന്ന വിദ്യാർത്ഥികളും എഴുതുക:—

Fr. Director
Claret Bhavan
Kuravilangad 686633

സന്ദർഭോചിതമായി അണിയാനുള്ള
അത്യാകർഷകങ്ങളായ
സാരികൾ



ശീമാട്ടി

നിങ്ങളുടെ പ്രിയപ്പെട്ട വസ്ത്ര വ്യാപാരികൾ
വ്യാപാരശാലകൾ
എറണാകുളം, കോട്ടയം, കൊല്ലം.
ചങ്ങനാശ്ശേരി, ആലപ്പുഴ, തിരുവല്ല.
MANAGED BY S. വീരയ്യറെഡ്ഡ്യാർ

പാലായുടെ സാംസ്കാരികപാരമ്പര്യം

സാഹിത്യസാംസ്കാരിക രാഷ്ട്രീയ മണ്ഡലങ്ങളിൽ ഇന്നാട്ടുകാർ ചെയ്തിട്ടുള്ള പ്രശസ്ത സേവനങ്ങളെക്കുറിച്ച് ഒരു പ്രത്യവലോകനം

അഞ്ഞൂറ്റിമംഗലം

കഷ്ടകേരളത്തിന്റെ സിരാകേന്ദ്രമെന്ന പ്രശസ്തി നൂറ്റാണ്ടുകളായി നിലനിറുത്തിപ്പോരുന്ന പാലാനഗരവും പരിസരപ്രദേശങ്ങളും മറ്റു കമ്മ്മണ്ഡലങ്ങളിലെന്നപോലെ തന്നെ കലാസാംസ്കാരികരംഗങ്ങളിലും അത്യുന്നതമായ ഒരു സ്ഥാനമാണ് അലങ്കരിച്ചുപോരുന്നത്. പാലാ രൂപതയുടെ ആവിർഭാവത്തോടെ നവമായ ഒരു ചൈതന്യവും കൂടി അതിനെ കൈവന്നിരിക്കുകയാണ്.

മലയാളഭാഷയെ സംബന്ധിച്ചിടത്തോളം അതിന്റെ വളർച്ചയിലെ നാഴികക്കല്ലുകളെന്നു വിശേഷിപ്പിക്കാവുന്ന സാഹിത്യപ്രസ്ഥാനങ്ങളിൽ പലതും പൊട്ടിവിടർന്നതു് വളക്കൂറുള്ള ഈ മണ്ണിലാണെന്നു പറഞ്ഞാൽ അതിൽ അശേഷം അതിശയോക്തിയില്ല.

ആദ്യത്തെ ഗദ്യകൃതി

കൈരളിക്കു ലഭിച്ച ആദ്യത്തെ ഗദ്യകൃതിയെന്നു പണ്ഡിതസാർവ്വഭൗമനും ഭാഷാചരിത്രകാരനുമായ മഹാകവി ഉള്ളൂർ തീർപ്പുകല്പിച്ച 'വർത്തമാനപ്പുസ്തകം' മീനച്ചിലിന്റെ സംഭാവനയാണ്. മലയാളത്തിലെ ആദ്യത്തെ സഞ്ചാരസാഹിത്യകൃതിയെന്ന നിലയിലും വർത്തമാനപ്പുസ്തകം പ്രഖ്യാതമത്രെ. അതുകൊണ്ടും കൃതിയുടെ മേന്മ അവസാനിക്കുന്നില്ല. ശതക്കണക്കിനുള്ള ഭാരതീയഭാഷകളും ഒന്നടങ്കം കണക്കിലെടുത്താലും നടാടെ രചിക്കപ്പെട്ട സഞ്ചാരകഥയാണതെന്നുകൂടി സാഹിത്യഗവേഷകനായ ഉള്ളൂർ സമർത്ഥിച്ചിട്ടുണ്ട്.

ക്കിവിടെ എത്രവേണമെങ്കിലും കാണാം. പ്രീഡിഗ്രിതലം വരെയെങ്കിലും വിദ്യാഭ്യാസം ലഭിച്ചവർ എത്രയധികം. ഇതു നമ്മുടെ നേട്ടമാണ്. അഭിമാനാർഹമായ നേട്ടം. എന്നാൽ നമ്മുടെ യുവാക്കൾക്ക് അക്ഷരാഭ്യാസം നല്കാൻ മാത്രമല്ല അവരെ അന്തസ്സുള്ള പൗരന്മാരായി വാർത്തെടുക്കാനുള്ള മഹായജ്ഞത്തിൽക്കൂടി നാം സഹകരിച്ചേ മതിയാവൂ. വിദ്യയെന്നാൽ അക്ഷരാഭ്യാസം മാത്രമല്ല. മാറിക്കൊണ്ടിരിക്കുന്ന ജീവിതപശ്ചാത്തലങ്ങൾക്കും സാഹചര്യങ്ങൾക്കും അനുസൃതമായി വിദ്യാഭ്യാസത്തെ നാം പുനഃക്രമീകരിച്ചേ മതിയാവൂ. നമ്മുടെ യുവജനങ്ങൾ ഏതു നാട്ടിലും ചെന്ന് ഏതു തൊഴിലും ചെയ്ത് മാന്യമായി ജീവിക്കാനും അന്തസ്സുറ്റവിധം ഉപജീവനമാർഗ്ഗം തേടാനും ഉപകരിക്കുന്നവിധം വിദ്യാഭ്യാസമണ്ഡലം നവീകരിക്കപ്പെടണം. വിദ്യാഭ്യാസത്തെക്കുറിച്ചുള്ള നമ്മുടെ വിചിന്തനങ്ങളിൽ വിപ്രവകരങ്ങളായ വ്യതിയാനങ്ങൾ ഉണ്ടാവുകയാണിതിന്റെ ആദ്യപടി. ''ക്രിസ്ത്യാനികൾ സ്കൂളുകൾ പണിതു് കുട്ടികളെ അക്ഷരം പഠിപ്പിക്കുന്നു. പഠിച്ചുകഴിഞ്ഞാൽ അവർക്കു വായിക്കാൻ പുസ്തകങ്ങൾ കൊടുക്കുന്നതു് കമ്യൂണിസ്റ്റുകാരാണ്'' എന്നു പറയാറുണ്ട്. നമ്മുടെ വിദ്യാഭ്യാസത്തിന്റെ പോരായ്മകളിലേയ്ക്കു വെളിച്ചംവീശുന്നതാണീപ്രസ്താവം. നമ്മുടെ കലാലയങ്ങളും ബിരുദധാരികളായ നമ്മുടെ മക്കളും നമുക്കുതന്നെ ആപത്തായിത്തീരാതിരിക്കാൻ ശ്രദ്ധിച്ചേ തീരൂ. ആ വഴിക്ക് ഉറക്കെ ചിന്തിക്കുന്നിടം വരെ വിദ്യാഭ്യാസരംഗത്തു് എത്രമാത്രം പുരോഗമിച്ചാലും നമുക്കെത്രനിലയിൽ കെട്ടിടങ്ങളുണ്ടായാലും ഇടവകതോറും കോളെജുകൾ ആരംഭിച്ചാലും, ആ വളർച്ച അപൂർണ്ണമായിരിക്കും; രോഗാതുരമായിരിക്കും. അപൂർണ്ണജ്ഞാനം ആപത്കരമായിരിക്കുന്നതുപോലെ അപൂർണ്ണവിജ്ഞാനം വിനാശകരമാവാതിരിക്കാൻ നാം ഉത്സാഹിച്ചേ മതിയാവൂ. സാങ്കേതികവിദ്യാഭ്യാസരംഗത്തു് നാം എത്ര പിന്നിലാണെന്ന് അനുസ്മരിപ്പിക്കാനാണ് ഇത്രയും കുറിച്ചതു്. തൃപ്തികരമായ തൊഴിലും ജീവിതഭദ്രതയുമാണ് കുടുംബത്തിന്റെയും സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും ക്ഷേമത്തിന്റെ അടിത്തറ. രജതജൂബിലിയുടെ പടവുകൾ ചവിട്ടി സുവർണ്ണരേഖകളിലേയ്ക്കു വളരുന്ന പാലാ രൂപതയുടെ ഇനിയത്തെ ചിന്ത ഈ വഴിയ്ക്കാകട്ടെ എന്നു നമുക്കു പ്രത്യാശിക്കാം.

വർത്തമാനപുസ്തകത്തിന്റെ കർത്താവായ പാറേമ്മാക്കൽ തോമ്മാക്കത്തനാർ കാലയവനികയ്ക്കുള്ളിൽ മറഞ്ഞിട്ട് 1976 മാർച്ച് 20—ാംതീയതി 177 കൊല്ലം തികയുകയാണ്. ബഹുമുഖങ്ങളായ സിദ്ധികൾ കൊണ്ട് അനുഗൃഹീതനായിരുന്ന അദ്ദേഹം കേരളീയർക്കാകെ വഴികാട്ടിയും നേതാവുമായിരുന്നു. കേരള ക്രൈസ്തവസഭയെ വൈദേശിക നുകത്തിൽനിന്നു മോചിപ്പിക്കുവാൻ മുൻകയ്യെടുത്ത ദേശാഭിമാനികളുടെ മുൻനിരയിലാണ് നാമദ്ദേഹത്തെ കാണുന്നതു്. യാത്രാസൗകര്യങ്ങൾ തുലോം വിരളമായിരുന്ന അക്കാലത്തു് വർഷങ്ങൾ നീണ്ടുനിന്ന കപ്പൽയാത്ര ചെയ്തു റോമിലെത്തി മാർപ്പാപ്പാ തിരുമേനിയെ നേരിട്ടുകണ്ടു നിവേദനം സമർപ്പിക്കാനും, പോർച്ചുഗലിന്റെ തലസ്ഥാനമായ ലിസ്ബൺ നഗരത്തിൽച്ചെന്നു അന്നത്തെ ചക്രവർത്തിയോടു് ന്യായവാദം നടത്താനും ആ സാഹസികൻ മടിച്ചില്ല. തന്റെ സാഹസിക പര്യടനത്തെ സംബന്ധിച്ച വിവരങ്ങൾ അപ്പഴപ്പോൾ എഴുതി സൂക്ഷിക്കാനുള്ള ദീർഘദൃഷ്ടിയും അദ്ദേഹത്തിനുണ്ടായിരുന്നു. ഈ കുറിപ്പുകളാണു വർത്തമാനപുസ്തകമെന്ന പേരിൽ പിൽക്കാലത്തു പ്രസിദ്ധീകൃതമായതു്. വളരെ താമസിച്ചാണെങ്കിലും ഈ ഗ്രന്ഥത്തിന്റെ രണ്ടാംഭാഗവും കൂടി അദ്ദേഹത്തിന്റെ തന്നെ മറ്റൊരു കൃതിയായ ''ഭൂലോകഭൂമിശാസ്ത്രം''ത്തോടൊപ്പം പ്രസിദ്ധീകരിക്കാനുള്ള ശ്രമം ആരംഭിച്ചുകഴിഞ്ഞിരിക്കുകയാണു്.

ഇന്നും ഒരു ഉൾനാടൻ ഗ്രാമം മാത്രമായ കടനാട്ടിൽ ജനിച്ചുവളർന്ന പാറേമ്മാക്കലച്ചനു് മലയാളഗദ്യസാഹിത്യത്തിന്റെ പിതാവെന്നനിലയിലും കേരളകത്തോലിക്കരുടെ (കൊടുങ്ങല്ലൂർ രൂപതയുടെ എല്ലാ സുറിയാനിക്കാരും) ഗോവർണ്ണദോർ (അഡ്മിനിസ്ട്രേറ്റർ) എന്ന നിലയിലും അനശ്വരതനേടാൻ കഴിഞ്ഞതു നിസ്സാരകാര്യമല്ല. പ്രതിഭാവിലാസത്തേക്കാളേറെ ആദ്ധ്യാത്മികാഭിമുഖ്യവും, സർവ്വോപരി ദൈവാധീനവുമാണു് അദ്ദേഹത്തിന്റെ വിജയരഹസ്യമെന്നു കാണാം. അദ്ദേഹത്തിന്റെ പേരിൽ ഇന്നാട്ടുകാർ അഭിമാനം കൊള്ളുന്നതിൽ ആശ്ചര്യത്തിനവകാശമില്ലല്ലൊ.

വഞ്ചിപ്പാട്ടു്

കേരളത്തിന്റെ ദേശീയവിനോദമായ വള്ളംകളിയുമായി ബന്ധപ്പെട്ടു് ജനഹൃദയങ്ങളിൽ ലയിച്ചുചേർന്ന 'വഞ്ചിപ്പാട്ടും' മീനച്ചിലിന്റെ സംഭാവനയാണു്. ഈ പ്രസ്ഥാനത്തിന്റെ ജനയിതാവായ രാമപുരത്തു വാര്യരെ മലയാളികൾക്കു മറക്കാനാവില്ലല്ലൊ. തിരുവിതാംകൂറിലെ ഒരു മുൻനാടുവാഴിയുമായി മഹാകവി വാര്യർക്കുണ്ടായിരുന്ന അടുപ്പം അദ്ദേഹത്തെ ഒരു ചരിത്രപുരുഷനെന്ന പദവിയിൽവരെ കൊണ്ടുചെന്നെത്തിച്ചിട്ടുണ്ടു്. മഹാരാജാവിന്റെ കല്പനയനുസരിച്ചു് അദ്ദേഹം രചിച്ച 'കുചേലവൃത്ത'ത്തിലൂടെ സമുദ്ഘാടനം ചെയ്യപ്പെട്ട വഞ്ചിപ്പാട്ടെന്ന സാഹിത്യശാഖ ഒരു മഹാപ്രസ്ഥാനമായി വളർന്നു പന്തലിച്ചുകഴിഞ്ഞിരിക്കുന്നു.

മലയാളപദ്യസാഹിത്യത്തിലെ മറ്റൊരു പ്രസ്ഥാനമായ തുള്ളൽപ്പാട്ടിനെ സംബന്ധിച്ചും മീനച്ചിലിനു ചില അവകാശങ്ങൾ മുന്നോട്ടുവയ്ക്കുവാനുണ്ടു്. ഈ പ്രസ്ഥാനത്തിന്റെ ജനയിതാവായ കലക്കത്തു കുഞ്ചൻനമ്പ്യാരുടെ പിതാവു കിടങ്ങൂർ സ്വദേശിയായ ഒരു നമ്പൂതിരിയായിരുന്നെന്നും, പിതൃഗൃഹത്തിലാണു നമ്പ്യാർ തന്റെ ബാല്യകാലം കഴിച്ചുകൂട്ടിയതെന്നുമുള്ള ഐതിഹ്യത്തിൽ കഴമ്പുണ്ടെങ്കിൽ അദ്ദേഹത്തിന്റെ കാവ്യകൗതുകം മൊട്ടിട്ടു വളർന്നതു് മീനച്ചിലിന്റെ അന്തരീക്ഷത്തിലാണെന്ന ന്യായമായും നമുക്കഭിമാനിക്കാവുന്നതാണു്.

പുതിയ മേഖലകൾ

മറ്റേതു ഭാഷയിലുമെന്നതുപോലെ മലയാളത്തിലും ആദ്യമായി വികാസം പ്രാപിച്ചതു പദ്യശാഖയാണു്. ഒറ്റ ശ്ലോകങ്ങളും, ലഘുകവിതകളും, ഖണ്ഡകാവ്യങ്ങളും മഹാകാവ്യങ്ങളും മറ്റുമായി ഒട്ടേറെ വിശിഷ്ട കൃതികൾ നമുക്കുണ്ടായി. പക്ഷേ പ്രതിപാദനരീതിയിലല്ലാതെ ഉള്ളടക്കത്തിൽ പറയത്തക്ക വൈജാത്യമോ വൈവിധ്യമോ അവയ്ക്കുണ്ടായിരുന്നില്ല. എല്ലാ കൃതികളുടേയും ഇതിവൃത്തം ഏറെക്കുറെ ഒന്നുതന്നെ ആയിരുന്നു. പറയുന്ന രീതിക്കും വിശദാംശങ്ങൾക്കും മാത്രമാണു പ്രാധാന്യം കല്പിച്ചിരുന്നതു്.

ഹൈന്ദവപുരാണേതിഹാസങ്ങളെ ഉപജീവിച്ചാണു് പ്രസ്തുത കൃതികളെല്ലാം തന്നെ രചിക്കപ്പെട്ടതു്. ബ്രാഹ്മണഭാഷയായ സംസ്കൃതത്തിൽനിന്നുള്ള കൃതികളും ധാരാളമായി വിവർത്തനം ചെയ്യുകയുണ്ടായി. ഉള്ളടക്കത്തിന്റെ കാര്യത്തിൽ അവയും ഇതിൽനിന്നു ഭിന്നമായിരുന്നില്ല. രാമനും സീതയും, കൃഷ്ണനും രാധയും, ശിവനും പാർവ്വതിയും, ബ്രഹ്മാവും സരസ്വതിയും, ദുഷ്യന്തനും ശകുന്തളയും, സത്യവാനും സാവിത്രിയും, നളനും ദമയന്തിയുമെല്ലാം മലയാളകാവ്യങ്ങളിലെ സ്ഥിരം നായികാനായകന്മാരായിരുന്നു. ഈ പാനലിനു പുറത്തു് മറ്റാരേയും കണ്ടെത്താൻ മഹാകവികൾക്കുപോലും കഴിഞ്ഞില്ല. അവരുടെ ലോകം അത്രക്കിടുങ്ങിയതായിരുന്നു. അചഞ്ചലമായ ആദ്ധ്യാത്മികാഭിമുഖ്യവും, ആർഷസംസ്കാരത്തോടുള്ള അതിരുകടന്ന

ക്കും, അവയുടെ ധാരാവാഹിയായ പുരാണേതിഹാസങ്ങളിൽ എല്ലാമെല്ലാം ഒത്തിണങ്ങിയിട്ടുണ്ടെന്ന മുൻവിധിയുമാവണം മറ്റു മേഖലകളുടെ നേരെ കണ്ണടയ്ക്കാൻ അവരെ പ്രേരിപ്പിച്ചതു്.

"സംഗീതമപി സാഹിത്യം സരസ്വത്യാസ്തനദ്വയം" എന്നു് ആരോ പറഞ്ഞുവച്ചതു വേദവാക്യമായിക്കരുതി, സരസ്വതീകടാക്ഷത്തിനുവേണ്ടി പഴമയുടെ അകത്തളങ്ങളിൽ തപസ്സിരുന്ന അന്നത്തെ കവികൾക്കു് ഇരുളടഞ്ഞ നാലുകെട്ടുകളുടേയും എട്ടുകെട്ടുകളുടേയും ജാലകങ്ങൾ തട്ടിത്തുറന്നു് പുതിയ മേച്ചിൽസ്ഥലങ്ങൾ കാണിച്ചുകൊടുത്തതു് പാലായുടെ പ്രേഷ്ഠസന്താനമായ മഹാകവി കട്ടക്കയത്തിൽ ചെറിയാൻ മാപ്പിളയാണു്. ഭാരതീയരല്ലാത്ത കുറെ കഥാപാത്രങ്ങളെ താൻ തന്നെ രചിച്ച ശ്രീയേശുവിജയമെന്ന മഹാകാവ്യത്തിലൂടെ അദ്ദേഹം തന്റെ ഭ്രാതാക്കൾക്കു പരിചയപ്പെടുത്തിക്കൊടുത്തു. മലയാളപദ്യസാഹിത്യത്തിലെ മാത്രമല്ല, ഗദ്യസാഹിത്യത്തിലെ തന്നെയും ഒരു പുതിയ വഴിത്തിരിവെന്നോ പ്രസ്ഥാനമെന്നോ ഈ കാൽവയ്പിനെ വിശേഷിപ്പിക്കാമെന്നു തോന്നുന്നു.

വിശ്വസാഹിത്യത്തിൽ അനേകമനേകം വിശിഷ്ടകൃതികൾക്കു ജന്മമരുളിയ ബൈബിൾ കഥകളെ ഇതിവൃത്തമാക്കിയുള്ള കാവ്യസൃഷ്ടിയിൽ മലയാളികൾ വ്യാപൃതരായതു് ചെറിയാൻ മാപ്പിളയുടെ ചുവടുപിടിച്ചാണു്. മഹാകവി വള്ളത്തോളിന്റെ 'മഗ്ദലനമറിയം' തുടങ്ങിയ വിലപ്പെട്ട കൃതികൾ ഈ വഴിക്കുള്ള മികച്ച സംഭാവനകളാണു്.

സാമൂഹ്യനാടകങ്ങൾ

കൈരളിയെ സമ്പന്നമാക്കിയ മറ്റൊരു കലാശാഖയാണു് നാടകം. ആദ്യകാല ഗദ്യപദ്യകൃതികളെപ്പോലെതന്നെ നാടകങ്ങളും ദേവീദേവന്മാരേയും ഇതിഹാസപുരുഷന്മാരേയും ചൂഴ്ന്നുനിന്നിരുന്നു. ഗദ്യവും പദ്യവും ഇടകലർന്നു് രൂപകങ്ങൾ എന്ന പേരിലാണു് അവ അറിയപ്പെട്ടിരുന്നതു്. ഭാരതീയ നാട്യാചാര്യനായ ഭരതമുനിയുടെ അനുശാസനങ്ങളായിരുന്ന രൂപകങ്ങളുടെ മാനദണ്ഡം. നായകൻ ദേവനോ, രാജാവോ, ഋഷിയോ, യുദ്ധവീരനോ ആയിരിക്കണമെന്നുള്ള സിദ്ധാന്തങ്ങളെ മറികടക്കാൻ ആരും ധൈര്യപ്പെട്ടിരുന്നില്ല. ഈ യാഥാസ്ഥിതികത്വത്തിനു് ഇളക്കം തട്ടിയതു് സാമൂഹ്യനാടകങ്ങളുടെ ആവിർഭാവത്തോടുകൂടിയാണു്.

മലയാളക്കരയിൽ അങ്ങോളമിങ്ങോളം അവതരിപ്പിക്കപ്പെടുകയും ആയിരങ്ങളെ ആകർഷിക്കുകയും ചെയ്ത ആദ്യത്തെ സാമൂഹ്യനാടകം മാപ്പിളക്കുന്നേൽ മത്തായി മാപ്പിള എഴുതിയ ''ചാക്കോച്ചന്റെ പുനർവിവാഹ''മാണെന്നു് അധികമാരും അറിഞ്ഞിരിക്കുകയില്ല. തനി നാടന്മാരും സാധാരണക്കാരുമായ ചാക്കോച്ചനേയും അന്നമ്മയേയും ശങ്കരൻ നായരേയുമൊക്കെ കീഴ്നടപ്പിനു വിപരീതമായി രംഗത്തവതരിപ്പിക്കാനുള്ള ധൈര്യം അദ്ദേഹത്തിനുണ്ടായി.

പാലാ രൂപതയിൽപ്പെട്ട മീനിച്ചിലാണു് മത്തായി മാപ്പിളയുടെ ജന്മദേശം. അക്കാലത്തു നാടകകലയോടു് ക്രൈസ്തവസമുദായത്തിനുണ്ടായിരുന്ന വിപ്രതിപത്തികൊണ്ടാവണം അദ്ദേഹത്തിനു് അർഹിക്കുന്ന പ്രശസ്തി ലഭിക്കാതെപോയതു്.

അറിയപ്പെടാത്ത ഒരു ശബ്ദകോശം

സുമാർ 75 കൊല്ലം മുമ്പു് 1901—ൽ തന്റെ സ്വദേശമായ പാലായിൽ ഇടംപ്രഥമമായി ഒരു അച്ചടിശാല (മാർ തോമ്മാശ്ലീഹാ പ്രസ്) സ്ഥാപിക്കുകയും 'മാർത്തോമ്മാക്രിസ്ത്യാനികൾ' എന്ന ചരിത്രഗ്രന്ഥമുൾപ്പെടെ ഏതാനും ബൃഹത്ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുകയുംചെയ്ത കളപ്പുരയ്ക്കൽ അന്ത്രയോസ് മല്പാൻ മലയാളത്തിലെ മറ്റൊരു പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവാണു്. ക്രൈസ്തവരുടെ വേദഭാഷയായ സുറിയാനിക്കു് കേരളക്കരയിലും അർഹിക്കുന്ന പരിഗണനയും അംഗീകാരവും നേടിക്കൊടുക്കുകയെന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. ക്രിസ്തുവും അവിടുത്തെ ശിഷ്യഗണങ്ങളും സംസാരിച്ചിരുന്ന, സുവിശേഷങ്ങൾ പ്രഘോഷണം ചെയ്യപ്പെട്ട ആ ഭാഷ തന്റെ നാട്ടിലും വേരുറച്ചുകാണാൻ ഒരു വൈദികനും കൂടിയായ അദ്ദേഹം ആഗ്രഹിച്ചതു് തികച്ചും സ്വാഭാവികംതന്നെ.

ശാസ്ത്രീയവും അടിസ്ഥാനപരവുമായിരുന്ന മല്പാനച്ചന്റെ സമീപനം. മലയാളത്തിൽ ഒരു സുറിയാനി വ്യാകരണംതന്നെ അദ്ദേഹം പ്രസിദ്ധപ്പെടുത്തി. ഒരു സുറിയാനി മലയാളം നിഘണ്ടുവിന്റെ നിർമ്മിതിയിലാണു് അടുത്തതായി അദ്ദേഹം വ്യാപൃതനായതു്. ശ്രമകരമായ ഈ ഉദ്യമത്തിലും അദ്ദേഹം വിജയശ്രീലാളിതനായി.

ഒരു പാലാക്കാരൻ നടത്തിയ ഈ ബ്രഹ്മാണ്ഡപ്രയത്നത്തിന്റെ കഥയറിയാവുന്നവരായി അദ്ദേഹത്തിന്റെ ജന്മദേശത്തുതന്നെ എത്രപേരുണ്ടു്? എങ്കിലും മംഗലപ്പുഴ സെമിനാരിയിലെ പ്രഗത്ഭനായ സുറിയാനി പ്രൊഫസ്സറെന്ന നിലയിൽ അദ്ദേഹം സുപരിചിതനാണു്. അദ്ദേഹം നിര്യാതനായിട്ടു് കാൽ നൂറ്റാണ്ടു കഴിയുന്നു.

മലയാളികളുടെ സുറിയാനിഭാഷാപോഷണത്തെപ്പറ്റി പറയുമ്പോൾ യശ്ശ:ശരീരനായ പനങ്കുഴ സ്സലച്ചനേയും സ്വദേശമായ അരുവിത്തുറയിൽ വി ശ്രമജീവിതം നയിക്കുന്ന വന്ദ്യവയോധികനായ അ രയത്തിനാലച്ചനേയും വിസ്മരിക്കാനാവില്ല. ഇരു വരും പാലാ രൂപതയുടെ വരിഷ്ഠസന്താനങ്ങളത്രെ.

ഭഗീരഥപ്രയത്നം

ഭാഷാപോഷണത്തിൽ ഈ പ്രദേശത്തിന്റെ പാരമ്പര്യം നിലനിറുത്തിയവരിൽ പലതുകൊ ണ്ടും ശ്രദ്ധേയനാണ് അടുത്തകാലത്ത് അന്തരിച്ച പത്മശ്രീ. മാത്യു എം. കുഴിവേലി. മലയാളത്തിൽ ആദ്യമായി ഒരു വിശ്വവിജ്ഞാനകോശം നിർമ്മി ക്കാൻ ഇറങ്ങിപ്പുറപ്പെട്ട അതിസാഹസികനാണദ്ദേ ഹം. 'ഭഗീരഥപ്രയത്ന'മെന്നേ അദ്ദേഹത്തിന്റെ ഈ സംരംഭത്തെ വിശേഷിപ്പിക്കാനാവൂ.

ഗവൺമെന്റുകൾക്കോ, വിപുലമായ സാമ്പ ത്തികശേഷിയുള്ള ട്രസ്റ്റുകൾക്കോ പോലും ശ്രമകര മായി അനുഭവപ്പെട്ടേക്കാവുന്ന ഈ സാഹസോദ്യമ ത്തിൽ വിജയം വരിച്ച കുഴിവേലിസാർ മലയാള ഭാഷ നിലനില്ക്കുന്നിടത്തോളം കാലം ആദരപൂർവ്വം സ്മരിക്കപ്പെടുമെന്നുള്ളതു തീർച്ചയാണ്. ഏതാ ണ്ട് അതേ കാലയളവിൽത്തന്നെ സംസ്ഥാനഗവൺ മെന്റു തുടങ്ങിവച്ച വിജ്ഞാനകോശത്തിന്റെ നിർ മ്മാണം വളരെയൊന്നും പുരോഗമിച്ചിട്ടില്ലെന്നു മന സ്സിലാക്കുമ്പോഴാണ് ശ്രീ. കുഴിവേലിയുടെ ഇച്ഛാ ശക്തിയും കർമ്മകുശലതയും എത്രമാത്രമെന്നു നമുക്കു ബോദ്ധ്യമാവുക.

തന്റെ പ്രയത്നം പൂവണിയുന്നതു കണ്ടുകൊണ്ട് അഭിമാനത്തോടും ചാരിതാർത്ഥ്യത്തോടുംകൂടി ജീവി തത്തോടു വിടവാങ്ങാനുള്ള ഭാഗ്യം ശ്രീ. കുഴിവേലി ക്കുണ്ടായി. അദ്ദേഹം മരിക്കുന്നതിനു് ഏതാനും മാ സം മാത്രം മുമ്പാണ് 'വിജ്ഞാനത്തിന്റെ എട്ടാമ ത്തേതും അവസാനത്തേതുമായ വാല്യം സ്വന്തം നാ ടായ പാലായിൽ വച്ച് ഔപചാരികമായി പ്രസി ദ്ധീകരിക്കപ്പെട്ടതു്. പാലാ മെത്രാൻ മാർ സെബാ സ്റ്റ്യൻ വയലിൽ തിരുമനസ്സിലെ മഹനീയ രക്ഷാ ധികാരിത്വത്തിലും, കേരളത്തിലെ സാഹിത്യപ്രേ മികളുടെ സംയുക്താഭിമുഖ്യത്തിലും, സംസ്ഥാന മന്ത്രിമാരിലൊരാളിന്റെ സാന്നിദ്ധ്യത്തിലും നട ത്തപ്പെട്ട ഉദ്ഘാടനച്ചടങ്ങുകളിൽ സംബന്ധിക്കാൻ വയോധികനായ അദ്ദേഹത്തിനു സാധിച്ചെങ്കിലും രണ്ടുവാക്കു സംസാരിക്കാനുള്ള ശേഷി അദ്ദേഹത്തി നില്ലാതെപോയി. കഠിനാദ്ധ്വാനം അത്രയ്ക്കും അദ്ദേ ഹത്തെ തളർത്തിയിരുന്നു. മലയാളത്തിലെ ബാല സാഹിത്യപ്രസ്ഥാനവും മറ്റാരേയുംകാൾ ശ്രീ കുഴി വേലിയോടാണ് കടപ്പെട്ടിരിക്കുന്നതു്. മരണത്തി നുശേഷമായാലും നമ്മുടെ രാഷ്ട്രത്തലവൻ ഉന്നത ദേ ശീയബഹുമതി നല്കി അദ്ദേഹത്തെ ആദരിച്ചതു് ഉചിതമായി.

സാഹിത്യകാരനായ ധനതത്വശാസ്ത്രജ്ഞൻ

മദ്രാസ് യൂണിവേഴ്സിറ്റി പ്രൊഫസ്സർ, ഇൻഡ്യാഗവൺമെന്റിന്റെ ധനകാര്യോപദേഷ്ടാ വ് തുടങ്ങിയ ഭാരിച്ച ജോലിത്തിരക്കുകൾക്കിടയി ലും സാഹിത്യരചനയ്ക്കും സാഹിത്യഗവേഷണത്തിനു തന്നെയും സമയം കണ്ടെത്തിയ മറ്റൊരു പ്രതിഭാ ശാലിയാണു യശ്ശ:ശരീരനായ ഡോ. പി. ജെ. തോമസ്. പാലാ സെന്റ് തോമസ് കോളെ ജിന്റെ ആദ്യത്തെ പ്രിൻസിപ്പൽ എന്ന നിലയി ലും അദ്ദേഹം വിശിഷ്ട സേവനമനുഷ്ഠിക്കുകയുണ്ടാ യി. പാലാ രൂപതയുടെ ഈ പ്രേഷ്ഠപുത്രനെ മാർ പ്പാപ്പാ തിരുമേനിപോലും ഉന്നത ബഹുമതികൾ നല്കി അനുഗ്രഹിച്ചതു് അത്ഭുതമല്ലല്ലൊ.

കവിസാർവ്വഭൗമൻ

മലയാള സാഹിത്യസാമ്രാജ്യത്തിലെ മറ്റൊരു മുടിചൂടാമന്നനാണ് പരേതനായ സാഹിത്യതില കൻ ഫാ. സി. കെ. മറയം. മലയാളത്തിലെ നിരൂപ ണസാഹിത്യശാഖയുടെ ഉപജ്ഞാതാക്കളിലൊരാളാ ണദ്ദേഹം. 'വിമർശനവിഹാര'മെന്നപേരിൽ വള്ള ത്തോളിന്റെ മഹാകാവ്യത്തിനു് അദ്ദേഹമെഴുതി യ നിരൂപണം ഒരു കോളിളക്കംതന്നെ സൃഷ്ടിക്കു കയുണ്ടായി.

ഒരു കത്തോലിക്കാ വൈദികന്റെ പരിമിതി കൾക്കുള്ളിൽ ഒതുങ്ങിനിന്നുകൊണ്ട് ഫാ മറയം അനുഷ്ഠിച്ചിട്ടുള്ള സാഹിത്യസേവനം വിലപ്പെട്ടതാ ണ്. സാഹിത്യത്തിന്റെ എല്ലാ ശാഖകളിലും അ ദ്ദേഹത്തിനു് അത്യധികമായ അവഗാഹമുണ്ടായിരു ന്നു. കലാസാംസ്ക്കാരികരംഗങ്ങളിൽ പാലാ രൂ പതയ്ക്ക് അഭിമാനം വളർത്തിയ ഈ വന്ദ്യവൈദിക നും ചരിത്രത്തിന്റെ ഏടുകളിൽ സ്ഥാനം പിടിച്ചു കഴിഞ്ഞിരിക്കുകയാണ്.

ആ തലമുറയിലെ രണ്ട് അതികായന്മാരാണ് കാലംചെയ്ത വലിയവീട്ടിൽ തോമ്മാകത്തനാരും പുലിയന്നൂർ എസ്. രാമയ്യരും. മറ്റു ഭാഷകളിൽ പ്രത്യേകിച്ചു സംസ്കൃതത്തിൽ ഇത്രമാത്രം പ്രാവീ ണ്യംനേടിയ അധികമാരും നമുക്കുണ്ടായിട്ടില്ല. പാ ലായുടെ സാംസ്ക്കാരികപൈതൃകത്തിൽ അഭിമാ നംകൊണ്ട പ്രഗത്ഭവ്യക്തികളായിരുന്ന അവരിരു വരും.

സഹപ്രതിഭകളും

സാഹിത്യസപര്യയിലേർപ്പെട്ടുന്ന സകലർക്കും പുതിയ പ്രസ്ഥാനങ്ങളും വെട്ടിത്തുറക്കുവാൻ കഴിഞ്ഞെന്നു വരുന്നതല്ല. അവ പ്രത്യേക സാഹചര്യങ്ങളുടേയും സൃഷ്ടികളാണു്. എങ്കിലും നിലവിലുള്ള പ്രസ്ഥാനങ്ങളെ പുതുമയുടെ പരിവേഷം നൽകി പുഷ്ക്കലമാക്കാനും, അങ്ങനെ അവയ്ക്കു നവചൈതന്യം പകരാനും സർഗ്ഗശക്തിയുള്ള പ്രതിഭാശാലികൾക്കു സാധിക്കും. നമ്മുടെ സാഹിത്യശാഖകളിൽ പലതിനേയും ഊട്ടിവളർത്തിയ, വളർത്തിക്കൊണ്ടിരിക്കുന്ന മികച്ച കലാകാരന്മാരുടെ കാര്യത്തിലും പാലാ ശ്രുപത സമ്പന്നമാണു്.

ആഢ്യത്വവും ഗഹനതയുമാർന്ന കാൽ ഡസൻ മഹാകാവ്യങ്ങളും നിരവധി ഖണ്ഡകാവ്യങ്ങളുമെഴുതിമാർപ്പാപ്പാ തിരുമേനിയാൽപ്പോലും ബഹുമാനിതനായ മഹാകവി പ്രവിത്താനം പി. എം. ദേവസ്യാ, മഹാകാവ്യമെഴുതുന്നതിനു മുൻപേതന്നെ മഹാകവിപട്ടം നേടിയ റവ. സിസ്റ്റർ മേരി ബനീഞ്ഞാ, മറ്റാർക്കും അനുകരിക്കാനാവാത്ത ചാരുതയാർന്ന ഒരു കാവ്യശൈലിയുടെ ഉടമയായ മഹാകവി പാലാ നാരായണൻ നായർ, സാഹിത്യത്തിന്റെ എല്ലാ ശാഖകളിലും തന്നെ സ്വന്തമായ വ്യക്തിമുദ്ര പതിപ്പിച്ച ലളിതാംബിക അന്തർജ്ജനം, പണ്ഡിത മൂർദ്ധന്യനും സഭാചരിത്രകാരനുമായ ഷെവലിയർ വി. സി. ജോർജ്ജ്, ആചാര്യസന്നിഭനായ ഷെവലിയർ കെ. സി. ചാക്കോ, പ്രസിദ്ധ ഭാഷാപണ്ഡിതനും സമുദായസ്നേഹിയുമായ നിധിയിരിക്കൽ മാണിക്കത്തനാർ തുടങ്ങിയവർ ഈ പരമ്പരയിലെ ഏതാനും ചിലർ മാത്രമാണു്. ഇവരും നമ്മുടെ കലാസാംസ്ക്കാരികരംഗത്തു സ്വന്തമായ കൊടിയുറപ്പിച്ചവരാണു്.

നേതൃത്വവാസന

സാംസ്ക്കാരിക വളർച്ചയിലെ അവിഭാജ്യഘടകങ്ങളിലൊന്നാണു ബോധപൂർവ്വമായ രാഷ്ട്രീയപ്രവർത്തനം. ഈ രംഗത്തും പാലാ ശ്രുപത നിസ്തുലമായ പങ്കു വഹിച്ചിട്ടുണ്ടു്. പകരുതയും പ്രാഗത്ഭ്യവുമാർന്ന നേതൃത്വത്തിന്റെ കാര്യത്തിലും പാലാ ഒരിക്കലും ദരിദ്രമായിരുന്നിട്ടില്ല. നിവർത്തനപ്രസ്ഥാനത്തിലും സ്വാതന്ത്ര്യസമരത്തിലും പാലായുടെ സന്താനങ്ങൾ വഹിച്ച പങ്കിന്റെ ചരിത്രം സാക്ഷിയാണു്. ചരിത്രം പുതിയ പുതിയ തീരുമാനമെടുത്ത നിർണ്ണായകസന്ദർഭങ്ങളിലെല്ലാംതന്നെ ഈ മലനാടിന്റെ മക്കളുടെ തീർപ്പുകൾ അവസാനത്തേതായിരുന്നിട്ടുണ്ടു്. ശാശ്വതസ്മരണാർഹരായ സർവ്വശ്രീ എ. സി. കുര്യാക്കോസ്, ആർ. വി. തോമസ്, ജോൺ നിധിയിരി, റവ. ജെ. മാത്യു തുടങ്ങിയവർ സംസ്ഥാനത്തിനൊട്ടാകെ നേതൃത്വം നൽകിയവരാണു്.

നവോത്ഥാനം

പാലാ ശ്രുപതയുടെ ശ്രുപീകരണം ഈ പ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം ഒരു നവോത്ഥാനത്തിന്റെ നാന്ദിയായിരുന്നു. തങ്കത്തിനു സുഗന്ധമെന്നതുപോലെ ഈ നാടിന്റെ ആയതമായ സാംസ്ക്കാരിക പാരമ്പര്യങ്ങൾക്കു് ആദ്ധ്യാത്മികതയുടെ പരിവേഷം ചാർത്താൻ അതുപകരിച്ചു. ആദ്ധ്യാത്മികതലത്തിലും, സാമൂഹ്യതലത്തിലുമുള്ള ഫലാഢ്യമായ ഏകീകൃതപ്രവർത്തനത്തിനു് അതു വഴിയൊരുക്കി. അതിന്റെ ഗുണഫലങ്ങൾ ഈ നാടിനു മാത്രമല്ല, സമീപപ്രദേശങ്ങൾക്കു തന്നെയും അനുഭവേദ്യമായിക്കഴിഞ്ഞിരിക്കുകയാണു്.

പാലായുടെ പ്രാക്തനപാരമ്പര്യങ്ങളിൽ അഭിമാനം കൊള്ളുന്ന, ജാതിമതഭേദചിന്ത കൂടാതെ രാഷ്ട്രത്തിന്റെ വിശാലതാത്പര്യങ്ങളിൽ അതീവ തല്പരനായ ഒരു സഭാദ്ധ്യക്ഷനെ ലഭിച്ചതാണു് ഈ ശ്രുപതയുടെ ഏറ്റവും വലിയ നേട്ടമായി ചൂണ്ടിക്കാണിക്കാനുള്ളതു്. അഭിവന്ദ്യ വയലിൽ തിരുമേനിയുടെ ഇച്ഛാശക്തിയും കർമ്മകുശലതയും ഈ പ്രദേശങ്ങളുടെ മുഖച്ഛായതന്നെ മാറ്റിവരച്ചിരിക്കുന്നു. തിരുമേനി സ്ഥാപിച്ച എണ്ണമറ്റ വിദ്യാലയങ്ങളും ഉന്നതവിദ്യാപീഠങ്ങളും, അഭയകേന്ദ്രങ്ങളുമെല്ലാം തലമുറകളുടെ ജീവിതത്തിൽ വിളക്കേറ്റിവയ്ക്കാൻ പോരുന്നവയാണു്.

സുവിശേഷപ്രഘോഷണത്തിനായാലും, വിദ്യാഭ്യാസപ്രവർത്തനങ്ങൾക്കായാലും, ചുമതലപ്പെട്ട ഉദ്യോഗങ്ങൾ വഹിക്കുന്നതിനായാലും ഭാരതത്തിലെമ്പാടുമെന്നല്ല ലോകത്തിന്റെ വിദൂരമായ കോണുകളിൽപോലും പെണ്ണെത്തുന്ന മലയാളികളിൽ ബഹുഭൂരിപക്ഷം വരുന്ന പാലാ ശ്രുപതയുടെ സന്താനങ്ങൾ അഭിവന്ദ്യ വയലിൽ തിരുമേനിയുടെ ദീഘദൃഷ്ടിയേയും ആസൂത്രണവൈഭവത്തേയും മൂകമെങ്കിലും വാചാലമായി വിളംബരം ചെയ്യുന്നുണ്ടു്. ഒപ്പം പാലായുടെ സാംസ്ക്കാരിക പൈതൃകവും.

പാലാ രൂപത പ്രേഷിതരംഗത്ത്

ദൈവവിളികളുടെ വർദ്ധനവിനു് പ്രധാനകാരണം ''ദൈവവിളിയാകുന്ന എന്റെ ദൈവവിളി'' എന്നു പറഞ്ഞ ജൂബിലേറിയനായ വയലിൽ പിതാവുതന്നെയാണു്

പി. സി. എബ്രാഹം

കേരളകത്തോലിക്കാസഭയ്ക്കു് കത്തോലിക്കാസഭയോളം തന്നെ പഴക്കവും പാരമ്പര്യവും ഉണ്ടു് എന്നതു് എന്നെന്നും അഭിമാനിക്കാവുന്ന വസ്തുതയാണു്. ക്രിസ്തുവിന്റെ അപ്പസ്തോലന്മാരിൽ ഏറ്റവും ധൈര്യവാനായ ''നമുക്കും പോയി അവനോടുകൂടി മരിക്കാം'' എന്നു പറഞ്ഞു് മറ്റു ശ്ലീഹന്മാർക്കുകൂടി ക്രിസ്തുവിനെ അനുഗമിക്കുന്നതിനു് പ്രചോദനം നൽകിയ ധീരനായ തോമ്മാശ്ലീഹാ A. D. 52-ൽ കേരളത്തിലെത്തി. അത്ഭുതങ്ങളും നിറഞ്ഞ 20 വർഷത്തെ തന്റെ സേവനം അനേകം ബ്രാഹ്മണകുടുംബങ്ങളെ ക്രിസ്തുസഭയിലേയ്ക്കാനയിച്ചു. അവരുടെ ആവശ്യത്തിനായി കേരളത്തിന്റെ വിവിധഭാഗങ്ങളിലായി ഏഴു പള്ളികളും സ്ഥാപിച്ചു. അതുകൊണ്ടു് തൃപ്തനാകാതെ നമ്മുടെ പിതാവു് ക്രിസ്തുവിന്റെ സ്നേഹസന്ദേശവുമായി തമിഴ്നാട്ടിലെത്തി. A. D. 72–ൽ മദ്രാസിനടുത്തു് മൈലാപ്പൂരുള്ള പെരിയമലയിൽ വെച്ചു് രക്തസാക്ഷിത്വം വരിച്ചു് വീരചരമം പ്രാപിച്ചു.

ഭാരതത്തിന്റെ രണ്ടാമത്തെ അപ്പസ്തോലനെന്നു വിശേഷിക്കപ്പെടുന്ന വി. ഫ്രാൻസീസ് സേവ്യർ 542–ലാണു് ഗോവയിലെത്തിച്ചേർന്നതു്. ''എനിക്കു് ആത്മാക്കളെ തരിക. ബാക്കി എല്ലാം എന്നിൽനിന്നും എടുത്തുകൊള്ളുക'', എന്നു വിളിച്ചു പറഞ്ഞുകൊണ്ടു് കേരളത്തിലെ തീരപ്രദേശങ്ങളിലൂടെ ഓടിനടന്നു് പത്തുവർഷംകൊണ്ടു് അനേകായിരങ്ങളെ ക്രിസ്തുവിങ്കലേക്കു് ആനയിച്ചശേഷം ചൈനയിലേക്കുള്ള യാത്രയിൽ സാഞ്ചിയൻ ദ്വീപിൽ ഒരു വൃക്ഷച്ചുവട്ടിൽ കിടന്നു് ആ മിഷനറി ജീവാർപ്പണം ചെയ്തു. ഇന്നും ആ പാവന തിരുശരീരം അക്ഷയമായി ഗോവയിൽ സ്ഥിതിചെയ്യുന്നു. തുടർന്നു് ജോൺ ബ്രിട്ടോ, ഡിനോബിലി തുടങ്ങിയ അനേകം പാശ്ചാത്യമിഷനറിമാർ ഭാരതത്തിൽ സുവിശേഷ പ്രചരണം നടത്തിയിട്ടുണ്ടു്.

വി. തോമ്മാശ്ലീഹാ ഭാരതത്തിൽ എത്തിയ ആ കാലഘട്ടത്തിൽ തന്നെയാണു് വി. പത്രോസ്, പൗലോസ് ശ്ലീഹന്മാർ റോമായിൽ സുവിശേഷം പ്രസംഗിച്ചതും. അപ്പസ്തോലപ്രമുഖർ റോമൻ ജനതയ്ക്കു് ക്രിസ്തുവിനെ കാണിച്ചുകൊടുത്തുകൊണ്ടു് അവിടെ ക്രിസ്തീയ നാഗരികത്വം സൃഷ്ടിച്ചു. വിപ്ലവത്തിന്റെയും ഹൈഡ്രജൻ ബോംബിന്റെയും നാഗരീകതയല്ല സുമധുരമായ സാഹോദര്യത്തിന്റെയും സാക്ഷാത്തായ സമാധാനത്തിന്റെയും നാഗരീകത്വം. അവർ അവിടെ നട്ട തിരുസഭാതരു തഴച്ചുവളർന്നു് ഇറ്റലിയെ മാത്രമല്ല യൂറോപ്പിനെ ആകെ അതിന്റെ സുഖസംദായകമായ ഛായയാൽ ആശ്ലേഷിച്ചു. അതുപോലെ തന്നെ നമുക്കു വിശ്വാസദീപം കിട്ടി നൂറാണ്ടുകൾക്കു ശേഷം ക്രിസ്തുവിനെ അറിയുന്നതിനു ഭാഗ്യം സിദ്ധിച്ച യൂറോപ്യൻ രാജ്യങ്ങൾ പലതും ക്രിസ്തീയമായി എങ്കിലും ഭാരതം ഇന്നും മിഷൻ രാജ്യമായി ശേഷിക്കുന്നു. ഭാരതത്തിൽ 2% മാത്രമാണു് ക്രിസ്തുവിന്റെ സ്നേഹസന്ദേശം അറിഞ്ഞിരിക്കുന്നവർ. ഈ കുറവു പരിഹരിക്കേണ്ടവർ ആരാണു്. കത്തോലിക്കസഭയോളം പഴക്കമുള്ള,പാരമ്പര്യമുള്ള കേരളീയരായ നമ്മുടെ പ്രഥമവും പ്രധാനവുമായ ചുമതല അല്ലേ? ഈ കർത്തവ്യബോധം കേരള ജനതയെ ഉൽബുദ്ധമാക്കി.

കേരളസഭയെ സംബന്ധിച്ചിടത്തോളം രണ്ടു തരത്തിലുള്ള പ്രേഷിതപ്രവർത്തനങ്ങളും ആവശ്യമായിവന്നു. 16-ാം നൂറാണ്ടിന്റെ ആരംഭത്തിൽ വാണിജ്യകാര്യാദികൾക്കായി ഭാരതത്തിലേക്കു പുറപ്പെട്ട പോർട്ടുഗീസുകാരുടെകൂടെ ക്രിസ്ത്യൻ മിഷനറിമാരും ഇവിടെ എത്തിച്ചേരുകയുണ്ടായി. കേരളത്തിലെ സുറിയാനി കത്തോലിക്കരുടെ ആരാധനക്രമങ്ങളും, ആചാരാനുഷ്ഠാനങ്ങളും തങ്ങളുടേതിൽനിന്നു് വളരെ വിഭിന്നമാണെന്നു് ഗ്രഹിച്ച പോർട്ടുഗീസ് മിഷനമാർ സുറിയാനി ക്രിസ്ത്യാനികളുടെമേൽ നെസ്റ്റോറിയൻ ശീശ്മ ആരോപിച്ചു. നല്ല ഉദ്ദേശത്തോടുകൂടി ആയിരിക്കാമെങ്കിലും കേരള ക്രിസ്ത്യാനികളെ ലത്തീൻ ക്രമത്തിൽ ആക്കിത്തീർക്കുന്നതിനുള്ള ഉദ്യമത്തിലാണു് ചില മിഷനറിമാർ ഏർപ്പെട്ടതു്. എന്നാൽ ഈ സംരംഭം 1653 ജനുവരി 8–നു് മട്ടാഞ്ചേരിയിൽ നടന്ന 'കൂനൻകുരിശു സത്യ'ത്തിലേക്കാ

ണ്ട് നീങ്ങിയതു്. നിർഭാഗ്യകരമായ ഈ സംഭവത്തിനു ശേഷം ഒരു വിഭാഗം ക്രൈസ്തവർ കത്തോലിക്കാ വിശ്വാസത്തിൽ നിന്നു് വേർപെട്ടു് പോവുകയും അങ്ങനെ അതിപുരാതനമായ കേരളക്രൈസ്തവ സഭയിൽ സ്ഥായിയായ പിളർപ്പുണ്ടാവുകയും ചെയ്തു. ഇപ്രകാരമുള്ള വേർപാടിനു ശേഷം കാലക്രമത്തിൽ യാക്കോബായ വിശ്വാസം ആശ്ലേഷിച്ച ആ വിഭാഗത്തെ തിരുസഭയിലേക്കു് സ്വീകരിക്കുന്നതിനു വേണ്ട പരിശ്രമങ്ങളും ആവശ്യമായിവന്നു. അങ്ങനെ അക്രൈസ്തവരുടെ മാനസാന്തരത്തോടൊപ്പം അകത്തോലിക്കാ സഹോദരങ്ങളുടെ പുനരൈക്യത്തിനു വേണ്ട ശ്രമങ്ങളുടെ നടത്തേണ്ട ചുമതല കേരളസഭയ്ക്കുണ്ടായി.

പുനരൈക്യപ്രസ്ഥാനം:

വേർപെട്ടുപോയ യാക്കോബായ സഹോദരങ്ങളെ മാതൃസഭയിലേക്കു് കൊണ്ടുവരുന്നതിനു് പരിശ്രമിച്ചവരിൽ മുന്നോടികളും പള്ളിവീട്ടിൽ അലക്സാണ്ടർ, കടവിൽ അലക്സാണ്ടർ എന്നീ വൈദികരായിരുന്നു. തുടർന്നു് അഭിവന്ദ്യരായ കരിയാറ്റിൽ മാർ ജോസഫ് (ആലങ്ങാട്ടു്), പാറേമ്മാക്കൽ മാർ തോമസ് (കടനാട്ടു്) എന്നീ വൈദികവരേണ്യരുടെ പേരുകളും എടുത്തുപായേണ്ടതാണു്. പാലായുടെ ധീരസന്താനങ്ങളായ ഫാ. മാണി നിധിയിരി (കുറവിലങ്ങാട്ടു്), ഫാ. അലക്സാണ്ടർ കട്ടക്കയം, ഫാ. ഹില്ലാരിയൻ തുടങ്ങിയവരുടെയും ചങ്ങനാശ്ശേരി, കോട്ടയം, തൃശ്ശൂർ, എറണാകുളം എന്നീ രൂപതാദ്ധ്യക്ഷന്മാരുടെയും പരിശ്രമഫലമായി 1930 സെപ്തംബർ 20-നു് മാർ തിയോഫിലസ് തിരുമേനിയും തുടർന്നു് മാർ സെവേരിയൂസ് തിരുമേനിയും പുനരൈക്യപ്പെട്ടു. തിരുവനന്തപുരം, തിരുവല്ലാ രൂപതകളിലായി മലങ്കരസഭ ഇന്നു് മുന്നൂറിലധികം വൈദികരും അഞ്ഞൂറിലേറെ കന്യാസ്ത്രീകളും രണ്ടു ലക്ഷത്തോളം വിശ്വാസികളും ഉൾപ്പെട്ട വലിയ ഒരു ശക്തിയായി തീർന്നിരിക്കയാണു്. പുതുതായി രൂപം പ്രാപിച്ച മലങ്കര രൂപതകളിലെ സേവനത്തിനായി പാലാ രൂപതയിൽപ്പെട്ട ധാരാളം വൈദികർ എത്തിച്ചേർന്നു. ആത്മാർത്ഥതയോടെ ഇന്നും അവർ സേവനമനുഷ്ഠിച്ചുകൊണ്ടിരിക്കുന്നു.

ഹരിജനങ്ങളുടെ മാനസാന്തരം.

ഇന്നാട്ടിലെ ഹരിജനങ്ങളുടെ ഇടയിൽ ക്രിസ്തുസന്ദേശവുമായി ഇറങ്ങിത്തിരിച്ചവരിൽ പ്രമുഖർ ഫാ. മാണി നിധിയിരി, ഫാ. ജേക്കബ് മേൽവെട്ടം, ഫാ. ജോസഫ് പീടികയിൽ, ഫാ. സെബാസ്റ്റ്യൻ പുറക്കരി, ബിഷപ്പ് കുര്യാളശ്ശേരി എന്നിവരാണു്. ആയിരക്കണക്കിനു് ഹരിജനങ്ങളെ സഭയിലേക്കാനയിക്കുവാൻ ഇവർക്കു സാധിച്ചു. ഹരിജനപ്രേഷിതരംഗത്തു് പാലാ രൂപത അവളുടെ വ്യക്തിമുദ്ര പതിപ്പിച്ചു എന്നു പറയുവാൻ കഴിയും. രാമപുരം, കുറവിലങ്ങാട്, അതിരമ്പുഴ, കൈപ്പുഴ എന്നീ പ്രദേശങ്ങളിൽ കൂട്ടമായ മാനസാന്തരങ്ങൾതന്നെ നടന്നു. വി. പൗലോസിനെപ്പോലെ ഹരിജനങ്ങളുടെ അപ്പസ്തോലനായി 51 വർഷത്തെ പ്രേഷിതസേവനത്താൽ ആറായിരത്തോളം ആളുകൾക്കു് ജ്ഞാനസ്നാനം നൽകി അവരുമായി ഇടപഴകുകയും ആദ്ധ്യാത്മികവും ഭൗതികവുമായ അവരുടെ ഉന്നമനത്തിനായി അഹോരാത്രം പണിയെടുക്കുകയും ചെയ്തതിനുശേഷം, 1973-ൽ അവർക്കു വേണ്ടി ജീവാർപ്പണം ചെയ്ത, രാമപുരം ഇടവകയിൽപ്പെട്ട തേവർപാമ്പിൽ ബ. അഗസ്റ്റിനച്ചനെ (കുഞ്ഞച്ചൻ) പ്രത്യേകം സ്മരിക്കേണ്ടതാണു്. പുണ്യശ്ലോകനായ ആ വലിയ മിഷനറി ആദ്ധ്യാത്മികപ്രഭ പ്രസരിപ്പിച്ചുകൊണ്ടു് പാലാ രൂപതയുടെ അഭിമാനഭാജനമായി രാമപുരത്തു് നിത്യവിശ്രമംകൊള്ളുന്നു.

ഭാരതമിഷനിൽ

പിതാവായ തോമ്മാശ്ലീഹായെ അനുകരിച്ചുകൊണ്ടു് 18-ാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിൽ കേരളീയ മിഷനറിമാർ തമിഴ്നാട്ടിലേക്കു കടന്നുചെന്നു. അവരിൽ അഗ്രഗണ്യൻ പാലാ രൂപതക്കാരനായ റവ. ഫാ. മാത്യു കട്ടക്കയം (ജനു. 1768) ആണു്. 19-ാം നൂറ്റാണ്ടിന്റെ മദ്ധ്യകാലംവരെ അദ്ദേഹം മധുരമിഷനിൽ സേവനമനുഷ്ഠിച്ചു.

ഒരു കാലത്തു് ഭാരതമാകെ വ്യാപിച്ചുകിടന്നിരുന്ന സുറിയാനിസഭയുടെ അതുല്യി വടക്കു് ഭാരതപുഴവരെയും തെക്കു് പമ്പാനദിവരെയും എന്നു് പരിമിതപ്പെടുത്തിയിരുന്നു. ഈ അതുല്യിക്കു വെളിയിൽ പ്രേഷിതപ്രവർത്തനം നടത്തണമെങ്കിൽ ജനിച്ചുവളർന്ന റീത്തു് ഉപേക്ഷിക്കേണ്ടിവന്നു. അതിൽ പൂർവ്വികന്മാർ താല്പര്യം പ്രദർശിപ്പിച്ചില്ല. ഈ സാഹചര്യത്തിൽപോലും, പ്രേഷിത ചൈതന്യത്താൽ പ്രചോദിതനായി ഭരണങ്ങാനം ഇടവകയിൽപ്പെട്ട ആളും കോളേജു വിദ്യാർത്ഥിയുമായിരുന്ന പേരേക്കാട്ടു് കുര്യാക്കോസ് (ജനു. 1888 ഒക്ടോ. 8) മാതാപിതാക്കന്മാരുടെ അനുവാദത്തിനു കാത്തുനില്ക്കാതെ രാത്രിയിൽ ഒളിച്ചോടി മധുര മിഷനിൽ (ഈശോസഭയിൽ) ചേർന്നു. 1906-ൽ ആണു് ഈ സംഭവം നടന്നതു്. പാലാ രൂപതയുടെ വീരസന്താനമായ പേരേക്കാട്ടു് ബ. കുര്യാക്കോസച്ചൻ (S.J) തന്റെ 44 വർഷത്തെ മിഷൻ സേവനത്തിൽ ഏഴായിരത്തിലധികം പേർക്കു് ജ്ഞാനസ്നാനം നൽകിയെന്നറിയു

മ്പോഴും ആരാണ് അഭിമാനപുളകിതരാകാതിരിക്കുക! ഇനിയും മറ്റൊരു വൈദികനെ മിഷൻരംഗത്തേക്കയക്കുവാൻ കേരളത്തിനു് നീണ്ട 22 വർഷങ്ങളും കാത്തിരിക്കേണ്ടിവന്നു. 1928-ൽ വിശാഖപട്ടണം മിഷനിലേക്കു കടന്നുചെന്ന രണ്ടാമത്തെ കേരളീയ മിഷനറി വൈദികനാണു് റവ. ഫാ. ജോജ്ജ് വയലിൽ M. S. F. S, (ഭരണങ്ങാനം) ''ഭാരതമാനസാന്തരം കേരളീയ ഹസ്തങ്ങളിൽ'' എന്നു പറഞ്ഞു് റോസിലോണ് തിരുമേനി അദ്ദേഹത്തെ സ്വാഗതം ചെയ്തു. 19 വർഷത്തെ വിശ്രമരഹിതമായ സേവനത്തിൽ രണ്ടായിരത്തിലധികം പേരെ ക്രിസ്തുസഭയിലേക്കാനയിച്ച അദ്ദേഹം അനാരോഗ്യത്താൽ കേരളത്തിലേക്കു തിരിച്ചുപോന്നു. ഇന്നു് ഏറുമാനൂർ S. F. S. സെമിനാരിയിൽ വൈദികവിദ്യാർത്ഥികൾക്കു് പരിശീലനം നൽകിവരുന്നു. മൂന്നാമത്തെ കേരളീയമിഷനറിവൈദികൻ കരുർ ഇടവക കടക്കച്ചിറ ബ, ഫിലിപ്പച്ചനാണു്. 1934-ൽ വൈദികനായി അഭിഷിക്തനായ അദ്ദേഹം 1927 ൽ വൈദികവിദ്യാർത്ഥിയായിരുന്ന കാലത്തുതന്നെ വിശാഖപട്ടണം മിഷനിൽ ചേർന്നതാണു്. 9 വർഷത്തെ പ്രേഷിതവേലയിൽ മിഷൻരംഗത്തു് മായാത്ത വ്യക്തിമുദ്രപതിച്ച അമാനുഷിക വ്യക്തിയായ ആ പുണ്യചരിതൻ 1943 ഡിസംബറിൽ നിര്യാതനായി; ആ പാവനചരിതന്റെ പൂജ്യാവശിഷ്ടങ്ങളും വിശാഖപട്ടണത്തു് ഫിലിപ്പ് നഗറിൽ വിശ്രമം കൊള്ളുന്നു.

നോർബർട്ടയിൻ സഭയിൽ ചേർന്ന ആദ്യത്തെ ഭാരതീയൻ പാലാ രൂപതാംഗമായ പാറൻകുളങ്ങര റവ. ഫാ. അന്തോനീസ് പ്രേമാനന്ദ് (ഭരണങ്ങാനം) ആണു്. ഇന്നദ്ദേഹം മദ്ധ്യപ്രദേശത്തു് നരസിംഗ്പൂർ മിഷനിൽ സച്ചിദാനന്ദാശ്രമത്തിൽ ആചാര്യനായി പ്രേഷിതസേവനം നിർവഹിച്ചുവരുന്നു. ഈശോസഭയുടെ പാറേനാ പ്രോവിൻസിലെ ഒന്നും രണ്ടും മൂന്നും സന്താനങ്ങളും പാലാ രൂപതയുടെ അഭിമാനഭാജനങ്ങളും തന്നെയാണു്. പാവനസ്മരണാർഹരായ റവ. ഫാ. അന്ത്രയോസ് വേങ്ങത്താനം (കൊഴുവനാൽ) റവ: ഫാ. കടകശ്ശേരി (പാലാ) റവ. ഫാ. ജോസഫ് കളപ്പുര (അമ്പാനിരപ്പേൽ) തുടങ്ങിയ ധീരോദാത്തരായ മിഷനറിമാരും മിഷൻരംഗത്തു് നിസ്വാർത്ഥസേവനം അനുഷ്ഠിച്ചുവരുന്നു. ഇന്നു് ഭാരതമിഷനിൽ പണി എടുക്കുന്ന മിഷനറിമാരിൽ 85 % ഉം പാലാ രൂപതയുടെ വീരസന്തതികളാണെന്നുള്ളതു് എന്നെന്നും അഭിമാനിക്കാവുന്നതാണു്.

മിഷനറിമാരായ കന്യാസ്ത്രീകളിൽ മുന്നോടികളുടെ കൂട്ടത്തിലും പാലാ രൂപത പ്രഥമസ്ഥാനത്തുതന്നെയാണു്. ബ. വയലിലച്ചന്റെ നേതൃത്വത്തിൽ കേരളത്തിൽനിന്നും ആദ്യമായി പ്രേഷിതരംഗത്തേക്കു് (1931 ജനുവരി 3നു്) ഇറങ്ങിതിരിച്ച 15 ധീരവനിതകളും പാലാ, ചങ്ങനാശ്ശേരി രൂപതക്കാരായിരുന്നു. അവർ വിശാഖപട്ടണത്തു് വി. യൗസേപ്പിന്റെ സന്യാസിനീ മഠത്തിൽ ചേർന്നു. രണ്ടാമത്തെ ബാച്ചു് 1931 ഒക്ടോബറിൽ ആജ്മീറിലുള്ള 'പ്രൊട്ടക്ടോറിയം' എന്ന സന്യാസിനീമഠത്തിൽ ചേർന്ന പാലാ, എറണാകുളം രൂപതകളിൽപെട്ട വനിതകളാണു്. പ്രസ്തുത സഭയിൽ ഇന്നുള്ള 200 ൽ അധികം സന്യാസിനികളിൽ മുക്കാൽ ഭാഗവും പാലായുടെ പ്രേഷിതസന്താനങ്ങളാണു്. പാലാ രൂപതയിലെ വിവിധ സന്യാസിനീസഭകളിൽനിന്നുമായി അനേകം സന്യാസിനികൾ ഭാരതമിഷന്റെ വിവിധഭാഗങ്ങളിലായി സേവനമനുഷ്ഠിച്ചുവരുന്നു. നാഗാലാന്റ്, മണിപ്പൂർ, മേഘാലയാ തുടങ്ങിയ ആസ്സാമിലെ വളക്കൂറുള്ള മിഷൻ പ്രദേശങ്ങളിലേക്കു് ആദ്യം കടന്നുചെന്ന കേരളസന്യാസിനികളും പാലാ രൂപതയിൽനിന്നുതന്നെയാണു്. പ്രേഷിതരംഗത്തു് ഇവർ പ്രശസ്തമായ സേവനങ്ങൾ അനുഷ്ഠിക്കുന്നു. ക്ഷാരസഭാംഗമായ ദൈവദാസി സിസ്റ്റർ അൽഫോൻസാ ഭാരതമിഷന്റെ പ്രേഷിതമദ്ധ്യസ്ഥയായി ഭാരത ചെറുപുഷ്പമായി മിഷനറിമാർക്കു് ആവേശവും ശക്തിയും പ്രദാനം ചെയ്തുകൊണ്ടു്, ഭരണങ്ങാനത്തു് അന്ത്യവിശ്രമം കൊള്ളുന്നു എന്നതും നമുക്കേവർക്കും എന്നെന്നും അഭിമാനിക്കുവാൻ സാധിക്കുന്നതാണു്.

സെൻറ് ജോസഫ്സ് മിഷൻ ഹോം

മിഷനിലേക്കുള്ള പ്രവാഹത്തിനു് നേതൃത്വവും പരിശീലനവും മാർഗ്ഗദീപവുമായി തീർന്നിരിക്കുന്ന സെൻറ് ജോസഫ്സ് മിഷൻഹോമിന്റെ സ്ഥാപകൻ ക്രാന്തദർശി ആയ റൈറ്റ് റവ. മോൺ. ജേക്കബ് വെള്ളരിങ്ങാട്ട് ആണു്. 1942 മെയ് 6നു് ഔദ്യോഗികമായി ആരംഭിച്ച ഈ സ്ഥാപനം കേരളത്തിലെ മിഷനറിമാരുടെ തറവാടാണെന്നു് പറയുവാൻ കഴിയും. പാലാ രൂപതയുടെ ആവിർഭാവത്തോടുകൂടി മിഷൻ ഹോമിന്റെ വസന്തം തന്നെ ഉദയം ചെയ്തു. 33 വർഷംകൊണ്ടു് ഒന്നിലേറെ മിഷനറി മെത്രാന്മാർക്കും 300 ൽ അധികം വൈദികർക്കും 500 ഓളം വൈദികവിദ്യാർത്ഥികൾക്കും മിഷനെ സംബന്ധിച്ച പ്രാഥമികപരിശീലനം നൽകി ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിലും വെളിയിലും അയക്കുവാൻ സാധിച്ച മഹത്തായ ഈ പ്രേഷിതപൂർവ്വഹൗസ്, പാലായുടെ പ്രേഷിത ചൈതന്യത്തിന്റെ പ്രതീകമായി ശോഭിക്കുന്നു.

ചെറുപുഷ്പമിഷൻലീഗ്

1947-ൽ ഭാരതം സ്വതന്ത്രയായി ഏറെ താമസിയാതെ വിദേശമിഷനറിമാരുടെ പ്രവാഹം തടയപ്പെട്ടു. ചിലർക്കൊക്കെ നാടുവിടേണ്ടതായ സാഹചര്യവും വരികയുണ്ടായി. അതേ സമയം വിദേശരാജ്യങ്ങളിൽ ദൈവവിളികൾ കുറഞ്ഞുവരുവാൻ തുടങ്ങിയിരുന്നു. ഈ സാഹചര്യത്തിൽ ഭാരതമാകെ ക്രിസ്തുവിന്റെ സ്നേഹസന്ദേശവുമായി പോകേണ്ടവർ ഫ്രാൻസിലേയും സ്പെയിനിലേയും ഇറലിയിലേയും മിഷനറിമാരല്ല, പ്രത്യുത പൗരാണികത്വമുള്ള, ക്രൈസ്തവപാരമ്പര്യമുള്ള കേരളമക്കളാണെന്ന ബോദ്ധ്യം വ്യക്തമായി. തൽഫലമായി ''ഭാരതരക്ഷകർ ഭാരതതനയർ'' എന്ന ഭാഗ്യസ്മരണാർഹനായ 13-ാം ലെയോ പാപ്പായുടെ പ്രവചനം അനുസ്മരിക്കുമാറ് സിസ്റ്റർ അൽഫോൻസായുടെ പ്രേഷിതചൈതന്യം ഊറിനിന്ന ഭരണങ്ങാനത്തു് 1947 ഒക്ടോബർ 3-നു് ഏഴുപേർ ചേർന്നു് ആരംഭിച്ച ഒരു കൊച്ചുസംഘടനയാണു് ചെറുപുഷ്പമിഷൻലീഗു്. ഭാരതമാകെ പടർന്നുപന്തലിച്ച ഈ സംഘടന ഇതിനകം 16400-ൽ അധികം ദൈവവിളികൾക്കു് നേതൃത്വം കൊടുത്ത ഏഷ്യയിലെ ഏറ്റവും വലിയ അൽമായ പ്രേഷിതപ്രസ്ഥാനമായി മാറിക്കഴിഞ്ഞു. മിഷൻലീഗിന്റെ അത്ഭുതാവഹമായ വളർച്ചക്കും ദൈവവിളികളുടെ വർദ്ധനവിനും കാരണം ''ദൈവവിളിയാകുന്ന എന്റെ ദൈവവിളി'' എന്നു പറഞ്ഞ ദൈവവിളിയുടെ പിതാവെന്ന അപരനാമത്താലറിയപ്പെടുന്ന ജൂബിലേറിയനായ വയലിൽ പിതാവുതന്നെയാണു്.

വൊക്കേഷൻ ബ്യൂറോ.

ദൈവവിളികൾ കണ്ടറിഞ്ഞു് പ്രോത്സാഹിപ്പിക്കുവാനും അനർഹമായവയെ നിരുത്സാഹപ്പെടുത്തുവാനും ഭാവിതലമുറക്കു് ജീവിതാവസ്ഥ തിരഞ്ഞെടുക്കുന്നതിനു് സഹായവും മാർഗ്ദീപവും എല്ലാമായി തീരുന്നതിനു് ചെറുപുഷ്പമിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ പാലായിൽ ആരംഭിച്ചതാണു് വൊക്കേഷൻ ബ്യൂറോ. ചെറുപുഷ്പമിഷൻ ലീഗിന്റെയും വൊക്കേഷൻ ബ്യൂറോയുടെയും പ്രവർത്തനങ്ങളും കേരളത്തിലും പുറത്തുമുള്ള ഇതര രൂപതകളിലേക്കും വ്യാപിക്കുകയുണ്ടായി. ഈ പ്രസ്ഥാനങ്ങളുടെ ആരംഭവും വളർച്ചയും ഇന്നത്തെ അതിന്റെ നിലനിലപും, അഭിവന്ദ്യ വയലിൽ തിരുമേനിയുടെ പ്രേഷിതചൈതന്യം മനസ്സിലാക്കി, അദ്ദേഹത്തിന്റെ നിർദ്ദേശങ്ങളനുസരിച്ചു് ഊണും ഉറക്കവുമില്ലാതെ പണിയെടുത്ത ധീരപ്രേഷിതനായിരുന്ന റവ. ഫാ. എബ്രാഹം ഈറ്റക്കുന്നേലിനോടു് വളരെയേറെ കടപ്പെട്ടിരിക്കുന്നു. ദൈവവിളികളെ സുരക്ഷിതമാക്കി മാറ്റിയ അദ്ദേഹം ഒരു മഹാമിഷനറി തന്നെ ആയിരുന്നു. ഭാരതത്തിലെ വിവിധ രൂപതകളിൽ ആരംഭിച്ച വൊക്കേഷൻ ബ്യൂറോകളെ ഇവിടെ എത്തി പരിശീലനം നടത്തിയും നിർദ്ദേശങ്ങളും സ്വീകരിച്ചും വന്നിരുന്നു.

കേരളാ വൊക്കേഷൻ സെൻറർ.

കേരളത്തിലെ 18 രൂപതകൾക്കും കൂടി പൊതുവായിട്ടുള്ള ഒരു ദൈവവിളി കേന്ദ്രം എവിടെയായിരിക്കണം എന്ന പ്രശ്നം ഉന്നയിക്കപ്പെട്ടു. കേരളത്തിലെ ദൈവവിളി പ്രവർത്തകരായ എല്ലാവരും കൂടി ആലോചിച്ചു് തീരുമാനമെടുത്തതു് ദൈവവിളിയുടെ ഉറവിടവും കലവറയുമായ പാലാ രൂപതയിൽ, മിഷൻ ലീഗിന്റെ ജന്മസ്ഥലമായ, സിസ്റ്റർ അൽഫോൻസാമ്മയുടെ ചരമത്താൽ തീർത്ഥകേന്ദ്രമായ, ഭരണങ്ങാനത്തു തന്നെ ആയിരിക്കട്ടെ എന്നാണു്. വൊക്കേഷൻ കമ്മീഷന്റെ ചെയർമാനായ അഭിവന്ദ്യ വയലിൽ തിരുമേനിയുടെ നേതൃത്വത്തിൽ ആരംഭിച്ച സെൻററിന്റെ ഡയറക്ടറായി സേവനമനുഷ്ഠിച്ചുപോന്നതു് റവ. ഫാ. എബ്രാഹം ഈറ്റക്കുന്നേലാണു്. നാഷണൽ സെൻററിനുപോലും കേരളാ സെൻറർ മാർഗ്ഗനിർദ്ദേശമായിരുന്നു എന്നതു് പ്രത്യേകം സ്മരിക്കേണ്ടതാണു്. കേരളത്തിലെ ദൈവവിളിക്കു് ഉത്തേജനവും മാർഗ്ഗനിർദ്ദേശവും നൽകി വളർത്തിക്കൊണ്ടുവന്ന ഫാ. ഈറ്റക്കുന്നേൽ 1974 സെ. 22 നു് സ്ട്രോക്കിന്റെ തുടർന്നു് നിത്യതയിലേക്കു് കടന്നുപോയി. പാലാ രൂപതക്കു് പ്രേഷിതപ്രവർത്തനരംഗത്തും ദൈവവിളികളുടെ കാര്യത്തിലും എന്നെന്നും അഭിമാനത്തോടുകൂടി സ്മരിക്കാവുന്ന ഒരു മഹൽവ്യക്തിയാണു് ഫാ. ഈറ്റക്കുന്നേൽ. അദ്ദേഹത്തിന്റെ പുണ്യാവശിഷ്ടങ്ങളും പാവനചരിതയായ അൽഫോൻസാമ്മയുടെ കബറിടത്തിനു സമീപെ പ്രേഷിതചൈതന്യം പ്രസരിപ്പിച്ചുകൊണ്ടു് സ്ഥിതിചെയ്യുന്നു.

സെൻറ് തോമസ് മിഷനറി സൊസൈറ്റി:

രൂപതയിലെ ദൈവവിളികളും പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം രൂപതയിലും കേരളത്തിലും വളർന്നുവരുന്ന ദൈവവിളികൾ ഭാരതസഭയ്ക്കു് ആകമാനം, പ്രയോജനകരമായിത്തീരണമെന്ന ആഗ്രഹത്താൽ പ്രേരിതനായി, വളരെനാളത്തെ ചിന്തയുടെയും ആലോചനയുടെയും പ്രാർത്ഥനയുടെയും ഫലമായി അഭിവന്ദ്യപിതാവു് വളർത്തിക്കൊണ്ടുവന്ന ഒരു ആശയമാണു് ഒരു ഏതദ്ദേശീയ മിഷനറി സൊ

സൈറ്റി. ഈ ആശയം അദ്ദേഹം കേരളത്തിലെ സുറിയാനി ഹയരാക്കിയെ അറിയിച്ചു. അവർ സന്തോഷത്തോടെ അതു സ്വാഗതം ചെയ്തു. ഇതു സംബന്ധിച്ചു് റോമുമായി എഴുത്തുകുത്തുകളും നടത്തി. വേണ്ട നടപടികളും സുറിയാനി ഹയരാക്കികൾ വേണ്ടി നിർവഹിക്കുവാൻ പ്രേഷിതപ്രവർത്തനം കൂടുതലായി നടക്കുന്ന, ദൈവവിളിയിൽ പ്രഥമസ്ഥാനം അർഹിക്കുന്ന പാലാ രൂപതയിലെ പിതാവിനെതന്നെ ചുമതലപ്പെടുത്തി. അങ്ങനെ ലോകപ്രഖ്യാത മിഷനറിസമൂഹങ്ങളായ 'പാരീസ്' ഫോറിൻ മിഷനറി സൊസൈറ്റി', 'മിലാൻ ഫോറിൻ മിഷൻ സൊസൈറ്റി' 'മിൽഹിൽ ഫാദേഴ്സ്'' തുടങ്ങിയവയുടെ മാതൃകയിൽ രൂപതാവൈദികർക്കും മിഷൻ പ്രവർത്തനം നടത്തുന്നതിനു് സൗകര്യം നൽകുന്നതിനു് കേരളത്തിലെ സുറിയാനി ഹയരാക്കികൾക്കായി സ്ഥാപിതമായതാണു് സെൻറ് തോമസ് മിഷനറി സൊസൈറ്റി. 1967 ജൂൺ 13-നു് റോമിൽ നിന്നും അംഗീകാരം സിദ്ധിച്ച പ്രസ്തുത സൊസൈറ്റി 1968 ഫെബ്രുവരി 22-നു് ഭരണങ്ങാനം ഇടവകാതുത്തിയിൽ അമ്പാറയിൽ ഉദ്ഘാടനം ചെയ്യപ്പെട്ടു. ഭാരതത്തിന്റെ വിവിധഭാഗങ്ങളിലും ഭാരതത്തിനു വെളിയിലും മിഷൻ പ്രവർത്തനം നടത്തുകയാണു് ഇതിന്റെ ലക്ഷ്യം. ചെറുപുഷ്പമിഷൻ ലീഗിന്റെ സ്ഥാപകനേതാവായ വെരി. റവ. ഫാ. ജോസഫ് മാലിപറമ്പിലാണു് ഇപ്പോഴത്തെ സുപ്പീരിയർ ജനറൽ. ദീപ്തികോളജ് എന്ന പേരിൽ 1969 ആഗസ്റ്റ് 31 മുതൽ അവിടെ തന്നെ വൈദിക വിദ്യാർത്ഥികൾക്കുള്ള പ്രാരംഭ പരിശീലനം നടത്തി വരുന്നു. ഇന്നു് സൊസൈറ്റിയിൽ 30 ഓളം വൈദികരും മേജർ സെമിനാരിയിൽ 90 ഉം മൈനർ സെമിനാരിയിൽ 73 ഉം വൈദികവിദ്യാർത്ഥികളും ഉണ്ടു്.

ഉജ്ജയിൻ:

കേരളത്തിലെ പ്രേഷിതചൈതന്യവും ദൈവവിളികളും പ്രയോജനകരമായി തീർക്കുന്നതിനു് മിഷൻ പ്രദേശങ്ങളെ കേരളസഭയ്ക്കു് പ്രത്യേകമായി ഏൽപ്പിക്കേണ്ടതു് ആവശ്യമാണെന്ന ബോദ്ധ്യം പരിശുദ്ധ സിംഹാസനത്തിനുണ്ടായതിന്റെ ഫലമായി കേരളത്തിൽതന്നെ ഉടലെടുത്തു് വളർന്നു പടർന്നു പന്തലിച്ച സന്യാസസഭകളിൽ പ്രധാനപ്പെട്ട C. M. I. സഭയെ 1962-ൽ ചന്ദാ മിഷൻ ഏൽപ്പിച്ചു. ചന്ദാമിഷന്റെ അത്ഭുതകരമായ വളർച്ച കൂടുതൽ മിഷനുകൾ കേരളസഭയെ ഏൽപ്പിക്കുവാൻ സഹായകമായി. 1968-ൽ മദ്ധ്യപ്രദേശത്തു ഉജ്ജയിൻ, സാഗർ, സാറ്റ്നാ എന്ന മൂന്നു മിഷൻ കേന്ദ്രങ്ങൾ കൂടി സ്ഥാപിതമായി. സാഗർ എക്സാർക്കേറ്റ് C. M. I. സഭയേയും സാറ്റ്നാ എക്സാർക്കേറ്റ് കേരളത്തിലെ വിൻസെൻഷൻ സഭയേയും ഏൽപ്പിച്ചു. മലബാർ ഹയരാർക്കിയുടേതായി ആരംഭിച്ച പ്രവർത്തനം തുടങ്ങിയ സെൻറ് തോമസ് സൊസൈറ്റിയെആണു് ഉജ്ജയിൻ ഏൽപ്പിച്ചതു്. 1968 ജൂലൈ 28-നു് നൽകപ്പെട്ട ഈ മിഷന്റെ അദ്ധ്യക്ഷനായി സൊസൈറ്റിയുടെ പ്രഥമ സുപ്പീരിയർ ജനറലായിരുന്ന അഭിവന്ദ്യ ജോൺ പെരുമറ്റം തന്നെ നിയമിതനായി. 7131 ച: മൈ: വിസ്തീർണ്ണമുള്ള ഉജ്ജയിൻ മിഷനിലെ ആകെ ജനസംഖ്യ 2164534 ആണു്. 5938 ഗ്രാമങ്ങളിലായി വസിക്കുന്ന ഇവരിൽ കത്തോലിക്കർ 598 പേർ മാത്രമാണു്. 18 വൈദികരും 94 കന്യാസ്ത്രീകളും 5 സെമിനാരി വിദ്യാർത്ഥികളും ഇന്നു് 11 കേന്ദ്രങ്ങളിലായി സേവനമനുഷ്ഠിച്ചുവരുന്നു. ഇനിയും പല മിഷൻ കേന്ദ്രങ്ങളും ഏറ്റെടുക്കുവാൻ പാലാ രൂപതയും സെൻറ് തോമസ് മിഷനറി സൊസൈറ്റിയും സന്നദ്ധമായിക്കൊണ്ടിരിക്കുന്നു.

ഡൊട്ടേഴ്സ് ഓഫ് സെൻറ് തോമസ്:

വടക്കേ ഇൻഡ്യയിൽ പ്രേഷിതപ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന മിക്ക സന്യാസിനിസഭകളും മിഷൻപ്രവർത്തനങ്ങളെമാത്രം ഉദ്ദേശിച്ചു സ്ഥാപിതമായിട്ടുള്ളവയാണു്. ഒരു രാജ്യത്തെ സഭയുടെ വളർച്ചയേയും വികസനത്തേയും വിശ്വാസദാർഢ്യത്തേയും വിദേശങ്ങളിലുള്ള അതിന്റെ പ്രേഷിതപ്രവർത്തനം പ്രദ്യോതിപ്പിക്കുന്നു. അയർലണ്ടിൽ ആരംഭിച്ച 'പ്രസന്റേഷൻസഭ'യാണു് മദ്രാസിൽ 65% വിദ്യാഭ്യാസവും വനിതകൾക്കു നൽകുന്നതു് ഭാരതത്തിലെ മിഷൻ പ്രവർത്തനത്തിന്റെ ഒരു നല്ല പങ്കു് നിർവഹിക്കുന്നതു് ഫ്രാൻസിൽ 'ബ്രൂയാക്' എന്ന സ്ഥലത്തു മുളയെടുത്ത മാതാവിന്റെ ഫ്രാൻസീസ്കൻ മിഷനറീസ് സക്കോരാണു്. ഇറ്റലിയിൽ മിലാനിലാരംഭിച്ച മിഷനറീസ് ഓഫ് മേരി ഇമാക്കുലേറ്റ് സഭ ആസ്ട്രായിലും ഇൻഡ്യയുടെ മറ്റു ചില ഭാഗങ്ങളിലും പ്രവർത്തിക്കുന്നു. സ്വിറ്റ്സർലണ്ടിൽ നിന്നുള്ള സെൻറ് ആൻസ് സിസ്റ്റേഴ്സ് തുടങ്ങി വിവിധ വിദേശ മിഷനറി സന്യാസിനീ സമൂഹങ്ങളും ഭാരതത്തിൽ സേവനം അനുഷ്ഠിച്ചുവരുന്നു. മേൽപറഞ്ഞവയെല്ലാം ഓരോ രാജ്യത്തെ കത്തോലിക്കാസഭയുടെ പൂർണ്ണിമയാണു കാണിക്കുന്നതു്. കേരളസുറിയാനിസഭയെ സംബന്ധിച്ചിടത്തോളം കേരളത്തിനകത്തും പുറത്തുമായി 27000 സിസ്റ്റേഴ്സാണുള്ളതു്. എങ്കിലും മിഷൻ പ്രവർത്തനംമാത്രം ലക്ഷ്യമാക്കിയുള്ള ഒരു സന്യാസി

നിസഭ ഇല്ലാത്ത കുറവു് ഡോട്ടേഴ്സ് ഓഫ് സെൻറ് തോമസ് സന്യാസിനിസഭയുടെ സ്ഥാപനത്തോടെയാണു് പരിഹരിക്കപ്പെട്ടതു്. ഭാരതത്തിൽ മാത്രമല്ല ലോകമെങ്ങും പോയി മിഷൻപ്രവർത്തനം നടത്തുന്നതിനായി കേരളസുറിയാനി ഹൈരാക്കിയുടെ ആഭിമുഖ്യത്തിൽ രൂപതാ വൈദികർക്കായി ആരംഭിച്ചിരിക്കുന്ന സെൻറ് തോമസ് സൊസൈറ്റിയുടെ മാതൃകയിൽ വനിതകൾക്കായി 1969 ജൂലൈ 3—നു് അരുവിത്തുറയിൽ ഡോട്ടേഴ്സ് ഓഫ് സെൻറ് തോമസ് എന്ന സന്യാസിനി മിഷനറിസഭ സ്ഥാപിതമായി. ഉജ്ജയിൻ, പഞ്ചാബു്, ആന്ധ്രാ, ആസ്സാം ഗാരോഹിൽസ് എന്നിവിടങ്ങളിൽ അവർ ഇപ്പോൾ സേവനമനുഷ്ഠിച്ചുവരുന്നു.

ദൈവവിളി പരിശീലനകേന്ദ്രങ്ങൾ:

കേരളത്തിൽ ഇന്നുള്ള 18 രൂപതകളിൽ ഏറ്റവും ചെറിയ (വിസ്തീർണ്ണതയിൽ) രൂപതയാണു് പാലാ. എന്നാൽ പ്രേഷിതപ്രവർത്തനത്തിലും ദൈവവിളിയുടെ കാര്യത്തിലും ഈ രൂപത പ്രഥമസ്ഥാനത്തു നില്ക്കുന്നു. 25 സന്യാസിനി സന്യാസസഭകൾക്കായി 125 ഭവനങ്ങളാണു് രൂപതയിൽ ഉള്ളതു്. ഇതിനും പുറമെ വൈദികവിദ്യാർത്ഥികളുടെ പരിശീലനത്തിനായി 6 കേന്ദ്രങ്ങളും ഉണ്ടു്.

1) Good Shepherd Minor Seminary, Palai
2) St. Joseph's Mission Home, Palai
3) Deepti College (St. Thomas Missionary Society, Ampara)
4) Claret Bhavan (Kuravilangad)
5) Mary Queen's Seminary (C.M.I. Mutholy)
6) Seraphic College (Assisi, Bharananganam)

ഇനിയും പലേ സന്യാസസഭകളും അവരുടെ ഭവനങ്ങളും രൂപതയിൽ ആരംഭിക്കുവാൻ താല്പര്യം പ്രകടിപ്പിക്കുന്നുണ്ടു്.

പാലാ രൂപത മെത്രാന്മാരുടെ വിളഭൂമി:

പാലാ രൂപതയുടെ രണ്ടു് അഭിവന്ദ്യ പിതാക്കന്മാരെ കൂടാതെ 11 രൂപതാദ്ധ്യക്ഷന്മാരെ സംഭാവന ചെയ്ത രൂപതകളും വേറെ അധികം കാണുകയില്ല.

(ഇതു സംബന്ധിച്ചുള്ള ലേഖനം അന്യത്ര)

അവരുടെ പേരുകളും ചുവടെ ചേർക്കുന്നു.

1) Most. Rev. Mar. Alexander Parampil (Palliveettil) 1663—1687
2) Rt. Rev. Msgr. Thomas Paremmakal Gov: Cranganore 1786—1799
3) Most Rev. Mar Mathew Kavukatt Arch Bishop of Changanacherry 1950—1969
4) Rt. Rev. Mar Sebastian Valloppilly Bishop of Tellicherry 1953
5) Rt. Rev. Dr. Joseph Mittathany Bishop of Tezpur 1969
6) Rt. Rev. Dr. Symphorian Keepurath OFM. Cap. Bp. of Jullundur 1972
7) Rt. Rev. Dr. Jacob Thoomkuzhy Bp. of Mananthavady 1973
8) Rt. Rev. Dr. Abraham Alanjimattam Bp. of Imphal—Kohima 1973
9) Rt. Rev. Msgr. John Perumattom Aps. Exarch of Ujjain 1968
10) Rt. Rev. Msgr. Abraham Mattam V.G. Aps. Exarch of Satna 1968
11) Rt. Rev. Msgr. Paulinus Jeerakath CMI. Aps. Exarch of Jagadalpur 1972

പാലാ ശ്രുതയിൽനിന്നുമുള്ള പ്രേഷിതപ്രവർത്തകർ വിവിധ സന്യാസസഭകളിലും മിഷൻ ശ്രുതകളിലും. 1975–ൽ.

ഭാരതത്തിലെ 24 സന്യാസസഭകളിലായി പാലാ ശ്രുതയിൽനിന്നും 561 വൈദികരും 102 ബ്രദേഴ്സും സേവനമനുഷ്ഠിക്കുന്നുണ്ട്. ഇതിനും പുറമേ ഭാരതത്തിലെ 44 ശ്രുതകളിലായി 423 ശ്രുതാ വൈദികരും സേവനമനുഷ്ഠിക്കുന്നു. ഇന്നു ഭാരതത്തിൽ സേവനമനുഷ്ഠിക്കുന്ന മിഷനറിമാരിൽ 72% വൈദികരും 84% കന്യാസ്ത്രീകളും പാലാ ശ്രുതയിൽനിന്നും ഉള്ളവരാണെന്നു് അറിയുമ്പോൾ സഭയുടെ പ്രേഷിതപ്രവർത്തനരംഗത്തു് പാലാ ശ്രുത നിർവഹിക്കുന്ന പങ്കു് അതുല്യമാണെന്നു് മനസ്സിലാക്കാം. ചെറുപുഷ്പ മിഷൻലീഗിനും വൊക്കേഷൻ ബ്യൂറോയിക്കും ജൂബിലേറിയനായ വയലിൽ തിരുമേനി നല്കിക്കൊണ്ടിരിക്കുന്ന അതിരറ്റ പ്രോത്സാഹനങ്ങളും മൂലം ഇനിയും ഈ രംഗത്തു് പുരോഗതി ഉണ്ടാകുമെന്നതു് തീർച്ചയാണു്. ശ്രുതയുടെയും വന്ദ്യപിതാവിന്റെയും ജൂബിലി ആഘോഷിക്കുന്ന ഈ അവസരത്തിൽ ഭാരതമിഷനൊന്നാകെ അവരുടെ പിതാവിനെ കൃതജ്ഞതയോടെ സ്മരിക്കുകയും കൂടുതൽ ദൈവാനുഗ്രഹങ്ങൾക്കും ദീർഘായുസിനുമായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

കേരളത്തിലെ 18 ശ്രുതകളിൽനിന്നുമുള്ള 5 വർഷത്തെ ദൈവവിളിയുടെ സ്ഥിതിവിവരക്കണക്കിൽനിന്നും പാലാ ശ്രുത പ്രഥമസ്ഥാനത്താണെന്നു കാണാം.

			1970			1971			1972			1973			1974		
No.	Diocese	Catholics	Boys	Girls	Total	Boys	Girls	Total	Boys	Girls	Total	Boys	Girls	Total	Boys	Girls	Total
1	Alleppey	87,339	13	7	20	6	8	14	7	11	18	13	16	29	15	10	25
2	Calicut	28,088	5	5	10	6	8	14	6	7	13	2	5	7	4	2	6
3	Changanacherry A. D.	3,94,605	103	199	302	73	156	229	98	166	264	73	127	200	84	129	213
4	Cochin	1,20,199	18	30	48	21	13	34	11	18	29	6	9	15	13	6	19
5	Ernakulam A. D.	2,87,768	83	162	245	105	116	221	92	138	230	58	152	210	98	155	253
6	Kothamangalam	1,94,948	89	179	268	80	165	245	83	147	230	99	141	240	89	148	237
7	Kottayam	86,063	74	99	173	32	69	97	71	69	140	55	46	101	55	55	110
8	Mananthavady		—	—	—	—	—	—	—	—	—	10	19	29	15	32	47
9	Palai	2,70,270	150	328	478	140	292	432	139	279	418	110	265	375	138	226	364
10	Palghat		—	—	—	—	—	—	—	—	—	—	—	—	2	2	4
11	Quilon	1,34,002	11	10	21	11	7	18	27	9	36	10	12	22	16	10	26
12	Tellicherry	2,62,103	96	172	268	79	135	214	75	172	247	74	132	206	98	154	252
13	Tiruvalla	35,480	25	15	40	19	10	29	14	6	20	17	3	20	9	3	12
14	Trichur	4,42,185	62	199	261	78	184	262	80	194	274	82	159	241	121	181	302
15	Trivandrum A. D.	1,50,452	37	12	49	33	10	43	20	10	30	15	2	17	11	7	18
16	Trivandrum	3,22,000	2	8	10	27	6	33	31	7	38	4	7	11	4	2	6
17	Verapoly A. D.	2,18,583	51	47	98	64	30	94	55	31	86	24	47	71	21	21	42
18	Vijayapuram	67,236	—	1	1	9	1	10	4	—	4	—	2	2	3	—	3
	Total	31,01,411	819	1473	2292	783	1206	1989	813	1264	2077	652	1144	1796	796	1143	1939

Greetings to the Jubilarian Mar Sebastian Vayalil

FROM

The Vicar and Parishioners

ST. GEORGE CHURCH, VELLIAMATTOM

ST. JOSEPH'S CONVENT,
ST. JOSEPH'S HIGH SCHOOL &
ST. ANTONY'S L. P. SCHOOL
MANJAMATTOM, MATTAKARA

Rani Giri Hospital, Thudanganad

Phone No Muttom 29

P. V. Krishnankutty Nair & Brothers
MERCHANT
PULICKAL KANDATHIL
PALAI

National Engineering Works
Manufacurers of
Rubber Rollers, Gates, Grills etc.
Ponkunnam Road, PALAI

HOTEL EVEREST
Near Govt. Hospital
PALAI

Gold Field Brothers
S. J. DAS
Motor Cycle Workshop
Ponkunnam Road, PALAI

Bharat Clinical Laboratory
& Blood Bank
Near Government Hospital
PALAI

JAISON SAW MILL
Near Government Hospital
PALAI

The Vicar and Parishioners
St. Mary's Church, Valiakumaramangalam

Greetings to the Jubilarian Mar Sebastian Vayalil

FROM

ALPHONSA BHAVAN

PILGRIM'S LODGE, BHARANANGANAM

SUPERIOR GENERAL

ADORATION CONGREGATION

CENACLE, ALWAYE - 2

VINCENTIAN HOUSE,
DE PAUL ENGLISH MEDIUM HIGH SCHOOL,
ST. JOSEPH'S BALASADAN,
DE PAUL BOARDING,
NAZARETH HILL P. O., KURAVILANGAD

Fr. Augustine (Director)
Dr. G. J. Antony M. D.
Dr. Mariamma &

Dr. Thomas Thachil M. S.
Dr. C. Samuel M. B. B. S.
Other Staff

Fatima Mission Hospital, Kozhuvanal

Greetings to the Jubilarian Mar Sebastian Vayalil

FROM

The Vicar and Parishioners

St. Thomas Cathedral, Palai

The Headmaster, Staff and Students

St. Thomas High School, Palai &

St. Thomas Basic Training School, Palai

The Vicar and Parishioners

Holy Cross Church

Cherpunkal

The Vicar and Parishioners

St. Mary's Church

Kuravilangad

Phone Nos. Office: 22 **Resi: 53**

P. A. Mathai & Co. Cholikara

RUBBER DEALERS

RAMAPURAM BAZAR P. O., KERALA

Greetings to the Jubilarian Mar Sebastian Vayalil

FROM

The Principal, Staff and Students

ALPHONSA COLLEGE PALAI

The Vicar and Parishioners


ST. MICHAEL'S CHURCH, IDAMATTOM

The Director and Staff

Holy Ghost Mission Hospital, Muttuchira

The Vicar and Parishioners

ST. JOHN'S CHURCH, VADAKARA



പുഷ്പാഞ്ജലി

പാലാ നാരായണൻനായർ

മീനപ്പിലാറിന്റെ തീരത്തുദിച്ചു, നാം—
മാനിച്ചുപോരുന്ന രണ്ടു ഹമ്മ്യങ്ങളിൽ
നേരൊത്തു കത്തിജ്ജ്വലിക്കുന്ന ഭൗതിക—
പാരത്രികങ്ങളാം വാടാവിളക്കുകൾ!
ആരുടെ കൈവിരൽത്തുമ്പുകളാത്തിരി—
സ്സ്വാരമ്യകാന്തി കൊളുത്തിയെന്നോക്കുമോ?
ആരുടെ നിർമ്മല സ്നേഹാമൃതം നക—
ന്നാരതദീപ്തി വിടർന്നതെന്നോക്കുമോ?
ആ മഹാനസ്മദീയാചാര്യനായ് പരം—
ധാമനായ് നിൽക്കും തിരുമേനിയല്ലയോ!
സഞ്ചയിക്കുന്നു മഹത്പമിരുപത്തി—
യഞ്ചു വർഷങ്ങളീ രൂപതാ സന്ധിയിൽ
അന്തസ്സുയർത്തിയൊരദ്ധ്യാത്മമണ്ഡലം
തൻ തല പൊന്തിച്ചു നോക്കും കലാലയം
എത്രയോ ദൈവാലയങ്ങൾ സരസ്വതീ—
ക്ഷേത്രങ്ങൾ, വിജ്ഞാനവീഥികൾ, സേവന—
വ്യഗ്രങ്ങൾ കന്യാമഠങ്ങളനാഥർക്കു
രക്ഷാനികേതനങ്ങളാതുരശാലകൾ!
സ്വർഗ്ഗീയകേന്ദ്രമേ, നീയാപ്പിതാവിന്റെ
സ്വപ്നങ്ങൾസാക്ഷാൽക്കരിക്കേ, സ്വദേശി ഞാൻ,
ദൂരത്തുനിന്നതു കണ്ടുകണ്ടെത്തി നിൻ—
ചാരത്തുവന്നു നമിച്ചു നാലാണ്ടുകൾ
ധന്യനാണിന്നു ഞാൻ! നിൻ ദിവ്യദർശന—
പുണ്യത്തിനർപ്പിച്ചിടട്ടെ പൂമ്പൈങ്കുകൾ!

മതബോധനവേദിയിൽ:-

കാൽനൂറ്റാണ്ടുരചിച്ച കാല്പാടുകൾ

എസ്. കുര്യൻ വേമ്പേനി

മേഘനാദം കേട്ടാൽ പേടിയാകുമെന്നതുകൊണ്ട് മേഘങ്ങളെ തുടച്ചുനീക്കാൻ മതം പറയുന്നില്ല. അതു നേരിടാനുള്ള മനക്കരുത്തു് ആർജ്ജിക്കാനാണു് മതം ഉപദേശിക്കുന്നതു്. എക്കാലത്തും മതവിദ്യാർത്ഥികളും അദ്ധ്യാപകരും മനസ്സിലാക്കേണ്ടതു് ഇക്കാര്യമാണു്.

പാലാ രൂപതയിലെ മതവിദ്യാഭ്യാസത്തെക്കുറിച്ചു് ചിന്തിക്കുമ്പോഴും ഒരു ചലച്ചിത്രത്തിലെന്നതുപോലെ എന്റെ മനോവേദിയിൽ രണ്ടു ദശാബ്ദങ്ങളിലെ മതപഠന സംരഭങ്ങൾ അനുക്രമമായി കടന്നുവരികയാണു്. ആദ്യം ഞാൻ കാണുന്നതു് പാലാ രൂപതയിലെ മതാദ്ധ്യയന ചിത്രമല്ല; മതാദ്ധ്യക്ഷന്റെ ചിത്രമാണു്; പനിമതിയെ മാറിനിറുത്തി ഒരു പൂനിലാവു ദർശിക്കാൻ സാധിക്കാത്തതുപോലെതന്നെ.

"തന്റെ അമൃതമെല്ലാം ദേവന്മാക്കു പാനം ചെയ്യാൻ നൽകിയിട്ടു ക്ഷീണിതനായിരിക്കുന്ന കൃഷ്ണപക്ഷചന്ദ്രൻ, വെളുത്തപക്ഷചന്ദ്രനേക്കാൾ അത്യന്തം മനോഹരനായിരിക്കുന്നു" എന്നൊരു കാളിദാസവചനമുണ്ടു്. അഭിവന്ദ്യ വയലിൽ പിതാവിനെ സംബന്ധിച്ചും ഈ കാളിദാസോക്തി അനവദ്യമായി തോന്നുന്നു. ഇരുപത്തഞ്ചു വർഷത്തിലധികം കാലമായി ദൈവവചനാമൃതം തന്റെ അജഗണങ്ങൾക്കു ദാനം ചെയ്കയാൽ ഇന്നു പരിക്ഷീണനായിരിക്കുന്ന വന്ദ്യപിതാവു്, വർഷങ്ങൾക്കപ്പുറം അരോഗദൃഢഗാത്രനായിരുന്ന വയലിൽ പിതാവിനേക്കാൾ അധികം ഹൃദ്യനായ തീന്നിരിക്കുന്നു!

ഇന്നത്തേതുപോലെ കാൽനൂറ്റാണ്ടിനു മുൻപും, സാധാരണ സ്കൂളുകളിലും സൺഡേസ്കൂളുകളിലും മതപഠനം നടന്നിരുന്നു. കുട്ടികൾ വേദപാഠം പഠിക്കുകയോ പഠിക്കാതിരിക്കുകയോ ചെയ്യട്ടെ എന്ന രീതിയിൽ നിഷ്പക്ഷതയോടെ വർത്തിക്കുന്ന രക്ഷാകർത്താക്കൾ, തങ്ങൾ കൈകാര്യം ചെയ്യുന്ന വിഷയത്തെക്കുറിച്ചു് അറിവു നേടാനോ അതിന്റെ മഹത്വം ഗ്രഹിക്കാനോ തല്പരരല്ലാത്ത അദ്ധ്യാപകർ, ക്ലാസ്സു് സമയമത്രയും 'കലപിലാ' പുലമ്പുന്ന വിദ്യാർത്ഥികൾ! നമ്മുടെ മതാദ്ധ്യയനവേദിയിലെ പ്രധാന അഭിനേതാക്കളുടെ ഒരു ചിത്രമാണിതു്. കുട്ടികൾക്കു് എന്തിനു പഠിക്കുന്നുവെന്ന വിചാരമില്ല. എന്തു പഠിച്ചുവെന്നു് അറിഞ്ഞും കൂടാ. എങ്കിലും കുറേനേരം അദ്ധ്യാപകന്റെ മുൻപിൽ ഇരുന്നുകൊടുക്കുന്ന ഒരു സഹനസമരമായിരുന്നു, വിദ്യാർത്ഥികളുടെ പക്ഷത്തുനിന്നും നോക്കിയാൽ മതാദ്ധ്യയനം! പണ്ടു തീർച്ചയായും ഇങ്ങനെ തന്നെ. ഇന്നു നിലവ്വേറ്റവുമുണ്ടു്. 'സംക്ഷിപ്തവേദോപദേശ'ത്തിലെയോ, 'വലിയ വേദോപദേശത്തി'ലെയോ ചോദ്യങ്ങൾ ചോദിക്കുക, ഉത്തരങ്ങൾ പറയിക്കുക ഇതാണു പണ്ടത്തെ അദ്ധ്യയനരീതി! ആശയത്തെക്കുറിച്ചു് ആർക്കും ചിന്തയില്ല; അദ്ധ്യാപകനുമില്ല, കുട്ടിക്കുമില്ല! എങ്കിലും കുറേ വസ്തുതകൾ മന:പാഠമാക്കിയിരുന്നു; ഹിന്ദി അറിഞ്ഞുകൂടാത്ത കുട്ടികൾ ഹിന്ദിഗാനം ഹൃദിസ്ഥമാക്കുന്നതുപോലെ!

'തന്നെപ്പോലെ മറ്റുള്ളവരെയും സ്നേഹിക്കുക' എന്ന പ്രമാണസംഗ്രഹം അദ്ധ്യാപകൻ പഠിപ്പിക്കുന്നുവെന്നു കരുതുക. ലളിതവും ലഘുവുമായ ഈ വാക്യം കുട്ടികൾ പഠിക്കുകയും ചെയ്യും. പക്ഷേ ഒരണുവിട ആ ആശയത്തോടു കുട്ടി സമീപിച്ചിട്ടുണ്ടായിരിക്കുകയില്ല. ഈ മനോഹരോപദേശം മന:പാഠമാക്കിയ വിദ്യാർത്ഥി അതു പഠിക്കുന്നതിനു മുൻപെന്നപോലെ പഠിച്ചുകഴിഞ്ഞും പെരുമാറുന്നു. അവൻ തന്നെപ്പോലെ ആരെയും കരുതുകില്ല. കരുതാൻ ശ്രമിക്കുകയുമില്ല. അങ്ങനെ ശ്രമിക്കുകയെങ്കിലും ചെയ്യാത്തകാലത്തോളം ആ തത്ത്വം പഠിച്ചുവെന്നോ പഠിപ്പിച്ചുവെന്നോ പറയുന്നതിൽ എന്തു് അർത്ഥമാണുള്ളതു്.

ക്ലാസ്സിൽ വച്ചു കുട്ടി പഠിക്കുന്ന കണക്കും ഭാഷയും സയൻസുമൊക്കെ വീട്ടിലും സമൂഹത്തിലും അ

വൻ പ്രയോഗിക്കുന്നു. അഞ്ചും മൂന്നും എട്ടെന്നു പഠിക്കുന്ന കുട്ടി വീട്ടിലും വിദ്യാലയത്തിലും അഞ്ചും മൂന്നും എട്ടെന്നു തന്നെ പറയും. ആരെങ്കിലും ഏഴെന്നോ ഒൻപതെന്നോ പറഞ്ഞുകേട്ടാൽ അതു തിരുത്തുകയും ചെയ്യും. അവൻ എപ്പോഴെങ്കിലും എട്ടെന്നതിനു പകരം ഏഴെന്നോ ഒൻപതെന്നോ ഓർമ്മിക്കാതെ പറയാനിടയായാൽ സ്വയം ലജ്ജിക്കും. മേലിൽ അങ്ങനെ ഒരബദ്ധം വന്നുകൂടാതിരിക്കാൻ ശ്രദ്ധിക്കുകയും ചെയ്യും. ഇതുപോലെതന്നെ ക്ലാസ്സിൽ വച്ചു പഠിച്ച ശാസ്ത്രപാഠങ്ങളും ഭാഷാപാഠങ്ങളും അന്നദിനജീവിതത്തിൽ കൂട്ടി ഉപയോഗപ്പെടുത്തുന്നു. എന്നാൽ പഠിച്ച മതകാര്യങ്ങളോ? വീട്ടിലോ സമൂഹത്തിലോ അതിനു് കൂട്ടി പ്രായോഗികത നൽകുന്നില്ല; ക്ലാസ്സിൽപോലും. കോപിക്കരുതെന്നും ഉപദ്രവിക്കരുതെന്നുമൊക്കെ പഠിക്കുന്നു. അതു് ഉരുവിട്ടുകൊണ്ടിരിക്കെത്തന്നെ കോപിക്കുകയോ ഉപദ്രവിക്കുകയോ ചെയ്യുന്നു. പഠിച്ച മതതത്ത്വങ്ങളെ സംബന്ധിച്ചിടത്തോളം ശിശുക്കളെപ്പോലെതന്നെ മുതിർന്നവരും. ഹിമാലയത്തോളം ഉയർച്ചയും ഗാംഭീര്യവും ശക്തവുമായ തത്ത്വങ്ങൾ പഠിപ്പിക്കുന്നു; പഠിക്കുന്നു. പക്ഷേ, അങ്ങോട്ടൊന്നു കണ്ണുയർത്തി നോക്കാൻ മടിക്കുകയും ചെയ്യുന്നു. ഇതാണു് മതപ്രബോധനങ്ങളെ സംബന്ധിച്ചിടത്തോളം നമ്മുടെ ഗതി. അധരങ്ങളിലല്ലാതെ അന്തരംഗത്തേയ്ക്കു് അവ കടന്നുവരുന്നില്ല. പഠിക്കുന്ന തത്ത്വങ്ങളുടെ അപ്രായോഗികത കാണുമ്പോഴും, കൂട്ടി നിരാശനാവുന്നു. അവൻ യുവാവാകുമ്പോഴോ? മതം അന്ധവിശ്വാസികളുടെയോ, അപരിഷ്കൃതരുടെയോ, ഉദരംഭരികളായ സ്വാർത്ഥമോഹികളുടെയോ ഒരു ഉപാസനാവസ്തുവായിക്കാണുകയും ചെയ്യുന്നു. അലംഭാവത്തോടെയുള്ള മതവിദ്യാഭ്യാസത്തിന്റെ ദുരന്തഫലമാണിതു്. ഔതികവിദ്യാഭ്യാസം എത്രമാത്രം യുക്ത്യനുസാരിയും ശാസ്ത്രീയവുമായിരിക്കുന്നുവോ അത്രത്തോളം മതവിദ്യാഭ്യാസവും യുക്തിബദ്ധവും ശാസ്ത്രോചിതവുമായിരിക്കണം. കഴിഞ്ഞ കാലങ്ങളിൽ അങ്ങനെയല്ലാതിരുന്നതിന്റെ തിക്തഫലമാണു് ഇന്നത്തെ അഭ്യസ്തവിദ്യരുടെയിടയിൽ കാണുന്ന മതവൈരാഗ്യം. ഇന്നും അതു തുടരുകയാണു്.

മതാദ്ധ്യയനം നമുക്കു് സ്വാതന്ത്ര്യവും തന്റേടവും തരുന്നു. ലോകത്തിന്റെ ഓരോ കോണിൽനിന്നും പാഞ്ഞുവന്നു് നമ്മെ നേരിടുന്ന ക്രൂരതകളെയും ക്ലേശങ്ങളെയും നിശ്ചലമാക്കാൻ മതം മിനക്കെടുന്നില്ല. മേഘനാദം കേട്ടാൽ പേടിയാകുമെന്നതുകൊണ്ടു് മേഘങ്ങളെ തുടച്ചുനീക്കാൻ മതം പറയുന്നില്ല. അതു നേരിടാനുള്ള മനക്കരുത്തു് ആർജ്ജിക്കാനാണു് മതം ഉപദേശിക്കുന്നതു്. എക്കാലത്തും മതവിദ്യാർത്ഥികളും അദ്ധ്യാപകരും മനസ്സിലാക്കേണ്ടതു് ഇക്കാര്യമാണു്.

ഏതു മതത്തിനും മതഗ്രന്ഥങ്ങളാവശ്യമാണു്. വിദ്യാർത്ഥികളുടെ മാനസികവും ബൗദ്ധികവുമായ വളർച്ചയ്ക്കു് അനുസൃതമായി പാകപ്പെടുത്തിയ പാഠപുസ്തകങ്ങളും അത്യന്താപേക്ഷിതമാണു്. അഭിവന്ദ്യ വയലിൽ പിതാവു് ശ്രുപതയുടെ ഭരണസാരഥ്യമേൽക്കുമ്പോഴും ഇതര ശ്രുപതകളിലെന്നപോലെ പാലാ ശ്രുപതയിലും 'കത്തോലിക്കാ മതപഠനം' എന്ന പൊതുശീർഷകത്തിലുള്ള ഗ്രന്ഥാവലികളാണു് മതപഠനത്തിനുണ്ടായിരുന്നതു്. ക. നി. മൂ. സ. ഹില്ലാരിയോസച്ചൻ രചിച്ചവയായിരുന്നു ഈ ഗ്രന്ഥങ്ങൾ. ഇന്നേയ്ക്കു നാല്പതുവർഷം മുൻപു് എഴുതപ്പെട്ടവയാണു് ആ പുസ്തകങ്ങൾ. ചെറിയ ചെറിയ ചോദ്യങ്ങളും പ്രായേണ സുദീർഘങ്ങളായ ഉത്തരങ്ങളുംകൊണ്ടു് കൊരുക്കപ്പെട്ടവയാണു് ഇതിലെ പ്രതിപാദ്യം. അതിന്റെ മാതൃക മനസ്സിലാക്കാൻ വേണ്ടി ഒരു ചോദ്യവും അതിന്റെ ഉത്തരവും നോക്കുക. ഒരു പറ അരിയുടെ വേവു നോക്കാൻ ഒന്നോ രണ്ടോ ചോറുമതിയാകുമല്ലോ. 'കത്തോലിക്കാമതപഠനം' ഒന്നാം പുസ്തകം ലക്ഷ്യം മൂന്നിൽ നിന്നുമുള്ള ഒരു ചോദ്യമാണു് കുറിക്കുന്നതു്.

പൂർവ്വപിതാക്കന്മാർക്കു വെളിപ്പെടുത്തിയതിനു് ഉപരിയായി വെളിപാടുകളും മതസ്ഥാപന നിയമങ്ങളും ഉണ്ടായിട്ടുണ്ടോ? ഇതിനുള്ള ഉത്തരം സുമാർ മൂന്നു പേജാണു്. അതിങ്ങനെ ആരംഭിക്കുന്നു:

'മനുഷ്യഗണം ആദികാലംമുതൽ ആചരിച്ചുവന്ന സ്വാഭാവിക മതത്തിലും ദൈവം പൂർവ്വപിതാക്കന്മാർക്കു വെളിപ്പെടുത്തിയതും അവരുടെയിടയിൽ സ്ഥാപിച്ചതുമായ മതനിഷ്ഠയിലും ഉപരിയായതും മഹത്തായതുമായ മതസ്ഥാപനവും നിയമങ്ങളും ശാശ്വതമായി ഉണ്ടായിട്ടുണ്ടു്. എങ്ങനെയെന്നാൽ ആദിമാതാപിതാക്കന്മാരായ ആദത്തിനും ഹാവായ്ക്കും ദൈവം കല്പിച്ചുകൊടുത്ത മതബോധത്തെയും പ്രമാണത്തെയും അവർ അവഗണിച്ചു പ്രവർത്തിച്ചു.' വിസ്താരഭയത്താൽ മുഴുവൻ കുറിക്കുന്നില്ല. എത്രയേറെ ആശയങ്ങളാണു് ഈ ഒരു ഉത്തരത്തിൽ സമാഹരിച്ചിരിക്കുന്നതു്; അതും ബാലികാബാലന്മാക്കു ദുർഗ്രഹമായ ഭാഷയിലും ശൈലിയിലും. ഈ ഉത്തരം വായിക്കാൻ ഒരു കുട്ടിക്കു കുറഞ്ഞതു പത്തു മിനിട്ടെങ്കിലും വേണ്ടിവരും. ഇതു് അദ്ധ്യാപകൻ വായിച്ചു കേൾപ്പിക്കുകയോ, കുട്ടികൾ വായിക്കുകയോ ചെയ്യുന്നതാണല്ലൊ നമ്മുടെ പഴയ അദ്ധ്യാപനരീതി. ഇതുകൊണ്ടെന്തു പ്രയോജനമാണുണ്ടാവുക? ഈ ദൈർഘ്യമേറിയ ഉത്തരങ്ങളിൽ വിദ്യാർത്ഥിയുടെ മനസ്സു

ഒന്നു സ്പർശിക്കുകപോലുമില്ല. മനോബന്ധമില്ലാത്ത ഈ പ്രതിപാദനരീതിയാണു, മതപഠനത്തെ ഒരളവോളം വിരസമാക്കിത്തീർത്തതു്.

ചോദ്യോത്തരങ്ങളുടെ രീതിവിട്ടു് 1948—ൽ മറ്റൊരു പരമ്പര നിലവിൽ വന്നു, 'മതതത്ത്വബോധിനി: റവ. ഫാ. ലാസർ സി. ഡി. ആയിരുന്നു അവയുടെ ഗ്രന്ഥകർത്താവു്. പ്രാരംഭപ്രഭാഷണം, മന:പാഠം. സൂചന, വിശദീകരണം ഈ തലക്കെട്ടുകളിൽ ഓരോ മതതത്ത്വങ്ങളും ദീർഘമായി ഉപന്യസിച്ചിരിക്കുകയാണു് ആ ഗ്രന്ഥങ്ങളിൽ. 'കുമ്പസാരം' എന്ന കൂദാശയെക്കുറിച്ചു് മതതത്ത്വബോധിനിയിൽ വിവരിച്ചിരിക്കുന്നതു ഇപ്രകാരമാണു്:

പിശാചുക്കളോടും മറ്റുമുള്ള യുദ്ധത്തിൽ നമ്മുടെ ആത്മാവിനു ചിലപ്പോഴും മുറിവേൽക്കും .... ആത്മാവിന്റെ ആ മുറിവിനു് എന്താണു പറയുക? പാപമെന്നു് .... പാപം പട്ടക്കാരനോടു ഏറ്റുപറയുന്നതാണു് കുമ്പസാരം. പാപം പൈശാചികമാണു്. 'പക്ഷേ, പാപം, പിശാചു് ഏൽപ്പിക്കുന്ന മുറിവെന്നു പറയാമോ?' ഈ വിശദീകരണത്തിൽനിന്നും കുട്ടികളെന്തു ഗ്രഹിക്കും? 'താൻ സ്വമേധയാ ചെയ്യുന്നതല്ല പാപം. പിശാചാണു കാരണക്കാരൻ. പിന്നെ എങ്ങനെ പാപത്തിന്റെ പിടിയിൽനിന്നും മോചിതനാവും. തന്നെക്കാൾ കരുത്തനും തനിക്കു അജ്ഞാതനുമായ പിശാചാണു് യുദ്ധത്തിനു വരുന്നതു്! അവന്റെ തട്ടിപ്പാണു് പാപം. ഇങ്ങനെ ചിന്തിച്ചു പോകുന്ന കുട്ടി ക്രമേണ മനസ്സിലാക്കും പിശാചു തന്നെ ഒരു തട്ടിപ്പാണെന്നു്. കാലം മുന്നോട്ടുപോകുമ്പോഴും പിശാചിനെ ഉപമാനമാക്കിക്കൊണ്ടുള്ള പാപവും ഒരുവക തട്ടിപ്പുപറച്ചിലാണെന്നു് അവൻ ധരിച്ചുവശാകും. പിന്നാലെ പാപസങ്കീർത്തനവും ഒരുതരം കഥയില്ലായ്മയായി കരുതും. അനുദിനം ശാസ്ത്രജ്ഞാനം ലഭിച്ചു വളരുന്ന ബാലികാബാലന്മാർ യുവതീയുവാക്കളായി കഴിയുമ്പോഴോ? അവർ പിന്നിലേക്കു—പഠിച്ച മതതത്ത്വങ്ങളിലേക്കു പിന്തിരിഞ്ഞുനോക്കും. പാപവും പിശാചും പാപമോചനവുമെല്ലാം ഒരുപോലെ മാനസികവിഭ്രാന്തിയാണെന്നു കരുതുകയും ചെയ്യും. ഇതിന്റെ കാരണം, മത: പരിതസ്ഥിതിയും മതവിജ്ഞാനത്തിന്റെ പ്രതിപാദ്യവും ഒരു ബാലഹൃദയത്തേയോ യുവഹൃദയത്തേയോ ആകർഷിക്കാനും വളർത്താനുമാവാത്തവിധം തരംതാണുപോയതുതന്നെ. ഭൗതികവിഷയങ്ങൾ കൈകാര്യംചെയ്യുന്ന ശാസ്ത്രബുദ്ധി മതവിഷയത്തിന്റെ വിനിമയത്തിനു ഉപയോഗിക്കപ്പെടാതെപോയിരിക്കുന്നു! ഇതരപാഠപുസ്തകങ്ങളിലൊന്നും പിശാചുക്കളെക്കുറിച്ചുള്ള പ്രസ്താവങ്ങളില്ല. വല്ല മുത്തശ്ശിക്കഥകളിലുമേ പിശാചിനെക്കുറിച്ചു പറയുന്നുള്ളൂ. അതുകഴിഞ്ഞാൽ പിന്നെ പിശാചിനെക്കുറിച്ചു കേൾക്കുന്നതു മതപഠനക്ലാസ്സിൽ നിന്നായാൽ മുത്തശ്ശിക്കഥയേക്കാൾ കൂടിയ പരിഗണന മതപഠനത്തിനു ലഭിക്കുമോ? വിദ്യാലയങ്ങളിൽ പഠിക്കുന്നതു് മിക്കതും യുക്തിസഹമാണു്. ചെടി വേരിലൂടെ വളം സ്വീകരിക്കുന്നുവെന്നു് അദ്ധ്യാപകൻ പഠിപ്പിക്കുന്നുവെന്നിരിക്കട്ടെ. പ്രഥമശ്രവണത്തിൽ അതവിശ്വസിക്കുന്ന വിദ്യാർത്ഥികളെ ബോദ്ധ്യപ്പെടുത്താനായി അദ്ധ്യാപകൻ പരീക്ഷണം കാണിക്കുന്നു. ഒരു 'ഇലമഷിച്ചെടി' വേരോടെ പിഴുതെടുത്തു ചുവന്ന മഷിനിറച്ച കുപ്പിയിൽ വയ്ക്കുന്നു. കുറേസമയം കഴിയുമ്പോഴേക്കും ആ ചെടിയുടെ തണ്ടും, ഇലകളും ചുമന്നനിറം ഉൾക്കൊള്ളുന്നു. ഈ പരീക്ഷണം കാണുന്ന വിദ്യാർത്ഥികളും അദ്ധ്യാപകന്റെ പ്രസ്താവം വിശ്വസിക്കുന്നു. മതാദ്ധ്യാപകൻ പറയുന്ന പാപത്തിന്റെ കഥയോ? അതു യുക്തിയുക്തമെന്നു ബോദ്ധ്യപ്പെടുത്താൻ അദ്ധ്യാപകൻ എന്തെങ്കിലുമുണ്ടോ ചെയ്യുന്നു. താൻ പറയുന്നതു സത്യസന്ധവും യുക്തിപൂർവ്വകവുമാണെന്നു ബോദ്ധ്യപ്പെടുത്താൻ മതാദ്ധ്യാപകൻ അശേഷവും ശ്രമിക്കുന്നില്ല. അതോടെ മതവിശ്വാസത്തിനു നേരേ തുറന്നിരിക്കുന്ന ഹൃദയകവാടം കുട്ടി വലിച്ചടച്ചുകളയുന്നു! മനുഷ്യനു ബുദ്ധിയും യുക്തിയും ശാസ്ത്രജ്ഞാനവും വളരുന്നതനുസരിച്ചു മതതത്ത്വങ്ങളും ബുദ്ധിഗതവും യുക്ത്യനുസൃതവുമായി അവതരിപ്പിക്കപ്പെടുന്നില്ലെങ്കിൽ മതം, അന്ധവിശ്വാസത്തിന്റെ കൂപ്പുകുഴിയിലേക്കു തള്ളപ്പെടും.

'മതതത്ത്വബോധിനിയിൽ രോഗീലേപനത്തെക്കുറിച്ചു (അന്ത്യലേപനം) പറയുന്ന ഭാഗവും നാമൊന്നു നോക്കുക:

''മരണസമയം എത്രയും ഭയങ്കരമായ ഒന്നാണു്! ദീനത്തിന്റെ വേദനയും വിധിയുടെ ഭയവും പിശാചുക്കളുടെ പരീക്ഷകളും നമ്മെ വല്ലാതെ അലട്ടും..... പിശാചുക്കളുടെ പരീക്ഷകളോടെതിർക്കുന്നതിനു നമുക്കു് ശക്തിതരുന്ന കൂദാശയാണു് അന്ത്യലേപനം.''

രോഗവും ആകുലതയും കൊണ്ടുതന്നെ മരണനാഴിക വേദനാജനകം. അതിനു പുറമേയാണു പിശാചിന്റെ വരവു്! ഇതിൽപ്പരം കുട്ടികളെ ഞെട്ടിത്തരിക്കാനെന്തുവേണം. ജീവിതത്തിന്റെ പ്രസന്നഭാവത്തെ തകർത്തുകളയുന്നതാണു് ഈ വിവരണം. ദു:ഖവും വേദനയും മനുഷ്യജീവിതത്തിലുടനീളം അനുഭവപ്പെടുന്നുണ്ടു്. അതുപോലെ അനുഭവപ്പെടുന്നതാണു് പിശാചിന്റെ ഇടപെടൽ എന്നാണല്ലോ മേലുദ്ധരിച്ച വാക്യം കുട്ടികളെ അനുസ്മരിപ്പിക്കുക. ദൈവകല്പനകളെ യഥാവിധി അനുസരിക്കുന്ന രാജ്യം ബാല്യത്തിൽനിന്നും യൗവ്വനത്തിലേക്കോ

യൗവ്വനത്തിൽനിന്നു് വാർദ്ധക്യത്തിലേക്കോ കടന്നു പോകുന്നതുപോലെ ജീവിതത്തിൽനിന്നുമുള്ള ഒരു കടന്നുപോക്കാണു് മരണവും. നിത്യസമ്മാനവും നിത്യജീവിതവും ലഭിക്കുന്നതു മരണശേഷമാണെങ്കിൽ പിന്നെ മരണത്തെ ഭീതിജനകമായി ചിത്രീകരിക്കുന്നതെന്തിനു്? ലക്ഷ്യസ്ഥാനത്തേക്കു് ഓടിയെത്തുന്ന മത്സരയോട്ടക്കാരനെ — സമ്മാനം നേടാൻ ആവേശപൂർവ്വം മുന്നോട്ടുപായുന്ന വിജഗീഷുവിനെ — ഉദ്ദിഷ്ടസ്ഥാനത്തെത്തുന്നതിൽനിന്നും എന്തിനു് പിന്തിരിപ്പിക്കണം? എന്തിനു് അറച്ചുനിൽക്കാൻ പ്രേരിപ്പിക്കണം? നിത്യായുസ്സിനുള്ള ദൈവികജീവൻ തന്നു നമ്മെ പ്രസന്നചിത്തരാക്കുന്ന രോഗീലേപനം, ഒരു കയ്പൌഷധിയായിട്ടാണു് പഴയ മതപാഠാവലികളിൽ പ്രതിപാദിച്ചിരിക്കുന്നതു്. നമ്മുടെ പഴയ പുസ്തകങ്ങളിലെ ഈദൃശ രചനാരീതി കാണുന്ന ഒരാധുനിക മതാദ്ധ്യാപകൻ തീർച്ചയായും സമ്മതിക്കും, കാലാനുസൃതം മതപുസ്തകങ്ങളും മാറിയെഴുതുന്നതിന്റെ ഔചിത്യം. പഴയ മതപാഠഗ്രന്ഥങ്ങളെ തീരെ തരംതാഴ്ത്തിക്കാണിക്കാനല്ല ഇത്രയും പറഞ്ഞതു്. അവ എഴുതപ്പെട്ട കാലഘട്ടത്തിനു യോജിച്ചതായിരുന്നിരിക്കാമെങ്കിലും ഇന്നത്തെ കാലഘട്ടത്തിന്റെ ചേതനയ്ക്കു യോജിച്ചതല്ലെന്നു ചൂണ്ടിക്കാണിക്കുകയാണു്. ഇന്നു് ഒരു പുതിയ കാർ വാങ്ങിക്കാൻ ആഗ്രഹിക്കുന്ന ധനികൻ, ഏറ്റവും പുതിയ മോഡൽ കാറല്ലേ വാങ്ങിക്കൂ; പറ്റുമെങ്കിൽ 1976—ലേ മോഡൽ തന്നെ. 1940—ലേ മോഡൽ വാങ്ങിക്കുന്നവരായി നമ്മുടെയിടയിൽ ആരുണ്ടു്, ഈ 1976—ൽ? 1940—ലേ മോഡൽ കാർ ഇന്നു് അനുയോജ്യമല്ലെന്നു കരുതി ആ കാലഘട്ടത്തിനു ചേർന്നതല്ലെന്നു പറയുന്നതു ശരിയല്ലല്ലൊ. ഇന്നതു അപഹാസ്യമാവാം. അന്നതു് പരിഹാസ്യമല്ല. എന്നാൽ കൂടുതൽ വേഗത കിട്ടുന്നതിനുള്ള യാത്രാമാദ്ധ്യമമാണു കാർ എന്ന ആശയം അന്നുമിന്നും ഒരുപോലെ ആശാസ്യമാണു്. ഇപ്രകാരം, പാപമോചനം, രോഗീലേപനം തുടങ്ങിയ വിശുദ്ധ കൂദാശകളിലെ ആശയം ഉത്തമമെങ്കിലും അതിന്റെ പഴയ അവതരണരീതി അനുയോജ്യമല്ലെന്നേ പറയാനുള്ളൂ. ഈ പരിതഃസ്ഥിതി കണ്ടറിഞ്ഞു പുതിയ മതപാഠപുസ്തകങ്ങളുടെ രചനയ്ക്കുവേണ്ടി കേരളത്തിൽ പ്രബലമായ ഒരു ഉദ്യമമുണ്ടായതു് അഭിവന്ദ്യ വയലിൽ പിതാവിന്റെ ഭരണാരംഭകാലത്തു പാലാ രൂപതയിലാണു്.

1953—ൽ പുതിയ പുസ്തകങ്ങളുടെ നിർമ്മാണത്തിനായി ഒരു കമ്മറ്റിയെ നിയമിച്ചു. റവ. ഡോ. സി. റ്റി. കൊട്ടാരം, റവ. ഫാ. അബ്രാഹം മുണ്ടാമാക്കൽ, റവ. ഫാ. സഖറിയാസു് പൂവത്തുങ്കൽ, റവ. ഫാ. ജേക്കബു് മണ്ണനാൽ എന്നിവരായിരുന്നു ആ കമ്മറ്റിയിലെ അംഗങ്ങളും. ഇന്നു് തലശ്ശേരി രൂപതയുടെ അഭിവന്ദ്യമെത്രാനായിരിക്കുന്ന റവ. ഡോ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളി ഈ കമ്മറ്റിയിലെ അംഗമായിരുന്നു. സൺഡേസ്കൂളുകളുടെ ഉപയോഗത്തിനായി 'മതോപദേശിക' എന്ന ഗ്രന്ഥപരമ്പരയാണു് ഈ കമ്മറ്റി തയ്യാറാക്കിയതു്.

1956—ൽ സ്കൂളുകളുടെ ആവശ്യത്തിനായി 'മതതത്ത്വപ്രദീപ'മെന്ന പുസ്തകങ്ങളും പ്രസിദ്ധീകരിക്കപ്പെട്ടു. ഈ ഗ്രന്ഥാവലിയിൽ 5 മുതൽ 10 വരെ ക്ലാസ്സുകളുടെ ഉപയോഗത്തിനുള്ള ആറു പുസ്തകങ്ങളാണുണ്ടായിരുന്നതു്. ഇതോടനുബന്ധിച്ചു് 'തിരുസഭാചരിത്രവും' രണ്ടു ഭാഗങ്ങളായി തയ്യാറാക്കപ്പെട്ടിരുന്നു.

രൂപതയുടെ ആവിർഭാവകാലത്തു് സൺഡേസ്കൂൾ ഡയറക്ടറന്മാരായി മൂന്നു പ്രശസ്തവ്യക്തികളും പ്രവർത്തിച്ചിരുന്നു. റവ. ഫാ. ജോർജ്ജു് ചങ്ങനാശ്ശേരിൽ (ഫാ. ജി. സി. ടീലാർ), റവ. ഫാ. ഫ്ളോറിൻ സി. ഡി, റവ. ഫാ. ജോർജ്ജു് നെടുങ്ങോട്ടിൽ എന്നിവർ. 1957—ൽ റവ. ഡോ. കുര്യൻ വഞ്ചിപ്പുരയ്ക്കൽ മതബോധന ഡയറക്ടർ ആയി നിയമിതനായതോടുകൂടി ഈ രംഗത്തു കൂടുതൽ ഉണർവ്വു് ദൃശ്യമാകുവാൻ തുടങ്ങി. പണ്ഡിതനും കുശാഗ്രബുദ്ധിയുമായ അദ്ദേഹം മതബോധനം സജീവവും ഫലപ്രദവുമാക്കാൻ ചില പദ്ധതികളും ആവിഷ്കരിക്കുകയുണ്ടായി. മതാദ്ധ്യാപക സെമിനാറുകളും, രൂപതാതലത്തിലുള്ള പൊതുപരീക്ഷകളും, ഫിലിംപ്രദർശനം എന്നിവയിലൂടെ മതാഭ്യസനത്തിന്റെ മരവിപ്പു മാറിയെടുത്തു. ദൃശ്യശ്രാവ്യോപകരണങ്ങളുടെ ഉപയോഗം മതാദ്ധ്യയനത്തിലേക്കു കൊണ്ടുവന്നതു് റവ. ഡോ. വഞ്ചിപ്പുരയാണു്.

1961—ൽ റവ. ഡോ. വഞ്ചിപ്പുര വടവാതൂർ അപ്പസ്തോലിക്കു് സെമ്മിനാരി റെക്ടർ ആയതിനെത്തുടർന്നു് റവ. ഡോ. മാത്യു മാത്തിക്കുന്നേൽ വേദപാഠാധ്യക്ഷനായി. ഇദ്ദേഹത്തിന്റെ കാലത്താണു് ഒന്നു മുതൽ ഏഴുവരെയുള്ള ക്ലാസ്സുകളിലേയ്ക്കു് സമഗ്രമായ ഒരു സിലബസു് തയ്യാറാക്കപ്പെട്ടതു്.

പാലാ രൂപതയിൽപ്പെട്ട സ്കൂളുകളെ ഒരേകനായകത്വത്തിന്റെ ചരടിൽ കോർത്തിണക്കിക്കൊണ്ടു് ഒരു കോർപ്പറേറ്റു് എഡ്യൂക്കേഷണൽ ഏജൻസിക്കു രൂപം കൊടുത്ത 1952 മുതൽ സ്കൂളുകളിലെ മതപഠനത്തിന്റെ ചുമതല കോർപ്പറേറ്റു മാനേജുമെന്റു് സെക്രട്ടറിമാർ വഹിക്കാൻ തുടങ്ങി. അങ്ങനെ പാലാ രൂപതയിലെ മതവിദ്യാഭ്യാസം, രണ്ടു കൈവഴികളായി തിരിഞ്ഞു് സമുദ്രത്തെ ലക്ഷ്യമാക്കി ഒഴുകുന്ന

ഒരു നദിയുടെ ഇരു ശാഖകൾപോലെ പ്രവർത്തന നിരതമായി മുന്നോട്ടു നീങ്ങി.

ഭാഷയിലും സാഹിത്യത്തിലും ചിന്താശക്തിയിലും ബോധനരീതിയിലും എന്നു വേണ്ട, വിദ്യാഭ്യാസത്തിന്റെ നാലതിരുകൾക്കും പാടേ മാറ്റവും വികാസവും സംഭവിച്ചുകൊണ്ടിരുന്ന ഒരു കാലസന്ധിയാണ് ഇക്കഴിഞ്ഞ ഒരു ദശവർഷം. ഇത്തരുണത്തിൽ വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റു സ്കൂളുകളുടെ ഉപയോഗത്തിനായി തയ്യാറാക്കുന്ന ടെക്സ്റ്റ്ബുക്കുകളോടും ആധുനിക ബോധനസമ്പ്രദായത്തോടും പൊരുത്തപ്പെടുന്ന പാഠപുസ്തകങ്ങളും ബോധനരീതിയും മതബോധനതലത്തിലും ഉണ്ടായിക്കാണണമെന്നു് മറ്റാരേക്കാളും കേരളസഭയിൽ ആഗ്രഹിച്ചതു് വയലിൽ പിതാവാണു്. അദ്ദേഹത്തിന്റെ ആഗ്രഹാനുസൃതം 1966–ൽ പുതിയ പുസ്തകങ്ങളുടെ രചനയ്ക്കായി ഏതാനുംപേർ പ്രവർത്തിച്ചുതുടങ്ങി. ബഹുഭാഷാശാസ്ത്രവിശാരദനും പണ്ഡിതനുമായ റവ. ഡോ. ജേക്കബ് കുറ്റിയ്ക്കൽ, റവ. ഡോ. ജോസഫ് വലിയമംഗലം, മിസ്സ്. ഒ. ജെ. ത്രേസ്യാക്കുട്ടി (Dip. Munich) തുടങ്ങിയവരായിരുന്നു ഇതിൽ മുന്നിട്ടുനിന്നിരുന്നവർ. പ്രൈമറിക്ലാസ്സുകൾക്കാവശ്യമായ നാലു പുസ്തകങ്ങൾ തയ്യാറാക്കുകയായിരുന്നു ഈ കമ്മറ്റിയുടെ പ്രഥമലക്ഷ്യം. ഇന്നത്തെ പി. ഒ. സി. മതപാഠാവലികൾക്കു മുന്നോടിയെന്നു പറയാവുന്ന നാലു പുസ്തകങ്ങളുടെ കൈയെഴുത്തു പ്രതികൾ ഈ ലേഖകൻ ഉൾപ്പെടെയുള്ള കമ്മറ്റി അംഗങ്ങൾ തയ്യാറാക്കി. അന്നത്തെ മതബോധന ഡയറക്ടറായിരുന്ന റവ. ഡോ. തോമസ് പുരയിടത്തിന്റെ ഉത്സാഹവും പ്രോത്സാഹനവും മൂലമാണു് ആറേഴ മാസങ്ങൾക്കകം ആ പുസ്തകങ്ങൾക്കു രൂപംകൊടുക്കാൻ കഴിഞ്ഞതു്. അഭിവന്ദ്യ പിതാവു് ഈ പാഠാവലികളുടെ ഉള്ളടക്കത്തെക്കുറിച്ചും രചനാശൈലിയെക്കുറിച്ചും അപ്പപ്പോൾ അന്വേഷിച്ചുകൊണ്ടിരുന്നു. ശിശുക്കളുടെ അനുഭവസീമയിൽപ്പെടുന്ന വിഷയങ്ങൾ, ചെറിയ ചെറിയ വാക്യങ്ങൾ, ശിശുശാസനങ്ങൾ അവക്രമായ ഭാഷാശൈലി. എല്ലാംകൊണ്ടും പുതിയ ചെറിയ പുസ്തകങ്ങൾ അഭിവന്ദ്യപിതാവിൽ മറഞ്ഞുകിടന്നിരുന്ന അദ്ധ്യാപകചേതനയെ ഉണർത്തി. പുസ്തകങ്ങളിലെ ഓരോ പാഠവും വായിച്ചുനോക്കാൻ അവിടുന്നു് ഉത്സുകനായി. ഓരോ പാഠവും വായിച്ചു വിലയിരുത്തുന്നതിനും ചർച്ചചെയ്യുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനുമുള്ള അനുകൂലമായ ഒരു സ്ഥലവും സമയവും അഭിവന്ദ്യപിതാവുതന്നെ കണ്ടെത്തി. പീരുമേട്ടിലുള്ള രൂപതവക ബംഗ്ലാവിൽ 1967 ജനുവരി മാസത്തിൽ ഒരാഴ്ച താമസിക്കാനായിരുന്ന പിതാവിന്റെ തീരുമാനം. ഫാ. പുരയിടം, റവ. ഡോ. വലിയമംഗലം എന്നിവരോടൊത്തു് പീരുമേട്ടിൽ വന്ദ്യപിതാവു് ഒരാഴ്ചക്കാലം താമസിച്ചു. പിതാവിന്റെ അഭിലാഷപ്രകാരം ഈ ലേഖകനും കൂടെപ്പോയിരുന്നു. എല്ലാ പുസ്തകങ്ങളിലെയും ഉള്ളടക്കം അവിടെവച്ചു് വന്ദ്യപിതാവു് വായിച്ചു പരിശോധിച്ചു. ഞങ്ങളുമായി ചർച്ചചെയ്തു. തിരുത്തലുകൾ നിർദ്ദേശിച്ചു.

തിരികെ പോരുമ്പോൾ ക്രാന്തദർശിയായ പിതാവിന്റെ ചിന്ത കേരളത്തിനു മൊത്തം ഉണ്ടായിരിക്കേണ്ട ഒരു മതഗ്രന്ഥപരമ്പരയുടെ ആവശ്യകതയെക്കുറിച്ചായിരുന്നു എന്നു് ഞങ്ങൾക്കു് പിന്നീടു് മനസ്സിലാക്കാൻ കഴിഞ്ഞു. ബിഷപ്പ്സ് ഹൗസിൽ തിരിച്ചെത്തിയപ്പോൾ, കേരളത്തിലെ എല്ലാ സൺഡേസ്കൂൾ ഡയറക്ടറന്മാരെയും ഒരു ദിവസം പാലാ ബിഷപ്പ്സ് ഹൗസിൽ വിളിച്ചുവരുത്തി ഈ പുസ്തകങ്ങൾ വായിച്ചുകേൾപ്പിക്കണമെന്നു് പിതാവു് ഫാ. പുരയിടത്തിനോടു് നിർദ്ദേശിച്ചു. അന്നേദിവസം ഈ പുസ്തകത്തിന്റെ സംവിധാനക്രമത്തെക്കുറിച്ചു് അവരോടു സംസാരിക്കുകയും ഒരു പാഠം എടുത്തുകാണിക്കുകയും ചെയ്യുന്നതിനു തയ്യാറാകാൻ ഈ ലേഖകനോടു പറയുകയും ചെയ്തു. ഈ കാലയളവിലായിരുന്നു പി. ഒ. സി. യുടെ ഉദയം. കേരളത്തിലെ എല്ലാ രൂപതകളിലെയും മതവിദ്യാഭ്യാസത്തിനു ഒരേകീകൃത രൂപമുണ്ടാക്കാനായിരുന്നു പി. ഒ. സി. യുടെ ആദ്യത്തെ യത്നം. അതിനു യുക്തമായ മതപാഠാവലികളാവശ്യമാണല്ലൊ. തൻനിമിത്തം, പി. ഒ. സി. On our way Series എന്ന പ്രശസ്ത വേദപാഠഗ്രന്ഥങ്ങളുടെ ആശയവും അവതരണരീതിയുമവലംബിച്ചുകൊണ്ടു് പുതിയ പുസ്തകങ്ങൾ എഴുതിത്തുടങ്ങി. ഈ പശ്ചാത്തലത്തിൽ പാലാ രൂപത തയ്യാറാക്കിക്കഴിഞ്ഞിരുന്ന പുസ്തകങ്ങൾ അച്ചടിച്ചു പ്രസിദ്ധീകരിക്കുന്നതു അനൗചിത്യമെന്നു കരുതി ആ യത്നം അവിടംകൊണ്ടവസാനിപ്പിച്ചു. എങ്കിലും ആ യത്നം പ്രയോജനരഹിതമായിപ്പോയില്ലെന്നു പിൽക്കാലസംഭവങ്ങൾ തെളിയിക്കുന്നു.

പി. ഒ. സി. ആസ്ഥാനം ആലുവാ, മംഗലപ്പുഴ സെമിനാരിയോടനുബന്ധിച്ചുള്ള സക്കറിയാസ് ഹാൾ ആയിരുന്നുവല്ലൊ ആദ്യം. അവിടെവച്ചു പ്രൈമറി ക്ലാസ്സുകൾക്കു് ആവശ്യമായ നാലു പുസ്തകങ്ങളുടെ കൈയെഴുത്തു പ്രതികൾ പൂർത്തിയാക്കിയശേഷം അവ വിലയിരുത്തുവാനും നിർദ്ദേശങ്ങൾ സമർപ്പിക്കാനുമായി കേരളത്തിലെ എല്ലാ രൂപതകളിലെയും മതബോധന ഡയറക്ടറന്മാരെയും മറ്റു ചില പ്രമുഖവ്യക്തികളെയും വിളിച്ചുകൂട്ടുകയുണ്ടായി. ഫാ. പുരയിടവും, വേദപാഠം സംബന്ധിച്ചു ജർമ്മനിയിൽ രണ്ടു വർഷത്തെ ഉപരിപഠനം കഴി


Papal Dignitaries



The Late Rt. Rev. Mgr. Emmanuel Mecherikunnel
(First Vicar General, 1951-1957)



Rt. Rev. Mgr. Philip Valyil
(Vicar General, 1957-74)




Very Rev. Mgr. Kurian Vanchipurackal
(Pro-Vicar General, 1970-)

Papal Dignitaries (Contd.)



Rt. Rev. Mgr. Jacob Vellaringatt
Vice Rector and Professor of the
Jubilarian at
St. Thomas Petit Seminary Kottayam



Rt. Rev. Mgr. George Puthenpura
Professor of the Jubilarian
at Mangalapuzha Seminary



Very Rev. Mgr. Thomas Moothedom



The Late VeryRev. Mgr. Joseph Kureethadam

ഞ്ഞു തിരിച്ചെത്തിയ മിസ്സ് ഒ. ജെ. ത്രേസ്യാക്കുട്ടിയുമായിരുന്നു പാലാ ശുപതയെ അന്നു പ്രതിനിധീകരിച്ചിരുന്നതു്. അവരുടെ നിർബന്ധപൂർവ്വകമായ അഭിപ്രായം പാലാ ശുപതയിൽ തയ്യാറാക്കപ്പെട്ട വേദപാഠപുസ്തകങ്ങൾകൂടി പരിശോധിച്ചു് പി. ഒ. സി. ടെക്സ്റ്റുകളും പുനഃക്രമീകരണം ചെയ്യണമെന്നും അന്നു് കേരളാ സ്റ്റെയിറ്റു് ഇൻസ്റ്റിട്യൂട്ടു്—ഓഫ് എഡ്യുക്കേഷനിൽ പുസ്തകരചനയിൽ പങ്കെടുത്തുകൊണ്ടിരുന്ന ഈ ലേഖകനെക്കൂടി ഉൾപ്പെട്ടത്തണമെന്നുമായിരുന്നു. പി. ഒ. സി. ഡയറക്ടർ ഫാ. ജോസഫ് കണ്ണത്തിന്റെ മേൽനോട്ടത്തിൽ ഫാ. ജി. സി. ടീലാർ, ഫാ. പഴയമഠം എന്നിവരായിരുന്ന പി. ഒ. സി. യുടെ ആദ്യടെക്സ്റ്റുകളും തയ്യാറാക്കിയിരുന്നതു്. ആദ്യം വൈമനസ്യത്തോടെയും, പിന്നീടു സൗമനസ്യത്തോടെയും, പി.ഒ.സി അധികൃതർ, പാലാ ശുപതയിലെ ആ അപ്രകാശിതഗ്രന്ഥങ്ങളുടെ പൂവട്ടപിടിച്ചുകൊണ്ടുള്ള ഈ ലേഖകന്റെ അവതരണരീതിയും രചനാശൈലിയും സ്വീകരിക്കുകയുണ്ടായി. അഭിവന്ദ്യപിതാവിന്റെ യത്നം പാഴായിപ്പോയല്ലൊ എന്ന എന്റെ ചിന്ത എത്ര മിഥ്യയായിരുന്നുവെന്നു് ഇതോടെ എനിക്കു് ബോദ്ധ്യപ്പെട്ടു.

പി. ഒ. സി. യുടെ ആവിർഭാവത്തോടെ കേരളത്തിലെ മതബോധനരംഗം സജീവമായി. എല്ലാ ശുപതകളിൽനിന്നും പി. ഒ. സി. യിലെ ദ്വിവാര കോഴ്സുകളിലും ഏകവത്സരകോഴ്സുകളിലും പരിശീലനം നേടാനായി അഭ്യസ്തവിദ്യർ മുന്നോട്ടുവന്നു; ബിരുദധാരികളായ യുവതീയുവാക്കൾ സ്കൂളുകളിലും കോളേജുകളിലും സേവനമനുഷ്ഠിക്കുന്ന അദ്ധ്യാപകർ, വിവിധ ഗവൺമെന്റു സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥന്മാർ തുടങ്ങി ഒട്ടുവളരെ അമ്മായർ. ഏറ്റം കൂടുതൽ യുവജനങ്ങൾ പരിശീലനം നേടാനെത്തിയതു് പാലാ ശുപതയിൽ നിന്നാണു്. പി. ഒ. സി. യുടെ തുടക്കം തൊട്ടിന്നുവരെ ആ സ്ഥാപനത്തിന്റെ എല്ലാ സമാരംഭങ്ങളിലും ഭാഗഭാക്കായിട്ടുള്ള ഈ ലേഖകനും പാലാ ശുപതയെയാണു് പ്രതിനിധാനം ചെയ്തിട്ടുള്ളതു്, ജന്മംകൊണ്ടു് ചങ്ങനാശ്ശേരി ശുപതക്കാരനെങ്കിലും. പി. ഒ. സി. യിൽ നിന്നു പ്രസിദ്ധീകൃതമായ സന്മാർഗ്ഗ പാഠാവലികളിലെ ഏഴാം പുസ്തകം പാലാ ശുപതയുടെ വകയാണെന്നു പറയാം. റവ. ഫാ. സക്കറിയാസ് തുടിപ്പാറ, ശ്രീമാന്മാരായ ജോസഫ് മറ്റം, എം. എസ്. മുതുകാടൻ, പി. സി. ദേവസ്യാ എന്നിവരും ഈ ലേഖകനും കൂടിയാണു് ആ പുസ്തകം തയ്യാറാക്കിയതു്.

യുവജനങ്ങളുടെ മതചൈതന്യം പ്രകാശമാനമാക്കാനുള്ള പദ്ധതികളും പലതും ഈ കാലസന്ധിയിൽ പാലായിലും ആവിഷ്കരിക്കപ്പെട്ടു. ഫൊറോനാതലത്തിലുള്ള ത്രിദിനസെമിനാറുകളും, തെരഞ്ഞെടുക്കപ്പെട്ട മതാദ്ധ്യാപകർക്കുവേണ്ടിയുള്ള ഏകവാരകോഴ്സുകളും തുടങ്ങിയവ അവയിൽ ചിലതാണു്. ഈ സെമിനാറുകളിലൂടെ അദ്ധ്യാപകരുടെ മതവിജ്ഞാനത്തിന്റെ ചക്രവാളം വികസിച്ചു. തിയോളജിയും ലിറർജിയും അവരുടെ അറിവിനു് നിറം വരുത്തി. കേരളത്തിൽ മതാദ്ധ്യാപകരെ പരിശീലിപ്പിക്കാൻ അലയ്മായ്ക്കു പ്രമുഖ പങ്കാളിത്തം നൽകിയ കേരളത്തിലെ പ്രഥമ ശുപത പാലാ തന്നെയാണു്. കേരളത്തിലെ മതാദ്ധ്യാപനശൈലിക്കു ഒരേകീഭാവം കൊടുക്കുന്നതിനും മതാദ്ധ്യാപകരുടെ ശബ്ദത്തിനു ശക്തി നൽകുന്നതിനും വേണ്ടിയുള്ള ഒരു വാർത്താമാധ്യമം ആദ്യമുണ്ടായതും പാലായിലാണു്. 'മതബോധനം' എന്ന ത്രൈമാസികം കേരളത്തിലെ അദ്ധ്യാപകർക്കു് ഇന്നു് ഒരു ഹസ്താവലംബമാണു്. കേരളത്തിലെ സാംസ്കാരിക മണ്ഡലത്തിൽ കത്തോലിക്കർ ഒരു നിർണ്ണായകശക്തിയായി തീരണമെങ്കിൽ യുക്തമായ വാർത്താവിനിമയോപാധികൾകൂടിയേ തീരുവെന്നും അഭിവന്ദ്യ വയലിൽ പിതാവു് ദൃഢമായി വിശ്വസിക്കുന്നു. അതുകൊണ്ടാണു് നഷ്ടം സഹിച്ചും ശുപതവക പ്രസിദ്ധീകരണങ്ങൾ നിലനിറുത്തിക്കൊണ്ടുപോകുന്നതു്.

ഫാ. പുരയിടത്തിനുശേഷം, 1972—ൽ ഫാ. സക്കറിയാസ് തുടിപ്പാറ മതബോധന ഡയറക്ടറായി ചാർജ്ജെടുത്തു. ഫാ. പുരയിടത്തിന്റെ ഉത്സാഹഫലമായി ജന്മംകൊണ്ട 'മതബോധനം' മാസികകൂടുതൽ മെച്ചപ്പെടുത്താനുള്ള ശ്രമങ്ങൾ ചെയ്തതു ഫാ. തുടിപ്പാറയാണു്. അദ്ദേഹം ഏതാണ്ടു് ഒരു വർഷത്തെ സേവനത്തിനുശേഷം വിദേശമിഷൻ രംഗത്തേക്കു പോവുകയാണുണ്ടായതു്. തുടർന്നു സൺഡേസ്കൂൾ ഡയറക്ടർ സ്ഥാനത്തു നിയമിതനായതു് റവ. ഡോ. കുര്യൻ മാതോത്തു് ആണു്. പാലാ ശുപതയിലെ മതാദ്ധ്യയനവേദിയിൽ ചൈതന്യവത്തായ ഒരു പുലർകാലവെളിച്ചം ദൃശ്യമായിത്തുടങ്ങിയിരുന്ന കാലസന്ധിയിലാണു് പുതിയ ഡയറക്ടർ ചാർജ്ജെടുക്കുന്നതു്. വളക്കൂറുള്ള മണ്ണുകാണുന്ന കർഷകന്റെ സർഗ്ഗശക്തി ഉണരുന്നതുപോലെ അദ്ദേഹത്തിന്റെ യുവപ്രതിഭ ഈ രംഗത്തു് ഉണർന്നു പ്രവർത്തിച്ചു. പല പുതിയ നീക്കങ്ങൾക്കും അദ്ദേഹം തുടക്കം കുറിച്ചു.

പരീക്ഷാബോർഡിന്റെ ശുപവൽക്കരണം, സ്റ്റാൻഡേർഡ് തിരിച്ചുള്ള മതാദ്ധ്യാപകസെമിനാർ തുടങ്ങിയവ ഈ അടുത്തകാലത്തെ ചില പ്രത്യേക

സംരംഭങ്ങളാണ്. കോളേജ് അദ്ധ്യാപകരും സ്കൂൾ അദ്ധ്യാപകരും വിദ്യാസമ്പന്നരായ കന്യാസ്ത്രീകളും, യുവാക്കന്മാരും ഉൾപ്പെട്ട ഇരുപതോളം പേർ ഈ ഗ്രൂപതയിലെ പരീക്ഷാബോർഡിൽ അംഗങ്ങളായുണ്ട്. ഇവർക്ക് ഹ്രസ്വകാലകോഴ്സുകൾ നടത്തി യഥാർഹമായ പരിശീലനം നൽകി; ഗവണ്മെന്റു തലത്തിൽ അദ്ധ്യാപകർക്കു ടെയിനിംഗ് നൽകുന്ന തുപോലെ തന്നെ. ചോദ്യങ്ങളുടെ നവീനമാതൃകകളും മാറ്റങ്ങളും യഥാവസരം മനസ്സിലാക്കിക്കൊടുക്കുന്നതിനു് ഈ ബോർഡിനു് ഇടയ്ക്കിടെ റിഫ്റഷർ കോഴ്സുകളും നടത്തിക്കൊണ്ടിരുന്നു. ചോദ്യങ്ങൾക്കു് അനുസൃതമായിരിക്കും അദ്ധ്യയനരീതിയുമെന്നുള്ളതു് അവിതർക്കിതമാണു്. കഥ ചുരുക്കിയെഴുതുക എന്നാണു് ചോദ്യമെങ്കിൽ കഥാംശം പഠിപ്പിക്കുകയായിരിക്കും അദ്ധ്യാപകന്റെ ലക്ഷ്യമായിത്തീരുക. വസ്തുതാപരമായ കാര്യങ്ങളേ ചോദ്യത്തിലുള്ളുവെങ്കിൽ, പാഠ്യവസ്തുതകൾ പഠിപ്പിക്കുന്നതിലേ അദ്ധ്യാപകൻ ശ്രദ്ധിക്കൂ. അനുദിനജീവിതത്തിൽ പകർത്താനാണു് മതകാര്യങ്ങൾ പഠിക്കുന്നതെന്ന വിചാരം ഇന്നു കുട്ടികളിലില്ല. ഈ നില ഒരു പരിധിവരെ മാറ്റിയെടുക്കാൻ ഉദ്ദേശ്യപൂർവ്വം കരുപ്പിടിപ്പിക്കുന്ന ചോദ്യങ്ങൾകൊണ്ടു സാധിക്കും. കരുതലോടെ തയ്യാറാക്കുന്ന ചോദ്യങ്ങൾ ക്രമേണ അദ്ധ്യാപനത്തിന്റെ ഗുണഭാവങ്ങൾക്കു തന്നെ മാറ്റമുണ്ടാക്കും. ഈ ഉദ്ദേശ്യസാദ്ധ്യത കണ്ടുകൊണ്ടാണു് നമ്മുടെ ഗ്രൂപതയിൽ ഒരു Question Paper Board നു രൂപം നൽകിയതു്. മതരംഗത്തു സാങ്കേതിക പരിശീലനം ലഭിച്ച ഒരു Question Paper Board പാലാ ഗ്രൂപതയിൽ മാത്രമേ ഇന്നോളമുണ്ടായിട്ടുള്ളൂ.

സൺഡേസ്കൂളുകളിലേ മതാന്തരീക്ഷം വണ്ണപ്പുകിട്ടാർന്ന പ്രസന്നതയാർജ്ജിക്കുമ്പോഴാം സ്കൂളുകളിലെ മതാന്തരീക്ഷം തണുത്തുറയുകയായിരുന്നു. പാലാ ഗ്രൂപതയിലെയെന്നല്ല, കേരളത്തിലെ എല്ലാ ഗ്രൂപതകളിലെയും ഗതിയിതായിരുന്നു. ഇതാണിപ്പോഴും ഗതി. ഈ മരവിപ്പൊന്നു മാറ്റിയെടുക്കാനുള്ള ശ്രമത്തിന്റെ ഒരു ഭാഗമായിരുന്നു സ്കൂളുകളിലെ മതപഠനത്തിന്റെ ചുമതല, പാലാ ഗ്രൂപതയിൽ റവ. ഫാ. ആൻറണി ശമ്പളക്കാട്ടിനെ ഏല്പിച്ചതു്. വിദ്യാലയത്തിലെ മതാന്തരീക്ഷത്തിനു മങ്ങലേൽക്കാതിരിക്കാനായി ഐതിഹാസിക സമരങ്ങൾതന്നെ നയിച്ച അഭിവന്ദ്യ പിതാവു്, സ്കൂളുകളിലെ മതപഠനം മെച്ചപ്പെടുത്താൻ എത്രവലിയ വില കൊടുക്കുന്നതിനും സന്നദ്ധനാണെന്നു് ആരും സമ്മതിക്കും. അഭിവന്ദ്യപിതാവും കൊച്ചുപിതാവും സ്കൂളുകളിലെ മതവിദ്യാഭ്യാസത്തിൽ പ്രദർശിപ്പിക്കുന്ന താല്പര്യം അനിതരസാധാരണവും കേരളത്തിനൊരു മാതൃകയുമാണെന്നു് ഞാൻ കരുതുന്നു. ഇക്കഴിഞ്ഞ വിദ്യാലയവർഷത്തിൽ അഭിവന്ദ്യ സഹായമെത്രാൻ മാർ ജോസഫ് പള്ളിക്കാപറമ്പിൽ, ഗ്രൂപതയിലുള്ള ഓരോ ഹൈസ്കൂളും റൗണ്ടർശിച്ചു് അദ്ധ്യാപകരെ മതപഠനം നടത്താൻ ഉൽബുദ്ധരാക്കുകയുണ്ടായി. ഗ്രൂപതയിൽ സ്കൂളുകളിലെ മതപഠനത്തിനായി പ്രത്യേകം ടെക്സ്റ്റു ബുക്കുകൾ സജ്ജമാകുന്നതിനു മുൻപു്, വന്ദ്യ കൊച്ചുപിതാവു നടത്തിയ വിദ്യാലയസന്ദർശനം പുതിയ പുസ്തകങ്ങൾ പഠിപ്പിക്കുന്നതിനുള്ള ഒരു മാനസിക പശ്ചാത്തലമൊരുക്കലായിരുന്നു.

'പശ്ചാത്തപിക്കുവിൻ സ്വർഗ്ഗരാജ്യം സമാഗതമായിരിക്കുന്നു' എന്ന മുദ്രാവാക്യമായിൽ വിളിച്ചുപറയുന്നവന്റെ അതേ ശബ്ദം തന്നെ അദ്ദേഹത്തിൽനിന്നും പുറപ്പെട്ടു.

ബഹുമാന്യരായ പിതാക്കന്മാരുടെ ആശയാഭിലാഷങ്ങൾക്കൊത്തു് സ്കൂളുകളിലെ മതപഠനത്തിനായി ''പ്രകാശത്തിന്റെ പാതകൾ' എന്ന പേരിൽ ആറു പുസ്തകങ്ങൾ 1975 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലായി പ്രസിദ്ധീകരിക്കപ്പെട്ടിരിക്കുന്നു. പണ്ഡിതരും പ്രഗൽഭരുമായ വൈദികരും കന്യാസ്ത്രീകളും അല്മായരുമടങ്ങിയ ഒരു സമിതിയാണു് 'പ്രകാശത്തിന്റെ പാതകളുടെ' രചയിതാക്കൾ. ഈ പുസ്തകങ്ങളുടെ നിർമ്മിതിക്കായി അത്യുത്സാഹപൂർവ്വം പ്രവർത്തിച്ച റവ. ഫാ. ആൻറണി ശമ്പളക്കാട്ട്, മതവിദ്യാഭ്യാസത്തിൽ തല്പരരായ ഏവരുടെയും കൃതജ്ഞത അർഹിക്കുന്നുണ്ടു്. ഈ പുസ്തകങ്ങൾ പ്രകാശം കാണാൻ വേണ്ടി തങ്ങളുടെ പ്രതിഭയും സമയവും ഒരു വർഷക്കാലം ചിലവഴിച്ച, ദീപനാളം മാനേജിംഗ് എഡിറ്ററായ ഫാ. ജെയിംസ് കയ്പൻപ്ലാക്കൽ, ഫാ. കുര്യൻ മഠം എന്നിവർ തികച്ചും നമ്മുടെ പ്രശംസ അർഹിക്കുന്നവരാണു്.


മതപാഠപുസ്തകങ്ങളുടെ ചരിത്രത്തിൽ ശ്രദ്ധേയമായ ഒരു വഴിത്തിരിവായിരിക്കും പാലാ ഗ്രൂപതയുടെ ''പ്രകാശത്തിന്റെ പാതകൾ''. സാധ്യോന്മുഖമായ ഈ പ്രകാശപാതകൾ നിർമ്മിക്കുന്നതിനു് പ്രോത്സാഹനവും അനുമതിയും നൽകിയ നമ്മുടെ സ്നേഹബഹുമാനഭാജനങ്ങളായ പിതാക്കന്മാർ ഈ ഗ്രൂപതയുടെ മുഴുവൻ കൃതജ്ഞത അർഹിക്കുന്നു.

സ്കൂളുകളിലെ മതപഠനം ഒരു പുതിയ വഴിത്താരയിലേക്കു പ്രവേശിക്കുന്ന അഭിവന്ദ്യപിതാവിന്റെ ഈ രജതജൂബിലി വർഷത്തിൽത്തന്നെ, ജാതിമതഭേദമെന്യേ സെക്കൻഡറിസ്കൂളിലെ സകല വിദ്യാർത്ഥികൾക്കുമായി ഒരു സന്മാർഗ്ഗഗ്രന്ഥപരമ്പരയും തയ്യാറാക്കപ്പെട്ടിരിക്കുന്നു. ഇതിനു നേതൃത്വം കൊടു

Papal Dignitaries (Continued)



Rt. Rev. Mgr. Thomas Pazheparampil
(Tellicherry Diocese)




Very Rev. Mgr. Jacob Puthett
(Tellicherry Diocese)



The Late Very Rev. Mgr. J. C. Kappen




The Late Very Rev. Mgr.
Kurian Puthettu
(Bangalore Arch Diocese)



The Late Very Rev. Mgr, Augustine
Kachiramattam
(Thiruvalla Diocese)

Papal Dignitaries (Contd.)



The Late Chev. Mathew Thellyil



Chev. V. C. George



Chev. K. C. Chacko



Rev. Sr. Mary Beningna C. M. C.
(Bene Merenti)

സാമൂഹ്യസേവനവേദിയിൽ

വിശപ്പും ദാഹവും ക്ഷതവിധേയമായ ശരീരവുമുള്ള മനുഷ്യനെ സംബന്ധിച്ചിടത്തോളം സാമൂഹ്യപരിഗണന കളില്ലാത്ത ആദ്ധ്യാത്മികതപം അനാകർഷകമാണു്.

ഫാ. കുര്യൻ മാതോത്തു്

അദ്ധ്വാനിക്കുകയും ഭാരം ചുമക്കുകയും വിഭിന്ന കാരണങ്ങളാൽ വേദന അനുഭവിക്കുകയും ചെയ്യുന്ന വക്കു അത്താണിയെന്നവണ്ണം പ്രവർത്തിക്കുക സഭയുടെ പ്രഥമവും പ്രധാനവുമായ കർത്തവ്യമാണല്ലോ. ആതുരസേവനരംഗത്തും, ഭവനരഹിതരുടെ പുനരധിവാസം, അഗതിസംരക്ഷണം തുടങ്ങിയ ജീവകാരുണ്യപരമായ കർമ്മരംഗങ്ങളിലും തീവ്രവും സംഘടിതവുമായ പ്രവർത്തനങ്ങളിലൂടെ സാമാന്യം തൃപ്തികരമായ വിധത്തിൽ സേവനമനുഷ്ഠിക്കുവാൻ ഇതിനോടകം നമ്മുടെ ശ്രുപതയ്ക്കു കഴിഞ്ഞിട്ടുണ്ടു്. രോഗികളെ സുഖപ്പെടുത്തുകയും ആകുലരെ ആശ്വസിപ്പിക്കുകയും വിശന്നവരെ ഊട്ടുകയും ചെയ്ത ക്രിസ്തുവിനു് സാക്ഷ്യം വഹിക്കുവാൻ ശ്രുപതാടിസ്ഥാനത്തിലും, വിവിധ സംഘടനകളുടേയും സ്ഥാപനങ്ങളുടേയും ആഭിമുഖ്യത്തിലും, വ്യക്തിപരമായും എത്രയോ പരിശ്രമങ്ങളാണു് ഇന്നു് നടന്നുകൊണ്ടിരിക്കുന്നതു്! ജീവകാരുണ്യപ്രവർത്തനങ്ങളുടെ ചരിത്രം സാധുജനസേവനത്തിലൂടെ ഈശ്വരസാക്ഷാത്ക്കാരം കൈവരിച്ച പരശതം ധന്യാത്മാക്കളുടെ ചരിത്രമാണു്. അതു് സഭയുടെ സാമൂഹ്യവീക്ഷണത്തെ പ്രസ്പഷ്ടമാക്കുകയും ചെയ്യുന്നു.

ശ്രുപതയിലെ സാമൂഹ്യക്ഷേമ യത്നങ്ങളിൽ ചിലതെല്ലാം അവിഭക്ത ചങ്ങനാശേരി ശ്രുപതയിൽ തന്നെ ബീജാവാപം ചെയ്യപ്പെട്ടവയാണു്. കഴിഞ്ഞ കാൽനൂറ്റാണ്ടുകാലംകൊണ്ടു് ക്രമബദ്ധമായ പുരോഗതിയും വളർച്ചയുമാണു് ഈ രംഗത്തു് കൈവന്നിരിക്കുന്നതു്. ഏറ്റവും പ്രധാനപ്പെട്ട നേട്ടം ഒരു പക്ഷേ സാമൂഹ്യവീക്ഷണത്തിൽ വന്നിട്ടുള്ള മാറ്റമാണു്. അവശ വിഭാഗങ്ങളോടു് തങ്ങൾക്കുള്ള കടമകളെ സംബന്ധിച്ചു് ജനങ്ങൾ ഇന്നു് കൂടുതൽ ബോധവാന്മാരാണു്. ഒരിക്കൽ വൈദികരുടേയും ചുരുക്കം ചില അത്മായരുടേയും മാത്രമായിരുന്ന സാമൂഹ്യപ്രവർത്തനരംഗം ഇന്നു് യുവതലമുറയ്ക്കു് വളരെ അഭികാമ്യമായ ഒന്നാണു്. എങ്കിലും നമ്മുടെ നേട്ടങ്ങൾ അസാധാരണമാംവിധം വിപുലമാണെന്നോ ആത്മാഭിനന്ദനത്തിനു മാത്രം മികച്ചതാണെന്നോ ഇവിടെ വിവക്ഷയില്ല. ദാരിദ്ര്യരോഗദു:ഖങ്ങളുടെ അന്ത്യമില്ലാത്ത രാത്രിയെ പഴിച്ചു് സമയം കളയാതെ നാം കൊളുത്തിയ സേവനത്തിന്റെ ചെറുദീപങ്ങളായി അവയെ പരിഗണിക്കാം.

മെഡിക്കൽ രംഗത്തു്.

സാമൂഹ്യസേവനത്തെപ്പറ്റി കേൾക്കുമ്പോൾ രോഗങ്ങൾമൂലം കഷ്ടപ്പെടുന്നവരുടേയും അവർക്കു് ശുശ്രൂഷ നൽകുന്ന ആസ്പത്രികളുടേയും കാര്യമാണു് ആദ്യമായി സ്മൃതിപഥത്തിൽ പൊന്തിവരുന്നതു്.

ത്തിരിക്കുന്നതു് പാലാ കോർപ്പറേറ്റു എഡ്യൂക്കേഷണൽ ഏജൻസിയിൽപ്പെട്ട അദ്ധ്യാപകർ ഉൾക്കൊള്ളുന്ന അക്കാദമിക്—കൗൺസിലാണു്. 'സൗഭാഗ്യ ജീവിതത്തിന്റെ ആദ്യപാഠങ്ങൾ' എന്ന പൊതു ശീർഷകത്തിൽ അപ്പർ പ്രൈമറി ക്ലാസ്സുകളിലേക്കുള്ള മൂന്നു പുസ്തകങ്ങൾ ഇതിനകം പ്രസിദ്ധീകരിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ഈ ഗ്രന്ഥതല്പജ്ഞരുടെ മുഖ്യ ശില്പി കോർപ്പറേറ്റു സെക്രട്ടറി റവ. ഫാ. എബ്രാഹം തൊണ്ടിക്കലാണു്. അദ്ധ്യാപകർ മാത്രം ഉൾപ്പെടുന്ന ഒരു കമ്മറ്റിയാണു ഈ പുസ്തകങ്ങളുടെ ക്രമീകരണത്തിൽ മുഖ്യമായും പങ്കെടുത്തിട്ടുള്ളതു്.

നാം വളരെ പുസ്തകങ്ങൾ വായിക്കുന്നുണ്ടു്. എന്നാൽ അവ നമ്മെ ജ്ഞാനികളാക്കുന്നില്ല. ലോകത്തിലുള്ള മതഗ്രന്ഥങ്ങളെല്ലാം നാം വായിച്ചെന്നുവരാം. പക്ഷേ അതു നമ്മെ മതനിഷ്ഠരാക്കിക്കൊള്ളണമെന്നു വിചാരിച്ചുകൂടാ. അതുകൊണ്ടു ലഭിക്കുന്നതു തത്ത്വവാദപരമായ മതമായിരിക്കും. നമുക്കു വേണ്ടതു് അതല്ല; പ്രയോഗപരമായ മതമാണു്. അതായിരിക്കട്ടെ നമ്മുടെ എല്ലാ തലത്തിലുമുള്ള മതപഠനത്തിന്റെയും ലക്ഷ്യം.

ഇന്നു് രൂപതയുടെ വിവിധഭാഗങ്ങളിൽ ആസ്പത്രികളും ഡിസ്പെൻസറികളുമായി നിരവധി ശുശ്രൂഷാകേന്ദ്രങ്ങൾ കാണുവാൻ കഴിയും. വിസ്തീർണ്ണതയിൽ വളരെ ചെറിയ (1166 Sq. Km.) ഈ രൂപതയെ സംബന്ധിച്ചിടത്തോളം രോഗീ ശുശ്രൂഷാകാര്യത്തിൽ താരതമ്യേന വളരെ മെച്ചപ്പെട്ട ഒരു സ്ഥിതി വിശേഷമാണുള്ളതു്.

മെഡിക്കൽ മിഷൻരംഗത്തു് സഭയ്ക്കു നിർവ്വഹിക്കുവാനുള്ള സേവനങ്ങളെന്തെന്നു് ശരിക്കും മനസ്സിലാക്കിക്കൊണ്ടു് ധീരമായ ചില കാൽവയ്പുകൾ നടത്തുവാൻ ആദ്യമായി ഒരുമ്പെട്ടതു് ഭരണങ്ങാനം ഇടവകക്കാരൻ റവ. ഫാ. സെബാസ്റ്റ്യൻ പിണക്കാട്ടാണു്. മെഡിക്കൽ മിഷനിൽ പ്രവർത്തിക്കുവാൻ കഴിവും സന്നദ്ധതയുമുള്ള ഒരു ഏതദ്ദേശീയ സന്യാസിനീസമൂഹം സ്ഥാപിക്കുക എന്നതു് അദ്ദേഹത്തിന്റെ ചിരകാലാഭിലാഷമായിരുന്നു. 1937–ൽ തന്നെ അദ്ദേഹം മെഡിക്കൽ മിഷൻ സ്ഥാപകയായ മദർ (ഡോക്ടർ) അന്നാഡംഗല്മായി ഇക്കാര്യത്തെപ്പറ്റി ആലോചിക്കുവാൻ തുടങ്ങി. തദ്ഫലമായി റാവൽപിണ്ടിയിലുള്ള മെഡിക്കൽമിഷൻ ആസ്പത്രിയിലേക്കു് പഠനത്തിനും പരിശീലനത്തിനുമായി അഞ്ചു കേരളീയ വനിതകളെ അദ്ദേഹം തിരഞ്ഞെടുത്തയച്ചു. ഇപ്രകാരം 1940–ാമാണ്ടു് പരിശീലനത്തിനായി ഇറങ്ങിത്തിരിച്ചവരാണു് കേരളത്തിലെ മെഡിക്കൽ മിഷൻ പ്രസ്ഥാനത്തിന്റെ മുന്നോടികൾ. വളരെ വിനീതമായ രീതിയിൽ ഭരണങ്ങാനത്തു് 1948-ൽ ആരംഭിച്ച 'മേരിഗിരി'മാതൃമാണു് രൂപതയുടെ സ്ഥാപനാവസരത്തിൽ നമുക്കുണ്ടായിരുന്ന ഏക ആസ്പത്രി. 12 കിടക്കകളോടുകൂടി ആരംഭിച്ച മേരിഗിരി, 180 കിടക്കകളും, ലാബറട്ടറി, എക്സറേ തുടങ്ങി എല്ലാ ആധുനിക ചികിത്സാ സൗകര്യങ്ങളും, ഒരു നേഴ്സസ് ട്രെയിനിംഗ് സ്കൂളും ഉൾക്കൊള്ളുന്ന ഒരു വലിയ സ്ഥാപനമായി വളർന്നിരിക്കുന്നു.


ക്രമേണ ഇതര സന്യാസസഭാസമൂഹങ്ങളും മെഡിക്കൽ രംഗത്തേക്കു കടന്നുവരുവാൻ തുടങ്ങി. സാമ്പത്തികമായും മറ്റും കഴിവുള്ള ഇടവകകളും രോഗീശുശ്രൂഷാകാര്യത്തിൽ താല്പര്യം കാണിച്ചെങ്കിൽ അതിലുത്തരത്തിനവകാശമില്ല. അങ്ങനെ ഇടവകജനങ്ങളുടേയും സന്യാസസമൂഹങ്ങളുടേയും നിർല്ലോഭമായ സഹകരണംകൊണ്ടു് രൂപതയുടെ എല്ലാ ഭാഗങ്ങളിലും ആസ്പത്രികളും ഡിസ്പെൻസറികളും ആരംഭിച്ചു. ഇപ്രകാരം സ്ഥാപിതമായവയാണു് മുട്ടുചിറ, കൊഴുവനാൽ, അരുണാപുരം, പ്രവിത്താനം, ചക്കാമ്പുഴ, തുടങ്ങനാട്, മേലുകാവുമറ്റം, മാൻവെട്ടം, പാളയം, വെള്ളിയേപ്പള്ളി (പാലാ), വയലാ, പറത്താനം, അരുവിത്തുറ, സേവ്യർപുരം (കുരു), പൂവത്തോട് തുടങ്ങിയ സ്ഥലങ്ങളിൽ പ്രശസ്തമായ രീതിയിൽ പ്രവർത്തിച്ചു വരുന്ന ചെറുതും വലുതുമായ ആസ്പത്രികളും ഡിസ്പെൻസറികളും ക്ലിനിക്കുകളുമെല്ലാം. ഇവയ്ക്കെല്ലാം പുറമെ ഔദാര്യമതികളായ ചില വ്യക്തികളും സ്വന്തനിലയിൽ സ്ഥാപിച്ചു നടത്തിവരുന്ന നിരവധി ആതുരശുശ്രൂഷകേന്ദ്രങ്ങളും വേറെയുമുണ്ടു്. നമ്മുടെ സ്ഥാപനങ്ങളിൽ സേവനം അനുഷ്ഠിക്കുന്ന ഡോക്ടറന്മാരിലും നേഴ്സുമാരിലും 95% ഉം ഈ രൂപതയിൽനിന്നുള്ളവർ തന്നെയാണെന്നതു് നമുക്കേറ്റം അഭിമാനകരമായ വസ്തുതയാണു്.

ആസ്പത്രികളിൽ പോയി ചികിത്സ നടത്തുന്നതിനു് സൗകര്യം ഇല്ലാത്തവർക്കു വേണ്ടി സൗജന്യ ചികിത്സാകൃത്യങ്ങളും നടത്താറുണ്ടു്. കഴിഞ്ഞ വർഷങ്ങളിൽ പാലായിൽ നടത്തപ്പെട്ട സൗജന്യ നേത്രചികിത്സാക്യാമ്പു്, ടൈഫോയ്ഡ് ആൻറിജൻ പോളിയോ വാക്സിനേഷൻ തുടങ്ങിയവ ബഹുശതം രോഗികളുടെ മനോമുകുരത്തിൽ എന്നെന്നും നിലകൊള്ളുകതന്നെ ചെയ്യും.

അഗതി സംരക്ഷണം.


മെഡിക്കൽ രംഗംപോലെ തന്നെ ശ്രദ്ധേയമായ മറ്റൊരു മണ്ഡലമാണു് അഗതികളുടെ സംരക്ഷണം. സ്വന്തം മാതാപിതാക്കന്മാരാൽത്തന്നെ പരിത്യക്തരായ കുഞ്ഞുങ്ങളും ഈ മലനാട്ടിലും ഉണ്ടെന്നുള്ളതു് ഒരു ദുഃഖസത്യം മാത്രമാണു്. തങ്ങളുടെ കുഞ്ഞുങ്ങളുടെ സംരക്ഷണത്തിനു് പ്രാപ്തിയില്ലാതെ സാമ്പത്തികമായി കഷ്ടപ്പെടുന്ന മാതാപിതാക്കളും നിരവധിയത്രെ. ഉപജീവനത്തിനു് മാർഗ്ഗമൊന്നുമില്ലാതെയും, വിവിധ രോഗങ്ങൾക്കടിപ്പെട്ടും, സ്വന്തം സന്താനങ്ങളാൽ തന്നെ പരിത്യജിക്കപ്പെട്ടും ക്ലേശിക്കുന്ന വൃദ്ധജനങ്ങളും നമ്മുടെ സംരക്ഷണത്തിനർഹരാണു്. ഇപ്രകാരമുള്ളവരുടെ അഭ്യുന്നതിക്കും സംരക്ഷണത്തിനുമായി ദൈവാലയങ്ങളും സന്യാസസഭകളും സംഘടനകളും അഹമഹമികയാ മുന്നോട്ടുവരുവാൻ തുടങ്ങി.


ബാലഭവനുകൾ സ്ഥാപിക്കുവാൻ മുൻകൈയെടുത്തതു് തിരുഹൃദയ സന്യാസിനീസമൂഹമാണു്. ഓരോ മഠത്തോടനുബന്ധിച്ചും ബാലമന്ദിരങ്ങളും വൃദ്ധമന്ദിരങ്ങളും സ്ഥാപിക്കുവാൻ അവർ ഉത്സുകരായിരുന്നു. 1950–ൽ മൂന്നു് അനാഥശാലകളും രണ്ടു് അഗതിമന്ദിരങ്ങളും മാത്രമേ രൂപതയിൽ പ്രവർത്തിച്ചിരുന്നുള്ളൂ. 25 വർഷങ്ങൾക്കുശേഷം 14 ബാലഭവനുകളും 11 വൃദ്ധമന്ദിരങ്ങളും 2 നേഴ്സിങ്ങ് ഹോമു



Jubilee memorial
Housing Scheme

An approved plan






See the Contrast



മനുഷ്യപുത്രന് തലചായ്ക്കാൻ സ്ഥലം



Free eye Camp. at Alphonsa College, Palai 1975



അഭിവന്ദ്യ സഹായമെത്രാൻ
ക്യാമ്പ് സന്ദർശിക്കുന്നു

കളും രൂപതയുടെ വിവിധ ഭാഗങ്ങളിലായി പ്രവർത്തിച്ചുവരുന്നു.

ഏതാനും വർഷങ്ങൾക്കു മുമ്പ് കൈപ്പൻപ്ലാക്കൽ ബ. അബ്രാഹമച്ചൻ ആരംഭിച്ച ചില ആതുരസേവന പ്രവർത്തനങ്ങളും പ്രത്യേകം എടുത്തുപറയേണ്ടതുണ്ട്. അഗതികളുടേയും നിരാലംബരുടേയും സംരക്ഷണം ഒരു പ്രസ്ഥാനമെന്നവണ്ണം വളർത്തിക്കൊണ്ടുവരുവാൻ അദ്ദേഹത്തിനു കഴിഞ്ഞിരിക്കുന്നു. പാലായിൽ സ്ഥാപിതമായിരിക്കുന്ന ബോയിസ് ടൗണും ബന്ധപ്പെട്ട സ്ഥാപനങ്ങളുമാണ് ഇവിടെ വിവക്ഷിക്കുന്നതു്. ശരിയായ സംരക്ഷണവും വിദ്യാഭ്യാസവും നൽകിയില്ലെങ്കിൽ സമുദായത്തിനും രാഷ്ട്രത്തിനു തന്നെയും ഉപദ്രവകാരികളായിത്തീരുവാൻ സാദ്ധ്യതയുള്ള കുട്ടികൾക്ക് ഉത്തമ ശിക്ഷണവും വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും നൽകി അവരെ ഉത്തമ വ്യക്തികളാക്കിത്തീർക്കുന്നതിനാണ് ബോയിസ് ടൗൺ സ്ഥാപിതമായതു്. 1959 ഏപ്രിൽ 5–നു് അഞ്ചു കുട്ടികളോടുകൂടി ആരംഭിച്ച ഈ സ്ഥാപനത്തിൽ 250–ൽ പരം ബാലന്മാരാണ് ഇന്നു് പരിശീലിപ്പിക്കപ്പെട്ടുവരുന്നതു്. കൊഴുവനാൽ ഗേൾസ് ടൗണിൽ 120–ഓളം ബാലികമാർക്കും അഭ്യസനം നൽകിവരുന്നു. ഈ കുട്ടികൾക്ക് വിദ്യാഭ്യാസത്തോടൊപ്പം കട്ടിങ്ങ് ആൻഡ് ടെയിലറിങ്ങ്, ബുക്ക് ബയൻറിങ്ങ് തുടങ്ങിയ തൊഴിലുകളിൽ പരിശീലനവും നൽകുന്നുണ്ട്. രൂപതയുടെ ആരംഭകാലത്തു് വന്ദ്യപിതാവിൻെറ നേരിട്ടുള്ള മേൽനോട്ടത്തിൽ കുമ്മണ്ണൂരിൽ സ്ഥാപിതമായ ശിശുമന്ദിരം, ഇന്നു് 108 കുട്ടികൾക്ക് അഭയകേന്ദ്രമാണ്. ഇവ കൂടാതെ മറ്റു പതിനൊന്നു ബാലഭവനുകളിലുംകൂടി മൊത്തം 984 ബാലികാബാലന്മാരാണ് സംരക്ഷിക്കപ്പെട്ടുവരുന്നതു്.

വൃദ്ധജനങ്ങൾക്കുവേണ്ടി

പിഞ്ചുകുഞ്ഞുങ്ങളുടെ കാര്യത്തിലെന്നതുപോലെതന്നെ സാധുക്കളും പരിത്യക്തരുമായ വൃദ്ധജനങ്ങളുടെ സംരക്ഷണത്തിലും പ്രത്യേകം ശ്രദ്ധ പതിക്കേണ്ടിയിരുന്നു. ജീവിത സായാഹ്നത്തിലെത്തിയ അവർ, ഭക്ഷണത്തോടൊപ്പം കാരുണ്യപൂർണ്ണമായ പരിചരണവും അഭിലഷിക്കുന്നു. സ്വന്തം സന്താനങ്ങൾതന്നെ ചിലപ്പോൾ അവരെ ഉപേക്ഷിക്കുന്നു. ഇപ്രകാരം കഷ്ടതയിലും നിരാശയിലും കഴിയുന്നവരുടെ ആശാകേന്ദ്രങ്ങളാണ് നമ്മുടെ രൂപതയുടെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിച്ചുവരുന്ന വൃദ്ധമന്ദിരങ്ങൾ. 1950–ൽ ഇങ്ങനെയുള്ള രണ്ടു സങ്കേതങ്ങൾ മാത്രമെ ഉണ്ടായിരുന്നുള്ളുവെങ്കിൽ ഇന്നവയുടെ എണ്ണം 11 ആണ്. സെൻറ് വിൻസെൻറ് ഡി പോൾ സൊസൈറ്റി, വനിതാക്ഷേമ സംഘടന തുടങ്ങിയ സംഘടനകളും നിരാലംബരായ വൃദ്ധജനങ്ങൾക്കുവേണ്ടി ചെയ്യുന്ന സേവനങ്ങളും നിസ്തുലങ്ങളാണ്.

ഭവനനിർമ്മാണം

രൂപതയിലെ സാമൂഹ്യസേവന കൃത്യങ്ങളിൽ ഏറ്റവും ശ്രദ്ധേയമായ കാൽവെയ്പ് നടന്നിട്ടുള്ളതു് സാധുക്കൾക്ക് ഭവനങ്ങൾ നിർമ്മിച്ചുകൊടുക്കുന്നതിലാണ്. അഭിവന്ദ്യപിതാവിൻെറ പൗരോഹിത്യ രജതജൂബിലി (1960) ആഘോഷത്തോടനുബന്ധിച്ചാണ് ഈ രംഗത്തു് രൂപതാതലത്തിലുള്ള പ്രവർത്തനങ്ങൾ സമാരംഭിച്ചതു്. ഏതാനും വീടുകൾ ജൂബിലി സ്മാരകമായി അന്നു പണിതീർക്കുകയും അവയിൽ പലതിൻേറയും ആശീർവ്വാദവും താക്കോൽ ദാനവും വന്ദ്യപിതാവുതന്നെ നിർവ്വഹിക്കുകയും ചെയ്തു. ദൈവാലയങ്ങൾ, വിവിധസ്ഥാപനങ്ങൾ, ആശ്രമങ്ങൾ, കന്യകാലയങ്ങൾ, ഭക്തസംഘടനകൾ തുടങ്ങിയവയുടെ ആഭിമുഖ്യത്തിൽ സാധുക്കൾക്ക് പുതിയ വീടുകൾ പണിയുക, പഴയവയുടെ കേടുപാടുകൾ നീക്കുക, കെട്ടിമേഞ്ഞുകൊടുക്കുക തുടങ്ങിയ പ്രവർത്തനങ്ങളും രൂപതയുടെ പല ഭാഗങ്ങളിലും നടപ്പിൽ വരുവാൻ തുടങ്ങി. ഇപ്രകാരമുള്ള രംഗങ്ങളിൽ സേവനം അർപ്പിക്കുന്നതിൽ യുവജനങ്ങൾ അഭിമാനംകൊണ്ടു. ഗവണ്മെൻറിൻെറ പുതിയ ഭവനിയമം പ്രാബല്യത്തിൽ വന്നതോടുകൂടി പെരുവഴിയുടെ ഇമ്പുകളിൽ എവിടേയും ഉയർന്നുവന്ന ക്ഷുദ്രപ്പുരകളും ഏവരുടേയും ക്രൈസ്തവ മന:സാക്ഷിയെ തട്ടി ഉണർത്തുവാൻ പര്യാപ്തമായവ ആയിരുന്നു.

1973 ഫെബ്രുവരി 10–ാംതീയതി സമ്മേളിച്ച പാസ്റ്ററൽ കൗൺസിൽ എടുത്ത തീരുമാനങ്ങളോടെയാണ് ഭവനനിർമ്മാണ, നവീകരണയത്നങ്ങൾ പുതിയ രൂപവും ഭാവവും ഉൾക്കൊണ്ടതു്. വന്ദ്യപിതാവു് തൻെറ ഉപക്രമപ്രസംഗത്തിൽ ഇപ്രകാരം പ്രസ്താവിച്ചു: ''സ്വന്തമായ കിടപ്പാടവും വാസയോഗ്യമായ വീടും ഏവർക്കും ലഭ്യമാകത്തക്കവിധം നാം ഒത്തൊരുമിച്ചു ശ്രമിക്കണം. ഏവരുടേയും പ്രാഥമിക ആവശ്യങ്ങളിലൊന്നാണ് പാർപ്പിടം. നമ്മുടെ അശ്രദ്ധകൊണ്ടു് അതിനുള്ള പരിമിത സൗകര്യങ്ങൾപോലുമില്ലാതെ ഒരു കുടുംബവും ക്ലേശിക്കുവാൻ ഇടവരുത്തരുതു്. സാമൂഹ്യബോധവും പരസ്നേഹചൈതന്യവും ഏവരിലും ഉത്തേജിപ്പിക്കണം. ഉപഭോക്താക്കളിൽ സ്വാശ്രയശീലം വളർത്തുകയും വേണം. ഇതിനകം നാം ആസൂത്രണം ചെയ്തിരിക്കുന്ന സാമൂഹ്യക്ഷേമപരിപാടികൾ സമയനിഷ്ഠവച്ചു് നടപ്പാക്കുവാൻ രൂപതയൊന്നാകെ ദൃഢപ്രതിജ്ഞചെയ്യുകയും ഒരു തീവ്രയത്നം നടത്തുകയും ചെ

യ്യേണ്ടിയിരിക്കുന്നു. ഉന്മേഷചിത്തരായ പതിനായിരക്കണക്കിനാളുകളും നമ്മുടെ പാസ്റ്ററൽ കൗൺസിലിനു പിന്നിലുണ്ടെന്നുള്ളതു് വളരെ ആശാവഹമാണു്.''

ഈ അടുത്തകാലത്തു് ഗവണ്മെൻറിന്റെ സത്വരശ്രദ്ധയും ഭവനനിർമ്മാണപദ്ധതിയിലേക്കു തിരിയുകയുണ്ടായി. ക്രൈസ്തവസമുദായം വളരെ ഉദാരമായ സഹായസഹകരണങ്ങളും ലക്ഷം വീട് പദ്ധതിയുടെ വിജയത്തിനായി നൽകുകയും ചെയ്തു. മീനച്ചിൽ താലൂക്കിലെ ലക്ഷം വീട് പണികൾക്കു് ആദ്യമായി ഒരു തുക കോട്ടയം സബ്കളക്ടർക്കു് സംഭാവന ചെയ്തുകൊണ്ടു്, ഫണ്ടുപിരിവു് ഉദ്ഘാടനം ചെയ്തതു് അഭിവന്ദ്യ പിതാവുതന്നെയാണു്. സംഭാവനകളും ഇതര സഹായസഹകരണങ്ങളും നൽകുന്നതിൽ ജനങ്ങളും കാര്യമായി സഹകരിച്ചിട്ടുണ്ടു്.

പാവപ്പെട്ടവനു് പാർപ്പിടം ഉണ്ടാക്കുന്നതിനുവേണ്ടി എന്തു ശ്രമദാനം ചെയ്യുന്നതിനും ത്യാഗം അനുഷ്ഠിക്കുന്നതിനും വിവിധ സംഘടനകളിൽ പ്രവർത്തിക്കുന്ന നമ്മുടെ യുവജനങ്ങളും സന്നദ്ധരായി. ഇപ്രകാരമുള്ള സേവനകൃത്യങ്ങളിൽ അവർ അഭിമാനംകൊണ്ടു. സാധുക്കളുടെ വീടുകൾക്കു് തറക്കല്ലിടുന്നതിനും അവ ആശീർവ്വദിക്കുന്നതിനും താക്കോൽദാനകർമ്മം നടത്തുന്നതിനുമായി അഭിവന്ദ്യ പിതാക്കന്മാർ വിവിധ ഇടവകകളിൽ ചെന്നു് കുന്നും മേടും കുത്തുകല്ലും കയ്യാലയുമെല്ലാം കയറി ഇറങ്ങി. ഇടവകയിലാകമാനം ഒരു തിരുനാളിന്റെ പ്രതീതിയാണു് ഇങ്ങനെയുള്ള അവസരങ്ങളിൽ ദൃശ്യമായിട്ടുള്ളതു്. ജനങ്ങളും സാമൂഹ്യസേവനസംരംഭങ്ങളിൽ കൂടുതലായി ഉദ്ബുദ്ധരായിക്കൊണ്ടിരിക്കുന്നു. ഈ ജൂബിലി വർഷം തന്നെ ഏകദേശം 3500 രൂപാ വീതം ചിലവുവരുന്ന 420 വീടുകളാണു് നിർമ്മിച്ചുകൊടുക്കുന്നതു്. ഓരോ വീടിനും 1000 രൂപാ വീതം രൂപതാകേന്ദ്രത്തിൽനിന്നും നൽകുകയുണ്ടായി. ബാക്കി ചിലവിൽ ഒരു ഭാഗം ഉപഭോക്താവും, മൂന്നാമതൊരു ഭാഗം ഇടവകജനങ്ങളോ ദൈവാലയങ്ങളോ വഹിക്കുകയും ചെയ്യുന്നു. ജൂബിലിവർഷസമാപനത്തോടനുബന്ധിച്ചു് പ്രസിദ്ധീകൃതമായിരിക്കുന്ന ഇടയലേഖനത്തിൽ വന്ദ്യപിതാവു് എഴുതുകയാണു്: ''ബ. വൈദികരുടേയും നിങ്ങളേവരുടേയും സഹകരണത്തോടെ വരുംകൊല്ലങ്ങളിലും ഈ പദ്ധതിയനുസരിച്ചുള്ള ഭവനനിർമ്മാണം തുടരാമെന്നു പ്രതീക്ഷിക്കുന്നു. അങ്ങനെ ഭവനരഹിതരായ ആരും നമ്മുടെ ഇടയിൽ അവശേഷിക്കാതിരിക്കുന്ന ഘട്ടം വരെ നമ്മും പ്രവർത്തിച്ചുകൊണ്ടിരിക്കണമെന്നാണു് എന്റെ വിനീതമായ ആഗ്രഹം..... കഴിവുള്ളവർ സ്വന്തനിലയിലും അയൽക്കാരായ പാവപ്പെട്ടവർക്കു ഭവനങ്ങളും നിർമ്മിച്ചുകൊടുക്കുവാൻ ഉത്സാഹിക്കണം. പാവപ്പെട്ട ഒരുവനോടു് പ്രദർശിപ്പിച്ച കാരുണ്യം തന്നോടുതന്നെ ചെയ്തതായി കരുതുന്ന ഈശോനാഥന്റെ വലിയ സമ്മാനം അവർക്കു ലഭിക്കും''. (സാന്ത്വനപ്രകാശം, Nov. 30, 1975)

കുടുംബസഹായനിധി

''ദരിദ്രർ എപ്പോഴും നിങ്ങളോടുകൂടി ഉണ്ടു്'' (Jn. 18.8) എന്നാണു് നമ്മുടെ കർത്താവുതന്നെ അരുളിചെയ്തിട്ടുള്ളതു്. ക്രൈസ്തവ ചൈതന്യത്താൽ പ്രേരിതരായി പല നല്ല ആളുകളും വ്യക്തിപരമായി ധാരാളം സാധുജനസേവനകൃത്യങ്ങളും ചെയ്യുന്നുണ്ടെങ്കിലും അവയെല്ലാം ധാരാളം പരിമിതികളും അനുഭവപ്പെടാറുണ്ടു്. അർഹതയുള്ളവർക്കു് ആവശ്യമായ സഹായം തക്കസമയത്തു് കിട്ടിയെന്നുവരികയില്ല. അനർഹരായവർ ചില പ്രത്യേക സാഹചര്യങ്ങളിൽ ഉദാരമതികളെ കബളിപ്പിച്ചെന്നുംവരും. രൂപതാതലത്തിൽ സ്ഥിരമായി പ്രവർത്തിക്കുന്ന ഒരു കുടുംബസഹായഫണ്ടു് ഉണ്ടെങ്കിൽ സാമ്പത്തിക ക്ലേശമനുഭവിക്കുന്നവർക്കു് അതു് കുറെയെങ്കിലും ആശ്വാസം നൽകുമെന്ന ബോധ്യമായതുകൊണ്ടാണു് കുടുംബസഹായനിധി രൂപീകരിക്കുവാൻ തീരുമാനിച്ചതു്. അഭിവന്ദ്യ സഹായമെത്രാന്റെ മെത്രാൻപട്ടാഭിഷേകത്തോടനുബന്ധിച്ചു് (1973 August 15) ഈ ഫണ്ടു് ഉദ്ഘാടനം ചെയ്യപ്പെട്ടു. ഉദാരമതികളായ വ്യക്തികളും വിവിധ സ്ഥാപനങ്ങളും ഈ ഫണ്ടിലേക്കു് നിർല്ലോഭമായി സാമ്പത്തികസഹായം ചെയ്യുവാൻ തുടങ്ങിയതോടെ രൂപതയിലെ സാധുജനോദ്ധാരണപരിപാടിയിൽ അതൊരു ചലനംതന്നെ സൃഷ്ടിച്ചു. 1975 ഡിസംബർ 31വരെ Rs. 2,19,574.44 പിരിഞ്ഞു കിട്ടിയിട്ടുണ്ടു്. യാതൊരു വിദേശസഹായവും കൂടാതെ ചുരുങ്ങിയ കാലയളവിൽ ഇത്രയും വലിയ ഒരു തുക ശേഖരിക്കുവാൻ കഴിഞ്ഞെങ്കിൽ നമ്മുടെ ജനങ്ങളും എത്രമാത്രം സാമൂഹ്യബോധമുള്ളവരായി തീർന്നിരിക്കുന്നു എന്നു് എളുപ്പത്തിൽ മനസ്സിലാക്കുവാൻ കഴിയും. കുടുംബസഹായനിധിയിൽ നിന്നുള്ള ധനവിനിമയം 1975 ഡിസംബർ 31–വരെ:—

ഭവനനിർമ്മാണം.	Rs.	53,859.00
(ജൂബിലി ഭവനനിർമ്മാണപദ്ധതി ഇതിലുംപ്പെടുന്നില്ല)		
വിവാഹസഹായം	Rs.	44,975.00
വിദ്യാഭ്യാസം	Rs.	13,678.00
ചികിത്സ	Rs.	22,915.00
തൊഴിൽ	Rs.	11,545.00
ഭക്ഷണം	Rs.	35,693.00
ആകെ	Rs.	1,82,665.00

ഈ സഹായനിധി തുടർന്നുകൊണ്ടുപോകുന്നതിനായി പ്രതിവർഷം ഒരു നിശ്ചിതദിവസം മുൻകൂട്ടി അറിയിച്ചതിനുശേഷം ത്രുപതയൊട്ടാകെ പിരിവു നടത്തുന്നുണ്ട്.

അത്യാഹിത സന്ദർഭങ്ങളിൽ

സ്ഥിരമായി നടന്നുവരുന്ന സാധുജന സേവനങ്ങൾക്കു പുറമെ കഷ്ടപ്പെടുന്ന ജനങ്ങൾക്കു് അടിയന്തിരസഹായം എത്തിച്ചുകൊടുക്കേണ്ട സന്ദർഭങ്ങളും ഉണ്ടായപ്പോഴും പാലാ ത്രുപത ഉണർന്നു പ്രവത്തിച്ചിട്ടുണ്ടു്. 1974 ജൂലായ്, ആഗസ്റ്റ് മാസങ്ങളിൽ ഉരുൾപൊട്ടലും വെള്ളപ്പൊക്കവുംമൂലം വളരെ അധികം നാശനഷ്ടങ്ങൾ സഹിക്കേണ്ടിവന്ന ഹൈറേഞ്ചിലെ സഹോദരങ്ങൾക്കു് സഹായം ചെയ്യുന്നതിനു് നമ്മുടെ ത്രുപത പ്രദർശിപ്പിച്ച സൗമനസ്യം ഏവരുടേയും മുക്തകണ്ഠമായ പ്രശംസയ്ക്കു് പാത്രീഭ്രതമായി. Rs. 45,000–ഉം രണ്ടു ലോറിനിറയെ ഭക്ഷണസാധനങ്ങളും വസ്ത്രങ്ങളും മറ്റും ഏതാനും ദിവസങ്ങൾകൊണ്ടു് ശേഖരിച്ചു് കോതമംഗലം ത്രുപതാദ്ധ്യക്ഷനെ ഏല്പിക്കുവാൻ ഇന്നാട്ടുകാക്കു കഴിഞ്ഞു. അഭിവന്ദ്യപിതാവിന്റെ അഭിലാഷാനുസരണം സാമൂഹ്യാൽക്കർഷത്തിനായി ഉണർന്നു പ്രവത്തിക്കുവാൻ ഇവിടത്തെ ക്രൈസ്തവർ മുഴുവനും തയ്യാറായിരിക്കുന്നു എന്നാണു് ഇതു് തെളിയിച്ചതു്.

സാമൂഹ്യക്ഷേമത്തിനായി ത്രുപതാതലത്തിൽ ഒരു വർഷം (1975) ചെയ്തിട്ടുള്ള പ്രവത്തനങ്ങളുടെ ഏകദേശരൂപം ചുവടെ ചേക്കുന്നു:

ഇനം	എണ്ണം		തുക
ഭവനനിർമ്മിതിക്കു് സ്ഥലം	123 ($7\frac{1}{2}$ ഏക്കർ)	Rs.	230000.00
പുതിയ വീടുകൾ പണിതീത്തതു്	310	Rs.	758422.00
വീടുകൾ കേടുപോക്കിയതു്	565	Rs.	33426.47
വിവാഹത്തിനു് സഹായം	381	Rs.	37575.10
ചികിത്സക്കു് (ആസ്പത്രികളിൽനിന്നു് നൽകിയ സഹായമുൾപ്പടെ)	5022	Rs.	56785.00
വിദ്യാഭ്യാസസഹായം	2635	Rs.	52650.50
ഭക്ഷണസഹായം	3450	Rs.	32450.25
ഇതരസഹായങ്ങൾ		Rs.	181000.00
കുടുംബസഹായനിധിയിൽനിന്നു്		Rs.	88973.00
	ആകെ	Rs.	1471282.32

പാലാ സോഷ്യൽവെൽഫെയർ സൊസൈറ്റി.

ത്രുപതയിലെ വിവിധ സാമൂഹ്യസേവനപ്രവത്തനങ്ങളുടെ ഏകോപിച്ചുള്ളതും കാര്യക്ഷമവുമായ നടത്തിപ്പിലേക്കായി സ്ഥാപിതമായതാണു് പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി. 1964-ൽ ഈ സൊസൈറ്റി രജിസ്റ്റർ ചെയ്യപ്പെട്ടു. ഭവന നിർമ്മാണം, ഭക്ഷണവിതരണം തുടങ്ങിയ പ്രവത്തനങ്ങൾക്കു പുറമെ തൊഴിൽ, ഇറിഗേഷൻ രംഗങ്ങളിൽ കൂടി ഈ സൊസൈറ്റി പ്രവത്തിച്ചുവരുന്നു. ഈ സൊസൈറ്റിയോടു് ബന്ധപ്പെട്ടു് നടത്തിവരുന്ന 38 ടെയിനിംഗ് സെൻറുകളും ഇന്നു് ത്രുപതയുടെ വിവിധ ഭാഗങ്ങളിലായുണ്ടു്. ഈ പരിശീലനകേന്ദ്രങ്ങളിൽ തയ്യൽ, കരകൗശല പണികൾ, പ്ലാസ്റ്റിക്കു് ജോലികൾ തുടങ്ങിയവ പഠിപ്പിച്ചുവരുന്നു. ത്രുപതയുടെ വിവിധ ഭാഗങ്ങളിലെ കാഷ്ടിക ജലസേചനപദ്ധതികൾക്കു് വിദേശസഹായമുൾപ്പടെ ഗണ്യമായ ധനസഹായം ലഭ്യമാക്കുവാൻ സൊസൈറ്റിക്കു് കഴിഞ്ഞിട്ടുണ്ടു്. മുട്ടുചിറയിലെ കാലിവളർത്തൽ കേന്ദ്രം, നെല്ലാപ്പാറ ശുദ്ധജലവിതരണപദ്ധതി, കുരുവിനാൽ ഇറിഗേഷൻ പ്രോജക്ടു് തുടങ്ങിയ പല പ്രസ്ഥാനങ്ങളുടെയും ഉദയത്തിനും സൊസൈറ്റി കാര്യമായ സംഭാവനകൾ നൽകിയിട്ടുണ്ടു്.

കരിയർ ഇൻഫർമേഷൻ സെൻറർ

അഭ്യസ്തവിദ്യരും എന്നാൽ തൊഴിൽരഹിതരുമായ നൂറുകണക്കിനു് യുവജനങ്ങൾ ഭാരതത്തിൽ മറെവിടെയുമെന്നപോലെ നമ്മുടെ ത്രുപതയിലും ഉണ്ടു്. വിദ്യാഭ്യാസകാലത്തുതന്നെ ശരിയായ ലക്ഷ്യബോധത്തോടുകൂടി പ്രത്യേക വിഷയങ്ങൾ തിരഞ്ഞെടുത്തു് പഠിക്കുന്നെങ്കിൽ ഈ പ്രശ്നം ഒരു പരിധിവരെ പരിഹരിക്കുവാൻ കഴിയും. കൂടാതെ ഭാരതത്തിന്റെ വിവിധഭാഗങ്ങളിൽ ഉദ്യോഗാത്ഥികൾക്കായി നടന്നുവരുന്ന പരീക്ഷകൾ, ടെയിനിംഗ് കോഴ്സുകൾ തുടങ്ങിയവയെപ്പറ്റിയും സാധാരണക്കാർക്കു് അറിവുലഭിക്കുന്നില്ല. ഈ കാര്യങ്ങളിലെല്ലാം വിദ്യാത്ഥികളേയും ഉദ്യോഗാത്ഥികളേയും വേണ്ടവിധത്തിൽ നയിക്കുന്നതിനായി 1973-മുതൽ

ത്രപതയിലെ വിവിധ സന്ന്യാസസഭകൾ

സി. റജീനാ C. M. C.

സഭയുടെ അജപാലനദൗത്യം കാര്യക്ഷമമായി നിർവ്വഹിക്കുന്നതിൽ സന്ന്യാസി സന്ന്യാസിനിസഭകളും ചെയ്തുവരുന്ന സേവനം അത്ഭുതാവഹമാണു്. ഇപ്രകാരം സഭാമാതാവിനു് സേവനം അനുഷ്ഠിക്കുന്ന സന്ന്യാസസഭകളുടെ ആരംഭകാലം മുതലേ കത്തോലിക്കാസഭയിൽ നിലവിലിരുന്നു. സുവിശേഷപ്രചരണം, അഗതിസംരക്ഷണം, വിദ്യാഭ്യാസം, സാമൂഹ്യസേവനം തുടങ്ങി സഭയുടെ എല്ലാ കർമ്മമണ്ഡലങ്ങളിലും പ്രവേശിച്ചു് ജോലി ചെയ്യുവാൻ ഓരോ സന്ന്യാസസഭാംഗവും ദൈവത്തിനു് സ്വയം സമർപ്പിക്കുന്നു. പാലാ ത്രപതയിൽ ഒരു കാൽനൂറ്റാണ്ടുകൊണ്ടു് ഇപ്രകാരമുള്ള സഭകൾക്കു് വന്നിട്ടുള്ള വളർച്ച അത്ഭുതാവഹമാണു്. പുരുഷന്മാർക്കും സ്ത്രീകൾക്കുമായി ഇന്നാട്ടിൽത്തന്നെ സ്ഥാപിതമായവയും വിദേശങ്ങളിൽ നിന്നു് പറിച്ചുനടപ്പെട്ടവയുമായ അനവധി സന്ന്യാസസഭകളും സെക്യുലർ ഇൻസ്റ്റിട്യൂട്ടുകളും ത്രപതാതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്നുണ്ടു്. ആത്യന്തികമായി പല സന്ന്യാസസഭകളുടേയും പ്രവർത്തനങ്ങൾ തമ്മിൽ പ്രത്യക്ഷമായ അന്തരമൊന്നും കാണുന്നില്ലെങ്കിൽതന്നെയും ആരോഗ്യകരമായ മാത്സര്യബുദ്ധിയോടുകൂടി ഓരോരുത്തരും തങ്ങളുടെ പ്രവൃത്തിമണ്ഡലത്തിൽ ആത്മാർത്ഥമായി വേലചെയ്യുന്നു.

1. സി. എം. ഐ. സഭ. (Congregation of the Carmelites of Mary Immaculate)

ക്ഷേത്രരും തീക്ഷ്ണമതികളുമായ പാലക്കൽ തോമ്മാച്ചൻറേയും പോരുക്കര തോമ്മാച്ചൻറേയും പ്രയത്നഫലമായി 1831 മെയ് പതിനൊന്നിനു് മാന്നാനത്തു് ഭാരതത്തിലെ പ്രഥമ ഏതദ്ദേശിയ സന്ന്യാസഭവനത്തിൻറെ ശിലാസ്ഥാപനം നടന്നു. ബ. തോമ്മാച്ചന്മാരുടെ മരണാനന്തരം 1846–ൽ ആരംഭം മുതലേ അവരോടൊത്തു പ്രവർത്തിച്ചിരുന്ന ദൈവദാസൻ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ മഹത്തായ ഈ യത്നത്തിൻറെ ഉത്തരവാദിത്വം മുഴുവനായി ഏറ്റെടുത്തു. ധ്യാനപരവും കർമ്മപരവുമായ ജീവിതത്തിനാണു് ഇവർ പ്രാധാന്യം നല്കിയതു്. പ. കന്യകാമറിയത്തോടുള്ള പുത്രസഹജമായ ക്ഷേത്രീ സഭാംഗങ്ങൾ പ്രത്യേകം കാത്തുപാലിക്കുന്നു. വിദ്യാഭ്യാസം, മുദ്രാലയം, സാമൂഹ്യസേവനം തുടങ്ങിയ രംഗങ്ങളിൽ ഇവർ സേവനമനുഷ്ഠിച്ചുകൊണ്ടിരിക്കുന്നു. ചാന്ദാ, സാഗർ, ബിജ്നോർ, ജഗദൽപൂർ എന്നീ എക്സാർക്കേറ്റുകളിൽ C. M. I. സഭാംഗങ്ങൾ വളരെ വിജയപ്രദമായി പ്രവർത്തിക്കുന്നുണ്ടു്. 1953–ൽ, ഈ സന്ന്യാസസഭ കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നു മൂന്നു പ്രോവിൻസുകളായി തിരിഞ്ഞു.

ത്രപത വകയായി ഒരു കരിയർ ഇൻഫർമേഷൻ സെൻറർ പാലായിൽ പ്രവർത്തിച്ചുവരുന്നു. ഇൻഡ്യയിലെ പ്രമുഖ ദിനപ്പത്രങ്ങൾ. കേന്ദ്രസംസ്ഥാന ഗവണ്മെൻറുകളുടെ ഗസറ്റുകൾ, കരിയർ ബുള്ളറ്റിനുകൾ തുടങ്ങിയവ ഈ സെൻററിൽ വരുത്തി വിദ്യാർത്ഥികൾക്കു് ആവശ്യമായ വിവരങ്ങൾ നൽകുന്നുണ്ടു്. സെൻട്രൽ ഓഫീസ് പ്രസിദ്ധപ്പെടുത്തുന്ന ബുള്ളറ്റിനുകൾ ത്രപതയിലെ വിവിധ കോളേജുകളിലും എത്തിക്കുകയും അങ്ങനെ പരസ്പര സഹകരണത്തിൽ യുവജനങ്ങളുടെ ഭാവിയെ കരുപ്പിടിപ്പിക്കുവാനുള്ള ഈ സംരംഭം വിജയപൂർവ്വം നടത്തുവാൻ സാധിക്കുകയും ചെയ്യുന്നു.

ഉപസംഹാരം.

ഇന്നു് പാലാ ത്രപതയിൽ നടന്നുവരുന്ന ബൃഹത്തായ ഈദൃശ സാമൂഹ്യസേവനപ്രവർത്തനങ്ങൾ മനുഷ്യവ്യക്തിയുടെ സർവ്വതോമുഖമായ അഭ്യുന്നതിയിൽ സഭ എത്രമാത്രം തല്പരയാണു് എന്നാണു് വെളിപ്പെടുത്തുന്നതു്. വിശപ്പും ദാഹവും ക്ഷതവിധേയമായ ശരീരവുമുള്ള മനുഷ്യനെ സംബന്ധിച്ചിടത്തോളം സാമൂഹ്യപരിഗണനകളില്ലാത്ത ആദ്ധ്യാത്മികതപം അനാകർഷകമാണു്. ഇതു് ശരിക്കും മനസ്സിലാക്കിക്കൊണ്ടാണു് സഭയുടെ പ്രവർത്തനങ്ങൾ ഈ രംഗങ്ങളിലേക്കെല്ലാം വ്യാപിപ്പിച്ചിരിക്കുന്നതു്. പരിതസ്ഥിതികളും ഭരണസംവിധാനങ്ങളും മാറിവരാം. എന്നാൽ മനുഷ്യസ്നേഹത്തിൻറെ അസ്ഥിവാരത്തിൽ പണിതുയർത്തിയിട്ടുള്ള സ്ഥാപനങ്ങൾ അമർത്യതക്കു് പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ളവയാണു്. അവ ഒരിക്കലും അപ്രസക്തങ്ങളാവുകയില്ല. സാമൂഹ്യപ്രവർത്തനത്തിൻറെ വിശാലമണ്ഡലത്തിൽ കഴിഞ്ഞ കാൽനൂറ്റാണ്ടിനുള്ളിൽ കുറെയൊക്കെ പ്രവർത്തിക്കുവാൻ സാധിച്ചു എന്ന ചരിതാർത്ഥ്യത്തോടുകൂടി പാലാ ത്രപതയ്ക്കു് അതിൻറെ രജത ജൂബിലി ആഘോഷിക്കുവാൻ കഴിയും.

ഞ്ഞു. പിന്നീട്, കോഴിക്കോട് ഒരു വൈസ് പ്രോവിൻസായി അംഗീകരിക്കപ്പെട്ടു. കോട്ടയം പ്രോവിൻസിലാണ് പാലാ ശ്രുപതയിലെ ഈ സഭയുടെ ഭവനങ്ങളും ഉൾപ്പെടുക. ഈ ശ്രുപതയിൽ ഇവർക്ക് ആറു ഭവനങ്ങളാണുള്ളത്. സഭയിലാകെ ആയിരത്തിഇരുന്നൂറോളം അംഗങ്ങളുണ്ട്.

1950–ൽ ആണല്ലൊ പാലാ ശ്രുപത ജന്മമെടുത്തത്. അതിനു് ഏതാണ്ട് ഒരു നൂറാണ്ടു മുമ്പ് കർമ്മലീത്താ സഭ ഔദ്യോഗികമായി സ്ഥാപിക്കപ്പെട്ടപ്പോൾ ആദ്യമായി വൃതോച്ചാരണം ചെയ്ത പതിനൊന്നു വൈദികരിൽ നാലു പേരും പാലായിൽ നിന്നുള്ളവരായിരുന്നു എന്നതു് പ്രസ്ഥാവ്യമാണ്. ഇവരിൽ ഒരാളായ കട്ടക്കയത്തു (വലിയ) ചാണ്ടിയച്ചൻ പ്രഥമ ഏതദ്ദേശീയ പ്രീയോർ ജനറാളായി ആറു കൊല്ലം സഭാഭരണം നടത്തിയ ആളും, പ്രസിദ്ധ ധ്യാനപ്രാസംഗികനും റോക്കോസ് ശീശ്മക്കെതിരായി ധീരധീരം പോരാടിയ ആളുമാണ്. അദ്ദേഹത്തിന്റെ അനന്തിരവനായ കട്ടക്കയത്തിൽ കൊച്ചു ചാണ്ടിയച്ചൻ ആണ് റോമായിൽ പോയി പരി. പിതാവു് X-ാംപീയൂസ് മാർപ്പാപ്പായെ സന്ദർശിക്കുകയും കർമ്മലീത്താ സഭയുടെ നിയമങ്ങൾക്ക് ശാശ്വതമായ അംഗീകാരം വാങ്ങിക്കുകയും ചെയ്തത്.

അഭിവന്ദ്യ വയലിൽ പിതാവിന്റെ പിതൃസഹോദരനായ മൂലയിൽ ബ. ലയൊനാർദച്ചൻ, മുത്തോലി, പൂഞ്ഞാർ ആശ്രമങ്ങളുടെ അഭിവൃദ്ധിക്കായി വളരെ അധികം ബുദ്ധിമുട്ടിയിട്ടുണ്ട്. ഇവരെക്കൂടാതെ കർമ്മലീത്താ സഭയിലെ പ്രമുഖരായ പല വൈദികരും പാലാ ശ്രുപതയിൽനിന്നുള്ളവരായിരുന്നു എന്നതിനു് ചരിത്രം സാക്ഷിയാണ്. അടുത്തകാലത്തെ ഒരു കണക്കനുസരിച്ചു് തെക്കൻ പ്രോവിൻസിലുള്ള 356 സന്യാസികളിൽ 224 പേരും (63%) പാലാ ശ്രുപതയിൽപ്പെട്ടവരാണ്.

പാലാ ശ്രുപതയിൽ കരുവിനാൽ ഇടവകയിൽപ്പെട്ട മോൺ. പൗളീനോസ് ജീവകത്തിൽ C.M.I., ബിജ്നോർ എക്സാർക്കായി സ്വതന്ത്രർഹമായ വിധം ശ്രുപതാ ഭരണം നടത്തുന്നു.

2. കപ്പൂച്ചിൻ സഭ. (Order of Friars Minor Capuchins. (O F M Cap.)

കപ്പൂച്ചിൻ സഭയുടെ സ്ഥാപകൻ അസീസ്സിയിലെ വി. ഫ്രാൻസീസാണ്. തന്റെ ആദ്ധ്യാത്മിക സിദ്ധിയിലും പ്രവർത്തനങ്ങളിലും താല്പര്യമുള്ളവർക്കായി 1209–ൽ വി. ഫ്രാൻസീസ് ഫ്രാൻസിസ്ക്കൻ ഒന്നാം സഭ സ്ഥാപിച്ചു. ഇതിന്റെ പിൻതുടർച്ചയാണ് കേരളത്തിലെ കപ്പൂച്ചിൻ സഭ. ഫ്റാൻസിസ്ക്കൻ അശ്രുപീയിൽക്കൂടി ആദ്ധ്യാത്മികവും സാമൂഹ്യവുമായ പുരോഗതിക്കുവേണ്ടി യത്നിക്കുകയാണ് ഈ സഭയുടെ ലക്ഷ്യം. 54 വർഷങ്ങൾക്കു മുൻപു് ഇൻഡ്യയിൽ ആരംഭിച്ച ശാഖയ്ക്ക് ഇന്നു് 4 പ്രോവിൻസുകളിലും വിവിധ മിഷനുകളിലുമായി ആയിരത്തോളം അംഗങ്ങളുണ്ട്. പാലാ ശ്രുപതയിലുള്ള ഭവനങ്ങാനത്തു് ഇവരുടെ ആശ്രമം സ്ഥാപിതമായതു് 1952–ാണ്. ധ്യാനങ്ങൾ, സെമിനാറുകൾ, സ്റ്റഡിക്ലാസ്സുകൾ മുതലായവ സംഘടിപ്പിക്കുകയും കുടുംബപരമായ പ്രശ്നങ്ങളിൽ ജനങ്ങളെ സഹായിക്കുകയും ചെയ്തുകൊണ്ട് ഇവർ തങ്ങളുടെ ദൗത്യം നിർവ്വഹിക്കുന്നു. കപ്പൂച്ചിൻ സഭാംഗവും ഈ ശ്രുപതയിൽ കൂടല്ലൂർ ഇടവകക്കാരനുമായ ഡോ. സിംഫോറിയൻ കീപ്പുറത്തു് 1973-ൽ ജലന്തർ ശ്രുപതയുടെ മെത്രാനായി അഭിഷിക്തനായി. ഭവനങ്ങാനം അസ്സീസ്സി ആശ്രമത്തിൽനിന്നാണ് കപ്പൂച്ചിൻ സഭയുടെ ജീവനായ 'അസ്സീസ്സി' മാസിക പ്രസിദ്ധീകരിക്കുന്നതു്.

ഈ ശ്രുപതയിൽനിന്നും 53 വൈദികർ കപ്പൂച്ചിൻ സഭയിൽ സന്യാസജീവിതം കഴിക്കുന്നുണ്ട്.

3. ദിവ്യകാരുണ്യമിഷനറിസഭ (Missionary Congregation of the Blessed Sacrament. M. C. B. S.)

1938 മെയ് മാസം 7–ാം തീയതി സ്ഥാപിതമായ ഈ സഭയ്ക്ക് ബീജാവാപം ചെയ്തതു് ഇന്നത്തെ പാലാ ശ്രുപതയുംകൂടി ഉൾപ്പെട്ടിരുന്ന ചങ്ങനാശ്ശേരി ശ്രുപതയുടെ അദ്ധ്യക്ഷനായിരുന്ന അഭിവന്ദ്യ ജയിംസ് കാളാശ്ശേരി തിരുമനസ്സുകൊണ്ടാണ്. സഭയുടെ പ്രഥമാംഗങ്ങളായ ഫാ. മാത്യു ആലക്കളവും ഫാ. ജോസഫ് പറയിടവും കൂടി കോട്ടയത്തിനടുത്തു് കാടഞ്ചിറക്കുന്നിൽ പ്രഥമഭവനം സ്ഥാപിച്ചു് താമസമാക്കി. ദിവ്യകാരുണ്യത്തിൽ കേന്ദ്രീകൃതമായ പ്രേഷിതപ്രവർത്തനവും സമർപ്പിതജീവിതവും ഈ സഭയുടെ പ്രത്യേകമായ ദൗത്യമായി പരിഗണിക്കപ്പെടുന്നു. നൂറിൽപരം അംഗങ്ങളും, കേരളത്തിലെ മിക്ക ശ്രുപതകളിലും ശാഖകളുമുള്ള ഈ സഭ ആസ്സാം, മേഘാലയ, മദ്ധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളിലേക്കും പ്രവർത്തനം വ്യാപിപ്പിച്ചിട്ടുണ്ട്. പാലാ ശ്രുപതയിൽ കരിമ്പാനി എന്ന സ്ഥലത്തു് 1940–ൽ ഒരു ഭവനം സ്ഥാപിതമായി. തദ്ദേശവാസികൾക്ക് ആദ്ധ്യാത്മികമായ എല്ലാവിധ സഹായങ്ങളും ഈ ആശ്രമം നൽകിവരുന്നു. സാമൂഹ്യ, കലാ, സാംസ്കാരിക മണ്ഡലങ്ങളിലും ഇവർ പ്രവർത്തിക്കുന്നുണ്ട്. പാലാ ശ്രുപതയിൽനിന്നും 22 വൈദികർ ഈ മിഷനറിസഭയിൽ അംഗങ്ങളായുണ്ട്.

4. വിൻസെൻഷ്യൻ കോൺഗ്രീഗേഷൻ
(Vincention Congregation V. C.)

''ദരിദ്രർക്കു സുവിശേഷം അറിയിക്കുവാൻ അവൻ എന്നെ അഭിഷേകം ചെയ്തു'' എന്നു പറഞ്ഞ ക്രിസ്തുനാഥനെ പരിപൂർണ്ണമായും പിൻതുടർന്ന വി. വിൻസെൻറിനെ അനുകരിച്ചുകൊണ്ട് ദരിദ്രരോടു്, വിശിഷ്യാ ഗ്രാമീണരോടു് സുവിശേഷം പ്രസംഗിക്കുക എന്നതു് ജീവിതലക്ഷ്യമായി സ്വീകരിച്ചിരിക്കുന്ന വിൻസെൻഷ്യൻ സഭ 1927-ൽ സ്ഥാപിക്കപ്പെട്ടു. എറണാകുളം അതിരൂപതയിൽ തോട്ടകത്തു് സ്ഥാപിക്കപ്പെട്ട ഈ സഭയ്ക്കു് ഇന്നു് കേരളത്തിന്റെ വിവിധ രൂപതകളിലായി 14 ആശ്രമങ്ങളും വടക്കേ ഇന്ത്യയിൽ ഒരു എക്സാർക്കേറ്റും (സാത്നാ) ഉണ്ടു്. 1968-ൽ പൊന്തിഫിക്കൽ പദവിയിലേയ്ക്കുയർത്തപ്പെട്ട ഈ സഭയിൽ 100 വൈദികരും 12 ബ്രദേഴ്സും നൂറോളം വൈദികവിദ്യാർത്ഥികളും ഉണ്ടു്. ഈ സഭയുടെ ഒരു ശാഖ പാലാ രൂപതയിലെ നസ്രത്ത്ഹില്ലിൽ 1962 ഓഗസ്റ്റ് 17-ാം തീയതി പ്രവർത്തനമാരംഭിച്ചു. വിദ്യാഭ്യാസപ്രവർത്തനങ്ങളിലും മറ്റു ജീവകാരുണ്യപ്രവർത്തനങ്ങളിലും ഏർപ്പെട്ടുകൊണ്ടു് ഇവർ തങ്ങളുടെ ദൗത്യം നിർവഹിക്കുന്നു. ധ്യാനങ്ങളും പോപ്പുലർമിഷനും വഴി കേരളമക്കളുടെ ആദ്ധ്യാത്മികോത്ഥാനത്തിനായി ആരംഭം മുതൽതന്നെ ഈ സഭ പ്രവർത്തിച്ചുവരുന്നു. പാലാ രൂപതയിൽപ്പെട്ട 25 വൈദികർ ഈ കോൺഗ്രീഗേഷനിൽ അംഗങ്ങളായി സേവനം അനുഷ്ഠിക്കുന്നു. സാത്നാ എക്സാർക്കും വിൻസെൻഷൻ സഭാംഗവുമായ മോൺ. അബ്രാഹം മറ്റം ഈ രൂപതയിൽപ്പെട്ട നരിയങ്ങാനം ഇടവകക്കാരനാണു്.

5. സെൻറ് തോമസ് മിഷനറി സൊസൈറ്റി.
(Missionary Society of St. Thomas the Apostle)

'ദൈവവിളിയുടെ മെത്രാൻ' എന്ന അപരനാമത്താൽ അറിയപ്പെടുന്ന അഭിവന്ദ്യ വയലിൽ പിതാവിന്റെ ചൈതന്യപൂർണ്ണവും പ്രേഷിതപ്രബുദ്ധവും കർമ്മോത്സുകവുമായ വിശാല മനസ്സിൽ ജന്മമെടുത്ത ഒരു മഹത്തായ ആശയമാണു് സെൻറ് തോമസ് മിഷനറി സൊസൈറ്റിയായി രൂപം കൊണ്ടതു്. ഈ ആശയത്തിന്റെ സാക്ഷാത്കാരത്തിനായി നിരന്തരവും നിസ്തുലവുമായ സാഹസികയത്നങ്ങളും അഭിവന്ദ്യപിതാവു് നടത്തുകയുണ്ടായി. ദൈവവിളിയാൽ സമ്പന്നമായ സീറോ മലബാർ സഭയുടെ, പ്രത്യേകിച്ചു് പാലാ രൂപതയുടെ, ബാഹുല്യമുഖമായ കഴിവുകളെക്കുറിച്ചു് ആഴമായ അവബോധമുള്ള പിതാവു് തങ്ങൾക്കു സ്വന്തമായി ഒരു പ്രവർത്തനരംഗം തുറന്നു കിട്ടുവാൻ ആഗ്രഹിച്ചു. 1960-ൽ റോം സന്ദർശിച്ചപ്പോൾ ഈ സംരംഭത്തിന്റെ ആവശ്യകത പരിശുദ്ധ സിംഹാസനത്തെ ബോദ്ധ്യപ്പെടുത്താൻ അദ്ദേഹം വളരെയധികം പരിശ്രമിച്ചു. 1963-ൽ പൗരസ്ത്യസുകേടുടെ തിരുസംഘം ഇതിനുള്ള പ്രാരംഭപരിപാടികൾ ആരംഭിക്കുവാനും ഒരു നിയമാവലി ഉണ്ടാക്കുവാനും ആവശ്യപ്പെട്ടു. അതനുസരിച്ചു് ഉചിതമായ ആലോചനകൾക്കുശേഷം ഫാ. കര്യൻ വഞ്ചിപ്പുരയെയും ഫാ. ജോൺ പെരുമാറ്റത്തെയും നിയമാവലിയുടെ നിർമ്മാണത്തിലേക്കു് നിയോഗിച്ചു. ഒരു സന്യാസസഭയ്ക്കു യോജിച്ച വിധത്തിൽ നിയമാവലി നിർമ്മിക്കപ്പെട്ടെങ്കിലും പുരാതനമായ മിലാനിലേയും, പാരീസിലേയും മിഷനറി സൊസൈറ്റിയെ അനുകരിച്ചു് നിയമാവലിക്കു രൂപഭേദം വരുത്തി. 1965 ജനുവരി 25-ാം തീയതി 10 വൈദികർ അംഗങ്ങളായുള്ള ഒരു 'പയസ് യൂണിയനാ'യി ഈ മിഷനറി സൊസൈറ്റി ജന്മം കൊണ്ടു. ഈ സൊസൈറ്റിയുടെ സുപ്പീരിയറായി അഭിവന്ദ്യപിതാവുതന്നെ ഐകകണ്ഠ്യേന തെരഞ്ഞെടുക്കപ്പെട്ടു. 1966-ൽ, രണ്ടാമത്തെ റോമാ സന്ദർശന (2nd Adlimina Visit) വേളയിൽ പരി. പിതാവ് പോൾ ആറാമൻ ഈ മഹത്തായ സംരംഭത്തിൽ അതീവ സന്തുഷ്ടനായി അഭിവന്ദ്യതിരുമേനിയെ സ്വീകരിക്കുകയും ധൈര്യപൂർവ്വം മുന്നോട്ടുപോകുവാൻ ഉത്തേജിപ്പിക്കുകയും ചെയ്തു. 1967 ജൂൺ 13-നു് നിയമാവലി ചില ഭേദഗതികളോടെ പരി: സിംഹാസനം അംഗീകരിച്ചു.

പൗരസ്ത്യതിരുസംഘത്തിന്റെ പ്രീഫെക്ട് അത്യുന്നത കർദ്ദിനാൾ മാക്സ് മിലിയൻ ദെ ഫുർസ്റ്റൻബർഗ്ഗ് സീറോ മലബാർ സഭയുടെ പ്രവർത്തനങ്ങളെയും വളർച്ചയേയും നേരിട്ടുകണ്ടു് മനസിലാക്കുന്നതിനായി 1968 ഫെബ്രുവരിയിൽ കേരളം സന്ദർശിച്ചു. മലബാർ സഭയുടെ പ്രേഷിതപ്രവർത്തനങ്ങളുടെ മുഴുവൻ പവ്വർ ഹൗസായി വിരാജിക്കേണ്ട മിഷനറി സൊസൈറ്റിയുടെ ഉദ്ഘാടനം ഈ സന്ദർഭത്തിൽ നിർവ്വഹിക്കപ്പെടുക ഏറ്റം ഉചിതമായിരുന്നു. 1968 ഫെബ്രുവരി 22-ാം തീയതി, കർദ്ദിനാൾ ഫുർസ്റ്റൻബർഗ്ഗ് തിരുമേനി, അപ്പസ്തോലിക് പ്രോനൺഷ്യോ മോസ്റ്റ് റവ. ജോസഫ് കാപ്രിയോ, കേരളത്തിലെ മെത്രാപ്പോലീത്താമാർ, ഇതര മെത്രാന്മാർ തുടങ്ങിയവരുടെ സാന്നിദ്ധ്യത്തിൽ അഭിവന്ദ്യ പിതാവു് സെൻറ് തോമസ് മിഷനറി സൊസൈറ്റിയുടെ ഉദ്ഘാടനം നിർവ്വഹിക്കുകയും, ഭരണഘടന പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. അമ്പാറ ദീപ്തിനഗറിൽവച്ചു നടന്ന പ്രസ്തുത ചടങ്ങുകൾക്കുശേഷം കർദ്ദി

നാം തിരുമേനി സൊസൈറ്റിയുടെ മാതൃഭവനത്തിന്റെ ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ചു, മദ്ധ്യപ്രദേശിലുള്ളഉജ്ജൈയിൻ എക്സാർക്കേറ്റിനു് പരി.സി.ഹാസനം രൂപം കൊടുക്കുകയും ആ പ്രദേശം മിഷനറി സൊസൈറ്റിയുടെ ഭരണത്തിനു് ഏല്പിച്ചുകൊടുക്കുകയും ചെയ്തു.

1968—ൽ ഈ സൊസൈറ്റിക്കുവേണ്ടിയുള്ള പ്രഥമ വൈദികവിദ്യാർത്ഥികളെ രൂപതാ മൈനർ സെമിനാരിയിൽ സ്വീകരിച്ചു. '69 ജനുവരി 20-ാം തീയതി കേന്ദ്രഭവനം അമ്പാറയിൽ പ്രവർത്തനമാരംഭിക്കുകയും ചെയ്തു. ആ വർഷം ഏപ്രിൽ 22 നു് വൈദിക വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള സെമിനാരിയുടെ—ദീപ്തി കോളേജിന്റെ—ഉദ്ഘാടനകർമ്മവും നിർവ്വഹിക്കപ്പെട്ടു. ഈ എക്സാർക്കേറ്റു് ഒരു രൂപതയായി ഉയർത്തപ്പെടണമെന്നും സൊസൈറ്റിക്കു് മറ്റൊരു പ്രവർത്തനരംഗം അംഗീകരിച്ചുകിട്ടണമെന്നുമുള്ള തീവ്രാഭിലാഷം രോഗബാധിതനായിരുന്നപ്പോഴും പോലും പിതാവു് വെളിപ്പെടുത്തുകയുണ്ടായി.

നമ്മുടെ രൂപതയിൽ കാക്കൂർ ഇടവകയിൽപ്പെട്ട ആളും സൊസൈറ്റിയുടെ പ്രഥമ ഡിറക്ടർ ജനറലുമായ മോൺ. ജോൺപെരുമറ്റം ഉജ്ജൈയിൻ എക്സാർക്കായി സ്തുത്യർഹമായവിധം ഭരണം നടത്തിവരുന്നു.

6. ചെറുപുഷ്പ മിഷൻസഭ. (Little Flower Congregation. C. S. T.)

1931 മാർച്ചു് 19-ാം തീയതി എറണാകുളം അതിരൂപതയിൽപ്പെട്ട മുക്കന്നൂരാണു് ഈ സഭ സ്ഥാപിതമായതു്. ഇന്നു് ജീവിച്ചിരിക്കുന്ന ബ. ബസ്സേലിയൂസച്ചനാണു് സ്ഥാപകൻ. (ഫാ. തോമസ് പാണാട്ടു്.) ചെറുപുഷ്പത്തിന്റെ ആദർശങ്ങൾക്കനുസരണമായ ആത്മാപ്പണവും തിരുസഭ അഭിലഷിക്കുന്ന വിധത്തിലുള്ള സമുദായോദ്ധാരണപ്രവർത്തനവും മിഷൻപ്രവർത്തനവുമാണു് സഭയുടെ ലക്ഷ്യം. ആകെ 206 അംഗങ്ങളുള്ള സഭയുടെ പ്രവർത്തനം ഇൻഡ്യയിൽ പല രൂപതകളിലും മിഷ്യനുകളിലുമായി വ്യാപിച്ചുകിടക്കുന്നു. പാലാ രൂപതയിൽ സ്ഥാപിതമായിരിക്കുന്ന ശാഖാഭവനം പൂവത്തോടു് ഇടവകയിൽ മൂന്നാംതോടു് ആണു്. പാലാ രൂപതയിൽ നിന്നും 12 വൈദികർ ഈ സഭയിൽ അംഗങ്ങളായുണ്ടു്.

7. ക്ലാരീഷ്യൻ കോൺഗ്രിഗേഷൻ (Claretian Congregation)

അതിഭയങ്കരമായ സ്പാനിഷ് വിപ്ലവംമൂലം കലങ്ങിമറിഞ്ഞ സ്പെയിനിന്റെ സാമൂഹ്യജീവിതത്തിൽ മഹാത്ഭുതങ്ങൾ സൃഷ്ടിച്ച ഒരു നിശ്ശബ്ദസേവകനായിരുന്ന അന്തോനി മരിയക്ലാരറ്റു്. സനാതന നിയമങ്ങളും ധാർമ്മികമൂല്യങ്ങളും പരിത്യജിച്ചു് മതവിദ്വേഷികളായി തീർന്നുകൊണ്ടിരുന്ന സ്പാനീഷ് ജനതയുടെ സമുദ്ധാരണാർത്ഥം വി. ക്ലാരറ് തന്റെ സഹപ്രവർത്തകരായ ഏതാനും വൈദികരുടെ സഹായത്തോടുകൂടി 1849 ജൂലൈ 16-ാം തീയതി ''അമലോത്ഭവമാതാവിന്റെ മിഷനറിപുത്രന്മാർ (Missionary Sons of the Immaculate Heart of Mary'' എന്ന ഔദ്യോഗിക നാമത്താൽ അറിയപ്പെടുന്ന ക്ലാരീഷ്യൻ കോൺഗ്രിഗേഷനു് രൂപം കൊടുത്തു. അതിവേഗം ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും വ്യാപിച്ച ഈ സഭയ്ക്കു് ഇന്നു് ഏതാണ്ടു് 4000 ത്തോളം അംഗങ്ങളുണ്ടു്. ജന്മഗൃഹമായ സ്പെയിനിലാണു് ഏറ്റവും കൂടുതൽ പ്രോവിൻസുകളുള്ളതെങ്കിലും ജർമ്മനി, ഓസ്ട്രിയ, ഫ്രാൻസു്, ഇറ്റലി, സ്വിറ്റ്സർലണ്ടു്, U. S. A., ബ്രസീൽ, പെറു, മെക്സിക്കോ, ബൊളീവിയ, അർജന്റീനാ തുടങ്ങിയ രാജ്യങ്ങളിലേക്കും ക്ലാരീഷ്യൻ കോൺഗ്രിഗേഷൻ ഇതിനകം വ്യാപിച്ചുകഴിഞ്ഞിട്ടുണ്ടു്. ഏഷ്യയിൽ ഫിലിപ്പൈൻസിലും, ജപ്പാനിലുമാണു് ഇവർ ആദ്യമായി പ്രവർത്തനമാരംഭിച്ചതു്. ഇന്ത്യയിൽ ഈ സഭ സ്ഥാപിക്കാൻ സാഹചര്യമൊരുക്കിയതു് അഭിവന്ദ്യ പിതാവുതന്നെയാണു്. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം തങ്ങളുടെ പ്രേഷിതപ്രവർത്തനങ്ങൾ ഇന്ത്യയിലേക്കു് വ്യാപിപ്പിക്കുവാനാഗ്രഹിച്ച ജർമ്മൻ പ്രോവിൻസിലെ ക്ലാരീഷ്യൻ വൈദികർക്കു് സഹായഹസ്തങ്ങളുമായി നമ്മുടെ പിതാവു് മുമ്പോട്ടുവന്നു. ഇന്ത്യയിൽ വ്യാപിക്കേണ്ട ക്ലാരിഷ്യൻ കോൺഗ്രിഗേഷന്റെ പ്രവർത്തനങ്ങൾക്കു് നേതൃത്വം നൽകേണ്ടതിനു് 1961 — ൽ ആദ്യമായി ഒരു ബാച്ചു് വൈദികവിദ്യാർത്ഥികളെ അദ്ദേഹം തെരഞ്ഞെടുത്തു് പരിശീലനത്തിനായി ജർമ്മനിയിലേക്കയച്ചു. തുടർന്നുള്ള കൊല്ലങ്ങളിലും ഇപ്രകാരം ചെയ്തുകൊണ്ടിരുന്നു. ഇന്ത്യയിൽ ഈ സഭയുടെ ആദ്യഭവനം ''ക്ലാരറ് ഭവൻ'' എന്ന പേരോടുകൂടി പാലാ രൂപതയിലുള്ള കുറവിലങ്ങാടു് സ്ഥാപിതമായി. 1970—ൽ അതിന്റെ ശിലാസ്ഥാപനവും '71—ൽ ഔദ്യോഗിക ഉൽഘാടനവും നടന്നു. വിവിധ തരത്തിലുള്ള പ്രേഷിതപ്രവർത്തനങ്ങളിലാണു് ഈ സഭയുടെ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നതു്. ഇപ്പോഴും ഈ സഭയിലുള്ള പത്തു് ഇൻഡ്യൻ വംശജരായ വൈദികരിൽ എട്ടു പേരും നമ്മുടെ രൂപതയിൽനിന്നുള്ളവരാണു്.

8. സ്നേഹഗിരി മിഷനറി സൊസൈറ്റി

(Snehagiri Society: (Pious Union)

അഭിവന്ദ്യ പിതാവിന്റെ അംഗീകാരത്തോടും അനുഗ്രഹാശിസ്സുകളോടുംകൂടി കൈപ്പൻപ്ലാക്കൽ ബ. അബ്രാഹമച്ചനാണ് ഈ മിഷനറി സൊസൈറ്റിക്ക് രൂപം കൊടുത്തത്. ഈ സഭ മൂന്നു വിഭാഗങ്ങളായി പ്രവർത്തിക്കുന്നു. അതിലൊരു വിഭാഗമാണ് സ്നേഹഗിരി ബ്രദേഴ്സ്. കാവിയുടുപ്പും മരക്കുരിശുമാണ് ഇവരുടെ യൂണിഫോം. ലളിതമാണ് ഇവരുടെ ജീവിതം. നിരാലംബരും അതോടൊപ്പം നിർദ്ധന കുടുംബങ്ങളിൽനിന്നുള്ളവരുമായ കുട്ടികളെ സംരക്ഷിക്കുന്നതിനും വിദ്യ അഭ്യസിപ്പിക്കുന്നതിനും, ജീവിതമാർഗ്ഗം കണ്ടുപിടിക്കാൻ അവരെ സഹായിക്കുന്നതിനും ഇവർ പരിശ്രമിക്കുന്നു. ഈ ലക്ഷ്യത്തോടുകൂടി നടത്തപ്പെടുന്ന 'ബോയിസ് ടൗണിൽ' 250 ൽ പരം ബാലന്മാരാണുള്ളത്. അംഗഭംഗം സംഭവിച്ചവരും വേദനയനുഭവിക്കുന്നവരും സമൂഹത്തിൽ ഒറ്റപ്പെട്ടുപോയി തിരസ്കൃതരായവരും സമാശ്വാസവും ശാന്തിയും കണ്ടെത്തുന്ന 'ദയാഭവനി'ലും ഇവർ സേവനമനുഷ്ഠിക്കുന്നു. തൊഴിൽ പരിശീലനം നൽകുന്നതിനുവേണ്ടി ഒരു പ്രസ്സും ബുക്കുബയൻറിംഗ് വിഭാഗവും ഇവർ നടത്തുന്നുണ്ട്. സാധുജനസേവനത്തിനുവേണ്ടി ഭാരതീയപശ്ചാത്തലത്തിനും നാടിന്റെ ആവശ്യങ്ങൾക്കും യോജിച്ച കർമ്മപദ്ധതികളും വഴി പരിശ്രമിക്കുന്ന അർപ്പിതമനസരായ യുവാക്കളുടെ സമൂഹമാണിത്. പാലായ്ക്കടുത്തുള്ള കരൂരാണ് ഇവരുടെ കേന്ദ്രഭവനം സ്ഥിതി ചെയ്യുന്നത്.

Religious Congregations and Societies for Women

1. കർമ്മലമാതാവിന്റെ സഭ

Congregation of Mother of Carmel (C. M. C.)

ഭാരതത്തിലെ പ്രഥമ ഏതദ്ദേശീയ സന്യാസിനിസഭയായ കേരള കർമ്മല സന്യാസിനീസഭ 1866 ഫെബ്രുവരി 13 നു സ്ഥാപിതമായി. ദൈവദാസൻ ചാവറ കുര്യാക്കോസ് ഏലിയാസച്ചനേറയും അന്നു കേരളത്തിൽ കർമ്മല സന്യാസികളുടെ സഭയിൽ ഡെലഗേറ്റായി സേവനമനുഷ്ഠിച്ചിരുന്ന അഭിവന്ദ്യ ലെയോപ്പോൾദ് മിഷനറിയുടേയും നിസ്തുല്യപരിശ്രമഫലമായിട്ടാണ് ഈ സഭ ജന്മം കൊണ്ടത്. പ്രാർത്ഥനയും പ്രേഷിതപ്രവർത്തനവും സംയോജിപ്പിച്ചുകൊണ്ടുള്ള 'ക്ഷേത്രികർമ്മയോഗമാണ്' ഈ സഭയുടെ പ്രത്യേകചൈതന്യം. ആദ്യത്തെ ഭവനം കുനമ്മാവിൽ സ്ഥാപിതമായി. 1877-ൽ നടന്ന വീത്തുവിഭജനത്തെ തുടർന്ന് സഭ, ശ്രൂപതാടിസ്ഥാനത്തിൽ വളരുവാൻ തുടങ്ങി. 1963-ൽ എല്ലാ ശ്രൂപതകളിലെയും കർമ്മലമഠങ്ങളെല്ലാം ഒരു സുപ്പീരിയർ ജനറലിന്റെ കീഴിൽ സംയോജിപ്പിക്കപ്പെട്ടു. തുടർന്ന് ശ്രൂപതാടിസ്ഥാനത്തിൽ പ്രോവിൻസുകൾ രൂപംകൊണ്ടു. 1967 മാർച്ച് 2-ാം തീയതി സഭ പൊന്തിഫിക്കൽ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടു. അതോടുകൂടി ''കർമ്മലീത്താ നിഷ്പാദുക മൂന്നാം സഭ'' എന്നറിയപ്പെട്ടിരുന്ന സഭ, ''കർമ്മലമാതാവിന്റെ മൂന്നാംസഭ'' (C. M. C.) എന്ന പുതിയ പേർ സ്വീകരിച്ചു. കുനമ്മാവ് മഠത്തിന്റെ ആദ്യത്തെ ശാഖ സ്ഥാപിതമായതു 1888-ാ മാണ്ടു പാലാ ശ്രൂപതയിലുള്ള മുത്തോലി എന്ന സ്ഥലത്താണ് ശ്രൂപതയുടെ ആരംഭത്തിൽ 12 കർമ്മലമഠങ്ങളാണ് ഇവിടെ ഉണ്ടായിരുന്നതു. ഇപ്പോൾ പാലാ ശ്രൂപതയിൽത്തന്നെ 22 ഭവനങ്ങളിലായി 600 സിസ്റ്റേഴ്സ് സേവനമനുഷ്ഠിക്കുന്നു. വിദ്യാഭ്യാസം, സാമൂഹ്യസേവനം, ആതുരസംരക്ഷണം, മിഷൻപ്രവർത്തനം എന്നീ തുറകളിൽ ഇവർ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഈ പ്രോവിൻസിന്റെ ആഭിമുഖ്യത്തിൽ മണിപ്പൂർ, ചാന്ദാ, ജഗദൽപ്പൂർ, എന്നീ മിഷൻ കേന്ദ്രങ്ങളിലായി 9 മഠങ്ങളും കൂടെ പ്രവർത്തിച്ചുവരുന്നു.

2. ഫ്രാൻസിസ്കൻ ക്ലാരസഭ

Franciscan Clarist Congregation (F. C. C.)

ഈ സഭ ജന്മമെടുത്തതു പാലാ ശ്രൂപതയിലാണ്. പുഞ്ചക്കുന്നേൽ കുഞ്ഞുലഹന്നനച്ചന്റെ മേൽനോട്ടത്തിൽ പാലായിൽ കണ്ണാടിയുറുമ്പ് എന്ന സ്ഥലത്തു 1875-ൽ ഫ്രാൻസിസ്കൻ മൂന്നാം സഭാംഗങ്ങളായ ഏതാനും ക്ഷേത്രസ്ത്രീകൾ സമൂഹജീവിതം ആരംഭിച്ചു. വി. ഫ്രാൻസീസിനേറയും വി. ക്ലാരയുടേയും മാതൃകയനുസരിച്ചു ദരിദ്രവും വിനീതവുമായ ജീവിതമാണ് അവർ നയിച്ചിരുന്നതു. 1888-ൽ അഭിവന്ദ്യ ലവീഞ്ഞുപിതാവു പാലാപ്പള്ളി സന്ദർശിച്ച അവസരത്തിൽ ഈ ക്ഷേത്രസ്ത്രീകളേയും സന്ദർശിച്ചു. വി. ക്ലാരയുടെ സഭ സ്ഥാപിച്ചുകിട്ടണമെന്നുള്ള ഇവരുടെ ആഗ്രഹം അദ്ദേഹം സാധിച്ചുകൊടുത്തു. ചങ്ങനാശ്ശേരിയിൽ ഒരു കെട്ടിടവും കുറച്ചു സ്ഥലവും ഇവർക്കായി അദ്ദേഹം വിട്ടുകൊടുക്കുകയും ചെയ്തു. 1888 ഡിസംബർ 14-ാം തീയതി ക്ലാരസഭയുടെ പ്രഥമ ജാതരായ ഈ ക്ഷേത്രസ്ത്രീകൾ കോട്ടയം മെത്രാസനമന്ദിരത്തിൽവച്ചു അഭിവന്ദ്യ ലവീഞ്ഞുപിതാവിൽനിന്നും സഭാവസ്ത്രം സ്വീകരിച്ചു. പിറ്റെ ദിവസം മുതൽ അവർ തങ്ങ

ളുടെ വാസം ചങ്ങനാശ്ശേരിയിലാക്കുകയുംചെയ്തു. 1902–ൽ മണിയങ്കുന്നിലും, 1909–ൽ കണ്ണാടിയൂറുമ്പിലും 1910–ൽ ഭരണങ്ങാനത്തും ഓരോ ഭവനം ആരംഭിച്ചു.

അങ്ങനെ പാലായിൽ മുളച്ചതും ചങ്ങനാശ്ശേരിയിലേക്കു് പറിച്ചുനടപ്പെട്ടതുമായ ഈ സഭ രൂപതാ വിഭജനത്തിന്റെ പശ്ചാത്തലത്തിൽ വിഭജനവിധേയമായി. അങ്ങനെ പാലായിലെയും ചങ്ങനാശ്ശേരിയിലെയും ക്നാനായ സഭ രണ്ടു മദർ ജനറൽമാരുടെ കീഴിലായി. രൂപതാടിസ്ഥാനത്തിൽ വളർന്നുകൊണ്ടിരുന്ന ഈ സഭയുടെ സംയോജനം 1970–ൽ നടന്നു. അദ്ധ്യാപനം, ആതുരശുശ്രൂഷ, അനാഥ സംരക്ഷണം, മുദ്രാലയപ്രേഷിതത്വം, സാമൂഹ്യസേവനം എന്നീ രംഗങ്ങളിൽ ഇവർ സേവനം അനുഷ്ഠിക്കുന്നു. നമ്മുടെ രൂപതയുടെ ആരംഭദശയിൽ 13 ഭവനങ്ങളും മാത്രമെ ക്നാനായസ്ത്രീ ഇവിടെ ഉണ്ടായിരുന്നുള്ളൂ. ഇപ്പോൾ ഈ പ്രോവിൻസിന്റെ കീഴിൽ ഇവിടെയും മിഷൻ പ്രദേശങ്ങളിലുമായി 44 ഭവനങ്ങളും 855 അംഗങ്ങളുമുണ്ടു്. മണിപ്പൂർ, പഞ്ചാബു്, ഉജ്ജൈൻ എന്നിവിടങ്ങളിൽ ഇവർ മിഷൻ പ്രവർത്തനം നടത്തുന്നു. ദൈവദാസി സിസ്റ്റർ അൽഫോൻസായുടെ പാവനചരിത്രം പാലായിലെ ക്നാനായസഭയുടെ ചരിത്രത്തിലെ സുവർണ്ണാദ്ധ്യായമാണു്. സിസ്റ്റർ അൽഫോൻസാ വിശുദ്ധയായി പ്രഖ്യാപിക്കപ്പെടുവാനുള്ള നടപടികളും പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

3. ദിവ്യകാരുണ്യ ആരാധനസഭ S. A. B. S. (Sisters of the Adoration of the Blessed Sacrament)

ദിവ്യകാരുണ്യക്ഷേത്രം പുണ്യശ്ലോകനുമായ ചങ്ങനാശ്ശേരി രൂപതാദ്ധ്യക്ഷൻ – കുര്യാളശ്ശേരിൽ മാർ തോമാ മെത്രാൻ-തന്റെ ജന്മദേശമായ ചമ്പക്കുളത്തു് 1908–ൽ ദിവ്യകാരുണ്യ ആരാധനസഭ സ്ഥാപിച്ചു. ദിവ്യകാരുണ്യ ജീവിതമാണു് സഭയുടെ പ്രത്യേക ലക്ഷ്യം. അദ്ധ്യാപനം, ആതുരശുശ്രൂഷ, സാമൂഹിക പ്രവർത്തനം, മിഷൻപ്രവർത്തനം തുടങ്ങിയവയാണു് ഈ സഭയുടെ മറ്റു പ്രവർത്തനമണ്ഡലങ്ങൾ. ഒരു രൂപതാകോൺഗ്രിഗേഷൻ എന്ന നിലയിൽ ഓരോ രൂപതാതീർത്ഥിയിലും പെട്ട മാങ്ങാ അതാതു സ്ഥലത്തെ രൂപതാദ്ധ്യക്ഷന്റെ സംരക്ഷണയിൽ വളർന്നു വന്നു. 1963 സെപ്റ്റംബർ 15–ാം തീയതി ഈ യൂണിറ്റുകളെല്ലാംകൂടി ഒരു സുപ്പീരിയർ ജനറലിന്റെ കീഴിലായി. 1968 ഫെബ്രുവരി 18–ാം തീയതി പരിശുദ്ധ പിതാവു് പോൾ ആറാമൻ തിരുമനസ്സുകൊണ്ടു് ഇതിനെ പൊന്തിഫിക്കൽ സഭയായി ഉയർത്തി.

ഇപ്പോൾ ഈ പ്രോവിൻസിന്റെ ആഭിമുഖ്യത്തിൽ പാലായിലും ഉജ്ജൈനിൽ, ഇംഫാൽ, കോഹിമാ തുടങ്ങിയ മിഷൻ കേന്ദ്രങ്ങളിലുമായി 30 മഠങ്ങളും, 592 സിസ്റ്റേഴ്സും 50–ൽ പരം അത്മിനികളും സേവനം അനുഷ്ഠിക്കുന്നുണ്ടു്.

4. തിരുഹൃദയസഭ S. H. (Congregation of the Sisters of Sacred Heart)

1911 – ൽ പാലാ ഇടവകയിലാണു് ഈ സഭ ആദ്യമായി ഉദയംചെയ്തതു്. തിരുഹൃദയഭക്തനും പുണ്യചരിതനുമായ കദളിക്കാട്ടിൽ ബഹു: മത്തായി അച്ചനാണു് ഈ സഭയുടെ സ്ഥാപകൻ പ്രാർത്ഥനയും പ്രായശ്ചിത്തവും ജീവകാരുണ്യപ്രവർത്തനങ്ങളും വഴി ഈശോയുടെ തിരുഹൃദയത്തെ ആശ്വസിപ്പിക്കുന്നതിലും മഹത്വപ്പെടുത്തുന്നതിലും ഉത്സുകരായിരിക്കുക, അനാഥരെ സംരക്ഷിക്കുക ഇവയാണു് ഈ സഭയുടെ ലക്ഷ്യം. 1935 മേയ് ഇരുപത്തിമൂന്നിനാണു് പരി: പിതാവു് 11–ാം പീയൂസ് മാർപ്പാപ്പാ തിരുഹൃദയ സഭയ്ക്കു് അംഗീകാരം നൽകിയതു്.

1936 ജൂലായ് 25–ന് കാളാശ്ശേരിൽ മാർ ജെയിംസ് മെത്രാൻ തിരുഹൃദയ സഭാംഗങ്ങൾക്കു് നിയമസംഹിത നൽകിക്കൊണ്ടു് പ്രസ്താവിച്ചു: ''നിങ്ങൾ തിരുഹൃദയത്തിന്റെ മക്കളാണു്; നിങ്ങൾ തിരുഹൃദയത്തെ കൂട്ടുതലായി ആശ്വസിപ്പിക്കുകയും പരിഹാരം ചെയ്യുകയും വേണം.''

വിദ്യാഭ്യാസം, ആതുരസേവനം, സാമൂഹ്യസേവനം, മിഷൻപ്രവർത്തനം തുടങ്ങിയ രംഗങ്ങളിലും ഇപ്പോൾ ഇവർ സേവനമനുഷ്ഠിക്കുന്നുണ്ടു്. ചങ്ങനാശേരി, കോതമംഗലം, തലശ്ശേരി, മാനന്തവാടി എന്നീ രൂപതകളിലേക്കും തിരുഹൃദയസഭ വ്യാപിച്ചിട്ടുണ്ടു്. 1974 ഓഗസ്റ്റ് പതിനഞ്ചിനു് ഈ സഭ പൊന്തിഫിക്കൽ പദവിയിലേക്കുയർത്തപ്പെട്ടു. ഉജ്ജൈൻ, ജഗദൽപ്പൂർ, ആസ്സാം, സാത്നാ, ജലന്തർ എന്നിവിടങ്ങളിലും തിരുഹൃദയ സഹോദരികളും സേവനം അനുഷ്ഠിച്ചുവരുന്നു. സഭയുടെ ഓരോ ഭവനത്തോടും അനുബന്ധിച്ചു് ഓരോ ബാലമന്ദിരവും വൃദ്ധമന്ദിരവും ഉണ്ടെന്നുള്ളതു് ഈ സഭയുടെ ഒരു പ്രത്യേകതയാണു്. രൂപതയുടെ ആരംഭത്തിൽ ആറു ഭവനങ്ങളും മാത്രമെ ഈ സഭയ്ക്കു് രൂപതാതീർത്ഥിയിൽ ഉണ്ടായിരുന്നുള്ളൂ. 25 കൊല്ലങ്ങൾക്കു ശേഷം പാലായിലും മിഷനിലുമായി 24 തിരുഹൃദയമഠങ്ങളും ഈ പ്രോവിൻസിന്റെ കീഴിലുണ്ടു്.

5. മെഡിക്കൽ മിഷൻ സിസ്റ്റേഴ്സ്

(Society of Catholic medical Missionaries)

വിദഗ്ദ്ധമായ രീതിയിൽ രോഗശുശ്രൂഷ ചെയ്യുവാൻ, പ്രത്യേകിച്ച്, പിന്നോക്കരാജ്യങ്ങളിലെ നിരാലംബർക്ക് സഹായമെത്തിച്ചുകൊടുക്കുവാൻ കത്തോലിക്കാസഭയിൽ ആദ്യമായി ഉടലെടുത്ത സഭയാണ് മെഡിക്കൽ മിഷൻ സഭ.

1920 മുതൽ നാലുവർഷത്തേക്ക് വടക്കേ ഇൻഡ്യയിൽ വൈദ്യസേവനം അനുഷ്ഠിച്ചിരുന്ന ഡോ. അന്ന ഡങ്കൽ (ആസ്ട്രിയാ) ചില പ്രത്യേക സാമൂഹ്യ വ്യവസ്ഥിതികളുടെ സമ്മർദ്ദത്തിൽ മുസ്ലീം സ്ത്രീകൾ അനുഭവിച്ചിരുന്ന കഷ്ടതകളും മനസ്സിലാക്കുകയും അവരുടെ ഉദ്ധാരണത്തിനായി ജീവിതം മുഴുവനും സമർപ്പിക്കുവാൻ നിശ്ചയിച്ചുറപ്പിക്കുകയും ചെയ്തു.

ഇതേത്തുടർന്ന് 1925—ാമാണ്ട് വാഷിംഗ്ടണിൽ രണ്ടു ഡോക്ടർമാരും രണ്ടു നേഴ്സുമാരും ഉൾപ്പെട്ട ഒരു സമൂഹത്തിനു് അവർ രൂപം കൊടുത്തു. 11 വർഷത്തെ നിരീക്ഷണത്തിനു ശേഷം, 1936—ൽ തിരുസ്സഭ ഈ സമൂഹത്തെ പ്രശംസിക്കുകയും സന്യാസസമൂഹമായി അംഗീകരിക്കുകയും ചെയ്തു. കാനൻ നിയമം ഇതോടെ തിരുത്തിക്കുറിക്കുകയും എല്ലാ സന്യാസസമൂഹങ്ങൾക്കും വൈദ്യശുശ്രൂഷാരംഗത്തു് സജീവമായി പ്രവർത്തിക്കുവാൻ അനുവാദം കൊടുക്കുകയും ചെയ്തു. ഭരണങ്ങാനംകാരനായ ഫാ. സെബാസ്റ്റ്യൻ പിണക്കാട്ടാണ് കേരളവനിതകൾക്ക് മെഡിക്കൽ മിഷൻ പ്രസ്ഥാനത്തിൽ പങ്കെടുക്കുവാൻ ആദ്യമായി വഴി ഒരുക്കിയതു്. 1944—ൽ ചങ്ങനാശ്ശേരിയിൽ മെഡിക്കൽ മിഷൻ സഭ സ്ഥാപിതമായി. പാലാ രൂപതയിൽപ്പെട്ട ഭരണങ്ങാനത്തു് 1948—ൽ വിനീതനിലയിലാരംഭിച്ച 'മേരിഗിരി' ഹോസ്പിറ്റൽ കേരളത്തിലെ ഇവരുടെ പ്രഥമ ആശുപത്രിയാണ്. സേവനപരിധി ആശുപത്രിമതിൽക്കെട്ടിനുള്ളിൽമാത്രം ഒതുക്കാതെ ദാരിദ്ര്യത്തിനും സാമൂഹ്യ അനീതിക്കും വിധേയരായിട്ടുള്ള ജനസമൂഹത്തിന്റെനടുവിലേക്ക് ഇറങ്ങിച്ചെന്നു് പ്രവർത്തിക്കുക ഒരു വെല്ലുവിളിയായി ഈ സഭ സ്വീകരിച്ചിരിക്കുന്നു. ഇതിലേക്കായി, ജർമ്മനിയിലെ "മിസ്സറിയോർ" സംഘടനയുടെ സഹായത്തോടെ ഭരണങ്ങാനം പഞ്ചായത്തിലെ ഒരു വാർഡിൽ പുതിയതായി രൂപംകൊണ്ടിരിക്കുന്ന സമ്പൂർണ്ണവികസനപദ്ധതി മെഡിക്കൽ മിഷൻ സിസ്റ്റേഴ്സിന്റെ നവീനാശയങ്ങളുടെ ഒരു ചെറിയ തുടക്കത്തെ കുറിക്കുന്നു.

6. അസംപ്ഷൻ സന്യാസിനിസഭ

(The Religious of the Assumption)

1839—ൽ വാഴ്ത്തപ്പെട്ട മരിയാ യൂജിനാൽ ഫ്രാൻസിൽ ഈ സഭ സ്ഥാപിതമായി. പ്രാർത്ഥനയും പ്രേഷിതപ്രവർത്തനങ്ങളും യോജിച്ചുകൊണ്ടുള്ള ഒരു ജീവിതരീതിയാണ് ഇവരുടേതു്. സ്ത്രീകൾ, പ്രാർത്ഥനാമന്ദിരങ്ങൾ, ബോർഡിംഗുകൾ, ഡിസ്പൻസറികൾ തുടങ്ങിയവ തങ്ങളുടെ സഹോദരങ്ങളുമായി ജീവിതം പങ്കിട്ടനുഭവിക്കുന്നതിനുള്ള ഉപാധികളായി ഇവർ സ്വീകരിക്കുന്നു. ഈ സഭയുടെ ആദ്ധ്യാത്മീക സമൃദ്ധി മനസ്സിലാക്കുകയും അപ്പസ്തോലിക പ്രവർത്തനങ്ങളിൽ ആകൃഷ്ടനാവുകയും ചെയ്ത അഭിവന്ദ്യ വയലിൽ തിരുമേനി പാലായിൽ ഈ സഭയുടെ ഒരു ശാഖ തുടങ്ങുന്നതിനു് ആഗ്രഹം പ്രകടിപ്പിച്ചു. ഒരു പ്രാർത്ഥനാഭവനം ഇവിടെ ആരംഭിക്കുന്നതിനു് അദ്ദേഹം അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. 1968-ൽ പാലായിൽ ഇവരുടെ ഒരു ഭവനം സ്ഥാപിതമായി. ഇൻഡ്യയിലെ ഇവരുടെ ആദ്യത്തെ ഭവനമാണിതു്. ഇൻഡ്യയുടെ എല്ലാ ഭാഗങ്ങളിൽനിന്നുമുള്ള ആളുകൾ വിവിധ സെമിനാറുകളിലും കോഴ്സുകളിലും മറ്റും സംബന്ധിക്കുന്നതിനായി ഇവിടെ വന്നുകൊണ്ടിരിക്കുന്നു. അങ്ങനെ ഇതൊരു കോൺഫ്രൻസു സെൻറർകൂടിയാണ്. ഇൻഡ്യയിലെ വിവിധ സന്യാസസഭകളിൽപ്പെട്ട സിസ്റ്റേഴ്സിനായി ഒരു തിയളോജിക്കൽ കോളജ് (Jyothis Theological College) 1972—ൽ ഇവിടെ ആരംഭിച്ചു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിലും ഇൻഡ്യയുടെ ഇതര സംസ്ഥാനങ്ങളിലും സേവനമനുഷ്ഠിക്കാനാഗ്രഹിക്കുന്ന സഭാംഗങ്ങളുടെ പരിശീലന ഭവനംകൂടിയാണ് ഈ സ്ഥാപനം. അഭിവന്ദ്യപിതാവിന്റെ പൈതൃകപരിപാലനയിൽ ഇവരുടെ പ്രവർത്തനങ്ങളെല്ലാം പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

7. അമലോത്ഭവമാതാവിന്റെ അസ്സീസ്സി സഹോദരികൾ

(Congregation of the Assisi Sisters of Mary Immaculate)

1949 ഏപ്രിൽ രണ്ടാം തീയതി ഈ സഭ ജന്മമെടുത്തു. എറണാകുളം മെത്രാപ്പോലീത്താ മാർ അഗസ്റ്റിൻ കണ്ടത്തിലിന്റെ അനുഗ്രഹാശിസ്സുകളോടെ പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പായുടെ പൗരോഹിത്യകനകജൂബിലി സ്മാരകമായിട്ട്, ഫാ. ജോസഫ് കണ്ടത്തിലാണ് ഈ സന്യാസസഭയ്ക്ക് രൂപം കൊടുത്തതു്. സഭയുടെ മദ്ധ്യസ്ഥനായ അസ്സീസിയിലെ വി: ഫ്രാൻസീസിനെ അനുകരിച്ച് കുഷ്ഠരോഗ ശു

ശ്രൂഷയും മറ്റു ജീവകാരുണ്യപ്രവർത്തനങ്ങളും ഇവർ നടത്തുന്നുണ്ട്. ചേർത്തലയിലുള്ള ഗ്രീൻ ഗാർഡൻ സിൽ നിരാശരും നിരാലംബരുമായ കുഷ്ഠരോഗികൾക്ക് അഭയകേന്ദ്രമായി നിലകൊള്ളുന്ന ഒരു സ്ഥാപനം 1942–ൽ സ്ഥാപിതമായി.

കുഷ്ഠരോഗ സർവ്വേയും മൊബൈൽ ക്ലിനിക്കുകളും നടത്തി കുഷ്ഠരോഗ നിവാരണപ്രവർത്തനങ്ങളും സ്തുത്യർഹമായി ഇവർ നിർവ്വഹിക്കുന്നു. കേരളത്തിനു വെളിയിലുള്ള വിവിധ മിഷൻ രംഗങ്ങളും ഇവരുടെ പ്രവർത്തനപരിധിയിൽ ഉൾപ്പെടുന്നു. പാലാ രൂപതയിൽ 'മാൻവെട്ടം' എന്ന സ്ഥലത്ത് ഇവർക്ക് ഒരു ഭവനവും അതോടനുബന്ധിച്ച് ആസ്പത്രിയും ഉണ്ട്. 200–ൽ പരം സന്യാസിനികൾ ഈ സഭയിൽ അംഗങ്ങളായി സേവനം അനുഷ്ഠിക്കുന്നു.

8. നസ്രത്ത് സഭ (C. S. N)
(Congregation of the Sisters of Nazareth)

1948–ൽ നസ്രത്ത് സന്യാസിനീസഭ സമാരംഭിച്ചു. പാദുവാപുരത്താണ് ഇവരുടെ മാതൃഭവനം സ്ഥിതിചെയ്യുന്നത്. ഈ സഭയുടെ ഒരു ഭവനം 1969 Sept. 8-ാം തീയതി പാലാ രൂപതയിലുള്ള പൂവത്തോട്ട് സ്ഥാപിതമായി. അനാരോഗ്യത്താലോ മതിയായ വിദ്യാഭ്യാസത്തിന്റെ അഭാവത്താലോ സന്യാസമോ കുടുംബജീവിതമോ സ്വീകരിക്കാൻ സാധിക്കാതെ വിഷമിക്കുന്ന പെൺകുട്ടികൾക്കും കുടുംബത്തിൽനിന്നും മാറി ഭക്തജീവിതം നയിക്കാൻ ആഗ്രഹിക്കുന്ന വിധവകൾക്കും അഭയം നൽകുന്ന 'ആനന്ദഭവൻ' പൂവത്തോട്ടുള്ള ഇവരുടെ മഹത്തായ ഒരു സ്ഥാപനമാണ്. ആതുരാലയപ്രേഷിതത്വവും ഇവർ സ്വീകരിച്ചിട്ടുണ്ട്. ഇങ്ങനെ കുടുംബത്തിന്റെ സുസ്ഥിതിക്കാവശ്യമായ നാനാരംഗങ്ങളിൽ ശ്രദ്ധിച്ചുകൊണ്ട് കേരളത്തിലെ പല രൂപതകളിലും ഇൻഡ്യയുടെ വിവിധഭാഗങ്ങളിലും വിദേശത്തും നസ്രത്തിന്റെ വിവിധ ശാഖകൾ പ്രവർത്തിച്ചുവരുന്നു.

9. ആൻചില്ലെ സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട്
(Ancillae Secular Institute)

ആൻചില്ലെ സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് രൂപം കൊണ്ടത് 1946–ൽ ജർമ്മനിയിലെ 'ഔഗ്സ്ബർഗ്' രൂപതയിലാണ്. മാഡം മരിയാ റാഡൽ മയർ ആണ് സ്ഥാപക. 1957–ൽ ആയിരുന്നു ഈ സഭയുടെ കാനോനികസ്ഥാപനം. 1968 വരെ ജർമ്മനിയിലും ഓസ്ട്രിയായിലും മാത്രമേ ഇവർ പ്രവർത്തിച്ചിരുന്നുള്ളൂ. ഇപ്പോൾ ഇൻഡ്യയിലേക്കും ഇതിന്റെ പ്രവർത്തനം വ്യാപിച്ചിട്ടുണ്ട്. കർത്താവിന്റെ ദാസിയായ പരി. കന്യകാമറിയത്തിൽനിന്നാണ് ഈ സമൂഹം ആൻചില്ലെ (Hand maid) എന്ന പേരു സ്വീകരിച്ചിരിക്കുന്നത്. പരി. കന്യകയെപ്പോലെ ക്രിസ്തുവിന്റെ ജീവിതത്തിൽ പങ്കുചേരുക എന്നതാണ് ഇവരുടെ ലക്ഷ്യം. ഏതു ജോലിയും അവരുടെ പ്രവർത്തനത്തിനു അനുയോജ്യമായിരിക്കും. ഫാക്ടറികൾ, ഗവ. സ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ, ആശുപത്രികൾ ഇവയെല്ലാം ഇവരുടെ പ്രവർത്തനമണ്ഡലങ്ങളാണ്. ഈ സ്ഥാപനത്തിന്റെ ഇൻഡ്യയിലുള്ള ആസ്ഥാനം മൂലമറ്റത്തുള്ള 'ജ്യോതിർഭവനാ'ണ്. ഇതു് ആരംഭിച്ചിട്ട് ഏഴു വർഷമായി. ഈ സമൂഹത്തിലെ അംഗങ്ങൾ കേരളത്തിലും കേരളത്തിനു വെളിയിലും തനിച്ചും ചെറിയ ഗ്രൂപ്പുകളായും വിവിധങ്ങളായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നു. വ്രതത്രയങ്ങൾ സ്വീകരിച്ചുകൊണ്ട് ക്രിസ്തുവിനു് സ്വയം സമർപ്പിച്ചിരിക്കുന്ന ഈ സഭാംഗങ്ങൾ, തങ്ങൾ, ഏതെങ്കിലുമൊരു സമൂഹത്തിലെ അംഗങ്ങളാണെന്നുള്ള വസ്തുത തങ്ങളുടെ പ്രവർത്തനമണ്ഡലങ്ങളിൽ മറ്റുള്ളവരാൽ അറിയപ്പെടാതിരിക്കുന്നതിനു് ശ്രദ്ധചെലുത്തുന്നു.

10. വി. കുരിശിന്റെ സഹോദരികൾ
(Holy Cross Sisters)

സ്വിറ്റ്സർലണ്ടിൽ മെൻസിങ്ങർ എന്ന ഗ്രാമത്തിൽ ഫാദർ തിയോഡോസിയസ്, ഫ്ളോറൻറീനി, മദർ ബർനാർഡാ ഹൈംഗാർട്ട്നർ എന്നിവരാൽ 1844–ൽ സ്ഥാപിതമായ ഹോളിക്രോസ് സഭ ഭാരതത്തിൽ സേവനമാരംഭിച്ചതു് 1906–ലാണ്. തിരുവിതാംകൂർ രാജാവായിരുന്ന ശ്രീമൂലം തിരുനാൾ രാജ്യത്തെ ഗവൺമെൻറാശുപത്രികളിൽ സേവനം അനുഷ്ഠിക്കുന്നതിനായി ഏതാനും സന്യാസിനികളെ സ്വിറ്റ്സർലണ്ടിൽനിന്നും വരുത്തുകയാണ് ചെയ്തതു്. നേഴ്സിങ്ങിനു് മലയാളി പെൺകുട്ടികൾ മടിച്ചിരുന്ന ആ കാലത്തു് ഈ സഹോദരിമാർ നമ്മുടെ ആശുപത്രികളിൽ സ്തുത്യർഹമായ വിധം സേവനം അനുഷ്ഠിച്ചു. ഇപ്പോൾ കേരളത്തിൽ തന്നെ ഈ സഭയ്ക്ക് 10 സ്ഥാപനങ്ങളുണ്ട്. കൊല്ലത്തിനടുത്തു് കൊട്ടിയം എന്ന സ്ഥലത്താണ് ഈ സഭയുടെ പ്രൊവിൻഷ്യൽ ഹൗസ്. ആതുരശുശ്രൂഷാരംഗത്തും പൊതുജനാരോഗ്യത്തെ മുൻനിറുത്തിയുള്ള പ്രവർത്തനരംഗത്തുമാണ് ഇവർ സേവനം അനുഷ്ഠിക്കുന്നതു്. 1972–ലാണ് പാലാ രൂപതയിലുള്ള ചെമ്പ്ളാവിൽ ഇവരുടെ ഒരു ഭവനം സ്ഥാപിതമായതു്. അവിടെ സേവാസദനം എന്ന പേരിൽ സ്തുത്യർഹമായ രീതിയിൽ പ്രവർത്തി

ക്കുന്ന ഒരു ബാലഭവനമുണ്ട്. ശിശുസംരക്ഷണമെന്ന ഭാരിച്ച കർത്തവ്യത്തിനിടയ്ക്ക് മറ്റു സേവനങ്ങൾക്കായി സമയം കണ്ടെത്താനും ഇവർ ശ്രദ്ധിക്കുന്നു.

11. കർത്താവിന്റെ പാവപ്പെട്ട ദാസികളുടെ സഭ (Congregation of the Poor Handmaids of Jesus Chirst)

ഈ സഭ 1851 ഓഗസ്റ്റ് 15–ാംതീയതി പശ്ചിമജർമ്മനിയിൽ സ്ഥാപിതമായി. മദർ മേരി കാതറീന കാസ്പർ ആണ് സഭയുടെ സ്ഥാപക. അനാഥരേയും അശരണരേയും രോഗികളേയും ശുശ്രൂഷിക്കുക എന്നതാണ് ഈ സന്യാസസഭയുടെ പ്രധാന ലക്ഷ്യം. അമേരിക്ക, ഇംഗ്ലണ്ട്, ഹോളണ്ട് എന്നീ രാജ്യങ്ങളിലും മദ്ധ്യപ്രദേശ്, ബാംഗ്ലൂർ, കേരളം എന്നിവിടങ്ങളിലും ശാഖാഭവനങ്ങളുണ്ട്. അഭിവന്ദ്യ വയലിൽ തിരുമേനിയുടെ പ്രത്യേകമായ താല്പര്യത്തിന്റെ ഫലമായിട്ടാണ് ഈ സഭയുടെ ശാഖ ഭാരതത്തിൽ ജന്മമെടുത്തത്. 1962–ലെ വിദേശപര്യടനത്തിനുശേഷം തിരിച്ചുവന്ന പിതാവ് പ്രേഷിതപ്രവർത്തനോത്സുകരായ കേരളീയ യുവതികൾക്ക് വിദേശവിദ്യാഭ്യാസം നടത്തി തിരിച്ചുവന്ന പ്രവർത്തിക്കുവാൻ സാധിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു. ഇതിൻപ്രകാരം 1963 മുതൽ എല്ലാ വർഷവും ഏതാനും പെൺകുട്ടികളെ ജർമ്മനിയിലെ ഈ സഭയിലേക്കയയ്ക്കുകയും അവർക്ക് വേണ്ട സംരക്ഷണങ്ങളിൽ വന്ദ്യപിതാവ് തന്നെ ശ്രദ്ധിക്കുകയും ചെയ്തു. പിന്നീട് ഈ സഭയുടെ ഒരു ശാഖ ഭാരതത്തിലും സ്ഥാപിതമാകണമെന്ന ആഗ്രഹം അദ്ദേഹം സഭയുടെ അധികാരികളെ അറിയിച്ചു. അങ്ങനെ അദ്ദേഹത്തിന്റെ പ്രത്യേകസംരക്ഷണയിൽ വിദേശവിദ്യാഭ്യാസം നടത്തി നാട്ടിൽ തിരിച്ചെത്തിയവർ നമ്മുടെ ഈ നാട്ടിലും പ്രേഷിതപ്രവർത്തനം ആരംഭിച്ചു. 1973 മുതൽ ഇവർ പ്രവിത്താനത്ത് 'കാവുകാട്ട് മെമ്മോറിയൽ ഹോസ്പിറ്റലിൽ' പ്രവർത്തിച്ചുവരുന്നു.

12. Mary Immaculate Missionary Sisters. (Pious union)

1940–ൽ ഈ സന്യാസിനി സഭ പാലായിൽ സ്ഥാപിതമായി. ഫാ. അഗസ്റ്റിൻ ചിലമ്പിക്കുന്നേലിന്റെ പ്രാർത്ഥനാപൂർവ്വമായ പരിശ്രമത്തിന്റെ ഫലമായിട്ടാണ് ഇതു സാധിച്ചതു. 1942–ൽ ലീജിയൻ ഓഫ് മേരി സംഘടനയുടെ അംഗങ്ങൾക്കായി ഒരു ലീജിയൻ ഹോസ്റ്റൽ ആരംഭിച്ചു. 1963–ൽ അഭിവന്ദ്യ വയലിൽ പിതാവ് 'Mary Immaculate Missionary Sisters' എന്ന സംഘം എന്ന പേരിൽ പ്രവർത്തനം തുടരാൻ ഇവരെ അനുവദിച്ചു. സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിനോടായ ഒരു നിയമസംഹിത രൂപീകരിക്കപ്പെടുകയും അംഗീകാരത്തിനായി റോമിലേക്ക് അയയ്ക്കുകയും ചെയ്തു. ഏകദേശം 60 പേരോളം ഇപ്പോൾ ഇതിന്റെ അംഗങ്ങളായുണ്ട്. പാലായിലുള്ള ലീജിയൻ ഹോമാണ് കേന്ദ്രഭവനം. മൂന്നു സന്യാസവ്രതങ്ങൾക്കുപുറമെ എല്ലാ സന്യാസസഭകളും അനുഷ്ഠിച്ചു വരുന്ന ഭക്തമുറകളെല്ലാം ഇവരും സ്വീകരിച്ചുപോരുന്നു. സാധാരണ ജനങ്ങളുടെ വസ്ത്രധാരണരീതിയാണ് ഇവർ സ്വീകരിച്ചിരിക്കുന്നതു. മറ്റുള്ളവരുടെ ഇടയിൽ ഇറങ്ങിച്ചെന്നു ഏതു ജോലിയും ചെയ്യുന്നതിനു ഇവർക്കു സാധിക്കുന്നു. സാമാന്യജനങ്ങളുടെ എല്ലാ കുടുംബപരിപാടികളിലും പങ്കെടുത്തുകൊണ്ട് ക്രിസ്തുവിന്റെ ദൗത്യം അവരുടെ ഇടയിൽ പ്രചരിപ്പിക്കുവാൻ ഇവർ ശ്രമിക്കുന്നു.

13. സെന്റ് തോമസ് മിഷനറി സന്യാസിനി സമൂഹം. (D. S. T.) (Daughters of St. Thomas)

ഭാരതാപ്പസ്തോലനായ തോമ്മാശ്ലീഹായുടെ പ്രത്യേക മദ്ധ്യസ്ഥതയിലും, അഭിവന്ദ്യ വയലിൽ തിരുമേനിയുടെ രക്ഷാധികാരത്തിലും അരുവിത്തുറ ഇടവകയിൽ സമാരംഭിച്ച മിഷനറി സന്യാസിനീ സമൂഹമാണിതു. ഈ പുതിയ സന്യാസിനീസമൂഹത്തിനു രൂപം കൊടുക്കുന്നതിൽ പരിശുദ്ധാത്മാവിന്റെ പ്രത്യേക പ്രചോദനത്തിനു പാത്രീഭൂതരായവരാണ് ഫാ. ജേക്കബ് താഴത്തേൽ, ഫാ. ഗ്രേഷ്യൻ O. F. M. Cap., ഫാ. അബ്രാഹം ഈറാക്കുന്നേൽ എന്നിവർ. 1969 ജൂലൈ 3–ാംതീയതി അഭിവന്ദ്യ സെബാസ്റ്റ്യൻ വയലിൽ തിരുമനസ്സുകൊണ്ട് ഈ സഭ ഉദ്ഘാടനം ചെയ്തു. തോമ്മാശ്ലീഹായുടെ പ്രേഷിതചൈതന്യം സ്വീകരിക്കുവാൻ തയ്യാറുള്ള യുവതികളെ ഭാരതത്തിലും ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും പ്രേഷിതപ്രവർത്തനം നടത്താൻ പ്രാപ്തരാക്കുകയാണ് ഈ സഭയുടെ മുഖ്യപ്രവർത്തനം. കേരളത്തിൽ വിവിധ രൂപതകളിലായി ഇതിനകം ആറ് സന്യാസഭവനങ്ങൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്, ഭരണങ്ങാനമാണ് ഇവരുടെ പരിശീലനകേന്ദ്രം. അദ്ധ്യാപനം, ആതുരശുശ്രൂഷ, സാമൂഹ്യസേവനം, അനാഥരുടെ സംരക്ഷണം മുതലായവയാണ് ഇവരുടെ പ്രവർത്തനമണ്ഡലങ്ങൾ. 52 സിസ്റ്റേഴ്സ് ഈ രംഗങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്.

14. സ്നേഹഗിരി മിഷനറി സിസ്റ്റേഴ്സ്.

(Snehagiri Missionary Sisters.)

സ്നേഹഗിരി മിഷനറി ബ്രദേഴ്സിനെപ്പോലെ ആതുരസേവനവും ജീവകാരുണ്യപ്രവൃത്തികളും ജീവിതവ്രതമായി സ്വീകരിച്ചിട്ടുള്ള ഒരു സന്യാസിനീ സമൂഹമാണ് സ്നേഹഗിരി മിഷനറി സിസ്റ്റേഴ്സ്. പാലായിൽനിന്നും 1½ മൈൽ വടക്കായി ബോയിസ് ടൗണിനടുത്തു് 1964 മെയ് 24-ാം തീയതി ഇവരുടെ ആദ്യഭവനം അഭിവന്ദ്യ പിതാവു് ആശീർവ്വദിച്ചു. ദാരിദ്ര്യം, അനുസരണം, കന്യാവ്രതം എന്നീ വ്രതങ്ങൾക്കു പുറമേ 'ആതുരസേവനം' എന്നൊരു വ്രതം കൂടി ഇവർ സ്വീകരിക്കുന്നു. ഇവർക്കു് ഇതിനകം എട്ടു ശാഖാഭവനങ്ങളും ഉണ്ടായിക്കഴിഞ്ഞു. അനാഥബാലികമാക്കുവേണ്ടിയുള്ള ഗേൾസ് ടൗൺ, അംഗവൈകല്യം സംഭവിച്ചവരും, തീരാവ്യാധി പിടിപെട്ടവരും, പരിത്യക്തരുമായ വൃദ്ധജനങ്ങളുടെ സംരക്ഷണാർത്ഥമുള്ള സ്ഥാപനങ്ങളും തുടങ്ങിയവ ഇവരുടെ പ്രവർത്തനമണ്ഡലത്തിൽ ഉൾപ്പെടുന്നു. കപ്പുൻപ്രാക്കൽ ബ. അബ്രാഹമച്ചൻ തന്നെയാണു് ഈ സഭയ്ക്കു രൂപം കൊടുത്തതു്.

15. St Martha's Institute

1956-ലാണു് സെൻറ് മർത്താസ് ഇൻസ്റ്റിറ്റ്യൂട്ടു് സ്ഥാപിതമായതു്. വിദ്യാഭ്യാസ യോഗ്യത കുറഞ്ഞവർക്കും സാമാന്യ പ്രായപരിധി കഴിഞ്ഞവർക്കും സമ്പൂർണ്ണജീവിതം നയിക്കുവാൻ സൗകര്യം നൽകുക എന്നതാണു് ഇതിൻറെ ലക്ഷ്യം. പാലാ രൂപതാദ്ധ്യക്ഷൻറെ രക്ഷാധികാരത്തിൽ മൂലമറ്റം കേന്ദ്രമായി പ്രവർത്തിച്ചുകൊണ്ടിരുന്ന സെൻറ് മർത്താസ് ഇൻസ്റ്റിറ്റ്യൂട്ടിൻറെ നിയമാവലിക്കു് 1971-ൽ അംഗീകാരം ലഭിച്ചു. ഇപ്പോൾ മൂലമറ്റത്തുള്ള കേന്ദ്രഭവനം കൂടാതെ 2 ശാഖാഭവനങ്ങളും കൂടിയുണ്ടു്. പാലായിലാണു് പരിശീലനവേനം. നേഴ്സറി ക്ലാസ്സു്, തയ്യൽക്ലാസ്സു് മുതലായവ നടത്തുക, വേദപാഠം പഠിപ്പിക്കുക, ജോലിക്കു പോകുന്നവരുടെ കുഞ്ഞുങ്ങളെ പകൽ സമയം സംരക്ഷിക്കുക, യാതൊരു സംരക്ഷണവും ലഭിക്കാതെ വിഷമിക്കുന്നവർക്കു് സംരക്ഷണം നൽകുക തുടങ്ങിയ ജോലികളിൽ ഇതിലെ അംഗങ്ങൾ ഏർപ്പെട്ടിരിക്കുന്നു.

16. കരുണാലയഭക്തസംഘം

(Karunalaya Bhakthasangam)

സന്യാസജീവിതം നയിക്കാനാഗ്രഹിക്കുന്നവരെങ്കിലും നിശ്ചിതവിദ്യാഭ്യാസ യോഗ്യത നേടാൻ കഴിയാതെപോയ യുവതികൾക്കുവേണ്ടി സ്ഥാപിതമായിരിക്കുന്ന സമൂഹമാണു് കരുണാലയ ഭക്തസംഘം. സ്നേഹഗിരി സൊസൈറ്റിയുടെ ആദർശവും പ്രവർത്തനപദ്ധതികളുമാണു് ഇവർക്കുമുള്ളതു്. മാതൃഭവനം ബോയിസ് ടൗണിനടുത്തുതന്നെയാണു്. പ്രഥമവാർഷികാനം നടത്തിയ 40 അംഗങ്ങളുണ്ടു്. ബ. കയ്പൻപ്ലാക്കലച്ചൻ തന്നെയാണു് ഇതിൻറെയും സ്ഥാപകൻ.

ഉപസംഹാരം

ഈ സഭകളുടെയെല്ലാം ശരിയായ വളർച്ചയ്ക്കും വികസനത്തിനുംവേണ്ടി അഭിവന്ദ്യവയലിൽ തിരുമേനി ചെയ്തിട്ടുള്ള, ചെയ്തുകൊണ്ടിരിക്കുന്ന സേവനങ്ങളും വാക്കുകളിൽ ഒതുക്കാവുന്നതല്ല. അഗാധമായ ഈശ്വരവിശ്വാസവും, അനിഷേധ്യമായ ആദ്ധ്യാത്മികപ്രഭാവവും, അചഞ്ചലമായ ധർമ്മനിഷ്ഠയും, കൈമുതലായിട്ടുള്ള പിതാവു് പൈതൃകമായ സ്നേഹത്തോടെ ഓരോ സഭയുടെയും കാര്യത്തിൽ സവിശേഷ ശ്രദ്ധ ചെലുത്തുന്നുണ്ടെന്നതു് എല്ലാവരും തികഞ്ഞ നന്ദിയോടെ അനുസ്മരിക്കുന്നു.

പാലാ രൂപതയിലെ സംഘടിത പ്രസ്ഥാനങ്ങൾ

ജോസഫ് മൈലാടി

സംഘടന ശക്തിയുടെ പ്രതീകമാണ്; സംഘടിതശക്തി അജയ്യവും. ഈ ശക്തി പ്രഭാവാവബോധമുള്ള ജനത വിവിധ ലക്ഷ്യപ്രാപ്തിക്കായി ഒന്നിച്ചണിനിരന്നു നീങ്ങുന്നതാണിന്നെവിടെയും കാണുക. തദ്ഫലമായുണ്ടാവുന്ന ശക്തിപ്രകർഷം അപ്രതിരോധ്യമത്രെ. കാലത്തിന്റെ ചുവരെഴുത്തു വായിച്ച് സംഘാതശക്തി സമ്പാദിച്ചു സമുജ്ജ്വലിപ്പിച്ചു നീങ്ങുന്നവക്കേ ജീവിതസമരത്തിൽ സമഗ്രവിജയം ആർജ്ജിക്കാനാവൂ. ഈ നൂതനയുഗം സംഘടിത ശക്തിയുടേതാണ്. ഈ ശക്തിരഹസ്യ-ജ്ഞാന ലബ്ധിയുടെ ഫലമായി പാലാ രൂപതയിൽ ബീജാവാപം ചെയ്യപ്പെട്ട സംഘടനകളും സഭയും സമൂഹത്തിനും പ്രദാനം ചെയ്യുന്ന സേവനം അമൂല്യമാണ്. ഇവയുടെ പ്രവർത്തനപരിപാടികളും പഠനാഹ്വാനവും, ജനനവും ചലനവും ശ്രദ്ധാർഹവുമാണ്.

1. സെൻറ് വിൻസെൻറ് ഡി പോൾ സഖ്യം

പരസ്നേഹപ്രവർത്തനങ്ങളിലൂടെ ക്രിസ്തുവിനു സാക്ഷ്യംവഹിച്ചുകൊണ്ട് ആത്മവിശുദ്ധീകരണത്തിനു പരിശ്രമിക്കുന്ന ക്രിസ്തീയ അത്മായരുടെ ഒരു സംഘടനയാണ് സൊസൈറ്റി ഓഫ് സെൻറ് വിൻസെൻറ് ഡി പോൾ. ജാതിമതഭേദമെന്നിയേ അഗതികളിലും അശരണരിലും ക്രിസ്തുവിനെ ദർശിച്ചുകൊണ്ട് അവരുടെ വസതികളിൽപോയി അവരെ സന്ദർശിക്കുകയും ആത്മീയവും ഭൗതികവുമായ എല്ലാവിധ സേവനങ്ങളും ചെയ്തുകൊടുക്കുകയുമാണ് ഈ സഖ്യത്തിന്റെ മുഖ്യപരിപാടി.

ഫ്രെഡറിക്ക് ഓസാനാം എന്ന വിദ്യാർത്ഥി 1833 – ൽ പാരീസിൽ ഈ സംഘടന സ്ഥാപിച്ചു. ഓസാനാമിന്റെ ചില സഹപാഠികളും ഒരിക്കൽ അദ്ദേഹത്തെ ഇപ്രകാരം വെല്ലുവിളിച്ചു. ''ഭ്രതകാലത്തെപ്പറ്റിയുള്ള നിങ്ങളുടെ പ്രസ്താവം ശരിതന്നെ. പണ്ടു ക്രിസ്തുമതം പല വലിയ കാര്യങ്ങളും ചെയ്തിട്ടുണ്ട്. പക്ഷേ, ഇന്ന് അതു നിർജ്ജീവമാണ്. കത്തോലിക്കരെന്നഭിമാനിക്കുന്ന നിങ്ങളും എന്താണ് ചെയ്യുന്നതു്? നിങ്ങളുടെ വിശ്വാസത്തിനനുസരണമുള്ള പ്രവൃത്തി എവിടെ?'' ഈ വെല്ലുവിളിക്ക് ഓസാനാമിന്റെ കരുത്തേറിയ മറുപടിയാണ് സെൻറ് വിൻസെൻറ് ഡി പോൾ സഖ്യം. 1737–ൽ വിശുദ്ധ പദവിയിലേക്കുയർത്തപ്പെട്ട സെൻറ് വിൻസെൻറ് ഡി പോളിനെയാണ് ഓസാനാം തന്റെ ഈ പുതിയ സംഘടനയുടെ സ്വർഗ്ഗീയമദ്ധ്യസ്ഥനായി തിരഞ്ഞെടുത്തതു്. അതിനാൽ ഈ സംഘടന സൊസൈറ്റി ഓഫ് സെൻറ് വിൻസെൻറ് ഡി പോൾ എന്ന് അറിയപ്പെടുന്നു. ഒരു സ്ഥലത്തു് പ്രവർത്തിക്കുന്ന സംഘടനാ യൂണിറ്റ്, കോൺഫ്രൻസ് എന്നു വിളിക്കപ്പെടുന്നു. കോൺഫ്രൻസുകളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്ന ഉപരിഘടകങ്ങളാണ് പർട്ടിക്കുലർ കൗൺസിലുകളും, സെൻട്രൽകൗൺസിലുകളും, നാഷണൽ കൗൺസിലുകളും, കൗൺസിൽ ജനറൽ എന്നിവ. കൗൺസിൽ ജനറലിന്റെ ആസ്ഥാനം പാരീസിൽ സ്ഥിതിചെയ്യുന്നു.

പാലാ രൂപതയിൽ വിൻസെൻറ് ഡി പോൾ പ്രവർത്തനത്തിനു് ആരംഭം കുറിച്ചതു് 1941 ആഗസ്റ്റ് 9–ാം തീയതി ളാലം സെൻറ് തോമസ് കോൺഫ്രൻസ് സ്ഥാപിതമായതോടുകൂടിയാണ്. പാലാ മുൻസിഫ് ആയിരുന്ന ശ്രീ. ജെ. എൽ. ലോപ്പസ് ആയിരുന്നു ആദ്യത്തെ പ്രസിഡൻറ്. റവ. ഫാ. തോമസ് കലേക്കാട്ടിൽ ആദ്ധ്യാത്മികോപദേഷ്ടാവു് ആയി പ്രവർത്തിച്ചു. പാലാ രൂപത നിലവിൽ വന്നതിനുശേഷം 1953 ഡിസംബർ 24–ാംതീയതി പാലായിൽ ഒരു സെൻട്രൽ കൗൺസിൽ സ്ഥാപിതമായി. ഇപ്പോൾ രൂപതയിലെ 108 ഇടവകകളിൽ ഈ സംഘടന കാര്യക്ഷമമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. 1973 മുതൽ തലശ്ശേരി, മാനന്തവാടി

രൂപതകളിലെ സംഘടനാഘടകങ്ങളും പാലാ സെൻട്രൽ കൗൺസിലിന്റെ പ്രവർത്തനപരിധിയിൽ ഉൾപ്പെടുത്തപ്പെട്ടിട്ടുണ്ട്.

ഇംഗ്ലണ്ട്, ആസ്ട്രേലിയാ, സ്കോട്ട്ലണ്ട് എന്നീ രാജ്യങ്ങളിലെ കോൺഫ്രൻസുകളും ഈ സെൻട്രൽ കൗൺസിലിന്റെ കീഴിലുള്ള 30 കോൺഫ്രൻസുകളെ ദത്തെടുത്തു് സാമ്പത്തികസഹായം നൽകിവരുന്നു. ആസ്ട്രേലിയാ, ഇംഗ്ലണ്ട്, നെതർലൻഡ്സ്, മലേഷ്യാ, തായിലാൻഡ് തുടങ്ങിയ വിദേശരാജ്യങ്ങളിൽനിന്നും പ്രമുഖരും പ്രശസ്തരുമായ സംഘടനാപ്രവർത്തകർ ഈ സെൻട്രൽ കൗൺസിൽ സന്ദർശിച്ചു് പ്രവർത്തനങ്ങൾക്കു് ഉത്തേജനം നല്കിയിട്ടുണ്ട്.

സമസൃഷ്ടങ്ങളുടെ ആദ്ധ്യാത്മികവും ഭൗതികവുമായ അഭ്യുന്നതിക്കായി അംഗങ്ങൾ ആത്മാർത്ഥമായി സഹായിച്ചുകൊണ്ടിരിക്കുന്നു. സാമ്പത്തികക്ലേശം അനുഭവിക്കുന്ന പല കുടുംബങ്ങളേയും ദത്തുകുടുംബങ്ങളായി സ്വീകരിച്ചു് സഹായിക്കുന്നുണ്ട്. സാധുക്കൾക്കു് വസ്ത്രം, ഭക്ഷണം, പാർപ്പിടം ഇവ നൽകുന്നതിനു് പല പരിപാടികളും നടപ്പാക്കിക്കൊണ്ടിരിക്കുന്നു. വിവാഹം, വിദ്യാഭ്യാസം, ശവസംസ്കാരം, ചികിത്സ, തൊഴിൽ ഇവയ്ക്കൊക്കെ കൊടുത്തുകൊണ്ടിരിക്കുന്ന സഹായം ഗണനീയമത്രെ. മെഡിസിൻ, നേഴ്സിംഗ്, പോളിടെക്നിക്, റ്റി. റ്റി. സി. എന്നിങ്ങനെ വിവിധ വിഷയങ്ങളിൽ ഉപരിപഠനത്തിനായി 17 പേർക്കു് സ്കോളർഷിപ്പുകളും നൽകുന്നതിനു സാധിച്ചിട്ടുണ്ട്. 1974–ൽ പാലായിൽവച്ചു് വിജയകരമായി നടത്തപ്പെട്ട സൗജന്യനേത്രചികിത്സാക്യാമ്പു് അനേകർക്കു് അനുഗ്രഹമായി ഭവിച്ചു. ധ്യാനങ്ങളും, സ്റ്റഡിക്ലാസ്സുകളും, മതബോധനക്ലാസ്സുകളും, കത്തോലിക്കാ പ്രസിദ്ധീകരണങ്ങളുടെ വിതരണം, ഗൃഹസന്ദർശനവേളയിൽ നൽകുന്ന ഉപദേശങ്ങളും തുടങ്ങിയ വിവിധ മാർഗ്ഗങ്ങളിൽക്കൂടി ക്രൈസ്തവരുടെ ആദ്ധ്യാത്മികനിലവാരം ഉയർത്തുന്നതിനും അക്രൈസ്തവരെ ക്രിസ്തുവിന്റെ ചൈതന്യത്തിലേക്കു നയിക്കുന്നതിനും അംഗങ്ങൾ അക്ഷീണപരിശ്രമം നടത്തിക്കൊണ്ടിരിക്കുന്നു.

സുകൃതാഭ്യാസങ്ങളിൽ സഹകരിച്ചും ധനസഹായം നൽകിയും സജീവാംഗങ്ങൾക്കു് പിൻബലം നൽകിക്കൊണ്ടിരിക്കുന്ന ഒട്ടേറെ പ്രോത്സാഹകാംഗങ്ങളും ഈ സഖ്യത്തിൽ ഉൾപ്പെടുന്നുണ്ട്. കാലോചിതവും ക്രൈസ്തവാധിഷ്ഠിതവുമാണു് ഈ സംഘടനയുടെ പ്രവർത്തനങ്ങൾ.

2. ലീജിയൻ ഓഫ് മേരി

മാനവകുലത്തിന്റെ മാതാവായ പരിശുദ്ധ കന്യകമറിയത്തിന്റെ സംരക്ഷണയിൽ അന്ധകാരശക്തിയ്ക്കെതിരായി അടരാടുന്ന ഒരു അന്തർദേശീയ സംഘടനയാണു് ലീജിയൻ ഓഫ് മേരി അഥവാ മരിയൻ സൈന്യം. പ്രാചീന റോമൻ സേനയുടെ മാതൃകയിലാണു് ഈ മരിയൻ സൈന്യം സംഘടിപ്പിച്ചിരിക്കുന്നതു്. റോമൻ സേനയിൽ ഉപയോഗിച്ചിരുന്ന ഉദ്യോഗപ്പേരുകൾ തന്നെയാണു് ലീജിയൻ സ്വീകരിച്ചിരിക്കുന്നതും.

അയർലണ്ടിന്റെ തലസ്ഥാനമായ ഡബ്ളിൻ നഗരത്തിൽ ഉള്ള ഫ്രാൻസീസ് സ്ട്രീറ്റിൽ മീറാമന്ദിരത്തിൽ 1921 സെപ്റ്റംബർ 7–ാം തീയതി പരിശുദ്ധ കന്യകയുടെ ജനനത്തിരുനാളിന്റെ തലേദിവസം വിവിധ പ്രായക്കാരായ ഏതാനും സ്ത്രീകൾ ഒരു വൈദികന്റെ നേതൃത്വത്തിൽ സമ്മേളിച്ചു. ഡബ്ളിനിലെ യൂണിയൻ ആശുപത്രിയിലുള്ള ദരിദ്രരായ രോഗികളെ ശുശ്രൂഷിക്കുന്ന ഒരു സംഘം സ്ഥാപിക്കണമെന്നുള്ളതായിരുന്നു അവരുടെ ഉദ്ദേശ്യം. ഇതായിരുന്നു ലീജിയന്റെ പ്രഥമയോഗം. അനുഗ്രഹമാതാവിന്റെ നാമത്തിലാണു് അവർ പ്രവർത്തനം ആരംഭിച്ചതു്. അതിനാൽ അനുഗ്രഹമാതാവിന്റെ സംഘം എന്നാണു് ആരംഭകാലത്തു് ലീജിയൻ അറിയപ്പെട്ടിരുന്നതു്. സ്ത്രീകൾക്കും പുരുഷന്മാർക്കും അംഗത്വമുള്ള ആഗോളവ്യാപകമായ ഒരു സംഘടനയായി അര ശതാബ്ദത്തിനുള്ളിൽ ലീജിയൻ വളർന്നു കഴിഞ്ഞിരിക്കുന്നു.

ഈ സംഘടനയുടെ ചെറിയ യൂണിറ്റിനു് പ്രസീദിയം എന്നു പറയുന്നു. കുരിയാ, കമ്മീസിയം, സെനാത്തുസ്, കൺസീലിയം എന്നിവയാണു് ഭരണപരമായ ഉപരി വിഭാഗങ്ങൾ. കേന്ദ്രസമിതിയായ കൺസീലിയത്തിന്റെ ആസ്ഥാനം ഡബ്ളിൻ നഗരത്തിൽ സ്ഥിതിചെയ്യുന്നു.

ലീജിയൻ ഓഫ് മേരിയുടെ പ്രവർത്തനം കേരളത്തിൽ ആദ്യം ആരംഭിച്ചതു് പാലായിലാണു്. റവ. ഫാ. അഗസ്റ്റിൻ ചിലമ്പിക്കുന്നേൽ അതിനു നേതൃത്വം നൽകി. 1940 ആഗസ്റ്റ് 15–ാംതീയതി മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാൾ ദിനത്തിൽ ഒരു പ്രസീദിയം സ്ത്രീകൾക്കായി സ്ഥാപിച്ചു. ആദ്യം സ്ഥാപിച്ച ഈ പ്രസീദിയത്തിന്റെ പേർ അമലോത്ഭവമാതാവിന്റെ പ്രസീദിയം എന്നായിരുന്നു. പാലായിലും പരിസരപ്രദേശങ്ങളിലും പല പ്രസീദിയങ്ങളും സ്ഥാപിച്ചു പ്രവർത്തനം

തുടങ്ങിയപ്പോൾ, 1942 ജനുവരി 24–ാംതീയതി കേരളത്തിലെ ആദ്യത്തെ കൂരിയായും പാലായിൽ സ്ഥാപിക്കപ്പെട്ടു. സ്നേഹത്തിന്റേയും സേവനത്തിന്റേയും ദീപശിഖയുമായി ഈ സംഘടന പ്രവർത്തനം വിപുലമാക്കിയതിനാൽ അവയുടെ ഭരണനിർവഹണത്തിനു് ഒരു കമ്മീസിയം അനുപേക്ഷണീയമായിത്തീർന്നു. 1950 ജൂൺ 11–ാംതീയതി കേരളത്തിൽ ആദ്യം സ്ഥാപിക്കപ്പെട്ട പാലാ കൂരിയാതന്നെ കമ്മീസിയമായി ഉയർത്തപ്പെട്ടു. കേരളത്തിൽ എല്ലാ രൂപതകളിലും ലീജിയൻ പ്രവർത്തനം വ്യാപിച്ചപ്പോൾ വിവിധ രൂപതകളിലെ ലീജിയൻ സമിതികളും കാര്യക്ഷമമായി നിയന്ത്രിക്കുന്നതിനും പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും കേരളത്തിനു തന്നെ ഒരു സെനാത്തൂസു് അത്യന്താപേക്ഷിതമാണെന്നു് മദ്രാസു് സെനാത്തൂസിനും കൺസീലിയത്തിനും ബോധ്യമായി. അതിന്റെ ഫലമായി കേരളത്തിലെ എല്ലാ ലീജിയൻ സമിതികളേയും നിയന്ത്രിക്കുന്നതിനുള്ള അധികാരത്തോടുകൂടി പാലാ കമ്മീസിയത്തെ കേരളാ സെനാത്തൂസായി ഉയർത്തി. കേരളാ ലീജിയൻ സംഘടനയ്ക്കു് ഏറ്റവും ആഹ്ലാദപ്രദമായ സുദിനമായിരുന്നു 1957 ഫെബ്രുവരി 11–ാം തീയതി. അന്നു് ആദ്ധ്യാത്മചൈതന്യം നിറഞ്ഞുനിന്ന അന്തരീക്ഷത്തിൽ കേരളാ സെനാത്തൂസിന്റെ ഉദ്ഘാടനം തിരുവനന്തപുരം മെത്രാപ്പോലീത്താ മോസ്റ്റു് റവ. ഡോ. ബനഡിക്ടു് മാർ ഗ്രിഗോറിയോസു് തിരുമനസ്സുകൊണ്ടു് സമംഗളം നിർവ്വഹിച്ചു.

ലീജിയൻ ഓഫു് മേരിയുടെ ശക്തികേന്ദ്രമായ പാലാ രൂപതയിലെ മിക്കവാറും എല്ലാ ഇടവകകളിലും ഈ സംഘടന സ്ഥാപിതമായിക്കഴിഞ്ഞിട്ടുണ്ടു്. പ്രവർത്തിച്ചും പ്രാർത്ഥിച്ചും അംഗങ്ങളുടെ വിശ്വാസീകരണം പ്രാപിക്കുക, അൽമായപ്രേഷിതത്വത്തിനുള്ള വാസന ജനിപ്പിച്ചു വളർത്തുക എന്നീ ലക്ഷ്യങ്ങളും നേടിയെടുക്കാൻ ഈ സംഘടന ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നു. ഗൃഹസന്ദർശനം പ്രധാനപ്പെട്ട ഒരു പ്രവർത്തനപദ്ധതിയാണു്. മറ്റുള്ളവരുമായി സമ്പർക്കം പുലർത്താനും നല്ല ജീവിതത്തിനു് ഉപദേശവും സഹായവും വഴി പ്രേരണനൽകാനും ഇതുപകരിക്കുന്നു. ആശുപത്രികളിലും ഭവനങ്ങളിലും ചെന്നു് രോഗികളെ കണ്ടു് ആശ്വസിപ്പിക്കുക മറ്റൊരു സേവനമാണു്. ദേവാലയശുശ്രൂഷകളും നടത്തുക, മതപഠനക്ലാസ്സുകളും നടത്തുക തുടങ്ങിയ കാര്യങ്ങളിലും അംഗങ്ങളും ഏർപ്പെട്ടുവരുന്നു. വിശ്വാസത്തിൽനിന്നും വ്യതിചലിച്ചുവരെ വിശ്വാസത്തിലേക്കു തിരികെകൊണ്ടുവരുന്നതിനു ശ്രമിക്കുന്നതിനും ക്രിസ്തീയതത്വങ്ങളും പ്രചരിപ്പിക്കുന്നതിനും ഭവനങ്ങളിൽ ആളുകളും മൃതിയടയുമ്പോൾ അവിടെ വേണ്ട ശുശ്രൂഷകളും ചെയ്യുന്നതിനും അംഗങ്ങളും ജാഗ്രതകരായിപ്രവർത്തിക്കുന്നു.

അബദ്ധജടിലങ്ങളായ ആശയങ്ങളും അടിക്കടി പ്രചരിക്കുകയും മതാദർശങ്ങളെ മനുഷ്യഹൃദയങ്ങളിൽനിന്നു തുടച്ചുമാറ്റുവാൻ ചില ശക്തികളും അഹോരാത്രം യത്നിക്കുകയും ചെയ്യുന്ന ഇക്കാലത്തു് ലീജിയൻ പ്രേഷിതവേല തീക്ഷ്ണതാപൂർവ്വം എല്ലായിടത്തും വ്യാപിപ്പിക്കുവാൻ നമുക്കു കടമയുണ്ടു്.

3. മരിയൻ സൊഡാലിറ്റി

സ്വർഗ്ഗീയ രാജ്ഞിയായ പരിശുദ്ധ കന്യകാമറിയത്തിന്റെ സംരക്ഷണയിൽ മാനവവംശത്തിന്റെ മുഴുവൻ നന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്നതിനായി സ്ഥാപിച്ചിട്ടുള്ള ആഗോളവ്യാപകമായ ഒരു ഭക്ത സംഘടനയാണു് മരിയൻ സൊഡാലിറ്റി. ജീവിതത്തിന്റെ എല്ലാ തലങ്ങളിലും സഭയേയും ലോകത്തേയും സേവിക്കുന്നതിനു് അർപ്പിതമനസ്കരായ യുവതീയുവാക്കന്മാരെ രൂപവൽക്കരിച്ചെടുക്കുക എന്നതാണു് സൊഡാലിറ്റികളും എന്നറിയപ്പെടുന്ന ക്രിസ്തീയ സമൂഹങ്ങളുടെ ലക്ഷ്യം. ക്രൈസ്തവജീവിതത്തിന്റെ പരിശീലനക്കളരിയും ദൈവവിളിയുടെ പിള്ളത്തൊട്ടിലും നിർമ്മലജീവിതത്തിന്റെ ശില്പശാലയുമാണു് മരിയൻ സൊഡാലിറ്റികളും.

ബൽജിയംകാരനായ ഫാ. ജോൺ ലേനീസു് 1563 മാർച്ച മാസത്തിൽ സ്ഥാപിച്ച സംഘടനയാണു് സൊഡാലിറ്റി. പ്രൊട്ടസ്റ്റൻറു് വിപ്ലവവും മുഹമ്മദീയാക്രമണവും സഭയെ തകർത്തിരുന്ന ഒരു കാലഘട്ടമായിരുന്നു അതു്. സേവനതല്പരരായ, ആത്മാർത്ഥതയുള്ള അംഗങ്ങളടങ്ങുന്ന ചെറിയ സമൂഹങ്ങളും സംഘടിപ്പിച്ചു് അതുവഴി സഭയുടെ പുനരുത്ഥാനം നിർവഹിക്കുക എന്നതായിരുന്നു ഫാ. ജോൺ ലേനീസിന്റെ പദ്ധതി. അനുദിനം ദിവ്യബലിയിൽ സംബന്ധിച്ചും പരിശുദ്ധ കന്യകയോടു് ഭക്തി പുലർത്തിയും ഉത്തമമായ ക്രൈസ്തവജീവിതം നയിച്ചും സഭാവൈരികളോടു് പൊരുതുവാൻ തയ്യാറുള്ള അനേകായിരങ്ങളും മുന്നോട്ടുവന്നു. അനുദിനധ്യാനം, പ്രതിവാരസമ്മേളനങ്ങളും, ഗ്രൂപ്പുപ്രവർത്തനങ്ങളും, ബൈബിൾപഠനം, ദീനജനസേവനം ഇവയെല്ലാം സൊഡാലിറ്റി സമൂഹങ്ങളെ സാവധാനത്തിൽ അജയ്യമായ ശക്തിയാക്കി മാറ്റി. ജീവിതത്തിന്റെ എല്ലാ തുറകളിലും പ്രവർത്തിച്ചിരുന്ന വ്യക്തികളും ഈ സംഘടനയിൽ അംഗങ്ങളായിരുന്നതിനാൽ വിവിധ മണ്ഡലങ്ങളിൽ ആദ്ധ്യാത്മികതത്വത്തിന്റെ പരിമളം പരത്തുവാൻ സൊഡാലിറ്റിക്കു കഴി

ഞ്ഞു. അവിടുന്നങ്ങോട്ട് വളർച്ചയുടെ ഒരു ചരിത്രമാണ് ഈ പ്രസ്ഥാനത്തിനുള്ളത്. കടലുകളും വൻകരകളും തരണംചെയ്ത് സൊഡാലിറ്റിയുടെ സന്ദേശം ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും എത്തിച്ചേർന്നു.

സൊഡാലിറ്റിയുടെ സ്തുത്യർഹമായ പ്രവർത്തനങ്ങൾ മനസ്സിലാക്കി മാർപ്പാപ്പാമാർ അവയെ പലവിധത്തിൽ പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. ഗ്രിഗരി 13-ാം മാർപ്പാപ്പാ ''ഒമ്നിപ്പൊതേന്തി ദേയോ'' എന്ന തിരുവെഴുത്തുമൂലം 1584-ൽ ഈ സംഘടനയെ ഔദ്യോഗികമായി അംഗീകരിച്ചു. 1948-ൽ ''ബിസ് സെക്കുലോരി'' എന്ന സുപ്രസിദ്ധമായ തന്റെ തിരുവെഴുത്തുവഴി മരിയൻ സൊഡാലിറ്റി ആധുനിക യുഗത്തിന്റെ വെല്ലുവിളികളെ നേരിടാൻ മുന്നോട്ടു വരണമെന്നു പരിശുദ്ധ പിതാവു 12-ാം പീയൂസ് തിരുമേനി ആഹ്വാനം ചെയ്തു. രണ്ടാം വത്തിക്കാൻ സൂനഹദോസിനെത്തുടർന്നു സൊഡാലിറ്റിയെ ആധുനീകരിക്കുവാനുള്ള തീവ്രശ്രമങ്ങൾ ആരംഭിക്കുകയും സൊഡാലിറ്റിയുടെ പുതുക്കിയ നിയമങ്ങളും തത്ത്വങ്ങളും രൂപീകരിക്കുകയും ചെയ്തു. 1971 മാർച്ചു 25-നു പരിശുദ്ധ പിതാവു പോൾ ആറാമൻ ഈ നിയമങ്ങൾ അന്തിമമായി അംഗീകരിച്ചു. 'Christian life communities' (C. L. C.) എന്ന പേരിലാണു ഈ സംഘടന ഇപ്പോൾ ലോകത്തിന്റെ മിക്കഭാഗങ്ങളിലും അറിയപ്പെടുന്നതു.

ഇൻഡ്യയിൽ സൊഡാലിറ്റി ഈശോസഭാ വൈദികരുടെ നേതൃത്വത്തിൽ ഗോവയിലെ സെൻറ് പോൾസ് കോളേജിൽ 1607-ൽ ആരംഭിച്ചു. 1947-ൽ ബോംബെ ആസ്ഥാനമാക്കി ഒരു നാഷണൽ സെക്രട്ടറിയേറ്റ് രൂപമെടുത്തു. ഇന്നു ഇൻഡ്യയിലെ എല്ലാ രൂപതകളിലും തന്നെ സൊഡാലിറ്റി സജീവമായി പ്രവർത്തിക്കുന്നുണ്ട്. കേരളത്തിൽ ഈ സംഘടനയുടെ ശാഖ പുരാതനമായ വൈപ്പിൻകോട്ട് സെമിനാരിയിൽ 1644-ൽ സ്ഥാപിതമായി.

പാലാരൂപതയിൽ സ്കൂളുകളിലും ഇടവകകളിലുമായി സൊഡാലിറ്റിക്കു 65 യൂണിറ്റുകളും 3000-ൽപരം അംഗങ്ങളുമുണ്ട്. പ്രാരംഭകാലത്തു രൂപതയിലെ എല്ലാ ഇടവകകളിലും സൊഡാലിറ്റി സജീവമായി പ്രവർത്തിച്ചിരുന്നു. ഇടക്കാലത്തു സംഘടനയുടെ ശക്തി ക്ഷയിച്ചെങ്കിലും അടുത്ത കാലത്തു വീണ്ടുമൊരു ഉയിർത്തെഴുന്നേല്പിനു സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുകയാണു. 1975 ഫെബ്രുവരി 1-ാംതീയതി പാലാരൂപതയിലെ സൊഡാലിറ്റിയെ സംബന്ധിച്ചു സുപ്രധാനമായ ഒരു ദിനമായിരുന്നു. അന്നാണു ഡോ. ജോസഫ് പള്ളിക്കാപറമ്പിൽ തിരുമേനി മരിയൻ സൊഡാലിറ്റിയുടെ പാലാ രൂപതാ ഫെഡറേഷൻ ഉദ്ഘാടനം ചെയ്തതു. അംഗങ്ങളിൽ പരിശുദ്ധ കന്യകാമറിയത്തോടു പ്രത്യേകഭക്തി വളർത്തുക, മരിയഭക്തിയും മരിയ സംരക്ഷണവുംവഴി അവരവരുടെ ജീവിതവിശുദ്ധിക്കും അയൽക്കാരുടെ നന്മയ്ക്കും തിരുസഭയുടെ സേവനത്തിനും യത്നിക്കുന്നതിനു അംഗങ്ങളെ സഹായിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ നേടുന്നതിനായി സംഘടന താത്പര്യം പ്രകടിപ്പിച്ചുവരുന്നു. പ്രാർത്ഥന, പരിത്യാഗപ്രവൃത്തികൾ, സുകൃതാനുഷ്ഠാനങ്ങൾ, പരസ്നേഹപ്രവർത്തനങ്ങൾ ഇവവഴി സമസ്തഷ്ഠങ്ങളെ സഹായിക്കുന്നു. ബാലികാബാലന്മാരുടെ ഇടയിൽ നിശബ്ദമെങ്കിലും സ്തുത്യർഹമായ സേവനമാണു നടത്തിവരുന്നതു. ഇളംതലമുറയുടെ സ്വഭാവരൂപവത്ക്കരണത്തിൽ ഈ സംഘടന പ്രമുഖസ്ഥാനം വഹിക്കുന്നുണ്ട്. ദൈവജനനിയോടുള്ള ഭക്തി ശുദ്ധമൂലമാക്കുവാനും വിശുദ്ധജീവിതത്തിനുള്ള ആഗ്രഹം അങ്കുരിപ്പിക്കുവാനും ആയിരക്കണക്കിനു യുവതീയുവാക്കന്മാർക്കു ഇന്നും നമ്മുടെ സൊഡാലിറ്റികളും പ്രചോദനം നൽകുന്നുണ്ട്.

4. ചെറുപുഷ്പമിഷൻലീഗ്

പ്രേഷിതപ്രവർത്തനം മുഖ്യലക്ഷ്യമായി സ്വീകരിച്ചു സമാരംഭിച്ച ഒരു അല്മായ സംഘടനയാണു ചെറുപുഷ്പമിഷൻലീഗ്. ദൈവദാസിയായ സിസ്റ്റർ അൽഫോൻസായുടെ ജീവിതവും മരണവുംകൊണ്ടു പ്രഖ്യാതവും പവിത്രവുമായിത്തീർന്നിരിക്കുന്ന ഭരണങ്ങാനത്തെ ഏതാനും ചെറുപ്പക്കാർ, ഫാ. ജോസഫ് മാലിപ്പറമ്പിലിന്റെ നേതൃത്വത്തിൽ 1947 ഒക്ടോബർ 3-ാംതീയതി മിഷൻലീഗിന്റെ പ്രവർത്തനം ഔപചാരികമായി ആരംഭിച്ചു. വി. കൊച്ചുത്രേസ്യായുടെ 150-ാം ചരമവാർഷികദിനത്തിൽ ഏറ്റവും എളിയ തോതിൽ പ്രവർത്തനം ആരംഭിച്ച ഈ അൽമായ പ്രേഷിതസംഘടനയ്ക്കു തട്ടേശ്വരവാസികളും നൽകിയതു അത്യുത്തപൂർവ്വമായ ഒരു സ്വീകരണമായിരുന്നു. ജന്മദേശത്തു ലഭിച്ച ഊഷ്മളമായ പിന്തുണയിൽനിന്നു പ്രചോദനം നേടിയ ആരംഭകാലപ്രവർത്തകർ സമീപ ഇടവകകളിലേക്കു ഈ പ്രേഷിതപ്രസ്ഥാനത്തെ വ്യാപിപ്പിച്ചു. ചെറുപുഷ്പ മിഷൻ ലീഗാകുന്ന 'കുട്ടകുമണി' കിളിർത്തു വളരാൻ തുടങ്ങി. ഈ വളർച്ചയുടെ പിന്നിൽ നിശബ്ദവും നിരന്തരവുമായ സേവനം, അർപ്പണബോധത്തോടെ നിർവഹിച്ചവർ അനേകരാണു. കേരളസഭയ്ക്കു മാത്രമല്ല ഭാരത

സഭയ്ക്ക് മുഴുവനും ഗണ്യമായ സംഭാവനകളും നൽകാൻ ശേഷിയുള്ള ഒരു പ്രേഷിതപ്രസ്ഥാനമാണ് മിഷൻലീഗ് എന്നു സഭാധികൃതർ മനസ്സിലാക്കി. 1952-ൽ XII-ാം പീയൂസ് പാപ്പായും 1960-ൽ XXIII-ാം യോഹന്നാൻ മാർപാപ്പായും 1967-ൽ VI-ാം പോൾ പാപ്പായും മിഷൻ ലീഗിനെ അംഗീകരിച്ച് അനുഗ്രഹിക്കുകയുണ്ടായി.

കേരളത്തിന്റെ പ്രേഷിതസാധ്യതകളെ സാക്ഷാത്കരിച്ച് ഭാരതമിഷനു അർപ്പിക്കാൻ അശ്രാന്ത പരിശ്രമം ചെയ്യുന്ന മിഷൻലീഗിനു സുവ്യക്തമായ ലക്ഷ്യങ്ങളും കർമ്മപരിപാടികളുമുണ്ട്. ആദ്ധ്യാത്മികവും സാംസ്കാരികവുമായ കർമ്മമണ്ഡലങ്ങളാണ് മിഷൻലീഗിനുള്ളത്. ഇതോടൊപ്പം വ്യക്തിവികസനത്തിനുള്ള ധാരാളം അവസരങ്ങളും പ്രവർത്തനങ്ങളും സംജാതമാകുന്നുണ്ട്. ''ഭാരതരക്ഷ ഭാരതമക്കളിലാ''ണെന്നു മിഷൻ ലീഗ് വിശ്വസിക്കുന്നു. സ്നേഹവും ത്യാഗവും സഹനവും സേവനവും ഈ സംഘടനയുടെ മുദ്രാവാക്യങ്ങളാണ്.

മിഷൻലീഗിന്റെ വളർച്ച കേരളത്തിന്റെ അതിർത്തികളേയും അതിലംഘിച്ച്, ഭാരതത്തിന്റെ വിവിധഭാഗങ്ങളിൽ എത്തിനിൽക്കുകയാണിപ്പോൾ. ഒരു ദേശീയ പ്രേഷിതപ്രസ്ഥാനമായ മിഷൻലീഗിനു ഇന്നു 1713 ശാഖകളും 5 ലക്ഷത്തിലേറെ അംഗങ്ങളുമുണ്ട്. കേരളസഭയിൽ ഒരു പ്രേഷിതാഭിമുഖ്യം വളർത്തിയെടുക്കാൻ ഈ പ്രസ്ഥാനത്തിനു കഴിഞ്ഞുവെന്നതു വലിയൊരു നേട്ടമാണ്. തൽഫലമായിട്ടാണു കേരളസഭയിൽ ഇന്നു ധാരാളമായ ദൈവവിളികളും ദൃശ്യമായിരിക്കുന്നതു. പ്രതിവർഷം ശരാശരി 2000-ത്തിലേറെ ദൈവവിളികളും കേരളത്തിൽ ഉണ്ടാകുന്നതായി സ്ഥിതിവിവരക്കണക്കുകളും വ്യക്തമാക്കുന്നുണ്ട്.

പാലാ രൂപതയിൽ ഉദയംചെയ്ത ഈ അൽമായ പ്രേഷിത പ്രസ്ഥാനത്തെ രൂപതാദ്ധ്യക്ഷനായ മാർ സെബാസ്റ്റ്യൻ വയലിൽ തിരുമേനിയും വൈദികരും സിസ്റ്റേഴ്സും വെള്ളവും വളവും നല്കി വളർത്തിയതിനാൽ ഇവിടെ ഇതു ഏറ്റവും നന്നായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. വന്ദ്യപിതാവിന്റെ നിർദ്ദേശത്തിലും പ്രോത്സാഹനത്തിലും മിഷൻ ലീഗിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച വൊക്കേഷൻ ബ്യൂറോ വളർന്നയന്നു നാഷണൽ വൊക്കേഷൻ ബ്യൂറോയിക്കുപോലും മുന്നോടിയും മാർഗ്ഗദർശിയുമായിത്തീർന്നു. കേരളത്തിലെ മിക്ക രൂപതകളിലും ക്രമീകൃതമായ ദൈവവിളി പ്രവർത്തനങ്ങൾക്കുവേണ്ടി വൊക്കേഷൻ ബ്യൂറോകൾ ആരംഭിച്ചിട്ടുണ്ട്. ഇന്നു രൂപതയിലെ എല്ലാ ഇടവകകളിലും മിഷൻലീഗ് ശാഖകളുണ്ട്. എ. ബി. വിഭാഗങ്ങളിലായി 220 ശാഖകളും കാൽ ലക്ഷത്തിലേറെ അംഗങ്ങളുമുണ്ട്. മെച്ചപ്പെട്ട പ്രവർത്തനങ്ങൾകൊണ്ട് സംസ്ഥാനാടിസ്ഥാനത്തിൽ പ്രഥമസ്ഥാനത്തു എത്തിച്ചേരുവാൻ കഴിഞ്ഞ മിഷൻലീഗ് ശാഖകൾ നമ്മുടെ രൂപതയിലുണ്ട്. കേന്ദ്രതലത്തിൽ മിഷൻലീഗ് പ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുക്കുന്ന പലരും ഈ രൂപതക്കാരാണെന്നതു ഒരു സവിശേഷതയാണ്. മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ ഭരണങ്ങാനത്തുനിന്നും പ്രസിദ്ധപ്പെടുത്തുന്ന കുഞ്ഞു മിഷനറി മാസിക ദൈവവിളി മണ്ഡലത്തിലെ ഒരു പ്രമുഖ പ്രസിദ്ധീകരണമാണ്. സി. എം. എൽ. പ്രസ് ഭരണങ്ങാനത്തു സ്ഥാപിച്ചു നടത്തിവരുന്നു. 12-ൽ അധികം മതപരമായ ഫിലിമുകളുള്ള സി. എം. എൽ. മൊബൈൽ ഫിലിം സെൻറർ മിഷൻലീഗിന്റെ ഒരു പ്രധാന നേട്ടംതന്നെയാണ്. ദൈവവിളിയെ വളർത്തിപ്പിക്കുന്നതോടൊപ്പം വൈദികവിദ്യാർത്ഥികൾക്കു സാമ്പത്തിക സഹായവും ചെയ്തുവരുന്നു. കത്തോലിക്കാ പ്രസിദ്ധീകരണങ്ങളുടെ പ്രചാരണം ലീഗിന്റെ മുഖ്യപ്രവർത്തനങ്ങളിലൊന്നാണ്. ലൈബ്രറികളും ബുക്സ്റ്റാളുകളും സംഘടന നടത്തുന്നുണ്ട്. അംഗങ്ങളുടെ വിവിധ കഴിവുകൾ വർഷംതോറുമുള്ള കലാമത്സരങ്ങളിലൂടെ പ്രോത്സാഹിപ്പിക്കപ്പെടുന്നു. ഭവനനിർമ്മാണരംഗത്തു പല ശാഖകളും പ്രശംസാർഹമായ സേവനം നടത്തുന്നുണ്ട്. 1972-ൽ ജൂബിലി സ്മാരകമായി മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ 25 വീടുകൾ നിർമ്മിച്ച് സാധുക്കൾക്കു നൽകി. വസ്ത്രം, ഭക്ഷണം, ചികിത്സ, വിദ്യാഭ്യാസം, വിവാഹം തുടങ്ങിയവയ്ക്കുള്ള സഹായങ്ങളും ചെയ്തുവരുന്നു. മിഷൻലീഗ് അംഗങ്ങളുടെ അഭിരുചികളും ആഭിമുഖ്യങ്ങളും വളർത്താൻ സെമിനാറുകളും സ്റ്റഡിക്ലാസ്സുകളും നടത്തിക്കൊണ്ടിരിക്കുന്നു. ചെറുപുഷ്പമിഷൻലീഗ് ഇന്നു ഏഷ്യയിലെ ഏറ്റവും വലിയ ഏതദ്ദേശീയ അൽമായ പ്രേഷിതസംഘടനയായിത്തീർന്നിരിക്കുകയാണ്.

5. ഫ്രാൻസിസ്കൻ അസോസിയേഷൻ.

കുടുംബജീവിതം നയിക്കുന്ന സ്ത്രീപുരുഷന്മാർക്ക് സുവിശേഷപരിപൂർണ്ണത പ്രാപിക്കുന്നതിനു സഹായകമായ സംഘടനയാണ് ഫ്രാൻസിസ്കൻ അസോസിയേഷൻ. ഫ്രാൻസിസ്കൻ ചൈതന്യം പ്രചരിപ്പിക്കുക എന്നതാണ് ഈ സംഘടനയുടെ ഉദ്ദേശ്യം. ''രണ്ടാം ക്രിസ്തു'' എന്ന അപരനാമത്തിൽ അറിയപ്പെടുന്ന വി. ഫ്രാൻസീസ് അസ്സീസിയാണ് ഇതിന്റെ സ്ഥാപകൻ. ''തപസ്സിന്റെ സഭ''

(order of penance) എന്നാണ് പുണ്യവാൻ അതിന പേരുകൊടുത്തത്. പുരുഷന്മാക്കും സ്ത്രീകൾക്കുമായി ആദ്യം രണ്ടു സഭകൾ സ്ഥാപിച്ചശേഷം മൂന്നാമതു സ്ഥാപിച്ചതുകൊണ്ട് മൂന്നാം സഭ എന്നു് ഇതിനെ വിളിച്ചുപോരുന്നു. ഈ സഭയ്ക്ക് വി. ഫ്രാൻസീസ് എഴുതിയ നിയമാവലി നാലാം നിക്കോളോസ്, പതിമ്മൂന്നാം ലെയോ എന്നീ മാർപ്പാപ്പാമാർ കാലോചിതമായി നവീകരിച്ചു സംഗ്രഹിച്ചു. 1957–ൽ ഒരു മൂന്നാം സഭാംഗവും കൂടിയായിരുന്ന 12–ാംപീയൂസ് മാർപാപ്പാ മൂന്നാംസഭയുടെ നിയമത്തിനു് കൂടുതൽ വിശദമായ ഒരു ഔദ്യോഗിക വ്യാഖ്യാനം അംഗീകരിച്ചു പ്രസിദ്ധപ്പെടുത്തി. മേൽപ്പറഞ്ഞ നിയമവും ഭരണഘടനയുമനുസരിച്ചാണ് ഇപ്പോഴും ലോകമാകെയുള്ള ഫ്രാൻസിസ്കന്റെ മൂന്നാംസഭ ഭരിക്കപ്പെടുന്നതു്. മൂന്നാം സഭാംഗങ്ങളായി നൂറിലധികം സ്ത്രീപുരുഷന്മാർ വിശുദ്ധപദം അലങ്കരിക്കുന്നവരുണ്ട്. എൺപതു പേരുടെ നാമകരണനടപടി റോമിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഫ്രാൻസിസ്കന്റെ മൂന്നാം സഭയിൽ ലോകത്തിലാകെ 45 ലക്ഷം അംഗങ്ങളുണ്ട്.

കേരളത്തിൽ ആദ്യമായി ഈ സഭ സ്ഥാപിച്ചതു് 1875–ൽ ആണു്. എടത്വാ സ്വദേശി പുത്തൻപറമ്പിൽ തൊമ്മച്ചൻ എന്ന 28 വയസ്സുള്ള യുവാവാണു് സ്ഥാപകൻ.

ഈ സംഘടന പാലാ രൂപതയിൽപ്പെട്ട മരങ്ങാട്ടുപിള്ളിയിൽ 1889–ൽ ആരംഭിച്ചു. ഇപ്പോൾ ഈ രൂപതയിൽ പല ഇടവകകളിലും ഇതിന്റെ ശാഖകൾ സ്ഥാപിതമായിട്ടുണ്ട്. യുവജനങ്ങൾക്കു വേണ്ടി യുവാവായ ഫ്രാൻസീസ് സ്ഥാപിച്ച ഈ മൂന്നാംസഭയിൽ ഇപ്പോൾ വയോവൃദ്ധരായ സ്ത്രീപുരുഷന്മാരാണ് കൂടുതലും അംഗങ്ങളായിട്ടുള്ളതു്. യുവാക്കളെ ഉദ്ദേശിച്ചു് കപ്പൂച്ചിൻ സഭാംഗമായ ബ. ലീയോ അച്ചൻ 1944–ൽ ''സത്യാരാധനസഖ്യം'' എന്നൊരു സംഘടന ആരംഭിച്ചതിനുശേഷം മൂന്നാം സഭയിൽ പ്രവർത്തിക്കുന്നതിനു് ചില ഇടവകകളിൽ ചെറുപ്പക്കാർ മുന്നോട്ടു വന്നുകൊണ്ടിരിക്കുന്നു. ഇന്നു് പാലാ രൂപതയിൽ ഫ്രാൻസിസ്കന്റെ മൂന്നാംസഭയുടെ 58 ശാഖകൾ പ്രവർത്തിക്കുന്നുണ്ട്.

വ്യക്തികളെ ഫ്രാൻസിസ്കൻ അരൂപിയിൽ വാർത്തെടുക്കാൻ ഈ സംഘടന പരിശ്രമിക്കുന്നു. വ്യക്തികളുടെയും കുടുംബങ്ങളുടെയും പരിശുദ്ധിയും സാമൂഹികപ്രവർത്തനവും പ്രധാന ലക്ഷ്യങ്ങളാണു്. അതിനുവേണ്ടി പല സ്ഥലത്തും കുടുംബക്ഷേമസമിതികളും സംഘടിപ്പിക്കുന്നു. സാമ്പത്തികക്ലേശത്താൽ പെൺകുട്ടികളെ വിവാഹം കഴിച്ചയയ്ക്കാൻ പ്രയാസപ്പെടുന്നവർക്കായി 'വിവാഹഫണ്ട്' പ്രവർത്തിക്കുന്നുണ്ട്. കുടുംബങ്ങൾക്കാവശ്യമായ കുടകൾ, വസ്ത്രങ്ങൾ, പാത്രങ്ങൾ മുതലായവ വിതരണം ചെയ്യുകയും ഭവനനിർമ്മാണത്തിനു് സഹായിക്കുകയും ചെയ്യുന്നു. മാതൃകാപരമായ ക്രിസ്തീയ ജീവിതം നയിക്കുക, ദിനശുശ്രൂഷ നടത്തുക, കലഹങ്ങൾ ശമിപ്പിക്കുക, വേദപാഠം പഠിപ്പിക്കുക, സൽഗ്രന്ഥങ്ങളും കത്തോലിക്കാ പ്രസിദ്ധീകരണങ്ങളും പ്രചരിപ്പിക്കുക, കുടുംബങ്ങളിൽ അനുദിന സുവിശേഷപാരായണം പ്രോത്സാഹിപ്പിക്കുക മുതലായവ ഈ സംഘടനയുടെ പ്രവർത്തനങ്ങളാണു്. പാലാ രൂപതയിലെ ഫ്രാൻസിസ്കന്റെ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ 'അസീസി സ്നേഹഭവൻ' എന്ന പേരിൽ ഒരു വൃദ്ധമന്ദിരം 1972–ൽ ഭരണങ്ങാനത്തു സ്ഥാപിച്ചു നടത്തിവരുന്നു.

6. പൊന്തിഫിക്കൽ വേദപ്രചാരസംഘം

പ്രേഷിതപ്രവർത്തനത്തെ സഹായിക്കുന്നതിനായി രൂപവത്കരിച്ചിട്ടുള്ള ഒരു സംഘടനയാണു് വേദപ്രചാരസംഘം. 1820–ൽ പൗളിൻ ജാരിക്കോട്ട് എന്ന ഭക്തയായ ഒരു ഫ്രഞ്ചുവനിതയാണു് ഈ സംഘം ആരംഭിച്ചതു്. ഫ്രാൻസിലെ ലിയോൺസ് നഗരത്തിൽ ജ്ഞാതയായ പൗളിൻ വ്യവസായശാലകളിൽ കഠിനവേലചെയ്യുന്ന പെൺകുട്ടികളുടെ അഭ്യുന്നതിക്കായി പ്രയത്നിക്കുന്നതിനു നിശ്ചയിച്ചു. അവരുടെ നന്മയ്ക്കായി പ്രവർത്തിക്കുന്നതിനിടയിൽ, വിദേശങ്ങളിൽ പ്രേഷിതവേലചെയ്യുന്ന മിഷനറിമാരുടെ സഹായാർത്ഥം ഒരു പ്രാർത്ഥനാസംഘം രൂപവൽക്കരിച്ചു് മിഷനറിമാർക്കു് സാമ്പത്തികസഹായം നല്കുന്നതിനും അവർക്കു് ആധ്യാത്മികോന്നമനത്തിനുവേണ്ടി പ്രാർത്ഥിക്കുന്നതിനും ആഗ്രഹമുണ്ടായിരുന്നു. ഈ സംഘത്തിന്റെ പ്രവർത്തനങ്ങളിൽ സംതൃപ്തയായ തിരുസഭ 1822 മെയ് 3–ാം തീയതി വേദപ്രചാരസംഘടനയെ അംഗീകരിച്ചു. 1923–ൽ പതിനൊന്നാം പീയൂസ് മാർപ്പാപ്പാ ഇതിനെ പൊന്തിഫിക്കൽ സംഘമായി ഉയർത്തി. സംഘടനയുടെ കേന്ദ്രാസ്ഥാനം ലിയോൺസിൽനിന്നു് റോമിലേക്കു മാറ്റിസ്ഥാപിച്ചു. മിഷൻ സംഘടനകളിൽവച്ചു് ഏറ്റവും പ്രമുഖസംഘടന എന്നനിലയിൽ ഈ പ്രസ്ഥാനത്തിനു കൈവന്നു.

പ്രാർത്ഥന, സുകൃതകൃത്യങ്ങൾ, സാമ്പത്തികസഹായം ഇവവഴി ഈ സംഘടന വേദപ്രചരണത്തെ സഹായിച്ചുകൊണ്ടിരിക്കുന്നു. മിഷനുവേണ്ടി ശേഖരിക്കപ്പെടുന്ന പണം ലോകമെങ്ങുമുള്ള സുവിശേഷ

പ്രവത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനു് വിനി യോഗിക്കപ്പെടുന്നു. ഭാരതത്തിലെ മിഷൻപ്രവത്ത നങ്ങൾക്കായിഈ സംഘം ഗണ്യമായ സാമ്പത്തിക സഹായം ചെയ്യുവരുന്നു സംഘടനയുടെ അദ്ധ്യക്ഷ നും കേന്ദ്രസമിതിയും റോമിലാണു്. മിക്ക രാജ്യ ങ്ങളിലും ഒരു ദേശീയ ഡയറക്ടറുണ്ടു്. ശ്രുപതകളിൽ ശ്രുപതാ ഡയറക്ടറന്മാരും, ഇടവകകളും, വിദ്യാലയ ങ്ങളും മുതലായ സ്ഥാപനങ്ങളിൽ പ്രാദേശിക ഡയറ ക്ടർമാരും അദ്ദേഹത്തിന്റെ കീഴിൽ പ്രമോട്ടറന്മാരും പ്രവത്തിക്കുന്നു. പ്രൊമോട്ടേഴ്സ് അംഗങ്ങളിൽ നിന്നു് പണം ശേഖരിച്ചു് പ്രാദേശിക ഡയറക്ടറന്മാ രേയും അദ്ദേഹം ശ്രുപതാ ഡയറക്ടരേയും ഏല്പിക്കുന്നു. ആ പണം റോമിൽ ചെന്നെത്തുന്നു. റോമിൽവച്ചു് കേന്ദ്രസമിതി ശേഖരിക്കുന്ന പണം ലോകത്തിലുള്ള വിവിധ മിഷൻ രംഗങ്ങളിൽ വിതരണം ചെയ്യ പ്പെടുന്നു.

അംഗങ്ങൾ മാതൃകാപരമായ ജീവിതം വഴിയാ യി ക്രിസ്തുവിനു സാക്ഷ്യം വഹിക്കുന്നു. അനേക വർഷങ്ങളായി നമ്മുടെ ശ്രുപതയിലും ഈ സംഘം പ്രവത്തിച്ചു വരുന്നു. വേദപ്രചാരസംഘത്തിന്റെ ആഭിമുഖ്യത്തിലാണു് ശ്രുപതയിൽ പ്രതിവർഷം മിഷൻ ഞായർ ആചരിക്കുന്നതു്.

7. പൊന്തിഫിക്കൽ തിരുബാലസംഘം

കത്തോലിക്കാ ബാലഗണങ്ങളുടെ ലോകവ്യാ പകമായ ഒരു സംഘടനയാണു് പൊന്തിഫിക്കൽ തിരുബാലസംഘം. മാർപ്പാപ്പായുടെ മഹനീയ സംരക്ഷണത്തിലും പ്രത്യേകമേൽനോട്ടത്തിലുമായ തുകൊണ്ടു് ഈ സംഘത്തെ പൊന്തിഫിക്കൽ എന്നു പറയുന്നു. 1843—ൽ അഭിവന്ദ്യചാറത്സ് ഫോർ ബിൻ ജാൻസൺ എന്ന മെത്രാനാണു് തിരുബാല സംഘം ആരംഭിച്ചതു്. ഫ്രാൻസിലെ നാൻസി എന്ന സ്ഥലത്തെ മെത്രാനായ അദ്ദേഹം മിഷൻ രാജ്യ ങ്ങളിലെ അനാഥക്കുഞ്ഞുങ്ങളുടെ ദയനീയസ്ഥിതി കണ്ടു് മനസ്സലിഞ്ഞാണു് ഈ സംഘത്തിനു് ജന്മം നൽകിയതു്. ആ കുഞ്ഞുങ്ങളുടെ ഭക്ഷണത്തിനും വിദ്യാഭ്യാസത്തിനും മറ്റുമായി സാമ്പത്തിക സ ഹായം ചെയ്യേണ്ടതാവശ്യമായിരുന്നു. നിഷ്കള ങ്കരും നിരാലംബരുമായ ആ കുഞ്ഞുങ്ങളുടെ പരിര ക്ഷണാത്ഥം ഈ സംഘം പ്രവർത്തനം തുടങ്ങി. 1922—ൽ പതിനൊന്നാം പീയൂസ് പാപ്പാ സംഘ ത്തെ പൊന്തിഫിക്കൽ സംഘമായി അംഗീകരിച്ചു.

എല്ലാ കുട്ടികളേയും തങ്ങളുടെ ചുമതലകളെ പ്പറ്റി ബോധവാന്മാരാക്കി നിസ്വാത്ഥമതികളും പ രസഹായതല്പരരും ആക്കിത്തീർക്കുവാൻ ഈ സം ഘടന വേണ്ട പരിശീലനം നൽകുന്നു. എല്ലാ വ ഷവും ഫെബ്രുവരിമാസത്തിൽ നമ്മുടെ ശ്രുപത യിൽ 'തിരുബാലദിനം' ഈ സംഘത്തിന്റെ ആ ഭിമുഖ്യത്തിൽ ആചരിക്കുന്നു.

8. പൊന്തിഫിക്കൽ മിഷനറി യൂണിയൻ

വൈദികർക്കും സന്യാസികൾക്കും വേണ്ടി പ്ര വർത്തിക്കുന്ന ഒരു സംഘടനയാണു് പൊന്തിഫി ക്കൽ മിഷനറി യൂണിയൻ. ഫാദർ പോൾ മന്നാ എന്നൊരു വൈദികനാണു് 1916—ൽ ഈ സംഘ ത്തിനു് ശ്രുപം കൊടുത്തതു്. ആരംഭത്തിൽ ഈ യൂ ണിയനിൽ വിശ്വാസികളുടെ ആത്മനിയന്ത്രക്കളാ യ വൈദികർക്കു മാത്രമേ അംഗത്വം നൽകിയിരു ന്നുള്ളു. എന്നാൽ പ്രേഷിതവൃത്തിക്കായി സ്വയം അർപ്പണം ചെയ്തിരിക്കുന്ന സന്യാസികളേയും മറ്റു് അല്മായ സമൂഹങ്ങളേയുംകൂടി, ഈ മിഷനറി യൂ ണിയനിൽ ഉൾക്കൊള്ളിക്കേണ്ടതാണെന്നു് ബോ ധ്യമായതോടെ പരിശുദ്ധ സിംഹാസനം അതിനു് അംഗീകാരം നൽകി.

1973—ൽ ആണു് ഈ പ്രസ്ഥാനം നമ്മുടെ ശ്രുപ തയിൽ സ്ഥാപിതമായതു്. വൈദികരും സന്യാ സികളുമുൾപ്പെടെ 50—ൽ പരം അംഗങ്ങൾ ഇപ്പോൾ ഈ സംഘടനയിൽ പ്രവർത്തിക്കുന്നു. സാവ്ത്രീക സഭയിൽ നടന്നുവരുന്ന മിഷൻ പ്രവർത്തനങ്ങൾ ഏ വയെന്നു ശരിക്കു മനസ്സിലാക്കുന്നതിനും അവയുടെ സുതമായവിധം തങ്ങളുടെ പ്രവർത്തനങ്ങൾ ക്രമപ്പെ ടുത്തുന്നതിനും സംഘടനാംഗങ്ങൾക്കു കഴിയുന്നുണ്ടു്.

9. കേരള കാത്തലിക് സ്റ്റുഡൻസ് ലീഗ്

K. C. S. L.

കേരളത്തിലേ കത്തോലിക്കാവിദ്യാത്ഥി പ്ര സ്ഥാനമാണു് 'കേരളകത്തോലിക്കാ വിദ്യാത്ഥി സഖ്യം'. തുശിനാപ്പള്ളി കോളെജിലെ പ്രതിഭാ ശാലികളായ ഏതാനും വിദ്യാത്ഥികളും ശ്രുഭാവ ങ്ങളും നൽകിയ ഈ പ്രസ്ഥാനത്തിനു് നേതൃത്വം നൽകിയതു് ക്രാന്തദശികളായ ഫാ. സിക്കാർഡ്, ഫാ. ഒണോരെ തുടങ്ങിയവരാണു്. 1917 മെയ് 13—ാംതീയതി ആലപ്പുഴ ലിയോ തേർട്ടീന്ത് ഹൈ സ്കൂളിൽ വച്ചു് ഇതു് ഔപചാരികമായി ഉദ്ഘാട നം ചെയ്യപ്പെട്ടു. വിദ്യാത്ഥികളുടെ സമഗ്രമായ വ്യക്തിത്വവികസനത്തെ ലാക്കാക്കി പ്രവത്തി ക്കുന്ന ഈ സംഘടനയുടെ നാളിതുവരെയുള്ള വളർച്ച യിലെ ഒരു നാഴികക്കല്ലാണു് 1972-ൽ ശ്രുപം കൊണ്ട ഇതിന്റെ മാർഗ്ഗരേഖ. ''ക്രിസ്തുവിലേയ്ക്കു് വളരുക'' എന്നതാണു് ലീഗിന്റെ ലക്ഷ്യമെന്നും 'വിശ്വാസം, പഠനം, സേവനം' എന്നീ ത്രിവിധ

മാർഗ്ഗങ്ങളിലൂടെയാണ് ഇതു സാധിക്കേണ്ടതെന്നും മാർഗ്ഗരേഖ ഊന്നിപ്പറയുന്നു.

കേരളകത്തോലിക്കാ വിദ്യാർത്ഥി സഖ്യത്തിന്റെ പ്രവർത്തനങ്ങൾക്കു വഴിവിളക്കായി നിലകൊള്ളുന്ന ഈ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ രൂപതയിൽ കെ. സി. എസ്. എൽ ഊർജ്ജസ്വലമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഓരോ പ്രവർത്തനവർഷത്തിന്റെയും ആരംഭകാലത്തു് ലീഗ് പ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുക്കുന്നവർക്കായി സെമിനാർ സംഘടിപ്പിക്കുന്നു. ഓരോ ശാഖയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്കു വേണ്ടി രൂപതാതലത്തിൽ സംഘടിപ്പിച്ചുവരുന്ന സെമിനാർ ശാഖാപ്രവർത്തനങ്ങൾക്കു ഉന്മേഷം പകരാൻ പര്യാപ്തമാണു്. ബൈബിളിലും മതപരമായ വിഷയങ്ങളിലും അവഗാഹമായ അറിവു നേടാൻ കെ. സി. എസ്. എൽ. പഠനക്കളരികൾ, ക്വിസ് പ്രോഗ്രാം, ഡിബേറ്റു്, സിമ്പോസിയം. സംഘാതചർച്ചകൾ ഇവ നടത്തിവരുന്നു. മോക് അസംബ്ലി, വിദ്യാർത്ഥിസമ്മേളനങ്ങൾ എന്നിവ വഴി വിദ്യാർത്ഥികളുടെ വാഗ്മിതയും ചിന്താശക്തിയും വളർത്തിയെടുക്കാൻ സാധിക്കുന്നു. വിദ്യാർത്ഥികളുടെ സാഹിത്യാഭിരുചി പരിപോഷിപ്പിക്കുന്നതിനു് ഓരോ ശാഖയ്ക്കും സ്വന്തമായുള്ള കൈയെഴുത്തുമാസിക ഉപകരിക്കുന്നുണ്ടു്. രൂപതാവാർഷികത്തോടനുബന്ധിച്ചു് ഏറ്റവും നല്ല കൈയെഴുത്തു മാസികയ്ക്കു് 'പ്രതിഭാ' ട്രോഫിയും ക്യാഷ് അവാർഡും നൽകുന്നുണ്ടു്. എസ്. എസ്. എൽ. സി പരീക്ഷയ്ക്കു് ഏറ്റവും കൂടുതൽ മാർക്കു വാങ്ങുന്ന ലീഗംഗത്തിനു് പ്രത്യേകസ്കോളർഷിപ്പു നൽകിവരുന്നു. സംഘടനാംഗങ്ങളുടെ കായികവും കലാപരവുമായ അഭ്യുന്നതിയ്ക്കു് ഉപയുക്തമാകുന്ന വിധം പല പരിപാടികളും ആവിഷ്കരിച്ചിട്ടുണ്ടു്. ഓറട്ടറി ക്ലബ്ബു്, സോഷ്യൽ ആക്ഷൻ ക്ലബ്ബു് എന്നിവയുടെ പ്രവർത്തനങ്ങളും അവയിൽ ചിലതാണു്. വിവിധയിനം മത്സരങ്ങളും, ഉല്പ്പെടുത്തി സംഘടിപ്പിച്ചുകൊണ്ടിരിക്കുന്ന പ്രതിവർഷകലാകായിക മേള വിദ്യാർത്ഥികളുടെ സാമൂഹികബോധവും ഓജസ്സും ഊർജ്ജസ്വലതയും പരിപോഷിപ്പിക്കുത്തക്കതത്രേ. ലീഗിന്റെ ഔദ്യോഗിക 'ജിഹ്വ'യായ ''കത്തോലിക്കാ വിദ്യാർത്ഥി'' എന്ന പ്രസിദ്ധീകരണം പ്രചരിപ്പിക്കുന്നതിൽ അംഗങ്ങളും തല്പരരാണു്. നേതൃത്വപരിശീലനക്യാമ്പുകളും സംഘടിപ്പിക്കാറുണ്ടു്.

ഇങ്ങനെ ബഹുമുഖമായ പ്രവർത്തനപരിപാടികളിലൂടെ വിദ്യാർത്ഥികളുടെ സമഗ്രമായ വളർച്ചക്കായി യത്നിക്കുന്ന ലീഗിനു് നാളെയുടെ കാതിൽ തന്റെ ഔത്യമെന്തെന്നു് ഉച്ചത്തിൽ പറയാനും നാളത്തെ ലോകത്തിൽ ശക്തമായി പ്രവർത്തിക്കാനും സാധിക്കുമെന്നു നമുക്കു പ്രത്യാശിക്കാം.

10. ആം ഇൻഡ്യാ കാത്തലിക്

യൂണിവേഴ്സിറ്റി ഫെഡറേഷൻ

AICUF

സർവ്വകലാശാലാ വിദ്യാർത്ഥികളുടെ ഒരു ദേശീയ സംഘടനയാണു് ആം ഇൻഡ്യാ കാത്തലിക് യൂണിവേഴ്സിറ്റി ഫെഡറേഷൻ. ഇൻഡ്യയിലെ വിദ്യാർത്ഥിപ്രസ്ഥാനത്തിൽ ഗണനീയമായ സ്വാധീനശക്തി ചെലുത്താൻ കഴിയുന്ന ഐക്യഫ്രന്റെ ചെറിയ തോതിലുള്ള തുടക്കം 1919–ൽ ആയിരുന്നു. പല ഘട്ടങ്ങളിലെ വളർച്ചയുടെ ശേഷമാണു് ഒരു അഖിലേന്ത്യാ പ്രസ്ഥാനമായി ഈ സംഘടനരൂപം പ്രാപിച്ചതു്. ഫാ. ഒണോരെ എസ്. ജെ. യുടെ നേതൃത്വത്തിൽ ആദ്യഘട്ടത്തിൽ പ്രവർത്തനം ആരംഭിച്ച മലബാർ കാത്തലിക് യൂത്തു് ലീഗു് 1924–ൽ തൃശിനാപ്പള്ളിയിൽ ഫാ. പി. കാർട്ടിയുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവന്ന കാത്തലിക് യംഗ്മെൻസ് ഗിൽഡുമായി ചേർന്നു് 1929–ൽ ഒരു ഫെഡറേഷൻ ആയിത്തീർന്നു. 1937–ൽ ഇന്റർനാഷനൽ മൂവ്മെന്റ് ഓഫ് കാത്തലിക് സ്റ്റുഡൻസ് എന്ന അന്താരാഷ്ട്ര സംഘടനയോടു് അഫിലിയേറ്റു് ചെയ്യപ്പെട്ട ഈ ഫെഡറേഷൻ 1949 ആയപ്പോഴേയ്ക്കും ആം ഇൻഡ്യാ കാത്തലിക് യൂണിവേഴ്സിറ്റി ഫെഡറേഷൻ എന്ന പേരിൽ ഒരു ദേശീയ വിദ്യാർത്ഥിപ്രസ്ഥാനമായി വളർന്നു. ഈ അഖിലേന്ത്യാ വിദ്യാർത്ഥിപ്രസ്ഥാനത്തെ തികച്ചും ദേശീയമായ കാഴ്ചപ്പാടോടെ വളർത്തിയെടുക്കുന്നതിൽ ഗണനീയമായ പങ്കു വഹിച്ചതു് ദീർഘകാലം ഇതിന്റെ നാഷണൽ ഡയറക്ടർ ആയിരുന്ന ഫാ. സിറാക്കു് എസ്. ജെ. ആണു്. 1954–ൽ ഐക്യഫ്രന്റെ കേന്ദ്രസ്ഥാനം തൃശിനാപ്പള്ളിയിൽനിന്നു് മദ്രാസിലേക്കു് മാറ്റി സ്ഥാപിച്ചു. സി. ബി. സി. ഐ യുടെ അംഗീകാരം നേടിയ ഈ കത്തോലിക്കാ വിദ്യാർത്ഥിപ്രസ്ഥാനം സി. എസ്. യു എന്നപേരിലാണു് വളരെക്കാലം നമ്മുടെ കലാലയങ്ങളിൽ അറിയപ്പെട്ടിരുന്നതു്.

ഈ ദേശീയ സംഘടനയ്ക്കു് 24000–ൽ അധികം അംഗങ്ങളുണ്ടു്. പ്രാദേശികാടിസ്ഥാനത്തിൽ 14 റീജിയണുകളിലായി 260 യൂണിറ്റുകളാണുള്ളതു്. സംഘടനയുടെ ചിന്താപദ്ധതികളും പ്രവർത്തനപരിപാടികളും ഫലപ്രദമായി വിശദീകരിക്കാൻ സഹായകമായ ഔദ്യോഗിക പ്രസിദ്ധീകരണങ്ങളും പല

തുണ്ട്. "The Rally" സെൻട്രൽ സെക്രട്ടറിയേറ്റിൽനിന്നുള്ള ഐക്കഫിന്റെ ഔദ്യോഗിക പ്രസിദ്ധീകരണമാണ്.

ഐക്കഫിന്റെ ഒരു ശാഖ 1950-ൽ പാലാ സെന്റ് തോമസ് കോളേജിൽ ആരംഭിച്ചു. പാലാ അൽഫോൻസാ കോളേജ്, കുറവിലങ്ങാട് ദേവമാതാ കോളേജ്, അരുവിത്തുറ സെന്റ് ജോർജ് കോളേജ് എന്നീ സ്ഥാപനങ്ങളിലും ഈ വിദ്യാർത്ഥി പ്രസ്ഥാനം പ്രവർത്തിച്ചുവരുന്നുണ്ട്.

വിദ്യാർത്ഥികളുടെ മാനുഷികവും മതപരവുമായ പരിശീലനത്തിലും വളർച്ചയിലും ഈ സംഘടന സവിശേഷമായ ശ്രദ്ധ ചെലുത്തുന്നു. ആദ്ധ്യാത്മികവും മാനസികവുമായ പുണ്ണവികാസം ലക്ഷ്യമാക്കിയുള്ള പഠനചർച്ചകൾക്കും നേതൃത്വപരിശീലനത്തിനും സാമൂഹിക പ്രവർത്തനത്തിനും ഐക്കഫ് പ്രാധാന്യം നൽകുന്നു. കലാകാരന്മാരേയും വാസനാസമ്പന്നരേയും കണ്ടെത്തുവാനും പ്രോത്സാഹിപ്പിക്കുവാനുമായി ഒരു സാംസ്കാരിക സമിതി, സാമൂഹികസേവനത്തിനു വേദിയൊരുക്കുന്ന ഒരു സാമൂഹിക സേവനസമിതി, പഠനവും ചിന്തയും ബൗദ്ധികാഭിവൃദ്ധിയും ലക്ഷ്യംവച്ചുള്ള ഒരു അദ്ധ്യയനസമിതി, ഇങ്ങനെ പ്രധാനമായും മൂന്നു മണ്ഡലങ്ങളിലാണ് പ്രവർത്തനം കേന്ദ്രീകരിച്ചിരിക്കുന്നത്. ഓറ്റേറി ക്ലബ്, ഡ്രാമാറ്റിക് ക്ലബ്, ബുക്ക് ബാങ്ക്, ഐക്കഫ് കൃഷിത്തോട്ടം, ഇവ വിവിധ സമിതികളുടെ കീഴിൽ സംഘടിപ്പിക്കപ്പെട്ടിരിക്കുന്ന പ്രവർത്തനപരിപാടികളാണ്. കോളേജിലെ മുഴുവൻ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിക്കൊണ്ടും ഐക്കഫ് അംഗങ്ങൾക്കു പ്രത്യേകമായും കലാമത്സരങ്ങളും സംഘടിപ്പിക്കാറുണ്ട്. വളരുന്ന എഴുത്തുകാർക്കും സാഹിത്യകാരന്മാർക്കും ഐക്കഫ് ആനുകാലികങ്ങളിൽ കൂടി അവരുടെ സാഹിത്യസൃഷ്ടികൾ അവതരിപ്പിക്കുന്നതിനും അവസരമുണ്ട്. കേരളത്തിലെ എല്ലാ കോളേജുകളേയും പങ്കെടുപ്പിച്ചുകൊണ്ട് 1971 മുതൽ നടത്തിവരുന്ന 'ഇന്റർ കോളേജിയേറ്റ് പ്രസംഗമത്സരം' പാലാ സെന്റ് തോമസ് കോളേജിലെ ഐക്കഫ് യൂണിറ്റിന്റെ പരിപാടികളിൽ പ്രധാനപ്പെട്ട ഒന്നാണ്. സെമിനാറുകൾ, ഡിബേറ്റുകൾ, ശ്രമദാനപ്രവർത്തനങ്ങൾ എന്നിവയും ഐക്കഫിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്നു.

ഇൻഡ്യയിലെ സാമൂഹിക പരിവർത്തനത്തിന്റെ ഒരു പ്രേരകശക്തിയായി ഈ അഖിലേന്ത്യാ വിദ്യാർത്ഥി പ്രസ്ഥാനം വളർന്നുവരുമെന്നു പ്രതീക്ഷിക്കാം.

11. യുവശക്തി.

പാലാ രൂപതയിലെ കത്തോലിക്കാ യുവജനപ്രസ്ഥാനമാണ് യുവശക്തി. പ്രതിഭയും സർഗ്ഗാത്മകചൈതന്യവും നിറഞ്ഞുനിൽക്കുന്ന യുവത്വത്തിന്റെ ബഹുവിധങ്ങളായ കഴിവുകളെ പരിപോഷിപ്പിച്ച് സൃഷ്ടിപരമായ വഴിത്താരകളിലേക്ക് യുവജനങ്ങളെ നയിക്കുക എന്ന ഉദ്ദേശ്യത്തോടെ സംഘടിപ്പിച്ചിരിക്കുന്ന യുവജനപ്രസ്ഥാനമാണിത്. യുവജനങ്ങളുടെ ആദ്ധ്യാത്മികവും ഭൗതികവുമായ പുരോഗതിയിൽ ശ്രദ്ധിക്കുക; അവരെ അസ്വസ്ഥരാക്കുന്ന പ്രശ്നങ്ങളും പഠിച്ച് പരിഹാരമാർഗ്ഗങ്ങളും കണ്ടെത്താൻ ശ്രമിക്കുക; യുവസഹജമായ കഴിവുകളും താല്പര്യങ്ങളും വികസിപ്പിച്ച് സമൂഹത്തിന്റെ ആദ്ധ്യാത്മികവും സാമ്പത്തികവും സാംസ്കാരികവുമായ ഉന്നമനത്തിനു വേണ്ടി പ്രവർത്തിക്കാൻ അവരെ സന്നദ്ധരാക്കുക; പരസ്പരം ആശയവിനിമയം ചെയ്യുന്നതിനും സംഘടിതമായി പ്രവർത്തിക്കുന്നതിനും പൊതുവേദികളും സൃഷ്ടിക്കുക മുതലായവയാണ് യുവശക്തിയുടെ പ്രഖ്യാപിതലക്ഷ്യങ്ങളും.

പാലാ രൂപതയിലെ ഇടവകകളിൽ വിവിധ പേരുകളിൽ പ്രവർത്തിച്ചുവന്നിരുന്ന യുവജനസംഘടനകളും യോജിപ്പിച്ച് 'യുവശക്തി' എന്ന പേരിൽ ഒരു സംഘടിത യുവജനപ്രസ്ഥാനത്തിനു രൂപവും ഭാവവും നൽകിയതു 1973-ൽ ആണ്. പാലാ രൂപതയുടെ സഹായമെത്രാൻ റൈറ്റ് റവ. ഡോ. ജോസഫ് പള്ളിക്കാപ്പറമ്പിലും മോൺ. ഡോ. കുര്യൻ വഞ്ചിപ്പുരയ്ക്കലും ആണ് ഈ യുവജനപ്രസ്ഥാനത്തിന്റെ മുഖ്യശില്പികൾ. 1973 ജൂലൈ 15-ാം തീയതി പാലാ സെന്റ് തോമസ് ട്രെയിനിംഗ് കോളേജിൽ മാർ ജോസഫ് പള്ളിക്കാപ്പറമ്പിലിന്റെ അദ്ധ്യക്ഷതയിൽ രൂപതയിലെ ഇടവകകളെ പ്രതിനിധീകരിച്ച് 125-ഓളം യുവജനങ്ങൾ സമ്മേളിച്ച് താല്കാലികമായി തയ്യാറാക്കിയിരുന്ന "മാഗ്നരേഖയും ഭരണഘടനയും" സമഗ്രമായി ചർച്ചചെയ്ത് അംഗീകരിച്ചതോടെ യുവശക്തി ഉദ്ഘാടനം ചെയ്യപ്പെട്ടു. അഭിവന്ദ്യ സഹായമെത്രാൻ തന്നെയാണ് യുവശക്തിയുടെ രൂപതാ ഡിറക്ടർ. 1974 ഒക്ടോബർ 18-ാംതീയതി മുതൽ യുവശക്തിയുടെ കേന്ദ്രഓഫീസ് പാലാ പാസ്റ്ററൽ സർവീസ് സെന്ററിൽ സ്ഥാപിച്ചു പ്രവർത്തിച്ചുവരുകയാണ്.

പാലാ രൂപതയിൽ 80 ഇടവകകളിൽ യുവശക്തിയുടെ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. വിപുലമായ കർമ്മരംഗങ്ങളിൽ യുവജനസംഘടന ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു. ആദ്ധ്യാത്മികവും ലൗകികവും സാമൂഹികവുമായ അഭ്യുന്നതിക്കുതകുന്ന പല പരി

പാടികളും ആവിഷ്കരിച്ചു നടപ്പാക്കുന്നു. ഭവനരഹിതരായവർക്കു ഭവനങ്ങളും നിർമ്മിച്ചുകൊടുക്കുക യുവശക്തിയുടെ പ്രഖ്യാപിതപരിപാടികളിൽ ഒന്നാണു്. സമ്പാദ്യശീലവും സ്വാശ്രയബോധവും വളർത്താനുപകരിക്കുന്ന ലഘുനിക്ഷേപപദ്ധതി പല ഇടവകകളിലും ആരംഭിച്ചിട്ടുണ്ടു്. ക്രിസ്തീയ ചൈതന്യത്തിൽ അധിഷ്ഠിതമായ ആദ്ധ്യാത്മികബോധം യുവജനങ്ങളിൽ ഉണ്ടാകണം എന്ന ആദർശത്തോടെ സ്റ്റഡിക്ലാസ്സുകളും ചർച്ചാസമ്മേളനങ്ങളും ധ്യാനങ്ങളും സംഘടിപ്പിക്കുന്നു. ഗ്രന്ഥശാലകളുടെ സ്ഥാപനം, കത്തോലിക്കാ പ്രസിദ്ധീകരണങ്ങളുടെ പ്രചാരണം, തൊഴിൽദാന പരിപാടികൾ, കായികപുരോഗതിക്കുതകുന്ന പരിശീലനങ്ങളും ഇവയ്ക്കൊക്കെ ശാഖകളും പ്രാധാന്യം നൽകുന്നു. ഉത്തമകുടുംബജീവിതത്തിനു സഹായകമായ കുടുംബക്ഷേമ സെമിനാറുകൾ, വിവാഹാന്തസ്സിൽ പ്രവേശിക്കാനുദ്ദേശിക്കുന്ന യുവതീയുവാക്കന്മാർക്കായി പഠനക്ലാസുകൾ ഇവ സംഘടിപ്പിച്ചുവരുന്നു. ദരിദ്രബാലികയും തിരുക്കർമ്മങ്ങളും സജീവമാക്കാൻ സഹകരിക്കുകയും തിരുനാളുകൾ പൊതുപരിപാടികൾ ഇവ ഭംഗിയാക്കാൻ സന്നദ്ധസംഘമായി പ്രവർത്തിക്കുകയും ചെയ്യുന്നുണ്ടു്. കോളേജുകൾ, റസിഡൻസെൻററുകൾ ഇവ നടത്തി അഭ്യസ്തവിദ്യർക്കു തൊഴിലും വിദ്യാർത്ഥികൾക്കു വിദ്യാഭ്യാസസൗകര്യവും നൽകുന്നുണ്ടു്. കലാകായികരംഗങ്ങളിൽ പ്രോത്സാഹനം നൽകാൻ ആർട്ടുസു്, സ്പോർട്ടുസു് ക്ലബ്ബുകൾ പ്രവർത്തിക്കുകയും മത്സരങ്ങൾ നടത്തി സമ്മാനങ്ങൾ നൽകുകയും ചെയ്യുവരുന്നു.

കഴിവിൻെറ കലവറകളായ യുവജനങ്ങളുടെ കർമ്മശേഷി സമാഹരിച്ചു് സമുജ്ജ്വലിപ്പിച്ചു് സമസ്തഷ്ടങ്ങളുടെ നന്മയ്ക്കും സമുദായത്തിൻെറ സുസ്ഥിതിക്കും ഉപയുക്തമാക്കാൻ ഈ സംഘടന സോത്സാഹം ശ്രമിക്കുന്നു.

12. അഖിലകേരള കത്തോലിക്കാകോൺഗ്രസു്

കേരളത്തിലെ കത്തോലിക്കാസമുദായത്തിൻെറ പൊതുതാത്പര്യങ്ങൾ പരിരക്ഷിക്കുന്നതിനും അസമത്വങ്ങൾ തീർക്കുന്നതിനും അവകാശങ്ങൾ നേടിയെടുക്കുന്നതിനുംവേണ്ടി കഴിഞ്ഞ അരശതാബ്ദത്തിലേറെക്കാലമായി നിസ്തന്ദ്രയത്നം ചെയ്തുകൊണ്ടിരിക്കുന്ന ഒരു സംഘടനയാണിതു്. ദീർഘകാലത്തെ ആലോചനയുടെയും പരിശ്രമത്തിൻെറയും ഫലമായിട്ടാണു് ഈ സംഘടന രൂപംപ്രാപിച്ചതു്.

1905–ൽ സമുദായത്തിനു ഒരു പൊതുവേദി വേണമെന്ന അഭിപ്രായം മാന്നാനത്തു നാല്പതുമണി ആരാധനയ്ക്കു കൂടിയവരിൽ മുളയെടുത്തു. അതിനുവേണ്ടി അന്നു് ചില ശ്രമങ്ങൾ നടന്നെങ്കിലും വിജയിച്ചില്ല. 1907–മുതൽ വടക്കുംഭാഗം സാമൂഹ്യസമ്മേളനം എന്ന പേരിൽ വർഷംതോറും സമുദായത്തിലെ പ്രധാന വ്യക്തികൾ സമ്മേളിച്ചു ചർച്ച നടത്തിവന്നു. 10 വർഷം ആ സമ്മേളനം നടന്നു. 1918 ഏപ്രിൽ 30–ാം തീയതി ചങ്ങനാശേരിയിൽ വച്ചു് കത്തോലിക്കാ മഹാജനസഭ എന്ന പേരിൽ ഒരു സാമുദായികസംഘടന ആരംഭിച്ചു. ഈ സംഘടന ആണു് 1931-ൽ അഖിലകേരള കത്തോലിക്കാ കോൺഗ്രസു് എന്ന പേരിൽ കേരള കത്തോലിക്കരുടെ പൊതുസംഘടനയായിത്തീർന്നതു്.

കേരളത്തിലെ എല്ലാ വൈദികമേലദ്ധ്യക്ഷന്മാരുടേയും അംഗീകാരവും സംരക്ഷണവും ഈ സംഘടനയ്ക്കുണ്ടു്. അവർ അംഗീകരിച്ച ഒരു ഭരണഘടന അനുസരിച്ചാണു് സംഘടനയുടെ പ്രവർത്തനം നടന്നുപോരുന്നതു്. സഭാഭരണം സംബന്ധിച്ച കാര്യങ്ങളിൽ ഇടപെടാതെയും ഒരു തനി രാഷ്ട്രീയകക്ഷിയായി നിലകൊള്ളാതെയും കേരള കത്തോലിക്കരുടെ മതപരവും സാമുദായികവും സാംസ്കാരികവും രാഷ്ട്രീയവുമായ താത്പര്യങ്ങളുടെ പരിരക്ഷണത്തിനും സമുദായത്തിൻെറ സർവ്വതോമുഖമായ ഉത്കർഷത്തിനുംവേണ്ടി യത്നിക്കുകയാണു് കത്തോലിക്കാ കോൺഗ്രസ്സിൻെറ ലക്ഷ്യം.

പ്രാധാന്യമർഹിക്കുന്ന പൊതുപ്രശ്നങ്ങൾ സംബന്ധിച്ചു് സമുദായാംഗങ്ങൾക്കു് പ്രബോധനം നൽകുകയും പൊതുജനാഭിപ്രായം സ്വീകരിച്ചു് പൗരാവകാശങ്ങളേയും അവശതകളേയും പറ്റി യഥാസ്ഥാനങ്ങളിൽ നിവേദനം നടത്തുകയും അവശതാപരിഹാരത്തിനുപയുക്തമായ നടപടികൾ സ്വീകരിക്കുകയും സമുദായാംഗങ്ങളുടെ സാമ്പത്തികോന്നമനത്തിനു് ആവശ്യമായ പദ്ധതികൾ അംഗീകരിക്കുകയും ചെയ്തിട്ടുണ്ടു്. രാഷ്ട്രീയമണ്ഡലത്തിലും ഉദ്യോഗലബ്ധിയുടെ കാര്യത്തിലും ന്യൂനപക്ഷങ്ങളുടെ അവകാശസംരക്ഷണത്തിലും വിദ്യാഭ്യാസസ്വാതന്ത്ര്യസംരക്ഷണത്തിലുമെല്ലാം കത്തോലിക്കാ കോൺഗ്രസിൻെറ സേവനം സമുദായത്തിനു താങ്ങും തണലുമായിരുന്നിട്ടുണ്ടു്. നിയമസഭയിലും പാർലമെൻറിലും അവതരിപ്പിക്കപ്പെടുന്ന ബില്ലുകൾ കത്തോലിക്കരുടെ സാമുദായികവും മതപരവുമായ താത്പര്യങ്ങളെ എങ്ങനെ ബാധിക്കുമെന്നു് സസൂക്ഷ്മം പരിശോധിച്ചു് ആവശ്യമായി വരുന്ന ഘട്ടങ്ങളിൽ സമുദായത്തിൻെറ അഭിപ്രായം പ്രകടിപ്പിക്കുവാനും അതനുസരിച്ചു് പ്രസ്തുത ബില്ലുകളെ ഭേദപ്പെടുത്തുവാൻ നിയമസഭകളെ പ്രേരിപ്പിക്കുവാനും കത്തോലിക്കാ കോൺഗ്രസു് ശ്രമിച്ചിട്ടുണ്ടു്. പള്ളികളും ശ്മശാനങ്ങളും സ്ഥാപിക്കുന്നതു സംബന്ധിച്ചുള്ള നിയമ

ങ്ങളിലും മരിച്ചശേഷം 6 മണിക്കൂറിനുള്ളിൽ ശവ സംസ്ക്കാരം നടത്തിക്കൊള്ളണമെന്നുള്ള വകുപ്പും പ്പെടുന്ന പഞ്ചായത്തു് ആക്ടിലും ക്രിസ്ത്യൻ മാര്യേജ് ആക്ടിലും പിന്തുടർച്ചാവകാശനിയമത്തിലുമെല്ലാം അപ്രകാരം ഉണ്ടായിരുന്ന കത്തോലിക്കാ വിരുദ്ധ താത്പര്യങ്ങളെ ഒഴിവാക്കുവാൻ കത്തോലിക്കാ കോൺഗ്രസ്സിനു കഴിഞ്ഞിട്ടുണ്ടു്. സർ. സി. പി. രാമസ്വാമി അയ്യർ തിരുവിതാംകൂർ ദിവാനായിരുന്ന കാലത്തും പനമ്പള്ളി ഗോവിന്ദമേനോൻ തിരു-കൊച്ചി മുഖ്യമന്ത്രിയായിരുന്ന കാലത്തും ജോസഫ് മുണ്ടശ്ശേരി കേരള വിദ്യാഭ്യാസമന്ത്രിയായിരുന്ന കാലത്തും സി. അച്യുതമേനോൻ കേരളാ മുഖ്യമന്ത്രിയായിരുന്ന കാലത്തും കത്തോലിക്കാ വിദ്യാഭ്യാസതാല്പര്യത്തിനെതിരായി സ്വീകരിച്ച നടപടികളെ പിൻവലിക്കുന്നതിനു് നടത്തിയ സമരങ്ങൾക്കു നേതൃത്വം കൊടുത്തതു് കത്തോലിക്കാ കോൺഗ്രസാണു്. ഹരിജനങ്ങളിൽനിന്നും മതപരിവർത്തനം ചെയ്തിട്ടുള്ള ക്രിസ്ത്യാനികൾക്കു് ഇന്നു കേരളത്തിൽ ഭാരതത്തിലെ ഇതര സ്റ്റേറ്റുകളിൽനിന്നും വ്യത്യസ്തമായി ലഭിക്കുന്ന ആനുകൂല്യങ്ങൾ സമ്പാദിക്കുന്നതിനു് കത്തോലിക്കാകോൺഗ്രസ് മുഖ്യപങ്കു വഹിച്ചിട്ടുണ്ടു്. സമരപരിപാടികൾ സ്വീകരിച്ചു് സ്വന്ത താത്പര്യങ്ങളെ സംരക്ഷിക്കുക എന്ന രാഷ്ട്രീയ രീതി കത്തോലിക്കർ പൊതുവേ സ്വീകരിക്കാതിരുന്ന പരിതസ്ഥിതിയിൽ മെമ്മോറാണ്ടങ്ങളും നിവേദനങ്ങളും പ്രതിഷേധയോഗങ്ങളും പ്രമേയാംഗീകരണങ്ങളും മൂലം കത്തോലിക്കരുടെ വികാരങ്ങളെ അധികാരസ്ഥാനങ്ങളിലെത്തിച്ചു് പ്രതിവിധി നേടുക എന്ന നയത്തിലൂടെ സമുദായത്തിന്റെ താത്പര്യങ്ങളെ സംരക്ഷിക്കുന്നതിൽ അങ്ങേയറ്റം വിജയം വരിക്കുവാൻ കഴിഞ്ഞ കാലങ്ങളിൽ കത്തോലിക്കാകോൺഗ്രസിനു കഴിഞ്ഞു. മിഷനറിമാരുടെ പ്രശ്നങ്ങളും, കുടിയേറ്റക്കാരുടെയും കൃഷിക്കാരുടെയും പ്രശ്നങ്ങളും എന്നിവയും സക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നു പരിഹാരം കാണാൻ എ. കെ. സി. സി. പരിശ്രമിച്ചിട്ടുണ്ടു്.

കത്തോലിക്കാ കോൺഗ്രസ് അതിന്റെ ആരംഭകാലം മുതൽ പാലാ രൂപതയിൽ പ്രവർത്തിക്കാൻ തുടങ്ങി. അതിന്റെ എല്ലാ ചലനങ്ങളിലും പാലാ രൂപത നിർണ്ണായകമായ പങ്കു വഹിച്ചിട്ടുണ്ടു്. കോൺഗ്രസിന്റെ ചരിത്രത്തിൽ പുത്തൻ വഴിത്തിരിവുകൾ സൃഷ്ടിച്ചുകൊണ്ടു് 1943-ൽ പാലായിലും 1949-ൽ രാമപുരത്തും 1959-ൽ വീണ്ടും പാലായിലും വച്ചു നടന്ന സമ്മേളനങ്ങൾ പ്രാധാന്യം അർഹിക്കുന്നവയാണു്. സർ. സി. പി. യ്ക്കു് എതിരായി ആഞ്ഞടിച്ച വിദ്യാഭ്യാസപ്രക്ഷോഭണ കൊടുങ്കാറ്റിന്റെ ആക്കം കൂട്ടുന്നതിലും സംഘടനയുടെ ശാശ്വതമൂലധനത്തിന്റെ ഗണ്യമായ ഭാഗം ശേഖരിക്കുന്നതിലും ഈ രൂപതയിലെ സംഘടനാഘടകം മുന്നിട്ടു പ്രവർത്തിച്ചിട്ടുണ്ടു്.

എ. കെ. സി. സി. യുടെ സ്ഥാപകനേതാക്കളായിരുന്ന ശ്രീ ജോൺ നിധിയിരി, ഷെവ. റവ. ജെ. മാത്യു തെള്ളി തുടങ്ങി പാലാ രൂപതക്കാരായ അനേകം നേതാക്കന്മാർ കത്തോലിക്കാ കോൺഗ്രസിനെ വളർത്താനും നയിക്കാനും ഇടയായിട്ടുണ്ടെന്നതു് അഭിമാനാർഹമാണു്. എ. കെ. സി. സി. യുടെ 20 ശാഖകളും മാത്രമേ ഇപ്പോളും രൂപതയിൽ സജീവമായി പ്രവർത്തനരംഗത്തുള്ളൂ.

സമുദായത്തെ സംബന്ധിക്കുന്ന പ്രശ്നങ്ങളുദയം ചെയ്യുമ്പോളും കോൺഗ്രസ് സംഘടന സജീവമായി രംഗത്തുവരുന്നു. കഴിഞ്ഞ ന്യൂനപക്ഷാവകാശസമരത്തിൽ ഈ രൂപതയിലെ സംഘടന മുൻപന്തിയിൽ നിന്നു പ്രവർത്തിക്കുകയുണ്ടായി. കായികകലാമത്സരങ്ങളും ആണ്ടുതോറും സംഘടിപ്പിക്കുകയും വിദ്യാഭ്യാസ സ്കോളർഷിപ്പുകളും പ്രതിവർഷം നൽകുകയും ചെയ്യുന്നു. മഹാരാഷ്ട്രയിലെ നവബുദ്ധർക്കു ലഭിച്ചിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും ഹരിജൻ ക്രിസ്ത്യാനികൾക്കു നൽകണമെന്നു് പാലാ രൂപതാഘടകം നിവേദനം സമർപ്പിച്ചിട്ടുണ്ടു്.

സമുദായത്തിന്റെ താത്പര്യങ്ങളും സംരക്ഷിക്കാൻ ഈ സാമുദായികസംഘടനയെ സുശക്തമാക്കേണ്ടതു് ഈ കാലഘട്ടത്തിൽ അത്യന്താപേക്ഷിതമാണു്.

13. ഹരിജൻ കത്തോലിക്കാ മഹാജനസഭ.

(H. C. M. S.)

കേരളത്തിലെ ക്രൈസ്തവസഭയ്ക്കു് ക്രിസ്തുമതത്തോളം തന്നെ പഴക്കമുണ്ടു്. എന്നാൽ അടിമക്കാരെന്നു് വിളിക്കപ്പെട്ടിരുന്ന പേരമർ, സാംബവർ, പുലയർ തുടങ്ങിയ അധ:കൃതവിഭാഗങ്ങളെ ക്രൈസ്തവസഭയിൽ ചേർക്കുന്ന കാര്യത്തിൽ കേരളത്തിലെ പഴയ ക്രിസ്ത്യാനികൾ വിമുഖരായിരുന്നു. ആ സാഹചര്യത്തിൽ ഒരു സ്പാനിഷ് മിഷനറിയും വരാപ്പുഴ വികാരി അപ്പസ്തോലിക്കയുമായിരുന്ന ബർണ്ണർദീനോസു മെത്രാൻ തിരുമനസ്സുകൊണ്ടു് നെടുങ്ങനത്തു പള്ളിയുടെ വികാരിയായിരുന്ന പാലാക്കുന്നേൽ മത്തായി കത്തനാർക്കു് അയച്ച കല്പനയുടെ പകർപ്പു് മാന്നാനം ആശ്രമത്തിൽ സൂക്ഷിച്ചിരിക്കുന്നതു് ഉദ്ധരിക്കുകയാണു്.

''നാം മലയാളത്തിൽ അദ്ദമിനിസ്റ്റർ ദോർ അപ്പസ്തോലിക്കാ ആയ പ്രെ: ബർണ്ണർദീനോസു ദെ സാന്തത്രേസ്യാ എരക്ലേയാ എന്ന ദിക്കിന്റെ മെത്രാൻ എഴുത്തു്: നമ്മുടെ സ്നേഹപ്പെട്ട നെടുങ്കുന്നത്തു പള്ളിയുടെ ബ. വിഗാരി പാലാക്കുന്നേൽ മത്തായി കത്തനാരു കണ്ടോന്നാൽ അടിമക്കാരെ മാമ്മോദീസാ മുക്കുന്നതിനുള്ള അന്വേഷണത്തിനും മറും തന്നെ നാം ഏൽപ്പിച്ചിരുന്നതിന്റെ നടപ്പും അതു ബന്ധിച്ചു മറുള്ള വർത്തമാനങ്ങളും അറിയുന്നതിനു് ആഗ്രഹിച്ചു നാം വരാപ്പുഴ വന്ന നാൾ മുതൽ തനിക്കു് എഴുതി അയയ്ക്കുണമെന്നു് വിചാരിച്ചാറെ ഓരോ വക ബദ്ധപ്പാടുകളാൽ ഇതുവരെയും എടയില്ലാതെ ഇപ്പഴും ബദ്ധപ്പാടിന്റെ എടയിൽ എഴുതി അയയ്ക്കുന്നതെന്തെന്നാൽ ..... ഉദിയംപേരൂർ സൂനഹദോസിൽ ക്രിസ്ത്യാനികൾക്കു് മാമ്മോദീസാ മുങ്ങാത്ത അടിമക്കാരുണ്ടായിരുന്നാൽ ആയവരിൽ ദ്ധത ഇല്ലാത്ത പൈതങ്ങളെ എടുത്തു മാമ്മോദീസാ മുക്കിച്ചുകൊടുക്കയും ദ്ധം വച്ചവരായിരുന്നാൽ അവരുടെ ഒടമക്കാരു വെലയാചരിക്കാതെ സത്യവേദത്തിന്റെ അറിവുകൊടുക്കുടെ പലപ്പോഴും അവർക്കു പൊല്ലിക്കൊടുത്തു രക്ഷയുടെ വഴിക്കു അവരെ തിരിക്കുന്നതിനു് വേണ്ടുന്ന ഉത്സാഹം ചെയ്യണമെന്നും അതിൻവണ്ണം ചെയ്യാതിരുന്നവരെ വലുതായിട്ടു മേലുദ്യോഗക്കാരൻ ശിക്ഷിക്കണം എന്നും അതിന്മേൽ വിഗാരിമാരുടെ സൂക്ഷം ഉണ്ടായിരിക്കണമെന്നും കല്പിച്ചിരിക്കുന്നു. തങ്ങളുടെ കീഴുള്ളവരുടെ രക്ഷ അന്വേഷിക്കണമെന്നു് ദൈവപ്രമാണവും അതിൻവണ്ണം സൂനഹദോസിൽ കല്പിച്ചിരിക്കുന്നതും ആകയാൽ എപ്പോഴും എന്നത്തേക്കുമുള്ള ആയുസ്സിന്റെ വഴിയെ ചേരുന്നതിനുള്ള വാതിൽ തുറന്നുകൊടുപ്പാൻ നമുക്കുള്ള ആഗ്രഹം അല്ലാതെ ഒരുത്തരുടെയും ലോകപൊരുതിക്കും കഴിപ്പിനും അന്തരം വരുന്നതു അല്ലാത്തതും തങ്ങളുടെ അടിമക്കാരുടെ എന്നത്തേക്കുമുള്ള ആയുസ്സിന്റെ വഴി അന്വേഷിച്ചു അതിൽ അവരെ ചേർക്കുന്നതായിരുന്നാൽ തമ്പുരാന്റെ വാഴ്വും അവരുടെ മേൽ ഉണ്ടാകുന്നതും അതിനു് ഉപേക്ഷ വെയ്ക്കുന്നവരുടെ മേൽ തമ്പുരാന്റെ ശാപം വീഴുന്നതും.....

ഇതു വരാപ്പുഴെനിന്നും 1858-ാംകാലം മേടമാസം 27 നു്.

എന്നാൽ കല്പനപ്രകാരം അടിമക്കാരായ ഈ സാധുക്കളെ ക്രിസ്ത്യമതത്തിലേക്കു ചേർത്തപ്പോഴും ഏതെല്ലാം വിധത്തിലുള്ള എതിർപ്പുകളെ താൻ നേരിടേണ്ടിവന്നു എന്നു് പാലാക്കുന്നേലച്ചൻ തന്റെ കുറിപ്പുകളിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. ഒന്നേകാൽ നൂറ്റാണ്ടിനുശേഷം ഈ സ്ഥിതിക്കു് എത്രമാത്രം വ്യതിയാനം സംഭവിച്ചിരിക്കുന്നു!

എല്ലാ തരത്തിലും അവഗണിക്കപ്പെട്ടിരുന്ന ഹരിജൻ ക്രൈസ്തവരുടെ സമുദ്ധാരണത്തിനായി പല പ്രേഷിതപ്രമുഖരും പ്രയത്നിച്ചിട്ടുണ്ടു്. വിജയപുരം രൂപതാദ്ധ്യക്ഷന്മാരായിരുന്ന മാർ ബർണർദീനോസു്, മാർ ബെനവന്തൂരാ, മാർ അംബ്രോസു്, മേല്പറഞ്ഞ പാലാക്കുന്നേൽ ബ. മത്തായി കത്തനാർ, രാമപുരം സ്വദേശി തേവർപറമ്പിൽ ബ. കുഞ്ഞച്ചൻ തുടങ്ങിയ മഹാത്മാക്കളുടെ പേരുകളും പ്രത്യേകം എടുത്തുപറയേണ്ടതുണ്ടു്.

ഹരിജനങ്ങളുടെ ആലംബവും ആശ്വാസകേന്ദ്രവുമായിരുന്ന അവരുടെ പ്രിയപ്പെട്ട പിതാവായിരുന്ന ബ. തേവർപാമ്പിൽ ആഗസ്തിയച്ചൻ. (വളരെ കൃശഗാത്രനായിരുന്ന അദ്ദേഹത്തെ 'കുഞ്ഞച്ചൻ' എന്നാണു് എല്ലാവരും വിളിച്ചിരുന്നതു്). വി. പൗലോസിന്റെ തീഷ്ണതയോടെ ഹരിജനങ്ങളുടെ അപ്പസ്തോലനായി ജീവിതം അർപ്പിച്ചുകൊണ്ടു്, പ്രേഷിതരംഗത്തിറങ്ങിയ അദ്ദേഹം, ആറായിരത്തോളം പേരെ ജ്ഞാനസ്നാനപ്പെടുത്തുകയും അവരുടെ അഭ്യുന്നതിക്കായി മരണപര്യന്തം പരിശ്രമിക്കുകയുംചെയ്തു. ബ. കുഞ്ഞച്ചൻ 1945-ൽ പാസ്റ്ററസഹായസംഘടനയും, 1947-ൽ മിച്ചനിക്ഷേപസംഘടനയും, 1948-ൽ ചേരമർ സംഘടനയും, 1955-ൽ അവശകത്തോലിക്കാ സംഘടനയും ഹരിജൻ കത്തോലിക്കരുടെ അഭ്യുന്നതിക്കായി സ്ഥാപിച്ചു് പ്രവർത്തിക്കുകയുണ്ടായി.

ഹരിജൻ കത്തോലിക്കരുടെ ബഹുമുഖങ്ങളായ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുന്ന സംഘടനയാണു് ഹരിജൻ കത്തോലിക്കാ മഹാജനസഭ. 1955-ൽ അവശകത്തോലിക്കാ മഹാജനസഭ എന്ന പേരിൽ പ്രവർത്തനമാരംഭിച്ച ഈ സംഘടന ചില സാങ്കേതികകാരണങ്ങളാൽ 1972-ൽ ഹരിജൻ കത്തോലിക്കാ മഹാജനസഭ എന്ന നാമം സ്വീകരിച്ചു. കേരളത്തിലെ എല്ലാ രൂപതാദ്ധ്യക്ഷന്മാരും ഈ സംഘടനയുടെ രക്ഷാധികാരികളാണു്. സഭാദ്ധ്യക്ഷന്മാരുടെ നിയന്ത്രണത്തിലും സഭാംഗങ്ങളുടെ സഹകരണത്തിലുമാണു് ഹരിജൻ കത്തോലിക്കർ മുന്നേറിയതു്. അവശത അനുഭവിക്കുന്ന ഇതര മതവിഭാഗങ്ങൾക്കു് നൽകിവരുന്നതും എന്നാൽ ഹരിജൻ ക്രൈസ്തവർക്കു മാത്രം ഗവണ്മെന്റു് നിഷേധിക്കുന്നതുമായ ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനു് ഈ സംഘടന ഒട്ടേറെ സമരം ചെയ്യേണ്ടിവന്നിട്ടുണ്ടു്. ഈ അവസരങ്ങളിലെല്ലാം പാലാ രൂപതാവിഭാഗം കാര്യമായ പങ്കുവഹിച്ചിട്ടുണ്ടു്. രൂപതയിലെ ഹരിജൻ ക്രൈസ്തവരുടെ പൊതു ആദ്ധ്യാത്മികനിയന്താവായി ഒരു വൈദികൻ സേവനം അനുഷ്ഠിച്ചുവരുന്നു.

14. വനിതാക്ഷേമസംഘടന. (W. W. S.)

കമ്മ്യൂണിറ്റിയും സേവനോത്സുകതയും ഉള്ള സ്ത്രീകളുടെ സേവനം സമൂഹത്തിനു ലഭിക്കത്തക്ക വിധം പ്രവർത്തിക്കുന്ന ഒരു വനിതാസംഘടനയാണിതു്. രജതജൂബിലി ആഘോഷിക്കുന്ന പാലാ രൂപത കഴിഞ്ഞ കാൽനൂറ്റാണ്ടുകാലം സാമൂഹ്യസേവനരംഗത്തു നൽകിയിട്ടുള്ള ഗണ്യമായ പല സംഭാവനകളിൽ ഒന്നാണു് അടുത്തകാലത്തു രൂപീകൃതമായ വനിതാക്ഷേമസംഘടന. പാലാ രൂപതാ പാസ്റ്ററൽ കൗൺസിലിന്റെ നിർദ്ദേശവും അഭിവന്ദ്യ പിതാക്കന്മാരുടെ പ്രോത്സാഹനവുമാണു് ഈ സംഘടനയുടെ സ്ഥാപനത്തിനു വഴിതെളിച്ചതു്.

1973 ജൂലൈ 22–ാംതീയതി പാലാ അൽഫോൻസാ കോളേജു് ഓഡിറ്റോറിയത്തിൽവച്ചു് മാർ സെബാസ്റ്റ്യൻ വയലിൽ തിരുമേനി ഈ സംഘടനയുടെ ഔദ്യോഗിക ഉൽഘാടനം നിർവ്വഹിച്ചു. ഇപ്പോഴും 32 യൂണിറ്റുകളിലായി 82 കന്യാസ്ത്രീകളും ഉൾപ്പെടെ 725 അംഗങ്ങളും ഈ സംഘടനയിൽ പ്രവർത്തിക്കുന്നുണ്ടു്. ഓരോ യൂണിറ്റുകളുടേയും ആദ്ധ്യാത്മികോപദേഷ്ടാക്കന്മാർ യൂണിറ്റു് സ്ഥിതിചെയ്യുന്ന സ്ഥലത്തെ ബ. പള്ളിവികാരിമാരാണു്. ഈ സംഘടന ''നാഷണൽ കൗൺസിൽ ഓഫ് ദി കാത്തലിക് വിമൻ ഓഫ് ഇൻഡ്യ'' (N. C. C. W. I.) എന്ന സംഘടനയുടെ റീജിയണൽ കൗൺസിലിനോടു് അഫിലിയേറ്റു ചെയ്തിട്ടുണ്ടു്.

കുടുംബക്ഷേമത്തെ മുൻനിറുത്തി ഓരോ യൂണിറ്റും വിവാഹം, ദാമ്പത്യജീവിതം, ശിശുസംരക്ഷണം, പാചകവേല, കുടുംബസംവിധാനം മുതലായ വയെക്കുറിച്ചു് മാസത്തിലൊരിക്കൽ സെമിനാറോ സ്റ്റഡിക്ലാസ്സോ സംഘടിപ്പിച്ചു് സ്ത്രീകളുടെ ആദ്ധ്യാത്മികവും സാംസ്കാരികവും ആരോഗ്യപരവുമായ വളർച്ചയ്ക്കു വേണ്ട അറിവു നൽകുന്നു. മൂന്നു മാസത്തിലൊരിക്കൽ യൂണിറ്റു പ്രതിനിധികളും ഒന്നിച്ചുകൂടി ഓരോ യൂണിറ്റിന്റേയും പ്രവർത്തനങ്ങളും പ്രശ്നങ്ങളും ചർച്ച ചെയ്തു് കൂടുതൽ കാര്യക്ഷമമാക്കുവാൻ ശ്രമിച്ചുവരുന്നു.

കൈത്തൊഴിൽ പരിശീലനരംഗത്തു് സംഘടന സജീവമായി പ്രവർത്തിക്കുന്നു. 14 യൂണിറ്റുകളിൽ 200–ൽപരം പെൺകുട്ടികൾക്കു് തയ്യൽ പരിശീലനവും തുടർന്നു് അതാതു യൂണിറ്റുകളിലെ മിഷ്യനുകളുപയോഗിച്ചു് തൊഴിൽ തുടരാനുള്ള സൗകര്യവും നൽകിവരുന്നു. 5 യൂണിറ്റുകളും പനനാരു്, വാഴനാരു്, പ്ലാസ്റ്റിക്കു് ഇവ ഉപയോഗിച്ചുള്ള വേലകളും വഴി 150 കുടുംബങ്ങളെ പോറ്റുന്നു. 6 യൂണിറ്റുകളും വായനശാലകളും, പത്രമാസികകളുടെ സൗജന്യവിതരണം ഇവ നടത്തുന്നുണ്ടു്. എല്ലാ യൂണിറ്റുകളും ഭവനസന്ദർശനം വഴി ദാരിദ്ര്യം, രോഗം, അജ്ഞത ഇവ മൂലം ക്ലേശിക്കുന്നവരെ സഹായിക്കുന്നുണ്ടു്. ഗർഭിണികളുടേയും ശിശുക്കളുടേയും സംരക്ഷണാർത്ഥം ഒരു പ്രത്യേക ക്ഷേമപരിപാടി എല്ലാ യൂണിറ്റുകളും നടത്തുന്നുണ്ടു്. അതനുസരിച്ചു് 9 യൂണിറ്റുകളിൽ 1000–ൽപരം ശിശുക്കൾക്കു് ഇതിനകം ട്രിപ്പിൾ ആൻറിജൻ കുത്തിവയ്പും പോളിയോയ്ക്കുള്ള മരുന്നും കൊടുത്തുകഴിഞ്ഞു. സൗജന്യ വൈദ്യപരിശോധനാ സൗകര്യം ഏർപ്പാടു ചെയ്തുകൊടുക്കുന്നുണ്ടു്. സാധുകുട്ടികൾക്കു് കുട, പുസ്തകം, വസ്ത്രം ഇവയും പല യൂണിറ്റുകളും നൽകുന്നു. 24 യൂണിറ്റുകളിൽ ലഘുനിക്ഷേപപദ്ധതി വിജയപ്രദമായി നടത്തിവരുന്നു. സഭ അനുവദിച്ചിട്ടുള്ള കുടുംബസംവിധാന മാർഗ്ഗങ്ങളും സാധാരണക്കാരെ പഠിപ്പിക്കുവാൻ ശ്രമിക്കുന്നുണ്ടു്.

സംഘടനയുടെ പ്രവർത്തനങ്ങൾക്കു വേണ്ട ഫണ്ടു് അംഗങ്ങളുടെ വരിസംഖ്യ, ഫിലിം പ്രദർശനം, ഡ്രാമാ, കഥാപ്രസംഗം, ഗാനമേള മുതലായ കലാപരിപാടികളും വഴിയും സംഭാവനകളും വഴിയും ശേഖരിക്കുന്നു. കഴിഞ്ഞ ഒന്നര വർഷങ്ങൾക്കിടയിൽ പല മാർഗ്ഗങ്ങളിൽക്കൂടി സംഭരിച്ച Rs. 32000 സംഘടന പരസ്നേഹപ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ടു്.

ഇന്നും പിള്ളത്തൊട്ടിലിൽ കഴിയുന്ന ഈ വനിതാസംഘടന ഹ്രസ്വകാലഘട്ടത്തിനുള്ളിൽ പ്രശംസാർഹമായ സേവനത്തിന്റെ പാത വെട്ടിത്തുറന്നിരിക്കുന്നു.

ഉപസംഹാരം

നമ്മുടെ ആദ്ധ്യാത്മികവും ഭൗതികവുമായ അഭ്യുന്നതിക്കു് ആക്കവും തുക്കവും വർദ്ധിപ്പിച്ചു് താങ്ങും തുണയുമായി നിൽക്കുന്ന ഈ സംഘടനകളെ പ്രോത്സാഹനങ്ങൾ നല്കി വളത്താൻ നമുക്കു കടമയുണ്ടു്. എല്ലാ ജീവിതാവസ്ഥയിലുംപെട്ട ആബാലവൃദ്ധം വിശ്വാസികൾക്കു് കടന്നു കയറിനിന്നു പ്രവർത്തിക്കാനുള്ള കമ്മ്യൂണിറ്റികളാണിവ. തങ്ങളുടേയും സമസൃഷ്ടങ്ങളുടേയും സമ്പൂർണ്ണസുസ്ഥിതിക്കായി സംഘടിതശക്തിയാജ്ജിച്ചു് പ്രവർത്തിക്കാനുള്ള കത്തോലിക്കന്റെ അനുപേക്ഷണീയകർത്തവ്യം നാമൊരിക്കലും വിസ്മരിക്കരുതു്. സഭയും സമുദായവും ഇക്കാര്യത്തിൽ പ്രദർശിപ്പിക്കുന്ന താത്പര്യം ശ്രുഭോദർക്കം തന്നെ.

Telegram : 'Plantcorp'
Telephones : 8301, 8302 & 8303

The Plantation Corporation of Kerala Limited

(A Government of Kerala undertaking)

Post Box No. 12

KOTTAYAM
Kerala

Area of Plantations :

Rubber

Kodumon	...	2860 Hectares
Kalady	...	3600 Hectares
Perambra	...	850 Hectares
Thannithode	...	200 Hectares

Oil Palm

Anchal –	Proposed	5000 Hectares
	Planted	1000 Hectares

Factories at :

KODUMON
VETTILAPPARA
PERAMBRA

Producers of:

ALL GRADES OF HIGH QUALITY SHEETS,
CREPE RUBBER,
60% CONCENTRATED LATEX &
CRUMB RUBBER

രജതജൂബിലിയാഘോഷിക്കുന്ന
പാലാ ത്രുപതയ്ക്കും
മെത്രാഭിഷേക രജതജൂബിലിയാഘോഷിക്കുന്ന
അഭിവന്ദ്യ മെത്രാൻ
റൈറ്റ് റവ. ഡോ. സെബാസ്റ്റ്യൻ
വയലിൽ തിരുമേനിക്കും
റബ്ബർ ബോർഡിന്റെ അഭിനന്ദനങ്ങൾ!

ഇന്ത്യയിലെ റബ്ബർ കൃഷിയുടെ
സിരാകേന്ദ്രമായ
മീനച്ചിൽ താലൂക്കിലാണ്
ചെറുകിട റബ്ബർ കർഷകരിൽ
ഇരുപത്തു ശതമാനം പേരും
അധിവസിക്കുന്നത്.

ചെറുകിട റബർ കർഷകർക്ക
സാങ്കേതികവിജ്ഞാനം പകരുകയെന്ന
ലക്ഷ്യത്തോടെ കഴിഞ്ഞ പത്തു വർഷമായി
റബ്ബർ ബോർഡ് പ്രസിദ്ധീകരിക്കുന്ന
മലയാളമാസിക –

റബ്ബർ

(വാർഷിക വരിസംഖ്യ : 3 ക.)

സെക്രട്ടറി
റബ്ബർ ബോർഡ്, കോട്ടയം–9

Greetings to the Jubilarian Mar Sebastian Vayalil

FROM

Provincial Superior and Community

Carmelite Congregation, Palai

Mother Superior and Community

Franciscan Clarist Convent, Mattakara

The Vicar and Parishioners

ST. MARY'S CHURCH, POONJAR

The Vicar and Parishioners

HOLY FAMILY CHURCH

MATTAKARA

Franciscan Clarist Convent,
S. H. G. H. School &
S. L. T. L. P. School

BHARANANGANAM

Assisi Magazine
&
Seraphic Press

BHARANANGANAM

The Sisters, Staff and Students

I. H. M. HOSPITAL

BHARANANGANAM

അസ്സീസി ആശ്രമം

ഭരണങ്ങാനം

M. K. M. HOSPITAL

PRAVITHANAM

C. R. Parameswaran Nair

CHOLLANICKAL HOUSE

DOCUMENT WRITER

PALAI

Greetings to the Jubilarian Mar Sebastian Vayalil

FROM

The Manager, Headmaster, Staff and Students

Kuruvinakunnel Thommen Joseph Memorial High School, Idamattam

The Vicar and Parishioners

St. Augustine's Forane Church

Ramapuram

The Mother Provincial and Community

S. H. Congregation

Diocese of Palai

Nirappel Medical Agencies

PALAI

P. N. K. BROTHERS

General Merchants

PALAI

Fr. Prior and Community

ST. ANNE'S MONASTERY

KURIANAD P. O.

MONIPPILLY - KERALA

The Principal, Staff and Students

Deva Matha College

Kuravilangad

The Vicar and Parishioners

Sacred Heart Church, Ullanad

ASOKA PRESS

PALAI

The Vicar and Parishioners

HOLY CROSS CHURCH

KANJIRAMATTOM

With felicitations

'FRUITOMANS'

Office :

MALABAR FRUIT PRODUCTS Co.

XXXI / 1090, M. G. Road

COCHIN

Telephone : 33047 Telegrams : 'Fruitomans'

FACTORIES :

MALABAR FRUIT PRODUCTS Co.
P. B. No. I
BHARANANGANAM P O.
Telephone : 24

MALABAR FRUIT PRODUCTS Co.
Neerampuzha Kavala
VAZHAKULAM
Telephone : 42

With best compliments

FROM

ANJALI HOTEL

K. K. ROAD, KOTTAYAM - 1

Telephone : 3661 (5 lines) Grams : 'ANJALI'

യുഗ്മ ജൂബിലി

ഫാ. തോമസ് മണക്കാട്ട്



പാലായാം രൂപതയ്ക്ക് ഹർഷത്തിൻ വർഷകാലം
ഹർഷത്തിലാറാടുന്ന രൂപതയാകമാനം
മെത്രാനും രൂപതയും രണ്ടുമഞ്ഞാരേവർഷം
ഒന്നിച്ച രൂപംകൊണ്ട ജൂബിലിവർഷമിതു്.
പ്രാരംഭകാലത്തിലെ ക്ലേശത്തിൻ കാർമ്മേഘങ്ങൾ
കാരുണ്യതാതൻ ദൈവം, നിശ്ശേഷം നീക്കിവേഗം
വർഷങ്ങളിരുപത്തിയഞ്ചിതാ കഴിഞ്ഞുപോയു്
രൂപത സമ്പന്നയായ് ലക്ഷ്മിതൻ കേദാരമായു്
കല്പകദ്രുമംപോലെ സദ്ഫലം പേറീടുന്ന
നാടിനു നന്മ ചെയ്വൂ നാട്ടാക്കു ദീപമായി.
രൂപതാനാഥനായ വയലിൽ വന്ദ്യമെത്രാൻ
ആ പാദഭാഗ്യമോടെ ജൂബിലിയാഘോഷിച്ചു.
നിർമ്മല സ്വർഗ്ഗരാജ്ഞി തന്നുടെ ഭക്തപുത്രൻ
നിർമ്മലൻ വന്ദ്യതാതൻ ഭരിപ്പു സമർത്ഥമായു്.
വന്ദ്യനാം സ്നേഹതാതാ! കുന്നിച്ചമോദമോടെ
വന്നീടുന്നിങ്ങീ ഞങ്ങളാശംസയർപ്പിക്കുവാൻ
ആയുസ്സുമാരോഗ്യവും ദീർഘമാം സൗഭാഗ്യവും
ആത്മാർത്ഥം നേർന്നീടുന്നു, വത്സലമക്കളും ഞങ്ങളും.

പാലാ രൂപതയിലെ പുരാതന ദേവാലയങ്ങൾ

തോമസ് മാത്യു കൊട്ടാരത്തുംകുഴി

കേരള സഭാചരിത്രത്തിൽ ഒരു വഴിത്തിരിവു തന്നെ സംഭവിച്ച 16–ാംനൂറ്റാണ്ടുവരെ പാലാ രൂപതയിൽ ഉണ്ടായിരുന്ന പതിന്നാലു പുരാതന ദൈവാലയങ്ങളുടെ സംക്ഷിപ്തചരിത്രമാണ് ഇവിടെ പ്രതിപാദിക്കുന്നത്.

പത്തൊൻപതും പതിനാറും പത്തും ഒക്കെ നൂറ്റാണ്ടുകൾക്കപ്പുറത്തെ ചരിത്രസാക്ഷ്യങ്ങളും വഹിച്ചുകൊണ്ട്, അതിപ്രാചീനമായ ഹിന്ദു–ക്രൈസ്തവ സംസ്കാരങ്ങളുടേയും സ്വദേശവിദേശ ബന്ധങ്ങളുടേയും പ്രതീകങ്ങളായി ഉത്തുംഗ ഗോപുരങ്ങളോടുകൂടി തലയുയർത്തി നില്ക്കുന്ന അനവധി ദേവാലയങ്ങളും പാലാ രൂപതയിലുണ്ട്. കേരള സഭയിലെ ഏറ്റവും ചരിത്രപ്രാധാന്യമർഹിക്കുന്നതും നാടകീയവുമായ അനവധി സംഭവങ്ങൾക്കു പാലാ രൂപതയിലെ പുരാതന പള്ളികളും അതിപ്രധാനമായ പങ്കു വഹിച്ചിട്ടുണ്ട്.

പാലാ വലിയ പള്ളി (കത്തീഡ്രൽ)

പാലാ രൂപതയുടെ പ്രശസ്തിക്കു മകുടം ചൂട്ടുന്ന ദേവാലയങ്ങളിൽ രൂപതയുടെ തലസ്ഥാനമെന്ന നിലയിൽ, സിംഹാസനപ്പള്ളി എന്ന നിലയിൽ, പ്രഥമസ്ഥാനമർഹിക്കുന്നത് സുപ്രസിദ്ധമായ പാലാ വലിയ പള്ളിയാണ്. പുരാതനത്വംകൊണ്ടും, ചരിത്ര പ്രസിദ്ധികൊണ്ടും മിക്ക സ്ഥാപനങ്ങളുടേയും പ്രവർത്തനങ്ങളുടേയും സിരാകേന്ദ്രമെന്ന നിലയിലും ഈ പള്ളിക്കുള്ള സ്ഥാനം അതുല്യമാണ്.

പാലാ നാമത്തിന്റേയും പാലാപ്പട്ടണത്തിന്റേയും ഉത്ഭവം.

പ്രാചീനകാലത്തു പാലാ ഹിന്ദുക്കളുടെ ഒരു സ്ഥലമായിരുന്നു. ഇവിടം 'പാലാഴി'യായിട്ടാണ് ഹൈന്ദവർ കണക്കാക്കിയിരുന്നതെന്നും ആ പാലാഴി നാമത്തിൽനിന്നാണ് 'പാലാ'യുടെ ഉത്ഭവമെന്നും ഒരു ഐതിഹ്യമുണ്ട്. പാലാത്തെങ്ങുകളും, പാലാ മുളകും വളരെ പ്രസിദ്ധമാണ്. ചരിത്രാതീതകാലം മുതൽക്കു തന്നെ വിദേശീയർ പാലായുമായി വ്യാപാരബന്ധം പുലർത്തിയിരുന്നുവത്രേ.

നാടുവാഴിയായിരുന്ന – തെക്കുംകൂറിന്റെ സാമന്തനായിരുന്ന – മീനച്ചിൽ കർത്താക്കന്മാർക്കു ക്രിസ്ത്യാനികളോടു പ്രത്യേക താത്പര്യമുണ്ടായിരുന്നു. അവരുടെ അഭിവൃദ്ധിയെ ഉദ്ദേശിച്ചു കർത്താവു എ.ഡി. 1736–ൽ പാലാ അങ്ങാടി സ്ഥാപിച്ചു. മീനച്ചിലാറിന്റെ വടക്കെ കരയിൽ (ഇന്നു പാലാ അങ്ങാടി സ്ഥിതിചെയ്യുന്ന സ്ഥാനം) കുറെ സ്ഥലം പീടികതറകൾക്കുവേണ്ടി അന്നത്തെ പ്രമുഖ ക്രിസ്ത്യാനികൾക്കു പതിച്ചുകൊടുത്തുവത്രെ. പാലാ വലിയ പള്ളി തന്നെ കർത്താക്കന്മാർക്കു ക്രിസ്ത്യാനികളോടുണ്ടായിരുന്ന പ്രത്യേക സ്നേഹത്തിന്റെ നിത്യസ്മാരകമാണ്.


നാലു വീട്ടുകാരും പള്ളിസ്ഥാപനവും

ചരിത്രപ്രസിദ്ധമായ പാലാ വലിയ പള്ളി സ്ഥാപിതമായതു എ. ഡി. 1002–ലാണ്. വയലക്കൊമ്പ്, തറയിൽ, കുട്ടങ്കൽ, എറകോന്നി എന്നീ നാലു വീട്ടുകാരാണ് ഈ പള്ളിയുടെ നിർമ്മാണത്തിൽ നേതൃത്വം വഹിച്ചതു. തറയിൽ മാപ്പിള സെൻറ് തോമസിൽനിന്നും ജ്ഞാനസ്നാനം സ്വീകരിച്ച പറവൂർ പാറയ്ക്കൽ പരമേശ്വരൻ നമ്പൂതിരിയുടെ വംശപരമ്പരയിൽ പെട്ട ആളായിരുന്നു. അവരിൽ രണ്ടു സഹോദരന്മാരായ തൊമ്മനും, യോഹന്നാനും പറവൂർ രാജാവിന്റെ അപ്രീതിക്കു പാത്രീഭവിക്കുകയാൽ ഗത്യന്തരമില്ലാതെ അവിടെനിന്നും തെക്കോട്ടു യാത്ര പുറപ്പെട്ടു. ജ്യേഷ്ഠൻ തൊമ്മൻ കടുത്തുരുത്തിയിലും അനുജൻ യോഹന്നാൻ പള്ളിപ്പുറത്തും താമസമുറപ്പിച്ചു. കാലാന്തരത്തിൽ കടുത്തുരുത്തിയിൽനിന്നും തൊമ്മന്റെ ഒരു മകൻ പുലിയന്നൂർ തറയിൽ താമസമാക്കി. ഇതിനോടടുത്ത കാലത്തുതന്നെ തൊടുപുഴയിലെ മൈലക്കൊമ്പിൽനിന്നും പ്രതികൂലമായ ചില സാഹചര്യങ്ങളും നിമി

Churches




St. Thomas Cathedral,
Palai




മദ്ബഹായും ബലിപീഠങ്ങളും


Churches (Contd.)



Reliquary, containing the Holy relic of St. Thomas, Kept in the Cathedral Church



പാലാ വലിയപള്ളിക്കു് ചില ദോഷപൊറുതികൊം അനുവദി
ച്ചുകൊണ്ടു് കൊട്ടങ്ങല്ലൂർ ശ്രുപതയുടെ ഗോവർണദോർ. പാറേ
മ്മാക്കൽ തോമ്മാകത്തനാർ 1789 കുംഭമാസം 5–ാംതീയതി
നൽകിയ കല്പന
ഇതു് ഫ്രെയിംചെയ്തു് കത്തീടൽ പള്ളിയിൽ സൂക്ഷിക്കുന്നു.



Jubilee Memorial Chapel, Palai

The Seven storeyed chapel of Our Lady is being built in granite stone, by the generous contributions of the faithful. The foundation stone was laid by the Jubilarian on 21st August 1955. The monument has now reached the height of 92ft. while the proposed ht. is 142ft



പാലാ വലിയ പള്ളിയിലെ മല

ത്തം വയലക്കൊമ്പു മാപ്പിള (കൊട്ടങ്ങല്ലൂർ വച്ച് സെൻറ് തോമസിൽനിന്നു ജ്ഞാനസ്നാനം സ്വീകരിച്ച നമ്പൂതിരി കുടുംബക്കാരാണിവർ) മീനച്ചിൽ വന്നെത്താനിടയായി.

ആയിടയ്ക്കു തെക്കുംകൂറിന്റെ സാമന്തനായ മീനച്ചിൽ കത്താവു കരക്കുടിശ്ശിക വരുത്തുകയാൽ തെക്കുംകൂർ യുദ്ധപ്രഖ്യാപനം നടത്തി. മീനച്ചിൽ വയലിൽവച്ചു നടന്ന യുദ്ധത്തിൽ ആയുധവിദ്യയിൽ അദ്വിതീയനായിരുന്ന വയലക്കൊമ്പു മാപ്പിളയുടെ സാമർത്ഥ്യംമൂലം തെക്കുംകൂർ പരാജയമടഞ്ഞു. സന്തുഷ്ടനായ കത്താവു വയലക്കൊമ്പു മാപ്പിളയെ തന്റെ പടത്തലവനും അവസാനം സചിവനുമാക്കി (പാലാമെത്രാൻ ഡോ: സെബാസ്റ്റ്യൻ വയലിൽ തിരുമേനി വയലക്കൊമ്പു വംശജനാണ്.) അന്നു വയലക്കൊമ്പു മാപ്പിളയ്ക്കും തറയിൽ മാപ്പിളയ്ക്കും ഇടവക അരുവിത്തുറയായിരുന്നു. അവിടെ പോയിവരാനുള്ള പ്രയാസംമൂലം പാലായിൽ ഒരു പള്ളി സ്ഥാപിക്കണമെന്നു അവർ തീരുമാനിച്ചു. വിവരം നാടുവഴിയായ കത്താവിനെ അറിയിച്ചു. പള്ളി നടത്തിക്കൊണ്ടുപോകുവാൻ കഴിവുള്ള നാലുവീട്ടുകാർ ഉണ്ടെങ്കിൽ പള്ളി വയ്ക്കുന്നതിനാവശ്യമായ സഹായങ്ങളും ചെയ്യാമെന്നു കത്താവു പറഞ്ഞു. അക്കാലത്തു പാലായ്ക്കടുത്തു മേവിടയിൽ കച്ചവടം നടത്തിയിരുന്ന അങ്കമാലിക്കാരനായ എറകോന്നി മാപ്പിളയേയും, (എറകോന്നിമാപ്പിളയുടെ പൂർവ്വനാടു ബാബിലോണാണെന്നും മൈലാപ്പൂരാണെന്നും ഇടപ്പള്ളിയാണെന്നും വാദമുണ്ട്.) ആ ഇടയ്ക്കു കടുത്തുരുത്തിയിൽനിന്നും തറയിൽ മാപ്പിളയുടെ പ്രേരണയിൽ വന്നുചേർന്ന അദ്ദേഹത്തിന്റെ പിതൃവ്യപുത്രനായ കുട്ടുകൽ മാപ്പിളയേയും ചേർത്തപ്പോൾ കത്താവു ആവശ്യപ്പെട്ട നാലു കുടുംബങ്ങളും ഉണ്ടായി.

എതിർപ്പുകൾ

അനന്തരം പള്ളിവയ്ക്കേണ്ട സ്ഥലത്തെപ്പറ്റി ഈ കുടുംബക്കാർ തമ്മിൽ തർക്കമുണ്ടായി. അപ്പോൾ കത്താവു് അതിൽ ഇടപെട്ടു. തറയിൽനിന്നു തെക്കു കിഴക്കായും വയലക്കൊമ്പിൽ നിന്നു വടക്കു പടിഞ്ഞാറായും അളന്നാൽ വരുന്ന മദ്ധ്യസ്ഥാനത്തു പണിയാമെന്നു കത്താവുപറഞ്ഞു. അളന്നു തിട്ടപ്പെടുത്തിയപ്പോൾ ഇപ്പോൾ പള്ളിയിരിക്കുന്ന സ്ഥലമാണു മദ്ധ്യസ്ഥാനമായി കണ്ടതു്. മീനച്ചിലാറിന്റെ തീരത്തു് ഇഞ്ചപ്പടപ്പും പാറക്കെട്ടും മുളങ്കൂട്ടവും വെട്ടുകൽച്ചെറ്റയും നിറഞ്ഞുകിടന്ന ആ സ്ഥലം വെട്ടിത്തെളിച്ചു് എ. ഡി 1002 ജൂലൈ 3-ാംതീയതി സെൻറ് തോമസിന്റെ നാമത്തിൽ പള്ളിക്കു കല്ലിട്ടു പണി തുടങ്ങി. പാലാത്തു ചെട്ടിയും മറ്റു ചില ഹൈന്ദവപ്രമാണികളും പള്ളി പണിക്കെതിരായി പ്രതിബന്ധങ്ങൾ സൃഷ്ടിച്ചുകൊണ്ടിരുന്നു. പണി യാരംഭിച്ചതു് ഒരു നല്ല മഴക്കാലത്തായിരുന്നു. ആറ്റിൽ വെള്ളം പൊങ്ങി കിടന്നിരുന്നു. അന്നന്നു പണിയുന്ന കല്ലുകൾ ശത്രുക്കൾ രാത്രിയിൽ പൊളിച്ചു് ആറ്റിലെ കയത്തിൽ എറിഞ്ഞിരുന്നു. ഇങ്ങനെ പല ദിവസങ്ങളായപ്പോൾ ശക്തന്മാരായ നാലു വീട്ടുകാർ ശത്രുക്കളുമായി ഒരു സംഘട്ടനത്തിനു തയ്യാറായി. ഇതറിഞ്ഞപ്പോൾ കത്താവു് പള്ളിസ്ഥലത്തിനടുത്തു് കൊട്ടാരം വക ഒരു ശ്രാമ്പി (വരാന്തയില്ലാത്ത രണ്ടുനിലക്കെട്ടിടം) പണിയിച്ചു് അവിടെ കച്ചേരി നടത്തുകയും രാപകൽ ഭേദമെന്യേ കാവൽക്കാരെ നിശ്ചയിക്കുകയും ചെയ്തു. പിറ്റെക്കൊല്ലം ഏപ്രിൽ മാസത്തിൽ ഏതാണ്ടു ക്ഷേത്രമാതൃകയിൽ പള്ളിയുടെ പണി പൂർത്തിയായി. വിരോധികളും പിന്നെയും ഉപദ്രവം ചെയ്തുകൊണ്ടിരുന്നു. ഇതിനു പ്രതിവിധിയായി തറയിൽ മാപ്പിള പള്ളിക്കു തെക്കുവശമുള്ള ഞാളക്കാട്ടു പുരയിടം വാങ്ങി താമസം തുടങ്ങി. അവസാനം ശത്രുക്കൾ സ്ഥലം വിട്ടു.

കാലാന്തരത്തിൽ പള്ളി സ്ഥാപിച്ച നാലു വീട്ടുകാർ അനേകം ശാഖകളായി പിരിഞ്ഞു പ്രത്യേകം വീടുകളുണ്ടാക്കിപ്പാർത്തു. പാലായിലേക്കു് അനേകർ കുടിയേറുകയും ചെയ്തു. പതിനഞ്ചും പതിനേഴും ശതകങ്ങളിലാണു് ഈ കുടിയേറ്റം കൂടുതലായി നടന്നതു്. 1004—ൽ ഭരണങ്ങാനം പള്ളിയും 1111—ൽ ചേർപ്പുങ്കൽ പള്ളിയും 1425—ൽ (കാണിയക്കാട്ട) നെല്ലിയാനി കുരിശുപള്ളിയും 1627—ൽ പൈങ്ങളം പള്ളിയും ഉത്ഭവിക്കുകയാൽ കുറെ വീട്ടുകാർ ഇടവകമാറിയെങ്കിലും 17—ാംനൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ പാലാ ഇടവകയിൽ ആയിരം വീട്ടുകാർ ഉണ്ടായിരുന്നു. കുഴിവേലിൽ കുര്യൻ മാപ്പിളയുടെ ഉത്സാഹത്താലും ഒരു അമ്മേനിയൻ വണിക്കിന്റെ സഹായത്താലും 1663—ൽ ളാലം പഴയ പള്ളി സ്ഥാപിക്കപ്പെട്ടപ്പോൾ പാലാ ഇടവകയിൽനിന്നും ഏതാനും വീട്ടുകാർ ആ പള്ളിയിലേക്കു് ഇടവക ചേർന്നു.

പോർട്ടുഗീസ് ശില്പമാതൃകയിൽ

ഇടവകക്കാരുടെ വർദ്ധനവുകൊണ്ടും മറ്റും പള്ളി മൂന്നു നാലു പ്രാവശ്യം പുതുക്കിപ്പണിയേണ്ടിവന്നിട്ടുണ്ടു്. പോർട്ടുഗീസുകാരുടെ വരവിനുശേഷം 16-ാം നൂറ്റാണ്ടിൽ പഴയ പള്ളി പൊളിച്ചു് പോർട്ടുഗീസ് ശില്പമാതൃകയിൽ കനത്ത ഭിത്തികളോടുകൂടി പുതുക്കിപ്പണിയുകയുണ്ടായി. 17—ാംശതകത്തിൽ

തമിഴ് നാട്ടിൽനിന്നു വന്ന ഒരു മുസ്ലീം പട അതിമനോഹരമായ ആ ദേവാലയം തീവച്ചു നശിപ്പിച്ചു.

പിന്നീടു 18–ാം നൂറ്റാണ്ടിന്റെ പ്രാരംഭത്തിൽ തറയിൽ വംശജനായ ശ്രുമ്പിക്കൽ ഇട്ടൻ മാപ്പിളയുടെ ഭഗീരഥപ്രയത്നത്താൽ ഏതാണ്ടു പോർട്ടുഗീസ് ശില്പമാതൃകയിൽ പണിയിക്കപ്പെട്ട പള്ളിയാണ് ഇന്നത്തേതു്. നല്ല വലിപ്പമുള്ള കല്ലുകൊണ്ടും വരാൽപ്പശ ചേർത്തു കട്ടക്കാവെള്ളത്തിൽ കുട്ടിയ കട്ടകുമ്മായം ഉപയോഗിച്ചും ആണ് ഇതിന്റെ പണികൾ നടത്തിയിട്ടുള്ളതു്. ഏതു വിദഗ്ധനായ കൽപ്പണിക്കാരനും ഈ പണിയിൽനിന്നു് ഒരു കല്ലുപോലും ഉടയാതെ പൊളിച്ചെടുക്കുവാൻ സാധിക്കുകയില്ല. മനോഹരമായ പണിയുടെ ചുമതലയും മേൽനോട്ടവും മുഴുവൻ നിർവ്വഹിച്ചതു് ഇട്ടൻ മാപ്പിളതന്നെയായിരുന്നു. സ്വന്തം പണവും പള്ളിവക പണവും പള്ളി പണിക്കുവേണ്ടി ഉപയോഗിച്ചിട്ടും പറ്റാതെ വന്നപ്പോൾ സ്വന്തം വസ്തുക്കൾ വിറ്റും പണി ഏതാണ്ടു പൂർത്തിയാക്കി. അവസാനം അദ്ദേഹം തീരെ നിർദ്ധനനായിത്തീർന്നു. മനോവേദന അദ്ദേഹത്തെ ഒരു രോഗിയാക്കി. മനസ്സമാധാനത്തിനു വേണ്ടി തന്നെ പള്ളിയിലാക്കണമെന്നു് ആവശ്യപ്പെട്ടു. തന്റെ അശ്രാന്തപരിശ്രമം മൂലമുണ്ടായ ആ മണിമന്ദിരം കണ്ടു സംതൃപ്തനായി മഹാനായ ആ സമുദായസ്നേഹി മരണമടഞ്ഞു. തറയിൽ ഗോത്രജനായ തയ്യിൽ വലിയ തൊമ്മൻ മാപ്പിളയുടെ ചുമതലയിലാണു് ഇതിന്റെ ബാക്കി പണികൾ നടന്നതു്. വലിയപള്ളിയോടനുബന്ധിച്ചുള്ള പൂജാരാജാക്കളുടെ–മഹാശന്മാരുടെ–പള്ളി കട്ടക്കയത്തിൽ കൊച്ചുചാണ്ടി മല്പാന്റെ ഉത്സാഹത്തിൽ 1818-ൽ സ്ഥാപിക്കപ്പെട്ടതാണു്. അതു പിൽക്കാലത്തു പൊളിച്ചു പണിയിച്ചതാണു് ഇപ്പോഴത്തെ പള്ളി.

രസംപിടിച്ച ഭരണചരിത്രം

പൂർവ്വകാലത്തു കേരളനസ്രാണികളുടെ പള്ളിഭരണരീതി ഇന്നത്തേതുപോലെ ആയിരുന്നില്ല. പള്ളി സ്ഥാപകരുംപ്പടെ ചില പ്രമുഖ കുടുംബക്കാരാണു ധനപരമായ ഭരണം നടത്തിയിരുന്നതു്. വൈദികർക്കു് ആത്മീയാധികാരം മാത്രമേ ഉണ്ടായിരുന്നുള്ളൂ. പാലാ വലിയപള്ളിയുടെ ഭരണം പള്ളി സ്ഥാപകരായ നാലു വീട്ടുകാരുടെ കൈയിലാണിരുന്നതു്. 750 കൊല്ലക്കാലം ഈ രീതി നടപ്പിലിരുന്നു. ഇത്ര ദീർഘകാലം ഒരേവീട്ടുകാർ അധികാരം വച്ചുപുലർത്തിയ പള്ളികൾ കേരളത്തിൽ വേറെയില്ല. മറ്റു വീട്ടുകാർ സമ്പന്നരും പ്രതാപവാന്മാരുമായി തീർന്നപ്പോൾ ഈ വ്യവസ്ഥിതിയെ എതിർക്കുകയും അതോടെ ഇടവകയിൽ ഭിന്നിപ്പു പൊട്ടിപ്പുറപ്പെടുകയും ചെയ്തു. 1765–ൽ കട്ടക്കയത്തിൽ അബ്രാഹം കത്തനാരുടെ പരിശ്രമത്തൽ കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തായിൽനിന്നും കല്പനവാങ്ങി യോഗക്കാരെ തെരഞ്ഞെടുക്കുകയും കൈക്കാരന്മാരെ നിശ്ചയിക്കുകയും ചെയ്തു. അന്നത്തെ പള്ളിപ്രധാനിയും നാലു കുടുംബക്കാരിൽ പെട്ടവനും സ്വന്തം സഹോദരീപുത്രനുമായ വടയിമറ്റത്തു മുതലാളിയുടെയും മറ്റും എതിർപ്പുമൂലം ശ്രമം വിഫലമായെന്നു മാത്രമല്ല, അബ്രാഹം കത്തനാക്കു കുരുക്കത്തേക്കു സ്ഥലംവിടേണ്ട അനുഭവംകൂടിയുണ്ടായി. പിന്നെയും ഇടവകയിൽ ഭിന്നിപ്പുകളും വഴക്കുകളും നടന്നുകൊണ്ടിരുന്നു. 1825–ൽ വികാരിയായിവന്ന കട്ടക്കയത്തിൽ യൗസേപ്പുകത്തനാരുടെ ശ്രമഫലമായി അന്നു കേരളസഭയുടെ ഭരണം നടത്തിയിരുന്ന ഗോവർണ്ണദോർ ജോൺ ഡി ഫോർത്തോ ബെയ്സൊത്തു നാലു വൈദികരെ പാലായ്ക്കു വിടുകയും ആ കമ്മീഷൻ നാലു കുടുംബക്കാരുടെ ഭരണം നിർത്തൽ ചെയ്യണമെന്നു റിപ്പോർട്ടു കൊടുക്കുകയും ഗോവർണ്ണദോർ അതനുസരിച്ചു കല്പന പുറപ്പെടുവിക്കുകയും ചെയ്തു. നാലു കുടുംബക്കാരിൽ ചിലർ ഇതിനെ പ്രതിഷേധിച്ചെങ്കിലും വടയിമറ്റത്തു മുതലാളിയുടെ സഹോദരപുത്രനും അന്നത്തെ പള്ളിപ്രധാനിയുമായിരുന്ന തയ്യിൽ കൊച്ചുതൊമ്മൻമാപ്പിള സ്വമേധയാ താക്കോൽ വച്ചൊഴിയുകയാൽ കഴപ്പങ്ങളൊന്നുണ്ടായില്ല. ഇതനുസരിച്ചു് 1880–ൽ ആദ്യത്തെ ഇടവകയോഗം കൂടി 16 വീട്ടുകാരെ യോഗക്കാരായി തെരഞ്ഞെടുത്തു. 1933–ൽ വീണ്ടും 16 വീട്ടുകാരെ കൂടി ഉൾപ്പെടുത്തി യോഗം വിപുലീകരിച്ചു. 1948–ൽ 32 വീട്ടുകാരുടെ ഭരണം മാറിമാറി പ്രതിനിധികളെ തിരഞ്ഞെടുത്തു യോഗം പുതുക്കി.

വലിയപള്ളി ബഹുമതി

സഭൈക്യാനുമതിക്കും സ്വദേശമെത്രാനെ ലഭിക്കുന്നതിനുംവേണ്ടി 1738–ൽ റോമിലേക്കുപോയ കരിയാറ്റി യൗസേപ്പു മല്പാന്റെയും, പാറേമ്മാക്കൽ ഗോവണ്ണദോരുടേയും യാത്രച്ചിലവിനുവേണ്ടി പാലാപ്പള്ളിയിലെ വെള്ളിക്കുരിശു സംഭാവനചെയ്തു. പ്രതിനന്ദിയായി മാർപ്പാപ്പ 'പാലാ വലിയപള്ളി' എന്ന സ്ഥാനപ്പേരും പല ബണ്ഡവിമോചനങ്ങളും നല്കി. മാർപാപ്പായിൽനിന്നു് വലിയ പള്ളി സ്ഥാനം ലഭിച്ചിട്ടുള്ളതായി പാലാപ്പള്ളി ഒഴിച്ചാൽ കടുത്തുരുത്തി വലിയപള്ളിയും കോട്ടയം വലിയപള്ളിയും മാത്രമേ കേരളത്തിൽ ഉള്ളൂവത്രെ.

1950–ൽ സിംഹാസനപ്പള്ളി എന്ന നിലയിലേക്കു പാലാ വലിയപള്ളി ഉയർന്നു. സെൻറ് തോമസിന്റെ നാമത്തിലുള്ള കേരളത്തിലെ ഏക ദ്രോസന ദേവാലയം ഇതാണു്. പ്രധാന അൾത്താരയും


Churches (Contd.)




St. Mary's Forane Church,
Bharananganam



St. George's Forane Church, Aruvithura




St. George's Altar, Aruvithura



Servant of God Sr. Alphonsa



The tomb of Sr. Alphonsa in the Cemetry chapel, Bharananganam



Rev. Fr. Augustine Kuzhumpil

A humble priest from the parish of Ramapuram who had been instrumental to bring into the folk of the Catholic church over 600 Harijans, who had been doing menial work to the Savarna families of the locality. Fr. Augustine, popularly known as 'Kunjachan', as he was of a very small stature, lived his whole life for the uplift of these poor low Cast people. Died on 16th October 1973, and buried in the cemetary of St. Augustine's Church Ramapuram, Kunjachan's tomb is constantly visited by hundreds of faithful everyday who have great confidence in the intercession of the holy Priest.

അതിൽ സ്ഥിതിചെയ്യുന്ന സെൻറ് തോമസിൻെറ സ്വരൂപവും ശില്പസുന്ദരമാണ്. പേഷ്യൻ ശില്പകലയുടെ ഛായ ആ പ്രതിമാശില്പത്തിൽ തെളിഞ്ഞു കാണാം. പള്ളി സ്ഥാപനത്തിൻെറ 19–ാം ശതാബ്ദി 1952–ൽ ആഘോഷിച്ചു. അത്യന്നത കർത്താവും ടിസറൻറ് തിരുമേനിയുമ്മ് പള്ളി സന്ദർശിക്കുകയും സെൻറ് തോമസിൻെറ തിരുശേഷിപ്പിൻെറ ഒരു ഭാഗം (ഓർത്തോണായിൽനിന്നു് കൊണ്ടുവന്നതു്) പള്ളിയിൽ സ്ഥാപിക്കുകയും ചെയ്യുകയുണ്ടായി. ജനുവരി 6–ാം തീയതി കൊണ്ടാടുന്ന പാലാ വലിയപള്ളിയിലെ രാക്കുളിത്തിരുനാൾ സുപ്രസിദ്ധമാണ്. കിഴക്കൻ പ്രദേശങ്ങളിലെ ഏറ്റവും വലിയ, ഏറ്റവും ആംക്കൂട്ടമുള്ള പെരുന്നാളായിരുന്നു ഇതു് ഏതാണ്ടു കഴിഞ്ഞ തലമുറവരെ.

സഭാചരിത്രത്തിൽ

കേരളസഭാചരിത്രത്തിൽ വിശിഷ്യാ സഭയുടെ സ്വാതന്ത്ര്യസമരചരിത്രത്തിൽ പാലാ വലിയപള്ളിക്കു നല്ല സ്ഥാനമുണ്ടു്. സ്വദേശഭരണം പുനഃസ്ഥാപിക്കുന്നതിനായി പരിശ്രമിച്ചുകൊണ്ടിരിക്കെ തൽക്കാര്യം പ്രമാണിച്ചുണ്ടായ യാത്രയിൽ ബാഗ്ദാദിൽവച്ചു് വീരമരണം പ്രാപിച്ചവനും സമുദായാഭിവൃദ്ധിക്കായി നിരന്തരം പ്രയത്നിച്ചിരുന്ന ആളുമായ പാലാ ഇടവകക്കാരൻ കുടക്കച്ചിറ അന്തോണി കത്തനാർ സഭാസ്വയംഭരണ യജ്ഞത്തിലെ രക്തസാക്ഷിയാണ്. ആ സമരത്തിലെ വേറൊരു മുന്നണി ഭടനായിരുന്ന ഈ ഇടവകാംഗമായ തയ്യിൽ യൗസേപ്പു കത്തനാർ. 1875–ൽ കമ്മലീത്താ വൈദികരുടെ നേതൃത്വത്തിൽ റോമിലേക്കയച്ചതും വിസിറ്റർ മൗറിൻ തിരുമേനിയുടെ വരവിനു കാരണവുമായ ഹർജിയിൽ മൂന്നാമതും 1876–ൽ മാന്നാനം യോഗത്തിൽവച്ചു് വിസിറ്റർവശം കൊടുത്ത ഹർജിയിൽ ഒന്നാമതും ഒപ്പിട്ടിരിക്കുന്നതു് ഇദ്ദേഹമാണ്. കേരള സുറിയാനിസമുദായത്തിലെ അന്നത്തെ യഥാർത്ഥസ്ഥിതി വിസിറ്ററെ മനസ്സിലാക്കിയതു് 13–ാം ലെയോ മാപ്പാപ്പായിൽനിന്നു് മിഷനറി അപ്പസ്തോലിക്കാ എന്ന ബഹുമതിലഭിച്ച ആളും ദീപികാ ദിനപ്പത്രത്തിൻെറ സ്ഥാപകനും കേരള കമ്മലീത്താ സഭയുടെ പ്രഥമ പ്രിയോർ ജനറാളുമായ ഈ ഇടവകക്കാരൻ കട്ടക്കയത്തിൽ വലിയചാണ്ടിയച്ചനായിരുന്നു. റോക്കോസ്, മേലൂസ് ശീശ്മകളെ പരാജയപ്പെടുത്തിയവരിലെ പ്രധാനികളിൽ ഒരാളുമായിരുന്നു അദ്ദേഹം. കോട്ടയം വികാരിയാത്തിൻെറ പ്രഥമ വികാരി ജനറാളായി തെരഞ്ഞെടുക്കപ്പെട്ട നിധീരിക്കൽ മാണിക്കത്തനാരുടെ സ്ഥാനാരോഹണവും പൊന്തിഫിക്കൽ കുബ്ബാനയും പട്ടണപ്രദക്ഷിണവും 1889–ൽ പാലാ വലിയപള്ളി കേന്ദ്രമാക്കിയാണു നടന്നതു്. പിന്നീടു പ്രസ്തുത സ്ഥാനത്തേക്കു നിയമിതനായ തയ്യിൽ യൗസേപ്പുകത്തനാരുടെ സ്ഥാനാരോഹണവും പൊന്തിഫിക്കൽ കുബ്ബാനയും 1892–ൽ ഇവിടെവച്ചുതന്നെ നടന്നു. പള്ളിവീട്ടിൽ ചാണ്ടി മെത്രാനു ശേഷം സുറിയാനി റീത്തിൽ ഇദംപ്രഥമമായി സ്ഥൈര്യലേപനം നൽകിയതു് യൗസേപ്പു കത്തനാരാണ്. കുറേക്കാലം കോട്ടയം വികാരിയാത്തിൻെറ അഡ്മിനിസ്ട്രേറ്ററും ഇദ്ദേഹമായിരുന്നു. പാറേമ്മാക്കൽ ഗോവണ്ണദോക്കുശേഷം കൊടുങ്ങല്ലൂർ അതിരൂപതയുടെ അഡ്മിനിസ്ട്രേറ്ററായി തെരഞ്ഞെടുക്കപ്പെട്ട കട്ടക്കയത്തിൽ അബ്രാഹം കത്തനാരും പ്രഥമ കേരളീയ മിഷനറിയായ ഫാ. മാത്യു കട്ടക്കയവും ഈ ഇടവകാംഗങ്ങളായിരുന്നു. 18–ാം ശതകത്തിൻെറ അന്ത്യത്തിൽ പാറേമ്മാക്കൽ ഗോവർണ്ണദോരുടെ ഭരണവേളയിൽ സുറിയാനി ക്രിസ്ത്യാനികളുടെ പുരാതന പദവികളും വീണ്ടെടുക്കുന്നതിനു് തിരുവിതാംകൂർ സർക്കാരിൽ രണ്ടു ലക്ഷത്തിൽപ്പരം കലിപ്പണം കൊടുക്കേണ്ടിവന്നു. തച്ചിൽ മാത്തുതരകൻെറ പരിശ്രമത്തിൽ നടത്തിയ ആ പൊതുപിരിവിൽ പാലാ വലിയപള്ളി 9050 കലിപ്പണം സംഭാവന ചെയ്തിട്ടുണ്ടു്. ജൂബിലേറിയനായ അഭിവന്ദ്യ പിതാവിൻെറ ഇടവക ദൈവാലയംകൂടിയാണു് പാലാ കത്തീഡ്രൽ.

അരുവിത്തുറ ഫൊറോനാപ്പള്ളി

പാലാ രൂപതയിലെ ഏറ്റവും പ്രാചീനമായ പള്ളി അരുവിത്തുറയാണു്. മീനച്ചിൽ താലൂക്കിൻെറ കിഴക്കു ഭാഗത്തും കാഞ്ഞിരപ്പള്ളി താലൂക്കിലുമുള്ള മിക്ക പള്ളികളുടേയും തറവാട്ടു്, വി. ഗീവറുഗീസിൻെറ അത്ഭുതപ്രവർത്തനരംഗം, സെൻറ് തോമസ് സ്ഥാപിച്ച പള്ളി തുടങ്ങിയ നിലകളിൽ ഈ ദേവാലയത്തിനു വളരെ പ്രാധാന്യമുണ്ടു്. *

അരുവിത്തുറയുടെ ചരിത്രം

ഇന്നു് അരുവിത്തുറ പള്ളിയിരിക്കുന്ന പ്രദേശം പൂർവ്വകാലങ്ങളിൽ ഈരാപ്പുഴ, ഈരാറ്റിടം, ഈരാറ്റുപുഴ, ഈരാപ്പൊളി എന്നിങ്ങനെ പല നാമധേയങ്ങളാൽ അറിയപ്പെട്ടിരുന്നു. രണ്ടു പ്രധാന നദികളും ഈരാറ്റുപേട്ടയിൽ – അരുവിത്തുറയിൽ – സന്ധിക്കുന്നതുകൊണ്ടാണു് മേൽപ്പറഞ്ഞ പേരുകളും ഈ സ്ഥലത്തിനുണ്ടായതു്. ഈരാപ്പുഴ അഥവാ ഈരാറ്റുപുഴ എന്ന നാമധേയത്തിൽ 18–ാംശതകത്തിലെ

* പാലാ രൂപതയിൽപ്പെട്ട അരുവിത്തുറ, ചേപ്പുകൽ പള്ളികളും വി. തോമ്മാശ്ലീഹായാൽ സ്ഥാപിതമാണെന്നുള്ള ലേഖകൻെറ വാദത്തെ സ്വീകരിക്കാത്ത പണ്ഡിതന്മാരുണ്ടു്.

Editor.

കുറിപ്പുകളിലും 19–ാംശതകത്തിലെ പള്ളിരേഖകളിലും കാണുന്നു. അരുവിത്തുറപ്പള്ളിക്കു് പൗരാണികകാലങ്ങളിൽ 'ഈരാറ്റിടെ' എന്ന പേരാണുണ്ടായിരുന്നതു്. 8–ാംശതകത്തിനും 16–ാംശതകത്തിനും മദ്ധ്യേ എഴുതപ്പെട്ടതും അരുവിത്തുറയിൽ ഇന്നു കാണപ്പെടുന്നതുമായ ചില ശിലാലിഖിതങ്ങളും ഇതിനു തെളിവാണു്. പക്ഷേ 1901 മുതലുള്ള പള്ളിരേഖകളിൽ അരുവിത്തുറ എന്ന പേരാണു് സ്വീകരിച്ചിരിക്കുന്നതു്. ഈരാറ്റുപുഴയുമായി വാണിജ്യബന്ധം പുലർത്തിയിരുന്ന തമിഴന്മാരാണു് ഈ നാമത്തിന്റെ കാരണക്കാർ. കച്ചവടകേന്ദ്രത്തിനു സമീപം, അരുവിത്തുറ പള്ളിക്കു തൊട്ടടുത്തു്, സ്ഥിതിചെയ്തിരുന്ന ഒരു വലിയ പാറയിൽ നിന്നു് അരുവിപോലെ വെള്ളം ഒഴുകിയിരുന്നതും തമിഴരുടെ ഭാഷയിൽ അരുവിത്തുറ നാമത്തിന്റെ ഉത്ഭവത്തിനു കാരണമായി. അങ്ങനെ അരുവിത്തുറ നാമം ഔദ്യോഗിക രേഖകളിൽ കടന്നുകൂടുകയും ഈരാപ്പുഴ അഥവാ ഈരാറ്റുപുഴ എന്ന നാമം കാലക്കടലിൽ ആണ്ടുപോകയും ചെയ്തു.

ക്രിസ്തുവർഷം ആദ്യശതകങ്ങളിൽ അരുവിത്തുറ വലിയ കച്ചവടപ്രാധാന്യവും ജനാധിവാസവുമുണ്ടായിരുന്ന സ്ഥലമായിരുന്നു. അതിന്റെ വാണിജ്യപ്രാധാന്യം കുറഞ്ഞിട്ടു് ഏതാണ്ടു് രണ്ടു നൂറ്റാണ്ടിലധികമായിട്ടില്ല. അവിടെനിന്നും ഗ്രന്ഥല്ലൂർ പാതവഴി തമിഴ് നാട്ടമായി വമ്പിച്ച വ്യാപാര ഇടപാടുകളും നടന്നിരുന്നു. കൊല്ലവർഷത്തിന്റെ പ്രാരംഭത്തിലും അതിനുശേഷവും പ്രസ്തുത പാതവഴി തമിഴ് നാട്ടുകാർ ഒറ്റക്കും കൂട്ടമായും ഇങ്ങോട്ടു കുടിയേറിയിട്ടുണ്ടു്. ഈരാറ്റുപേട്ടയിൽ ഇന്നു കാണുന്ന മുസ്ലീങ്ങളിൽ മിക്കവരും അങ്ങനെ കുടിയേറിപ്പാർത്തു് മതപരിവർത്തനം ചെയ്ത ഹൈന്ദവ വെള്ളാളച്ചെട്ടികളുടെ സന്തതിപരമ്പരകളാണു്. ക്രൈസ്തവരുടെ ആവാസകേന്ദ്രത്തിനും പള്ളിക്കും നാമപരിവർത്തനം പ്രാപിച്ചു് അരുവിത്തുറ നാമം ഉണ്ടായതുപോലെ തമിഴ് നാട്ടിൽനിന്നു സ്ഥലത്തു കുടിയേറി ഇസ്ലാംമതത്തിൽ ചേർന്ന മുസ്ലീംകൾ പ്രാചീനമായ ഈരാറ്റുപുഴ നാമത്തിലെ 'പുഴ' കളഞ്ഞിട്ടു് തങ്ങൾ സംഘമായി പാർക്കുന്ന കേന്ദ്രങ്ങൾക്കു കൊടുക്കാറുള്ള 'പേട്ട' നാമം നൽകിയതുമൂലം ഈരാറ്റുപേട്ട നാമവും ഉണ്ടായി. മുസ്ലീംഭരായഭൂള്ള ഈരാറ്റുപേട്ടയും ക്രിസ്തീയ പ്രാധാന്യമുള്ള അരുവിത്തുറയും ഇങ്ങനെ പൗരാണിക പ്രസിദ്ധമായ ഈരാപ്പുഴ അഥവാ ഈരാറ്റുപുഴ തന്നെയത്രെ.

അരുവിത്തുറയും സെൻറ് തോമസും

ക്രിസ്തു ശിഷ്യനായ സെൻറ് തോമസ് ക്രിസ്തുവർഷത്തിന്റെ പ്രഥമ ശതകത്തിൽ സഹ്യാദ്രിശിഖരങ്ങളും തരണം ചെയ്തു് അരുവിത്തുറയിൽ എത്തുകയും അവിടെ കൃഷി വാണിജ്യാദികളിൽ ഏർപ്പെട്ടു ജീവിച്ചിരുന്ന വെള്ളാളച്ചെട്ടികളിൽ ചിലരെ ക്രിസ്തുമതത്തിൽ ചേർക്കുകയും സ്ഥലത്തു് ഒരു ദേവാലയം സ്ഥാപിക്കുകയും ചെയ്തതായി പാരമ്പര്യമുണ്ടു്. സെൻറ് തോമസ് സ്ഥാപിച്ച അരപ്പള്ളി അരുവിത്തുറയാണെന്നത്രെ ചില പ്രമുഖചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നതു്. മലയാറ്റൂർകാരും മൈലക്കൊമ്പുകാരും, ദക്ഷിണ തിരുവിതാംകൂറിലെ തിരുവാംകോട്ടുകാരും അരപ്പള്ളിയുടെ അവകാശം പറയുന്നുണ്ടു്. അരുവിത്തുറ ഒന്നാം ശതകത്തിലൊ അതിനു സമീപകാലത്തൊ സ്ഥാപിതമായതാണെന്നും അതല്ല വി. ഗീവറുഗീസ് ജീവിച്ചിരുന്ന നാലാം ശതകത്തിനോടടുത്ത കാലത്തെ അവിടെ പള്ളി ഉണ്ടായിട്ടുള്ളുവെന്നും ചരിത്രകാരന്മാരുടെ ഇടയിൽ വിഭിന്നാഭിപ്രായങ്ങളുണ്ടു്. പുരാതന രേഖകളായ റമ്പാൻ പാട്ടിലും മാശ്ശം കളിപ്പാട്ടിലും സെൻറ് തോമസ് സ്ഥാപിച്ചതായി പറയുന്ന പള്ളികളുടെ ഗണത്തിൽ അരുവിത്തുറയുടെ പേർ കാണുന്നില്ല. എങ്കിലും അരുവിത്തുറയുടെ സെൻറ് തോമസ് പാരമ്പര്യം ആക്ഷേപം നിഷേധിക്കാവുന്നതല്ല. കേരള യാക്കോബായ സഭയിലെ നാലാം മാർത്തോമ്മാ മെത്രാൻ ഹോളണ്ടിലെ ലെയ്ഡൻ യൂണിവേഴ്സിറ്റി പ്രൊഫസർ മി. കാർളോസ് ഷാഫിനു് 1721–ൽ അയച്ച കത്തിലും യാക്കോബായ ബിഷപ്പ് മാർ ഗബ്രിയേൽ 1717–നും — 1721–നും ഇടയ്ക്കു് മത്തായി എന്ന സുറിയാനിപ്പട്ടക്കാരന്റെ കൈപ്പടയിൽ എഴുതിയിട്ടുള്ള രേഖയിലും 1725–ൽ ആ മത്തായിക്കത്തനാർ എഴുതിയ സഭാസംഗ്രഹത്തിലും ഈരാപ്പുഴ (അരുവിത്തുറ) പള്ളിയും സെൻറ് തോമസ് സ്ഥാപിച്ച പള്ളികളുടെ ഗണത്തിൽ പെടുത്തിയിട്ടുണ്ടെന്നുള്ള പരമാർത്ഥം, അരുവിത്തുറ സെൻറ് തോമസിനാൽ സ്ഥാപിതമാണെന്നുള്ള പാരമ്പര്യത്തെ പിൻതാങ്ങുന്നതിനു പറ്റിയതാണല്ലോ. 18–ാംനൂറ്റാണ്ടിൽ റമ്പാൻ പാട്ടും, മാശ്ശം കളിപ്പാട്ടും അത്ര പ്രചാരത്തിലില്ലായിരുന്നുവെന്നും ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നുണ്ടു്. സെൻറ് തോമസിനാൽ സ്ഥാപിതമായ നിലയ്ക്കപ്പള്ളി ഇടവകയിൽ 14–ാംശതകത്തിൽ വലിയ നാശം ഉണ്ടാകയാൽ തദ്ദേശവാസികളിൽ ഒരു നല്ല ഭാഗവും കാഞ്ഞിരപ്പള്ളി, അരുവിത്തുറ തുടങ്ങിയ സ്ഥലങ്ങളിലേക്കു മാറുകയും കൂട്ടത്തിൽ അവർ മാതാവിനേറയും വി. ഗീവറുഗീസിനേറയും തിരുസ്വരൂപങ്ങളും കൊണ്ടുപോരുകയും

ചെയ്തു. നിലയ്ക്കൽനിന്നും പോന്നവരുടെ ആദ്യത്തെ ഇടവകപ്പള്ളി അരുവിത്തുറയായിരുന്നു. എ. ഡി. 1450-ൽ കാഞ്ഞിരപ്പള്ളിയിൽ ഒരു പള്ളി സ്ഥാപിക്കുകയും നിലയ്ക്കൽനിന്നു കൊണ്ടുവന്ന മാതാവിന്റെ സ്വരൂപം അവിടെ പ്രതിഷ്ഠിക്കുകയും ചെയ്തു. എന്നാൽ നിലയ്ക്കൽനിന്നും കൊണ്ടുപോന്ന വി. ഗീവറുഗീസ്സിന്റെ തിരുസ്വരൂപം അരുവിത്തുറ പള്ളിയിൽ തന്നെ സ്ഥാപിതമായി. അതുവരെ ഒരു മരിയ ദേവാലയമായി പരിലസിച്ചിരുന്ന അരുവിത്തുറ പള്ളി തന്മൂലം വി. ഗീവറുഗീസിന്റെ അത്ഭുതപ്രവർത്തന രംഗമായിത്തീരുകയും വിശുദ്ധന്റെ നാമത്തിൽ അറിയപ്പെടുകയും ചെയ്തുവത്രെ.

പോർട്ടുഗീസ് ദേവാലയം

പോർട്ടുഗീസുകാരുടെ ആഗമനത്തിനുശേഷം 16-ാംനൂറ്റാണ്ടിൽ കല്ലറയ്ക്കൽ മത്തായി കത്തനാരുടെ നേതൃത്വത്തിൽ പോർട്ടുഗീസുകാരുടെ സഹകരണത്തോടെ അരുവിത്തുറ പള്ളി അന്നത്തെ പ്രതാപത്തിനൊത്തവിധം പുതുക്കിപ്പണിതപ്പോഴാണ് വി. ഗീവറുഗീസിന്റെ നാമത്തിലാക്കിയതെന്നു പറയപ്പെടുന്നു. ദേവാലയ പ്രതിഷ്ഠയിൽ അങ്ങനെ വ്യത്യാസമുണ്ടായെങ്കിലും പള്ളിയുടെ മുഖ്യാരത്തിൽ ദേവാലയ മദ്ധ്യസ്ഥന്റെ പ്രതിമയ്ക്ക് നിശ്ചയിക്കപ്പെട്ടിരുന്ന കേന്ദ്രസ്ഥാനത്ത് ദിവ്യജനനിയുടെ സ്വരൂപം സ്ഥാപിതമായിരുന്നു. 1942 വരെ അരുവിത്തുറയിൽ സ്ഥിതിചെയ്തിരുന്ന പോർട്ടുഗീസ് ശില്പമാതൃകയിലുള്ള ദേവാലയം അതിന്റെ പ്രഥമ ദർശനമാത്രയിൽ തന്നെ പോർട്ടുഗീസുകാരുടെ കാലത്തെ ദേവാലയമാതൃക ഉച്ചൈസ്വരം വിളിച്ചറിയിക്കുകതന്നെ ചെയ്യുമായിരുന്നു.

ഇപ്പോഴത്തെ ബ്രഹ്മാണ്ഡവും മനോഹരവുമായ അരുവിത്തുറപ്പള്ളി ആദ്യത്തെ ദേവാലയത്തിന്റെ മൂന്നാമത്തെയോ നാലാമത്തെയോ പുതുക്കലാണ്. 16-ാംനൂറ്റാണ്ടിൽ പോർട്ടുഗീസ് ശില്പമാതൃകയിൽ നിർമ്മിച്ച ദേവാലയത്തിനു മുമ്പുണ്ടായിരുന്ന അരുവിത്തുറയിലെ പള്ളിയോ പള്ളികളോ ക്ഷേത്രമാതൃകയിൽ കരിങ്കല്ലുകൊണ്ടു നിർമ്മിക്കപ്പെട്ടവയായിരുന്നു.

പഴമയുടെ അവശിഷ്ടങ്ങൾ

പല വിലയേറിയ പുരാതനവസ്തുക്കളും അരുവിത്തുറയിലുണ്ടായിരുന്നു. പലതും നഷ്ടപ്പെട്ടെങ്കിലും ചുരുക്കം ചിലവ ഇന്നും അവിടെ കാണുന്നുണ്ട്. 16-ാം ശതകത്തിലെ പോർട്ടുഗീസ് മാതൃകയിലുള്ള ദേവാലയത്തിന്റെ മദ്ബഹാഭാഗം ഇപ്പോഴത്തെ പള്ളിക്കകത്ത് പഴയരീതിയിൽ സൂക്ഷിച്ചിരിക്കുന്നു. അവിടെയാണ് വി. ഗീവറുഗീസിന്റെ സിംഹാസനവും അൾത്താരയും സ്ഥിതിചെയ്യുന്നത്. 16-ാം ശതകത്തിൽ പൊളിച്ചുമാറ്റപ്പെട്ട ക്ഷേത്രമാതൃകയിലുള്ള ആർച്ച് പുതിയപള്ളിയുടെ വടക്കുവശത്തെ തറയിൽ പതിച്ചിട്ടുണ്ട്. കരിങ്കല്ലിൽ കൊത്തിയുണ്ടാക്കിയ പ്രാചീനമായ ഒരു ഹന്നാൻവെള്ളപ്പാത്രം പഴയ മദ്ബഹായ്ക്കുള്ളത്ത് പുതിയ പള്ളിയുടെ ഭിത്തിയിൽ സ്ഥാപിച്ചിട്ടുണ്ട്. അതിൽ 'എഴുന്നൂറ്റി ഇരുപതാമത്തു ചിങ്ങമാതം 24-ാംനു- അയിപ അയിപ ഒരുക്കിവച്ച കല്ല്' എന്നു വട്ടെഴുത്തിൽ കൊത്തിയിട്ടുണ്ട്. ഇതുപോലെയുള്ള ഏതാനും ശിലകളും വൈദിക മന്ദിരത്തിന്റെ ഭിത്തിയിൽ പതിച്ചിട്ടുണ്ട്. അവയിൽ മിക്കതും ശവകുടീരങ്ങളുടേതാണ് '750 - മതു് മീനമാതം 15 - നു ഈരാറ്റിട കൂടൽ ഏലീശാമ്മ നല്ല വഴി ചെയിതു' എന്നിങ്ങനെയാണ് ആ തീയതികളും പേരുകളും പോകുന്നത്. പള്ളിപ്പരിസരങ്ങളിൽ പ്രാചീന ക്ഷേത്രങ്ങളുടേയും തെക്കുംകൂർ കൊട്ടാരത്തിന്റേയും അവശിഷ്ടങ്ങളും കാണാം.

ഇന്നുകാണുന്ന അരുവിത്തുറപ്പള്ളിയുടെ പണി 1942 സെപ്റ്റംബറിൽ ആരംഭിക്കുകയും 1951 ഏപ്രിലിൽ പൂർത്തിയാവുകയും ചെയ്തു. പഴയ ദേവാലയത്തിൽ വി. ഗീവറുഗീസിന്റെ പ്രതിഷ്ഠാരൂപത്തിനായിരുന്ന പ്രാധാന്യമെങ്കിൽ നൂതനദേവാലയത്തിൽ മാതാവിന്റെ സ്വർഗ്ഗാരോഹണ രൂപത്തിനു പ്രാധാന്യം നൽകിയിരിക്കുന്നതായി കാണാം. ഏതാണ്ടു നാലുലക്ഷം രൂപാ ചിലവുചെയ്ത് ഏറ്റവും ആധുനികവും പരിഷ്കൃതവുമായ രീതിയിൽ പണിചെയ്യപ്പെട്ടിരിക്കുന്ന ഈ ബ്രഹ്മാണ്ഡദേവാലയത്തിന്റെ മദ്ബഹാമുതൽ മുഖവാരംവരെ 170 അടി നീളവും 80 അടി വീതിയും 52 അടി പൊക്കവും ഉണ്ട്. മുഖവാരത്തിനു 120 അടിയിലധികം കിളരവും മദ്ബഹാക്കു താഴെ രണ്ടു വശവുമുള്ള നീട്ടുകൂടി ഉൾപ്പെടെ ആ ഭാഗത്തിനു 100 അടിയോളം കൂടുകെ നീളവുമുണ്ട്. സഭയുടെ സ്വാതന്ത്ര്യസമരത്തിൽ അരുവിത്തുറ നല്ല പങ്കു വഹിച്ചിട്ടുണ്ട്.

വി. ഗീവറുഗീസിന്റെ തിരുനാൾ നടക്കുന്ന ഏപ്രിൽ 23, 24, 25 തീയതികളിൽ അരുവിത്തുറ ഒരു മനുഷ്യമഹാസമുദ്രമായി രൂപാന്തരപ്പെടുന്നു. ഹിന്ദുവും, ക്രിസ്ത്യാനിയും മുസ്സൽമാനും ഒത്തുചേർന്നാണ് അരുവിത്തുറപ്പെരുനാൾ കൊണ്ടാടുന്നത്. പാമ്പുകളുടേയും, പിശാചുക്കളുടേയും ഉപദ്രവങ്ങളിൽ നിന്നു രക്ഷനേടുന്നതിനും നഷ്ടപ്പെട്ട സാധനങ്ങൾ തിരിച്ചുകിട്ടുന്നതിനും കളവുകൾ തെളിയുന്നതിനും മറ്റും വേണ്ടി ക്ഷേത്രജനങ്ങൾ ഒരുമനംദിനം വിശുദ്ധനെ അഭയം

പ്രാപിക്കുന്നു. അവിടത്തെ വി. ഗീവറുഗീസിന്റെ തിരുസ്വരൂപം പൗരസ്ത്യശില്പകലയുടെ വൈദഗ്ധ്യവും മാഹാത്മ്യവും വിളംബരം ചെയ്യുന്നു. പേഷ്യൻ ചിത്രകലയുടെ ചായ ആ പ്രതിമാശില്പത്തിൽ തെളിഞ്ഞു കാണാം.

കുറവിലങ്ങാട് ഫൊറോനാപ്പള്ളി


പുരാതനത്വംകൊണ്ടും കേരള സഭാചരിത്രത്തിലെ പ്രാധാന്യമഹിക്കുന്ന അനേകം സംഭവങ്ങളുടെ കേന്ദ്രസ്ഥലമെന്ന നിലയിലും പൂർവ്വീകരായ സഭാനേതാക്കന്മാരുടെ ഇടവക എന്ന നിലയിലും കുറവിലങ്ങാട്ടുപള്ളിയുടെ മാഹാത്മ്യം അതിരറ്റതാണ്.

സെന്റ് തോമസിൽനിന്നു ജ്ഞാനസ്നാനം സ്വീകരിച്ച പകലോമറ്റം, ശങ്കരപുരി, കള്ളി, കാളികാവ് എന്നീ ബ്രാഹ്മണകുടുംബക്കാർ നാലാം നൂറ്റാണ്ടിന്റെ പ്രാരംഭകാലത്തുണ്ടായ കക്ഷിമത്സരംകൊണ്ടോ, മതപീഡനംകൊണ്ടോ പാലയൂർപ്രദേശംവിട്ട് തെക്കോട്ടു യാത്രതിരിച്ചു. അവർ പറവൂർ, പള്ളിപ്പുറം തുടങ്ങി അക്കാലത്തു നസ്രാണികളും പാർത്തിരുന്ന പല സ്ഥലങ്ങളും സന്ദർശിച്ച് ഏറ്റുമാനൂർ എത്തിയെന്നും ക്ഷേത്രാധികാരികളും അവരെ കാളികാവു കാളീക്ഷേത്രത്തിനു സമീപം താമസിപ്പിച്ചുവെന്നുമാണ് ഐതിഹ്യം. കാളിയിൽനിന്ന് എന്തെങ്കിലും ശല്യംവരുമോ എന്നു പരീക്ഷിക്കുവാനാണ് ക്ഷേത്രാധികാരികളും ഈ കുടുംബക്കാരെ അവിടെ പാർപ്പിച്ചതെന്നു പറയപ്പെടുന്നു. എന്നാൽ തങ്ങളും കരുതിയതുപോലെ നസ്രാണികൾക്കു യാതൊരു ഉപദ്രവവും ഉണ്ടായില്ലെന്നു കണ്ടപ്പോൾ ക്ഷേത്രാധികൃതർക്ക് വളരെ അത്ഭുതവും ആ കുടുംബക്കാരെപ്പറ്റി മതിപ്പുമാണുണ്ടായത്. അവർക്കു പാലയൂരുണ്ടായിരുന്ന ഗോത്രനാമങ്ങളിൽതന്നെ വസ്തുക്കളും സമ്പാദിക്കുന്നതിനുള്ള സ്വാതന്ത്ര്യവും കൊടുത്തു. അംഗസംഖ്യ അധികമായപ്പോൾ ഈ കുടുംബക്കാർ തൊട്ടടുത്തുള്ള കുറവിലങ്ങാട്ടേക്കു മാറിത്താമസിച്ചു. ഈ നാലുവീട്ടുകാരും അവരോടൊന്നിച്ചു വന്നവരെന്നു കരുതപ്പെടുന്ന കടപ്പൂർ അഞ്ചു കുടുംബക്കാരുമാണ് കുറവിലങ്ങാട്ടും പരിസരങ്ങളിലും ഇദംപ്രഥമമായി കുടിയേറിയതു. അക്കാലത്തു കുറവിലങ്ങാട് ഏതാണ്ടു വനപ്രദേശമായിരുന്നു. 'കുറവേലൻ കാട്' എന്നായിരുന്നു കുറവിലങ്ങാടിന്റെ പൂർവ്വനാമം. അവിടം ഏറ്റുമാനൂർ ക്ഷേത്രത്തിൽപ്പെട്ടതായിരുന്നെങ്കിലും പള്ളിവയ്ക്കുന്നതിനു ക്ഷേത്രാധികാരികളിൽനിന്നു യാതൊരു എതിർപ്പും ഉണ്ടായിരുന്നില്ല. കുറവിലങ്ങാട് മർത്തമറിയം പള്ളി എ.ഡി. 355—ൽ സ്ഥാപിക്കപ്പെട്ടതായി കരുതപ്പെടുന്നു. പള്ളിപണി പൂർത്തിയായ ഘട്ടത്തിലാണ് കുനായിത്തൊമ്മൻ എന്ന സിറിയൻ വർത്തകപ്രമാണി ഏതാനും അനുചരന്മാരോടുകൂടി കേരളത്തിൽ വന്നതെന്നും അവരോടുകൂടി ഉണ്ടായിരുന്ന ഉറഹായുടെ — എഡേസായുടെ — മെത്രാൻ മാർ യൗസേപ്പു അന്നു കുറവിലങ്ങാട്ടു പള്ളിയുടെ പ്രതിഷ്ഠ നടത്തിയെന്നും ഐതിഹ്യം ഉണ്ട്.

മാതാവു പള്ളിക്കു സ്ഥാനം നിശ്ചയിച്ചു.

ദേവമാതാവുതന്നെ പ്രത്യക്ഷപ്പെട്ടു സ്ഥാനനിർദ്ദേശം നൽകി സ്ഥാപിക്കപ്പെട്ട പള്ളിയാണു കുറവിലങ്ങാട്. ഇതു സംബന്ധിച്ചുള്ള പാരമ്പര്യ കഥ ഇതാണ്. ഇന്നത്തെ കുറവിലങ്ങാട്ടു പള്ളിക്കുസമീപം പണ്ടുണ്ടായിരുന്ന ഒരു കളരിയിൽ നസ്രാണിക്കുട്ടികൾ അക്ഷരാഭ്യാസം നടത്തിയിരുന്നു. ഒരു ദിവസം കളരിവിട്ടു കുട്ടികൾ വീടുകളിലേക്കു പോവുകയിൽ കുലകുണ്ഡം നിരപ്പിനു സമീപം വഴിവക്കത്തുള്ള കാട്ടിൽനിന്നു ഒരു വൃദ്ധ കുട്ടികളുടെ അടുത്തെത്തി നിലത്തുനിന്നു കല്ലുകഷണങ്ങൾ പെറുക്കിയെടുത്തു അപ്പമാക്കി കൊടുത്തു. രുചികരമായ ആ അത്ഭുത അപ്പംതിന്നു കുഞ്ഞുങ്ങൾ ആനന്ദസാഗരത്തിൽ ആറാടി. അവർ വീട്ടിൽച്ചെന്നു മാതാപിതാക്കന്മാരെ വിവരം അറിയിച്ചു. മാതാപിതാക്കൾ തൽസ്ഥാനത്തെത്തി. കുഞ്ഞുങ്ങൾ വൃദ്ധയായിക്കണ്ട സ്ത്രീ വളരെ സുന്ദരിയായി അവരുടെ മുമ്പിലും കാട്ടിൽനിന്നും പ്രത്യക്ഷപ്പെട്ടു. അവിടെ ഒരു പള്ളി സ്ഥാപിക്കണമെന്നു ആ വനിതാരത്നം നിർദ്ദേശിക്കുകയും ഒരു നീരുറവ അവിടെ കാണിച്ചുകൊടുക്കുകയും ചെയ്തു. പെട്ടെന്നു വൃദ്ധ അന്തർദ്ധാനം ചെയ്തു. ആ വനിതാമണി ദേവമാതാവു തന്നെയാണെന്നു അവർ തീർച്ചപ്പെടുത്തി. മാതാവു കാണിച്ചുകൊടുത്ത ആ ഉറവയ്ക്കു സമീപം ഒരു ചെറിയ പള്ളി അവർ താമസംവിനാ സ്ഥാപിച്ചു.


കാലാന്തരത്തിൽ ഇടവകക്കാരുടെ സംഖ്യ വർദ്ധിച്ചപ്പോൾ കുറവിലങ്ങാട്ടുപള്ളി പല പ്രാവശ്യം പുതുക്കി പണിയേണ്ടിവന്നിട്ടുണ്ട്. പോർട്ടുഗീസുകാരുടെ ആഗമനശേഷം അവരുടെ നേതൃത്വത്തിൽ നിർമ്മിക്കപ്പെട്ട കുറവിലങ്ങാട്ടു പള്ളി അടുത്ത കാലത്താണ് പൊളിച്ചുപണതതു. പോർട്ടുഗീസ് ശില്പമാതൃകയിൽ വളരെ കനത്ത ഭിത്തികളും ഈജിപ്ഷ്യൻ, റോമൻ, ഗ്രീക്ക്, പേർഷ്യൻ, പോർട്ടുഗീസ് ശില്പകലകളെ അനുസ്മരിപ്പിക്കുന്ന കലാമാതൃകകളും പൊളിച്ചുകളഞ്ഞ ദേവാലയത്തിൽ ഉണ്ടായിരുന്നു. പഴയ മദ്ബഹാ ഭാഗം അതേപടി ഇന്നു സൂക്ഷിച്ചിട്ടുണ്ട്. അതിലെ തെക്കേ സങ്കീർത്തി പോർട്ടുഗീസ് മാതൃകയിലുള്ള ദേവാലയത്തിനു മുമ്പിലത്തെ പള്ളിയുടെ ഭാഗമാണ്. 1954—ൽ



St. Augustine's Forane Church, Ramapuram



Holy Ghost Forane Church, Muttuchira




Persian Cross at Muttuchira


Churches (Contd.)




St. Mary's Forane Church, Kuravilangad



കുറവിലങ്ങാട്ടെ വലിയ മണി



അത്ഭുത ചിരവ



ജോനാസിന്റെ കപ്പൽ

ആരംഭിച്ച് 1960–ൽ പണിപൂർത്തിയായ പുതിയ ദേവാലയം ആധുനികശില്പകലയുടെ നല്ലൊരു മാതൃകയാണ്. കുറവിലങ്ങാട്ട് ഇടവകാംഗവും സാഹിത്യകാരനും ചരിത്രപണ്ഡിതനുമായ വെരി. റവ. ഫാദർ തോമസ് മണക്കാട്ട് വികാരിയായിരുന്ന കാലത്താണ് ഈ രീതിയിൽ പള്ളി പുതുക്കി പണിയപ്പെട്ടത്.

ചരിത്രസ്മാരകങ്ങൾ

അനവധി പുരാതനവസ്തുക്കൾ കുറവിലങ്ങാട്ട പള്ളിയിലുണ്ട്. അവിടത്തെ മണികൾ ചരിത്രപ്രസിദ്ധമാണ്. പ്രധാനപ്പെട്ട ഒരു മണി മുഖവാരത്തിന്റെ മദ്ധ്യത്തിലെ സൗധത്തിന്റെ പുറകിലത്തെ ശീലാന്തിയിൽ സ്ഥാപിച്ചിരിക്കുന്നു. അതിൽ കാണുന്ന ലിപികൾ ഇന്നേവരെ ആർക്കും ശരിയായി വായിക്കുവാൻ കഴിഞ്ഞിട്ടില്ല. ആ ലിപികൾ പഴയ ഗ്രീക്കോ പഴയ പോർട്ടുഗീസോ ആണെന്നും, ആ മണി പോർട്ടുഗീസുകാർ കൊണ്ടുവന്നതാണെന്നും അതല്ല നാടൻ മൂശാരിമാർ വാർത്തതാണെന്നും 800 കൊല്ലത്തെ പഴക്കം അതിനുണ്ടെന്നുമൊക്കെ പറയപ്പെടുന്നു. പ്രാധാന്യമർഹിക്കുന്ന മറെറാരു മണി ദേവാലയത്തിനകത്ത് മുഖവാരത്തോടടുത്ത സ്ഥാപിച്ചിരിക്കുന്നു. അതു വാർത്തകാലം (1584) സുറിയാനി ഭാഷയിൽ അതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 'എമ്മെ ദാലാഹ', 'ദൈവത്തിന്റെ അമ്മ' എന്നും അതിൽ കൊത്തിയിട്ടുണ്ട്. പെറിയ പള്ളിക്കു സമീപം മണിമാളികയിലുള്ള ഭീമാകാരങ്ങളായ മൂന്നു മണികൾ ഈ നൂറാണ്ടിന്റെ ആരംഭത്തിൽ ജർമ്മനിയിലെ ഹാംബർഗിൽനിന്നു കൊണ്ടുവന്നതാണ്. അതിലെ വലിയ മണിക്കു് ഒരാൾ പൊക്കവും അതിനടുത്ത വ്യത്തവുമുണ്ട്. ഇത്ര വലിയ മണികൾ കേരളത്തിൽ മറെറങ്ങുമില്ല. ഒറെറത്തടിയിൽ വെറും ഉളിപ്പണി ചെയ്ത് വേർപെടുത്തിയതും പലതായി വിടർത്തിവച്ച് ഉപയോഗിക്കാവുന്നതുമായ രണ്ടു സെറ്റു ചിരവ കുറവിലങ്ങാട്ടുണ്ട്. കപ്പൽ വഴി പരദേശത്തുനിന്നും കൊണ്ടുവന്നതെന്നു പറയുന്നതെക്കെ സങ്കീർത്തിയിലെ മാതാവിന്റെ വർണ്ണശബളിമയുള്ള കരിങ്കൽ പ്രതിമ പോർട്ടുഗീസുകാർ മുഖേനയോ പേർഷ്യാ വഴിയോ കിട്ടിയതെന്നു കരുതപ്പെടുന്നു. വി. ലൂക്കാ സുവിശേഷകൻ വരച്ച പടത്തിന്റെ ശരിപ്പകർപ്പായ മാതാവിന്റെ എഴുത്തുരൂപം, മൂന്നു നോയമ്പു തിരുനാളിനു് ഉപയോഗിക്കുന്ന കപ്പൽ, 48 അടി ഉയരമുള്ള കരിങ്കൽ കുരിശ് മുതലായി പല ചരിത്രവസ്തുക്കൾ ഈ ദേവാലയത്തിലുണ്ട്.

കുറവിലങ്ങാട്ടെ മൂന്നു നോയമ്പു തിരുനാൾ അഖില കേരള പ്രസിദ്ധമാണ്. യൗനാൻ ദീർഘദർശി കപ്പലിൽനിന്നും കടലിൽ തള്ളപ്പെട്ടതും അദ്ദേഹം ഒരു തിമിംഗലത്തിന്റെ ഉദരത്തിൽ മൂന്നു ദിവസം ഉപവാസമായി കഴിച്ചുകൂട്ടിയതും ജീവൻ നഷ്ടപ്പെടാതെ അദ്ദേഹം രക്ഷപെട്ടതുമായ ബൈബിൾ കഥയാണ് മൂന്നു നോയമ്പു തിരുനാളിന്റെ അനുസ്മരണം.

കുറവിലങ്ങാട്ട പള്ളി – സഭാചരിത്രത്തിലൂടെ

പോർട്ടുഗീസുകാരനായ മെനേസിസ് മെത്രാപ്പോലീത്താ കേരള സുറിയാനി സമുദായത്തെ തങ്ങളുടെ അധീനതയിലാക്കുന്നതിനു നടത്തിയ പരിശ്രമങ്ങൾ ചരിത്രപ്രസിദ്ധമാണല്ലോ. അദ്ദേഹം 1599-ൽ വിളിച്ചുകൂട്ടിയ ചരിത്രപ്രഖ്യാതമായ ഉദയംപേരൂർ സൂനഹദോസിൽ കുറവിലങ്ങാട്ട പള്ളിയുടെ പ്രതിനിധികളായി 6 പേർ പങ്കെടുത്തിരുന്നു. തുടർന്നുള്ള നാടകീയവും ചരിത്രപ്രാധാന്യമർഹിക്കുന്നതുമായ സംഭവവികാസങ്ങളിൽ പലതിനും കുറവിലങ്ങാട്ട പള്ളിയും കുറവിലങ്ങാട്ടിടവകയും നല്ല പങ്കു വഹിച്ചിരുന്നു. പോർട്ടുഗീസുകാരുമായുള്ള ശത്രുത വർദ്ധിച്ചതു് ഇഗ്നാത്തിയോസ് അഹത്തുള്ള എന്ന സുറിയാനി മെത്രാനെ കടലിൽ താഴ്ത്തി വധിച്ചു എന്ന ശ്രുതി ഉണ്ടായതോടെയാണ്. കേരള സുറിയാനിക്കാർ തങ്ങളുടെ അധിപനായിരുന്ന തോമ്മാ അക്കദിയാക്കോനെറ നേതൃത്വത്തിൽ 1653–ൽ കൊച്ചിയിൽ മട്ടാഞ്ചേരിയിലുള്ള കൂനൻ കുരിശിൽ ആലാത്തുകെട്ടി അതിൽ പിടിച്ച് മേലിൽ പോർട്ടുഗീസുകാക്കു് കീഴ്പ്പെടുകയില്ലെന്നു് ശപഥം ചെയ്തു. പിന്നീടു് 12 പട്ടക്കാർ ചേർന്നു് അക്കദിയാക്കോനെ കൃത്രിമമായ രീതിയിൽ മെത്രാനായി വാഴിച്ചു. അങ്ങനെ അദ്ദേഹം ഒന്നാം മാർത്തോമ്മാ മെത്രാനായി തീർന്നു. 1659-ൽ ഈ സംഭവവികാസങ്ങൾ റോമിൽ അറിയുകയും അന്നു വാണിരുന്ന ഏഴാം അലക്സാണ്ടർ മാർപ്പാപ്പാ മാർ സെബസ്ത്യാനി എന്ന കർമ്മലീത്താ വൈദികനെ മെത്രാനായി വാഴിച്ചു് കേരളത്തിലേക്കയക്കുകയും ചെയ്തു. മാർത്തോമ്മായുടെ വശത്തേക്കു ദേശീയബോധവും, മാർ സെബസ്ത്യാനിയുടെ വശത്തേക്കു് സത്യമതവിശ്വാസവും രണ്ടു വലിയ കോട്ടകളായി നിന്നിരുന്നു. താമസം വിനാ മാർ തോമ്മാ മെത്രാന്റെ ആലോചനക്കാരിൽ പെട്ട കടവിൽ ചാണ്ടിക്കത്തനാരും പള്ളിവീട്ടിൽ ചാണ്ടിക്കത്തനാരും ഭൂരിഭാഗം ജനങ്ങളും മാർത്തോമ്മായെ വിട്ടു് സെബസ്ത്യാനിയുടെ പക്ഷത്തുചേർന്നു. 1659-ൽ സ്വമാതാവിന്റെ ചരമം പ്രമാണിച്ചു് കുറവിലങ്ങാട്ടു വന്ന മാർത്തോമ്മാ മെത്രാൻ കുറവിലങ്ങാട്ട വികാ

രി പള്ളിവീട്ടിൽ ചാണ്ടിക്കത്തനാരെ അദ്ദേഹത്തിന്റെ മുറിയിൽ പൂട്ടിയിട്ടു. ചാണ്ടിക്കത്തനാരുടെ ആൾക്കാർ വടക്കുംകൂർ രാജാവിന്റെ സഹായത്തോടുകൂടി മാത്തോമ്മായെ ബന്ധനസ്ഥനാക്കുകയുണ്ടായി. എന്തായാലും കുറവിലങ്ങാട്ടിടവകക്കാരും ബന്ധുക്കളുമായ ആ രണ്ടു മെത്രാന്മാരാണു് പഴയ കൂറെന്നും പുത്തൻകൂറെന്നും സുപ്രസിദ്ധമായ ചേരിതിരിവുകൾക്കും ഓരോന്നിനും നേതൃത്വം കൊടുത്തതു്. നാടകീയമായി മെത്രാൻ വാഴ്ചയേറ മാത്തോമ്മായും അനുയായികളും 1665–നുശേഷം യാക്കോബായ വിശ്വാസത്തിലേക്കു വഴുതിപ്പോയി.

കമ്മീസറി മാർ സെബസ്ത്യാനിയുടെ കല്പനപ്രകാരം കടുത്തുരുത്തിപ്പള്ളിയിൽ ചേർന്ന പ്രതിനിധിയോഗം പള്ളിവീട്ടിൽ ചാണ്ടിക്കത്തനാരെ മെത്രാനായി തിരഞ്ഞെടുത്തു. 1663 ജനുവരി 31–നു മാർ സെബസ്ത്യാനിയാൽ കടുത്തുരുത്തി പള്ളിയിൽവച്ചു് അദ്ദേഹം വാഴിക്കപ്പെട്ടു. ചാണ്ടിമെത്രാൻ 24 സംവത്സരക്കാലം കുറവിലങ്ങാട്ടുപള്ളി കേന്ദ്രമാക്കി കേരള സുറിയാനി കത്തോലിക്കാ സമുദായത്തെ സ്തുത്യർഹമായി ഭരിച്ചു. അദ്ദേഹത്തിന്റെ മൃതദേഹം സംസ്കരിച്ചിരിക്കുന്നതു് കുറവിലങ്ങാട്ട പള്ളിയുടെ മദ്ബഹായിലാണു്. മാർ സെബസ്ത്യാനിയും അനുചരന്മാരും പലപ്പോഴും കുറവിലങ്ങാട്ടുപള്ളി തങ്ങളുടെ ആസ്ഥാനമാക്കിയിട്ടുണ്ടെന്നു് സെബസ്ത്യാനി മെത്രാന്റെ യാത്രാവിവരണത്തിൽ പറയുന്നുണ്ടു്.

അക്ദിയാക്കോന്മാരുടെ ആസ്ഥാനം.

345 – ൽ കു്നായിത്തൊമ്മന്റെകൂടെ വന്ന ഉറഹായുടെ മെത്രാനായ മാർ യൗസേപ്പു് കേരളസഭയിൽ അക്ദിയാക്കോൻ സ്ഥാനം ഏർപ്പെടുത്തിയതു് പ്രസിദ്ധ സംഭവമാണല്ലോ. ക്രിസ്താബ്ദം 345 മുതൽ പുത്തൻകൂർ സഭയുടെ ഉത്ഭവകാലമായ 1653 വരെ കേരളസഭയെ ഭരിച്ച അക്ദിയാക്കോൻമാർ കുറവിലങ്ങാട്ടു് പകലോമറ്റം കുടുംബക്കാരായിരുന്നു. അക്ദിയാക്കോന്മാരുടെ ആസ്ഥാനം അങ്കമാലിയായിരുന്നെങ്കിലും മിക്കവരും കൂടുതൽ കാലം കഴിച്ചുകൂട്ടിയതു് കുറവിലങ്ങാട്ടാണു്. അവരുടെ ഇടവകയും ജന്മഭൂമിയുമെന്ന നിലയിൽ കുറവിലങ്ങാട്ടുപള്ളി കേരളസഭയുടെ തലസ്ഥാനമായിരുന്നു എന്നു പറയാം. ഇവയിൽ പാലയൂരിന്റെ മെത്രാനായിരുന്ന മാപ്പ്രപ്പായാൽ തിരഞ്ഞെടുക്കപ്പെട്ട വലിയ ഗീവറുഗീസു് അക്ദിയാക്കോനേയും കൊടുങ്ങല്ലൂർ അതിരൂപതയിലേയും കൊച്ചി രൂപതയിലേയും ഗോവർണ്ണദോരും അങ്കമാലി അതിരൂപതയിലെ കത്തോലിക്കരുടെ ആദ്ധ്യാത്മികാദ്ധ്യക്ഷന്മാരായി നാല്പതിൽപരം സംവത്സരം സേവനമനുഷ്ഠിച്ച പറമ്പിൽ – പള്ളിവീട്ടിൽ–മത്തായി അക്ദിയാക്കോനെയും മെത്രാന്മാരുടെ ഗണത്തിൽപ്പെടുത്താം.

മെത്രാന്മാരുടെ തറവാട്ടു്

പുത്തൻകൂർ സഭാ സ്ഥാപകനായ ഒന്നാം മാർ തോമ്മാ ഉംപ്പെടെ ആ സഭയിലെ ആദ്യകാലത്തെ പത്തു മെത്രാന്മാരും കുറവിലങ്ങാട്ടിടവകക്കാരായിരുന്നു. മാത്തോമ്മാ സഭയിലെ ഇന്നത്തെ ഒരു മെത്രാനായ ജോസഫു് മാർ ഐറേനിയസു്, പ്രസ്തുത സഭയിലെ മുൻ മെത്രാന്മാരായ മാത്യൂസു് മാർ അത്തനാസിയോസു്, തോമസു് മാർ അത്തനാസിയോസു്, തീത്തൂസു് ഒന്നാമൻ, തീത്തൂസു് രണ്ടാമൻ, ഇന്നത്തെ കൊച്ചി ഓർത്തഡോക്സു് മെത്രാനായ യൂഹാനോൻ മാർ സെവേരിയോസു്, എറണാകുളം വികാരി അപ്പസ്തോലിക്കയായിരുന്ന പഴേപറമ്പിൽ ളയിസു് മെത്രാൻ, ചങ്ങനാശേരി രൂപതയെ ഭരിച്ച കുര്യാളശ്ശേരിൽ തോമ്മാ മെത്രാൻ, കാളാശ്ശേരിൽ ജെയിംസു് മെത്രാൻ തുടങ്ങിയ വൈദികാദ്ധ്യക്ഷന്മാരുടേയും പുണ്യശ്ലോകനായ ചാവറ കുര്യാക്കോസു് അച്ചന്റേയും, കേരള കർമ്മലീത്താ സഭയുടെ സ്ഥാപകപിതാക്കളിലൊരാളായ പോരുക്കര തോമ്മാ മല്പാന്റേയും പൂർവ്വകുടുംബം കുറവിലങ്ങാട്ടാണു്. ടെസ്പൂർ മെത്രാൻ ഡോ. ജോസഫു് മിറാത്താനി ഈ ഫൊറോനായിൽപ്പെട്ട കാളികാവു് ഇടവകക്കാരനത്രെ. കേരള കത്തോലിക്കരിൽ നിന്നു് പൊന്തിഫിക്കൽ അധികാരങ്ങളോടെ തിരഞ്ഞെടുക്കപ്പെട്ടു് വാഴിക്കപ്പെട്ട പ്രഥമ വികാരി ജനറാളും സഭാഭരണം വിദേശിയരിൽ നിന്നും തിരിച്ചെടുക്കുന്നതിനുവേണ്ടി നിരന്തരപ്രയത്നം ചെയ്തിട്ടുള്ള ആളും, എക്യുമെനിസ്റ്റും, മഹാസാഹിത്യകാരനും 18 ഭാഷകളിൽ വിദഗ്ധനും, സത്യനാഥ കാഹളം, മലയാളമനോരമ, ദീപിക തുടങ്ങിയ പത്രങ്ങളുടെ ആരംഭത്തിനു കാരണക്കാരനുമായ മഹാനായ നിധീരിയിരിക്കൽ മാണിക്കത്തനാർ കുറവിലങ്ങാടിടവകയുടെ വീരപുത്രനാണു്. പുണ്യശ്ലോകനായ പനങ്കുഴയ്ക്കൽ വല്യച്ചൻ, സാഹിത്യ അക്കാഡമി മെമ്പറായിരുന്ന സാഹിത്യതിലകൻ ഫാ. സി. കെ. മറ്റം, ഇൻഡ്യാ ഗവണ്മെൻറിന്റെ സാമ്പത്തികോപദേഷ്ടാവും വിദേശചരിത്രകാരന്മാർ വളച്ചൊടിച്ച കേരളത്തിലെ പല ചരിത്രങ്ങളും തിരുത്തിയെഴുതിയ ദേവമായ ഷെവലിയർ ഡോ. പി. ജെ. തോമസു് തുടങ്ങിയവരും കുറവിലങ്ങാട്ടുകാരായിരുന്നു. സുറിയാനി ക്രിസ്ത്യാനികളുടെ പുരാതന പദവികളും പീഡനങ്ങളും തിരിച്ചുകിട്ടുന്നതിലേക്കു് കുറവിലങ്ങാട്ടുപള്ളി 12350 കലിപ്പണം സംഭാവനചെയ്തിട്ടുണ്ടു്.

ഏറ്റുമാനൂർ ക്ഷേത്രവും കുറവിലങ്ങാട്ട പള്ളിയും തമ്മിലുള്ള ബന്ധം അതുല്യമാണ്. 24 പറ ഇരുപ്പു നിലവും ക്ഷേത്രത്തിൽനിന്നും പള്ളിക്കു ദാനമായി ലഭിച്ചിട്ടുണ്ട്. ഏറ്റുമാനൂർ ദേവസ്വം വകയായി 3 ഏക്കർ 26 സെൻറുള്ള നെടുമറ്റം നിലവും പള്ളിക്കു നൽകിയിട്ടുണ്ട്.

ഭരണങ്ങാനം ഫൊറോനാപ്പള്ളി

അന്യാദൃശ്യമായ പുണ്യസമ്പത്തുമൂലം ഇന്നു ഭൂവനപ്രസിദ്ധയായിത്തീർന്നിരിക്കുന്ന ദൈവദാസി സി. അൽഫോൻസായുടെ അത്ഭുതപ്രവർത്തനരംഗമെന്ന നിലയിലും, പുരാതനത്വംകൊണ്ടും പ്രസിദ്ധമാണ് ഭരണങ്ങാനം ഫൊറോനാപ്പള്ളി.

പൗരാണിക കാലംമുതല്ക്കുതന്നെ ചരിത്രപരമായും ഐതിഹ്യപരമായും ഭരണങ്ങാനത്തിനുള്ള പ്രസിദ്ധി അനന്യസാധാരണമാണ്. പാണ്ഡവന്മാരുടെ അജ്ഞാതവാസകാലത്തു് ഏതാനുംകാലം അവർ ഇവിടെ കഴിച്ചുകൂട്ടിയതായും ഭരണങ്ങാനം ശ്രീകൃഷ്ണസ്വാമിക്ഷേത്രം സ്ഥാപിച്ചതായും ഒരൈതിഹ്യമുണ്ട്. പൂഞ്ഞാർ അവിട്ടംതിരുനാൾ രാജവമ്മരാജാതന്റെ ഭ്രമരസന്ദേശത്തിൽ പറയുന്നു:—

"പാർത്ഥന്മാർ പണ്ടേവിയതിൻ വാണപ്പൊഴി
സൽപ്രദേശ-
ത്തെത്തി കൃഷ്ണപ്രതിമയതിനെ ദ്വാദശീ-
വാസരത്തിൽ
ഭക്ത്യാ സ്ഥാപിച്ചതിനെയഴകിൽ പാരണം-
ചെയ്തമൂലം
കീർത്തിപ്പെട്ട സ്ഥലമവനിയിൽ പാരണാ-
രണ്യനാമാൽ"

ആ പാരണാരണ്യം പിന്നീടു് പരണങ്ങാനവും ആധുനികകാലത്തു് ഭരണങ്ങാനവും ആയിത്തീർന്നു.

പള്ളിയും രാഷ്ട്രവും

ക്രിസ്താബ്ദം 1004—ലാണ് മാതാവിന്റെ നാമത്തിലുള്ള ഭരണങ്ങാനം പള്ളി സ്ഥാപിതമായതു്. അതുവരെ ഇന്നാട്ടുകാരുടെ ഇടവക അരുവിത്തുറപ്പള്ളിയായിരുന്നു. കാട്ടുപ്രദേശങ്ങൾ തരണം ചെയ്തു് അരുവിത്തുറക്കു പോയി വരിക പ്രയാസമായതുകൊണ്ടു് ഭരണങ്ങാനത്തു് ഒരു പള്ളി സ്ഥാപിച്ചുകിട്ടുവാൻ വേണ്ടി സ്ഥലത്തും പരിസരങ്ങളിലുമായി താമസിച്ചിരുന്ന ആക്കൻ, അറക്കൻ, പുണ്ട, ബ്രാട്ടിയാനി എന്നീ നാലു കുടുംബക്കാർ ചേർന്നു് നാടുവാഴിയായ മീനച്ചിൽ കർത്താവിനോടപേക്ഷിച്ചു അനുമതി നേടി. 1000—ാമാണ്ടാണ് ഇങ്ങനെ അനുവാദം കിട്ടിയതു്. മീനച്ചിലാറിന്റെ തീരത്തുള്ളതും ഇപ്പോഴത്തെ ഭരണങ്ങാനം പള്ളിയിൽനിന്നും രണ്ടു ഫർലോങ്ങ് കിഴക്കുള്ളതുമായ ആനക്കല്ലു പുരയിടത്തിൽ ക്രിസ്ത്യാനികൾ ദേവാലയസ്ഥാപനത്തിനു പ്രാരംഭമായി ഒരു കുരിശു സ്ഥാപിച്ചു. എന്നാൽ സ്ഥലത്തെ ഹിന്ദുക്കൾ ആ കുരിശു പിഴുതു് ആറ്റിൽ എറിഞ്ഞുകളഞ്ഞു. പള്ളി സ്ഥാപനത്തിനു വേണ്ടി പരിശ്രമിച്ച നാലു വീട്ടുകാരിൽ രണ്ടു വീട്ടുകാർ ആറിനു വടക്കേക്കരയിലും രണ്ടു വീട്ടുകാർ തെക്കേക്കരയിലുമായിട്ടാണ് താമസിച്ചിരുന്നതു്. അവരവർ പാർക്കുന്ന കരയിൽ പള്ളി സ്ഥാപിക്കണമെന്നുള്ള തർക്കവും അവരുടെ ഇടയിൽ ഉണ്ടായി. തന്മൂലം കുറച്ചുകാലം അങ്ങനെ കടന്നുപോയി. അനുയോജ്യമായ സ്ഥാനം നിശ്ചയിക്കുന്ന കാര്യത്തിൽ ഭരണാധികാരിയായ മീനച്ചിൽ കർത്താവു തന്നെ അവസാനം നസ്രാണികളുടേയും ഹിന്ദുക്കളുടേയും അഭിലാഷപ്രകാരം ഇടപെട്ടു. കർത്താവു് ഒരുപായം കണ്ടുപിടിച്ചു. കൊട്ടാരം വക ഒരു ആനയെ നദീമധ്യത്തിൽ നിർത്തി അതിന്റെ മുമ്പിൽ ഒരു കല്ലു് വക്കെകെട്ടിവച്ചശേഷം സ്വമേധയാ ആന ആ കല്ലെടുത്തു് എവിടെ കൊണ്ടുപോയി വയ്ക്കുന്നുവോ അവിടെ പള്ളി സ്ഥാപിക്കുവാൻ അനുവദിക്കുക എന്നുള്ളതായിരുന്നു കർത്താവിന്റെ നിശ്ചയം. എല്ലാവർക്കും നാടുവാഴിയുടെ തീരുമാനം ഇഷ്ടപ്പെട്ടു. കർത്താവു താൻ പറഞ്ഞതുപോലെ ചെയ്യുകയും ആന കല്ലെടുത്തു് വടക്കെകരയിൽ കേളച്ചാവു കുന്നിൽ — ഇന്നു ഭരണങ്ങാനം പള്ളി ഇരിക്കുന്ന പുരയിടത്തിൽ — കൊണ്ടുപോയി വയ്ക്കുകയും ചെയ്തു. ആ പുരയിടം 'ആക്കക്കുന്നേൽ' എന്ന നായർകുടുംബത്തിലെ ഒരു വൃദ്ധയുടെ വകയായിരുന്നു. കർത്താവു് ആ സ്ഥലം കരമൊഴിവാക്കി അവരെക്കൊണ്ടു പള്ളിക്കു ദാനമായി എഴുതി കൊടുപ്പിക്കുകയാണുണ്ടായതു്. സ്ഥലം കൊടുത്തതിനു് നന്ദിയായി പ്രസ്തുത കുടുംബക്കാർക്കു് ആണ്ടുതോറും 'ഒരു അനുഭവം' കൊടുക്കണമെന്നു് കർത്താവു വ്യവസ്ഥ ചെയ്തിരുന്നു. അതിൻ പ്രകാരം പള്ളിയിൽ നടത്തുന്ന ഓരോ വിവാഹത്തിനും അരകലിപ്പണം വീതം പിരിച്ചു് ഒരു തുകയായി ആണ്ടുതോറും ആ കുടുംബക്കാർക്കു കൊടുത്തുവരുന്നു. അവർ അതു വാങ്ങാൻ വരും. സെബസ്ത്യാനോസിന്റെ തിരുനാളം ദിവസത്തിൽ വരുമ്പോൾ 51 അപ്പവും 51 പഴവും പള്ളിക്കു കാഴ്ച കൊടുക്കുകയും ചെയ്യുന്നു.

പള്ളിയുടെ ശിലാസ്ഥാപനം ആന കല്ലുകൊണ്ടുപോയിവച്ച, 1004 ആഗസ്റ്റ് 15—ന മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാൾ നടന്നു. ആനക്കല്ലു പുരയിടത്തിൽ ആദ്യത്തെ ദേവാലയസ്ഥാപനാർത്ഥം കുരിശു സ്ഥാപിച്ചതുകൊണ്ടോ, ആന കല്ലു കൊണ്ടു

വന്ന വച്ച സ്ഥാനത്തു പള്ളി സ്ഥാപിച്ചതുകൊണ്ടോ ആണ് ഭരണങ്ങാനം പള്ളിക്കു് ആനക്കല്ലു് എന്നു പേരുണ്ടായതു്. ഇന്നും പള്ളിയുടെ ഔദ്യോഗിക എഴുത്തുകുത്തുകളെല്ലാം ആനക്കല്ലു നാമത്തിലാണു്. നിരവധി ക്രിസ്ത്യാനികളും ആദ്യശതകങ്ങളിൽ കൊടുങ്ങല്ലൂർ, പറവൂർ, ഇടപ്പള്ളി, കടുത്തുരുത്തി, കുറവിലങ്ങാടു് തുടങ്ങിയ സ്ഥലങ്ങളിൽനിന്നും, 14–ാംശതകത്തിൽ നിലയ്ക്കൽനിന്നും ഇവിടെ കുടിയേറിയിട്ടുണ്ടു്.

ഗോത്തിക്കു് ശില്പമാതൃകയിൽ ഇന്നു കാണുന്ന ഭരണങ്ങാനം പള്ളി പ്രഥമ പൂവ്വദേവാലയത്തിന്റെ നാലാമത്തെ പുതുക്കലാണു്. ഇതിന്റെ പണി 1913 ജൂണിൽ ആരംഭിക്കുകയും നീണ്ട 15 വർഷങ്ങൾക്കുശേഷം 1928 മാർച്ചിൽ പൂർത്തിയാവുകയും ചെയ്തു. പരേതരായ മാറാമറ്റത്തിൽ മാണിയച്ചൻ, പാറംകുളങ്ങര മാണിയച്ചൻ എന്നിവരുടെ അക്ഷീണ യത്നം മൂലമാണു് ഇതു നിർമ്മിതമായതു്. പള്ളിയുടെ വരുമാനംകൊണ്ടു് ദീർഘകാല പദ്ധതിയിൽ കടം കൂടാതെയാണു് പണിനടന്നതു്. ഈ പള്ളിക്കു് 180 അടി നീളവും 62 അടി വീതിയുമുണ്ടു്. കെട്ടിടവലിപ്പത്തിൽ ഈ പള്ളിയോടു തുലനം ചെയ്യത്തക്ക പള്ളികൾ കേരളത്തിൽ വളരെ ചുരുക്കമേയുള്ളൂ. ഭരണങ്ങാനം പള്ളിയെപ്പറ്റി ഭ്രമരസന്ദേശത്തിൽ വർണ്ണിച്ചിരിക്കുന്നു.

''ആറാടിടും ജവമൊട്ട പടിഞ്ഞാട്ട നേരെ
പറന്നാൽ
ആറാം മൈലിൽ ഭ്രമര! ''ഭരണങ്ങാന''–
മെന്നുള്ള ദിക്കിൽ
ചേരാമല്ലോ, പെരിയ പെരുന്നാളുള്ള
ക്രിസ്ത്യാനി വർഗ്ഗ–
ക്കാരാൽ തീപ്പിച്ചൊരു പഴമയാം
പള്ളിതന്നെ കാണാം.''

പള്ളിയും ക്ഷേത്രവും

ഭരണങ്ങാനം പള്ളിക്കടുത്തുള്ള ശ്രീകൃഷ്ണസ്വാമി ക്ഷേത്രവുമായോ ക്ഷേത്രത്തിനു സമീപം പ്രതാപത്തിലിരുന്ന ഒരു നമ്പൂതിരി ഇല്ലവുമായോ വി. സെബസ്ത്യാനോസിന്റെ തിരുനാൾ പ്രമാണിച്ചു് ചില ബന്ധങ്ങളുണ്ടു്. ഒരിക്കൽ പെരുന്നാൾ പ്രദക്ഷിണസമയത്തു് കത്തിച്ചുവിട്ട ഒരു വാണം ആറാട്ടിനു് ഉപദ്രവം വരുത്തിയെന്നും ക്ഷേത്രപ്രമാണിയായ നമ്പൂതിരിയുടെ വീട്ടിലെ ഒരു കന്യകക്കു ചിത്തഭ്രമം ഉണ്ടായെന്നും 'ചട്ടയെട്ടു മുണ്ടെട്ടു തറപ്പേൽ മറിയേ! പള്ളിയിൽ പോകാം' എന്നു് അയൽവാസിയായ ഒരു നസ്രാണി വനിതയോടു് ആ കന്യക പറയുകയും അനന്തരം പള്ളിയിലേക്കു തിരിക്കുകയും ചെയ്തെന്നും പറയുന്നു. പല ചികിത്സകളും ചെയ്തിട്ടും ആ കന്യകയുടെ ചിത്തഭ്രമം മാറിയില്ല. അതു മാറുന്നതിനു വേണ്ടി ഒരു കോൽവിളക്കും തിരുനാളും സംബന്ധിച്ചു് കമ്പക്കോട്ടക്കും വിളക്കെണ്ണയ്ക്കും വേണ്ട ചിലവിനുള്ള വകയും ക്ഷേത്രത്തിൽനിന്നും അഥവാ നമ്പൂതിരിയിൽനിന്നും പള്ളിക്കു കിട്ടിയെന്നാണു് ഐതിഹ്യം. വിശുദ്ധന്റെ തിരുനാളും പ്രദക്ഷിണത്തിനു് ഉപയോഗിക്കുന്നതു് അമ്പലത്തിൽനിന്നു കിട്ടിയ ആ കോൽവിളക്കാണു്. അത് ഭ്രതപ്രേതത്കനായ ഇവിടത്തെ വി. സെബസ്ത്യാനോസിന്റെ തിരുസ്വരൂപം 14–ാംനൂറ്റാണ്ടിൽ നിലക്കൽനിന്നും ഇവിടെ കുടിയേറിയവർ കൊണ്ടുവന്നതാണു്.

കേരള സഭാ ചരിത്രത്തിൽ വിശിഷ്യാ സഭയുടെ സ്വാതന്ത്ര്യസമരചരിത്രത്തിൽ ഭരണങ്ങാനം ഇടവകയ്ക്കു് ഒരു നല്ല സ്ഥാനമുണ്ടു്. സഭയുടെ സ്വയംഭരണ പ്രക്ഷോഭണത്തിൽ പങ്കുവഹിച്ച കാരണത്താൽ അന്നത്തെ വിദേശ മെത്രാന്മാരാൽ മാന്നാനം കുന്നലീത്താ ആശ്രമത്തിൽനിന്നും പുറംതള്ളപ്പെട്ടവരും 'ഏഴു വ്യാകുലങ്ങൾ' എന്നു വിളിക്കപ്പെടുന്നവരുമായ ഏഴു വൈദികരിൽപ്പെട്ട തറവട്ടത്തിൽ ഇല്ലാരിയോസു കത്തനാരും മീനാട്ടൂർ മാണിക്കത്തനാരും ഭരണങ്ങാനം ഇടവകക്കാരായിരുന്നു. കൊട്ടങ്ങല്ലൂർ അതിരൂപതാ ഭരണസമിതിയിൽപ്പെട്ട 12 കാനോനിത്തന്മാരിൽ ഒരാളായ പ്ലാത്തോട്ടത്തിൽ തോമ്മാ കത്തനാർ ഈ ഇടവകാംഗമായിരുന്നു. അങ്കമാലിയിൽക്കൂടിയ സുറിയാനിക്കാരുടെ യോഗം പോർട്ടുഗൽ രാജാവിനെക്കൊണ്ടു അപേക്ഷയിൽ പാറേമ്മാക്കൽ തോമ്മാക്കത്തനാരെയോ പ്ലാത്തോട്ടത്തിൽ തോമ്മാകത്തനാരെയോ മെത്രാപ്പോലീത്തായായി സ്ഥിയമിക്കണമെന്നു പറഞ്ഞിരുന്നു.

തൊണ്ടനാട്ടു് അബ്ദീശോ മെത്രാൻ

സ്വദേശ വൈദികാദ്ധ്യക്ഷന്മാരെ ലഭിക്കണമെന്നുള്ള നല്ല ലക്ഷ്യത്തോടെയാണു് റോക്കോസ്–മേലൂസ് ശീശുകൾ ആരംഭിച്ചതെങ്കിലും അവസാനം അതിന്റെ നേതൃത്വം വഴിതെറ്റുകയാണു ചെയ്തതു്. 'മാർ അബ്ദീശോ' എന്ന പേരിൽ പ്ലാശനാലും, ഇളന്തോട്ടവും, തൃശ്ശൂരും കേന്ദ്രമാക്കി റോക്കോസു് മേലൂസു് ശീശുകളെ ഭരിച്ച തൊണ്ടനാട്ടു് അന്തോനി കത്തനാർ ഭരണങ്ങാനം ഇടവകക്കാരനും കുറെക്കാലം അവിടെ വികാരിയായിരുന്ന ദേഹവുമാണു്. സ്വയംഭരണ ലബ്ധിക്കുവേണ്ടി ഇദ്ദേഹം പലപ്രാവശ്യം ബാഗ്ദാദു് തുടങ്ങിയ വിദേശങ്ങളിൽ യാത്രനടത്തുകയും ദീർഘകാലം അവിടങ്ങളിൽ കഴിച്ചുകൂട്ടുകയും

ചെയ്തിട്ടുണ്ട്. കത്തോലിക്കാസഭയിൽനിന്നു പതിതനായിട്ടാണു മരിച്ചതെങ്കിലും സഭയുടെ സ്വയംഭരണ ലബ്ധിക്കുവേണ്ടി അദ്ദേഹം സഹിച്ച ത്യാഗങ്ങളും കഷ്ടപ്പാടുകളും വിസ്മരിക്കാവതല്ല. തിരുവല്ലാ മെത്രാപ്പോലീത്തയായിരുന്ന മാർ സെവേറിയോസ് തിരുമേനിയുടെ പൂർവ്വകുടുംബം ഭരണങ്ങാനം പ്ലാത്തോട്ടത്തിൽ കുടുംബമാണു്.

കേരളത്തിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം ആരംഭിച്ചകാലത്തു് കത്തോലിക്കർ അതു പഠിക്കുന്നതിനെ അന്നത്തെ വിദേശമെത്രാന്മാർ നിരോധിച്ചിരുന്നു. അന്നു ഭരണങ്ങാനത്തു വികാരിയായിരുന്ന ദേവസ്സും വിവിധ ഭാഷാജ്ഞാനിയും പണ്ഡിതനുമായ മീനാട്ടൂർ മാണിക്കത്താർ മേലധികാരികളുടെ നിരോധനത്തെ ധിക്കരിച്ചുകൊണ്ടു് 1880–ൽ ഭരണങ്ങാനം പള്ളിമേടയിൽ ഒരു ഇംഗ്ലീഷ് വിദ്യാലയം ആരംഭിക്കുകയുണ്ടായി. 5 വർഷക്കാലമെ അതു തുടർന്നുള്ളു. പിന്നീടു് തയ്യിൽ സ്ഥിരീയാ കത്തനാർ വികാരിയായിരുന്നപ്പോഴാണു് അദ്ദേഹത്തിന്റെ പരിശ്രമത്താൽ ഉണ്ടായതാണു് ഇന്നത്തെ പള്ളിവക St. Mary's Boy's High School. 1897 കന്നി 16–നാണു് ഇതു സ്ഥാപിതമായതു്. അങ്ങനെ കേരള സുറിയാനി ക്രൈസ്തവരുടെയിടയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനു അടിത്തറ പാകിയതു് ഭരണങ്ങാനത്താണു്.

പണ്ടു് കേരള കത്തോലിക്ക വൈദികർ അവരവരുടെ വീടുകളിലാണു് താമസിച്ചിരുന്നതു്. പോർട്ടുഗീസു് കാലംമുതൽ, പ്രത്യേകിച്ചു് ഉദയംപേരൂർ സൂനഹദോസിന്റെ കാലമായ 1599 തുടങ്ങിയാണു് ഈ നിലയ്ക്കു് വ്യത്യാസംവന്നതു്. വൈദികർ പള്ളികളോടനുബന്ധിച്ചു് വീടുകളും പണിയിച്ചു് താമസിക്കണമെന്നു് നിയമമുണ്ടായി. പിന്നീടു് എല്ലാ ഇടവകകളിലും വൈദികമന്ദിരം നിർമ്മിക്കുന്ന സമ്പ്രദായം നിലവിൽ വന്നു. ഇങ്ങനെ കേരളത്തിൽ ഇതംപ്രഥമമായുണ്ടായ വൈദികമന്ദിരം ഭരണങ്ങാനത്തേതാകുന്നു. ഏതാനും വർഷങ്ങൾക്കു് മുമ്പു് ആ പുരാതന പള്ളിമുറി–ഇരുനിലക്കെട്ടിടം–പൊളിച്ചുമാറ്റി.

സുറിയാനി ക്രിസ്ത്യാനികളുടെ പുരാതനപദവികളും വീണ്ടെടുക്കുന്നതിനു് ഭരണങ്ങാനം പള്ളി 8000 കലിപ്പണം സംഭാവന നല്കിയിട്ടുണ്ടു്. അഖിലകേരള ചെറുപുഷ്പമിഷൻലീഗു് ജന്മമെടുത്തതും അതിന്റെ കേന്ദ്ര ഓഫീസു് സ്ഥിതിചെയ്യുന്നതും ഭരണങ്ങാനത്താണു്. കേരളാ റീജിയണൽ പൊക്കേഷൽ ബ്യൂറോയുടെ കേന്ദ്രഓഫീസു് പ്രവർത്തിക്കുന്നതും ഭരണങ്ങാനത്തുതന്നെ. ഇന്നു് സിസ്റ്റർ അൽഫോൻസാമൂലം ആധുനികലോകത്തിൽ ഒരു മഹാ തീർത്ഥകേന്ദ്രമായി പരിലസിക്കുന്ന ഭരണങ്ങാനം അനതിവിദൂരമായ ഭാവിയിൽ ലൂർദ്ദു്, ലിസ്യൂ, അസ്സീസി തുടങ്ങിയ നഗരങ്ങൾപോലെ ലോകത്തിലെ ഒരു വലിയ തീർത്ഥകേന്ദ്രമായിത്തീരുമെന്നു പ്രതീക്ഷിക്കാം.

രാമപുരം ഫൊറോനാപ്പള്ളി

പാലാ രൂപതയിലെ മറെറാരു പ്രസിദ്ധമായ പള്ളിയാണു് രാമപുരം. മലയാളത്തിലെ വഞ്ചിപ്പാട്ടു ശാഖയുടെ ആരംഭകനായ രാമപുരത്തു വാര്യരുടെയും വിവിധ നിലകളിൽ മഹാനായ പാറേമ്മാക്കൽ ഗോവണ്ണദോരുടെയും പുണ്യശ്ലോകനായ തേവർപറമ്പിൽ കുഞ്ഞച്ചനേറയും പൂജ്യാവശിഷ്ടങ്ങൾ വിലയംകൊള്ളുന്ന പുണ്യഭൂമി എന്ന നിലയിൽ രാമപുരം പ്രസിദ്ധമാണു്. ശ്രീരാമൻ ഒരുകാലത്തു് അവിടെ വസിച്ചിരുന്നുവെന്നും കാലക്രമത്തിൽ രാമപുരം എന്നു പേരുണ്ടായെന്നും പറയപ്പെടുന്നു.

പള്ളിസ്ഥാപനത്തെപ്പററിയുള്ള ഐതിഹ്യം

1559–ലാണു് രാമപുരം പള്ളി സ്ഥാപിക്കപ്പെട്ടതെന്നു് രൂപതാ പഞ്ചാംഗത്തിൽ പറഞ്ഞിട്ടുണ്ടെങ്കിലും അതിനു് ഒരു നൂറാണ്ടു മുമ്പെങ്കിലും ഈ പള്ളി സ്ഥാപിക്കപ്പെട്ടുവെന്നാണു് പലരുടേയും അഭിപ്രായം. മുമ്പു് മാപ്പിളപണിക്കർ എന്ന സ്ഥാനപ്പേരുള്ള ഏതാനും ക്രൈസ്തവകുടുംബങ്ങൾ അവിടെ പാർത്തിരുന്നു. അവരുടെ ഇടവകപ്പള്ളി കുറവിലങ്ങാടായിരുന്നു. ഒരു ഞായറാഴ്ച രാമപുരംകാരി ഒരു വല്യമ്മ കുർബ്ബാനയിൽ സംബന്ധിക്കുന്നതിനായി മാതൃദേവാലയമായ കുറവിലങ്ങാട്ടിനു പോയി. രണ്ടു സ്ഥലങ്ങൾക്കും മദ്ധ്യേയുള്ള കുഴമലനിരപ്പിൽ എത്തിയപ്പോഴേ ഉച്ചക്കുർബ്ബാനക്കുള്ള മണിനാദം കേട്ടു. നേരത്തെ ഇറങ്ങി തിരിച്ചിട്ടും ദിവ്യബലിയുടെ സമയം തെറ്റിയതിൽ ദുഃഖിതയായ ആ കിഴവി സ്വന്തനാട്ടിൽ — രാമപുരത്തു് ഒരു പള്ളി സ്ഥാപിക്കണമെന്നു് ദൃഢനിശ്ചയം ചെയ്തു. പാലക്കുഴ കുടുംബത്തിലെ ആ വനിതാരത്നത്തിന്റെ ഭഗീരഥപ്രയത്നഫലമായിട്ടാണു് രാമപുരം പള്ളി സ്ഥാപിക്കപ്പെട്ടതു്.

പള്ളിക്കു സമീപം പാർത്തിരുന്ന കോക്കരകൈമൾമാർ എന്ന ഇടപ്രഭു പള്ളിയിരിക്കുന്ന സ്ഥലം കരമൊഴിവായി കൊടുത്തു. പള്ളിക്കെട്ടുത്തുതന്നെ 10 പറനിലവും വിളക്കുവെപ്പിനു വേണ്ടി അദ്ദേഹം കൊടുക്കുകയുണ്ടായി. നന്ദിയായി പ്രസ്തുത കൈമൾമാരുടെ അനന്തരഗാമികൾക്കു പന്ത്രണ്ടേകാലും കോപ്പും പള്ളിയിൽനിന്നും നൽകിവന്നിരുന്നു.

15–ാംനൂറ്റാണ്ടിൽ വി. അഗസ്തീനോസിന്റെ നാമത്തിൽ സ്ഥാപിക്കപ്പെട്ട പഴയ പള്ളിയും 1864-ൽ മാതാവിന്റെ നാമത്തിൽ നിർമ്മിക്കപ്പെട്ട പുതിയ പള്ളിയും ഇന്നു രാമപുരത്തു കാണാം. രാമപുരം കവലയിൽ ഏഴു നിലകളിൽ പണിതിരിക്കുന്ന കുരിശുപള്ളി വളരെ മനോഹരമായിരിക്കുന്നു.

പാറേമ്മാക്കൽ ഗോവണ്ണദോരും രാമപുരം പള്ളിയും

കേരള ക്രിസ്തീയ സഭൈക്യത്തിന്റെ പ്രവാചകനും ഇൻഡ്യയിലെ ആദ്യത്തെ സഞ്ചാരസാഹിത്യകാരനും ആധുനിക മലയാള ഗദ്യസാഹിത്യത്തിന്റെ (വർത്തമാനപ്പുസ്തകം) പിതാവും കേരളസഭയിൽ സ്വദേശീഭരണം സ്ഥാപിക്കുന്നതിനുവേണ്ടി കരിയാറ്റി മെത്രാപ്പോലീത്തായൊടൊത്തു് ആഗോളസഞ്ചാരം നടത്തുകയും ഒടുവിൽ കേരളസഭയുടെ അഡ്മിനിസ്ട്രേറ്ററായി 12 കൊല്ലം ഭരണം നടത്തിയ ആളുമായ മഹാനായ പാറേമ്മാക്കൽ തോമ്മാ ഗോവണ്ണദോരുടെ ജന്മഭൂമി കടനാടു് ആയിരുന്നെങ്കിലും പ്രധാന പ്രവർത്തനരംഗം രാമപുരമായിരുന്നു. 1799–ൽ ദിവംഗതനായ ഗോവണ്ണദോരുടെ മൃതദേഹം സംസ്കരിച്ചിരിക്കുന്നതു് ഇവിടത്തെ പഴയ പള്ളിയിലാണു്. കുറെ കൊല്ലങ്ങൾക്കു മുമ്പു് ആ ഭൗതികാവശിഷ്ടങ്ങൾ പഴയ പള്ളിയുടെ ചുവരിൽ പ്രത്യേകം തയ്യാറാക്കിയ മാർബിൾ ശിലക്കുള്ളിൽ വൈദികാദ്ധ്യക്ഷന്മാരുടെ സാന്നിദ്ധ്യത്തിൽ പുനഃപ്രതിഷ്ഠിക്കുകയുണ്ടായി. കരിയാറ്റി മെത്രാപ്പോലീത്തായ്ക്കു് പോർട്ടുഗൽ രാജ്ഞി സമ്മാനിച്ചതും, രത്നം പതിച്ചതും അദ്ദേഹം ഉപയോഗിച്ചിരുന്നതുമായ കുരിശും മാലയും മോതിരവും സ്വർണ്ണക്കാസായും ഗോവണ്ണദോരച്ചൻ വഴി ഈ പള്ളിക്കു ലഭിച്ചിട്ടുണ്ടു്. ഗോവണ്ണദോർ ഉപയോഗിച്ചിരുന്നതും ഒന്തത്തിൽ ചിത്രവേലകൾ ചെയ്തിട്ടുള്ളതുമായ ഒരു മനോഹര പല്ലക്കും ഈ പള്ളിയിൽ സൂക്ഷിച്ചിട്ടുണ്ടു്. സഭയുടെ സ്വാതന്ത്ര്യസമരത്തിൽ ഈ ഇടവകയ്ക്കുള്ള പങ്കു വലുതാണു്. സുറിയാനി ക്രൈസ്തവരുടെ പ്രാചീനപദവികൾ വീണ്ടെടുക്കുന്നതിനു് രാമപുരം പള്ളി 1490 കലിപ്പണം നൽകിയിട്ടുണ്ടു്.

പുണ്യശ്ലോകരുടെ നാടാണു് രാമപുരം. അത്ഭുതസിദ്ധികൊണ്ടു് പ്രസിദ്ധി നേടിയ ചിറ്റടിയിൽ ചാണ്ടിയച്ചനും തേവർപറമ്പിൽ കുഞ്ഞച്ചനും രാമപുരത്തിന്റെ പുത്രന്മാരാണു്. തിരുവല്ലാ ശ്രേഷ്ഠതയുടെ അഡ്മിനിസ്ട്രേറ്ററും പുനരൈക്യപ്രസ്ഥാനത്തിനു വേണ്ടി അക്ഷീണപ്രയത്നം നടത്തിയ ആളുമായ മോൺ. ജോൺ കച്ചിറമറ്റവും ഈ ഇടവകാംഗമായിരുന്നു.

ജനുവരി 1–ാംതീയതി ആഘോഷിക്കപ്പെടുന്ന രാമപുരം പെരുന്നാൾ കേരളത്തിലെ ഏറ്റവും വലിയ പെരുന്നാളുകളിലൊന്നാണു്. വി. അഗസ്തീനോസിന്റെ കേരളത്തിലെ ഏറ്റവും വലിയ അത്ഭുതപ്രവർത്തനരംഗവും രാമപുരമത്രെ.

മുട്ടുചിറ ഫൊറോനാപ്പള്ളി

പുരാതനവും ചരിത്രപ്രസിദ്ധവുമായ ഒരു പള്ളിയാണു് മുട്ടുചിറ ഫൊറോനാപ്പള്ളി. പ്രാചീനമായ ഒരു പേർഷ്യൻ കുരിശു് പഴയപള്ളിയുടെ ഭിത്തിയിൽ സ്ഥാപിച്ചിരിക്കുന്നതു കാണുവാൻ കഴിയും. ചരിത്രപ്രസിദ്ധനായ മെനേസിസു് മെത്രാപ്പോലീത്താ ഉദയംപേരൂർ സൂനഹദോസിനു മുമ്പു് ഈ പള്ളി സന്ദർശിച്ചിട്ടുണ്ടു്.

മുട്ടുചിറ പള്ളിക്കും അങ്ങാടിക്കും ദക്ഷിണഭാഗത്തായി കിടക്കുന്ന മുയറ്റുപാടത്തിനു് പൂർവ്വകാലത്തു് കൃഷിപ്രധാനമായി വെള്ളം കെട്ടിനിറുത്തുന്നതിനു് മുട്ടും ചിറയും ഉറപ്പിക്കുക പതിവായിരുന്നു. ആ മുട്ടും ചിറയും മുട്ടുചിറ എന്ന സ്ഥലനാമത്തിന്റെ ഉത്ഭവത്തിനു കാരണമായി. മുമ്പു് മുട്ടുചിറയും പരിസരപ്രദേശങ്ങളും ഭരിച്ചിരുന്നതു് വടക്കുംകൂറിന്റെ സാമന്തനായിരുന്ന മാമ്മലശ്ശേരി കൈമൾ എന്ന ഇടപ്രഭു ആയിരുന്നു. 1742 – ൽ മാർത്താണ്ഡവർമ്മ മഹാരാജാവു് വടക്കുംകൂർ രാജ്യം കീഴടക്കിയതോടുകൂടിയാണു് കൈമളുടെ ഭരണം അവസാനിച്ചതു്. നാടുവാഴിയായ മാമ്മലശ്ശേരി കൈമളുടെ സഹായത്താലാണു് മുട്ടുചിറ പള്ളി സ്ഥാപിതമായതു്. പ്രഥമ മുട്ടുചിറപള്ളി സ്ഥാപിക്കപ്പെട്ടതു് അങ്ങാടിയിലുള്ള കുരിശുംമൂട്ടു് എന്ന സ്ഥലത്തായിരുന്നു. മുട്ടുചിറ അങ്ങാടിയിൽ ഇഥംപ്രഥമമായി ഒരു ക്രിസ്ത്യാനി കുടുംബത്തെ കൊണ്ടുവന്നു പാർപ്പിച്ചതും കൈമളാണു്. ആ ക്രിസ്ത്യാനി കുടുംബത്തിന്റെ ആവശ്യത്തിനു കുരിശു സ്ഥാപിച്ച സ്ഥലമായതുകൊണ്ടും ആ കുരിശിനടുത്തു് അവർ താമസിച്ചതുകൊണ്ടും പ്രസ്തുത സ്ഥാനത്തിനും, കുടുംബത്തിനും കുരിശുംമൂട്ടു് അഥവാ കുരിശുംമൂട്ടിൽ എന്ന നാമം ലഭിച്ചു. പിന്നീടു് കൊടുങ്ങല്ലൂർ, പറവൂർ, പാലയൂർ തുടങ്ങിയ സ്ഥലങ്ങളിൽനിന്നും നിരവധി ക്രൈസ്തവ കുടുംബങ്ങൾ മുട്ടുചിറവന്നു താമസിക്കുകയുണ്ടായി. കാലവിളംബമെന്യേ മുട്ടുചിറ ഒരു ജനാധിവാസസ്ഥാനവും വാണിജ്യകേന്ദ്രവുമായി എന്നു പറയാം. യൂന്മോർ തുടങ്ങിയ പരദേശവ്യാപാരികൾപോലും മുട്ടുചിറയിൽ താമസിച്ചു് നല്ല നിലയിൽ വ്യാപാരം നടത്തിയിരുന്നു. ഇപ്പോൾ ആ വ്യാപാരപ്രാധാന്യം ഈ സ്ഥലത്തിനില്ലെങ്കിലും മുട്ടുചിറ ഒരുകാലത്തു വലിയ അങ്ങാടി തെരുവായിരുന്നതിന്റെ ലക്ഷ്യങ്ങൾ ഇന്നും വ്യക്തമായി കാണാം.

സ്ഥാപനകാലം.

കാലക്രമേണ മുട്ടചിറയിലെ ക്രൈസ്തവരുടെ സംഖ്യ വർദ്ധിച്ചുവന്നു. ഇന്നു പള്ളിയിരിക്കുന്ന സ്ഥലം നാടുവാഴിയായ മാമ്മലശ്ശേരി കൈമളും അവർകളോടു ചെയ്യുകയും പള്ളിപണിക്കാവശ്യമായ സഹായങ്ങളും ചെയ്യുകയും ചെയ്തു. ഇന്നത്തെ മുട്ടചിറ ചെറിയപള്ളിയിരിക്കുന്ന സ്ഥാനത്തു് പണ്ടു വേറൊരു പള്ളിയുണ്ടായിരുന്നു എന്നും കുരിശുംമൂട്ടിൽ സ്ഥാപിച്ച പ്രഥമ ദേവാലയത്തോടനുബന്ധിച്ചുതന്നെ താമസിയാതെ ഇവിടെയും പള്ളി സ്ഥാപിതമായി എന്നും പറയപ്പെടുന്നു. പൊളിച്ചുകളഞ്ഞ ആ പള്ളിയുടെ അംശാരയോടുചേർന്നു് പുവരിൽനിന്നു ഒരു പേഷ്യൻ കുരിശു ലഭിച്ചു എന്നുള്ളതാണു് ഇതിനാധാരം. ഈ പേഷ്യൻ കുരിശു് 13–ാം ശതകത്തിൽ സ്ഥാപിച്ചു എന്നതിനു് ലക്ഷ്യമായി 'മത്താറാ മാർ ആബുവും മാർ യാക്കോബു് ഫ്രാങ്കിയും കൂടി ഈ സ്ഥലത്തു കുരിശു നാട്ടി' എന്നൊരു ലിഖിതവും ഉണ്ടു്. ഈ പേർഷ്യൻ കുരിശു കണ്ടെടുത്തകാലത്തു് തിരുവിതാംകൂർ ഗവണ്മെൻറ് ആക്ടിയോളജി വകുപ്പു മേധാവി മുട്ടചിറയിലെത്തി അതിനു 1500 കൊല്ലത്തെ പഴക്കമുള്ളതായി അഭിപ്രായപ്പെടുകയുണ്ടായി. പ്രസിദ്ധ ചരിത്രപണ്ഡിതനായ ടി. കെ. ജോസഫിൻെറ അഭിപ്രായം ഈ കുരിശു നിർമ്മിക്കപ്പെട്ടതു് 5–ാം നൂറാണ്ടിലാണെന്നും അതുമല്ല പഴക്കമുണ്ടെന്നുമാണു്. പക്ഷേ അതുമല്ല പഴക്കം മറ്റു ചരിത്രകാരന്മാർ മുട്ടചിറപ്പള്ളിക്കു് കൊടുത്തുകാണുന്നില്ല. മുട്ടചിറപ്പള്ളിയുടെ മുറ്റത്തുള്ള പുരാതനമായ കരിങ്കൽ കുരിശിൻെറ പീഠത്തിന്മേൽ തേഞ്ഞുമാഞ്ഞുതുടങ്ങിയ ലിഖിതങ്ങളും കാണാനുണ്ടു്. കല്ലാർവേലിൽ കുരിശുകൾ മത്തായി ചാക്കോ കൊടുത്തതെന്നും 1300–ൽ സ്ഥാപിക്കപ്പെട്ടതെന്നും അതിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. ഇതിൽനിന്നും പള്ളിയുടെ സ്ഥാപനം 14–ാം ശതകമാണെന്നു് ഏതാണ്ടു കണക്കാക്കാം. വൈദികപഞ്ചാംഗത്തിൽ മുട്ടചിറപ്പള്ളിയുടെ സ്ഥാപനവർഷം 1400 ആണു്. ചില ചരിത്രരേഖകളിൽ ആ ദേവാലയസ്ഥാപനം 1528–ൽ ആണെന്നും കാണുന്നു.

ഇന്നു കാണുന്ന വലുതും മനോഹരവുമായ മുട്ടചിറപ്പള്ളി ഏതാണ്ടു് ഒന്നേകാൽ നൂറാണ്ടുമുമ്പു് നിർമ്മിക്കപ്പെട്ടതാണു്. റോമൻ ശില്പമാതൃകയിൽ ഉഗ്രൻ ഗോപുരത്തോടുകൂടി ആ ദേവാലയം തലയുയർത്തി നില്ക്കുന്നു. മുട്ടചിറ ഇടവകക്കാരനായ പറമ്പിൽ കുര്യാക്കോസച്ചൻെറ പ്ലാൻ അനുസരിച്ചു് അദ്ദേഹത്തിനേറെയും മുരിക്കൽ വല്യതോമ്മാച്ചനേറെയും നിസ്തുലമായ പരിശ്രമംമൂലമാണു് ഇതിൻെറ പണി നടന്നതു്. കേരളത്തിലെ ഏറ്റവും വലിയ മണിമാളിക മുട്ടചിറപ്പള്ളിയിലേതാണെന്നു തോന്നുന്നു. മുട്ടചിറയിലെ മണികളും പ്രസിദ്ധമാണു്. ഇന്നു മുട്ടചിറയിൽ മൂന്നു പള്ളികളുള്ളതിൽ കുന്നിൽനിരപ്പിലെ ദേവാലയത്തിനാണു് കൂടുതൽ പഴക്കം. പ്രാസപ്പള്ളി എന്ന പേരിൽ ആ പ്രാചീന മനോഹരദേവാലയം ഒരു കാലത്തു് ഫ്രാൻസീസ്കൻ സന്യാസികളും ഉപയോഗിച്ചിരുന്നതാണു്.

ഇൻഡ്യയിലെ പ്രഥമ ഏതദ്ദേശീയ വൈദികാദ്ധ്യക്ഷനായ പള്ളിവീട്ടിൽ ചാണ്ടി മെത്രാൻ കുറവിലങ്ങാട്ടു് ഇടവകക്കാരനായിരുന്നെങ്കിലും മുട്ടചിറയുടെ സമീപമായിരുന്ന അദ്ദേഹത്തിൻെറ ജന്മസ്ഥലം. ചാണ്ടിമെത്രാൻ ഇഥംപ്രഥമമായി അധികാരം നടത്തിയതും പൊന്തിഫിക്കൽ പാടിയതും മുട്ടചിറപ്പള്ളിയിലാണു്. അദ്ദേഹത്തെ വാഴിച്ച ശ്രൈഹിക പ്രതിനിധിയായ മാർ സെബസ്ത്യാനി മെത്രാനും അന്നു മുട്ടചിറയിലെത്തിയിരുന്നു.

ദൈവദാസി അൽഫോൻസായുടെ ചരിത്രവുമായി മുട്ടചിറപ്പള്ളിക്കു് അഭേദ്യബന്ധമാണുള്ളതു്. ജനിച്ചു് 53–ാം ദിവസം മുതൽ–അൽഫോൻസായുടെ മാതാവു മരിച്ചതിൻെറ പിറേദിവസം തുടങ്ങി – കന്യകാലയപ്രവേശന ഘട്ടംവരെ അവളുടെ സ്വന്തം വീടും നാടുമായിരുന്നതു് മുട്ടചിറയാണു്. ഈ ഇടവകയിൽപ്പെട്ട മുരിക്കൻ എന്ന മാതൃസോദരീകുടുംബത്തിലാണു് അവൾ വളർന്നതു്. ദൈവദാസി ആദ്യകുർബ്ബാനയും ജ്ഞാനസ്നാനവും സ്വീകരിച്ചതു് ഈ പള്ളിയിൽവച്ചാണു്. അവളുടെ മാതൃകുടുംബം മുട്ടചിറ 'പുതുക്കരി' കുടുംബമാണു്,

പേർഷ്യൻ കുരിശു്

ദക്ഷിണേന്ത്യയിലെ ക്രൈസ്തവ പുരാതനവസ്തുക്കളിൽ ഏറ്റവും വിലപിടിച്ചതു് പേർഷ്യൻകുരിശാണു്. മുട്ടചിറ ഒഴിച്ചാൽ കോട്ടയം വലിയപള്ളി, കടുത്തുരുത്തി വലിയ പള്ളി, മൈലാപ്പൂർ എന്നീ പള്ളികളിൽ മാത്രമെ ഇൻഡ്യയിൽ പേർഷ്യൻ കുരിശുകളുള്ളൂ. മുട്ടചിറയിലെ പേർഷ്യൻ കുരിശിൻെറ ഓമ്മസ്ഥായി അതിൻെറ വേറൊരു മാതൃക ഓടുകൊണ്ടു് വാർപ്പിച്ചു് മേസ്തിരിയിൽ സൂക്ഷിച്ചിട്ടുണ്ടു്. മുട്ടചിറയിലും മറ്റു പള്ളികളിലുമുള്ള പേർഷ്യൻ കുരിശിനു ചുറ്റുമുള്ള ലിഖിതം 6–ാം നൂറാണ്ടിൽ പ്രചാരത്തിലിരുന്ന. പുരാതന പേർഷ്യൻ ഭാഷയായ പാലവിയാണു് അതു്. എങ്കിലും അതു പരിശോധിച്ചിട്ടുള്ള ചരിത്രപണ്ഡിതന്മാർ വിവിധ ആശയങ്ങളിലാണു് പരിഭാഷ കൊടുത്തിട്ടുള്ളതു്. പേർഷ്യൻ കുരിശുകളിലെ ലിഖിതങ്ങളുടെ അർത്ഥമെന്താണെന്നു് ഇതുവരെ പണ്ഡിതലോകം തീർച്ചയാക്കിയിട്ടില്ല.

മുട്ടുചിറപ്പള്ളിയുടെ പരിസരങ്ങളിൽ വട്ടെഴുത്തിലുള്ള അവനഡി ശിലാലിഖിതങ്ങളും ചിതറിക്കിടക്കുന്നതു കാണാം. വല്ലാർപാടം ഒഴിച്ചാൽ പരിശുദ്ധാത്മാവിന്റെ നാമത്തിലുള്ള കേരളത്തിലെ ഏകപള്ളി മുട്ടുചിറയാണു്. സഭാസ്വയംഭരണ സമരചരിത്രത്തിൽ മുട്ടുചിറപ്പള്ളിക്കു നല്ല സ്ഥാനമുണ്ടു്. സുറിയാനി ക്രിസ്ത്യാനികളുടെ പുരാതനപദവികളും വീണ്ടെടുക്കുന്നതിനു് ഈ പള്ളി 6590 കലിപ്പണം സംഭാവന ചെയ്തിട്ടുണ്ടു്.

ചേർപ്പുങ്കൽ പള്ളി

സെൻറ് തോമസ് പാരമ്പര്യംകൊണ്ടും ഒരു തീർത്ഥകേന്ദ്രമെന്ന നിലയിലും പ്രസിദ്ധികേട്ട ഒരു ദേവാലയമാണു് ചേർപ്പുങ്കൽ മാർ സ്ലീവാപ്പള്ളി. ക്രിസ്തുശിഷ്യനായ സെൻറ് തോമസ് കേരളത്തിൽ സുവിശേഷപ്രചരണത്തിലേർപ്പെട്ടിരുന്ന ഘട്ടത്തിൽ ചേർപ്പുങ്കലും വരികയും അദ്ദേഹത്തിന്റെ സുവിശേഷം കേട്ടു് പലർ സത്യമതാവലംബികളായിത്തീരുകയും ചെയ്തു. വിശുദ്ധൻ ചേർപ്പുങ്കൽനിന്നും പോകുന്ന സമയം ദു:ഖാർത്തരായ അനുയായികൾ സ്മരണയ്ക്കായി എന്തെങ്കിലും കൊടുക്കണമെന്നു് അഭ്യർത്ഥിക്കുകയും അപ്പോൾ അദ്ദേഹത്തിന്റെ ചെരിപ്പുകളിൽ ഒരെണ്ണം ഊരിക്കൊടുക്കുകയും ചെയ്തു. സെൻറ് തോമസ് ചെരിപ്പൂരി വച്ച സ്ഥലത്തു് നിർമ്മിക്കപ്പെട്ട പള്ളിക്കു് ചെരിപ്പുങ്കൽ പള്ളി എന്ന നാമമുണ്ടാകയും കാലക്രമേണ ചെരിപ്പുങ്കൽ ചേർപ്പുങ്കലായിത്തീരുകയും ചെയ്തു എന്നാണു് ഐതിഹ്യം.

സെൻറ് തോമസ് സ്ഥാപിച്ച പള്ളി

സെൻറ് തോമസ് സ്ഥാനനിർദ്ദേശംചെയ്തു ശിലാസ്ഥാപനം നടത്തിയ ആദ്യത്തെ ചേർപ്പുങ്കൽ പള്ളി മീനച്ചിലാറിന്റെ വടക്കേക്കരയിൽ കിടങ്ങൂരിനടുത്തു് കുമ്മണ്ണൂർ കരയിൽ മൂന്നുപീടിക, നാലുപീടിക, വാലേൽ പീടിക, എന്നിങ്ങനെ പല നാമങ്ങളിൽ അറിയപ്പെടുന്ന സ്ഥലത്തായിരുന്നു. അന്നു് അവിടം ചെട്ടികളുടെ ഒരു വ്യാപാരകേന്ദ്രമായിരുന്നു. കാലക്രമത്തിൽ അവിടെ പല അത്ഭുതങ്ങളും നടക്കുകയും ജനതതി സുവിശ്വാസത്തിൽ അനുദിനം അഭിവൃദ്ധിപ്പെടുകയും ചെയ്തു.

ഒരിക്കൽ സ്ഥലവാസികളും ഒരു നേർച്ച സദ്യ കഴിച്ചതിന്റെ എച്ചിലിലകളും ആറ്റിലേക്കു് എറിയുകയും അതു് മീനച്ചിലാറ്റിൽക്കൂടി പോയിരുന്ന പുഞ്ചാറ്റിൽ തമ്പുരാൻ കണ്ട കുപിതനാകുകയും ചെയ്തു. തമ്പുരാൻ ഉടനെ കിടങ്ങൂർ ഗ്രാമത്തിലെ തലവനായ കല്ലമ്പള്ളി നമ്പൂരിയെ വിളിച്ചു് മേലാൽ ഇങ്ങനെ ഉണ്ടാകാതെ പള്ളി വേറൊരു സ്ഥലത്തേക്കു മാറ്റി സ്ഥാപിക്കുവാൻ നിർദ്ദേശിച്ചു. അങ്ങനെ കല്ലമ്പള്ളി പാരീശ്വരൻ നമ്പൂതിരിയുടെ ചിലവിൽ മാറ്റി സ്ഥാപിച്ച ദേവാലയമാണു മീനച്ചിലാറിന്റെ തെക്കേക്കരയിൽ 20 ഏക്കർ വയലിന്റെ മദ്ധ്യത്തിൽ ഇന്നു കാണുന്ന ചേർപ്പുങ്കൽ പള്ളി 1111–ലാണു് ചേർപ്പുങ്കൽപള്ളി ഇങ്ങനെ തെക്കേക്കരയിലേക്കു മാറ്റി സ്ഥാപിക്കപ്പെട്ടതു്. നന്ദി സൂചകമായി കല്ലമ്പള്ളി നമ്പൂരിക്കു് പള്ളിയിൽ നിന്നു കല്യാണത്തിനു് രണ്ടു ചക്രം വീതം അവകാശം കൊടുത്തിരുന്നു. അടുത്ത കാലത്തു് ആ നമ്പൂതിരിമാർ 101 രൂപാ നിത്യക്കുർബാനക്കു പള്ളിയിൽ നല്കിക്കൊണ്ടു് ജന്മം പള്ളിക്കു വിട്ടുകൊടുക്കുകയും ആ പതിവിനു വിരാമമിടുകയും ചെയ്തു. സെൻറ് തോമസ് സ്ഥാപിച്ച പഴയപള്ളി സ്ഥിതിചെയ്തിരുന്ന 6 സെൻറ് സ്ഥലം ഇപ്പോഴത്തെ ഉടമസ്ഥനായ വാലെപീടികയിൽ മാത്തുകുര്യൻ ചേർപ്പുങ്കൽ പള്ളിക്കു തീറായി എഴുതിക്കൊടുത്തിട്ടുണ്ടു്.

ഈ ദേവാലയത്തിന്റെ പ്രധാന ബലിപീഠത്തിൽ എട്ടടി നീളവും നാലടി വീതിയുമുള്ള ഒറ്റപ്പലകമേൽ ചിത്രീകരിച്ചിരിക്കുന്നതും പ്രാചീനവുമായ ക്രൂശിക്കപ്പെട്ട ക്രിസ്തുവിന്റെ ഒരു സ്വരൂപം സ്ഥാപിക്കപ്പെട്ടിട്ടുണ്ടു്. ഇതു് സെൻറ് തോമസ് സ്ഥാപിച്ച വടക്കേ കരയിൽ ഉണ്ടായിരുന്ന പള്ളിയിൽ ഇരുന്നതാണു്. മാർ സ്ലീവായുടെ ഈ അത്ഭുതസ്വരൂപം പേർഷ്യയിൽനിന്നു കൊണ്ടുവന്നതാണെന്നു് പറയപ്പെടുന്നു. ആ ചിത്രത്തിനു് ഉപയോഗിച്ച ചായം എന്തെന്നു് ആർക്കും പിടിയില്ല. സംസ്ഥാനാതിഥിയായി വന്ന ഫ്രാൻസുകാരൻ ഫാ. ഹോസ്റ്റൻ എസ്. ജെ. തുടങ്ങിയ പല പുരാണവസ്തുഗവേഷകരും ഈ പള്ളി പരിശോധിച്ചിട്ടുണ്ടു്.

തീർത്ഥകേന്ദ്രം

ഇന്നു് ചേർപ്പുങ്കൽ മാർസ്ലീവാപ്പള്ളി ഒരു വലിയ തീർത്ഥാടനകേന്ദ്രമായി മാറിയിരിക്കുകയാണു്. ആദ്യവെള്ളിയാഴ്ചതോറും അവിടെയെത്തി മാർസ്ലീവാമുത്തപ്പനു നേർച്ചകാഴ്ചകളും സമർപ്പിക്കുന്ന ജനതതിക്കുകയും കണക്കുമില്ല. ജനുവരി 1–ാംനു- ഇവിടെ ആഘോഷിക്കപ്പെടുന്ന ഉണ്ണീ ഈശോയുടെ ചേദനാചാരത്തിരുനാൾ കേരളത്തിലെ ഏറ്റവും വലിയ പെരുന്നാളുകളുടെ ഗണത്തിൽപ്പെടുന്നു.

സ്വന്തം ജാതിയിലും റീത്തിലും മെത്രാന്മാരെ കിട്ടുന്നതിനുവേണ്ടിയുള്ള സമരത്തിൽ ചേർപ്പുങ്കൽ പ

ള്ളി നല്ല സ്ഥാനം വഹിച്ചിട്ടുണ്ട്. സുറിയാനി ക്രിസ്ത്യാനികളുടെ പുരാതന പദവികളും വീണ്ടെടുക്കുന്നതിനുവേണ്ടിയുള്ള പൊതു പിരിവിലേക്ക് ഈ പള്ളി 910 കലിപ്പണം സംഭാവന നൽകിയിട്ടുണ്ട്. തിരുവല്ലാ മെത്രാനായിരുന്ന മാർ തീയോഫിലസിന്റെ പൂർവ്വകുടുംബം പേഷ്കുലാണ്. കേരളത്തിലെ പ്രഥമ വനിതാമിഷനറിയായ മദർ പെർപെത്വാ ഈ ഇടവകക്കാരിയത്രെ.

കടുത്തുരുത്തിപ്പള്ളി

കേരളത്തിന്റെ ചരിത്രത്തിൽ എല്ലാംകൊണ്ടും പ്രാധാന്യമർഹിക്കുന്ന സ്ഥലമാണ് കടുത്തുരുത്തി. പ്രാചീനകാലത്ത് അവിടം ഒരു സമുദ്രതീരപ്രദേശവും തുറമുഖപ്പട്ടണവും ആയിരുന്നു. 14-ാം ശതകത്തിൽ രചിക്കപ്പെട്ട ഉണ്ണുനീലി സന്ദേശത്തിലും, മറ്റു സാഹിത്യകൃതികളിലും കടൽത്തുരുത്ത്, സിന്ധുദ്വീപം, എന്നെല്ലാം കടുത്തുരുത്തിയെ വർണ്ണിച്ചിട്ടുണ്ട്. ഹിന്ദുപുരാണപ്രകാരം ഖരൻ കടിച്ചിരുത്തിയ സ്ഥലമാണ് കടുത്തുരുത്തി. ഉണ്ണുനീലി സന്ദേശത്തിലെ നായികയുടെ വീടും വടക്കുംകൂറിന്റെ രാജധാനിയും കടുത്തുരുത്തിയിലായിരുന്നു. 16-ാം നൂറ്റാണ്ടുവരെ അവിടെ ചെറുകപ്പലുകളും അടുത്തിരുന്നുവത്രെ. ആർച്ചുബിഷപ്പ് ഡോം മെനസീസ് കടുത്തുരുത്തിപ്പള്ളിയിലെത്തിയതോടെ ഒരു ചെറുകപ്പലിലായിരുന്നെന്നും അദ്ദേഹത്തിന്റെ യാത്രാവിവരണങ്ങളിൽനിന്നും മനസ്സിലാകുന്നു.

തെക്കുംഭാഗ-വടക്കുംഭാഗ മത്സരം

ഇന്നും കോട്ടയം ശ്രുതയിൽപ്പെട്ടതും കേരളത്തിലെ ചരിത്രപ്രസിദ്ധിയേറിയ ദേവാലയങ്ങളിലൊന്നും വടക്കുംകൂർ രാജാവിന്റെ സഹായത്താൽ ഉണ്ടായതുമായ കടുത്തുരുത്തി വലിയ പള്ളി 4-ാംശതകമദ്ധ്യത്തിനു മുമ്പ് സ്ഥാപിതമായി എന്നു പറയപ്പെടുന്നു. 9-ാംശതകത്തിൽ കൊടുങ്ങല്ലൂരിൽ ക്രിസ്ത്യാനികളും പാർത്തിരുന്ന മഹാദേവർ പട്ടണത്തിനു അധ:പതനമുണ്ടാകയാൽ അനേകർ കടുത്തുരുത്തിയിലേക്കു കുടിയേറി. അവരിൽ നല്ല ഭാഗവും കുനാനായക്കാർ (തെക്കുംഭാഗർ) ആയിരുന്നു. ആദ്യം തെക്കുംഭാഗരും വടക്കുംഭാഗരും ഏകയോഗക്ഷേമമായി കഴിഞ്ഞുകൂടിയിരുന്നു. 10-ാംശതകത്തിൽ അവരുടെ ഇടയിൽ അവകാശമത്സരങ്ങളും ആരംഭിച്ചു. കടുത്തുരുത്തി വലിയ പള്ളിയിൽ വടക്കുംഭാഗർ മുന്നണിയിലും തെക്കുംഭാഗർ പിന്നണിയിലും മുട്ടുകുത്തുന്ന സമ്പ്രദായം ആവിർഭവിച്ചു. അന്നു കേരള സഭയെ ഭരിച്ചിരുന്ന മാർ യോഹന്നാൻ തിരുമേനി ഈ സമ്പ്രദായത്തെ എതിർത്തു. പുരുഷന്മാർ അതിനെ അനുസരിച്ചു. വടക്കുംഭാഗ സ്ത്രീകളും അതിനെ എതിർക്കുകയാണു ചെയ്തതു്. കടവിൽ വംശയായ മാലാന ഏലിയാമ്മ എന്ന പ്രഭവിയായിരുന്നു അവരുടെ നായിക. ആജ്ഞാനുസരണം പ്രവർത്തിക്കാൻ പറഞ്ഞാത്തവർ വേറൊരു പള്ളിവച്ചു മാറാൻ മാർ യോഹന്നാൻ രണ്ടാമതും കല്പന പുറപ്പെടുവിച്ചു. ഇതോടെ പ്രഭവി സ്വന്തം ചിലവിൽ ചെറിയ പള്ളി പണിയിക്കുകയും അതിലേക്കു മാറുകയും ചെയ്തു. ചെറിയ പള്ളിക്കാർക്കു വലിയ പള്ളിയെ സംബന്ധിച്ചു പല അവകാശങ്ങളും ഉണ്ടായിരുന്നു.

ഇങ്ങനെ കടുത്തുരുത്തിയിൽ വടക്കുംഭാഗർ വേർതിരിഞ്ഞു 1009-ൽ ഒരു പ്രത്യേക പള്ളി സ്ഥാപിച്ചതായിരുന്നു. സെമിനാരി പള്ളി എന്ന നാമത്തിൽ ഇന്നറിയപ്പെടുന്നതും വലിയപള്ളിക്കു പടിഞ്ഞാറു് തോട്ടിനക്കരെ കാണുന്നതുമായ ദേവമാതാവിന്റെ നാമത്തിലുള്ള പള്ളി. ജനസംഖ്യ അധികരിച്ചപ്പോൾ ഉണ്ടായ പള്ളിയാണു് വലിയ പള്ളിക്കു വടക്കുമാറി റോഡുസൈഡിൽ താഴെയായി കടുത്തുരുത്തിയിൽ കാണുന്ന പള്ളി. ഈ പള്ളിയുണ്ടായശേഷം പഴയ സെമ്മിനാരി പള്ളി കുറേക്കാലം വൈദികസെമിനാരിയായി നടത്തിപ്പോന്നു. ഡൊമിനിക്കൻ സന്യാസികളും നടത്തിയിരുന്ന കടുത്തുരുത്തി സെമിനാരി സുപ്രസിദ്ധമാണു്. സുറിയാനി ക്രിസ്ത്യാനികളുടെ പുരാതന പദവികളും വീണ്ടെടുക്കുന്നതിനു് പാലാ ശ്രുതവക കടുത്തുരുത്തി താഴത്തുപള്ളി 4606 കലിപ്പണം സംഭാവനചെയ്തിട്ടുണ്ട്.

കടവിൽ ചാണ്ടി കത്തനാർ

പള്ളിവീട്ടിൽ ചാണ്ടിമെത്രാന്റെ വികാരി ജനറാളും പ്രസിദ്ധ വാഗ്മിയും സാഹിത്യകാരനും വിവിധ ഭാഷാജ്ഞാനിയുമായിരുന്ന കടവിൽ ചാണ്ടി കത്തനാർ ഈ ഇടവകയുടെ ഒരു വീരസന്താനമാണു്. മാപ്പിപ്പായുടെ പ്രതിനിധി മാർ സെബസ്ത്യാനി മെത്രാൻ ഇദ്ദേഹത്തോട് മെത്രാൻ സ്ഥാനം സ്വീകരിക്കുവാൻ പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടും കടവിലച്ചൻ മെത്രാൻ സ്ഥാനം സ്വീകരിക്കുകയുണ്ടായില്ല. ഉദയംപേരൂർ സൂനഹദോസിൽ വച്ചു് മാത്തോമ്മാ ക്രിസ്ത്യാനികളുടെ സകല ചരിത്രരേഖകളും മെനേസിസ് മെത്രാപ്പോലീത്തായുടെ ക്രൂരകല്പനയാൽ ചുട്ടുകളഞ്ഞുവെങ്കിലും പിൽക്കാലം കുറെയെങ്കിലും ചരിത്രരേഖകളും ലഭിച്ചതു് കടവിലച്ചൻമാരുടെ ഈടുവയ്പിൽനിന്നാകുന്നു. കൂനൻ കുരിശു സത്യത്തെ തുടർന്നു് കേരള നസ്രാണികളും ഭൂരിഭാഗവും സത്യവഴിയിൽ തിരിച്ചുവരാൻ ഇടയായതിന്റെ പ്രധാന കാരണക്കാരൻ കടവിൽ ചാണ്ടിക്കത്തനാരാണു്. 60 സംവത്സരങ്ങൾക്കു മുമ്പു മരിച്ച

ആഗസ്റ്റി കത്തനാർ കടവിൽ തറവാട്ടിലെ 56–ാമത്തെ വൈദികനാണ്. പുണ്യപുരുഷനായിരുന്ന അദ്ദേഹം മദ്ധ്യപ്രായത്തിൽ ചിത്തഭ്രമിയായിത്തീരുകയാൽ സ്വവസതിക്കു തീവക്കുകയും അതോടെ കേരളസഭയെ സംബന്ധിച്ചുള്ള വിലപിടിച്ച പല രേഖകളും നഷ്ടപ്പെടുകയും ചെയ്തു.

പൂഞ്ഞാർ പള്ളി

മാതാവിന്റെ നാമത്തിലുള്ള പൂഞ്ഞാർ പള്ളിയുടെ സ്ഥാപനകാലം എ. ഡി. 1542 എന്നാണ് ശ്രുപതാ പഞ്ചാംഗത്തിൽ കൊടുത്തിരിക്കുന്നതെങ്കിലും 13–ാംശതകത്തിൽ ഇതു സ്ഥാപിക്കപ്പെട്ടുവെന്നു കരുതപ്പെടുന്നു. കേരള സഭാചരിത്ര പണ്ഡിതന്മാരായ ബർണ്ണാദച്ചനും പ്ലാസിഡച്ചനും, തങ്ങളുടെ കുറിപ്പുകളിൽ ഈ വിശ്വാസം ദൃഢീകരിക്കുന്നു. 1962–ൽ പള്ളിയുടെ 6–ാംശതാബ്ദിയാഘോഷം നടത്തിയതു് ഈ വിശ്വാസത്തിലാണ്.

ഇഞ്ചക്കാട്ടിൽ, വലിയ വീട്ടിൽ, മറ്റക്കാട്ടിൽ തുടങ്ങിയ തറവാട്ടുകാരായിരുന്നു പൂവ്വുകാലത്തു് അവിടത്തെ പ്രമാണികൾ. ഇഞ്ചക്കാട്ടിൽ തറവാട്ടിലെ ഒരു കല്യാണത്തിനു് അരുവിത്തുറപ്പള്ളിയിൽ നിന്നും മുത്തുക്കുട ആവശ്യപ്പെട്ടപ്പോൾ ഇഞ്ചക്കാട്ടിൽ കൊണ്ടുപോയാൽ മുള്ളുകൊണ്ടു കീറിപ്പോകുമെന്നു് പറഞ്ഞു് അന്നത്തെ പള്ളി നടത്തിപ്പുകാർ അവഹേളിച്ചതിനെ തുടർന്നാണ് പൂഞ്ഞാറിലെ പ്രമുഖ കുടുംബക്കാർ ഒന്നുചേർന്നു് ഒരു ദേവാലയം സ്ഥാപിച്ചതു്. കാലമേഞ്ഞ ആദ്യത്തെപള്ളി തെക്കുംകൂറും പൂഞ്ഞാർ സ്വരൂപവുമായുണ്ടായ യുദ്ധത്തിനിടക്കു് അഗ്നിക്കിരയായതിനെത്തുടർന്നു് ഇന്നു ഗ്രോട്ടോ ഇരിക്കുന്ന സ്ഥാനത്തു് നിർമ്മിച്ച ദേവാലയം 1947–ലാണ് പൊളിച്ചുമാറ്റിയതു്. ഇന്നു കാണുന്ന മനോഹരമായ ദേവാലയത്തിന്റെ പണി 1929 – ൽ ആരംഭിക്കുകയും 1937–ൽ അവസാനിക്കുകയും ചെയ്തു. 600 കൊല്ലം പഴക്കമുള്ള ഈ പള്ളിയുടെ ചരിത്രം സംബന്ധിച്ചു് ഉണ്ടായിരുന്ന രേഖകളും തെള്ളിയിൽ വീടു് അഗ്നിക്കിരയായതോടുകൂടി നശിച്ചുപോയി.

കൊച്ചിയിൽനിന്നും കുടിയേറ്റം

1535–ൽ കുറെ ക്രിസ്ത്യാനികളും പോർട്ടുഗീസുകാരെ പേടിച്ചു് കൊച്ചിയിൽനിന്നും പൂഞ്ഞാറ്റിൽ കുടിയേറുകയുണ്ടായി. ഉദയംപേരൂർ സൂനഹദോസ് കാലത്തെ ഗീവർഗീസ് അക്കുദിയാക്കോനും ഈ ശ്രോ സഭാംഗമായ എസ്തപ്പാനോസ് ബ്രിട്ടോയും മറ്റും പൂഞ്ഞാർ പള്ളിയിൽ താമസിച്ചിട്ടുണ്ട്. ഗോവയാ എന്ന പ്രസിദ്ധ പോർട്ടുഗീസ് ചരിത്രകാരൻ പൂഞ്ഞാർ പള്ളിയെപ്പറ്റി രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു നൂറ്റാണ്ടു മുമ്പ് പൂഞ്ഞാർ പഴയപള്ളിയോടനുബന്ധിച്ചു് പുണ്ണിക്കളത്തു ഇട്ടിയൈപ്പു മല്പാൻ ഒരു സെമിനാരി നടത്തിയിരുന്നു. 1892–ൽ പൂഞ്ഞാർ കൊവേന്ത സ്ഥാപിതമായി. ക്ലാരസഭക്കാരുടെ ആദ്യത്തെ കന്യകാമഠം 1902–ൽ ഈ ഇടവകയിലാണ് സ്ഥാപിതമായതു്. അതിനോടനുബന്ധിച്ചു് നിർമ്മിക്കപ്പെട്ട ദേവാലയമാണ് പിന്നീടു മണിയങ്കുന്നു പള്ളിയായി മാറിയതു്.

സഭയുടെ സ്വയംഭരണ സമരത്തിൽ പൂഞ്ഞാർ ഇടവകയ്ക്കു നല്ല പങ്കുണ്ട്. പ്രസ്തുത സമരത്തിലെ ഒരു മുന്നണി ഭടനായിരുന്നു ഈ ഇടവകക്കാരനായിരുന്ന തെള്ളിയിൽ യാക്കോബു കത്തനാർ. ഈരാറ്റുപേട്ട, പൂഞ്ഞാർ റോഡ് വെട്ടിത്തുറന്നതും തെള്ളിലച്ചന്റെ ശ്രമഫലമാണ്. സുറിയാനിക്രിസ്ത്യാനികളുടെ പുരാതന പദവികൾ വീണ്ടെടുക്കുന്നതിനു് ഈ പള്ളി 455 കലിപ്പണം കൊടുത്തിട്ടുണ്ട്. കേരളം കണ്ടിട്ടുള്ളതിലേറ്റവും വലിയ അഭിഭാഷകരിൽ ഒരാളും കത്തോലിക്കാ കോൺഗ്രസ് പ്രസിഡന്റുമായിരുന്ന ഷെവലിയർ ടി. ജെ. മാത്യു ഈ ഇടവകയുടെ ഒരു വീരസന്താനമാണ്. ഇന്ത്യയുടെ–സ്വാതന്ത്ര്യസമരത്തിൽ അതുല്യമായ യാതനകൾ സഹിച്ചതിനു് ഈ ഇടവകാംഗങ്ങളായ പലർക്കും കേന്ദ്രഗവൺമെന്റു് താമ്രപത്രങ്ങളും നൽകിയിട്ടുണ്ട്.

19–ാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടംവരെ ഏറ്റവും കിഴക്കുള്ള പള്ളിയായിരുന്ന പൂഞ്ഞാർ. ജനസംഖ്യ വർദ്ധിച്ചതോടുകൂടി അകലെയുള്ള സ്ഥലങ്ങളിൽ പുതിയ പള്ളികൾ ഉണ്ടാകുവാൻ തുടങ്ങി. അങ്ങനെ പൂഞ്ഞാർ ഇടവകയിൽ നിന്നും രൂപംകൊണ്ടവയാണ് പെരിങ്ങുളം, മണിയംകുന്നു്, മലയിഞ്ചിപ്പാറ, കൂട്ടിക്കൽ, പറത്താനം, കുന്നോന്നി, അടിവാരം, കൈപ്പള്ളി എന്നീ പള്ളികൾ.

വടകരപ്പള്ളി

പുരാതനവും പ്രസിദ്ധവുമായ സ്ലീവാ സ്ഥാപകയോഹന്നാന്റെ അത്ഭുതപ്രവർത്തനരംഗവുമായ വടകരപ്പള്ളിയുടെ സ്ഥാപനം 11–ാം ശതകത്തിന്റെ പൂർവ്വാർദ്ധത്തിലാണെന്നു പറയപ്പെടുന്നു. മുഹമ്മദീയ ആക്രമണങ്ങളിൽ നിന്നു രക്ഷപെടുന്നതിനുവേണ്ടി മലബാറിലെ വടകരയിൽ നിന്നു പുറപ്പെട്ട ക്രിസ്ത്യാനികളിൽ ഒരു കൂട്ടർ കുത്താട്ടുകുളത്തുനിന്നു് മുന്നു കിലോമീറ്റർ ദൂരെ വടക്കുപടിഞ്ഞാറായി താമസിച്ചു. ഇങ്ങനെ കുടിയേറിയവരിൽ പ്രമുഖരായ നാലു വീട്ടുകാരുടെ നേതൃത്വത്തിൽ പ്രഥമ വടകര ദേവാലയം സ്ഥാപിത

മായി. ഉദയംപേരൂർ സൂനഹദോസ് വിളിച്ചുകൂട്ടിയ മെനേസീസ് മെത്രാപ്പോലീത്താ സൂനഹദോസിനുശേഷം ഈ പള്ളി സന്ദർശിച്ചിട്ടുണ്ട്. 1653—ലെ ക്നാനൻ കുരിശു സത്യത്തിനുശേഷം രണ്ടു വർഷം കഴിഞ്ഞ് ഇടവകക്കാർ പഴയ കൂർ എന്നും പുത്തൻ കൂർ എന്നും രണ്ടായി തിരിഞ്ഞു. പള്ളിയുടെ ഇരുവശങ്ങളിലുമുള്ള അംത്താരകളിൽ ഇടദിവസങ്ങളിലും, ഞായറാഴ്ചകളിലും, കടമുള്ള ദിവസങ്ങളിലും പ്രധാന അംത്താരയിൽ ഓരോ വിഭാഗക്കാരും മാറി മാറി ദിവ്യബലിയും കുമ്മാദികളും നടത്തിവന്നിരുന്നു. എന്നാൽ പഴയ കൂറുകാർക്ക് പുതിയ പള്ളി പണിയിച്ച് പ്രത്യേകം മാറിയാൽ കൊള്ളാമെന്ന് അഭിവാഞ്ഛ ജനിക്കുകയാൽ 1775ൽ പ്രസ്തുത പള്ളിയിൽ നിന്നും 150 വാര അകലെ ഒരു പുതിയ ദേവാലയം നിർമ്മിക്കുകയും വസ്തുവകകളും വൈരമോ മാത്സര്യമോ ഒന്നും കൂടാതെ തന്നെ ഇരു ഭാഗക്കാരും കൂടി സമമായി ഭാഗിച്ചെടുക്കുകയും ചെയ്തു. 1775—ൽ നിർമ്മിക്കപ്പെട്ട ആ ദേവാലയത്തിന്റെ മുഖവാരം ഇന്ന് സിമിത്തേരിയുടെ വാതിൽക്കൽ അതേപടി സ്ഥിതിചെയ്യുന്നു. 1815—ലാണ് ഇന്നു കാണുന്ന കത്തോലിക്കാപ്പള്ളി നിർമ്മിക്കപ്പെട്ടത്. വടകരയുടെ പാരമ്പര്യത്തിനും പ്രശസ്തിക്കും ഒത്ത വിധത്തിൽ ഒരു നവീന ദേവാലയം പണിയിക്കുന്നതിന് 1973 ഡിസംബർ 6-ാംനു പാലാ മെത്രാൻ ഡോ. സെബാസ്റ്റ്യൻ വയലിൽ ശിലാസ്ഥാപനം നടത്തിയിരിക്കുകയാണ്. 1876--ൽ യാക്കോബായ പാത്രിയർക്കീസിനാൽ യാക്കോബായ സഭയിൽനിന്നും മുടക്കപ്പെട്ടദേഹവും മാത്തോമ്മാസഭാസ്ഥാപകനുമായ പാലാക്കുന്നത്തു മാത്തൻ മെത്രാൻ വടകരപ്പള്ളി കൈവശപ്പെടുത്തുന്നതിനു ഒരു വലിയ ജനവ്യൂഹത്തോടുകൂടി വരികയും അതു സംബന്ധിച്ചു വലുതായ വ്യവഹാരങ്ങൾക്കിടയാവുകയും ചെയ്തു. അതിൽ ദൈവാനുഗ്രഹത്താൽ കത്തോലിക്കർക്ക് അനുകൂലമായി വിധിവുണ്ടായി. സുറിയാനിക്രിസ്ത്യാനികളുടെ പുരാതനപദവികളും വീണ്ടെടുക്കുന്നതിലേക്ക് വടകരപ്പള്ളിക്കാർ 520 കലിപ്പണം സംഭാവന ചെയ്തിട്ടുണ്ട്. സ്വജാതിയിലും റീത്തിലും മെത്രാന്മാരെ ലഭിക്കുന്നതിനുവേണ്ടിയുള്ള സുദീർഘമായ സമരത്തിലും ഈ ഇടവക നല്ല പങ്കു വഹിച്ചിട്ടുണ്ട്.

മുത്തപ്പന്റെ അത്ഭുതപ്രവർത്തനങ്ങൾ

പൂവ്വ്കാലം മുതൽ രോഗശാന്തിക്കും മൃഗസംരക്ഷണത്തിനും വ്യവഹാരവിജയത്തിനും മറ്റും വേണ്ടി ഗാർഹികമൃഗങ്ങളും ഇതര നേർച്ചകാഴ്ചകളും അത്ഭുതപ്രവർത്തകനായ വടകര മുത്തപ്പനു—വി. സ്നാപക യോഹന്നാനു ധാരാളമായി സമർപ്പിക്കപ്പെട്ടവരുന്നു. വി. ചിത്രത്തെ അവജ്ഞയോടെ വീക്ഷിച്ചു കാഴ്ച നഷ്ടപ്പെട്ട ചേന്നാട്ടുകുന്നേൽ കുഞ്ഞാവിന്റെ കഥ പ്രസിദ്ധമാണ്. പള്ളിക്കു 18 പറ നിലം സംഭാവന ചെയ്തു വിശ്വാസത്തോടെ മാപ്പിരന്നപ്പോൾ ആ ഹൈന്ദവ പ്രമാണിക്കു കാഴ്ച തിരിച്ചു കിട്ടുകയുണ്ടായത്രെ. വയറുവേദനകൊണ്ടും തീരാവ്യാധികൊണ്ടും വലയുന്ന അനവധിയാളുകൾ പിടിനേർച്ച നടത്തി സുഖം പ്രാപിച്ചുവരുന്നു.

പഴമയുടെ പല അവശിഷ്ടങ്ങളും വടകരപ്പള്ളിയിലുണ്ട്. പ്രാചീന ലിപികളിൽ കൊത്തപ്പെട്ട ചില ശിലാലിഖിതങ്ങളും വിശ്വാസത്തിന്റെ വളരെ പഴക്കമുള്ള സ്വരൂപവും ഛായാചിത്രവും കരിങ്കൽകുരിശും, വാദ്യപ്പുരയും ആ ഗണത്തിൽപെടും.

ഇലഞ്ഞിപ്പള്ളി

കേരളത്തിലെ പുരാതന ദേവാലയങ്ങളിലൊന്നാണ് ഇലഞ്ഞിപ്പള്ളി. 1599—ൽ നടന്ന ഉദയംപേരൂർ സൂനഹദോസിന്റെ കാലത്തു കേരളത്തിലുണ്ടായിരുന്ന 105 പള്ളികളുടെ ലിസ്റ്റിൽ ഇലഞ്ഞിപ്പള്ളിയും ഉൾപ്പെടുന്നുണ്ട്. കോട്ടയം വികാരി അപ്പസ്തോലിക്കയായിരുന്ന ഡോ. ചാവസ് ലെവിഞ്ഞു തിരുമേനി 1890—ൽ പ്രസിദ്ധപ്പെടുത്തിയ വൈദിക പഞ്ചാംഗത്തിൽ ഈ പള്ളിയുടെ സ്ഥാപനം 1522-ൽ എന്നു കാണുന്നു.

ഇലഞ്ഞിയിലെ പുരാതന ക്രൈസ്തവർ പള്ളിപ്പുറം ഇടവകക്കാരായിരുന്നു എന്നും അവിടെ നിന്നും കടുത്തുരുത്തി ഇടവകയിൽ ചേർന്നു എന്നും കാലാന്തരത്തിൽ അവിടെ നിന്നും പിരിഞ്ഞു ഇലഞ്ഞിയിൽ പള്ളിസ്ഥാപിച്ചു എന്നും ഐതിഹ്യമുണ്ട്. കടുത്തുരുത്തി എന്നു പറയുമ്പോൾ 4-ാം ശതാബ്ദത്തിൽ സ്ഥാപിച്ച വലിയ പള്ളിയോ 1009-ൽ സ്ഥാപിതമായ ചെറിയ പള്ളിയോ എന്നു നിശ്ചയിക്കുവാൻ പ്രയാസമുണ്ട്. വലിയ പള്ളിയിൽ നിന്നു പിരിഞ്ഞു എങ്കിൽ 9—ാം ശതകത്തിൽ പേർഷ്യയിൽനിന്നും വന്ന സാബോർ, പ്രോത്തു എന്ന ഇരട്ട മെത്രാന്മാർ കേരളത്തിൽ പല പള്ളികളും സ്ഥാപിച്ച കൂട്ടത്തിൽ ഇലഞ്ഞി ഉൾപ്പെട്ടിരിക്കണം. ചെറിയ പള്ളിയിൽ നിന്നുമാണ് പിരിഞ്ഞതെങ്കിൽ 13—ാം ശതകത്തിൽ കോതനല്ലൂർ പള്ളിയും മറ്റും സ്ഥാപിതമായ കൂട്ടത്തിൽ ഇലഞ്ഞിയിലും പള്ളി സ്ഥാപിച്ചിരിക്കാം. പള്ളിപ്പുറത്തു നിന്നും പിറവം പള്ളിയിൽ ചേർന്നവരിൽ ഒരുവിഭാഗം 13—ാം ശതാബ്ദത്തിൽ ഇലഞ്ഞിയിൽ പള്ളി സ്ഥാപിച്ചു എന്നും ഐതിഹ്യമുണ്ട്. സാമീ

പ്യം വച്ചു നോക്കുമ്പോഴും ഈ ഐതിഹ്യത്തിനു കൂടുതൽ പ്രാബല്യം കാണുന്നു. മേൽ പ്രസ്താവിച്ചതിൽ നിന്നും 1522–നു മുമ്പുതന്നെ, മിക്കവാറും 13-ാം ശതകത്തിൽതന്നെ–ഇലഞ്ഞിയിൽ പള്ളി സ്ഥാപിതമായി എന്നു വേണം ഊഹിക്കാൻ.

രേഖകൾ നഷ്ടപ്പെട്ടു.

മേല്പുസ് ശീശ്മയുടെ ദുരന്തഫലങ്ങളും ഇലഞ്ഞിയിലും അനുഭവപ്പെട്ടു. ചില വൈദികരും കുറെ ജനങ്ങളും അക്കൂട്ടത്തിൽ ചേർന്നു. അതിനെ തുടർന്നുണ്ടായ കേസ്സുകളുമായി ബന്ധപ്പെട്ട് പഴയ രേഖകളെല്ലാം നശിപ്പിക്കപ്പെട്ടുപോയി. സുറിയാനി ക്രിസ്ത്യാനികളുടെ പുരാതന പദവികളും വീണ്ടെടുക്കുന്നതിനുവേണ്ടി 1690 കലിപ്പണംഇലഞ്ഞി പള്ളിയിൽ നിന്നും സംഭാവന നല്കിയിട്ടുണ്ട്. കേരളസഭയുടെ സ്വയം ഭരണവാദസമരത്തിലും ഈ പള്ളിക്കു പങ്കുണ്ട്.

ആദ്യം സ്ഥാപിച്ച പള്ളിയാണ് പത്രോസ് പൗലോസ് ശ്രീഹന്മാരുടെ നാമത്തിലുള്ള ചെറിയ പള്ളി. പിന്നീട് അതിനു ഉദ്ധാരണങ്ങളും പലതും നടന്നിട്ടുണ്ട്. പരിശുദ്ധ കന്യാമറിയത്തിന്റെ നാമത്തിലുള്ള ഇപ്പോഴത്തെ വലിയ പള്ളിയുടെ സ്ഥാപനം 1839 ആഗസ്റ്റ് 15-നാണ്. കിഴക്കേൽ വല്യച്ചനാണ് ഇതിന്റെ സ്ഥാപകൻ. പ്രസിദ്ധ വിദ്യാഭ്യാസ പ്രവർത്തകനായിരുന്ന പരേതനായ മോൺ. ജോസഫ് കുറീത്തടവും, മലയാളികൾക്കു ഏറ്റവും പ്രിയംകരിയായ കവയിത്രി സിസ്റ്റർ മേരി ബനീഞ്ഞായും ഇലഞ്ഞിയുടെ സന്താനങ്ങളാണ്.

കോതനല്ലൂർപള്ളി

അതിപ്രാചീനകാലം മുതല്ലെ മഹത്തായ ഒരു സംസ്കാര പാരമ്പര്യം പുലർത്തിപ്പോന്നിരുന്ന പ്രദേശമാണ് കോതനല്ലൂർ. ഈ ഇടവകാതിർത്തിയിൽപ്പെട്ട വേദഗിരി എന്ന സ്ഥലത്തു ചരിത്രഗവേഷകന്മാർ കണ്ടുപിടിച്ചിട്ടുള്ള ശിലായുഗശവകുടീരങ്ങളും, മൂവായിരമോ നാലായിരമോ വർഷങ്ങൾക്കു മുമ്പ് ഇവിടെ മനുഷ്യവാസമുണ്ടായിരുന്നു എന്നുള്ളതിനു തെളിവാണ്. 14–ാം ശതകത്തിൽ രചിക്കപ്പെട്ടതും സംസ്കൃതത്തിൽ മേഘസന്ദേശത്തിനുള്ള സ്ഥാനം മലയാളത്തിൽ അർഹിക്കുന്ന കാവ്യവുമായ ഉണ്ണുനീലി സന്ദേശത്തിൽ കോതനല്ലൂരിനെപ്പറ്റി വർണ്ണിച്ചിട്ടുണ്ട്.

പുരാതനമായ കോതനല്ലൂർ പള്ളിയുടെ സ്ഥാപനകാലത്തെ സംബന്ധിച്ചു വ്യക്തമായ രേഖകളും ഒന്നും ഇല്ല. കേരള ക്രൈസ്തവസഭയുടെ മദ്ധ്യകാല ചരിത്രം സംബന്ധിച്ചുള്ള പൂർണ്ണതെളിവുകളും വിരളമാണല്ലോ. കടുത്തുരുത്തി, കുറവിലങ്ങാട് എന്നീ ചരിത്രപ്രസിദ്ധങ്ങളായ രണ്ടു പുരാതന ക്രൈസ്തവകേന്ദ്രങ്ങളിൽനിന്നും തുല്യദൂരമാണ് കോതനല്ലൂർക്കു. അതിൽ ഏതെങ്കിലും ഒരു ദേവാലയത്തിൽനിന്നു പിരിഞ്ഞതായിരിക്കണം കോതനല്ലൂർ പള്ളി. ഇവിടത്തെ ആദ്യത്തെ പള്ളി പോർട്ടുഗീസുകാരാൽ സ്ഥാപിക്കപ്പെട്ടതാണെന്നു ഒരു പാരമ്പര്യവുമുണ്ട്. കോതനല്ലൂർ പള്ളിയുടെ സ്ഥാപനവർഷം 1220 എന്നു രൂപതാപഞ്ചാംഗത്തിൽ കാണിച്ചിരിക്കുന്നു സ്ഥിതിക്കു ഇവിടത്തെ പ്രഥമ പൂർവ്വ ദേവാലയം പോർട്ടുഗീസുകാരാൽ സ്ഥാപിതമാകാനിടയില്ല. 1498– മുതൽ ആണല്ലൊ പോർട്ടുഗീസുകാർ കേരളത്തിൽ വന്നുതുടങ്ങിയതു. ഒരു പക്ഷേ അവരുടെ സഹകരണത്തിൽ കോതനല്ലൂർ പള്ളിയുടെ ഒരു പുതുക്കിപണിയൽ നടന്നിരിക്കാം. 1599–ൽ നടന്ന ഉദയംപേരൂർസൂനഹദോസിൽ കോതനല്ലൂർ വികാരിയും ഇടവകപ്രതിനിധികളും സംബന്ധിച്ചിരുന്നതായി രേഖകളുണ്ട്.

ആധുനികദേവാലയം

ഇപ്പോഴത്തെ പള്ളിയുടെ പടിഞ്ഞാറുവശത്തുള്ള ''പള്ളിക്കുന്നിൽ'' ആയിരുന്നു ആദ്യത്തെ കോതനല്ലൂർ പള്ളി സ്ഥിതി ചെയ്തിരുന്നതു. അടുത്തകാലത്തു പുരയിടത്തിൽക്കൂടി തീവണ്ടിപ്പാതയും റോഡും നിർമ്മിച്ചപ്പോഴും പഴയപള്ളിയുടെയും മറ്റും ബലവത്തായ അടിത്തറകളും കാണാനുണ്ടായിരുന്നു. നാടുവാഴിയായ മാമ്മലശേരിക്കൈമളിന്റെ ഇടപെടൽ മൂലം പള്ളികാലാന്തരത്തിൽ ഇന്നത്തെ സ്ഥാനത്തേയ്ക്കു മാറ്റിവെണ്ടിവന്നു. ഇന്നു കാണുന്ന ശിലാപസുന്ദരമായ കോതനല്ലൂർ പള്ളി നിർമ്മിച്ചതു ഈ ഇടവകക്കാരനായ മൈലപ്പറമ്പിൽ ബ. കുര്യാക്കോസച്ചനാണ്. 1896–ൽ ആരംഭിച്ച ഈ ദേവാലയപ്പണി 1905–ലാണ് പൂർത്തിയായതു. പുണ്യശ്ലോകനായ കുര്യാക്കോസച്ചൻ ഈ ഇടവകക്കാരുടെ ആരാധ്യപുരുഷനാണ്. ഇന്നും അദ്ദേഹത്തിന്റെ ശവകുടീരത്തിങ്കൽ പ്രാർത്ഥനകളും നേർച്ചകാഴ്ചകളും നടത്തുന്നവർ ധാരാളമാണ്.

വി. ഗവ്വാസീസും പ്രൊത്താസീസും (കന്തീശങ്ങൾ) ആണ് കോതനല്ലൂർ പള്ളിയുടെ മദ്ധ്യസ്ഥർ. ആദ്യകാലത്തു ഈ ദേവാലയം മാതാവിന്റെ നാമത്തിലായിരുന്നു. ഇപ്പോഴത്തെ പള്ളിയുടെ മുഖവാരത്തിന്റെ മുകളിൽ മാതാവിന്റെ രൂപവും താഴെ കന്തീശങ്ങളുടെ രൂപവും സ്ഥിതിചെയ്യുന്നതു ഇതിനു തെളിവാണ്.

പ്രാചീന ലിപികളിൽ കൊത്തപ്പെട്ട പേഷ്യൻ കുരിശിന്റെ ആകൃതിയിലുള്ള ഒരു കുരിശ് പള്ളിയുടെ ഭിത്തിയിൽ പതിച്ചിട്ടുണ്ട്. ഇത് ഒരു ചരമ കാലാനുസ്മരണ ശിലാലിഖിതമാണെന്നാണ് ചരിത്രപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നത്. സുറിയാനി ക്രൈസ്തവരുടെ പുരാതന പദവികളും വീണ്ടെടുക്കുന്നതിനുവേണ്ടി കോതനല്ലൂർപള്ളി 450 കലിപ്പണം സംഭാവന ചെയ്തിട്ടുണ്ട്.

കടപ്പുളാമറ്റം പള്ളി

ചരിത്രത്തിന്റെ രശ്മികളും കടന്നുചെല്ലാത്ത കാലത്തുതന്നെ പരദേശികളുമായി വ്യാപാരബന്ധം പുലർത്തിയിരുന്ന സ്ഥലമാണ് കടുപ്പാമറ്റം. കടുപ്പാമറ്റം, പാലാ, ഭരണങ്ങാനം, അരുവിത്തുറവഴി ഗ്രന്ഥല്ലൂർ പാത കടന്ന് തമിഴ്നാട്ടു തുടങ്ങിയ പൂർവ്വദേശങ്ങളിലേക്കു വളരെ പ്രചാരമുള്ള ഒരു മലമ്പാത അക്കാലത്തുണ്ടായിരുന്നു. അതുവഴി നാൽക്കാലികളുടെ പുറത്തുകയറ്റി വ്യാപാരച്ചരക്കുകളും അന്യോന്യം പ്രവഹിച്ചിരുന്നു.

അതിപ്രാചീനവും മാതാവിന്റെ അത്ഭുതപ്രവർത്തനരംഗവുമായ കടുപ്പാമറ്റംപള്ളി 10–ാം ശതകത്തിൽ കടുത്തുരുത്തിയിൽ നിന്നോ, കുറവിലങ്ങാട്ടു നിന്നോ മലപ്പുറത്തു കത്തനാർ എന്നൊരു വൈദികൻ വന്നു സ്ഥാപിച്ചു എന്നാണ് പാരമ്പര്യം ഘോഷിക്കുന്നത്. കോട്ടയത്തുനിന്നും ഇവിടെ കുടിയേറിയ വെള്ളൂർ കുടുംബക്കാരാണ് ഈ പള്ളി സ്ഥാപിച്ചതെന്നും ഐതിഹ്യമുണ്ട്. കടുപ്പാമറ്റം പള്ളിയുടെ സ്ഥാപനകാലം 10-ാംനൂറ്റാണ്ട് എന്നാണ് രൂപതാപഞ്ചാംഗത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. അന്നു സ്ഥാപിക്കപ്പെട്ട ആ പ്രഥമ പൂർവ്വദേവാലയം കാട്ടുമൃഗങ്ങളുടെ ശല്യമോ നാടുവാഴികളും തമ്മിലുള്ള സംഘട്ടനമോ മറേറാ മൂലം നശിക്കാനിടയായി. കാലങ്ങളും കുറെക്കഴിഞ്ഞു. അങ്ങനെയിരിക്കുമ്പോൾ കടുപ്പാമറ്റം പള്ളി പുനഃസ്ഥാപിക്കുന്നതിനു പടിഞ്ഞാറുഭാഗത്തുള്ളവർ കാളികാവു് സ്വദേശി പൊതിയിട്ടേയിൽ തൊമ്മൻ തര്യത്തുകത്തനാരുടെ നേതൃത്വത്തിൽ പരിശ്രമം തുടങ്ങി. അന്നു് ഈ പ്രദേശത്തിന്റെ അധിപനായിരുന്ന തുമ്പയിൽ കൈമളും എന്ന ഇടപ്രഭു പള്ളി സ്ഥാപിക്കുന്നതിനുള്ള അനുവാദം—തീട്ടൂരം—തര്യത്തു തൊമ്മൻ കത്തനാക്കു നൽകി. താമസംവിനാ ആ വൈദികന്റെ നേതൃത്വത്തിൽ ഒരു ജനവ്യൂഹം കടുപ്പാമറ്റത്തെത്തി ഒരു ഷെഡുകെട്ടി പ. കന്യകാമറിയത്തിന്റെ നാമത്തിൽ പള്ളി പുനഃസ്ഥാപിച്ചു. അവർ വന്നപ്പോൾ പൂർവ്വദേവാലയത്തിന്റെ നിഷ്ശിഷ്ടങ്ങൾ കാണാനുണ്ടായിരുന്നു. ഇതേ ഘട്ടത്തിൽത്തന്നെ കടുപ്പാമറ്റത്തിനു കിഴക്കുഭാഗത്തുള്ളവരുടെ സഹായസഹകരണങ്ങളോടെ ചേപ്പുങ്കൽ വട്ടമറ്റത്തിൽ ചെറിയ കത്തനാർ പള്ളികാര്യങ്ങളും ഏറെറടുത്തു. അങ്ങനെ ചേപ്പുങ്കലിന്റെ ഒരു കുരിശുപള്ളിയായി തുടർന്നു.

അത്ഭുത തിരുപ്പടം

ഒരു ദിവസം വട്ടമറ്റത്തിലച്ചൻ പള്ളിക്കടുത്തുള്ള കാട്ടിൽനിന്നു് ഒരു അശരീരിശബ്ദം കേൾക്കുകയുണ്ടായി. അച്ചന്റെ നിർദ്ദേശമനുസരിച്ചു് അവിടെ ചെന്നുനോക്കിയ കപ്യാക്കു് അതേപ്പററി ഒന്നും പിടികിട്ടിയില്ല. അവസാനം അച്ചൻതന്നെ പ്രസ്തുത സ്ഥാനത്തെത്തിയപ്പോഴും ശബ്ദംകേട്ടു. അദ്ദേഹം വടികൊണ്ടു് ശബ്ദംകേട്ട സ്ഥാനത്തുനിന്നും ചപ്പുകൂളം മാററിനോക്കിയപ്പോൾ മാതാവിന്റെ അതിമനോഹരമായ ഒരെഴുത്തുരൂപം മണ്ണിൽ പൂണ്ടുകിടക്കുന്ന അത്ഭുതകാഴ്ചയാണു കണ്ടതു്. ഉടൻതന്നെ പ്രസ്തുത രൂപം പള്ളിയുടെ പ്രധാന ബലിപീഠത്തിൽ പ്രമുഖസ്ഥാനത്തു് പ്രതിഷ്ഠിക്കപ്പെട്ടു. ഈ അത്ഭുതരൂപം നശിച്ചുപോയ പ്രഥമ പൂർവ്വദേവാലയത്തിൽ സ്ഥാപിക്കപ്പെട്ടിരുന്നതാണെന്നു കരുതപ്പെടുന്നു. വി. ലൂക്കാ സുവിശേഷകന്റെ ഹസ്തലിഖിതമായി റോമിലെ സാന്താമരിയമജോറെ ദേവാലയത്തിൽ വണങ്ങപ്പെടുന്ന ''മാതാവും ഉണ്ണിയും'' എന്ന അത്ഭുത തിരുപ്പടത്തിന്റെ ഒരു അനുകരണമാണു് കടുപ്പാമറ്റത്തു മുത്തിയമ്മയുടെ ഈ അത്ഭുത തിരുപ്പടം. കുറവിലങ്ങാട്ട്, വല്ലാർപാടം തുടങ്ങിയ കേരളത്തിൽ ചുരുക്കം ചില ദേവാലയങ്ങളിൽ മാത്രമെ ഇത്തരം അത്ഭുത തിരുപ്പടങ്ങളുള്ളൂ. നൊവേന ദിവസമായ ശനിയാഴ്ചതോറും കടുപ്പാമറ്റത്തു മുത്തിയമ്മയുടെ പാദാരവിന്ദങ്ങളിൽ അഭയംതേടുന്ന വിവിധജാതിമതസ്ഥരായ ജനതതിക്കു കണക്കില്ല.

പുരാതനമായ – 10–ാം ശതകത്തിൽ സ്ഥാപിക്കപ്പെട്ട–കടുപ്പാമറ്റം പള്ളി 1921 വരെ രണ്ടു് അസിസ്റ്റൻറ് വികാരിമാരും ഒരു ദർശനതിരുനാളുമുള്ള ഒരു പ്രത്യേകതരം കുരിശുപള്ളിയായി നിലനിന്നു. പ്രഥമ പൂർവ്വദേവാലയം നശിപ്പിക്കപ്പെട്ടശേഷം കുറെക്കാലം ഇവിടെ പള്ളി ഇല്ലാതെ വരികയും സുദീർഘകാലം ഒരു കുരിശുപള്ളിയായി കഴിഞ്ഞുകൂടുകയും ചെയ്യാനിടയായതുകൊണ്ടായിരിക്കാം ഉദയംപേരൂർ സൂനഹദോസിന്റെ കാലത്തും മറും കേരളത്തിലുണ്ടായിരുന്ന പുരാതന പള്ളികളുടെ ലിസ്റ്റിൽ കടുപ്പാമറ്റത്തിന്റെ നാമം കാണാതെ വന്നതു്.

1938–ൽ പൊളിച്ചുമാറ്റപ്പെട്ട പള്ളിക്ക് ഏതാണ്ട് രണ്ടു നൂറ്റാണ്ടു കാലത്തെ പഴക്കമുണ്ടായിരുന്നു. 1945–ൽ പണി പൂർത്തിയായ ഇപ്പോഴത്തെ ദേവാലയം ആധുനികശില്പകലയുടെ എല്ലാവിധ സൗകുമാര്യങ്ങളും ഒത്തിണങ്ങിയതാണ്. ഇതിന്റെ മുഖവാരത്തിന്റെ മുകളിൽ സ്ഥാപിച്ചിരിക്കുന്ന കുരിശ് കിടങ്ങൂർ പുന്നവേലി തെക്കേമഠത്തിൽ ഹരിഹരയ്യരുടെ ചിലവിൽ നിർമ്മിക്കപ്പെട്ടതാണ്. അതുല്യമായ അത്ഭുതസിദ്ധികളംകൊണ്ട് വിവിധ ജാതി മതസ്ഥരായ അനവധി ആളുകളെ ആകർഷിച്ചുകൊണ്ടിരിക്കുന്ന ദിവംഗതനായ കുട്ടൻതറപ്പേൽ ബ. യൗസേപ്പച്ചനും കേരളകാത്തലിക് ട്രസ്റ്റിന്റെ സ്ഥാപക പ്രസിഡൻറായിരുന്ന ശ്രീ ജേക്കബ് ചെറിയാനും കടപ്ലാമറ്റത്തിന്റെ ചരിത്രത്തിൽ വിസ്മരിക്കാൻ പാടില്ലാത്ത വ്യക്തികളാണ്.

മുളക്കുളം പള്ളി

മുളക്കുളത്തേയും പരിസരപ്രദേശങ്ങളിലേയും ആദിമക്രൈസ്തവരിൽ ഭൂരിഭാഗവും പള്ളിപ്പുറം കടുത്തുരുത്തി തുടങ്ങിയ പ്രാചീന ക്രൈസ്തവകേന്ദ്രങ്ങളിൽനിന്നും കുടിയേറിയവരാണ്. ഒരു കാലത്ത് വടക്കുംകൂർ രാജാവിന്റെ ആസ്ഥാനമായിരുന്ന മുളക്കുളം. അന്ന് ഫലഭൂയിഷ്ഠമായ ധാരാളം ഭൂമി വെറുതെ ഇവിടെ കിടന്നതുകൊണ്ടും സാമ്പത്തികോന്നമനത്തെയും മറ്റും ലക്ഷ്യമാക്കിയും വടക്കുംകൂർ രാജാവ് കുറെ ക്രിസ്ത്യാനി കുടുംബക്കാരെ ഇവിടെ കൊണ്ടുവന്ന പാർപ്പിച്ചു. പെരിയപ്പുറം, മേക്കാട്ട്, നാമക്കുഴി, തൊട്ടിയിൽ, തുടങ്ങിയവരായിരുന്ന അക്കൂട്ടത്തിൽ പ്രധാന കുടുംബക്കാർ. രാജാവ് ഈ കുടുംബക്കാരെ തരകസ്ഥാനം നല്കി ബഹുമാനിച്ചു. പ്രസ്തുത വീട്ടുകാരിൽ ചിലർ രാജാവിന്റെ മന്ത്രിമാരായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. മുമ്പ് വടക്കുംകൂറിന്റെ കൊട്ടാരം സ്ഥിതിചെയ്തിരുന്ന സ്ഥാനത്താണ് ഇന്ന് മുളക്കുളം കൊട്ടാരംകുന്ന് യാക്കോബായപ്പള്ളി ഇരിക്കുന്നത്. കൊട്ടാരംകുന്നിനു കിഴക്കുവശം വലിയകരോട്ടുകുന്നിന്റെ അടിവാരം മുതൽ കിഴക്കോട്ടുള്ള ഭാഗം പെരിയപുരം അഥവാ വടക്കുംകൂറിന്റെ വലിയപട്ടണം എന്ന പേരിൽ അറിയപ്പെട്ടിരുന്നു. ഇന്നത്തെ പെരിയപ്പുറം പള്ളിയിരിക്കുന്നതു് അതിലെ പ്രധാനപ്പെട്ട അങ്ങാടിയകംഭാഗത്താണ്. കടുത്തുരുത്തിയിൽനിന്നു വന്ന ഒരു വീട്ടുകാർ ആദ്യം പെരിയപ്പുറത്തിൽ താമസിച്ചും അങ്ങനെ പെരിയപ്പുറം കുടുംബനാമമുണ്ടായി.

മുളക്കുളംകാരുടെ ആദ്യത്തെ ഇടവക പിറവം വലിയ പള്ളിയായിരുന്നു. ഒരു ദിവസം പെരിയപ്പുറം കുടുംബത്തിലെ ഒരമ്മൂമ്മ പിറവംപള്ളിയിൽ കുബ്ബാന കാണാൻചെന്നു. തെക്കെ വാതിലിൽക്കൂടിയാണ് അമ്മൂമ്മ പള്ളിയിൽ പ്രവേശിക്കാറു പതിവ്. അവർ ചെന്നപ്പോഴും തെക്കുംഭാഗത്തിൽപ്പെട്ട ഒരു വിശ്വാസി ആ വാതിലിന്റെ കട്ടിളക്കാലിൽ കൈപിടിച്ചുകൊണ്ടു നില്ക്കുകയായിരുന്നു. അമ്മൂമ്മ അയാളോടു മാറാൻ ആവശ്യപ്പെട്ടു. ആവശ്യക്കാർ കുനിഞ്ഞുപൊയ്ക്കൊള്ളുവാൻ അയാളും പറഞ്ഞു. 'നിന്റെ കൈ കീഴിൽ കയറാൻ വന്നവളല്ല ഞാൻ' എന്നായി അമ്മൂമ്മ. ആ തന്റേടി വകവച്ചില്ല. അവസാനം അമ്മൂമ്മ മുറ്റത്തുനിന്നു കുബ്ബാനകണ്ടു. അപമാനവും കോപവുംപൂണ്ട ആ വല്യമ്മ വീട്ടിൽ ചെന്നു വിവരം പറഞ്ഞു. ഒട്ടും താമസിക്കാതെ പെരിയപ്പുറത്തു തരകൻ മറ്റു തരകന്മാരേയും വിശ്വാസികളേയും ഒരുമിച്ചുകൂട്ടി 1134–ൽ മുളക്കുളത്തു് മാതാവിന്റെ നാമത്തിൽ ഒരു പള്ളി സ്ഥാപിച്ചു.

മുളക്കുളം പള്ളിയും വടക്കുംകൂർ രാജാവും

വടക്കുംകൂറും തെക്കുംകൂറും തമ്മിൽ യുദ്ധമുണ്ടായ ഘട്ടത്തിൽ മേല്പറഞ്ഞ അമ്മൂമ്മയും മരുമകനും പള്ളിയിൽ അഭയംതേടി. പക്ഷേ പള്ളിയകത്തുവച്ച് അവർ വെടിയേറ്റ് ദാരുണമായി മരിക്കുവാനാണിടയായതു്. അതോടെ അവിടത്തെ ക്രൈസ്തവർ പ്രാണരക്ഷാർത്ഥം നാടുവിട്ടു. പൂജയില്ലാതെ ദേവാലയം 36 സംവത്സരക്കാലം പൂട്ടിക്കിടന്നു. അക്കാലത്തു് വടക്കുംകൂർ രാജകുടുംബത്തിൽ പല രോഗങ്ങളും കഷ്ടതകളും ഉണ്ടായി. കാരണം അറിയുവാൻ രാജാവ് പ്രശ്നംവയ്പിച്ചു. ദേവാലയം പൂജയില്ലാതെ കിടക്കുന്നതാണ് കാരണമെന്ന് പ്രാശ്നികൻ രാജാവിനെ ധരിപ്പിച്ചു. രാജാവ് നാടുവിട്ടുപോയ ക്രിസ്ത്യാനികളെ തിരികെ കൊണ്ടുവന്നു. പള്ളി കർമ്മാദികളും തുടങ്ങി. അതോടുകൂടി രാജകുടുംബത്തിലെ പ്രശ്നങ്ങളും പാടെ മാറി.


പ്രശാന്തമായ കേരള ക്രൈസ്തവ സഭാന്തരീക്ഷം പോർട്ടുഗീസുകാരുടെ വരവോടുകൂടി മെല്ലെ മോശമാകാൻ തുടങ്ങി. 1653–ലെ കൂനൻകുരിശു സത്യത്തെ തുടർന്ന് പുരാതനമായ കേരള ക്രൈസ്തവസഭ പഴയകൂറെന്നും പുത്തൻ കൂറെന്നും രണ്ടായി പിളർന്നു. ഈ ഘട്ടത്തിൽ പെരിയപ്പുറത്തു തരകനും, മേക്കാട്ട തരകനും പാറേക്കാട്ടിൽ കുടുംബവും (അത്യുന്നത കർദ്ദിനാളും ജോസഫ് പാറേക്കാട്ടിൽ തിരുമേനി ഈ കുടുംബക്കാരനാണ്.) മറേറതാനും കുടുംബക്കാരും പഴയകൂർ വിഭാഗത്തിലും, നാമക്കുഴി തരകനും, തൊട്ടിയിൽ തരകനും, വേറെ ചില വീട്ടുകാരും പുത്തൻകൂറു വിഭാഗത്തുംനിന്നു. കേരളത്തിലെ ഒട്ടേറെ

പള്ളികളിൽവച്ച് അന്നു് കലാപങ്ങളും ഉണ്ടായിട്ടുണ്ടു്. എങ്കിലും മുളക്കുളത്തു് കത്തോലിക്കരും യാക്കോബായക്കാരും വളരെക്കാലം ഒരേപള്ളി ഉപയോഗിച്ചിരുന്നുവത്രേ. ഏതായാലും 1834 ആയപ്പോഴേക്കും കത്തോലിക്കർ പള്ളി പങ്കിട്ടു് പിരിയാൻ തീരുമാനിക്കയും മുളക്കുളത്തെ അന്നത്തെ യാക്കോബായ വിഭാഗക്കാരുടെ പ്രധാനിയായിരുന്ന മുളംകുക്കിൽ പൗലോസ് കത്തനാരെ വിവരം ധരിപ്പിക്കുകയും ചെയ്തു. പെരിയപ്പുറത്തു് മാമ്മൻ തരകന്റെ നിർദ്ദേശപ്രകാരം പള്ളിക്കും സ്ഥാപരവസ്തുക്കൾക്കുംകൂടി 36000 ചക്രം വില നിശ്ചയിച്ചു. 18000 ചക്രം വാങ്ങി കത്തോലിക്കർ അവകാശം തീർ എഴുതിക്കൊടുത്തു. ജഗംമസാധനങ്ങളും ഭേദിച്ചും പൊട്ടിച്ചും പങ്കിട്ടു. അതിപ്രാചീനവും പ്രസിദ്ധിയേറിയതുമായ ഒരു മണിയുണ്ടായിരുന്നതുപോലും ഉടച്ചു ഭാഗിച്ചുവത്രേ! പങ്കിടീലിൽ മാതാവിനേറെയും അഭ്യുത്പുണ്യവാനേറെയും വിലപിടിച്ച സ്വത്തുപങ്ങളും കത്തോലിക്കർക്കു് ലഭ്യമായി.

പുതിയ പള്ളി

അങ്ങനെ അവകാശവുംവാങ്ങി കത്തോലിക്കർ പഴയപള്ളിയിൽനിന്നു പടിഞ്ഞാറു് മൂവാറ്റുപുഴയാറിന്റെ തീരത്തു് പ്രകൃതിലാവണ്യം വഴിഞ്ഞൊഴുകുന്ന കോമച്ചാംകുന്നിൽ പുതിയ പള്ളിവച്ചു. ക്രിസ്താബ്ദം 1835 തുലാമാസം 15–ാംനു- ശുദ്ധീകരണമാതാവിന്റെ നാമത്തിൽ ഭരണങ്ങാനം ഇടവകക്കാരൻ പല്ലാട്ടു് ഇട്ടിയൈപ്പു് കത്തനാരാണു് ഈ പള്ളിക്കു് കല്ലിട്ടതു്. പള്ളിയിരിക്കുന്ന കോമച്ചാംകുന്നിൽ പണ്ടു് കോമച്ചൻ എന്നു പേരുള്ള ഒരു അസുരൻ വസിച്ചിരുന്നുവെന്നും പള്ളി സ്ഥാപനത്തോടുകൂടി അയാളം സ്ഥലംവിട്ടുവെന്നും ഐതിഹ്യമുണ്ടു്. കോമച്ചാംകുന്നിൽ പള്ളി പണി തുടങ്ങിയപ്പോൾ പ്രബലനായ കല്ലുവെട്ടുത്തു് നമ്പൂരിയും ഇഞ്ചപ്പള്ളി, വൈക്കത്തു് തുടങ്ങിയ വൻപിച്ച നായർ കുടുംബക്കാരും കൂടി പള്ളി മൂന്നുപ്രാവശ്യം തൊട്ടടുത്തുള്ള മൂവാറ്റുപുഴയാറിലെ അത്യഗാധമായ കയത്തിൽ എറിഞ്ഞുകളഞ്ഞു. അതിനാൽ പണി പൂർത്തിയാകുന്നതുവരെ— 6 മാസക്കാലത്തോളം — ഇടവകക്കാർ മാറിമാറി അവിടെ കാവൽകിടന്നു, അങ്ങനെ ഇന്നു കാണുന്ന മുളക്കുളം കത്തോലിക്കാ പള്ളിയുണ്ടായി.

18–ാം ശതകത്തിന്റെ ഉത്തരാർദ്ധ മദ്ധ്യകാലത്തു്–പാറേമ്മാക്കൽ ഗോവർണ്ണദോരുടെ ഭരണകാലത്തു്–സൂറിയാനി ക്രിസ്ത്യാനികളുടെ സ്ഥാനപദവികളും വീണ്ടെടുക്കുവാൻ രണ്ടു ലക്ഷം കലിപ്പണം തിരുവിതാംകൂർ സർക്കാരിൽ അടിയറവയ്ക്കേണ്ടതിലേക്കു കേരളത്തിലെ എല്ലാ സിറിയൻ പള്ളികളും ഇടവകജനങ്ങളും ആതുക യഥാശക്തി വരിയിട്ടടുക്കുകയുണ്ടായി. അന്നു് മുളക്കുളം പള്ളിക്കാർ 390 കലിപ്പണമാണു് നല്കിയതു്. സഭയുടെ സ്വയംഭരണപ്രക്ഷോഭണങ്ങളിൽ ഈ ഇടവക സാരമായ പങ്കു വഹിച്ചിട്ടുണ്ടു്.



ജൂബിലി മംഗളം

ഫാ. ജെ. ററി. ചൊവ്വാറുകുന്നേൽ

1) സംപൂജ്യൻ 'വയലിൽ' പ്പിതാവതുലനാം
മെത്രാൻ തുലോം ഭാഗ്യവാൻ;
'പാലാ' രൂപത തൻ പിതാവു തനയർ–
ക്കാശ്വാസ സന്ദായകൻ;
ആരംഭിച്ച സമസ്ത കാര്യവുമുടൻ
പൂത്തീകരിച്ചോൻ, മഹാൻ–
ഈ നേതാവിനു (ജൂബിലേരിയനു) ഹാ!
നേരുന്നു ഞാൻ മംഗളം.

2) കോളേജും, സെമിനാരിയും, പലതരം
സൽ സ്ഥാപന വ്യൂഹവും,
എണ്ണിത്തീർക്കുക പാക്കിലാക്കു സുകരം?
'ശ്രീ' യെത്രയോ വൃദ്ധമായ്!
'വിശ്വാസം' സുദൃഢം പിതാവിലധികം
ശോഭിക്കയാലിത്തരം
വൻ നേട്ടങ്ങളനേകമായ്, നിഖിലരും
താൻ വിസ്മയസ്തബ്ധരായ്!

3) വിദ്യാഭ്യാസ വിചക്ഷണൻ, പ്രഥിതനാ–
മദ്ധ്യാപകൻ, വാഗ്മിയും,
വിജ്ഞാനം വിനയാദി സദ്ഗുണവും
'സമ്പാദ്യ'മായെണ്ണുവോൻ,
ഭക്തിക്കെന്നുമിരിപ്പിടം, സുകൃതികയ–
ക്കാരാധനാപാത്രവും–
'പാലാ' തൻ തിരുമേനി, യീ നിലയിലായ്!
ദൈവത്തിനെന്നും സ്തുതി.

4) കർത്തവ്യമായ് തോന്നിയ കാര്യമേതുമേ
വിഘ്നംനിനയ്ക്കാതെ സദാപിചെയ്കയാൽ,
'സത്യ'ത്തിനും 'ധീരത'യെന്നതിന്നുമീ
പുരോഹിതാദ്ധ്യക്ഷനതി പ്രശസ്തനായ്.

5) മർത്യക്കുവേണ്ടും പല 'നന്മ' മേലിലും
ഈ വന്ദ്യമെത്രാൻവഴി ലബ്ധമാകുവാൻ,
ആയുസ്സുമാരോഗ്യവുമൊക്കെ വേണ്ടപോൽ
സർവ്വേശനേകട്ടെ, പിതാവിനെന്നുമേ.

6) 'ശ്രീ' നേന്നിടുന്നേൻ വയലിൽപ്പിതാവിനും
'സഹായി'യാം കൊച്ചുപിതാവിനും മുദാ;
മേലാലുമീരൂപതയും തദീയരാം
സമസ്തരും വൻ'വിജയം' വരിച്ചിടും.

പാലാ രൂപതയിൽനിന്നുള്ള വൈദികമേലദ്ധ്യക്ഷന്മാർ

കെ. ററി. തോമസ് പാലാ

ഇൻഡ്യയിലെ കത്തോലിക്കാ രൂപതകളിൽ മുഖ്യമായ ഒരു സ്ഥാനം അർഹിക്കുന്നുണ്ട് പാലാ രൂപത-വയലിൽ പിതാവിന്റെ വയൽ. വി. തോമസ് അപ്പസ്തോലനിൽനിന്നാരംഭിക്കുന്ന പാരമ്പര്യത്താൽ ധന്യരായ ഒരു ജനതയുടെ ഈറ്റില്ലവും, ഏഷ്യയിൽ ഫിലിപ്പൈൻസ് കഴിഞ്ഞാൽ ഏറ്റം കൂടുതൽ കത്തോലിക്കാ ജനസാന്ദ്രതയുള്ളതുമായ ഈ പ്രദേശം നൂറ്റാണ്ടുകളായി കേരളസഭയുടെ എല്ലാ ചലനങ്ങളിലും നിർണ്ണായകമായ പങ്കു വഹിച്ചുവരുന്നു. മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിനു വേണ്ടി ശബ്ദിക്കുകയും അതിന്റെ ഉയർച്ചയ്ക്കും വളർച്ചക്കുംവേണ്ടി അദ്ധ്വാനിക്കുകയും ചെയ്ത അതികായകരായ പല അദ്ധ്യാത്മിക നേതാക്കളും ഈ മണ്ണിന്റെ മക്കളായിരുന്നു. ഇൻഡ്യയുടെ വിവിധഭാഗങ്ങളിൽ ഇന്നു സഭാഭരണത്തിന്റെ സാരഥ്യം വഹിക്കുന്ന, ഇന്നാട്ടുകാരായ 10 വൈദികമേലദ്ധ്യക്ഷന്മാരുണ്ടെന്നുള്ള വസ്തുത, 25 വർഷക്കാലം പിന്നിട്ട പാലാ രൂപതയുടെ നേട്ടങ്ങളെ വിലയിരുത്തുന്ന മംഗളകരമായ ഈ ജൂബിലിവേളയിൽ നമുക്കു അഭിമാനത്തിനു വക നൽകുന്നു.

കഴിഞ്ഞകാലങ്ങളിൽ

പാലാ രൂപത ഉദയം ചെയ്യുന്നതിനു മൂന്നു നൂറ്റാണ്ടുകൾക്കു മുമ്പു പ്രസിദ്ധരായ ചില വൈദിക മേലദ്ധ്യക്ഷന്മാർക്കു ഈ പ്രദേശം ജന്മം നൽകിയിട്ടുണ്ട്. 1663 ജനുവരി 31-ാംനു കടുത്തുരുത്തിയിൽ വച്ചു അഭിഷിക്തനായ മോസ്റ്റ് റവ. മാർ അലക്സാണ്ടർ ഡികാമ്പോ കേരളസഭാചരിത്രത്തിലെ ഒരു അത്യുജ്വലതാരമാണു. കുറവിലങ്ങാട്ടുകരയിൽ പകലോമറ്റം കുടുംബശാഖയായ പള്ളിവീട്ടിലാണു അദ്ദേഹം ജനിച്ചതു. കുട്ടക്കശേരിൽ ചാണ്ടി മെത്രാൻ, പറമ്പിൽ ചാണ്ടി മെത്രാൻ, പള്ളിവീട്ടിൽ ചാണ്ടി മെത്രാൻ എന്നൊക്കെയുള്ള പേരിൽ അദ്ദേഹം അറിയപ്പെടുന്നു. മെഗാറായുടെ സ്ഥാനികമെത്രാനും, മലബാറിന്റെ വികാരി അപ്പസ്തോലിക്കയും ഇൻഡ്യയുടെ മുഴുവൻ മെത്രാപ്പോലീത്തയും (Kol Hendo) ആയിരുന്ന അദ്ദേഹം 1687 ഡിസംബർ 23-ാം തീയതി ദിവംഗതനായി.

മലങ്കരയിലെ ആദ്ധ്യാത്മിക സാമൂഹ്യമണ്ഡലങ്ങളിൽ വലുതായ അധികാരം വഹിച്ചുവരാണു അക്ദിയാക്കോന്മാർ. (Arch Deacons) കുനായി തൊമ്മനോട്ടുകുടി വന്ന എദേസ്സായിലെ ഔസേപ്പു മെത്രാനായിരുന്ന കേരളത്തിൽ അക്ദിയാക്കോൻ സ്ഥാനം സ്ഥാപിച്ചതു. പേരാർന്ന പകലൊമറ്റം കുടുംബത്തിൽനിന്നാണു ഇവരെ നിയമിച്ചിരുന്നതു. കേരളത്തിനുപുറത്തും നസ്രാണികം ഉണ്ടായിരുന്നതിനാൽ ഇവർ ഇൻഡ്യയുടെ മുഴുവൻ അക്ദിയാക്കോന്മാരായിരുന്നു. ചാണ്ടിമെത്രാനു മുമ്പുണ്ടായിരുന്ന യാക്കോബു അക്ദിയാക്കോൻ, വലിയ ഗീവർഗീസു അക്ദിയാക്കോൻ, ചെറിയ ഗീവർഗീസു അക്ദിയാക്കോൻ. ആലങ്ങാട്ടുവച്ചു 12 പട്ടക്കാരാൽ മുടി വച്ചു വാഴിക്കപ്പെട്ട അക്ദിയാക്കോൻ മെത്രാൻ മാത്തോമ്മ, പള്ളിവീട്ടിൽ ചാണ്ടി മെത്രാന്റെ പിൻഗാമിയായി അങ്കമാലി കൊട്ടങ്ങല്ലൂർ രൂപതകളെ ഭരിച്ച മത്തായി അക്ദിയാക്കോൻ എന്നിവരുടെ പേരുകളും പ്രത്യേകം പ്രസ്താവാർഹങ്ങളത്രേ.

18-ാം ശതകത്തിൽ കേരളസഭയുടെ ശബ്ദമായി വർത്തിച്ച പാറേമ്മാക്കൽ ഗോവർണ്ണദോർ പാലായ്ക്കടുത്തുള്ള കടനാട്ടിൽ 1736 സെപ്റ്റംബർ 4-ാംനു ഭ്രജാതനായി. പോർട്ടുഗീസുകാരുടെ ആധിപത്യത്തിൽനിന്നു കേരളസഭയെ വിമോചിപ്പിക്കാൻ അദ്ദേഹം കഠിനാദ്ധ്വാനം ചെയ്തു. 1653-ൽ നടന്ന നിർഭാഗ്യകരമായ കൂനൻ കുരിശുസത്യത്തെ തുടർന്നു വിഘടിച്ചുപോയ ക്രൈസ്തവസഭാംഗങ്ങളുടെ പുനരൈക്യത്തിനും ഇതര സാമുദായിക പ്രശ്നങ്ങ

ളുടെ പരിഹാരത്തിനുമായി ലിസ്ബണിലെ അധികാരികളുടെയും റോമാ മാർപ്പാപ്പയുടെയും പക്കൽ നിവേദനം നടത്തുവാൻ 1778 ൽ അദ്ദേഹം ഡോ. കരിയാറിയുമൊന്നിച്ചു യാത്രതിരിച്ചു. ഐതിഹാസികവും സാഹസികവുമായ പ്രസ്തുത യാത്രയുടെ ഭാരിച്ച ചിലവിലേക്ക് പാലാ പള്ളി ഒരു വെള്ളിക്കുരിശു സമ്മാനിച്ചതും, അതിന്റെ ഓർമ്മക്കായി പാലാപള്ളിക്ക് വലിയ പള്ളി എന്ന പേരു മാർപ്പാപ്പായിൽനിന്നു നേടിക്കൊടുത്തതും ചരിത്ര സംഭവങ്ങളത്രേ. 1786–ൽ, തന്റെ മരണത്തിനു മുമ്പ്, ഡോ. കരിയാറി അദ്ദേഹത്തെ കൊടുങ്ങല്ലൂർ രൂപതയുടെ ഗവണ്ണറായി (Gubernador) നിയമിക്കുകയും സ്ഥാനചിഹ്നങ്ങളായ കുരിശും, മാലയും, മോതിരവും സമ്മാനിക്കുകയും ചെയ്തു. തിരുവനന്തപുരം മുതൽ കണ്ണൂർ വരെ വ്യാപ്തമായിരുന്ന അന്നത്തെ കൊടുങ്ങല്ലൂർ രൂപത. ഗോവ ഗ്വർണ്ണദോർ രചിച്ച വർത്തമാന പുസ്തകം കൈരളിക്ക് ഒരു പുത്തൻ സാഹിത്യശാഖയും ശൈലിയും കാഴ്ച വച്ചു. ഇതു ഇൻഡ്യൻ ഭാഷകളിലെ തന്നെ ആദ്യത്തെ യാത്രാവിവരണമായി കരുതപ്പെടുന്നു. 1779 മാർച്ചു 20–ാംനു അദ്ദേഹം ചരമം പ്രാപിച്ചു. ഇൻഡ്യയുടെ പ്രഥമ സ്വാതന്ത്ര്യപ്രക്ഷോഭണത്തിനു മുക്കാൽ ശതാബ്ദം മുമ്പു സ്വരാജ്യത്തിന്റെ അഭിമാനക്കൊടി ഉയർത്തിക്കെട്ടാൻ ഇറങ്ങിത്തിരിച്ച ഈ ധീരദേശാഭിമാനിയുടെ നാമം ചരിത്രത്തിൽ കീർത്തിധാവള്യം പരത്തുന്നു.

സതീർത്ഥ്യമൈത്രാൻ

ഭാഗ്യസ്മരണാർഹനായ 12-ാം പീയൂസ് പാപ്പാ 1950 ജൂലൈ 25–ാംനു പുറപ്പെടുവിച്ച Quo Ecclesiarum എന്ന തിരുവെഴുത്തുമൂലം പുരാതനവും വിസ്തൃതവുമായ ചങ്ങനാശേരി രൂപത വിഭജിക്കപ്പെടുകയും പാലാ രൂപത രൂപംകൊള്ളുകയും ചെയ്തു. ഇരു രൂപതകളുടേയും ഭരണസാരഥികളായി വിളിക്കപ്പെട്ടതു മീനച്ചിലിന്റെ മക്കളായ രണ്ടു സതീർത്ഥ്യ സുഹൃത്തുക്കളായിരുന്ന മാർ മാത്യു കാവുകാട്ടും നമ്മുടെ ജൂബിലേറിയനും ആയിരുന്നു.

അഭിവന്ദ്യ മാർ മാത്യു കാവുകാട്ടു തിരുമേനി 1904 ജൂലൈ 14–ാംനു പ്രവിത്താനത്തു കാവുകാട്ടു കുടുംബത്തിൽ ജാതനായി. 1935 ഡിസംബർ 21–ാംനു മംഗലപ്പുഴ സെമ്മിനാരിയിൽവച്ചു പൗരോഹിത്യപട്ടം സ്വീകരിച്ചു. 1950 ജൂലൈ 25-നു ചങ്ങനാശേരി രൂപതയുടെ മെത്രാനായി നിയുക്തനായി. അതേവർഷംതന്നെ നവം. 9–നു റോമിൽവച്ചു മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടു. കാവുകാട്ടു പിതാവിന്റെ പരിപക്വതയാർന്ന ഭരണത്തിൽ ചങ്ങനാശേരി രൂപത ധന്യമായിക്കൊണ്ടിരിക്കെ 1955–ൽ അതിന്റെ അതിർത്തി തമിഴ്നാട്ടിലെ കന്യാകുമാരിവരെ വ്യാപിക്കുകയുണ്ടായി. 1956 ജൂലൈ 26–ാംനു Regnum Celorum എന്ന തിരുവെഴുത്തുമൂലം അദ്ദേഹം ചങ്ങനാശേരി അതിരൂപതയുടെ പ്രഥമ മെത്രാപ്പോലീത്തായായി ഉയർത്തപ്പെട്ടു. കേരളത്തിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി എന്നീ ഡിസ്ട്രിക്റ്റിലും തമിഴ്നാട്ടിൽ കന്യാകുമാരി ഡിസ്ട്രിക്റ്റുകളിലുമായി വ്യാപിച്ചുകിടക്കുന്നതും, 10466 Sq.Km. വിസ്തീർണ്ണമുള്ളതുമായ ചങ്ങനാശേരി അതിരൂപതയിൽ 3,87,215 കത്തോലിക്കരുണ്ട്. കേരളസഭ തിരുമേനിയിൽ ഒട്ടേറെ ഉയർന്ന പ്രതീക്ഷകളും നിക്ഷേപിച്ചിരിക്കെ 1969 ഒക്ടോബർ 9-ാംനു അദ്ദേഹം ദിവംഗതനായി. പുണ്യശ്ലോകനായ തിരുമേനിയുടെ പൂജ്യാവശിഷ്ടങ്ങൾ ചങ്ങനാശേരി മെത്രാപ്പോലീത്തൻ പള്ളിയിൽ അന്തിമവിശ്രമം കൊള്ളുന്നു. തിരുമേനിയുടെ സ്ഥാനവസ്ത്രങ്ങൾ സ്വന്തം ഇടവകയായ പ്രവിത്താനം പള്ളിയിൽ പൂജ്യമായി സൂക്ഷിച്ചുവരുന്നുണ്ട്.

മലബാറിൽ

രണ്ടാം ലോകമഹായുദ്ധകാലത്തും അതേ തുടർന്നും മലബാർ പ്രദേശത്തേക്ക് തിരുവിതാംകൂറിൽ നിന്നും വൻതോതിൽ കുടിയേറ്റമുണ്ടായി. ജീവിതത്തിൽ 'വാഗ്ദത്തഭൂമി' തേടിയുള്ള കഷ്ടജനതയുടെ ഒരു പുറപ്പാടായി ഇതിനെ പരിഗണിക്കാം. അങ്ങനെ മലബാറിൽ കുടിയേറി പാർത്ത സുറിയാനി ക്രിസ്ത്യാനികൾക്കായി, ഭാഗ്യസ്മരണാർഹനായ 12-ാം പീയൂസ് തിരുമേനി 'Ad Christi Ecclesiam Regendum' എന്ന തിരുവെഴുത്തുമുഖേന 1953 ഡിസംബർ 31-ാംനു തലശ്ശേരി രൂപതയ്ക്കു രൂപം കൊടുത്തു. പാലാ രൂപതയിൽ കുടക്കച്ചിറ ഇടവകയിൽപ്പെട്ട ഫാ. സെബാസ്റ്റ്യൻ വള്ളോപ്പള്ളിയേ ആണ് പുതിയ രൂപതയുടെ ഭരണഭാരം ഏല്പിച്ചതു. കോഴിക്കോട് ലത്തീൻ രൂപതയുടെ അതിർത്തികളും തന്നെയായിരുന്ന പുതിയ രൂപതയുടേയും അതിർത്തികളും. പിന്നീടു മംഗലാപുരം, ചിക്കമംഗലൂർ, മൈസൂർ, ഊട്ടി തുടങ്ങിയ രൂപതകളിലേക്കും 1955 ഏപ്രിൽ 29–ാംനു തലശ്ശേരി രൂപത വ്യാപിക്കുകയുണ്ടായി. ഡോ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളി കുടക്കച്ചിറയിൽ 1911 ആഗസ്റ്റു 4–ാംനു ജ്ഞാതനായി. 1945 ആഗസ്റ്റു 24-ാംനു വൈദികപട്ടം സ്വീകരിച്ചു. പുതുതായി രൂപീകരിക്കപ്പെട്ട തലശ്ശേരി രൂപതയുടെ അപ്പസ്തോലിക്ക് അഡ്മിനിസ്ട്രേറ്ററായി 1953 ഡിസംബർ 31–നു നിയുക്തനാകുകയും 1954 മാർ

The Chief Architects of the Diocese of Changanacherry

(The Palai Diocese was erected, bifurcating the Diocese of Changanacherry, in 1950)



Mar Thomas Kurialacherry
Bishop of Changancherry
1911 — 1925



Mar James Kalacherry
Bishop of Changanacherry
1927 — 1949

Prelates from the diocese




Arch Bishop Alexander De Campo, Kuravilangad, the first indigenous syrian Arch Bishop who brought back many to the Catholic fold after the Koonan Cross Oath; 1663 – 1687



Governador Rt. Rev. Mgr. Thomas Paremakal, Kadanad, Ramapuram Author of the "Varthamana Pusthakam", Administrator of the diocese of Cranganore, accompanied Arch Bishop Kariattil to Rome
1786 - 1799


Prelates from the diocese (Contd·)



Mar Sebastian Valloppilly
Bishop of Tellicherry



The Late Mar Mathew Kavukattu
Arch Bishop of Changanacherry
1950 – 69



Mar Jacob Thoomkuzhy
Bishop of Manathavady



Rt. Rev. Mgr. Joseph Mittathani,
Bishop of Tezpur



Rt.Rev.Mgr.Abraham Alanjimattam
Bishop of Imphal - Kohima



Rt. Rev. Mgr. Symphorian
Keepurath,
Bishop of Jalandhar

ച്ചു് 19–ാംനു- രൂപതാ ഭരണമേൽക്കുകയും ചെയ്തു. 1955 ഒക്ടോബർ 16–ാംനു- തലശ്ശേരി രൂപതയുടെ പ്രഥമ മെത്രാനായി തിരഞ്ഞെടുക്കപ്പെട്ടു. 1956 ജനു. 8-ാംനു- റോമിലെ സെൻറ് പീറേറഴ്സു് ബസ്സിക്കായിൽവച്ചു് മെത്രാനായി അഭിഷിക്തനായി. 24,000 Sq Km. വിസ്തീർണ്ണമുള്ള ഈ രൂപതയിൽ 36758 കത്തോലിക്കാ ഭവനങ്ങളും 2,61,924 കത്തോലിക്കരുമുണ്ടു്. തിരുമേനിയുടെ അക്ഷീണ ശ്രമഫലമായി അവികസിത മലബാറിൻെറ മുഖച്ഛായ അതിവേഗം മാറിക്കൊണ്ടിരിക്കുന്നു.

വിശാലമായ തലശ്ശേരി രൂപത പോപ്പ് ആറാമൻ പാപ്പായുടെ 'Quanta Gloria' എന്ന തിരുവെഴുത്തുമൂലം 1973 മാർച്ചു് 1–നു് വിഭജിക്കപ്പെടുകയുണ്ടായി. കേരളത്തിലെ വയനാടും, തമിഴ്നാട്ടിലെ നീലഗിരി ഡിസ്ട്രിക്റ്റും, ഷിമോഗോ, ചിക്കമംഗലൂർ, ഹസ്സൻ, മാണ്ഡിയാ, മൈസൂർ തുടങ്ങിയ കർണ്ണാടകപ്രദേശങ്ങളും ഉൾപ്പെട്ട പുതിയ മാനന്തവാടി രൂപതയുടെ അദ്ധ്യക്ഷനായി തിരഞ്ഞെടുക്കപ്പെട്ടതു് ഡോ. ജേക്കബ് തൂങ്കുഴിയാണു്. അദ്ദേഹം 1930 ഡിസംബർ 13–നു് പാലാ രൂപതയിൽപ്പെട്ട വിളക്കുമാടത്തു ജനിച്ചു. 1956 ഡിസംബർ 22–നു് വൈദികസ്ഥാനത്തേക്കും 1973 മാർച്ചു് 1–നു് മെത്രാൻസ്ഥാനത്തേക്കും ഉയർത്തപ്പെട്ടു. 1973 മെയ് 1–നു് മാനന്തവാടിയിൽവച്ചു് മെത്രാനായി അഭിഷിക്തനായി. 47000 sq. km വിസ്തീർണ്ണമുള്ള ഈ രൂപതയിൽ 73743 കത്തോലിക്കരുണ്ടു്. മനോഹര മലയോരമേഖലകളും മകുടം ചാർത്തുന്ന മാനന്തവാടി രൂപത തൂങ്കുഴി പിതാവിൻെറ നേതൃത്വത്തിൽ അതിവേഗം പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുന്നു.

മിഷൻ രൂപതകളിൽ

ആസ്സാമിൽ ടെസ്പൂർ രൂപതയുടെ മെത്രാനായി ഡോ. ജോസഫ് മാറാത്താനി 1964 ജനുവരി 16–നു് നിയോഗിക്കപ്പെട്ടു. ഇദ്ദേഹം 1931 ജൂലൈ 11–നു് കുറവിലങ്ങാടിനു സമീപമുള്ള കാളികാവിൽ ജനിച്ചു. 1952 മാർച്ചു് 23–നു് വൈദികനായും 1969 സെപ്റ്റംബർ 27–നു് മെത്രാനായും ഉയർത്തപ്പെട്ടു. ബ്രഹ്മപുത്രാതടത്തിലും നേഫായിലുമായി വ്യാപിച്ചുകിടക്കുന്ന ഈ രൂപതയ്ക്കു് 131690 sq. km. വിസ്തീർണ്ണമുണ്ടു്. ഇവിടെ 64450 കത്തോലിക്കരും 42 ഇടവകപള്ളികളും 92 മിഷൻകേന്ദ്രങ്ങളും 93 വിദ്യാഭ്യാസസ്ഥാപനങ്ങളുമുണ്ടു്.

പഞ്ചാബിലെ ജലന്തർ രൂപതാദ്ധ്യക്ഷൻ ഡോ. സിംഫോറിയൻ കീപ്പുറത്തു് O. F. M (Cap) ആണു്. പാക്കിസ്ഥാനിലും ഇൻഡ്യൻ യൂണിയനിലുമായി വ്യാപിച്ചുകിടന്ന വിശാലമായ ലാഹോർ രൂപത വിഭജിക്കപ്പെട്ടാണു് 1962 ജനുവരി 17–നു് ജലന്തർ രൂപത ഉണ്ടായതു്. ഡോ. സിംഫോറിയൻ കീപ്പുറത്തു് 1931 ഏപ്രിൽ 22–നു് കുട്ടല്ലൂരിൽ ജനിച്ചു. കപ്പൂച്ചിൻസഭയിൽ ചേർന്ന ഇദ്ദേഹം 1958 മാർച്ചു് 23–നു് വൈദികനായും 1972 മാർച്ചു് 18–നു് മെത്രാനായും അഭിഷിക്തനായി. 51120 sq. km. വിസ്തീർണ്ണമുള്ള ജലന്തർ രൂപതയിൽ 16809 കത്തോലിക്കരും 21 ഇടവകകളും 685 മിഷൻസ്റ്റേഷനുകളും 4 ഹൈസ്കൂളുകളും ഉൾപ്പെടെ 15 വിദ്യാഭ്യാസസ്ഥാപനങ്ങളാണുള്ളതു്.

ആസ്സാമിലെ ഡിബ്രുഗാർ രൂപതയിൽനിന്നും വേർതിരിക്കപ്പെട്ട ഇംഫാൽ-കോഹിമാ രൂപതയുടെ പ്രഥമമെത്രാനും സലേഷ്യൻസഭാംഗവുമായ ഡോ.എബ്രാഹം ഇലഞ്ഞിമറ്റം പൈക ഇടവകാംഗമാണു്. 1933 ജൂലൈ 11–നു് ആയിരുന്നു ഇദ്ദേഹത്തിൻെറ ജനനം. 1964 ഡിസംബർ 2–നു് ബോംബെ ദിവ്യകാരുണ്യകോൺഗ്രസ്സിൽവച്ചു് വൈദികനായി അഭിഷിക്തനായി. 1973 മെയ് 4–നു് പോൾ മാർപ്പാപ്പാ തിരുമേനി ഇംഫാൽ-കോഹിമാ രൂപത രൂപീകരിക്കുകയും അതിൻെറ പ്രഥമ മെത്രാനായി ഫാ. എബ്രാഹം ഇലഞ്ഞിമറ്റത്തിനെ നിയോഗിക്കുകയും ചെയ്തു. സലേഷ്യൻ സഭാംഗമായ ഇദ്ദേഹം 1973 ഒക്ടോബർ 19–നു് മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടു. മണിപ്പൂരിലും നാഗാലാൻറിലുമായി വ്യാപിച്ചുകിടക്കുന്ന ഈ രൂപതയ്ക്കു് 38348 sq. km: വിസ്തീർണ്ണമുണ്ടു്. 30338 കത്തോലിക്കരുള്ള ഈ രൂപതയിൽ 11 ഇടവകകളും 312 മിഷൻസ്റ്റേഷനുകളും 9 ഹൈസ്കൂളുകളും 17 മിഡിൽ സ്കൂളുകളും 32 ടെയിനിംഗ് സ്ഥാപനങ്ങളുമുണ്ടു്. സ്വാതന്ത്ര്യതൃഷ്ണയും പരമ്പരാചാരമുറകളും പ്രത്യേകത ചാർത്തുന്ന ഒരു ജനതയാണു് തിരുമേനിയുടെ ഭരണസീമയിലുള്ളതു്.

എക്സാക്കമാർ

ഉത്തരേൻഡ്യയിൽ ആരംഭിച്ചിരിക്കുന്ന 6 എക്സാക്കേറ്റുകളും കേരളസഭയുടെ വളർച്ചയേയും വികാസത്തേയും പ്രസ്പഷ്ടമാക്കുന്നു. കേരളക്രിസ്ത്യാനികളുടെ പാരമ്പര്യത്തേയും കഴിവുകളേയുംപ്പറ്റി മതിപ്പും ഭാരതമിഷനിൽ അവർക്കു വഹിക്കാനുള്ള പങ്കിനേയും പറ്റി ഉത്തമബോദ്ധ്യവുമുണ്ടായിരുന്ന യശ:ശരീരനായ അത്യുന്നതകർദ്ദിനാൾ ടിസ്സറൻറ് തിരുമേനിയാണു് കേരളസഭയ്ക്കു് പുതിയ മേഖലകളും തുറന്നുകൊടുക്കുന്നതിൽ മുൻകയ്യെടുത്തു പ്രവർത്തിക്കാനാരംഭിച്ചതു്. ഭരണങ്ങാനത്തു് അപ്പാറ ആസ്ഥാനമാക്കി പ്ര

വർത്തിക്കുന്ന സെൻറ് തോമസ് മിഷനറി സൊസൈറ്റിയെ ഭരമേല്പിച്ച പ്രഥമ മിഷൻകേന്ദ്രമാണ് മദ്ധ്യപ്രദേശിൽ ഭോപ്പാൽ പ്രോവിൻസിൽപെട്ട ഉജ്ജൈൻ. പ്രസ്തുത സഭയുടെ പ്രഥമ ഡയറക്ടർ ജനറലായിരുന്ന മോൺ. ജോൺ പെരുമറ്റമാണ് ഉജ്ജൈയിനിലെ പ്രഥമ എക്സാർക്കു്. അദ്ദേഹം 1921 നവംബർ 3-നു് കാക്കൂരിൽ ജനിച്ചു. 1951 മാർച്ചു് 11-നു് വൈദികനായും 1968 ജൂലൈ 29-നു് എക്സാർക്കായും ഉയർത്തപ്പെട്ടു. 18255 sq. km. വിസ്തീർണ്ണമുള്ള ഈ പ്രദേശത്തു് 580 കത്തോലിക്കരാണുള്ളതു്. 20 വൈദികരും 94 കന്യാസ്ത്രീകളും 12 മിഷൻ കേന്ദ്രങ്ങളിലായി ഇവിടെ ജോലി ചെയ്യുന്നു.

ഭോപ്പാൽ പ്രോവിൻസിൽപെട്ടതും ജബൽപ്പൂർ രൂപതയിൽനിന്നു് വേർതിരിക്കപ്പെട്ടതുമായ സാത്നാ എക്സാർക്കേറ്റിൻറെ അദ്ധ്യക്ഷനായി നിയമിക്കപ്പെട്ടിരിക്കുന്നതു് വിൻസെൻഷ്യൻ സഭാംഗമായ ഡോ. എ. ഡി. മറ്റമാണ്. അദ്ദേഹം പാലായ്ക്കു സമീപമുള്ള നരിയങ്ങാനത്തു് 1922 നവംബർ 21-നു് ജനിച്ചു. 1950 മാർച്ചു് 15-നു് പൗരോഹിത്യം സ്വീകരിച്ചു. 1968 ജൂലൈ 29-നു് സാറ്റ്നായുടെ എക്സാർക്കായി നിയുക്തനായി. 45147 sq. km. വിസ്തീർണ്ണമുള്ള ഈ മേഖലയിൽ കത്തോലിക്കരുടെ എണ്ണം 645 ആണ്.

മദ്ധ്യപ്രദേശിലെ റയിപ്പൂർ രൂപതയിൽനിന്നും വേർതിരിക്കപ്പെട്ട ജഗദൽപൂരിൻറെ പ്രഥമ എക്സാർക്കായി C. M. I. സഭാംഗമായ മോൺ. പൗളീനോസ് ജീരകത്തു് ഭരണം നടത്തുന്നു. അദ്ദേഹം 1919 മാർച്ചു് 17-നു് പാലാരൂപതയിൽപെട്ട കുറുവിനാൽ ഇടവകയിൽ ജനിച്ചു. 1946 ഫെബ്രുവരി 18-നു് വൈദികപട്ടം സ്വീകരിക്കുകയും 1972 ഏപ്രിൽ 30-നു് ജഗദൽപൂർ എക്സാർക്കായി ഉയർത്തപ്പെടുകയും ചെയ്തു.

ദൈവവിളിയുടെ വളക്കൂറേറിയ നേഴ്സറിയായി പാലാരൂപത ഇന്നു് വിശേഷിപ്പിക്കപ്പെടുന്നു. ഇക്കഴിഞ്ഞ കാൽനൂറ്റാണ്ടുകാലത്തെ സ്ഥിതിവിവരകണക്കുകൾ വിളംബരം ചെയ്യുന്ന ഒരു വസ്തുതയുണ്ടു്—ഇന്നു് കേരളത്തിൽ ദൃശ്യമാകുന്ന പ്രേഷിതവിപ്ലവത്തിൻറെ ഉറവക്കണ്ണായി വർത്തിക്കുന്നതു് നമ്മുടെ രൂപതയാണു്. കിഴക്കിൻറെ ഏറ്റം വലിയ അത്മായ പ്രേഷിതസംഘടനയായ ചെറുപുഷ്പ മിഷൻലീഗും പരശതമിഷനറി വൈദികർക്കു് പരിശീലനം നല്കിയ സെൻറ് ജോസഫ്സ് മിഷൻ ഹോമും ഭാരതമിഷൻറെ ആശാകേന്ദ്രമായ സെൻറ് തോമസ് മിഷനറി സൊസൈറ്റിയും നിരവധി സന്യാസസന്യാസിനീ സമൂഹങ്ങളും മഹത്തായ ഈ പ്രേഷിതവിപ്ലവത്തിൻറെ പിന്നിലെ കർമ്മധാരകളത്രേ. കാലഘട്ടങ്ങളുടെ കല്പോലങ്ങളെ അതിജീവിച്ചു് ക്രിസ്തീയ വിശ്വാസം പരിരക്ഷിച്ച പാരമ്പര്യമുള്ള ഇവിടത്തെ ജനത, ഇൻഡ്യയുടെ വിവിധ ഭാഗങ്ങളിൽ വിശ്വാസവെളിച്ചം പരത്തുവാൻ കൂടുതൽ കൂടുതൽ പ്രേഷിതപ്രവർത്തകരേയും അജപാലകരേയും നൽകി, ഭാവിയിലും തങ്ങളുടെ ചരിത്രപരമായ ദൗത്യം നിർവ്വഹിച്ചു് വിജയപതാക പാറിക്കുമെന്നു് നമുക്കു പ്രത്യാശിക്കാം.

(അഭിവന്ദ്യ ജൂബിലേറിയനെപ്പറ്റിയും രൂപതാസഹായ മെത്രാനെപ്പറ്റിയും ഉള്ള ലേഖനങ്ങൾ അന്യത്ര.)





ജൂബിലേറിയൻ, രണ്ടാം വത്തിക്കാൻ സൂനഹദോസിൽ സംബന്ധിച്ച സീറോമലബാർ,
മലങ്കര വൈദീക മേലദ്ധ്യക്ഷന്മാരോടൊപ്പം. ഒന്നാമത്തു് നില്ക്കുന്നതു് ഫാ. പ്ളാസിഡ് C. M. I.




സൂനഹദോസിൽ സംബന്ധിക്കുന്നതിനായി വൈദിക മേലദ്ധ്യക്ഷന്മാർ
സെൻറ് പീറോഴ്സ് ബസ്സിക്കായിലേക്കു്

Prelates from the diocese (Contd.)




Rt. Rev. Mgr. Paulinus Jeerakathil,
Ex-Arch of Jagadalpur



Rt. Rev. Mgr. A. D. Mattam,
Ex-Arch of Satna



Rt. Rev. Mgr. John Perumattam
Ex-Arch of Ujjain



The Late Rt. Rev. Mgr. Joseph Thayyil, Palai
Vicar General of the Kottayam Vicariete



Very Rev. Fr. Mani Nidhiry,
Kuravilangad. The first Pontifically
privileged Vicar General, Vetran
in many fields who led the fight for
the Syrian Church and Rite
Died 20 - 6 - 1904

ആദ്യത്തെ രണ്ടു വികാരി ജനറാളന്മാർ

ജോർജ് ആലഞ്ചാപ്പള്ളി

പാലാ രൂപതയുടെ രൂപവും ഭാവവും നൽകിയ വയലിൽ തിരുമേനിയുടെ വലംകയ്യായി വർത്തിച്ചിരുന്ന രണ്ടു പുരോഹിതമുഖ്യരെപ്പറ്റി ഈ ജൂബിലിയവസരത്തിൽ സ്മരിക്കേണ്ടതു് ന്യായമാണു്; യുക്തവുമാകുന്നു. ഇവരിരുവരും മോൺസിഞ്ഞോർ (ഡൊമസ്റ്റിക് പ്രിലേറ്റു്) എന്ന ബഹുമതി ലഭിച്ചവരുമാണു്. ഓരോ ആളും അതതവസരത്തിനു പറ്റിയവരായിരുന്നു. ദൈവപരിപാലനയുടെ സവിശേഷമായ പ്രതിഫലനം ഇവരുടെ നിയമനങ്ങളിൽ വ്യക്തവുമാണു്.

വിദേശ വൈദിക ഡിഗ്രികളോ കലാശാലാ ബിരുദങ്ങളോ നേടിയവരല്ല ഇവർ രണ്ടാളും. പാലാ വലിയപള്ളി വികാരിപദത്തിലിരിക്കുമ്പോഴാണു് വികാരി ജനറാൾ സ്ഥാനത്തേക്കു് ഇരുവരും ഉയർത്തപ്പെട്ടതു്. ഗ്രാമീണപശ്ചാത്തലത്തിൽ ജനിച്ചുവളർന്നവരായിരുന്നതിനാൽ നാടിന്റെ നാഡിമിടിപ്പു് സുഗ്രഹമായിരുന്നു. സാമാന്യജനങ്ങളുടെ അകമഴിഞ്ഞ സൗഹൃദം നേടുവാനും അവരോടു് ഒത്തു പ്രവർത്തിക്കാനുമുള്ള പ്രത്യേക കഴിവും ഇവർക്കുണ്ടായിരുന്നു.

മോൺ. എമ്മാനുവേൽ മേച്ചേരിക്കുന്നേൽ

കവണാറിന്റെ തെക്കെ കരയിൽ പ്രശാന്തവും പ്രകൃതി പുളകം കൊള്ളുന്നതുമായ രമണീയസ്ഥലത്തു് തലയുയർത്തി നില്ക്കുന്ന പാലാ വലിയപള്ളി, നിശയുടെ നിശബ്ദതയിൽ പള്ളികൊള്ളുകയാണു്. സമീപത്തുള്ള പള്ളിമുറികളിലെ വിളക്കുകളെല്ലാം അണഞ്ഞു. അന്തേവാസികളെല്ലാം സുഖസുഷുപ്തിയിലാണ്ടുകഴിഞ്ഞു.

പള്ളിയിലെ കെടാവിളക്കു മങ്ങിമങ്ങി കത്തുന്നുണ്ടു്. തെക്കുവശത്തെ വാതിൽ പാളി അല്പം തുറന്നുകിടക്കുന്നതു കണ്ടു്, പള്ളിമുറ്റത്തുകൂടിപ്പോയ ഒരു പഥികൻ അകത്തേക്കുനോക്കി, ഒരു പക്ഷേ ചുമതലക്കാർ വാതിലടയ്ക്കാൻ മറന്നതാവുമെന്നു് അയാൾ ശങ്കിക്കാതിരുന്നില്ല. മദ്ധ്യപ്രായംകഴിഞ്ഞ ഒരു വൈദികൻ, ദിവ്യകാരുണ്യസന്നിധിയിൽ, പ്രാർത്ഥനാനിരതനായി, അഞ്ജലിക്കൂപ്പി നില്ക്കുന്നതുകണ്ടു് അയാൾ അത്ഭുതസ്തബ്ധനായിപ്പോയി.

ദിവ്യകാരുണ്യ ഭക്തനായ മോൺ. മേച്ചേരിക്കുന്നേൽ, മറ്റുള്ളവരെല്ലാം ഉറക്കംപിടിക്കുമ്പോൾ ആഴ്ചയിലൊരുദിവസം പള്ളിയിലെത്തി ആരാധന നടത്തിവരികപതിവായിരുന്നു. തന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ ശക്തി സംഭരിക്കുന്നതു് ഈ ദിവ്യസാധന വഴിയായിരുന്നു.

അവിഭക്ത ചങ്ങനാശ്ശേരി മിസ്സത്തിലെ കിഴക്കും പടിഞ്ഞാറുമുള്ള ഒട്ടേറെ പള്ളികളിൽ ഭരണം നടത്തി യശസ്സുരമായ ഒരു പാരമ്പര്യത്തിന്റെ ഉടമയായിരുന്ന അദ്ദേഹം 1945-ലാണു് പാലാ ഫൊറോനാപള്ളി വികാരിയായി സ്ഥാനമേറ്റതു്.

1890 സെപ്റ്റം. 14-ാംനു- കളത്തൂർ കരയിൽ മണ്ണാനിക്കാട്ടു് കുഞ്ഞുതൊമ്മന്റേയും, പാളയം ഇടവക കുന്നത്തേടത്തു് ഏലിയാമ്മയുടേയും മൂന്നാമത്തെ പുത്രനായി ജനിച്ച അദ്ദേഹം 1911-ൽ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി ആദ്യം ചങ്ങനാശ്ശേരി പെറ്റിസെമ്മിനാരിയിലും, പിന്നീടു് വരാപ്പുഴ പുത്തൻപള്ളി സെമ്മിനാരിയിലും വൈദികപഠനം നടത്തി 1919-ൽ പുരോഹിത പദവിയിലേക്കുയർത്തപ്പെട്ടു.

സെന്റ് തോമസ് കോളേജിന്റെ സ്ഥാപനമാണു് അദ്ദേഹത്തിന്റെ ഭരണകാലത്തെ ഏറ്റവും സ്മരണീയമായ സംഭവം. 1947 മുതൽ, പില്ക്കാലത്തു പാലാരൂപതയുടെ പ്രഥമ മെത്രാനായിത്തീർന്ന ഫാ. സെബാസ്റ്റ്യൻ വയലിലും ഇദ്ദേഹവും കൂടിച്ചേർന്നുള്ള അച്ചുതണ്ടാണു് പാലാ കോളെജ് എന്ന ചിരകാലസ്വപ്നം 1950-ൽ സാക്ഷാൽകരിക്കുവാൻ ഇടയായതു്. അതിന്റെ പിന്നിലെ യാതനാനിർഭരവും അത്യധികം ദുഷ്കരവുമായ ഭഗീരഥശ്രമത്തെപ്പറ്റി പ്രത്യേകം പറയേണ്ടയാവശ്യമില്ല.

1950 ജൂലൈ 25–ാം തീയതിയാണ് സഹപ്രവർത്തകനായ മാണിച്ചൻ മെത്രാൻസ്ഥാനത്തേക്ക് നിയമിതനായത്. 1951 ജനുവരി 4–ാം തീയതി തിരുമേനി ഇടംപ്രഥമമായി ഭരണഭാരം ഏറ്റെടുത്തപ്പോൾ കൂടെ പ്രവർത്തിച്ചിരുന്ന മേച്ചേരിക്കുന്നേലച്ചനെ ശ്രുപതയുടെ പ്രഥമ വികാരി ജനറാളായി നിയമിച്ചു.

അരവ്യാഴവട്ടക്കാലം മാത്രമേ ഈ സ്ഥാനംവഹിക്കാൻ വിധി സമ്മതിച്ചുള്ളൂ ''ഹ്രസ്വമീ കളേബരിയിൽ നീണ്ടുവാഴാ'' എന്ന കവി വാക്യം അദ്ദേഹത്തിന്റെ കാര്യത്തിൽ സാർത്ഥകമായി.

''കാലം കുറഞ്ഞ ദിനമെങ്കിലുമർത്ഥദീപ്ത'' മായിരുന്ന അദ്ദേഹത്തിന്റെ ഭരണം. ശ്രുപതാശിശുവിനെ ബാലാരിഷ്ടതകളിൽ, അതിനു വേണ്ട ശുശ്രൂഷ നൽകാൻ പരിചരിച്ച അദ്ദേഹം വന്ദ്യമെത്രാനല്ലന്റെ പ്രേഷിതസുഹൃത്തും സമുചിതനായ ഉപദേഷ്ടാവുമായിരുന്നു. തന്റെ ദൗത്യം തികച്ചും സമർത്ഥമായി നിർവ്വഹിച്ചു എന്ന കൃതാർത്ഥതയോടെ, വികാരി ജനറാൾ സ്ഥാനം വഹിച്ചുകൊണ്ടിരുന്ന വേളയിൽ തന്നെ, താൻ ബഹുധാ അർഹിക്കുന്ന നിത്യസമാനത്തിനായി മിസ്സത്തേയും ആത്മമിത്രമായ മെത്രാനച്ചനേയും കണ്ണീർക്കടലിൽ മുക്കിക്കൊണ്ട് അദ്ദേഹം 1957–ൽ കടന്നുപോയി. മോൺസിഞ്ഞോർ മേച്ചേരിക്കുന്നേലിന്റെ മൃതശരീരം പാലാ കത്തീഡ്രൽ പള്ളിയിൽ യഥാവിധി സംസ്കരിക്കപ്പെട്ടു.

പുതിയ ശ്രുപതയ്ക്ക് ഈ പുണ്യശ്ലോകനോടുള്ള കടപ്പാട് ഒരിക്കലും മായാത്ത ഒന്നു തന്നെയാണ്. ആ ശിശുവിനെ ബാല്യത്തിന്റെ പടവുകളിലേയ്ക്ക് നയിക്കുന്നതിനുവേണ്ടി സഹിച്ച ക്ലേശങ്ങളാവാം അന്ത്യത്തിനു് ആക്കം കൂട്ടിയത്. ശ്രുപതയ്ക്കു ശ്രുപം നൽകുന്ന ബലിവേദിയിൽ ആത്മത്യാഗം കൈവരിച്ച ഒരു മഹാത്യാഗിയായി അദ്ദേഹത്തെ കണക്കാക്കുകയും വേണം.

മോൺസിഞ്ഞോർ ഫിലിപ്പ് വാലിയിൽ

അരുണാപുരത്തുള്ള മരിയൻ മെഡിക്കൽ സെന്ററിലെ കമ്പസ്സിലുള്ള ഒരു ചെറുകുന്നിൽ നിലകൊള്ളുന്ന കൊച്ചു ബംഗ്ലാവിൽവച്ച്, സ്ഥാനമൊഴിഞ്ഞു് താനർഹിക്കുന്ന 'വിശ്രമസുഖം' അനുഭവിക്കുന്ന മോൺസിഞ്ഞോർ ഫിലിപ്പു വാലിയിൽ അവർകളെ കാണാൻ ഈ ലേഖകനു് ഇടയായി. പ്രഭാതത്തിലെ വൈദികവിധികളെല്ലാംതീർത്തു് അല്പമൊന്നു വിശ്രമിക്കാൻ ഭാവിക്കുമ്പോഴേക്കു ഞാനെത്തിയതു്. ആശുപത്രിചാപ്പൈൻ എന്ന നിലയിലുള്ള ശ്രമകരമായ ജോലിയെല്ലാം കഴിഞ്ഞു് അദ്ദേഹം വന്നതേയുള്ളൂ.

പ്രായം എഴുപത്തേഴു കഴിഞ്ഞെന്നു് അദ്ദേഹം പറഞ്ഞപ്പോൾ മാത്രമേ എനിക്കറിയാൻ സാധിച്ചുള്ളൂ. പ്രായോപവേശത്തിന്റെ നേർത്ത ലാഞ്ഛനകളെ ഓമനത്തമുള്ള മുഖത്തു കാണ്മാനുള്ളൂ. വശ്യമായ പുഞ്ചിരിയും, സൗമനസ്യം പുലർത്തുന്ന സംഭാഷണവും, സൗജന്യനിർഭരമായ പെരുമാറ്റവും, ആരെയാണു് ആകർഷിക്കാത്തതു്! മൂന്നുനാലു രോഗികൾക്കു വിശുദ്ധ കുർബാന രോഗശയ്യയിൽ കൊണ്ടുപോയി കൊടുത്തതിനുപുറമേ, നൂറിൽപരംപേർക്കു 'ദിവ്യകാരുണ്യം' നൽകുകയും കുറച്ചുപേരുടെ കുമ്പസ്സാരം കേൾക്കുകയും ചെയ്തശേഷമത്രേ അദ്ദേഹം വന്നതു്. എന്നാൽ അതിന്റെ ക്ഷീണമൊന്നും നടപ്പിലും എടുപ്പിലും കാണാൻ കഴിഞ്ഞില്ല.

ഇതിന്റെ രഹസ്യമെന്തെന്നാരാഞ്ഞപ്പോഴാണു് നെടുനാളായി താൻ ആചരിച്ചുവരുന്ന ദിനചര്യയുടെ ചിട്ടയെപ്പറ്റി അദ്ദേഹം സൂചിപ്പിച്ചതു്. വെളുപ്പിനു നാലുമണിക്കെഴുന്നേറ്റാൽ പ്രഭാതത്തിലെ പ്രാർത്ഥനകൾക്കുശേഷം, അഞ്ചരയ്ക്കുള്ള പച്ചവെള്ളത്തിലെ കുളിയും കഴിഞ്ഞു പള്ളിയിലെത്തുന്നു. പൂജാദികർമ്മങ്ങൾക്കുശേഷമത്രേ ലളിതവും, സമീകൃതവുമായ പ്രഭാത ഭക്ഷണം.

സ്വന്തം ജീവിതകഴിവിനെപ്പറ്റി പറയാൻ പ്രായേണ പരാങ്മുഖനായ അദ്ദേഹം വളരെ കൃത്തിച്ചുള്ള ചോദ്യങ്ങളുടെ മുമ്പിൽ അല്പം ചിലതെല്ലാം പറയാനിടവന്നു. 1897 ആഗസ്റ്റ് 18–ാം തീയതി പാളയം ഇടവകയിലുള്ള വാലിയിൽ തറവാട്ടിൽ ജനിച്ചു. പാലാ അങ്ങാടിയിലെ കുരിശുപള്ളിമേടയിൽ നടത്തിവന്ന പ്രൈമറിസ്കൂളിലും ഇപ്പോഴത്തെ സെൻറ് തോമസ് ഹൈസ്കൂളിന്റെ ആരംഭകാലത്തെ മിഡിൽസ്കൂളിലും പഠിച്ചശേഷം സെൻറ് ബക്കുമാൻസ് ഹൈസ്കൂളിൽനിന്നും ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി, ആദ്യം ചങ്ങനാശ്ശേരിയിലും പിന്നീടു് വരാപ്പുഴയും വൈദികപഠനം നടത്തി. 1928 ഡിസംബർ 23–ാം തീയതി പുരോഹിതപദത്തിൽ പ്രവേശിച്ചു.

ഇരുപത്തിരണ്ടുകൊല്ലം കിഴക്കൻ പള്ളികളിൽ വികാരിപദം വഹിച്ചു്, സമർത്ഥനും കർമ്മപടുവുമായ ഒരു ഭരണാധികാരിയെന്ന യശസ്സുമായാണു് വാലിയിലച്ചൻ 1951–ൽ ഫൊറോനാവികാരിയായി പാലായിൽ വരുന്നതു്.

പാലായുടെ സഹായമെത്രാൻ

പ്രൊ. സി. ജെ. സെബാസ്റ്റ്യൻ

നിഷ്കളങ്കതയുടെ ബഹിർസ്ഫുരണമെന്നോണം, മുഖത്തു പ്രസരിക്കുന്ന പൂപ്പുഞ്ചിരി, അവ്യാജമനോഹരമായ ദീർഘശരീരം ഇതാണ് പാലാ രൂപതയുടെ സഹായമെത്രാനായ ഡോ. ജോസഫ് പള്ളിക്കാപറമ്പിലിനെ കാണുന്ന ആർക്കും ആദ്യമായി ശ്രദ്ധയിൽപ്പെടുന്ന സവിശേഷതകളും.

''വദനം യഥാർത്ഥത്തിൽ മാനവന്റെ
ഹൃദയത്തിൻ കണ്ണാടിതന്നെയെങ്കിൽ'' നിസ്സംശയമായി നമുക്കു വിധിയെഴുതാം—നിഷ്കപടമാണ് ആ ഹൃദയം. അല്ലെങ്കിൽ, അതിന്റെ ദൈവികമായ അംഗീകരണമാണല്ലോ അദ്ദേഹത്തിനു ലഭിച്ചിരിക്കുന്ന ഈ ഉന്നതസ്ഥാനം.

ഞാനദ്ദേഹത്തെ ആദ്യമായിക്കണ്ട സന്ദർഭം ഓർത്തുപോകുന്നു. വടവാതൂർ സെൻറ് തോമസ് അപ്പസ്തോലിക് സെമിനാരിയുടെ അന്നത്തെ റെക്ടറും ഇന്നു്, പാലാ രൂപതയുടെ പ്രോ. വികാരിജനറാളും ആയ മോൺ. കുര്യൻ വഞ്ചിപ്പുരയ്ക്കൽ, ഞങ്ങളുടെ പ്രിൻസിപ്പൽ, യശ:ശരീരനായ മോൺ. കുരീത്തടം വഴി ക്ഷണിച്ചതനുസരിച്ച്, സെമിനാരിയിൽ പഠിക്കുന്ന വൈദികവിദ്യാർത്ഥികൾക്ക്, മലയാളഭാഷയേയും സാഹിത്യത്തേയും സംബന്ധിച്ച് കുറെ ക്ലാസ്സുകൾ എടുക്കുന്നതിനായി ചെന്നതായിരുന്ന ഞാനവിടെ. ആദ്യദിവസംതന്നെ അത്താഴം കഴിഞ്ഞു്, സെമിനാരി സ്റ്റാഫുമായി പരിചയപ്പെടുന്നതിനും, നമ്മ്സംഭാഷണത്തിലേർപ്പെടുന്നതിനും അവസരം കിട്ടിയപ്പോൾ, സുമുഖനായ ഒരു യുവ വൈദികൻ എന്റെ പ്രത്യേകശ്രദ്ധയ്ക്കു വിഷയമായി. റഷ്യയിൽ ഉഗ്രപ്രതാപനായിരുന്ന ക്രൂഷ്ചേവു് സ്ഥാനഭ്രഷ്ടനാക്കപ്പെട്ടതു് തലേദിവസമായിരുന്നു.

മോൺ. മേച്ചേരിക്കുന്നേലിന്റെ ചരമത്തെത്തുടർന്നു് 1957—ൽ വികാരിജനറാൾ സ്ഥാനത്തേക്കുയർത്തപ്പെട്ട. പതിനേഴു നീണ്ടസംവത്സരങ്ങൾ ആ സ്ഥാനത്തിരുന്നു് പുതിയ രൂപതയെ ഉറച്ച ഒരാസ്ഥത്തിൽ പ്രതിഷ്ഠിക്കാൻ അദ്ദേഹം കഠിനാദ്ധ്വാനം ചെയ്തു. മെത്രാനച്ചൻ തിരുമേനി റോമാ യാത്രക്കു പുറപ്പെട്ടപ്പോഴൊക്കെ സർവ്വഭാരവും തനിച്ചു് വഹിക്കേണ്ടതായും വന്നു.

പാലാ സെൻറ് തോമസ് കോളെജിന്റെ ഇന്നത്തെ അസൂയാവഹമായ നിലയ്ക്കു് ഭാഗികമായെങ്കിലും മോൺസിഞ്ഞോർ ഉത്തരവാദിയാണു്. പുരോഗാമിതുടങ്ങിവച്ച പണികൾ പൂർത്തിയാക്കിയതിനും പുറമെ, ഇന്നു് കോളേജ് ക്യാമ്പസ്സിൽ തല കിളർത്തിനില്ക്കുന്ന എട്ടുപുകൾ മിക്കവയുടെയും നിർമ്മാണച്ചുമതലകൾ വഹിച്ചതു് അദ്ദേഹമത്രേ.

ആരംഭകാലത്തു് ഫീസു പിരിവു് അദ്ധ്യാപകശമ്പളംപോലും കൊടുക്കാൻ അപര്യാപ്തമായിരുന്നു. ബാങ്കുകളിൽനിന്നും വ്യക്തികളിൽ നിന്നും ഭീമമായ സംഖ്യ കടം പറേറണ്ടിവന്നിട്ടുണ്ടു്. കെട്ടിടനിർമ്മാണത്തിന്റെ പ്രാരാബ്ധങ്ങൾക്കു പുറമെ, രൂപതാഭരണവും വഹിക്കേണ്ടി വന്നുവെന്നോർക്കുമ്പോൾ അദ്ദേഹത്തിന്റെ വിപുലമായ കഴിവിനേയും തളരാത്ത അദ്ധ്വാനത്തേയും പാറി അത്ഭുതപ്പെടാതിരിക്കാൻ തരമില്ല. ഈശ്വരകാരുണ്യത്താൽ വലിയ രോഗമോ മറ്റു വിനകളോ വന്നു ചേർന്നില്ല. അതു് ദൈവത്തിന്റെ പ്രത്യേകമായ വാത്സല്യവും അനുഗ്രഹവും നിമിത്തമാണെന്നത്രേ അദ്ദേഹം തറപ്പിച്ചു പറഞ്ഞതു്.

1963—ലാണു് സഹോദരീസ്ഥാപനമായ അൽഫോൻസാകോളെജ് ജന്മം കൊണ്ടതു്. അപ്പോഴും ഭാരം ദ്വിഗുണീഭവിച്ചു, ഇന്നത്തെ അൽഫോൻസാകോളെജ് മോൺസിഞ്ഞോറിന്റെ യശസ്സിന്റെ പ്രതീകമായി നിലകൊള്ളുന്നതാണു്.

വികാരിജനറാൾസ്ഥാനം പ്രത്യേകിച്ചും പുതിയ രൂപത വളർച്ച നേടുന്ന ഘട്ടത്തിൽ പ്രാരാബ്ധപൂർണ്ണവുമായ ഒന്നാകുന്നു. തന്നിൽ നിക്ഷിപ്തമായ ചുമതലകൾ കഴിവുപോലെ നിർവ്വഹിച്ചുവെന്ന കൃതാർത്ഥത ഈ വിശ്രമഘട്ടത്തിലും മനസ്സിൽ തങ്ങിനില്ക്കുന്നുണ്ടെന്നുള്ള പ്രതീതി സംഭാഷണത്തിലുടനീളം പ്രതിഫലിച്ചിരുന്നു.

CHARMARAM COLLEGE LIBRARY
BANGALORE-29.

ന്നു. ലോകശ്രദ്ധ പിടിച്ചുപറ്റിയ ആ സംഭവത്തെപ്പറ്റി, സ്വാഭാവികമായി ഞങ്ങളും അന്നു സംസാരിച്ചു. ആ അവസരത്തിൽ അന്താരാഷ്ട്രവിഷയങ്ങളെപ്പറ്റി അഗാധമായ പാണ്ഡിത്യത്തോടെ സംസാരിക്കുന്ന ആ പണ്ഡിതൻ, ആരെന്നറിയാൻ ഞാൻ ഉത്സുകനായിരുന്നപ്പോൾ, വൈസ് റെക്ടർ റവ. ഡോ. ജോസഫ് പള്ളിക്കാപറമ്പിൽ എം. എ. പി. എച്ച്. ഡി. യാണ് അദ്ദേഹമെന്നും, ബ. റെക്ടറച്ചൻ, എനിക്കദ്ദേഹത്തെ പരിചയപ്പെടുത്തിത്തന്നു. പ്രഥമ ജിജ്ഞാസ അങ്ങനെ ശമിപ്പിക്കുകിലും വീണ്ടും അദ്ദേഹത്തെപ്പറ്റി അറിയണമെന്നുണ്ടായിരുന്നു. അങ്ങനെയാണ് മദ്രാസ് യൂണിവേഴ്സിറ്റിയിൽ നിന്ന് പ്രശസ്തമായ നിലയിൽ ഇക്കണോമിക്സ് എം. എ. ബിരുദമെടുത്തശേഷം വൈദികപഠനത്തിനു പോകയും, റോമിലെ പ്രൊപ്പഗാന്താ കോളെജിൽനിന്ന് 1958 നവംബർ 23-ന് ഗ്രുപ്പട്ടം സ്വീകരിക്കുകയും ഉർബൻ യൂണിവേഴ്സിറ്റിയിൽ നിന്ന് ഫിലോസഫിയിൽ ഡോക്ടറേറ്റ് കരസ്ഥമാക്കുകയും, തുടർന്ന് സ്വദേശത്തു മടങ്ങിയെത്തി, വടവാതൂർ സെമിനാരിയിൽ ഫിലോസഫി പ്രഫസറായി നിയമിതനാകയും ചെയ്തിരിക്കുന്ന പ്രതിഭാശാലിയാണ് അദ്ദേഹമെന്ന മനസ്സിലായത്. സെമിനാരിയിലെ എന്റെ ക്ലാസ്സുകഴിഞ്ഞു കുറേനാൾ കഴിഞ്ഞപ്പോൾ വീണ്ടും, പള്ളിക്കാപറമ്പിലച്ചൻ വീണ്ടും റോമിലേക്കു പോയി എന്നും അവിടെ പ്രൊപ്പഗന്താ കോളെജിന്റെ വൈസ് റെക്ടറായി നിയമിക്കപ്പെട്ടു എന്നും. നാലുകൊല്ലത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം അവിടെനിന്നും തിരിച്ചെത്തിയതു വടവാതൂർ സെമിനാരിയുടെ റെക്ടറായിട്ടാണ്. തുടർന്നിതാ വൈദികവൃത്തിയുടെ പരമോന്നതപദവി എന്നു പറയാവുന്ന മെത്രാൻസ്ഥാനത്തോടുകൂടി, പാലാ രൂപതയുടെ സഹായമെത്രാനായും നിയമിക്കപ്പെട്ടിരിക്കുന്നു. പട്ടാഭിഷേകം 1973 ആഗസ്റ്റ് 15-ന് പാലായിൽവച്ച് സമംഗളം നടത്തപ്പെട്ടു. കഴിവുകളും യോഗ്യതകളും മാനിക്കപ്പെടാതെ പോകയില്ലെന്നുള്ളതിനു ഒരു നല്ല ഉദാഹരണമാണ് പള്ളിക്കാപറമ്പിൽ പിതാവു്.

സഭാഭരണ പാരമ്പര്യം വേണ്ടുവോളമുള്ളൊരു കുടുംബമാണ് അദ്ദേഹത്തിന്റേതു് മുത്തോലപുരം ഇടവകയിൽപ്പെട്ട പള്ളിക്കാപറമ്പിൽ കുടുംബം 'സുപ്രസിദ്ധമായ കുറവിലങ്ങാട്ട് പകലോമറ്റം കുടുംബശേഖരമാണെന്നു് പാരമ്പര്യം ഘോഷിക്കുന്നു. മലങ്കര സഭാഭരണം വളരെക്കാലത്തേയ്ക്കു് -യാക്കോബായ സഭ കേരളത്തിൽ സ്ഥാപിതമായ പതിനേഴാം നൂറ്റാണ്ടുവരെ-നടത്തിക്കൊണ്ടിരുന്നതു് പകലോമറ്റം കുടുംബക്കാരായ ആർച്ചുഡീക്കന്മാരായിരുന്നു എന്നു് സഭാചരിത്രം പറയുന്നു. പ്രഖ്യാതമായ ആ പകലോമറ്റം തറവാടാണത്രെ തിരുമേനിയുടെ പൂർവ്വകുടുംബം.

കാരണവന്മാരുടെ കണ്ണിലുണ്ണിയായി വളർന്നിരുന്ന ഔസേപ്പച്ചൻ അതായിരുന്നു ഓമനപ്പേർ. 1927 ഏപ്രിൽ 10-നു ജനിച്ചു. ബാല്യവും സാധാരണവിദ്യാഭ്യാസവും മുത്തോലപുരത്തും വാഴക്കുളത്തും മാന്നാനത്തുമായിട്ടാണു് നിർവ്വഹിച്ചതു്. എടുത്തുപറയത്തക്ക സംഭവങ്ങളൊന്നും ബാല്യകാലത്തു നടന്നിട്ടില്ലെങ്കിലും, നാലുവയസ്സുണ്ടായിരുന്ന ഔസേപ്പച്ചൻ പിതാമഹനായ വക്കിച്ചനോടുചെയ്ത ഒരു വാശാനം സഫലമാക്കിയതാണു് അദ്ദേഹത്തിന്റെ ജീവിതകഥ എന്നു പറയാം. സംഭവമിതാണു്: വർക്കിച്ചന്റെ സഹോദരനും കർമ്മകുശലനുമായിരുന്ന റവ. ഫാ. പൗലോസ് പള്ളിക്കാപറമ്പിൽ നിര്യാതനായപ്പോൾ അദ്ദേഹത്തിന്റെ വക ഗ്രന്ഥശേഖരവും വസ്ത്രങ്ങളും എല്ലാം വീട്ടിൽ കൊണ്ടുവന്നു. ദുഃഖകുലനായ വക്കിച്ചൻ അതെല്ലാം നോക്കിക്കൊണ്ടു് ''ഇനി ഇതെല്ലാം ഉപയോഗിക്കാൻ ആരുണ്ടു്''? എന്നു് ആരോടെന്നില്ലാതെ ചോദിച്ചു. നാലുവയസ്സുള്ള ഔസേപ്പച്ചൻ മുത്തച്ഛന്റെ കൈകളിൽ പിടിച്ചുകൊണ്ടു്, താൻ പഠിച്ചു വലുതാകുമ്പോൾ അതെല്ലാം ഏറ്റെടുത്തുകൊള്ളാമെന്നു് വാശാനം ചെയ്തു.

''വാക്കുകളും കൂട്ടിച്ചൊല്ലാൻ വയ്ത്തകിടാങ്ങളെ!
ദീർഘദർശനം ചെയ്യും ദൈവജ്ഞരല്ലോ നിങ്ങളും!''

എന്ന കവിവാക്യം അക്ഷരംപ്രതി ശരിയാണെന്നു് ആ ഉണ്ണിക്കിടാവിന്റെ വാക്കുകളും കാലാന്തരത്തിൽ തെളിയിച്ചു. വൈദികനായ ആ പൗത്രന്റെ കൈകളിൽനിന്നു് അന്ത്യകൂദാശകളും സ്വീകരിച്ചുകൊണ്ടാണു് വക്കിച്ചൻ മരണമടഞ്ഞതു്.

ചങ്ങനാശ്ശേരി എസ്. ബി., തുരുനിപ്പള്ളി സെന്റ് ജോസഫ്സ്, മദ്രാസ് ലെയോള എന്നീ കലാലയങ്ങളിൽ സർവ്വകലാശാലാ വിദ്യാഭ്യാസം പ്രശസ്തമാംവണ്ണം പൂർത്തിയാക്കിയ ഔസേപ്പച്ചൻ, ഐ. എ. എസ്സിനു പോകണമെന്നും മറ്റും ചില അഭ്യുദയകാംക്ഷികളും ഉപദേശിച്ചു. എന്നാൽ തന്റെ ഗുരുനാഥനും നിതാന്തവന്ദ്യനുമായ മോൺ. കുറീത്തടമാണു് സെമിനാരിയിൽ ചേരണമെന്നു് തന്നെ ഉപദേശിച്ചതെന്നും ആ ഉപദേശമാണു്, തന്നെ ഈ നിലയിൽ ആക്കിതീർത്തതെന്നും, കുറീത്തടത്തിലച്ചന്റെ ചരമാനുശോചനസമ്മേളനത്തിൽ കൊച്ചുപിതാവു തന്നെ പ്രസ്താവിച്ചതോർക്കുന്നു. നല്ല ശിഷ്യനു് വിദ്യ ഉപദേശിക്കുന്ന ഗുരുവിനുണ്ടാകുന്ന ചാരിതാർത്ഥ്യം, മോൺ. കുറീത്തടത്തിനും, തീർച്ചയായും ഉണ്ടായിരിക്കണം.

THE BANK OF COCHIN LIMITED

(Registered Office: Broadway, Ernakulam)

COCHIN - 682011

AUTHORISED DEALERS IN FOREIGN EXCHANGE

WE SERVE YOU	through our branches and correspondents in India and all over the world.
WE HELP YOU	in opening letters of Credit and in all your Foreign Exchange transactions.
WE OFFER YOU	finer rates in encashing Foreign Currency Cheques and Drafts.
WE GIVE YOU	maximum rates of Interest on your Deposits with us.
WE ASSIST YOU	to solve your financial problems through our profitable Kuries and New Recurring and Daily Deposit Schemes.
WE GRANT YOU	advance for all productive purposes.

Approach your nearest branch

for all types of banking business both inland and foreign.

K. M. THARIYAN B. Com., A. C. A.

CHAIRMAN

PADINJAREKARA AGENCIES LIMITED

Post Box No. 22, KOTTAYM - 686001

KERALA STATE

Telegrams :
"PADINJAR'

Telephone : 3286/3287
(PBX with 9 EXtns.)

MANAGING DIRECTORS :
P. C. CHERIAN M. A., B. L.
P. C. ABRAHAM B. A., B. Com., LL. B.

TECHNICAL ADVISOR :
K. C. SEKAR B. A., F. I. R. I.
(Retd. Chemist, Rubber Research Institute of Malaya)

LATEX

THE OLDEST & LARGEST MANUFACTURERS IN INDIA

OF

STANDARD QUALITY 35% & 60% LATEX

Stocks available with us and our distributors:

INDIA COFFEE & TEA DISTRIBUTING CO. LTD.
'Jeevan Udyog'
278, Dr. D. Navroji Road,
BOMBAY - 400 001
Telegrams : 'TEACOFFEE'
Telephone : 264793

INDIA COFFEE & TEA DISTRIBUTING CO. LTD.
Below Hotel Airlines
'Jeevan Mansions', Ram Nagar
NEW DELHI - 110 055
Telegrams : 'EMEMFOAM'
Telephone : 278876

Greetings to the Jubilarian Mar Sebastian Vayalil

FROM

MOTHER SUPERIOR

CLARIST CONVENT, VAKAKKAD

St. Joseph's Mission Home

PALAI

completing 25 years of its fruitful existence in the Diocese

The Headmistress, Staff and Students

Alphonsa Girls' High School, Vakakkad

The Principal, Staff and Students

ST. GEORGE'S COLLEGE, ARUVITHURA

The Vicar and Parishioners

ST. JOSEPH'S CHURCH, KUDAKKACHIRA

The Headmaster, Staff and Students of

St. Vincent English Medium High School, Palai

കല്ലുകുന്നേൽ

ഡി.എസ്സ്. ആയുർവ്വേദ ആശുപത്രി

വെള്ളിയേപ്പള്ളി P. O., പാലാ

Cherupushpa Mission League

'Kunjumissionary'

&

Mission League Press

The Vicar and Parishioners

St. Peter's Church, Elanji

The Vicar and Parishioners

SACRED HEART'S CHURCH, KAROOR

Greetings to the Jubilarian Mar Sebastian Vayalil

FROM

The Vicar and Parishioners

St. Paul's Church, Valiakumaramangalam

The Vicar and Parishioners

St. Augustine's Church

KUDAYATHOOR

Fr. Prior & Community

ST. VINCENT MONASTERY, PALAI

CHERUPUSHPARAM (C. S. T.)

POOVATHODU

Adoration Congregation

Diocese of Palai

The Vicar and Parishioners

ST. THOMAS CHURCH

POOVATHODU

The Vicar and Parishioners

St. Sebastian's Church

SANKARAPPILLY

Bishop Mar Sebastian Vayalil Jubilee Memorial Assumption Hospital

MELUKAVUMATTOM

The Congregation of the Sisters of Nazareth

POOVATHODU

Sevanikethan Society

(HOLY CROSS T. T. CENTRE)

CHERPUNKAL

"നിറമാല"

ഏ. എൻ. സോമവമ്മരാജാ (രാജാസാർ)

ഉദയശൈലം തെളിഞ്ഞുഷസ്സന്ധ്യയി—
ലുണരുകയായ്, തവ സ്വർഗ്ഗസൗരഭം
എവിടെയും പടർന്നാ വിൺമലർവനി
യവികലാനന്ദ മാധുരി പെയ്കയായ്;
ഇരുപതുമഞ്ചുമണ്ഡങ്ങളിൽ തെളി—
ഞ്ഞൊരു മഹസ്സിന്നൊരു പുണ്യമൂർത്തിയിൽ
സുപരിവേഷമിതാ സുലഭപ്രഭാ—
വലയഭ്രഷയായ് ചാർത്തീ കതിരവൻ;

അസുലഭമോദ സന്ദായകം ദിന—
മിതു നമുക്കു സുദിനം ശുഭാവഹം
വിവിധ വിജ്ഞാന വിദ്യാലയങ്ങളേ!
മഹിത ചൈതന്യ ദേവാലയങ്ങളെ!
ഭവദുദയത്തിനാധാരഭൂതനായ്
അമിതവാത്സല്യസാരസർവ്വസ്വമായ്
ഗുണവിശേഷ വിശാല കേദാരമായ്
സദാവന്ദ്യനായോരീ വിശിഷ്ടനു
സുലഭമായുരാരോഗ്യ സൗഖ്യത്തിനായ്
പ്രചുരമംഗളാംശംസയർപ്പിക്കുവിൻ!!

കനകപർവ്വതസാനുക്കളെത്രയും
പുളകം കഞ്ചുകം ചാർത്തി, ഗൗണാനദീ
ജലതരംഗമുണർത്തി, കരാഞ്ജലീ
കലിത കൗതുകം കൂപ്പി കവിതകം;
അറിവുപോരാത്തവനെങ്കിലും കരം
നിറയുമർച്ചനാപുഷ്പങ്ങളാലൊരു
നവനിറമാല ചാർത്തട്ടെ, നിർമ്മദ—
ഹൃദയനായീ ഞാനീധന്യമൂർത്തിയിൽ.

പുതുമണവും നിറവുമില്ലെങ്കിലു—
മിതിൽ വിടർന്നൊരെൻ സങ്കല്പമുത്തുകം
ഇവിടെയീ മഹാത്മാവിൻ പദങ്ങളിൽ
വിതറിടട്ടെ മനസ്സിൻ തുടിപ്പുകം!!

കാലഘട്ടത്തിന്റെ ആവശ്യം എന്തെന്നു മനസ്സിലാക്കാനുള്ള കരുത്തു് ആ ഭരണാധികാരിക്കുണ്ടെന്നു് തെളിയിക്കുന്നതാണു് ഭരണമേറ്റടനെതന്നെ അദ്ദേഹമാരംഭിച്ചിരിക്കുന്ന ഫാമിലി ബനിഫിറ്റ് സ്കീം. ഏതു മതത്തിന്റെയും സംഘടനയുടേയും, അസ്ഥിവാരം കുടുംബമാണു്. നല്ല കുടുംബങ്ങളിലൂടെ മാത്രമേ, നല്ലൊരു സമൂഹമോ രാഷ്ട്രമോ എന്തും, പടുത്തുയർത്തുവാൻ പറ്റൂ. അതുകൊണ്ടാണു് വിഷമിക്കുന്ന കുടുംബങ്ങൾക്കു് ആവുന്ന സഹായം ചെയ്യുവാൻവേണ്ടി, ഒരു ക്ഷേമനിധിക്കു് അദ്ദേഹം ആദ്യമേ പ്പാനിട്ടതു്. ആ നല്ല തുടക്കം, ആശാസ്യമായ ഫലങ്ങളും പുറപ്പെടുത്തിക്കൊണ്ടിരിക്കുന്നു എന്നാണു് റിപ്പോർട്ടു്. പാലായിലെ തൊഴിലാളികളം നല്കിയ സ്വീകരണത്തിൽ ''നിങ്ങൾക്കായി എന്റെ വാതിൽ എപ്പോഴും തുറന്നു കിടക്കും'' എന്നുള്ള അദ്ദേഹത്തിന്റെ ആ പ്രഖ്യാപനം, തന്നെ ഏല്പിച്ചിരിക്കുന്ന അജപാലനകൃത്യത്തിനു്, അദ്ദേഹം എത്രകണ്ടു് യോഗ്യനാണു് എന്നു് വിളിച്ചോതുന്നു.

പാലായിലെ വയലിൽ ജനിച്ചു വളർന്നു്, പാലായുടെ നാനാമുഖമായ അഭിവൃദ്ധിയെ ലക്ഷ്യമാക്കി ദിവ്യനാഥന്റെ വയലിൽ, കൃഷി നടത്തുന്ന വയലിൽപിതാവിന്റെ വയൽ മെത്രാന്മാരുടെ വിളഭൂമിയാണു്. തന്നെ ഏൽപിച്ചിരിക്കുന്ന വയൽ സർവ്വതോഭദ്രമാക്കുന്നതിനവേണ്ടി, ആത്മാർത്ഥമായി, അക്ഷീണമായി, പണിയെടുക്കുന്ന ആ കർഷകന്റെ കരങ്ങളം, ഇരുപത്തിയഞ്ചു കൊല്ലത്തെ നിസ്തന്ദ്രമായ പ്രയത്നത്തിന്റെ ഫലമായി തളർന്നു തുടങ്ങിയിരിക്കുന്നു. ആ പരിശ്രമങ്ങളിൽ അദ്ദേഹത്തിനു് ഒരു സഹായി ആവശ്യമുണ്ടെന്നു് ലോകത്തെങ്ങുമുള്ള വയലുകളുടെ മേൽനോട്ടം വഹിക്കുന്ന വലിയ കാര്യസ്ഥനു് മനസ്സിലായി. അങ്ങനെ വയലിൽ പിതാവിനു്, സർവ്വഥാ അനുയോജ്യനായ ഒരു സഹായി വന്നെത്തിയിരിക്കുന്നു, ഡോ. പള്ളിക്കാപറമ്പിൽ. എന്നു വച്ചാൽ ആ 'പറമ്പു്' മുഴുവൻ ''പള്ളിക്കാ'' ണെന്നർത്ഥം. വയലും പറമ്പും കൂടിച്ചേർന്നു്, സർവ്വവിഭവങ്ങളും വിളയുന്ന പുണ്യഭൂമിയായി, ലോകകത്തോലിക്കാ ഭൂപടത്തിൽ, നമ്മുടെ പാലാ എന്നെന്നും അങ്കിതമാകുവാൻ ജഗദീശ്വരൻ കനിയുമാറാകട്ടെ.

പാലാ രൂപതയിലെ അവിസ്മരണീയരായ ചില അല്മായപ്രമുഖർ

ഷെവ. വി. സി. ജോർജ് B. A., L. T.

തൻകാര്യം മാത്രം ശ്രദ്ധിച്ച് തികച്ചും ലോകായതികന്മാരായി ജീവിക്കുന്നവർ ചില രംഗങ്ങളിൽ അല്പകാലം ശോഭിക്കാറുണ്ടെങ്കിലും അവരുടെ പേരും പെരുമയും ഒരിക്കലും ദീർഘനാൾ നിലനില്ക്കയില്ലെന്നതു നിസ്തർക്കമായ ഒരു വസ്തുതയത്രെ. എന്നാൽ മഹോന്നതങ്ങളായ ലക്ഷ്യങ്ങളാൽ പ്രചോദിതരായി മാനവസമുദായത്തിന്റെ അഭ്യന്നതിക്കുവേണ്ടി അദ്ധ്വാനിക്കുകയും ജീവാപ്പണം ചെയ്കയും ചെയ്തവർ അനശ്വരയശസ്സികളായിത്തീരുന്നു. അവർ ചരിത്രം സൃഷ്ടിക്കുകയും ചരിത്രത്തിന്റെ ഭാഗങ്ങളായി എക്കാലവും പ്രശോഭിക്കുകയും ചെയ്യും. പാലാ രൂപതയുടെ രജതജൂബിലിയാഘോഷിക്കുന്ന ഈ ശുഭാവസരത്തിൽ ഈ രൂപതാംഗങ്ങളായി ജീവിച്ച് ത്യാഗപൂർണ്ണമായ സേവനംവഴി യശഃശരീരരായിത്തീർന്ന ചില മഹാന്മാരെക്കുറിച്ചു അനുസ്മരിക്കുന്നതു തികച്ചും ഉചിതമായിരിക്കുമെന്നു തോന്നുന്നു.

ഷെവ. റവ. ജെ. മാത്യു തെള്ളി

പ്രമുഖ അഭിഭാഷകൻ, നിയമജ്ഞൻ, സമുദായസ്നേഹി എന്നീ നിലകളിൽ കേരളക്രൈസ്തവരുടെ കണ്ണിലുണ്ണിയായിരുന്ന ഷെവ. റവ. ജെ. മാത്യു തെള്ളിയാണ് ഈ മഹാന്മാരുടെ പട്ടികയിൽ ആദ്യമായി എന്റെ ഓർമ്മയിൽ വരുന്നതു്. പൂഞ്ഞാറിലെ പ്രശസ്തമായ തെള്ളിയിൽ കുടുംബത്തിൽ 1883 ഓഗസ്റ്റ് 5-ാംനു- ജനിച്ച മാത്യു മാന്നാനത്തു ഹൈസ്കൂൾ വിദ്യാഭ്യാസം നടത്തുന്ന കാലം മുതലേ ഏവർക്കും പ്രിയംകരനായിരുന്നു. ബി. എ. യും ബി. എൽ. ഉം പാസ്സായി കോട്ടയത്താണു അദ്ദേഹം ആദ്യമായി അഭിഭാഷകവൃത്തിയാരംഭിച്ചതു്.

നിയമത്തിന്റെ തലനാരിഴകീറി വ്യാഖ്യാനിക്കുകയും വാദിക്കുകയും മാത്രമല്ലാ കേസുകളിൽ ജയിക്കുകയും ചെയ്യുന്ന ഒരഭിഭാഷകനായി മാത്യു എളുപ്പം വളർന്നു. ഒപ്പം, സമുദായത്തിന്റെ നെടുംതൂണുകളിലൊന്നായും അദ്ദേഹം ഉയർന്നു. കേരളത്തിലെ സുറിയാനിക്കാർക്കു് സ്വന്തം റീത്തിൽ സ്വദേശീയനായ വൈദികമേലദ്ധ്യക്ഷനെ ലഭിക്കുന്നതിനു പരിശ്രമിച്ച സിംഹാസനത്തിലും ഭരണാദ്ധ്യക്ഷനായ മാർ കുര്യാളശ്ശേരിയുടെ പക്കലും ദീർഘകാലം നിവേദനങ്ങൾ സമർപ്പിച്ചു ലക്ഷ്യപ്രാപ്തിക്കു വഴിയൊരുക്കിയ തെള്ളിയിൽ ബ. യാക്കോബച്ചന്റെ സഹോദരപുത്രനെന്ന സ്ഥാനം മാത്യുവിന്റെ പദവിയും മാന്യതയും വർദ്ധിപ്പിച്ചതേയുള്ളൂ.

സുപ്രസിദ്ധമായ യാക്കോബായ സമുദായക്കേസിൽ കാതോലിക്കാഭാഗം വാദിക്കാൻ നിയോഗിക്കപ്പെട്ടതു മാത്യുവല്ലാതെ മറ്റാരുമായിരുന്നില്ല, അദ്ദേഹത്തിന്റെ അഭിഭാഷകജീവിതത്തിലെ ഒരു പ്രധാന സംഭവമായിരുന്ന പ്രസ്തുത കേസ്.

സമുദായത്തിന്റെ ശോഭനമായ ഭാവിക്കുവേണ്ടി നിസ്തന്ദ്രം യത്നിച്ചിരുന്ന ശ്രീ. മാത്യുവിന്റെ സേവനങ്ങളെ മാപ്പാപ്പാ തിരുമേനി അംഗീകരിക്കുകയും അദ്ദേഹത്തെ ഷെവലിയർ സ്ഥാനം നല്കി അനുഗ്രഹിക്കുകയും ചെയ്തു, കത്തോലിക്കാ കോൺഗ്രസിന്റെ പ്രസിഡണ്ടായി അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. മാത്യു അദ്ധ്യക്ഷനായിരുന്ന കാലം കോൺഗ്രസിന്റെ സുവർണ്ണകാലമായിരുന്നു. അക്കാലത്താണ് കുര്യാറാറി മെത്രാപ്പോലീത്തായുടെ ഭൗതികാവശിഷ്ടങ്ങൾ ഗോവയിൽനിന്നു കേരളത്തിൽ കൊണ്ടുവന്നു പുനഃസംസ്കരിക്കാനുള്ള ശ്രമം നടന്നതു്. കൊട്ടങ്ങല്ലൂർ അതിരൂപതയുടെ പ്രഥമ ഏതദ്ദേശീയ മെത്രാപ്പോലീത്താ ആയിട്ടായിരുന്നല്ലൊ മാർ കുര്യാറാറി അഭിഷിക്തനായതു്. യൂറോപ്പിൽ നിന്നു മടങ്ങിവരവേ ഗോവയിൽവച്ച് അന്തരിച്ച അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടങ്ങൾ കേരളത്തിൽ കൊണ്ടുവരിക എന്നതു് സമുദായാംഗങ്ങളുടെ ഒരു ചിരകാലസ്വപ്നമായിരുന്നു.

പ്രസിദ്ധനായ ഒരു വാഗ്മിയും സാഹിത്യ പ്രണയിയും ഗണനീയനായ ഒരു പരോപകാരിയുമായിരുന്ന ശ്രീ മാത്യു. 1966 ജനുവരി 7-ാംനു- അദ്ദേഹം അന്തരിച്ചപ്പോഴും സമുദായത്തിന്റെ നെടുംതൂണുകളിലൊന്നു നിലംപതിച്ച പ്രതീതിയായിരുന്നു. എന്തെന്നാൽ കേരളക്രൈസ്തവരുടെ ഏതു പ്രശ്നവും സ്വന്തം പ്രശ്നമാക്കുകയും അതിനുവേണ്ടി പടപൊരുതുകയും വിജയിക്കുകയും ചെയ്ത ഒരു മഹാനായിരുന്ന ശ്രീ. റവ. ജെ. മാത്യു; അല്ലെങ്കിൽ തെള്ളിയിൽ മാത്തച്ചൻ.

ഡോ. പി. ജെ. തോമസ്

കേരളത്തിന്റെ പ്രശസ്തി ഭാരതത്തിലും വിദേശങ്ങളിലുമെത്തിച്ച പ്രഗത്ഭമതികളിലൊരാളായിരുന്ന ഡോ. പി. ജെ. തോമസ്. ധനതത്ത്വശാസ്ത്രത്തിൽ ഒരു 'അഥോറിറ്റി'യായി പരിഗണിക്കപ്പെട്ടിരുന്ന ശ്രീ. തോമസ് ഇന്ത്യാ ഗവണ്മെൻറിന്റെ സാമ്പത്തികകാര്യോപദേഷ്ടാവായും ദീർഘനാളം പ്രവർത്തിച്ചിട്ടുണ്ട്.

ആദ്യനൂറ്റാണ്ടുകളിൽ പാലയൂർനിന്നു കുറവിലങ്ങാട്ട് കാളികാവിൽ അധിവാസമുറപ്പിച്ച നാലു ഇല്ലങ്ങളിൽ ഒന്നായ പകലോമറ്റം കുടുംബത്തിൽപ്പെട്ട ജോസഫിന്റെയും ഏലിയാമ്മയുടേയും പുത്രനായി 1893 ഫെബ്രുവരി 25-ാംനു- ഭ്രജാതനായ ശ്രീ. തോമസ് മാന്നാനത്തും തൃശ്ശിനാപ്പള്ളിയിലുമായി വിദ്യാഭ്യാസംചെയ്തു. മദ്രാസ് പ്രസിഡൻസിയിൽ നിന്നു ഒന്നാംക്ലാസിലൊന്നാമനായി ബി. എ. പാസ്സായി. സർവ്വകലാശാലയുടെ പാരിതോഷികങ്ങളും കോളെജിൽനിന്നു റിപ്പൺ മെഡലും നേടിയ അദ്ദേഹം അല്പകാലത്തെ അദ്ധ്യാപകവൃത്തിക്കുശേഷം ഇംഗ്ലണ്ടിൽ പോയി ഓക്സ്ഫോർഡിലെ ബാലിയൻ കോളെജിൽ പഠിക്കുകയും ബി. ലിറ്റ്; പി. എച്ച്ഡി. ബിരുദങ്ങളും നേടുകയും ചെയ്തു.

ഇംഗ്ലണ്ടിൽ നിന്നു മടങ്ങിയെത്തിയ തോമസ് ആദ്യം സിലോൺ യൂണിവേഴ്സിറ്റി കോളെജിലും പിന്നീട് മദ്രാസ് യൂണിവേഴ്സിറ്റി കോളെജിലും പ്രൊഫസറായി സേവനമനുഷ്ഠിച്ചു. മദ്രാസ് നിയമസഭയിലും ഏതാണ്ടു് ഒൻപതുവർഷം അദ്ദേഹം അംഗമായിരുന്നിട്ടുണ്ട്. മദ്രാസ് ഗവണ്മെൻറും ഇന്ത്യാ ഗവൺമെൻറും അദ്ദേഹത്തെ പല സാമ്പത്തിക കാര്യകമ്മറ്റികളിലും ഉൾപ്പെടുത്തുകയും സേവനങ്ങൾ പ്രയോജനപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഐക്യരാഷ്ട്രസഭയുടെ സാൻഫ്രാൻസിസ്കോ സമ്മേളനത്തിൽ ശ്രീ. തോമസ് ഇന്ത്യയുടെ പ്രതിനിധിയായിരുന്നു.

കർഷകരുടെയും സാമ്പത്തികശേഷി കുറഞ്ഞ ഗ്രാമീണരുടെയും അഭിവൃദ്ധിയിൽ തൽപരനായിരുന്ന തോമസ് 'ഇന്ത്യൻ ഗ്രാമങ്ങൾ, ഒരു പുനഃസർവ്വേ, ഗ്രാമീണരുടെ കടബാധ്യത' മുതലായ ചില ഗ്രന്ഥങ്ങളും സഭയേയും സാഹിത്യത്തേയും സംബന്ധിക്കുന്ന ഗിരിപ്രഭാഷണം, സുറിയാനി ക്രിസ്ത്യാനികളുടെ കല്ല്യാണപ്പാട്ടുകൾ, കേരളത്തിലെ ക്രിസ്തീയസാഹിത്യം, അല്ഫോൻസുപാതിരി, മലയാളസാഹിത്യവും ക്രിസ്ത്യാനികളും തുടങ്ങിയ പുസ്തകങ്ങളും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. എങ്കിലും അദ്ദേഹത്തിന്റെ പ്രധാന പ്രവർത്തനമണ്ഡലങ്ങൾ ചരിത്രവും ധനതത്ത്വശാസ്ത്രവുമായിരുന്നു. മദ്രാസ് സർവ്വകലാശാലാ ജേർണലിന്റെ എഡിറ്ററായും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. റോയൽ ഏഷ്യാറ്റിക് സൊസൈറ്റി ജേർണൽ, ''ഇന്ത്യൻ ആൻറിക്വറി'' മുതലായ വിശ്രുത പ്രസിദ്ധീകരണങ്ങളിലും മറ്റ് ആനുകാലിക പ്രസിദ്ധീകരണങ്ങളിലും അദ്ദേഹമെഴുതിയ ലേഖനങ്ങൾ അനവധിയാണു്.

1950-ൽ പാലാ സെൻറ് തോമസ് കോളെജാരംഭിച്ചപ്പോൾ പ്രതിഫലമൊന്നും സ്വീകരിക്കാതെ അതിന്റെ പ്രഥമ പ്രിൻസിപ്പലായി നിസ്വാർത്ഥസേവനമനുഷ്ഠിച്ച വ്യക്തിയാണദ്ദേഹം. ഇക്കാലത്താണു് മാർപ്പാപ്പായിൽനിന്നു് വി. ഗ്രിഗറിയുടെ മാടമ്പിസ്ഥാനം ഡോ. തോമസിനു് ലഭിച്ചതു്. പകലോമറ്റം കുടുംബം വകയായി തനിക്കു കിട്ടിയ പിതൃസ്വത്തു് കുറവിലങ്ങാട്ട പള്ളിക്കു് ദാനം ചെയ്തതും ആലുവായിൽ സ്വവസതിക്കു സമീപം കുറച്ചു സ്ഥലം ഒരു ദേവാലയം പണിയാൻ പ്രതിഫലം കൂടാതെ നല്കിയതും അദ്ദേഹത്തിന്റെ ഔദാര്യത്തിന്റെ ചില ഉദാഹരണങ്ങൾ മാത്രമാണു്.

1965 ജൂലൈ 26-നു് അദ്ദേഹം അന്തരിച്ചു. ശവസംസ്കാരശുശ്രൂഷയിൽ സംബന്ധിക്കവെ, മാർ സെബാസ്റ്റ്യൻ വയലിൽ തിരുമേനി പറഞ്ഞു: രാഷ്ട്രീയവും സാമൂഹികവും വിദ്യാഭ്യാസപരവുമായ മേഖലകളിൽ വിസ്മയകരമായ സേവനങ്ങൾ നല്കിയ ഡോ. പി. ജെ. തോമസ് എന്നും സഭയോടും വിശ്വാസത്തോടും ഭക്തിപൂർവ്വം കൂറുപുലർത്തിയിരുന്നു. അദ്ദേഹം നൂറുശതമാനവും ഒരു ക്രിസ്ത്യാനിയായിരുന്നു.'

ആർ. വി. തോമസ്

തിരുവിതാംകൂറിന്റെ രാഷ്ട്രീയചരിത്രത്തിൽ സമുജ്ജ്വല വ്യക്തിത്വത്തോടെ പ്രശോഭിച്ച, ഇന്നും കേരളീയർ ബഹുമാനാദരങ്ങളോടെ അനുസ്മരിക്കുന്ന, ചുരുക്കം ചില വ്യക്തികളിലൊരാളാണു് മി

മീനച്ചിലിന്റെ വീരപുത്രനായ ശ്രീ. ആർ. വി. തോമസ്. തിരുവിതാംകൂർ നിയമസഭയുടെ സ്പീക്കർ പദം വരെ ഉയർന്ന ശ്രീ. ആർ. വി. കറകളഞ്ഞ വ്യക്തിവിലാസംകൊണ്ടും ആദർശശുദ്ധികൊണ്ടും നിസ്വാർത്ഥമായ രാഷ്ട്രീയസേവനംകൊണ്ടും ഇന്നും സർവ്വസമാദൃതനാണ്.

കേരളത്തിലും വിദേശങ്ങളിലും ദീർഘനാൾ പൊതുരംഗങ്ങളിൽ സേവനം നടത്തിയ ഡോ. ആർ.റ്റി. തോമസിന്റെ ഭ്രാതൃീയനായ ശ്രീ. ആർ. വി. തോമസ് രാമപുരം തറവാട്ടിൽ വക്കീയുടേയും മറിയത്തിന്റെയും സീമന്തപുത്രനായി 1899-ൽ ജനിച്ചു. പാലാ സെന്റ് തോമസ്, മാന്നാനം സെന്റ് ഇഫ്രേംസ് സ്കൂളുകളിലും തൃശ്ശിനാപള്ളി സെന്റ് ജോസഫ്സ് കോളെജിലും പഠിച്ച് ബി. എ. പാസ്സായി. പാലാ സെന്റ് തോമസ് സ്കൂളിൽ ഒരു വർഷത്തെ അദ്ധ്യാപകവൃത്തിക്കുശേഷം തിരുവനന്തപുരം ലോ കോളെജിൽനിന്ന് അദ്ദേഹം നിയമബിരുദം നേടുകയും പാലായിലെത്തി അഭിഭാഷകനായി പ്രവർത്തനമാരംഭിക്കുകയും ചെയ്തു.

ഗാന്ധിജിയുടെ നേതൃത്വത്തിലാരംഭിച്ച സ്വാതന്ത്ര്യസമരത്തിന്റെ കാലമായിരുന്നു. സ്വാഭാവികമായും രാഷ്ട്രീയം ശ്രീ. തോമസിനെ മാടിവിളിച്ചു. അദ്ദേഹം അഭിഭാഷകവൃത്തിയുപേക്ഷിച്ച് രാഷ്ട്രീയത്തിലേയ്ക്ക് എടുത്തുചാടി. 1934-ൽ അദ്ദേഹം തിരുവിതാംകൂർ നിയമസഭയിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടു. ചരിത്രപ്രസിദ്ധമായ നിവർത്തനപ്രസ്ഥാനം രൂപമെടുത്തകാലത്ത്, പാലാ നഗരം ആ പ്രസ്ഥാനത്തിന്റെ ഒരു സമുന്നതകേന്ദ്രമായിരുന്നു. നിവർത്തനപ്രസ്ഥാനത്തിലൂടെ ഒരു മുന്നണിപ്പോരാളിയായി ഉയർന്നുവന്ന ശ്രീ. തോമസ് അചിരേണ തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസിന്റെ സ്ഥാപനവുമായി ബന്ധപ്പെടുകയും അതിന്റെ സ്ഥാപക നേതാക്കന്മാരിലൊരാളായിത്തീരുകയും ചെയ്തു. മീനച്ചിൽ കോൺഗ്രസ് കമ്മറ്റിയുടെ പ്രസിഡണ്ടായിത്തീർന്ന ശ്രീ. തോമസ് സ്വാതന്ത്ര്യസമരം നയിച്ചു. ശ്രീ. പി. റ്റി. ചാക്കോ, കെ. എം. ചാണ്ടി എന്നിവരൊക്കെ അന്ന് ആ കമ്മറ്റിയുടെ സെക്രട്ടറിമാരായിരുന്നു.

ധീരമായ രാഷ്ട്രീയപ്രവർത്തനത്തിന്റെ ഫലമായി ഒന്നിലേറെ തവണ അദ്ദേഹം അറസ്റ്റുചെയ്യപ്പെടുകയും ജയിൽവാസം അനുഭവിക്കുകയും ചെയ്യേണ്ടിവന്നു. കുരിശിനുശേഷം കിരീടമുണ്ടെന്നുള്ള പ്രസ്ഥാവനയ്ക്ക് ഉത്തമോദാഹരണമാണ് ആർ. വി. സ്വാതന്ത്ര്യലബ്ധിക്കുശേഷം നടന്ന ആദ്യത്തെ ഇലക്ഷനിൽ മീനച്ചിലിൽ നിന്ന് അദ്ദേഹം എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടു. പട്ടംതാണുപിള്ളയുടെ പ്രഥമ മന്ത്രിസഭ രാജിവച്ചതിനു ശേഷം റ്റി. കെ. നാരായണപിള്ള രൂപവത്കരിച്ച് ക്യാബിനറ്റിൽ ശ്രീ. എ. ജെ. ജോണിനെത്തുടർന്ന് 1968-ൽ ശ്രീ. തോമസ് സ്പീക്കറായി നിയമിതനായി. പിന്നീട് അദ്ദേഹം ഇന്ത്യൻ ഭരണഘടനാ നിർമ്മാണസഭയിലും ഒടുവിൽ തിരുക്കൊച്ചി പബ്ലിക്ക് സർവ്വീസ് കമ്മീഷനിലും അംഗമായി.

പാലാ നഗരസഭയുടെ ആദ്യത്തെ അദ്ധ്യക്ഷൻ ശ്രീ. ആർ. വി. തോമസായിരുന്നു.

കേരളകത്തോലിക്കാ സമുദായത്തിന്റെ രാഷ്ട്രീയ പുരോഗതിയും ഭാവിയും ഇന്ത്യൻ നാഷനൽ കോൺഗ്രസുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന് വിശ്വസിക്കുകയും അതിനായി ആവും‌വിധം സേവനമനുഷ്ഠിക്കുകയും ചെയ്ത ശ്രീ. തോമസ് രാഷ്ട്രീയം ജനസേവനത്തിനാണെന്നു വിശ്വസിച്ച ചുരുക്കംചില നേതാക്കന്മാരിലൊരാളാണ്. ''എല്ലാം വിറ്റു ദരിദ്രർക്കു നല്കി'' എന്നു പറയുംപോലെ തന്റേതെല്ലാം രാഷ്ട്രീയത്തിനായി സമർപ്പിച്ച കർമ്മയോഗിയായിരുന്നു അദ്ദേഹം.


1955 ജനുവരിയിൽ അദ്ദേഹം അന്തരിച്ചപ്പോൾ ആർക്കും ഒരു കളങ്കവും കാണാൻ കഴിയാത്ത, ആദർശനിഷ്ഠനായ, നിസ്വാർത്ഥനായ ഒരു നേതാവ് നമുക്കു നഷ്ടപ്പെടുകയായിരുന്നു.

ഏ. ഒ. ജോസഫ്


കേരളത്തിലെ പ്രസിദ്ധ വിദ്യാഭ്യാസ പ്രവർത്തകരിലും സമുദായനേതാക്കന്മാരിലും സമുന്നതമായ ഒരു സ്ഥാനം കരസ്ഥമാക്കിയ കർമ്മകുശലനായ ഒരു വ്യക്തിയാണ് ശ്രീ. ഏ. ഒ. ജോസഫ്, പാലാ സെന്റ് തോമസ് ഹൈസ്കൂളിലും പിന്നീട് സെന്റ് തോമസ് കോളെജിലും ദീർഘനാൾ അദ്ധ്യാപകനായിരുന്നു. ഒടുവിൽ സെന്റ് തോമസ് ട്രെയിനിംഗ് കോളേജിന്റെ പ്രിൻസിപ്പലായി ഉയർന്ന് അനേകായിരം അദ്ധ്യാപകവിദ്യർക്കു രൂപം നല്കിയ ഒരു ഗുരുത്തമനാണ് ശ്രീ. എ. ഒ. ജോസഫ്. അഭിവന്ദ്യ വയലിൽ പിതാവിന്റേയും അദ്ധ്യാപകനായിരുന്ന അദ്ദേഹം.

ഏറ്റുകോന്നിപുത്തൻപുര കുടുംബത്തിന്റെ ഒരു ശാഖയായ അഞ്ചേരിൽ വീട്ടിൽ ശ്രീ ഔസേപ്പിന്റെ പുത്രനായി 1898-ൽ ജനിച്ച ജോസഫ് പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം തൃശ്ശിനാപ്പള്ളി സെന്റ് ജോസഫ്സ് കോളേജിൽനിന്ന് ബി. എ. യും എം. എ. യും പാസ്സായി. തുടർന്ന് തിരു


Some Distinguished Laymen of the Diocese



The Late Sri. K. C. Sebastian
Teacher of Jubilarian




The Late Sri. A. O. Joseph
Teacher of Jubilarian



The Late
Sri. Mathew M. Kuzhively
General Editor "വിജ്ഞാനം"
Encyclopaedia



The Late Sri. John Nidhiry, Kuravilangad



The Late Sri. K. C. Chandy
President
All Kearla Catholic Congress

Laymen (Contd)



The Late Mr. R. V. Thomas, speaker State Legislative, Member of Indian Constituent Assembly




The Late Mr. A. C. Kuriakose
Member,State Legislative Council




The Late Dr. Chev. P. J. Thomas
M. P., Kuravilangad
Economic Advisor to Govt. of India - First Principel
St. Thomas College, Palai



Mahakavi
Kattakayathil Cherian Mappilai
author of "ശ്രീയേശുവിജയം"



The Late Sri D. Kuruvilla
Manayani



The Late Justice Mathew
Murickan, Muttuchira



The Late Mr. George Thomas
Kottukappillil
Member of Parliament

വനന്തപുരം ട്രെയിനിംഗ് കോളേജിൽനിന്നു് എൽ. റ്റി. യും. പാലാ സെൻറ് തോമസ് സ്കൂളാണദ്ദേഹം തന്റെ ആദ്യപ്രവർത്തനമണ്ഡലമായി തിരഞ്ഞെടുത്തതു്. അദ്ധ്യാപകനായിരിക്കെത്തന്നെ സമുദായത്തിന്റെ വിവിധ കർമ്മരംഗങ്ങളിൽ നിസ്തുലമായ സേവനമുദ്രകൾ അദ്ദേഹം അർപ്പിക്കുകയുണ്ടായി. പാലായെ സംബന്ധിച്ചിടത്തോളം സഹകരണപ്രസ്ഥാനത്തിന്റെ പ്രമുഖ പുരസ്ക്കർത്താക്കളിൽ ഒരാളായിരുന്ന എ. ഒ. സാർ. മീനച്ചിൽ സഹകരണ ബാങ്കിന്റെ സ്ഥാപകരിലൊരാളും അദ്ദേഹമായിരുന്നു.

സെൻറ് തോമസ് കോളേജിന്റെ സ്ഥാപനം സംബന്ധിച്ച കമ്മറ്റിയിൽ സജീവമായി പ്രവർത്തിച്ച ശ്രീ. എ. ഒ. ജോസഫ്, കോളജാരംഭിച്ചപ്പോൾ അവിടെ അദ്ധ്യാപകവൃത്തി സ്വീകരിച്ചു. ട്രെയിനിംഗ് കോളേജിന്റെ പ്രിൻസിപ്പലാകുംവരെ അദ്ദേഹം അവിടെ ചരിത്രവിഭാഗം പ്രൊഫസറായിരുന്നു.

കത്തോലിക്കാ കോൺഗ്രസിന്റെ ഒരു പ്രമുഖ പ്രവർത്തകനെന്ന നിലയിൽ സുവിദിതനായ ജോസഫ് വിൻസെൻറ് ഡി പോൾ തുടങ്ങിയ സംഘടനകളുടെ ശക്തനായ ഒരു വക്താവുകൂടിയായിരുന്നു. കോൺഗ്രസിന്റെ വാർഷികയോഗങ്ങളിൽ അദ്ദേഹം അവതരിപ്പിച്ചിട്ടുള്ള പ്രമേയങ്ങളും ചെയ്തിട്ടുള്ള പ്രസംഗങ്ങളും സമുദായോന്നമനത്തിൽ എത്ര ദീർഘദൃഷ്ടിയുള്ളയാളായിരുന്നു അദ്ദേഹമെന്നു് വ്യക്തമാകുന്നു. ക്രൈസ്തവജീവിതത്തിന്റെ അവിഭാജ്യ ഘടകങ്ങളായ ദേവാലയങ്ങൾക്കെതിരെ അനാവശ്യ നിയമങ്ങൾ കൊണ്ടുവരുന്നതിനെതിരെ ധീരമായ മുന്നറിയിപ്പു നല്കിക്കൊണ്ടു് 1959–ൽ പാലായിൽ ശ്രീ. ''ഏ. സി. കര്യാക്കോസ് നഗറിൽ'' ചേർന്ന കത്തോലിക്കാ കോൺ. വാർഷികത്തിൽ ശ്രീ. എ. ഒ. ജോസഫ് ചെയ്ത പ്രസംഗം അദ്ദേഹത്തിന്റെ സമുദായസ്നേഹവും മതതീഷ്ണതയും പ്രസ്പഷ്ടമാക്കുന്നു.

ഓരോ ഇടവകയിലും ഉത്തമഗ്രന്ഥശാലകൾ ഉണ്ടായിരിക്കണമെന്നു് ആഗ്രഹിക്കുകയും അതിനുവേണ്ടി ആദർശസുരഭിലമായ ഗ്രന്ഥങ്ങളുടെ ഒരു പട്ടിക തയ്യാറാക്കി കോൺ. വർക്കിംഗ് കമ്മറ്റിക്കു് സമർപ്പിക്കാൻ നിയുക്തമായ സമിതിയിൽ സജീവമായി പ്രവർത്തിക്കുകയും ചെയ്തതു് ശ്രീ. ജോസഫ് അല്ലാതെ മറ്റാരുമായിരുന്നില്ല.

ട്രെയിനിംഗ് കോളേജ് പ്രിൻസിപ്പലായിരിക്കെ 1961 ജൂലൈ 31-ാംനു- അദ്ദേഹം അന്തരിച്ചു. കേരളീയരുടെ സാദരസ്മരണയഹ്വിക്കുന്ന ഒരു വ്യക്തിയാണു് അദ്ദേഹത്തിന്റെ നിര്യാണംമൂലം നമുക്കു് നഷ്ടപ്പെട്ടതു്.

കെ. സി. സെബാസ്റ്റ്യൻ

ഏതാണ്ടു് അരനൂറ്റാണ്ടുകാലം, ഒരു പുരുഷായുസിന്റെ നല്ലൊരു ഭാഗം, പാവനമായ അദ്ധ്യാപകവൃത്തിയിൽ അർപ്പണബോധത്തോടെ വിരാജിക്കുകയും മത–രാഷ്ട്രീയ – സാമൂഹികമണ്ഡലങ്ങളിൽ ഇന്നും പ്രശോഭിക്കുന്ന അനേകം പ്രഗത്ഭമതികളുടെ സമാദരണീയനായ ഗുരുഭ്രുതനായി അറിയപ്പെടുകയും ചെയ്യുന്ന ശ്രീ. കെ. സി. സെബാസ്റ്റ്യനെ വിട്ടിട്ടു് മീനച്ചൽ താലൂക്കിനു ഒരു വിദ്യാഭ്യാസചരിത്രമില്ലതന്നെ. അഭിവന്ദ്യ വയലിൽ പിതാവും സതീർത്ഥ്യനായ കാവുകാട്ടു് മാർ മത്തായി മെത്രാപ്പോലീത്തായും സെബാസ്റ്റ്യൻ സാറിന്റെ ശിഷ്യഗണങ്ങളിൽപ്പെടുന്നു.

മദ്ധ്യതിരുവിതാംകൂറിലെ പ്രശസ്തരായ ക്രിസ്റ്റ്യൻ അദ്ധ്യാപകരുടെ മുന്നണിയിൽ നില്ക്കുന്ന സെബാസ്റ്റ്യൻ സാർ 1898 ഡിസംബർ 19-ാംനു- ജനിച്ചു. തുരുത്തിനാപ്പള്ളി കോളേജിൽനിന്നു് ബി. എ. യും തിരുവനന്തപുരം ട്രെയിനിംഗ് കോളേജിൽനിന്നു് എൽ. റ്റി. യും പാസ്സായ അദ്ദേഹം തന്റെ മാതൃവിദ്യാലയത്തിൽത്തന്നെ അദ്ധ്യാപകനായി നിയമിക്കപ്പെട്ടു. 22–ാമത്തെ വയസ്സിൽ പുസ്തകവും ചോക്കും കൈയിലെടുത്ത അദ്ദേഹം എട്ടുകൊല്ലം കഴിഞ്ഞപ്പോൾ അവിടത്തെ പ്രഥമാദ്ധ്യാപകനായി. പിന്നെ 1959–ൽ റിട്ടയർ ചെയ്യുന്നിടം വരെയും, അതിനുശേഷം സെൻറ് തോമസ് ട്രെയിനിംഗ് കോളെജിലും ഒടുവിൽ സെൻറ് വിൻസെൻറ് ഇംഗ്ലീഷ് മീഡിയം സ്കൂളിലും ഏതാണ്ടു് അൻപതുകൊല്ലം അദ്ദേഹം അദ്ധ്യാപകനായിരുന്നു. കൃത്യനിഷ്ഠ, അച്ചടക്കം, ശിക്ഷണം എന്നിവയിൽ ശ്രദ്ധിച്ചിരുന്ന കെ. സി. സെബാസ്റ്റ്യൻ സാറാണു് സെൻറ് തോമസിനെ കേരളത്തിലെ പ്രശസ്ത കലാലയങ്ങളിലൊന്നാക്കി മാറ്റിയതു്.

അദ്ധ്യാപകർ സംഘടിക്കുന്നതു ഒരു അസാധാരണ സംഭവമായി കരുതുന്ന ഒരു കാലഘട്ടത്തിൽ അദ്ധ്യാപകസംഘടനയായ പി. എസ്. റ്റി. എ. (പ്രാരംഭത്തിൽ ഏ. റ്റി. എസ്. എ.) യുടെ രൂപവത്കരണത്തിൽ അദ്ദേഹം അത്യുത്സാഹത്തോടെ പ്രവർത്തിക്കുകയും അതിന്റെ പ്രഥമ പ്രസിഡണ്ടായിത്തീരുകയും ചെയ്തു. കത്തോലിക്കാ കോൺഗ്രസ്സിലും പാലാ മുനിസിപ്പാലിറ്റിയിലും അദ്ദേഹം തന്റെ സേവനമുദ്രകൾപ്പതിച്ചിട്ടുണ്ടു്. 1953 മുതൽ

56 വരെ പാലാ മുനിസിപ്പൽ ചെയർമാനായിരുന്ന ശ്രീ. കെ. സി. സെബാസ്റ്റ്യൻ. പക്ഷേ, അവയൊക്കെ അദ്ദേഹത്തിനു്, വിദ്യാഭ്യാസമണ്ഡലവുമായി തുലനം ചെയ്യുമ്പോൾ അപ്രധാനരംഗങ്ങൾ മാത്രമായിരുന്നു. പാലായുടെ വിദ്യാഭ്യാസപുരോഗതിയും സെബാസ്റ്റ്യൻസാറും അത്രകണ്ടു് അഭേദ്യബന്ധം പുലർത്തുന്നു. പാലാ സെൻറ് തോമസ് ഹൈസ്കൂളിന്റെ ഇതുവരെയുള്ള ചരിത്രം ശ്രീ. കെ. സി. സെബാസ്റ്റ്യൻസാറിന്റെ ചരിത്രം തന്നെയാണു്.

ജോർജ് തോമസ് കൊട്ടുകാപ്പിള്ളി

വിത്തംകൊണ്ടും വിജ്ഞാനംകൊണ്ടും മാത്രമല്ലാ, മഹാമനസ്കത, പരോപകാരതല്പരത മുതലായ സദ്ഗുണങ്ങൾകൊണ്ടുകൂടി പ്രശോഭിക്കുകയും പ്രവേശിച്ച രംഗങ്ങളിലെല്ലാം വിജയം വരിക്കുകയും ചെയ്ത ഒരു മഹാനാണു് ശ്രീ. ജോർജ് തോമസ് കൊട്ടുകാപ്പിള്ളി. കേരളത്തിന്റെ കാർഷിക-വ്യാവസായിക-ബാങ്കിംഗ് മേഖലകളിൽ മഹത്തായ സംഭാവനകൾ നല്കിയ ഒരു വ്യക്തിയെന്ന നിലയിലും കേരളത്തിന്റെ ശബ്ദം പാർലമെൻറിലും ഐക്യരാഷ്ട്രസഭയിലും മുഴക്കിയ ഒരു രാജ്യതന്ത്രജ്ഞനെന്ന നിലയിലും കൊട്ടുകാപ്പിള്ളി അനശ്വരമരണീയനാണു്. പാലാ സെൻട്രൽ ബാങ്ക് സ്ഥാപിക്കുന്നതിലും ഒരു വ്യാഴവട്ടത്തിനു മുൻപു് പ്രസ്തുത ബാങ്കിനെ ഇന്ത്യയിലെ ഏറ്റവും പ്രമുഖ ബാങ്കുകളിലൊന്നായി വളർത്തുന്നതിലും ശ്രീ. കൊട്ടുകാപ്പിള്ളി വഹിച്ച പങ്കു് നിസ്തുലമത്രേ.

തോമ്മാശ്ലീഹായിൽനിന്നു് ക്രിസ്തുമതം സ്വീകരിച്ച വടക്കൻ പറവൂരെ 'കോട്ടക്കാവുപള്ളി' ബ്രാഹ്മണകുടുംബങ്ങളിലൊന്നു് അഞ്ചു നൂറ്റാണ്ടു മുമ്പു് പാലായിലെത്തി അധിവാസമുറപ്പിച്ചിരുന്നു. 'കോട്ടക്കാവുപള്ളി'യാണത്രേ കൊട്ടുകാപ്പള്ളിയായിത്തീർന്നതു്. ഈ പ്രശസ്തമായ കുടുംബത്തിലാണു് ജോർജ് തോമസ് ജനിച്ചതു്. കൊട്ടുകാപ്പള്ളി കുഞ്ഞുവർക്കിയുടെയും ഏലിയാമ്മയുടേയും പുത്രനായി 1901 നവംബർ 29-നു് ഭ്രജാതനായ ജോർജ് തോമസ് പാലായിലും മാന്നാനത്തുമായി പ്രാരംഭവിദ്യാഭ്യാസം ചെയ്തു. പക്ഷേ ഹൈസ്കൂൾ വിദ്യാഭ്യാസം കൽക്കട്ടായിലാണദ്ദേഹം പൂർത്തിയാക്കിയതു്. കുടുംബമിത്രമായ ശ്രീ. ആർ. വി. തോമസായിരുന്നു അതിന്റെ പ്രേരകശക്തി.

ജേഷ്ഠൻ ജോസഫുമൊത്തു് തോമസ് പിന്നീടു് കുടുംബകാര്യങ്ങളിലും ക്രമേണ രാഷ്ട്രീയത്തിലും പ്രവർത്തിച്ചുതുടങ്ങി. ഇന്ത്യൻ നാഷനൽ കോൺഗ്രസിന്റെ ആദ്യകാലാംഗങ്ങളായിരുന്ന ഇവർ ഇരുവരും, ഉത്തരേന്ത്യൻ രാഷ്ട്രീയത്തിലെ മുഹമ്മദാലി, ഷൗക്കത്താലി എന്നീ മുസ്ലിം സഹോദരന്മാരെ അനുസ്മരിച്ചു് തിരുവിതാംകൂർ രാഷ്ട്രീയത്തിൽ കൊട്ടുകാപ്പള്ളി സഹോദരന്മാർ 'ആലിബ്രദേഴ്സ്' എന്നു് വിളിക്കപ്പെട്ടുകവരെ ചെയ്തിരുന്നു.

1953-ൽ മീനച്ചിൽനിന്നും 57-ൽ മൂവാറ്റുപുഴനിന്നും ശ്രീ. തോമസ് പാർലമെൻറിലേയ്ക്കു തിരഞ്ഞെടുക്കപ്പെട്ടു. 57-ൽ വി. കെ. കൃഷ്ണമേനോന്റെ നേതൃത്വത്തിൽ രൂപവത്കരിക്കപ്പെട്ട യു. എൻ. ഡലഗേഷനിൽ ശ്രീ. തോമസ് അംഗമായിരുന്നു. തുടർന്നു പലപ്പോഴും വിശുദ്ധസ്ഥലങ്ങളും ഉപ്പുടെയുള്ള വിദേശരാജ്യങ്ങളിൽ പര്യടനം നടത്താനും അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ടു്.

പാലാ നഗരത്തിന്റെ ജീവാത്മാവായിരുന്ന കൊട്ടുകാപ്പള്ളി. റബർ, തേയില വ്യവസായങ്ങളിൽ മുന്നോടിയായി രംഗത്തു വന്ന തോമസ്, കേരളത്തിന്റെ നാണ്യവിളകളുമായി, അവ ഉല്പാദിപ്പിക്കപ്പെടുന്ന എസ്റ്റേറ്റുകളുമായി, വളരെയേറെ ബന്ധപ്പെട്ടു കഴിഞ്ഞിട്ടുണ്ടു്. പൊതുസ്ഥാപനങ്ങൾക്കു രൂപം കൊടുക്കുന്നതിലും അവയെ ബഹുജനോപകാരപ്രദമായി വളർത്തുന്നതിലും അദ്ദേഹം ഉദാരമതിയായി രംഗത്തുവന്നു. ''തൊമ്മച്ചന്റെ സഹായഹസ്തം ലഭിക്കാത്ത ഏതെങ്കിലുമൊരു സ്ഥാപനം പാലായിലും പരിസരങ്ങളിലുമുണ്ടോ എന്നു സംശയിക്കണം. സെൻറ് തോമസ് കോളെജുതന്നെ ശ്രീ. തോമസ് സംഭാവന ചെയ്ത ഏഴേക്കർ സ്ഥലത്താണു് ആരംഭിച്ചതു്.

ശ്രീ. തോമസ് പണ്ഡിതനായിരുന്നു. സരസനായ ഒരു വാഗ്മിയായിരുന്നു, നല്ലൊരു ആതിഥേയനായിരുന്നു. അദ്ദേഹത്തിന്റെ അതിഥി സത്കാരപ്രിയം പ്രസിദ്ധമത്രേ. 'പാവപ്പെട്ടവരെ സഹായിക്കുന്നവൻ ദൈവത്തിനു് കടം കൊടുക്കുന്നു.' എന്ന മഹദ്വചനം ശ്രീ. ജോർജ് തോമസ് കൊട്ടുകാപ്പള്ളിയിൽ സാക്ഷാത്കരിക്കപ്പെട്ട എന്നു പറഞ്ഞാൽ അതു് സത്യം മാത്രമായിരിക്കും. നല്ല മാർഗ്ഗത്തിലൂടെ പണം സമ്പാദിക്കുകയും ആ സമ്പത്തു് മനുഷ്യനന്മയ്ക്കായി ചിലവഴിക്കുകയും ചെയ്ത ഒരു കുബേരനായിരുന്നു, വിശാലഹൃദയനായ ഒരു നല്ല മനുഷ്യനായിരുന്നു, കൊട്ടുകാപ്പള്ളി.

കെ. സി. ചാണ്ടി

സർ. സി. പി. യുടെ വിദ്യാലയദേശസാത്കരണസംരംഭങ്ങളെ നിയമസഭയ്ക്കു് അകത്തും പുറത്തും നിന്നു് ധീരധീരം എതിർക്കുകയും വിദ്യാഭ്യാസസ്വാതന്ത്ര്യത്തിനുവേണ്ടി അക്ഷീണം പടവെട്ടുകയും

ചെയ്ത ശ്രീ. കെ. സി. ചാണ്ടി പാലായുടെ ഒരു വീരപുത്രനാണ്. പ്രസിദ്ധമായ കോട്ടവാതിൽക്കൽ കുടുംബത്തിൽ ജനിച്ച് തൃശ്ശിനാപ്പള്ളി സെൻറ് ജോസഫ്സ്, തിരുവനന്തപുരം ലോ കോളെജ് എന്നീ വിടങ്ങളിൽ പഠിച്ച് പൊതുപ്രവർത്തനരംഗത്തുവന്ന ശ്രീ. ചാണ്ടി കാൽനൂറ്റാണ്ടുകാലം അഭിഭാഷകവൃത്തിയിൽ വിരാജിക്കുകയുണ്ടായി.

നിവർത്തനപ്രസ്ഥാനത്തിലൂടെ പൊതുവേദികളിൽ പ്രത്യക്ഷനായ ശ്രീ. ചാണ്ടി വേഗം ഒരു ഉജ്ജ്വലവാഗ്മിയായി അറിയപ്പെട്ടു. 1931—ൽ ആദ്യതവണ ലെജിസ്ലേറ്റീവ് കൗൺസിലിൽ അംഗമായിത്തീർന്നു. ഒന്നരവർഷത്തിനുശേഷം റാണി സേതു ലക്ഷ്മീഭായി റീജൻറായി ഭരണമേറ്റതോടെ, ഈ അസംബ്ലി പിരിച്ചുവിടപ്പെട്ടു. 1943—ൽ രണ്ടാം പ്രാവശ്യവും കൗൺസിലിൽ മി. ചാണ്ടി അംഗമായി. ഭരണപരിഷ്കാരം കാരണത്താൽ പ്രസ്തുത അസംബ്ലിയും കാലാവധി പൂർത്തിയാക്കാതെ പിരിച്ചുവിടുകയാണുണ്ടായത്. നിയമസഭയിൽ കർഷകരുടെ ശക്തനായ ഒരു വക്താവായിരുന്നു അദ്ദേഹം.

രാഷ്ട്രീയത്തിൽ മാത്രമല്ല, മത—സാമുദായികരംഗങ്ങളിലും അദ്ദേഹം നിസ്തുലസേവനങ്ങളനുഷ്ഠിച്ചിട്ടുണ്ട്. കത്തോലിക്കാ കോൺഗ്രസിൻെറ ഖജാൻജി, പ്രസിഡൻറ് എന്നീ നിലകളിലും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. ''സംഘടിക്കുന്നില്ലെങ്കിൽ നാം നശിക്കും'' എന്ന മനോഭാവക്കാരനായിരുന്നു അദ്ദേഹം. ചാണ്ടി പ്രസിഡണ്ടായിരിക്കെ, അന്നത്തെ പ്രധാനമന്ത്രിയായിരുന്ന പണ്ഡിറ്റ് നെഹ്രു കേരളത്തിലെ മെത്രാന്മാർ ഇടയലേഖനം വഴി രാഷ്ട്രീയത്തിലിടപെട്ടതായി ആരോപിച്ച് ചില പരാമർശനങ്ങൾ നടത്തുകയുണ്ടായി. അവയെ വിമർശിച്ചുകൊണ്ട് കത്തോലിക്കാ കോൺഗ്രസ് വക്കീം ഗ് കമ്മറ്റി പുറപ്പെടുവിച്ച ഒരു പ്രസ്താവനയുടെ സൂത്രധാരൻ ശ്രീ. ചാണ്ടിയായിരുന്നു. മുഖം നോക്കാതെ അഭിപ്രായം പറയുന്നതിലും സഭയുടേയും സമുദായത്തിൻെറയും പ്രശ്നങ്ങളെ രാഷ്ട്രീയത്തിനതീതമായി കാണുന്നതിലും അദ്ദേഹത്തിനുണ്ടായിരുന്ന ധൈര്യം എത്രമാത്രമെന്നു് വ്യക്തമാക്കുന്നുണ്ട് ഈ സംഭവം. രാഷ്ട്രീയം ഏതെല്ലാം ചാലുകളിലൂടെ വളർന്നാലും ഒരു കത്തോലിക്കനു് ഒരിക്കലും കമ്മ്യൂണിസ്റ്റായിരിക്കാൻ സാധ്യമല്ലാ എന്നു് പല പൊതുവേദികളിലും ചാണ്ടി അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചിട്ടുണ്ട്.

അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സ് പ്രസിഡൻറായിരിക്കവെ 1962 മാർച്ച് 1—ാം തീയതി അദ്ദേഹം അന്തരിച്ചു.

ശ്രീ. മാത്യു പി. മുരിക്കൻ

തിരുവിതാംകൂർ ഹൈക്കോടതി ജഡ്ജി, തിരുക്കൊച്ചി അഡ്വക്കേറ്റ് ജനറൽ, മുതലായ മഹോന്നത പദവികളെ ദീർഘനാൾ അലങ്കരിച്ച ശ്രീ. മാത്യു പി. മുരിക്കൻ അനേകതലമുറകളായി സഭയ്ക്കും സമുദായത്തിനും സേവനസന്നദ്ധരായ വൈദികരേയും അല്മായ പ്രമുഖരേയും സംഭാവനചെയ്തുവരുന്ന മുട്ടുചിറ മുരിക്കൻ കുടുംബത്തിലാണ് ജനിച്ചതു്—1895 നവമ്പർ മാസത്തിൽ. മാന്നാനം സെൻറ് ഇഫ്രേംസ്, പാലക്കാട് ഗവ. വിക്ടോറിയാ കോളേജ്, തിരുവനന്തപുരം ലോ കോളേജ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസംചെയ്തു. അഭിഭാഷകനായി പൊതുജീവിതമാരംഭിച്ച ശ്രീ. മാത്യു വേഗംതന്നെ ഒരു നിയമപണ്ഡിതൻ, ന്യായവാദവിദഗ്ദ്ധൻ എന്നീ നിലകളിൽ പ്രസിദ്ധനായി.

1949 മുതൽ തിരുവിതാംകൂർ—കൊച്ചി സംയുക്ത സംസ്ഥാനം രൂപീകൃതമാകുന്നതുവരെ അദ്ദേഹം തിരുവിതാംകൂർ ഹൈക്കോടതിയിൽ ഒരു ജഡ്ജിയായി സേവനമനുഷ്ഠിച്ചിരുന്നു. പിന്നീടു് അഡ്വക്കേറ്റ് ജനറലായും ഗവണ്മെൻറ് സ്പ്ലീസിൽനിന്നു പിരിഞ്ഞശേഷം എറണാകുളം ബാർ കൗൺസിൽ ചെയർമാൻ, ബാർ അസോസ്യേഷൻ പ്രസിഡൻറ് എന്നീ നിലകളിലും പരിലസിച്ചിട്ടുണ്ട്.

1928 മുതൽ കുറച്ചുനാൾ തിരുവിതാംകൂർ നിയമസഭാംഗമായും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്.

മതപരമായ പല പ്രവർത്തനങ്ങളിലും കിടയറ്റ നേതാവായിരുന്നു ശ്രീ. മുരിക്കൻ. കത്തോലിക്കാ കോൺഗ്രസിൻെറ സെക്രട്ടറിയായി ദീർഘനാൾ സേവനം അനുഷ്ഠിച്ച അദ്ദേഹം പരോപകാരിയായിരുന്നു; വിനീതനായിരുന്നു. ആഡംബരരഹിതമായ ഒരു ജീവിതമായിരുന്നു അദ്ദേഹത്തിൻേറതു്.

ദൈവദാസി സിസ്റ്റർ അൽഫോൻസായുടെ മാതൃസഹോദരീപുത്രനാണ് ശ്രീ. മുരിക്കൻ.

1970—ൽ അദ്ദേഹം ദിവംഗതനായി.

ജോൺ നിധിയിരി

നിധിയിരിക്കൽ മാണിക്കത്തനാരുടെ സഹോദരപുത്രനായി 1872 മാർച്ച് 7-ാംനു- ജനിച്ച ജോൺ നിധിയിരി നൂറുശതമാനവും ഒരു സമുദായസ്നേഹിയായിരുന്നു. ഗവണ്മെൻറുദ്യോഗങ്ങളും ജാതിയുടേയും മതത്തിൻേറയും പേരിലല്ല, വിദ്യാഭ്യാസയോഗ്യത, കാര്യക്ഷമത എന്നിവയുടെ അടിസ്ഥാനത്തിലായിരി

ക്കണമെന്നു വാദിക്കുകയും ഉദ്യോഗനിയമനത്തിൽ അന്നു നിലവിലുണ്ടായിരുന്ന വിവേചനത്തിനെതിരെ സമരം ചെയ്യുകയും ചെയ്ത മാന്യവ്യക്തിയാണു് അദ്ദേഹം.

വൈക്കം ഗവ. ഹൈസ്കൂൾ, കോട്ടയം സി.എം.എസ്. കോളജ് എന്നിവിടങ്ങളിലായിരുന്ന വിദ്യാഭ്യാസം. സി. എം. എസിലെ ആദ്യത്തെ കത്തോലിക്കാ വിദ്യാർത്ഥിയായിരുന്ന ജോണിനെ ''റോമാ ജോൺ'' എന്നായിരുന്നു വിളിച്ചുവന്നതു്. സി. എം. എസിൽനിന്നു് ഒന്നാംക്ലാസിൽ ഇൻറർ മീഡിയറും പാസ്സായി. തിരുവനന്തപുരം മഹാരാജാസ് കോളേജിൽനിന്നു് ബി. എ. യും, ലോ കോളേജിൽനിന്നു് ബി. എൽ.-ം പാസ്സായി. കുറച്ചുനാൾ സെക്രട്ടറിയേറ്റിൽ ജോലി സ്വീകരിച്ചശേഷം അദ്ദേഹം 1909–ൽ കോട്ടയത്തു പ്രാക്ടീസ് ആരംഭിച്ചു. ദീർഘകാലം കോട്ടയം അസോസേഷ്യൻ പ്രസിഡണ്ടായിരുന്ന ശ്രീ. ജോണിന്റെ ജൂണിയർ വക്കീലായിട്ടാണു് പില്ക്കാലത്തു് ഹൈക്കോടതി ജഡ്ജിയായിത്തീർന്ന ശ്രീമതി അന്ന ചാണ്ടി പ്രാക്ടീസ് തുടങ്ങിയതു്.

പൊതുരംഗങ്ങളിലും മത സാമൂഹികസംഘടനകളിലുംകൂടി പ്രവർത്തിക്കേണ്ടതു് ആവശ്യമാണെന്നു മനസ്സിലാക്കിയ ശ്രീ. ജോൺ, എം. സി. വൈ. എൽ. യുവജനസംഘടനയിലും കത്തോലിക്കാ കോൺഗ്രസിലും സജീവമായി സേവനമനുഷ്ഠിച്ചിട്ടുണ്ടു്. മി. നിധീരി കത്തോലിക്കാ കോൺഗ്രസ് പ്രസിഡണ്ടായിരുന്ന കാലത്തു് ഗവ. സർവ്വീസിലെ ജാതിവിവേചനത്തിനെതിരായി ഒരു മെമ്മോറാണ്ടം മഹാരാജാവിനു സമർപ്പിക്കുകയുണ്ടായി. ഇതിന്റെ ഫലമായിട്ടായിരിക്കണം അന്നത്തെ ദിവാനായിരുന്ന സുബ്രഹ്മണ്യയ്യരുടെ പിൻഗാമിയായി 1932–ൽ നീലഗിരി കളക്ടറായിരുന്ന മി. ഓസ്റ്റിനെ മഹാരാജാവു് നിയമിച്ചതു്. ''കത്തോലിക്കാ പൊളിറ്റിക്കൽ ലീഗി''ലും ശ്രീ ജോൺ പ്രവർത്തിച്ചിട്ടുണ്ടു്. അദ്ദേഹമായിരുന്നു അതിന്റെ പ്രഥമ പ്രസിഡണ്ടു്.

രണ്ടുതവണ നിയമസഭയിലേക്കു് എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ട ജോൺ ഒന്നിലേറെ നിയമസഭാ കമ്മിറ്റികളിലെ ഏക ക്രൈസ്തവാംഗമായി സേവനമനുഷ്ഠിച്ചിട്ടുണ്ടു്. കോട്ടയം പബ്ലിക്ക് ലൈബ്രറിയുടെ സ്ഥാപകനേതാക്കളിൽ ഒരാളായ അദ്ദേഹം മരണംവരെ അതിന്റെ മാനേജിംഗ് കമ്മിറ്റി അംഗമായിരുന്നു.

1934 മെയ് 23–ാംനു- അദ്ദേഹം അന്തരിച്ചു.

എ. സി. കുര്യാക്കോസ്


മലയാളഭാഷ പഠിക്കുകയും മാതൃഭാഷ ശരിക്കു കൈകാര്യം ചെയ്യുകയും ചെയ്ത, മലയാള സ്കൂളുകളുടെ അഭിവൃദ്ധിക്കുവേണ്ടി അത്യധികം പരിശ്രമിച്ച, ശ്രീ. എ. സി. കുര്യാക്കോസ് മീനച്ചിൽ താലൂക്കിനെ സംബന്ധിച്ചിടത്തോളം ഒരു ഭാഷാസ്നേഹിയായിരുന്നു; ഭാഷാപ്രചരണതൽപരനായിരുന്നു. പ്ലാശനാൽ 'അധികാരത്തി'ൽ കുടുംബത്തിൽ 1881–ൽ ജനിച്ച ശ്രീ. കുര്യാക്കോസ് മലയാളം ഹൈസ്കൂൾ പരീക്ഷ പാസ്സായശേഷം ഇടമറ്റം, മുത്തോലി, പ്രവിത്താനം, കോട്ടയം എം. റ്റി. സെമിനാരി എന്നീ സ്കൂളുകളിലും ഒടുവിൽ പാലാ സെൻറ് തോമസ് ഹൈസ്കൂളിലും ഭാഷാധ്യാപകനായി സേവനം അനുഷ്ഠിച്ചിട്ടുണ്ടു്. ജൂബിലേറിയനായ വയലിൽ പിതാവിനേയും ഗ്രന്ഥകർത്താവു് കുര്യാക്കോസ് സാർ.

മതസാമൂഹികരംഗങ്ങളിൽ വിലപ്പെട്ട സേവനങ്ങൾ ചെയ്തിട്ടുള്ള ഒരു വ്യക്തിയാണു് ശ്രീ. എ.സി. കുര്യാക്കോസ്. കത്തോലിക്കാ കോൺഗ്രസിലും അതിന്റെ മുന്നോടിയായിരുന്ന കത്തോലിക്കാ സുറിയാനി സാമൂഹ്യസമ്മേളനത്തിലും സുശക്ത പ്രവർത്തകനായിരുന്ന അദ്ദേഹം. എല്ലാ ഇടവകകളിലും കത്തോലിക്കാ ഗ്രന്ഥാലയങ്ങൾ വേണമെന്നാഗ്രഹിക്കുകയും ആ ഗ്രന്ഥശാലകൾക്കുവേണ്ടി നല്ല പുസ്തകങ്ങളുടെ ഒരു പട്ടിക തയ്യാറാക്കാൻ നിയുക്തമായ കമ്മറ്റിയിൽ പ്രവർത്തിക്കുകയും ചെയ്ത കുര്യാക്കോസ് സാർ കത്തോലിക്കാ കോൺഗ്രസിന്റെ സെക്രട്ടറിയായും പാലാ യൂണിറ്റിന്റെ പ്രസിഡണ്ടായും സേവനം ചെയ്തിട്ടുണ്ടു്. മദ്യവർജ്ജനപ്രസ്ഥാനത്തിന്റെ ആരംഭകരിലൊരാളായിരുന്ന അദ്ദേഹം.


ശ്രീമൂലം പ്രജാസഭയിലും നിയമസഭയിലും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ടു്.

നിവർത്തനപ്രസ്ഥാനത്തിലും കത്തോലിക്കാ കോൺഗ്രസിലും സജീവമായി പ്രവർത്തിച്ച കുര്യാക്കോസ് സാർ അതുല്യനായ ഒരു പ്രഭാഷകനായി അറിയപ്പെട്ടിരുന്നു. 1913-ൽ തൃശ്ശൂർവച്ചു നടന്ന സാമൂഹ്യസമ്മേളനത്തിലും 1958–ൽ കോട്ടയത്തു നടന്ന കത്തോലിക്കാ കോൺ. വാർഷികത്തിലും ശ്രീ കുര്യാക്കോസ് ചെയ്ത പ്രസംഗങ്ങൾ അദ്ദേഹത്തിന്റെ പ്രഭാഷണ സാമർത്ഥ്യത്തിനു് ഉദാഹരണങ്ങളത്രെ. 1958 സെപ്റ്റംബർ 17-ാംനു- അദ്ദേഹം കാലയവനികക്കുള്ളിൽ മറഞ്ഞു.

Papal Dignitaries (Contd.)



Mr. Abraham Thekkemury
(Bene Merenti)




C. Mathew Kattakayam
(Bene Merenti)



Mahakavi Pravithanam P. M. Devasia
(Bene Merenti)

Syriac Malpans and Professors of the Jubilarian



Very Rev. Fr. Andrews Kalappura



Very Rev. Fr. Mathew
Vadakkel

Episcopal ordination of Mar Joseph Pallikaparampil 15 August 1973



മാർ ജോസഫ് പള്ളിക്കാപറമ്പിൽ മെത്രാൻസ്ഥാനചിഹ്നങ്ങൾ സ്വീകരിക്കുന്നു



അഭിവന്ദ്യ പിതാവ്
സഹായമെത്രാനെ ചുംബിക്കുന്നു

ഡി; കരുവിള മനയാനി

പേരും പെരുമയും മോഹിക്കാതെ വളരെ വിനീതനായി ജീവിക്കുകയും ബഹുജനസേവനത്തിന്റെ മേഖലകളിൽ താൽപര്യപൂർവ്വം പ്രവർത്തിക്കുകയും ചെയ്ത ശ്രീ. ഡി. കരുവിള കിഴതടിയൂർ മനയാനി കുടുംബത്തിൽ ദേവസ്യായുടേയും മറിയാമ്മയുടേയും പുത്രനായി 1889 ജനുവരി 1-ന ജനിച്ചു. പ്രാഥമികവിദ്യാഭ്യാസം മാത്രമേ ലഭിച്ചിരുന്നുള്ളു എങ്കിലും സർവകലാശാലാ ബിരുദധാരികളെപ്പോലും അതിശയിക്കുന്നതായിരുന്ന അദ്ദേഹം ആർജ്ജിച്ച വിജ്ഞാനം; സാഹിത്യകലാരംഗങ്ങളിൽ പ്രകടിപ്പിച്ചിരുന്ന താൽപര്യം.


കത്തോലിക്കരുടെ പ്രാർത്ഥനകളിൽ കാലോചിതമായി വരുത്തേണ്ട ഭാഷാപരമായ പരിഷ്കാരങ്ങളും സംബന്ധിച്ചു് ബോധവാനായിരുന്ന ശ്രീ. കരുവിള. പ്രാർത്ഥന ഭാഷാശുദ്ധവും പ്രൗഢവും അതേസമയം ലളിതവുമായിരിക്കണമെന്നു് അദ്ദേഹം ആഗ്രഹിച്ചു. അദ്ദേഹം ഒരു ലേഖനത്തിൽ ഈ വിഷയത്തെപ്പറ്റി പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണു്:

''മലയാളം ഗൃഹഭാഷയായിട്ടുള്ള സകല കത്തോലിക്കർക്കും ഒന്നുപോലെ ഉപയോഗിക്കാവുന്ന ഒരു വേദപാഠപുസ്തകവും ഒരു പ്രാർത്ഥനാപുസ്തകവും ഉണ്ടായിക്കാണണമെന്നതിനാണു് എല്ലാവരും ആഗ്രഹിക്കുന്നതു്. കേരളകത്തോലിക്കരുടെയിടയിൽ ജാതീയമായോ റീത്തു് സംബന്ധമായോ എന്തെല്ലാം വ്യത്യാസങ്ങൾ ഉണ്ടായിരുന്നാലും ഈ കാര്യത്തിൽ ഒരു ഐകരൂപ്യം അഭിലഷണീയമായിരിക്കുന്നു. പ്രസ്തുത ഗ്രന്ഥങ്ങൾ മലയാളഭാഷയുടെ ഇന്നത്തെ നിലയനുസരിച്ചു് എത്രയും പരിഷ്കൃതരീതിയിലുള്ളവയായിരിക്കണം. എങ്കിലും കർബാന, കുമ്പസാരം, കുദാശ, മാമ്മോദീസാ മുതലായ പദങ്ങൾക്കു മാറ്റം വരുത്തേണ്ടതില്ലെന്നു മാത്രമല്ല, മൂലഭാഷാപദങ്ങൾ മാത്രം സ്വീകരിക്കേണ്ടതുമാകുന്നു....''

കേരളനസ്രാണികളുടെ പുരാതന വസ്ത്രധാരണരീതിയിൽനിന്നു് വ്യതിചലിക്കാതെ ജീവിച്ച, അനാഡംബരപ്രിയനായിരുന്ന ശ്രീ. കരുവിള. ഒറ്റമുണ്ടും കുറുത്ത കരയൻ കവണിയുമായിരുന്ന എവിടെയും, ആയിരക്കണക്കിനാളുകൾ പങ്കെടുക്കുന്ന മഹായോഗങ്ങളിൽപോലും, അദ്ദേഹത്തിനു പ്രിയപ്പെട്ട വേഷം. ഏതാണ്ടു് അരനൂറ്റാണ്ടുകാലത്തെ പത്രമാസികകൾ നഷ്ടപ്പെടാതെവയ്ക്കുകയും വരും തലമുറകൾക്കായി സൂക്ഷിക്കുകയും ചെയ്ത ഒരു വ്യക്തിയാണു് ശ്രീ. കരുവിള.

ഒട്ടനവധി പത്രമാസികകളിൽ ശ്രീ. കരുവിള എഴുതിയിട്ടുള്ള ലേഖനങ്ങൾ സമാഹരിക്കപ്പെടാതെ കിടക്കുകയാണു്. കേരളത്തിലെ ക്രൈസ്തവസാഹിത്യം സംബന്ധിച്ചു മി. മനയാനിക്കുണ്ടായിരുന്ന അറിവും ഉൽക്കർഷേഛയും വ്യക്തമാക്കുന്നവയാണു് ആ ലേഖനങ്ങൾ എല്ലാം തന്നെ.

മി. കരുവിളയുടെ സ്വകാര്യ ഗ്രന്ഥശേഖരം അദ്ദേഹത്തിന്റെ നിര്യാണത്തിനുശേഷം പാലാ സെൻറ് വിൻസെൻറ് കമ്മ്യൂണിറ്റി ആശ്രമത്തിനു നല്കപ്പെട്ടു. അമ്പതുകൊല്ലത്തെ പത്രങ്ങളും മാസികകളുമാണു് ആ സ്വകാര്യ ഗ്രന്ഥശേഖരത്തിലെ വിലപ്പെട്ട ഇനം.



കിഴക്കു് ഒരു നക്ഷത്രം

ജോസഫ് മറ്റം

പ്രാർത്ഥന, പരിത്യാഗം ദാരിദ്ര്യം, കന്യാവ്രതം, എന്നീ ഭിത്തികൊണ്ടു് തീർത്തു് പരസ്നേഹത്തിന്റെ മേൽക്കൂരയിട്ട ആശ്രമത്തിൽ അവൾ വിനയാന്വിതയായിരുന്നു തപസ്സു ചെയ്തു. തപസ്സിന്റെ എല്ലാ വിനാഴികകളിലും അവൾ സ്വർഗ്ഗത്തിലോട്ടു് നോക്കി. ഒടുവിൽ നിത്യം പ്രകാശിക്കുന്ന ഒരു രക്ത നക്ഷത്രമായി തീരുകയും ചെയ്തു.

ഭാരതത്തിന്റെ വിമലാകാശത്തിൽ ഒരു നക്ഷത്രമായി അതു് പ്രകാശിക്കുന്നു: അവൾ സിസ്റ്റർ അൽഫോൻസാ.

രണ്ടായിരം വർഷത്തെ സുദീർഘപാരമ്പര്യമുള്ള ഭാരത ക്രൈസ്തവസഭയുടെ നന്ദനോദ്യാനത്തിൽ വികസിച്ചു സൗരഭ്യം പരത്തിയ, ഒരിക്കലും വാടാതെ നില്ക്കുന്ന ആദ്യദുഃഖപുഷ്പത്തിന്റെ പുണ്യപരിമളം ലോകമെമ്പാടുമുള്ള ഭക്തന്മാരെ, ഇന്നും, അവൾ കഥാശേഷയായിട്ടു് കൊല്ലം മുപ്പതു കഴിഞ്ഞിട്ടും ആകർഷിച്ചുകൊണ്ടിരിക്കുകയാണു്: അങ്ങനെ കേരളത്തിന്റെ ക്രൈസ്തവ തലസ്ഥാനമായ പാലായും അവളുടെ ഭൗതികാവശിഷ്ടങ്ങളും സംസ്ക്കരിക്കപ്പെട്ടിരിക്കുന്ന ഭരണങ്ങാനവും ലോക ക്രൈസ്തവഭൂപടത്തിൽ ചിരപ്രതിഷ്ഠിതങ്ങളായി.

ഇന്നു് സംസ്കൃതരും പരിഷ്കൃതരുമെന്നു് അഭിമാനിക്കുന്ന പലേ രാഷ്ട്രങ്ങളും അന്ധകാരത്തിലമർന്നിരുന്ന ആദ്യ നൂറ്റാണ്ടുകളിൽത്തന്നെ ഭാരതം ക്രിസ്തുവിന്റെ സുവിശേഷദീപം ഏറ്റുവാങ്ങിയിരുന്നു. ആംഗ്ലോസാക്സൺ ജനത ഇംഗ്ലണ്ടിൽ കുടിയേറിപ്പാർത്തു്, ക്രിസ്തുമതം സ്വീകരിച്ചു്, ഇന്നത്തെ ഏറ്റവും സംസ്കാരസമ്പന്നമായ ഇംഗ്ലീഷ് സമൂഹം രൂപവത്കരിക്കുന്നതിനുമുമ്പു്, റിച്ചാർഡ് ഒന്നാമന്റെ കുരിശു യുദ്ധങ്ങളും യൂറോപ്പിനെ രക്തം വഴി ജ്ഞാനസ്നാനപ്പെടുത്തുന്നതിനു് എത്രയോ മുമ്പു്, കിങ്ങ് ജോൺ മാഗ്നാകാർട്ടായിൽ തുല്യം ചാർത്തി ഇംഗ്ലീഷ് ജനാധിപത്യത്തിനു് അടിത്തറയിടുംമുമ്പു്, കൊളമ്പസും അമരിഗോവെസ്പൂച്ചിയും അമേരിക്കൻ വൻകര കണ്ടുപിടിക്കുകയും, "പിൽഗ്രിം ഫാദേഴ്സ്" മേപ്പൂവർ എന്ന കപ്പലിൽ അറ്റ്ലാന്റിക് തരണം ചെയ്തു് അവിടെ കുടിയേറിപ്പാർത്തു് ഏറ്റം സുശക്തവും സമ്പന്നവുമായ അമേരിക്കൻ രാഷ്ട്രം കെട്ടിപ്പടുക്കുകയും ചെയ്യുന്നതിനു് എത്രയോ വർഷങ്ങൾക്കു മുമ്പു്, സെൻറ് തോമസ് കേരളത്തിലെത്തുകയും ഇവിടത്തെ അഭിജാതരായ എതാനും ബ്രഹ്മണരെ "പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും" നാമത്തിൽ ജ്ഞാനസ്നാനപ്പെടുത്തുകയും ചെയ്തിരുന്നു. സെൻ് തോമസ് കേരളത്തിൽ നട്ട അത്തിമരത്തിൽ വിരിഞ്ഞ ആദ്യത്തെ വലിയ പുഷ്പമാണു് സിസ്റ്റർ അൽഫോൻസാ. ചാവറ കുര്യാക്കോസ് ഏലിയാസ്, മാർ മാത്യു കാവുകാട്ടു് തുടങ്ങിയ സുരഭില കുസുമങ്ങളും വേറെ.

ജീവിച്ചിരുന്ന കാലത്തു് തികച്ചും അജ്ഞാതയായിരുന്ന അൽഫോൻസാ. എന്നാൽ മരണത്തെത്തുടർന്നു് അവൾ പ്രസിദ്ധയായി. സ്വന്തം ജീവിതകഥകളടങ്ങുന്ന കുറിപ്പുകളും മുഴുവനും അവൾ മനഃപൂർവ്വം നശിപ്പിച്ചുകളഞ്ഞു. എന്നിട്ടെന്തു്? ലോകത്തിലെ മിക്ക ഭാഷകളിലും അവളുടെ ജീവചരിത്രം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. പറയുന്നു കീഴിൽ അവൾ ദീപത്തെ ഒളിച്ചുവച്ചു. എന്നാൽ ദൈവം അതെടുത്തു മലമുകളിൽ പ്രതിഷ്ഠിച്ചു. ഒരു സാധാരണ കന്യാസ്ത്രീ എന്ന നിലയിൽ മഠത്തിൽ അവൾക്കു വിശേഷവിധിയായി സന്ദർശകരാരുംതന്നെ ഇല്ലായിരുന്നു. എന്നാലിതാ മരിച്ച നിമിഷം മുതൽ അവളെത്തേടി ആളുകൾ എത്തുകയായി. പ്രതിദിനം നൂറുകണക്കിനു തീർത്ഥകർ ഇന്നും ഭരണങ്ങാനത്തു ചെല്ലുന്നുണ്ടു്. നാനാദേശങ്ങളിൽനിന്നു് ഇതിനോടകം വന്നെത്തിയ അഭയാർത്ഥികളുടെ എണ്ണം ലക്ഷക്കണക്കിനാണു്. അവരിൽ കർദ്ദിനാളന്മാർ മെത്രാന്മാർ, ഗവർണ്ണർമാർ, മന്ത്രിമാർ, ഭരണരംഗത്തെ പ്രമുഖർ എന്നിവരുൾപ്പെടുന്നു. മുപ്പതിനായിരത്തിലധികം അനുഗ്രഹങ്ങളുടെ അത്ഭുത കഥകളാണു് അവളുടെ വൈസ്പോസ്റ്റുലേറ്റർക്കു പറയാനുള്ളതു്.

ജനനം; ബാല്യം

ഒരു യൗസേപ്പിന്റെയും മറിയാമ്മയുടെയും മകളായി 1910 ഓഗസ്റ്റ് 19–ാംനു- കുടമാളൂർ മുട്ടത്തുപാടത്തു വീട്ടിൽ അവം ഭ്രജാതയായി. പ്രിയപുത്രിയുടെ ഓമനമുഖം മതിയാവോളം കാണാൻ ഭാഗ്യമില്ലാതെ അവളുടെ അമ്മ അവളെ പ്രസവിച്ചു മൂന്നുമാസത്തിനുശേഷം മരണമടഞ്ഞു. അമ്മയുടെ അന്ത്യാഭിലാഷം അനുസരിച്ച് മുട്ടുചിറയുള്ള പേരമ്മയുടെ (മുരിക്കൻ അന്നമ്മ) സംരക്ഷണയിലാണ് അന്നക്കുട്ടി വളർന്നതു്. ഉയർന്ന വിദ്യാഭ്യാസത്തിനൊന്നും സൗകര്യമില്ലാതെ പരിമിതമായ സാഹചര്യങ്ങളിൽ ഒരു സാധാരണ പെൺകുട്ടിയായി അവം ജീവിതമാരംഭിച്ചു. ബാല്യം മുതൽ ഒരു പ്രത്യേകത മാത്രമേ അവളിൽ പ്രകടമായിരുന്നുള്ളു. ലൗകികമായവയോടെല്ലാമുള്ള വെറുപ്പ്; നിസ്സംഗത. അവം വളർന്നതോടൊപ്പം, ഈ അനാസക്തിയും വിരക്തിയും വളരുകയായിരുന്നു.

ഈശ്വരൻ അവംക്കു സൗന്ദര്യം സമൃദ്ധിയായി നല്കിയിരുന്നു. പക്ഷേ ''സൗന്ദര്യം വ്യർത്ഥവും ശൂന്യവും'' എന്നതായിരുന്നു അവളുടെ മനോഭാവം. അവളുടെ സൗന്ദര്യത്തെപ്പറ്റി കേട്ടറിഞ്ഞ കുമിതാക്കം വിവാഹാഭ്യർത്ഥനകളുമായി വന്നു. ''വിവാഹത്തെക്കാം മരണം'' എന്ന ചിന്താഗതിക്കാരിയായിരുന്ന അവം. അവരിൽനിന്നും രക്ഷപ്പെടാൻ ഒരു മാർഗ്ഗമേ കണ്ടുള്ളു. 'സുന്ദരമായ ശരീരത്തെ വിരൂപമാക്കുക'. ഒരു ദിവസം വീട്ടിലെ ഉമിത്തീയിൽ ചാടി ശരീരത്തെ വികൃതമാക്കുകയും, ഒപ്പം ആ അഗ്നിയിൽ തന്റെ കന്യത്വത്തെ ശുദ്ധീകരിക്കുകയും ചെയ്തു. അഗ്നി ശുദ്ധിചെയ്ത ചാരിത്ര്യം സർവ്വേശ്വരനുള്ളതാണെന്നു് അവംക്കറിയാമായിരുന്നു. കന്യകാലയ പ്രവേശനമാണു് അതിനു് അവം സ്വീകരിച്ച മാർഗ്ഗം. 1918 ഓഗസ്റ്റ് 2–ാംനു-യായിരുന്ന അവളുടെ ശിരോ വസ്ത്രധാരണം.

നവസന്യാസിനിയായതുമുതൽ കുരിശുകം ഒന്നൊന്നായി അവളെ തേടിവന്നു. രോഗങ്ങളും കഷ്ടപ്പാടുകളും അവളെ പൊതിഞ്ഞു. തുടർന്നുള്ള ജീവിതം യാതനയുടേതായിരുന്നു. വേദന അവളുടെ സന്തതസഹചാരിയായി.

''വേദനകം പോരാ, ഇനിയുമിനിയും സഹിക്കണം. ത്യാഗത്തിന്റെയും ഉരിതങ്ങളുടെയും ബലിവസ്തുവാണു ഞാൻ'' ഇതായിരുന്ന അൽഫോൻസായുടെ മനോഭാവം. ''വേദനകളുടെ അഗ്നിയിൽ ഞാൻ കത്തി ദഹിക്കേണ്ടവേളാണു്'' എന്നു് പലപ്പോഴും അവം പറഞ്ഞിരുന്നു.

സഹനത്തിന്റെ പുത്രിയെന്നു് സ്വയം അഭിമാനിച്ചിരുന്ന അൽഫോൻസാ മറ്റുള്ളവരുടെ വേദനകം കിട്ടുന്നപക്ഷം അവക്കുവേണ്ടി അവയും സഹിക്കാൻ ആഗ്രഹിച്ചിരുന്നു. അവസാന വർഷങ്ങം, ഏതാണ്ടു് ഏഴു കൊല്ലം, അവളെ സംബന്ധിച്ചിടത്തോളം ഉരന്തുരിതങ്ങളുടെ വർഷങ്ങളായിരുന്നു ദീനക്കിടക്ക എന്ന കുരിശിൽ, ദിവസത്തിന്റെ ഇരുപത്തിനാലു മണിക്കൂറും അവം ബന്ധിതയായിരുന്നു. ഒടുവിൽ മുപ്പത്തിയാറു കൊല്ലത്തെ ഹ്രസ്വമായ ഈ ലോകജീവിതത്തിനുശേഷം 1946 ജൂലൈ 28–ാംനു- ഭരണങ്ങാനത്തുവച്ചു് ആ സ്നേഹബലി അവം പൂർത്തിയാക്കി.

ജീവിതംപോലെ വിനീതമായിരുന്ന അവളുടെ ശവസംസ്ക്കാരവും. ദുഃഖാർത്തരായ കുടുംബാംഗങ്ങളും വളരെ കുറച്ചു മാത്രം ബഹുജനങ്ങളുമേ ശവസംസ്കാരത്തിൽ പങ്കെടുക്കാനുണ്ടായിരുന്നുള്ളു. ശവമഞ്ചം ചുമന്നതോ സുഹൃത്തുക്കളായ കന്യാസ്ത്രീകളും. ഇതുപോലൊരു ശവസംസ്ക്കാരം അതിനു മുമ്പും പിമ്പും ഭരണങ്ങാനത്തു നടന്നിട്ടില്ല.

അവളുടെ ആത്മീയപിതാവായിരുന്ന ഫാ. റോമുളസ് സി. എം. ഐ. ചരമപ്രസംഗത്തിൽ പറഞ്ഞു: ''ഭാരതത്തിൽ രണ്ടായിരം വർഷങ്ങക്കിടയിൽ ജീവിച്ചിട്ടുള്ളവരിൽ ദൈവസമക്ഷം വളരെ മാഹാത്മ്യം നേടിയ ഒരു പുണ്യകന്യകയുടെ സംസ്കാരത്തിലാണു നാം പങ്കു കൊള്ളുന്നതു്....ജീവിതവിശുദ്ധിയിൽ വി. കൊച്ചുത്രേസ്യായേക്കാം അത്ര പിന്നിലല്ലാത്ത ഒരു കന്യകയാണിവം....ഇവളുടെ പൂജ്യശരീരം അടക്കം ചെയ്യപ്പെടുന്ന ഈ ഭരണങ്ങാനം ഗ്രാമം ഭാഗ്യപ്പെട്ടതു്. ദൈവം തിരുമനസ്സാകുന്നുവെങ്കിൽ ഭരണങ്ങാനം ഭാരതത്തിന്റെ ലിസ്യുവായി പരിണമിക്കും....'എത്ര പ്രവചനാത്മകമായ വാക്കുകളായിരുന്നു ഇവയെന്നു് പിൽകാല കഥകം തെളിയിക്കുന്നു. ഭരണങ്ങാനം ഇന്നു് ഭാരതത്തിന്റെ ലിസ്യുവായി വിരാജിക്കുന്നതു നമുക്കു കാണാൻ കഴിയും.

ഒരു കന്യാസ്ത്രീയെ സംബന്ധിച്ചിടത്തോളം അവളുടെ വ്രതാനുഷ്ഠാനങ്ങളുടെ അസാധാരണത്വത്തെക്കാം ഉപരിയായി ദൈവത്തോടുള്ള വിധേയത്വവും അനന്തമായ സ്നേഹവുമാണവളെ വിശുദ്ധിയുടെ വിജയമേഖലകളിലേയ്ക്കുയർത്തുന്നതെന്നു് പ്രസ്പഷ്ടമാക്കുന്നതാണു് അൽഫോൻസായുടെ ജീവിതം. ''കർത്താവിന്റെ നുകം അവംക്കു ലഘുവായിരുന്നു, മധുരമുള്ളതായിരുന്നു.'' ദൈവത്തെ നിരന്തരമായും പ്രഗാഢമായും സ്നേഹിക്കുക മാത്രമല്ല അവിടുത്തെ ഒരു ഉപകരണമായി സ്വയം സമർപ്പിക്കുയു

യുമാണവം ചെയ്തത്. അവം മുഴുവൻ കൊടുത്തു. കിട്ടേണ്ടതു മുഴുവൻ ചോദിച്ചു വാങ്ങുകയുംചെയ്തു. ''അങ്ങയുടെ സ്വന്തമെന്നോണം എന്നോടെന്തും ചെയ്യുകൊള്ളുക'' എന്നു് അവം സ്വമണവാളനോടു പറയാറുണ്ടായിരുന്നു. :'നീ ചോദിച്ചതെല്ലാം ഞാൻ തന്നിട്ടില്ലേ? അപ്പോഴും, ഞാൻ ചോദിക്കുന്നതെല്ലാം നീയും തരണം..ഇല്ലെങ്കിൽ ഞാൻ പിണങ്ങും' എത്ര സ്വാതന്ത്ര്യപൂവ്വമുള്ള പ്രാത്ഥനയാണിതു്. ഇങ്ങനെ ചോദിക്കാനും ചോദിച്ചു വാങ്ങാനും എത്ര പേക്കു കഴിയും?

മണ്ണിനോടു വിട

വേദനകളെ വെറുക്കുകയും സുഖഭോഗങ്ങളുടെ പിന്നാലെ പരക്കം പാഞ്ഞു് ഒടുവിൽ അവയിൽ വീണു മരിക്കുകയും ചെയ്യുന്ന ആധുനികലോകത്തിനു് അൽഫോൻസായെ പൂർണ്ണമായും ഉൾക്കൊള്ളാൻ കഴിയുകയില്ല. ജീവൻ നിലനിറുത്താൻ മാത്രമുള്ള ഭക്ഷണം കഴിച്ചു് ദിവസത്തിന്റെ എല്ലാ മണിക്കൂറും കിടക്കയിൽ, വേദനയുടെ മുൾമെത്തയിൽ, കിടന്നു് ക്ഷമയോടെ, അനുസരണയോടെ, വിധേയത്വത്തോടെ സഹിച്ചു്, ജീവിതം ഹോമബലിയായി സമർപ്പിച്ച അൽഫോൻസാ, ''മണ്ണാശകൊണ്ടും മദനാശകൊണ്ടും മുഴുകുന്ന'' ഇന്നത്തെ ലോകത്തിനു് ഒരു പ്രഹേളികയാണു്. പലക്കും കട്ടത്ത പരീക്ഷണങ്ങളുടെ കൊടുങ്കാറ്റുണത്തുന്ന ബ്രഹ്മചര്യം അവംക്കു ഒരു പ്രശ്നമേ അല്ലായിരുന്നു. സന്യാസം പുതിയ വെല്ലുവിളികളെ നേരിടുന്ന, അർപ്പിതജീവിതത്തിന്റെ അപൂർവസൗന്ദര്യവും മാധുര്യവും ചിലക്കെങ്കിലും ദുർഗ്രഹങ്ങളായിത്തീർന്നുകൊണ്ടിരിക്കുന്ന, ദൈവവിളിയേക്കാളും മനുഷ്യവിളികളും ചിലർക്കെങ്കിലും ഹൃദ്യമായിത്തോന്നുന്ന, ഇക്കാലത്തിനു് ഏറ്റവും പറ്റിയ ചിന്താവിഷയമാണു് സിസ്റ്റർ അൽഫോൻസാ. ഭാരമേറിയ കുരിശെടുത്തു് തന്റേതു മാത്രമായ ഒരു കാൽവരിയിലെത്തിക്കുകയും ആ കുരിശിൽ ജീവാർപ്പണം ചെയ്യുകയും ചെയ്തവളാണു ദൈവദാസി. സ്വന്തം രഹസ്യദുഃഖങ്ങളുടെ ''വിയാസാക്രാ''കളിൽ, അവംക്കു ആനന്ദം പ്രദാനം ചെയ്തിരുന്നതു കുരിശിനപ്പുറം കിരീടമുണ്ടെന്ന പ്രത്യാശയുടെ കനകനക്ഷത്രമായിരുന്നു. അൽഫോൻസായെ മറ്റാളുകളിൽനിന്നു വേർതിരിച്ചുനിറുത്തുന്നതു് അസാധാരണമായ ഈ വ്യക്തിവിലാസമത്രേ: സ്നേഹത്തിന്റെയും സഹനത്തിന്റേതുമായ വ്യക്തിത്വം. മണ്ണിലേയ്ക്കോ മണ്ണിന്റെ മായികസൗന്ദര്യത്തിലേയ്ക്കോ അവം ദൃഷ്ടി തിരിച്ചില്ല. നക്ഷത്രമണ്ഡലത്തിലെ പ്രത്യാശയുടെ കനകജ്യോതിസ്സായിരുന്ന അവംക്കു വഴികാട്ടിയിരുന്നതു്. വേണമെങ്കിൽ അവംക്കു ഭൂമിയുടെ സൗന്ദര്യത്തിൽ ദത്തശ്രദ്ധയാകാമായിരുന്നു. സ്ഥാനമാനങ്ങളും പദവികളും കിട്ടുന്ന, എളുപ്പം പേരും പ്രശസ്തിയും നേടാനാവുന്ന ജീവിതമണ്ഡലങ്ങളിൽ അവംക്കു പ്രശോഭിക്കാമായിരുന്നു. അവംക്കു പാടാമായിരുന്നു. ആടാമായിരുന്നു. അരങ്ങുത്തും വെള്ളിത്തിരയിലും മിന്നിനിലുക്കാമായിരുന്നു. പക്ഷേ കന്യകാലയത്തിന്റെ ആവൃതിയിലാണവം അഭയം കണ്ടതു്; അവിടെയാണവം സൗന്ദര്യവും സമാശ്വാസവും ദർശിച്ചതു്. പലക്കും മധുരതരമായി തോന്നുന്ന ഈ സ്ഥാനമാനങ്ങളം അവംക്കു കയ്പായിരുന്നു. 'സ്ഥാനമാനങ്ങളം നേടാനുള്ള ദുഷിച്ച ഉദ്യമത്തിൽനിന്നു രക്ഷിക്കണേ' എന്നു് അവം നിരന്തരം പ്രാത്ഥിച്ചിരുന്നു. ഭൂമിയിൽ പേരെഴുന്നതിനേക്കാളം വി. ലൂക്കോസ് പറയുംപോലെ ''സ്വർഗ്ഗത്തിൽ പേരെഴുന്നതിലാ''ണവം ആനന്ദം കണ്ടതു്.

സന്യാസഭവനങ്ങളിൽ കിട്ടുന്ന സൗകര്യങ്ങളത്രയും അവം ശ്രദ്ധാപൂവ്വം വിനിയോഗിച്ചു. പ്രാർത്ഥനയ്ക്കും തപസ്സിനും ജ്ഞാനവായനയ്ക്കുമുള്ള സമയം മുഴുവനും അവം പ്രയോജനപ്പെടുത്തി. ഇന്ദ്രിയ നിഗ്രഹണത്തിനും പാപത്തിൽനിന്നു മാത്രമല്ല പാപത്തിന്റെ സാഹചര്യങ്ങളിൽനിന്നുപോലും ഓടിയകലാനുമുള്ള അവസരങ്ങളം; പുറത്തു്, മനുഷ്യരെ കൂടെക്കൂടെ ഭയപ്പെടുത്തുകയും പലപ്പോഴും അടിപതറിക്കുകയും ചെയ്യുന്ന പ്രലോഭനങ്ങളുടെ ചക്രവാതങ്ങളം കടന്നുചെല്ലാത്ത ആവൃതിയുടെ സുരക്ഷിതത്വം. തന്റെ ആത്മവിശുദ്ധീകരണത്തിനായി ഈ സൗകര്യങ്ങളെ മുഴുവനും അവം ഉപയോഗിച്ചു. വിശുദ്ധ പദപ്രാപ്തിയല്ലെങ്കിൽ പിന്നെയെന്താണു് ഒരു വ്യക്തിയുടെ സന്യാസാലയ പ്രവേശനത്തിന്റെ ലക്ഷ്യം എന്നു് അവം ചോദിക്കുന്നു.

സ്നേഹം എന്ന ശക്തി

അൽഫോൻസായുടെ ശക്തി സ്നേഹമായിരുന്നു. മുപ്പത്തിയാറുകൊല്ലം സ്നേഹത്തിനുവേണ്ടി, സെന്റ് പോളം എഴുതുംപോലെ ''സ്നേഹത്തിന്റെ പിന്നാലെ, ഓടുകയായിരുന്നു'' അവം. നിരന്തരവും അനുസ്യൂതവും അവിരാമവുമായിരുന്ന ആ ഓട്ടം. അൽഫോൻസായുടെ ജീവിതത്തെ മധുരവും സൗമ്യവും ദീപ്തവുമാക്കിയതു് ഈ സ്നേഹമായിരുന്നുവെന്നു കാണാൻ പ്രയാസമില്ല. ഒരു കുഞ്ഞു് അമ്മയെ എന്നതുപോലെ അവം ദൈവത്തെ സ്നേഹിച്ചു. സ്നേഹം എന്ന മഹനീയമായ ദൗർബല്യത്തെ മഹാശക്തിയാക്കി മാറുകയും ആ ശക്തികൊണ്ടു സർവ്വേശ്വരനെത്തന്നെ പരാജയപ്പെടുത്തുകയുംചെയ്ത അത്ഭുത സിദ്ധികളുടെ ഉടമയായിരുന്ന അൽഫോൻസാ.

സ്നേഹത്തിന്റെ സൗന്ദര്യംപോലെ സഹനത്തിന്റെ സൗന്ദര്യവും അവൾ പ്രകടമാക്കി. അഞ്ചു മിനിറ്റ് ആശയടക്കുന്നതോ ഇഷ്ടമുള്ള ഒരു ഭക്ഷണസാധനം ഉപേക്ഷിക്കുന്നതോ അല്പാ ത്യാഗം എന്നു് അവൾക്കുറപ്പുണ്ടായിരുന്നു. ത്യാഗവും സഹനവും പ്രസംഗിക്കാനും പത്രമാസികകളിൽ എഴുതാനും മാത്രം കൊള്ളാവുന്ന വിഷയങ്ങളായി മാറിക്കൊണ്ടിരിക്കുന്ന ഇക്കാലത്തു്, സ്നേഹംകൊണ്ടും പരിത്യാഗംകൊണ്ടും രക്തസാക്ഷിത്വംവരിച്ച അത്ഭുതയോഗിനിയാണു് ദൈവദാസി. ഗോതമ്പുമണികൾ പൊടിഞ്ഞു മാവും, പിന്നെ അപ്പവുമുണ്ടാകുന്നു. മുന്തിരിപ്പഴം പിഴിഞ്ഞാലാണല്ലൊ വീഞ്ഞു കിട്ടുക. മാർബിൾക്കഷണത്തെ കൊത്തിയും മിനുക്കിയുമാണു് ശില്പി സുന്ദരമായ ഒരു പ്രതിമ നിർമ്മിക്കുന്നതു്. ചന്ദനം ഉരച്ചാൽ മാത്രമേ മുഴുവൻ സൗരഭ്യവും പ്രവഹിക്കുള്ളൂ. മറിയം മഗ്ദലനയുടെ കൈയിലിരുന്ന ചെപ്പിനു ഒട്ടും സുഗന്ധമില്ലായിരുന്നു. അവൾ അതു തുറക്കുകയും വാരിപ്പൂശുകയും ചെയ്തപ്പോഴാ മാത്രമാണതിൽ നിന്നു് സൗരഭ്യം പുറപ്പെട്ടതു്. കന്യാമറിയത്തിന്റെ മാതൃത്വംപോലും അത്ഭുതവും മഹനീയവുമായതു അവളുടെ ഹൃദയത്തിൽ വ്യാകുലവാൾ കടന്നതിനു ശേഷമത്രെ. ഇതുതന്നെയാണു അൽഫോൻസായുടേയും കാര്യം. അവൾ ഗോതമ്പുപോലെ പൊടിഞ്ഞു; മുന്തിരിപോലെ ചതഞ്ഞു; രക്തചന്ദനംപോലെ അരഞ്ഞു. പൊടിയാനും ചതയാനും മഠത്തിൽ കിട്ടുന്ന സൗകര്യങ്ങളും മുഴുവൻ അവൾ വിനിയോഗിക്കുകയാണു ചെയ്തതു്. ''സഹോദരന്മാർ ഒന്നിച്ചു വസിക്കുന്നതു എത്ര ആഹ്ലാദകരം'' എന്നു സങ്കീർത്തകൻ പ്രഘോഷിക്കുന്നു. ഇതു സ്നേഹത്തിന്റെ വിശുദ്ധ സങ്കീർത്തനമല്ലാതെ മറെറാന്നുമല്ല. സഹവാസം എവിടെയുമെന്നതുപോലെ സന്യാസജീവിതത്തിലും, ക്ലേശകരമാകാറുണ്ടു്. അസൂയ, സ്പർദ്ധ, വൈരം മുതലായവയാണീ സഹവാസത്തിന്റെ ദുഷിച്ച ഫലങ്ങൾ. സ്നേഹത്തിന്റെ പേരിൽ ആരെങ്കിലും കുറേപ്പേർ ''സമൂഹ''ങ്ങളിൽ കുരിശു ചുമക്കേണ്ടിവരിക സാധാരണയാണു്. അങ്ങനെ കുരിശെടുത്തവളാണു് അൽഫോൻസാ. ''മൂകനുപോലും സംസാരിക്കാൻ കഴിയുന്ന സ്നേഹത്തിന്റെ ഭാഷ'' വശമായിരുന്നതുകൊണ്ടു് അൽഫോൻസാ ആ കുരിശു്, ആരുടേയും സഹായം കൂടാതെ അങ്ങു ഗാഗുൽത്താവരെ ചുമന്നു.

വേഡ്സ്വർത്തു പറയുന്നതുപോലെ ''ഒരു നല്ല കന്യകയുടെ ജീവിതത്തിന്റെ സിംഹഭാഗവും അവൾ ചെയ്യുന്ന ആരുമറിയാത്ത, ആക്കും ഓമ്മിക്കാൻ വകയില്ലാത്ത, സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും കൊച്ചു കൊച്ചു പ്രവൃത്തികൾകൊണ്ടു നിറഞ്ഞിരിക്കും''. ഇത്തരം ചെറിയ കാര്യങ്ങളാണു് അൽഫോൻസായെ വലിയവളാക്കിയതു്, ദൈവദാസിയാക്കിയതു്. മഹത്വത്തിന്റെ സമുന്നത പദവികളിലേയ്ക്കു അവളെ ഉയർത്താൻപോകുന്നതും.

അൽഫോൻസായുടെ സന്ദേശം

ശിശുക്കളെപ്പോലെയാകുന്നില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തിനർഹതയില്ലെന്ന മഹാസത്യം ലോകത്തെ പഠിപ്പിക്കാൻ ലിസ്യുവിൽ ജനിച്ചു് ശൈശവമധുരമായ ജീവിതം നയിച്ചു് വിശുദ്ധയായ ചെറുപുഷ്പത്തെപ്പോലെ, സുഖഭോഗങ്ങളുടെ മായികലഹരിയിൽ മുങ്ങിക്കിടക്കുന്ന ഇരുപതാം നൂറാണ്ടിലെ മനുഷ്യനെ സഹനത്തിന്റെ മഹനീയമായ പാഠം അഭ്യസിപ്പിക്കാൻ കേരളത്തിന്റെ മണ്ണിൽ പിറന്നവളാണു് അൽഫോൻസാ. ഭൗതികപദവികളോടു്, ആനന്ദങ്ങളോടു്, സുഖങ്ങളോടു്, പദവികളും ആനന്ദങ്ങളും സുഖങ്ങളും തേടാനും അവ അനുഭവിക്കാനുമുള്ള മാനുഷികമായ മോഹങ്ങളോടു്, എല്ലാം അവൾ നിശ്ശബ്ദം സമരം ചെയ്തു. സമരത്തിന്റെ എല്ലാ ഘട്ടങ്ങളിലും അവളുടെ ദീപ്തനേത്രങ്ങൾ സ്വർഗ്ഗവീഥിയിലായിരുന്നു. ലാഭേച്ഛുവായ ഒരു ബിസിനസ്സുകാരനെപ്പോലെ തന്റെ അധ്വാനത്തിന്റെ ഓരോ നിമിഷവും അവൾ സ്വർണ്ണനാണയങ്ങൾ വാരിക്കൂട്ടി. മറ്റാളുകൾ അലസതയിലും നിദ്രയിലുമമർന്നു്, താലേന്തുകളെ കുഴിച്ചിടുകയും ലുബ്ധന്മാരെപ്പോലെ അവയ്ക്കു കാവലിരിക്കുകയും ചെയ്തപ്പോൾ, അവൾ അത്ഭുതകരമായി അവ വർദ്ധിപ്പിക്കുകയും ആ സമ്പത്തുകൊണ്ടു് വലിയൊരു സാമ്രാജ്യം വിലയ്ക്കുടുക്കുകയും ചെയ്തു. അൽഫോൻസായുടെ വ്യക്തിത്വം ഒരു ദീപഗോപുരംപോലെ കതിർ വീശി നില്ക്കുന്നതു അതുകൊണ്ടാണു്.

പ്രാർത്ഥന, പരിത്യാഗം, ദാരിദ്ര്യം, കന്യാവ്രതം എന്നീ ഭിത്തികൾകൊണ്ടു തീർത്തു് പരസ്നേഹത്തിന്റെ മേൽക്കൂരയിട്ട ആശ്രമത്തിൽ അവൾ വിനയാന്വിതയായിരുന്നു തപസ്സു ചെയ്തു. തപസ്സിന്റെ എല്ലാ വിനാഴികകളിലും അവൾ സ്വർഗ്ഗത്തിലേക്കു നോക്കി. ഒടുവിൽ നിത്യം പ്രകാശിക്കുന്ന ഒരു രക്തനക്ഷത്രമായിത്തീരുകയും ചെയ്തു.

ഇതാ ഭരണങ്ങാനം എന്ന കിഴക്കിന്റെ ലിസ്യുവിൽ, ആർഷഭാരതത്തിന്റെ എല്ലാ വിശുദ്ധികളും നിറഞ്ഞ വിമലാകാശവീഥിയിൽ ക്രൈസ്തവ കേരളത്തിന്റെ വീരപുത്രി, അരുന്ധതിയേക്കാളും പ്രകാശത്തോടെ, ഉജ്വലഭാസോടെ, വിരാജിക്കുന്നു.

സ്വന്തം റീത്തിനും സ്വാതന്ത്ര്യത്തിനുംവേണ്ടി

എം. ഒ. ജോസഫ് നെടുങ്കുന്നം

കേരളസഭയുടെ സ്വാതന്ത്ര്യത്തിനും ഉൽക്കർഷത്തിനും വേണ്ടി കഠിനാദ്ധ്വാനം ചെയ്ത, പാലാക്രൂപതക്കാരായ വന്ദ്യപിതാക്കന്മാരുടെ പ്രയത്നങ്ങളെപ്പറ്റി ഒരു ലഘു വിവരണം.
(സമുദായസ്നേഹിയും സാഹിത്യകാരനുമായിരുന്ന ശ്രീ. എം. ഒ. ജോസഫ് നെടുംകുന്നത്തിന്റെ ഈ ലേഖനം പ്രസിദ്ധപ്പെടുത്തുന്നതിനു മുമ്പുതന്നെ അദ്ദേഹം നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. R. I. P. —Editer)

കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവരാക്കുകൊണ്ടാകാം അവകാശപാലനത്തിനും സ്വാതന്ത്ര്യസംരക്ഷണത്തിനും വേണ്ടിയുള്ള യത്നങ്ങളിൽ മീനച്ചിൽ പ്രദേശങ്ങളിലെ ജനങ്ങൾ എപ്പോഴും മുൻപന്തിയിൽ നിന്നിട്ടുള്ളതു്. നെറ്റിയിലെ വിയർപ്പുകൊണ്ടു് ആഹാരം നേടുന്നതിൽ വ്യാപൃതരായ കർഷകർ സ്വതേ സ്വന്തം പൈതൃകം — അതു ഭൂമിയായാലും കൊള്ളാം പാരമ്പര്യങ്ങളായാലുംകൊള്ളാം — കാത്തുസൂക്ഷിക്കുന്നതിലും അപഹരിക്കപ്പെടാതെ നോക്കുന്നതിലും വ്യഗ്രത കാണിക്കുന്നതു മനസ്സിലാക്കാവുന്നതേയുള്ളൂ. പഴയ നാടുവാഴി ഭരണസമ്പ്രദായത്തിൽ കഴിഞ്ഞുപോന്നിരുന്ന മീനച്ചിൽ പ്രദേശങ്ങളിലെ ക്രിസ്ത്യാനികൾക്കു പത്തൊൻപതാം ശതകത്തിന്റെ അവസാനഘട്ടംവരെ പൗരപരമായ ജീവിതത്തിൽ വലിയ പ്രശ്നങ്ങളൊന്നും അഭിമുഖീഭവിക്കേണ്ടിവന്നില്ല. എന്നാൽ ആദ്ധ്യാത്മിക ഭരണമണ്ഡലത്തിൽ അവരുടെ അനുഭവം അങ്ങനെയായിരുന്നില്ല.

നൂറ്റാണ്ടുകളായി സ്വന്തം പാരമ്പര്യങ്ങളേയും പദവികളേയും നിധിപോലെ കാത്തുസൂക്ഷിച്ചു പോന്നിരുന്ന കേരള ക്രിസ്ത്യാനികൾക്കു പറങ്കികളുടെ ആഗമനം ഒരു അശനിപാതമായിരുന്നു. അതേവരെ ബാബേലിൽനിന്നു വന്നിരുന്ന കൽദായ മെത്രാന്മാരായിരുന്നു അവരുടെ ആദ്ധ്യാത്മികാധികാരികളെങ്കിലും, അവരെ യഥാർത്ഥത്തിൽ ഭരിച്ചിരുന്നതു് ഏതദ്ദേശീയരായ അർക്കദിയാക്കോന്മാരായിരുന്നു. ഇവരിൽ പലരും കുറവിലങ്ങാട്ടു സ്വദേശികളുമായിരുന്നു. കേരള ക്രിസ്ത്യാനികളുടെ ആദ്ധ്യാത്മികവും ലൗകികവുമായ ഭരണത്തിൽനിന്നു പോർത്തുഗീസ് ലത്തീൻ മെത്രാന്മാർ അർക്കദിയാക്കോന്മാരെ അകറ്റി നിർത്തുകയും പ്രാചീനമായ കൽദായ റീത്തിന്റെ സ്ഥാനത്തു ലത്തീൻ സമ്പ്രദായങ്ങൾ നടപ്പാക്കുകയും ചെയ്തതാണു് പതിനേഴാം നൂറ്റാണ്ടിൽ കേരളസഭയിലുണ്ടായ വലിയ പിളർപ്പിനു കാരണം.

1562 മുതൽ 1640 വരെ കേരളസഭയുടെ ചുക്കാൻ പിടിച്ചിരുന്ന പ്രശസ്തരായ രണ്ടു വൈദികനേതാക്കന്മാരാണു് മിശിഹായുടെ ഗീവറുഗീസ് അക്കദിയാക്കോനും, സ്ലീബായുടെ ഗീവറുഗീസ് അക്കദിയാക്കോനും (1) അമ്മാവനും അനന്തിരവനുമായിരുന്ന ഇവർ കേരളസുറിയാനിസഭയുടെ രണ്ടു് അനശ്വരജ്യോതിസ്സുകളായിരിക്കുന്നു. ഇവരിൽ മിശിഹായുടെ ഗീവറുഗീസ് അക്കദിയാക്കോനെ പാലയൂരിന്റെ മെത്രാനായി പാത്രിയക്കീസ് നാമനിർദ്ദേശം ചെയ്യുകയും, മാപ്പ്രാപ്പാ ആ നിയമനം സ്ഥിരീകരിക്കുകയും ചെയ്തിരുന്നതാണു്. എന്നാൽ എന്തുകൊണ്ടോ അദ്ദേഹത്തിനു മെത്രാൻപട്ടം കിട്ടിയില്ല. മാപ്പ്രാപ്പായുടെ സ്ഥിരീകരണക്കല്പന യഥാകാലം കിട്ടാതിരുന്നതുകൊണ്ടോ, അദ്ദേഹത്തെ തൽക്കാലം അഭിഷേചിക്കരുതെന്നുള്ള ഈശോസഭക്കാരുടെ ഉപദേശത്തിനു മാർ അബ്രാഹം വഴങ്ങിയതുകൊണ്ടോ ആയിരിക്കാം അഭിഷേകം നടക്കാതിരുന്നതു്. വിനയാതിരേകത്താൽ അദ്ദേഹം ആ സ്ഥാനം സ്വീകരിക്കാതിരുന്നുവെന്നാണു സമകാലിക മിഷനറിമാർ രേഖപ്പെടുത്തിയിരിക്കുന്നതു്. സ്ലീബായുടെ ഗീവറുഗീസ് അക്കദിയാക്കോനെ പിന്തുടർച്ചാവകാശത്തോടുകൂടിയ തന്റെ സഹായമെത്രാനായി നിയമിക്കണമെന്നു് മാർ അബ്രാഹം മാർപ്പാപ്പായോടും പോർത്തുഗൽ രാജാവിനോടും അഭ്യർത്ഥിച്ചിരുന്നു. പക്ഷേ ഈ അപേക്ഷകളും അതു് സംവഹിച്ചുകൊണ്ടുപോയ ഫാ. മാനുവൽ ഡി വീഗാ എസ് ജെ. യഥാസ്ഥാനങ്ങളിൽ ഏല്പിച്ചില്ലെന്നു മാത്രമല്ല, ഒരു പോർത്തുഗീസുകാരനെ സഹായമെത്രാനായി നിയമിക്കണമെന്നുള്ള വ്യാജ ഹർജി മാർത്തോമ്മാക്രി

സ്ഥാനികളുടെ നാമത്തിൽ സമർപ്പിക്കുകയും ചെയ്തു. (2)

സ്പീബായുടെ ഗിവറുഗീസ് അക്കദിയാക്കോൻ 1640 ജൂലൈ 25–ാംതീയതി നിര്യാതനായപ്പോൾ അദ്ദേഹത്തിന്റെ അനന്തിരവൻ തോമ്മാകത്തനാർ അക്കദിയാക്കോൻ ആയി. ഇദ്ദേഹവും ആരംഭം മുതൽ തന്നെ പോർത്തുഗീസ് ലത്തീൻ മെത്രാന്മാരുമായി സ്വന്തം റീത്തിനുവേണ്ടി ഏറ്റുമുട്ടേണ്ടിവന്നു. തന്റെ റീത്തിന്റെയും പാരമ്പര്യങ്ങളുടെയും സംരക്ഷണത്തിനുവേണ്ടിയാണ് അദ്ദേഹം സമരം നടത്തിയതു്. കൽദായ റീത്തും ആരാധനക്രമവും മാത്രമല്ല, കൽദായരുമായുള്ള എല്ലാ ബന്ധങ്ങളും ഉന്മൂലനം ചെയ്യുവാൻ കച്ചകെട്ടിയവരായിരുന്നു പോർത്തുഗീസ് മെത്രാന്മാർ. അതേസമയം ചിരപുരാതനമായ ആ കൽദായബന്ധം തുടർന്നു കാണുന്നതിനും പറങ്കിഭരണത്തിൽ നിന്നു മോചനം നേടുന്നതിനും കേരളക്രിസ്ത്യാനികളും ആഗ്രഹിച്ചു. അങ്ങനെയിരിക്കെയാണ് 1653–ൽ ഇഗ്നേഷ്യസ് ക്വറില്ലോസ് അഹത്തള്ളാ എന്ന കൽദായ മെത്രാൻ മൈലാപ്പൂരിൽ വന്നതു്. നസ്രാണി സമുദായം മുഴുവൻ ആ വേശഭരിതരായി പ്രസ്തുത മെത്രാനെ സ്വീകരിക്കുവാൻ തയ്യാറായി. എന്നാൽ പോർട്ടുഗീസുകാർ മാർപ്പാപ്പായുടെയോ പോർട്ടുഗീസ് രാജാവിന്റെയോ അനുമതി കൂടാതെ അനധികൃതമായാണ് അഹത്തള്ള വന്നിരിക്കുന്നതെന്നു പരസ്യപ്പെടുത്തിയതിനുശേഷം, അദ്ദേഹത്തെ ബന്ധനസ്ഥനാക്കുകയും ലിസ്ബണിലേക്ക് നാടുകടത്തുകയും ചെയ്തു. മാർ അഹത്തള്ളായെ കാണുന്നതിനും അദ്ദേഹത്തിന്റെ അധികാരപത്രങ്ങൾ പരിശോധിക്കുന്നതിനുമുള്ള എല്ലാ ശ്രമങ്ങളും പാഴിലായപ്പോൾ കൂപിതരായ മാർത്തോമ്മാ ക്രിസ്ത്യാനികൾ അക്കദിയാക്കോന്റെ നേതൃത്വത്തിൽ മട്ടാഞ്ചേരിയിൽ സമ്മേളിച്ചു. കൂനൻകുരിശിൽ തൊട്ടു സത്യം ചെയ്തു, മേലാൽ ഈ പരിഷയുള്ളോരു കാലം സമ്പാളർ പാതിരിമാക്കു കീഴ്പെട്ടിരിക്കുകയില്ലെന്നു്. ഇതാണ് 1653-ൽ നടന്ന പ്രസിദ്ധമായ കൂനൻകുരിശുസത്യം.

പതിനേഴാം നൂറ്റാണ്ടിൽ, കേരളസഭയിലുണ്ടായ വലിയ പിളർപ്പു് അപ്രകാരമാണ് ഉദ്ഭവിതമായതു്. ഈശോസഭക്കാരായ വൈദികമേലദ്ധ്യക്ഷന്മാരെ അനുസരിക്കുകയില്ലെന്നു മാത്രമേ അവർ ശപഥം ചെയ്തുള്ളു. അര നൂറ്റാണ്ടുകാലത്തെ ഈശോസഭക്കാരുടെ ലത്തീനീകരണശ്രമംകൊണ്ടു മനം മടുത്ത ജനങ്ങൾ ഇങ്ങനെയൊരു സത്യപ്രതിജ്ഞയ്ക്കു പ്രേരിതരായതാണ്. സംഗതിയുടെ ഗൗരവം മനസ്സിലാക്കി അന്നത്തെ ജസ്വീറു മെത്രാനായ ഗാർസ്യാ ബുദ്ധിപൂർവ്വം രംഗത്തുനിന്നു പിൻമാറി. ഫ്രൻസിസ്കൻ സന്യാസിമാരെയോ കർമ്മലീത്താ സന്യാസിമാരെയോ ആരെയെങ്കിലും തൽസ്ഥാനത്തു് അവരോധിച്ചിരുന്നുവെങ്കിൽ ഭിന്നത ഉണ്ടാകുമായിരുന്നില്ല. അതിനു പകരം ഈശോസഭക്കാർ തൽസ്ഥാനത്തു ഉറച്ചിരിക്കുകയും പുകഞ്ഞകൊള്ളി പുറത്തെന്ന നാട്യത്തിൽ സത്യപ്രതിജ്ഞ ചെയ്തവരെ അവഗണിക്കുകയും ചെയ്തു. അങ്ങനെ ഭഗ്നാശരായ ജനങ്ങൾ ആലങ്ങാട്ടുകൂടി തോമ്മാ അക്കദിയാക്കോനെ മെത്രാനായി പ്രഖ്യാപിച്ചു. മുൻപു മിശിഹായുടെ ഗിവറുഗീസ് അക്കദിയാക്കോന്റെ കാര്യത്തിലെന്നപോലെ ഈ തോമ്മാ അക്കദിയാക്കോനെയും മെത്രാനായി അഭിഷേചിക്കുന്നതിനു മാർപ്പാപ്പാ അനുവദിച്ചിട്ടുണ്ടെന്നു ധാരണ ജനങ്ങളിൽ പ്രചരിപ്പിക്കുന്നതിനു ചില തല്പരകക്ഷികൾക്കു സാധിച്ചിരുന്നു.

യഥാർത്ഥമായ കൈവയ്പോ അഭിഷേകമോ ലഭിച്ചില്ലെങ്കിലും തോമ്മാ അക്കദിയാക്കോൻ മാത്തോമ്മാ ഒന്നാമൻ എന്ന പേരിൽ മെത്രാൻ വേഷമണിയുകയും മെത്രാനടുത്ത ആധികാരികപ്രവർത്തനങ്ങളിൽ വ്യാപൃതനാകുകയും ചെയ്തതോടുകൂടി പിളർപ്പു് തീക്ഷ്ണമായി. കത്തോലിക്ക സഭയിൽനിന്നു ശരിയായ അഭിഷേകം ലഭിക്കുകയില്ലെന്നു ബോദ്ധ്യമായ അദ്ദേഹം മറ്റു പല വൈദേശിക കേന്ദ്രങ്ങളേയും അഭയം പ്രാപിച്ചു. അതനുസരിച്ചു് 1665–ൽ മാർ ഗ്രീഗോറിയോസ് എന്ന ഒരു യാക്കോബായ മെത്രാൻ കേരളത്തിലെത്തി. അദ്ദേഹത്തിൽ നിന്നാണ് യാക്കോബായ വിശ്വാസം ഇവിടെ പ്രചരിച്ചതു്. (3) മാർത്തോമ്മാ ഒന്നാമനെ തുടർന്നു പകലോമറ്റം കുടുംബാംഗങ്ങളായ ഒൻപതു മാർത്തോമ്മാമാർ പൂർണ്ണർ സമുദായത്തിന്റെ മേലദ്ധ്യക്ഷസ്ഥാനം വഹിച്ചു. ഇവരിൽ ഒന്നാം മാർ ദിവന്നാസ്യോസ് എന്ന പേരിൽ മെത്രാൻപട്ടം സ്വീകരിച്ച 6–ാം മാത്തോമ്മ പ്രഗത്ഭനായ ഒരു വ്യക്തിയായിരുന്നു. കത്തോലിക്ക സഭയുമായി പുനരൈക്യപ്പെടുന്നതിനു അദ്ദേഹം വളരെയധികം ശ്രമങ്ങൾ നടത്തിയെങ്കിലും വരാപ്പുഴ അപ്പസ്തോലിക്കാമാരുടെ പ്രതികൂല നിലപാടുമൂലം വിജയിച്ചില്ല. (4)

കേരളസഭയിലെ ഭിന്നതയെപ്പറ്റി കേട്ടപ്പോൾ ഇവിടുത്തെ സ്ഥിതിഗതികൾ അന്വേഷിച്ചു റിപ്പോർട്ടു ചെയ്യുന്നതിനായി റോമാസിംഹാസനം കർമ്മലീത്താമിഷ്യനറിമാരെ നിയോഗിച്ചയച്ചു. ഇവരിൽ ഒരാളായ ജോസഫ് സെബസ്ത്യാനിയുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ റോമാസിംഹാസനം അദ്ദേഹത്തെത്തന്നെ മലബാറിന്റെ വികാരി അപ്പ

സ്ഥാലിക്കയായി വാഴിച്ചു കേരളത്തിലേക്കയച്ചു. പക്ഷേ അതിനിടയിൽ, പൗരസ്ത്യദേശം മുഴുവൻ കൈയടക്കി വാഴാൻ ആത്തിപൂണ്ടു കഴിഞ്ഞിരുന്ന പോർത്തുഗീസുകാർ ഡച്ചുകാരാൽ നിശ്ശേഷം പരാജിതരാക്കപ്പെട്ട കേരളത്തിൽനിന്നും കെട്ടു കെട്ടേണ്ടി വന്നു. വിദേശയരായ എല്ലാവരും നാടുവിട്ടുപോകണമെന്നുള്ള ഡച്ചുകാരുടെ ആജ്ഞ അനുസരിച്ചു മാർ സെബസ്ത്യാനിക്കും കേരളം വിടേണ്ടിവന്നു. പക്ഷേ അദ്ദേഹം അതിനുമുൻപു് മാർപ്പാപ്പായിൽ നിന്നു തനിക്കു പ്രത്യേകം സിദ്ധിച്ചിരുന്ന അധികാരമുപയോഗിച്ചു്, പകലോമറ്റം കുടുംബജനും കുറവിലങ്ങാട്ടുകാരനുമായ പറമ്പിൽ ചാണ്ടിക്കത്തനാരെ മലബാർ വികാരി അപ്പസ്തോലിക്കയായി അഭിഷേകം ചെയ്തു. ചരിത്രത്തിൽ അറിയപ്പെട്ടിട്ടുള്ള നിയമാനുസൃതം അഭിഷിക്തനായ ആദ്യത്തെ ഏതദ്ദേശീയ മെത്രാനാണു് പറമ്പിൽ ചാണ്ടിമെത്രാൻ. (5)

ചാണ്ടി മെത്രാൻ കുറവിലങ്ങാടു് ആസ്ഥാനമാക്കി 1663 മുതൽ 1687 വരെ ഏറ്റം പ്രശസ്തമായ വിധം കേരളസഭയെ ഭരിച്ചു. അദ്ദേഹം പ്രായമായപ്പോഴും തനിക്കൊരു സഹായമെത്രാനെ നിയമിച്ചു തരുവാൻ റോമാസിംഹാസനത്തോടു് അഭ്യർത്ഥിച്ചു. തന്റെ അനന്തിരവനും അക്കദിയാക്കോനുമായ പറമ്പിൽ മത്തായി കത്തനാരെ സഹായമെത്രാനായി കിട്ടണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹവും അപേക്ഷയും. അന്നു കേരളത്തിലുണ്ടായിരുന്ന ഒരു കർമ്മലീത്താ മിഷ്യനറിയും പ്രസിദ്ധ സസ്യ ശാസ്ത്രജ്ഞനും, ഹോർത്തുസ് മലബാറിക്കുസി (Hortus Malabaricus) ന്റെ കർത്താവുമായ ഫാദർ മാത്യൂസ് പ്രോപ്പഗാന്ത തിരുസംഘത്തിനയച്ച ഒരു കത്തിൽ കേരള സഭയുടെ രക്ഷക്കു മത്തായി അക്കദിയാക്കോനെ മെത്രാനായി നിയമിക്കുകയാണു് വേണ്ടതെന്നു നിർദ്ദേശിച്ചിരുന്നു. കേരളത്തിലെ ഡച്ചു് അധികാരികളും പണ്ഡിതനും പ്രഗത്ഭനുമായ ഈ വൈദികനെ മെത്രാനായി നിയമിക്കണമെന്നു ശക്തിയായി ശുപാർശ ചെയ്തിരുന്നു. ഈശോ സഭക്കാരെപ്പോലെതന്നെ സമ്പന്നമായ കേരളസഭയുടെ ഭരണാധികാരം ലഭിക്കുവാൻ ആഗ്രഹിച്ചിരുന്ന കർമ്മലീത്താ മിഷനറിമാരാകട്ടെ ഈ ശുപാർശകളെല്ലാം തിരസ്കരിക്കുകയാണുണ്ടായതു്. പകരം മാർത്തോമ്മാക്രിസ്ത്യാനികൾക്കു് ഒട്ടും സ്വീകാര്യമല്ലാത്ത റഫായേൽ ഫിഗറേദൊയെന്ന യുറേഷ്യനെ അവർ മെത്രാൻ സ്ഥാനത്തേക്കു തിരഞ്ഞെടുത്തു. ചാണ്ടി മെത്രാന്റെ അവസാന നാളുകളിലെ ഒരു കണ്ടകമായിരുന്ന ഈ ഫിഗറേദോ മെത്രാൻ ഒടുവിൽ തന്റെ ഉപകർത്താക്കളായിരുന്ന കർമ്മലീത്തർക്കെതിരായിപ്പോലും പ്രവർത്തിച്ചു. തുടർന്നു് അവർതന്നെ അദ്ദേഹത്തിനെതിരായി റോമിൽ പരാതി ബോധിപ്പിക്കുകയും അദ്ദേഹം സ്ഥാനഭ്രഷ്ടനാക്കപ്പെടുകയും ചെയ്തു. ആ കല്പന ഇങ്ങെത്തുന്നതിനു മുൻപു് വിധി അദ്ദേഹത്തെ ജീവിതത്തിൽനിന്നുതന്നെ സ്ഥാനഭ്രഷ്ടനാക്കി.

പതിനേഴാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ കേരളസഭയിലെ ഏറ്റവും പ്രശസ്തനായ വ്യക്തിപറമ്പിൽ മത്തായിഅക്കദിയോക്കോനായിരുന്നു. 1678 ലാണു് മാർ അലക്സാണ്ടർ പറമ്പിൽ ഇദ്ദേഹത്തെ അക്കദിയാക്കോനായി നിയമിച്ചതു്. 1706–ൽ മരിക്കുന്നതുവരെ ആ സ്ഥാനം പ്രശസ്തമായി അദ്ദേഹം വഹിക്കുകയും ചെയ്തു. ഡച്ചു കമ്പനിക്കാരുടെ ഒരു വിശ്വസ്ത സുഹൃത്തായിരുന്ന അദ്ദേഹത്തിനു കേരളസഭയ്ക്കു പ്രയോജനകരങ്ങളായ പലതും ചെയ്യുവാൻ സാധിച്ചു. ഇദ്ദേഹത്തിന്റെ പ്രേരണയനുസരിച്ചായിരിക്കണം സുഹൃത്തും കുടുംബജനുമായിരുന്ന കട്ടക്കയത്തിൽ അബ്രാഹം ഡച്ചുകാരുടെ ദിഗ്വിജയങ്ങളെ പ്രകീർത്തിക്കുന്ന ''പടപ്പാട്ടു്'' എന്ന പ്രശസ്ത കാവ്യം രചിച്ചതു് (6). ഈ മത്തായി അക്കദിയാക്കോൻ ഡച്ചുകാരുടെയും കൊച്ചിരാജാവിന്റെയും കേരളത്തിലെ ഇതര നാടുവാഴികളുടെയും പ്രത്യേകാദരവിനു പാത്രമായിരുന്നു. എന്നാൽ ഫിഗറേദോ മെത്രാനും ചില കർമ്മലീത്താ മിഷ്യനറിമാരും അദ്ദേഹത്തിനു് എതിരായിരുന്നു. ഇരുവരും അദ്ദേഹത്തിന്റെമേൽ പാഷണ്ഡത ആരോപിച്ചിരുന്നു. പുത്തൻകൂറുകാർ അദ്ദേഹത്തെ തങ്ങളുടെ മെത്രാനാക്കുന്നതിനു ശ്രമിച്ചെങ്കിലും ആ കെണിയിൽ അദ്ദേഹം വീണില്ല. (7)

1700 മുതൽ മാത്തോമ്മാ ക്രിസ്ത്യാനികളുടെ ആദ്ധ്യാത്മികഭരണം കർമ്മലീത്താക്കാരുടെ കൈവശമായിരുന്നു. മാർത്തോമ്മാക്രിസ്ത്യാനികൾക്കു് വളരെ അധികം ബുദ്ധിമുട്ടുകൾക്കു ഇതു് കാരണമായി. തന്മൂലം വരേച്ചട്ടിയിൽനിന്നു് എരിതീയിലേക്കു വീണ അനുഭവമാണു് മാത്തോമ്മാക്രിസ്ത്യാനികൾക്കുണ്ടായതു്. 1773–ൽ വരാപ്പുഴയിലെ ഫ്രാൻസിയൂസ് മെത്രാന്റെ ശവസംസ്കാരശുശ്രൂഷയിൽ സംബന്ധിക്കാൻ സുറിയാനിക്കാരെ അനുവദിക്കാതിരുന്നതു് അവരെ സംബന്ധിച്ചിടത്തോളം ഏറ്റവും വ്യസനകരമായ ഒരു സംഗതിയായിരുന്നു. ഒരു സമുദായമെന്ന നിലയിൽ സുറിയാനിക്കാർക്കു നേരിട്ട അപമാനത്തെയും മർദ്ദനത്തെയും ചെറുക്കുവാൻ അവർക്കു നേതൃത്വം നൽകുന്നതിനു കർമ്മധീരനായ ഒരു നേതാവു രംഗത്തു വന്നു. കടനാട്ടു പള്ളി ഇടവകക്കാരൻ പാറേമ്മാക്കൽ തോമ്മാക്കത്തനാരായിരുന്നു

ആ മഹാ പുരുഷൻ. മാത്തോമ്മാക്രിസ്ത്യാനികളുടെ ഇടയിൽ സ്വാതന്ത്ര്യത്തിന്റെ രജത കാഹളം ആദ്യമായി മുഴക്കിയതു് അദ്ദേഹമാണു്. (9)

വർത്തമാനപ്പുസ്തകം ഒന്നും രണ്ടും ഭാഗങ്ങളും, ക്രിസ്ത്യാനികരണം, ഭൂലോക വിവരണം മുതലായ ഗ്രന്ഥങ്ങളുടെ കർത്താവും, അങ്ങനെ ആധുനിക മലയാളഗദ്യത്തിന്റെ ജനയിതാവുമായ ആ മഹാ പുരുഷൻ തന്റെ പ്രസംഗങ്ങളാലും പ്രബന്ധങ്ങളാലും സുറിയാനിസമുദായത്തെ സ്വാതന്ത്ര്യപ്രബുദ്ധരും കർമ്മോത്സുകരുമാക്കി. തന്റെ ജനങ്ങളുടെ സമുദ്ധാരണത്തിനു ഏതദ്ദേശീയ ഭരണം അനപേക്ഷണീയമാണെന്നു മനസ്സിലാക്കിയ അദ്ദേഹം കരിയാറ്റിൽ മല്പാനമൊന്നിച്ചു പോർത്തുഗലിലേക്കും റോമായിലേക്കും പോകുകയും ഇവിടത്തെ സ്ഥിതിഗതികളെപ്പറ്റി അധികാരസ്ഥാനങ്ങളിൽ നിവേദനം നടത്തുകയും ചെയ്തു. മാതൃസഭയിൽനിന്നും പിരിഞ്ഞു പോയവരുടെ പുനരൈക്യമായിരുന്നു ഈ യാത്രയുടെ പ്രഥമോദ്ദേശ്യം. ഒന്നാം മാർ ദിവന്നാസ്യോസിനെ കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെടുത്തുന്നതിനുവേണ്ടിയുള്ള അപേക്ഷ അവർ ആറാം പീയൂസ് മാർപ്പാപ്പായ്ക്കു് സമർപ്പിച്ചു. ലിസ്ബണിൽവച്ചു് ഫാ. കരിയാറ്റിൽ കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തായായി 1783 മാർച്ചിൽ അഭിഷേകം ചെയ്യപ്പെട്ടു. മടക്കയാത്രയിൽ അദ്ദേഹം 1783 സെപ്റ്റംബർ 9-ാം തീയതി സംശയാസ്പദമായ സാഹചര്യങ്ങളിൽ ഗോവയിൽ വച്ചു പെട്ടെന്നു നിര്യാതനായി. (9)

കൊടുങ്ങല്ലൂർ അതിരൂപതയുടെ ഗോവണ്ണ്ടോർ ആയി നിയമിതനായ പാറേമ്മാക്കൽ തോമ്മാക്കത്തനാർ നാട്ടിൽ തിരിച്ചെത്തി അതിരൂപതയുടെ ഭരണഭാരം ഏറ്റെടുത്തു. അദ്ദേഹത്തെ മെത്രാപ്പോലീത്തായായി നിയമിച്ചുകിട്ടുവാൻ മാത്തോമ്മാ ക്രിസ്ത്യാനികളും അത്യധികം ആഗ്രഹിക്കുകയും അതിലേക്കു റോമിലേക്കും പോർത്തുഗലിലേക്കും നിവേദനങ്ങളർപ്പിക്കുകയും ചെയ്തെങ്കിലും മിഷ്യനറിമാരുടെ എതിർപ്പുമൂലം അതു സഫലമായില്ല. അദ്ദേഹത്തിന്റെ ഭരണകാലത്തു സുറിയാനിക്കാർ അങ്കമാലിയിൽ മഹായോഗം ചേർന്നു് എഴുതിവെച്ച പടിയോല കേരള സുറിയാനി സമുദായത്തിന്റെ മാഗ്നാ കാർട്ടായാണെന്നു പറയാം. 1799-ൽ നിര്യാതനാകുന്നതുവരെ കൊടുങ്ങല്ലൂർ അതിരൂപതയുടെ ഭരണഭാരം അദ്ദേഹം വഹിച്ചുപോന്നു. പതിനെട്ടാം നൂറ്റാണ്ടിലെ കേരള ക്രൈസ്തവ സമുദായത്തിലെ മൂന്നു് അനശ്വര ജ്യോതിസ്സുകളാണു കരിയാറ്റിൽ മെത്രാപ്പോലീത്തായും പാറേമ്മാക്കൽ തോമ്മാക്കത്തനാരും ഒന്നാം മാർ ദിവനാസ്യോസും മെത്രാപ്പോലീത്തായും. (10)

പാറേമ്മാക്കൽ തോമ്മാക്കത്തനാരുടെ വിയോഗാനന്തരം കേരള ക്രിസ്ത്യാനികളുടെ ഭാഗധേയം പിന്നെയും യൂറോപ്യൻ കമ്മലീത്താ മിഷ്യനറിമാരുടെ കൈകളിലായി. നാട്ടുകാരെ ഏതാണ്ടു നാലാം തരം മനുഷ്യരായി കണക്കാക്കിയിരുന്ന അവരുടെ മേധാവിത്വം ദുസ്സഹമായപ്പോൾ അതിൽനിന്നു മുക്തി പ്രാപിക്കാനുള്ള മാർഗ്ഗങ്ങൾ സമുദായ നേതാക്കന്മാർ ആലോചിച്ചു. പതിനെട്ടാം നൂറ്റാണ്ടിലെ ചരിത്രപ്രസിദ്ധമായ സ്വാതന്ത്ര്യസമരം ഉടലെടുത്തതിങ്ങനെയാണു്. വൈദേശിക ഭരണത്തെ ഉച്ചാടനം ചെയ്തു സ്വന്തം രീത്തിലുള്ള മെത്രാന്മാരെ സമ്പാദിക്കുന്നതിനായിരുന്നു അവരുടെ ശ്രമം. 1853-ൽ സമുദായ നേതാക്കന്മാർ കൂറവിലങ്ങാട്ടു സമ്മേളിച്ചു് ഒരു നിവേദകസംഘത്തെ ബാബേൽ പാത്രിയർക്കീസിന്റെ പക്കലേക്കു അയക്കുന്നതിനു തീരുമാനിച്ചു. കൂടക്കച്ചേറി അന്തോനിക്കത്തനാരുടെ നേതൃത്വത്തിൽ തൊണ്ടനാട്ടു് അന്തോനിക്കത്തനാരുംപ്പെടെയുള്ള ഒരു നിവേദകസംഘം പാത്രിയർക്കീസിന്റെ പക്കലേക്കു പോയി. ഇവരിൽ കൂടക്കച്ചേറി അച്ചൻ ബാഗ്ദാദിൽവച്ചു നിര്യാതനായി. (11) അനന്തരം തൊണ്ടനാട്ടു് അന്തോനിയച്ചന്റെ നേതൃത്വത്തിൽ പാത്രിയർക്കീസിനെ സമീപിച്ചു കേരളസഭയുടെ പ്രാർത്ഥിതം അറിയിച്ചു. റോമിൽനിന്നു വേണ്ട അനുവാദം യഥാകാലം കിട്ടായ്കയാൽ പാത്രിയർക്കീസിനു ഒരു മെത്രാനെ അയക്കുക പ്രയാസമായിതോന്നി. എങ്കിലും ശീശ്മ ഒഴിവാക്കുന്നതിലേക്കു മാർ റോക്കോസ് എന്ന ഒരു മെത്രാനെ തന്റെ പ്രതിനിധിയായി കേരളത്തിലേക്കയച്ചു.

ലത്തീൻ ഭരണത്തിൽ അമർഷംകൊണ്ടിരുന്ന കേരളസുറിയാനിക്കാർ മാർ റോക്കോസിന്റെ പിന്നിൽ അണിനിരന്നു. അതൊരു ശീശ്മയ്ക്കു വഴിതെളിക്കുമെന്നു കണ്ടപ്പോൾ തിരുസിംഹാസനത്തിന്റെ ആജ്ഞ അനുസരിച്ചു പാത്രിയർക്കീസ് മാർ റോക്കോസിനെ തിരിച്ചു വിളിച്ചു. 1862-ൽ അദ്ദേഹം തിരിച്ചുപോയി. കൂടെപ്പോയ തൊണ്ടനാട്ടു് അന്തോനിയച്ചൻ കർഡിസ്റ്റാനിൽ ചെന്നു നെസ്റ്റോറിയൻ പാത്രിയർക്കീസിൽനിന്നും മാർ അബ്ദീശോ എന്ന പേരിൽ മെത്രാൻപട്ടം സ്വീകരിച്ചു. വളരെ പ്രതീക്ഷകളോടുകൂടി നാട്ടിൽ തിരിച്ചെത്തിയ അദ്ദേഹത്തെ അധികമാരും അംഗീകരിച്ചില്ല. കുറേക്കാലത്തിനുശേഷം അദ്ദേഹം പശ്ചാത്തപിച്ചു് മെത്രാൻപട്ടം രാജിവച്ചു് കത്തോലിക്കനായി വിളക്കുമാടം പള്ളി വികാരിയാകുകയും ചെയ്തു. 1874-ൽ മാർ മേലൂസ് എന്ന ഒരു മെത്രാൻ കേര

ളത്തിലെത്തുകയും ഒരു ശീശ്മക്ക കളമൊരുക്കുകയും ചെയ്തപ്പോഴം തൊണ്ടനാട്ടച്ചൻ വീണ്ടും മെത്രാൻവേഷമണിഞ്ഞു മേലൂസിന്റെ കക്ഷിയിൽ ചേരുകയും, അദ്ദേഹം തിരിച്ചു പോയതിനശേഷം ആ കക്ഷിയുടെ നേതാവായിരിക്കുകയും ശീശ്മയിൽ തന്നെ തുടർന്ന 1900—ാമാണ്ട മരിക്കുകയും ചെയ്തു. (12)

കേരളസുറിയാനിസഭ കത്തോലിക്ക സംസർഗ്ഗത്തിൽ തന്നെ തുടരണമെങ്കിൽ വരാപ്പുഴയിലെ മിഷ്യനറിമാരുടെ ഭരണത്തിൽനിന്നം മോചനം പ്രാപിക്കേണ്ടതാവശ്യമാണെന്ന സമുദായ നേതാക്കന്മാക്ക ബോദ്ധ്യമായി. പിന്നീട് എറണാകുളം വികാരി അപ്പസ്തോലിക്കയായി തീർന്ന പഴയപറമ്പിൽ ളയീസച്ചൻ അക്കാലത്തു മാന്നാനം സെമ്മിനാരിയിൽ മല്പാനം, സുറിയാനി സമുദായത്തിന്റെ സ്വാതന്ത്ര്യസമരസർവസേനാനിയായിത്തീന്ന നിധിയിരിക്കൽ മാണിയച്ചൻ അവിടെ വൈദികവിദ്യാത്ഥിയുമായിരുന്ന. ഇവരും മാന്നാനത്തുണ്ടായിരുന്ന മറു ചില വൈദികരും കൂടിയാലോചിച്ച്, സുറിയാനിക്കാക്ക തനിച്ച ഒരു കമ്മലീത്താ വൈദികനെ മെത്രാനായി നിയമിച്ച തരണമെന്ന കാണിച്ച റോമിലേക്ക ഒരു നിവേദനമയച്ചു. ഈ നിവേദനം പേരു വക്കാതെയാണ അയച്ചതെങ്കിലും, അതിലെ പ്രാത്ഥിതം ഒരു കമ്മലീത്താക്കാരനെത്തന്നെ മെത്രാനായി കിട്ടണമെന്നായിരുന്നെങ്കിലും വരാപ്പുഴ അധികാരികൾക്ക് ഇതു സഹിക്കാവുന്നതായിരുന്നില്ല. ഇതിന്റെ പേരിൽ അവർ മാന്നാനം കൊവേന്തയിൽനിന്ന് ഏഴു വൈദികരെ നിഷ്കാസനം ചെയ്തു. ഇവരാണ് ''ഏഴു വ്യാകുലങ്ങൾ'' എന്ന കേരളസഭാചരിത്രത്തിൽ അറിയപ്പെടുന്നതു്. ഇവരിൽ മീനാട്ടൂർ മാണിയച്ചൻ, തറവട്ടത്തിൽ ഹില്ലാരിയോസച്ചൻ എന്നിവർ ഭരണങ്ങാനം സ്വദേശികളായിരുന്ന. പണ്ഡിതനും സാത്വികനുമായിരുന്ന മീനാട്ടരച്ചൻ സ്വയംഭരണത്തിനുവേണ്ടി വാദിച്ചതിന വളരെ പീഡകളം സഹിക്കേണ്ടിവന്നെങ്കിലും അദ്ദേഹം ലക്ഷ്യത്തിൽ സ്ഥിരചിത്തനായിരുന്ന. തന്റെ സതീത്ഥ്യനും സഹപ്രവത്തകനുമായിരുന്ന പഴയപറമ്പിൽ ളയീസച്ചൻ സുറിയാനിക്കാരുടെ മെത്രാനായി, സ്വപ്രാത്ഥിതം സാധിതമാകുന്നതു കാണാനുള്ള ഭാഗ്യം അദ്ദേഹത്തിനുണ്ടായി. (13)

പത്തൊൻപതാം നൂറാണ്ടിന്റെ ഉത്തരാർദ്ധത്തിൽ കേരളസഭയുടെ ഏറ്റവും പ്രഗല്ഭനായ പുത്തൻകൂറവിലങ്ങാട്ട് ഇടവകയിൽ നിധിയിരിക്കൽ മാണിക്കത്തനാരായിരുന്ന. സ്വാതന്ത്ര്യ സമരത്തിലെ സർവ സേനാനിയെന്ന് അദ്ദേഹത്തെ വിശേഷിപ്പിക്കാം. കേരളസഭയുടെ ചിരപുരാതനമായ കൽദായ റീത്തും ആരാധനാക്രമവും സംരക്ഷിക്കുന്നതിനും അവർക്ക സ്വജാതി മെത്രാന്മാരെ ലഭിക്കുന്നതിനും അദ്ദേഹം ചെയ്തിട്ടുള്ള സേവനങ്ങളും സഹിച്ചിട്ടുള്ള ത്യാഗങ്ങളും സുറിയാനിസമുദായത്തിന ഒരു നാളും വിസ്മരിക്കാവതല്ല. ബഹുമുഖങ്ങളായ കഴിവുകളോടും പ്രവത്തനശൈലികളോടുംകൂടിയ അദ്ദേഹത്തിന സമനായി അദ്ദേഹം മാത്രമേ ആ കാലഘട്ടത്തിൽ ഉണ്ടായിരുന്നുള്ള. ''തെക്കേ ഇന്ത്യയിൽ നിധിയിരി മാണിക്കത്തനാരെപ്പോലെ ഒരു മഹാൻ വേറെ ഉണ്ടായിട്ടില്ല'' എന്ന തിരുവിതാംകൂർ ചീഫ് സിക്രട്ടറിയായിരുന്ന പി. താണുപിള്ള പറഞ്ഞിട്ടുള്ളതു് എത്രയോ വാസ്തവം. (14)

സുറിയാനിക്കാരുടെ അപേക്ഷ പോലെ അവരെ വരാപ്പുഴ ഭരണത്തിൽനിന്ന വേർപെടുത്തി, അവക്കായി തൃശ്ശൂരും കോട്ടയത്തും രണ്ടു വികാരിയാത്തുകളം സ്ഥാപിതമായപ്പോഴം, കോട്ടയം വികാരി അപ്പസ്തോലിക്ക ഡോക്ടർ ലവീഞ്ഞ്, പൊന്തിഫിക്കൽ അധികാരത്തോടുകൂടിയ വികാരിജനറാളായി മാണിയച്ചനെ നിയമിച്ചു. ഡോ. ലവീഞ്ഞ് ഊട്ടിയിൽ വിശ്രമത്തിന പോയപ്പോഴം വികാരിയാത്തിന്റെ അഡ്മിനിസ്ട്രേറ്റർ ആയതും അദ്ദേഹമാണ്. പക്ഷെ ലവീഞ്ഞു മെത്രാൻ കുറച്ചു കഴിഞ്ഞപ്പോഴം അദ്ദേഹത്തെ വികാരിജനറാൾ സ്ഥാനത്തുനിന്നും മാറ്റി. വികാരിജനറാൾ ആയിരുന്നപ്പോഴും അതിനുശേഷവും സ്വയം ഭരണത്തിനായുള്ള സമരം അദ്ദഹം തുടർന്നുകൊണ്ടിരുന്ന. 1896-ൽ സുറിയാനിക്കാരായ മൂന്ന വികാരി അപ്പസ്തോലിക്കാമാർ നിയമിതരായപ്പോഴം അദ്ദേഹത്തിന്റെ സമരം വിജയത്തിലെത്തിയെന്ന പറയാം. ഈ സമരത്തിനിടയിലും ആയിരത്തിൽ പരമാളുകളെ അദ്ദേഹം നേരിട്ട് മാനസാന്തരപ്പെടുത്തുകയുണ്ടായി. ഇരുളിലാണ്ടിരുന്ന കേരളസഭയുടെ പ്രാചീന ചരിത്രം വെളിച്ചത്തു കൊണ്ടുവരുന്നതിന അദ്ദേഹം ചെയ്ത യത്നങ്ങളം മഹത്തരമായിട്ടുള്ളതാകുന്ന. പുത്തൻകൂർ—പഴയകൂർ യോജിപ്പിനുവേണ്ടി അദ്ദേഹം നടത്തിയ ശ്രമങ്ങളം അധികാരികളുടെ എതിർപ്പുമൂലം ഫലമണിഞ്ഞില്ല. (15)

ഈ കാലഘട്ടത്തിലെ പ്രസ്താവാർഹനായ മറെറാരു മഹാവ്യക്തി പാലാ ഇടവകക്കാരൻ കട്ടക്കയത്തിൽ വലിയ ചാണ്ടിയച്ചനാണ്. സ്വാതന്ത്ര്യ സമരത്തിന്റെ മുൻപന്തിയിൽ അദ്ദേഹത്തെ നാം കാണുന്നില്ലെങ്കിലും പിന്നണിയിൽനിന്ന് അതിനുത്തേജനം നൽകുന്നതിലും, റോക്കോസിന്റെയും മേലൂസിന്റെയും ശീശ്മകളെ ഉന്മൂലനം ചെയ്യുന്നതിലും അദ്ദേഹം ആരുടേയും പിന്നിലായിരുന്നില്ല.

മിഷ്യനറിമാരുമായുള്ള അഭിപ്രായഭിന്നതയുടെ മൂല്യത്തിൽ സാമാന്യജനത കത്തോലിക്കസംസർഗ്ഗത്തിൽനിന്നു വഴതിപ്പോകാതിരിക്കുന്നതിനും ആദ്ധ്യാത്മികപ്രബുദ്ധരായി വളരുന്നതിനും ധ്യാനപരിപാടികളും സംഘടിപ്പിക്കുന്നതിൽ അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു. കേരളത്തിലെ സുറിയാനി കമ്മ്യൂണിസ്റ്റുകാരുടെ ഒന്നാമത്തെ പ്രിയോർജനറൽ ആയിത്തീർന്ന അദ്ദേഹം ആ സന്യാസിനിസഭയുടെയും വളർച്ചയ്ക്കു കുറച്ചൊന്നുമല്ലാ യത്നിച്ചിട്ടുള്ളതു്, മാർപ്പാപ്പായിൽനിന്നു 'മിഷ്യനറി അപ്പസ്തോലിക്ക' എന്ന ബിരുദം നേടിയെടുത്ത അദ്ദേഹം കേരളസഭയുടെ അഭിമാനഭാജനമാണു്. അദ്ദേഹത്തിന്റെ അനന്തിരവനും അനന്തരഗാമിയുമായ കട്ടക്കയത്തിൽ കൊച്ചുചാണ്ടിയച്ചനും പ്രകൃതത്തിൽ ആദരപൂർവ്വം സ്മരിക്കപ്പെടേണ്ടതാണു്. (16)

മാണിക്കത്തനാരുടെ നിശ്ശ്വാസനത്തെത്തുടർന്നു കോട്ടയം വികാരിയാത്തിൽ വടക്കുംഭാഗരുടെ വികാരി ജനറാളായിരുന്ന പാലാ ഇടവക തയ്യിൽ യൗസേപ്പുകത്തനാരും സ്വാതന്ത്ര്യസമരത്തിലെ ഒരു വീരഭടനായിരുന്നു. 1876—ൽ റോമിലേക്കു വിസിറർവശം അയച്ച ഹർജിയിലെ ആദ്യ ഒപ്പുകാരൻ അദ്ദേഹമാണു്. അന്നത്തെ സാഹചര്യത്തിൽ അതൊരു ധീരപ്രവൃത്തിയായിരുന്നു. 1892 മുതൽ 1908 വരെ തെക്കുംഭാഗക്കും വടക്കുംഭാഗക്കും മൊത്തത്തിൽ ഒരു വികാരിജനറാളെ ഉണ്ടായിരുന്നുള്ളു. പറമ്പിൽ ചാണ്ടിമെത്രാനുശേഷം സുറിയാനി റീത്തിൽ ആദ്യമായി സ്ഥൈര്യലേപനം നൽകിയതു് അദ്ദേഹമാണു്. സുറിയാനിറീത്തിന്റെ ഒരു വിശ്വസ്ത കാവൽ ഭടനായിരുന്ന മരണപര്യന്തം അദ്ദേഹം. (17)

സ്വജാതി മെത്രാനെ കിട്ടുകയെന്ന സുറിയാനിക്കാരുടെ ആഗ്രഹം 1896—ൽ ഒരു യാഥാർത്ഥ്യമായിത്തീർന്നുവെങ്കിലും ചങ്ങനാശ്ശേരി വികാരിയാത്തിൽ സമരം കെട്ടടങ്ങിയില്ല. ഭൂരിപക്ഷം വടക്കുംഭാഗരടങ്ങിയ ആ വികാരിയാത്തിൽ ഒരു തെക്കുംഭാഗൻ വികാരി അപ്പസ്തോലിക്കയായിയെന്നതായിരുന്നു അഭിപ്രായവ്യത്യാസത്തിനു നിദാനം. പ്രശസ്തനായ നിധിയിരിക്കൽ മാണിക്കത്തനാർ കോട്ടയം വികാരിയാത്തിന്റെ വികാരിജനറാളും ആയപ്പോഴും അദ്ദേഹത്തിനു വഴങ്ങുകയില്ലെന്നു ശഠിച്ച തെക്കുംഭാഗക്കർ തനിച്ചു ഒരു വികാരി ജനറലിനുവേണ്ടി വാദിച്ചു ആയം തന്നെ വടക്കുംഭാഗക്കാരുടെമേൽ വികാരി അപ്പസ്തോലിക്കയായതാണു് ഭിന്നതയ്ക്കു കാരണം. ഒരു വടക്കുംഭാഗന്റെ കീഴിൽ തെക്കുംഭാഗം ഇരിക്കുകയില്ലെങ്കിൽ തെക്കുംഭാഗന്റെ കീഴിൽ വടക്കുംഭാഗർ ഇരുന്നുകൊള്ളണമെന്നു ശഠിക്കുന്നതു ഭംഗിയല്ലല്ലോ. അതിലധികമായി സുറിയാനിക്കാർ വരാപ്പുഴ ഭരണത്തിൽനിന്നു മോചനം പ്രാപിക്കുന്നതിനായി സമരം നടത്തുകയും പീഡകളും സഹിക്കുകയും ചെയ്തിരുന്ന കാലത്തു് വരാപ്പുഴ പക്ഷത്തു ചേർന്നു നിന്നുകൊണ്ടു സമരക്കാരെക്കെതിരായി പ്രവർത്തിച്ചിരുന്ന വ്യക്തി സമരത്തിന്റെ ഗുണഭോക്താവായി രംഗത്തുവന്നപ്പോഴും ജനങ്ങളുടെ അമർഷം ആളിക്കത്തുകതന്നെ ചെയ്തു. ഈ പ്രക്ഷോഭണത്തിനു് കിഴക്കൻ പ്രദേശങ്ങളിൽ നേതൃത്വം വഹിച്ചിരുന്നവർ തെള്ളിയിൽ വക്കിയച്ചൻ, മാറാമറ്റത്തിൽ മാണിയച്ചൻ, കാപ്പിൽ വലിയ കുര്യാക്കോസച്ചൻ, ഓലിക്കലച്ചൻ മുതലായ വൈദികവരേണ്യരായിരുന്നു.(18) 1911—ൽ ചങ്ങനാശേരി വികാരിയാത്തിലേക്കു കുര്യാളശ്ശേരി മാർ തോമ്മാ മെത്രാൻ നിയമിതനായതോടുകൂടി ഈ പ്രക്ഷോഭണവും വിജയപര്യവസായിയായി.

അങ്ങനെ ആദ്ധ്യാത്മികമായ സ്വാതന്ത്ര്യപ്രാപ്തിയുടെ പൊൻപുലരിയോടുകൂടിയാണു് ഇരുപതാം നൂറ്റാണ്ടു് ഉദയംചെയ്തതു്. 1923—ൽ ഹയരാർക്കി അനുവദിച്ചുകിട്ടിയതോടുകൂടി ദീർഘകാലികമായ അവരുടെ യത്നങ്ങളും പരിപൂർണ്ണ സാഫല്യമടഞ്ഞു. പ്രശ്നങ്ങളുടെ ഗൗരവം കുറഞ്ഞതോടുകൂടി നേതൃത്വത്തിന്റെ ആവശ്യകതയും കുറഞ്ഞുവന്നു. സഭയുടെയും റീത്തിന്റെയും കാര്യത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചിരുന്ന വൈദികരുടെ സേവനരംഗങ്ങളും അനേകങ്ങളായതു മറെറാരു കാരണമാകാം. വൈദിക വിദ്യാഭ്യാസരംഗത്തു് കളപ്പുരയ്ക്കൽ അന്ത്രയോസു് മല്പാൻ, വടക്കേൽ മത്തായി കത്തനാർ, സാഹിത്യവേദിയിൽ ക. നി. മൂ. സ. മാണിക്കത്തനാർ, മറ്റത്തിൽ കുര്യൻ കത്തനാർ, സഭാഭരണരംഗത്തു മണ്ണനാൽ കുര്യൻ കത്തനാർ, മേച്ചേരിക്കുന്നേൽ മാണിക്കത്തനാർ മുതലായ മഹാമതികളും പ്രശസ്തചരിതരായിത്തീർന്നിട്ടുള്ളവരാണു്.

ഇരുപതാം നൂറ്റാണ്ടിൽ സഭാസംബന്ധമായ പ്രശ്നങ്ങളും കുറവായിരുന്നെങ്കിലും സാമുദായികവും പൗരപരവുമായ അനേകം പ്രശ്നങ്ങളും സമുദായം അഭിമുഖീകരിക്കേണ്ടിവന്നു. ഈ രംഗത്തിൽ അൽമായ നേതൃത്വത്തിന്റെ ഉദയമാണു നാം കാണുന്നതു്. സ്വർഗ്ഗീയ സിറിയക്കു് നിധിയിരി, ജോൺ നിധിയിരി, ആർ. വി. തോമ്മസു്, കെ. സി. സെബാസ്റ്റ്യൻ, ഏ. ഒ. ജോസഫു്, ടി. ജെ. മാത്യു തെള്ളിയിൽ, ജോർജു് തോമസു് കൊട്ടുകാപ്പള്ളി, മഹാകവി കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള, ഡോക്ടർ പി. ജെ. തോമസു് തുടങ്ങി കേരള ക്രൈസ്തവ സമു

ദായത്തിനു് എക്കാലത്തും അഭിമാനിക്കത്തക്ക ഒരു നേതൃപരമ്പരതന്നെ മീനച്ചിൽ പ്രദേശങ്ങളിൽ ഉദയം ചെയ്യുകയുണ്ടായി.


ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലേക്കു കടന്നാൽ ക്രിസ്തുവിന്റെ മുന്തിരിത്തോട്ടത്തിൽ വേലചെയ്യുവാൻ കൃതപ്രതിജ്ഞരായ മിഷനറി വൈദികരുടേയും സന്ന്യാസിനികളുടെയും അത്ഭുതാവഹമായ ഒരു പരമ്പരതന്നെ നമുക്കു കാണാം. അരഡസനിലേറെ വൈദിക മേലദ്ധ്യക്ഷന്മാരെത്തന്നെ പാലാ പ്രദേശങ്ങൾ ഭാരതസഭയ്ക്കു പ്രദാനം ചെയ്തിരിക്കുന്നു. അവരിൽ പാവനചരിതനും ഭാഗ്യസ്മരണാർഹനുമായ കാവുകാട്ടു മത്തായി മെത്രാപ്പോലീത്താ ഒരു ധ്രുവനക്ഷത്രംപോലെ പ്രശോഭിക്കുന്നു. 1958–ലെ വിദ്യാഭ്യാസബില്ലിൽ പ്രക്ഷോഭണത്തിലും 1962–ലെ കടിയിറക്കു പ്രക്ഷോഭണത്തിലും അദ്ദേഹം നല്കിയ നേതൃത്വം ക്രൈസ്തവസമുദായം എന്നും കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നതാണു്. വീടില്ലാത്ത പാവങ്ങൾക്കു വീടുവെച്ചുകൊടുക്കുന്ന പദ്ധതിയുടെ പ്രാരംഭകനായ അദ്ദേഹം പാവങ്ങളുടെ പിതാവായി ചരിത്രത്തിൽ അറിയപ്പെടും.

കേരള സുറിയാനിക്കാർക്കു സ്വജാതി മെത്രാന്മാരും ഹയരാർക്കിയും കരഗതമായി എങ്കിലും സുറിയാനി റീത്തു് അതിന്റെ പ്രാചീനമഹത്വത്തിലേക്കു സമാനയിക്കപ്പെടുകയെന്ന പ്രശ്നം പിന്നെയും അവശേഷിക്കുന്നു. ഈ വിഷയത്തിൽ പ്രശംസനീയമായ സേവനമനുഷ്ഠിച്ചുകൊണ്ടിരിക്കുന്ന ഒരു മഹാപുരുഷനാണു് ഇപ്പോഴും മെത്രാൻപട്ട രജതജൂബിലി കൊണ്ടാടുന്ന മാർ സെബാസ്റ്റ്യൻ വയലിൽ തിരുമേനി. കഴിഞ്ഞ 25 വർഷക്കാലത്തിനിടയ്ക്കു ബഹുമുഖങ്ങളായ രംഗങ്ങളിൽ അദ്ദേഹം പ്രശസ്തങ്ങളായ സേവനങ്ങളനുഷ്ഠിച്ചിട്ടുണ്ടെങ്കിലും സുറിയാനി റീത്തിന്റെ സമുദ്ധാരകൻ എന്ന നിലയിലായിരിക്കും ഭാവി സഭാചരിത്രകാരന്മാർ അദ്ദേഹത്തെ കൂടുതലായി അനുസ്മരിക്കുകയെന്നു് എനിക്കു തോന്നുന്നു. മിശിഹായുടെ ഗീവറുഗീസു് അക്കിയാക്കോൻ തൊട്ടിങ്കൊട്ട ചരിത്രം സൃഷ്ടിച്ച മതിമാന്മാരുടെ ഗണത്തിൽ അനന്തരമായ ഒരു സ്ഥാനം അദ്ദേഹം കരസ്ഥമാക്കിയിരിക്കുന്നു. സ്വതസ്സിദ്ധമായ കുലീനതയാലും ഹൃദയവിശാലതയാലും സ്വാതന്ത്ര്യപ്രേമത്താലും സമാരാദ്ധ്യനായ തിരുമേനി സുറിയാനി സമുദായത്തിന്റെ അഭിമാനഭാജനമാണെന്നുള്ളതിനു തർക്കമില്ല.


---

1. കേരളസഭാതാരങ്ങൾ പുറം 27–32; The Arch deacons of All India P P. 82-133.
2. British Museum Ms. Add. 28461 ff. 57-58. Arch deacons of All India P. 103
3. കേരളസഭാതാരങ്ങൾ പുറം 33–36. The Arch deacons of All India PP. 134-147.
4. കേരളക്രിസ്ത്യാനികൾ പുറം 263-268. The Syro-Malankara Church, PP. 25-40.
5. കേരളസഭാതാരങ്ങൾ പുറം 37–41. ക്രൈസ്തവവിജ്ഞാനകോശം പുറം 62–64.
6. ഭാഷാപ്രേമികൾ ഒന്നാംഭാഗം പുറം 24–63.
7. The Arch deacon of all India PP 152-178
8. വർത്തമാനപ്പുസ്തകം പുറം 1–11. കേരളക്രിസ്ത്യാനികൾ പുറം 277–285
9. കേരളസഭാതാരങ്ങൾ പുറം 46–50. കേരള ക്രിസ്ത്യാനികൾ പുറം 282–283.
10. കേരളസഭാതാരങ്ങൾ പുറം 51–55. കേരളക്രിസ്ത്യാനികൾ പുറം 283–285
11. കേരളസഭാതാരങ്ങൾ പുറം 77–80.
12. കേരളസഭാതാരങ്ങൾ പുറം 122–125.
13. മാർ ളയീസു് പഴയപറമ്പിൽ പുറം 735–740, 744—746
14. കേരളസഭാതാരങ്ങൾ പുറം 129—135
15. Father Nidhiry PP. 168-300
16. കേരളസഭാതാരങ്ങൾ പുറം 137–140, 205–209
17. കേരളസഭാതാരങ്ങൾ പുറം 136–138
18. A. K. C. C. Bulletin Souvenir P. 127


SEMINARIES




Good Shepherd Minor Seminary, Palai




Deepti College, Ampara, Bharananganam




Claret Bhavan, Kuravilangad




St. Joseph's Mission Home, Palai




C. M. I.Seminary, Mutholy




Assissi, Bharananganam




Bishop's House



St. Thomas Press, Palai



St. Thomas High School Palai



പാറേമ്മാക്കൽ ഗോവർണദോരുടെ പല്ലക്കു്,
കരിയാറ്റിൽ മെത്രാപ്പോലീത്തായ്ക്കു് പോർട്ടുഗൽരാജ്ഞിസമ്മാനിച്ച കുരിശും മാലയും, കാസാ, പീലാസ തുടങ്ങിയ പൂജാപാത്രങ്ങളും. ഇവ രാമപുരം ഫൊറാനാപ്പള്ളിയിൽ സൂക്ഷിച്ചിരിക്കുന്നു.

പ്രേഷിത പ്രബോധനം *

പ്രവിത്താനം പി. എം. ദേവസ്യാ

ക്രിസ്തുദേവനൊരിക്കൽ, ത്തൻ—
ശിഷ്യർ പന്ത്രണ്ടുപേരേയും
വിളിച്ചടുക്കൽ നിർത്തിക്കൊ—
ണ്ടേവം കല്പിച്ചു കാമിതം. 1

"ഭ്രതബാധകളം നീക്കീടാൻ,
രോഗശാന്തിവരുത്തുവാൻ,
തരുന്ന ശക്തിയും, നിങ്ങളം—
ക്കിന്നു ഞാനധികാരവും. 2

പോയ് പ്രസംഗിക്കുവിൻ, ദൈവ—
രാജ്യം ജനപദങ്ങളിൽ,
രോഗപീഡിതരെസ്സൗഖ്യ—
മാക്കുവിൻ ശങ്കയെന്നിയേ. 3

പുറജാതികളം മാറ്റുത്തിൽ
കൂടി നിങ്ങളം ഗമിക്കൊലാ,
വേശിക്കരുതു ശമ്രായർ
മരുവും നഗരത്തിലും. 4

ഇസ്രായേലിന്റെ, ഗോത്രത്തിൽ
നഷ്ടമായോരജങ്ങളെ
തേടുവാൻ, തദ്ദ്യപാന്തത്തിൽ
പ്പോകുവിൻ നിങ്ങളം മുഖ്യമായ്. 5

യാത്രയിൽ, ശ്ലൂകയേതും വി—
ട്ടാരാൽക്കണ്ടെത്തുമാരൊട്ടം
'സമീപസ്ഥിതമായ് സ്വർഗ്ഗ—
രാജ്യ'മെന്നു കഥിക്കുവിൻ. 6

കുഷ്ഠബാധിതരെശ്ശുദ്ധ—
രാക്കുവിൻ മടിയെന്നിയേ,
പിശാചുക്കളെയെങ്ങെങ്ങും
പുറത്താക്കിയകറ്റുവിൻ. 7

രോഗികളംക്കു ചിരം സൗഖ്യ—
മേകുവിൻ കൃതകൃത്യരായ്;
സൗജന്യമായി നിങ്ങളംക്കു
കിട്ടീ, നല്കുവിനാവിധം. 8

സ്വർണ്ണമോ, വെള്ളിയോ, ചെമ്പോ,
സ്വന്തമായ് നാണയങ്ങളോ,
യാത്രയിൽ കൈവശം കൊണ്ടു—
പോകുവാൻ കരുതിടൊലാ. 9

വഴിക്കു ഭാണ്ഡമോ, ദണ്ഡോ,
രണ്ടുടുപ്പോ, പാദത്രമോ,
കൊണ്ടുപോകൊല്ല, വേലക്കാ—
രർഹിക്കുന്നുണ്ടു ഭോജനം. 10

നിങ്ങളെത്തും പുരംതന്നിൽ
മാന്യനാരെന്നു വേണ്ടപോൽ—
തിരക്കി ത്തത്ര സാമോദം
പാർക്കുവിൻ, പോയിടും വരെ. 11

നിങ്ങളം ചെന്നൊരു ഗേഹത്തിൽ
പ്രവേശിക്കുന്ന വേളയിൽ
ആശംസിക്കണ, മാ വീട്ടി—
ന്നാദ്യമായ്ത്തന്നെ ശാന്തിയെ. 12

വേണ്ടമർഹതയാ വീടി—
ന്നുണ്ടെങ്കിൽ, സ്സംശയംവിനാ
നിങ്ങളംതൻ ശാന്തി, യ ഗ്ഗേഹ—
ത്തിന്നു ഭൂഷണമായ് വരും. 13

അനർഹമാണു തൻ ഗ്ഗേഹ—
മെങ്കിൽ നിങ്ങളിലേക്കു താൻ,
നിങ്ങളം നേർന്ന സമാധാനം
തിരികെപ്പോരുമക്ഷണം. 14

നിങ്ങളെ സ്വീകരിക്കാനും,
നിങ്ങളോളം സുഭാഷിതം
കേൾക്കാനും മടികാട്ടുന്നോർ
മേവും വീട്ടം, പ്രദേശവും, 15

വിട്ടു മറെറാരിടത്തേയ്ക്കു
നിങ്ങളം പോകുന്ന വേളയിൽ,
തട്ടിക്കളയുവിൻ കാലിൽ—
നിന്നു രേണുക്കളെത്രയും. 16

[യുഗ്മകം]

വിധിനാളവയെക്കാളും
''സേ്ദാമു,'' ''മാമോറ''യും പരം
ആശ്വസ്തമാകുമെന്നീ ഞാൻ
സത്യമായ് പ്പറയുന്നിതാ. 17

ചെന്നായ്ക്കളെമരും ദിക്കിൽ—
ക്കുഞ്ഞാടുകളെയെന്നപോൽ,
വത്സരേ, ഞാനയയ്ക്കുന്ന
നിങ്ങളെസ്സൂക്ഷ്മ പേരേയും. 18

ആകയാൽ, നിങ്ങൾ സർപ്പങ്ങൾ—
ക്കിയലുന്ന വിവേകവും,
പ്രാക്കൾ തൻ ശുദ്ധിയും ഹൃത്തിൽ
നിത്യമുള്ളവരാകുവിൻ. 19

സൂക്ഷിച്ചുകൊള്ളുവിൻ മേന്മേൽ
മർത്ത്യരേ,യവർ നിങ്ങളെ
ന്യായാധിപ സമക്ഷത്തി—
ലേല്പിക്കും ശിക്ഷനൽകുവാൻ 20

അവർ സംഘങ്ങളിൽവച്ചു
തെല്ലുമാർദ്രതയെന്നിയേ
നിങ്ങളെ പ്രഹരിക്കും, മേൽ
പീഡയേല്പ്പിക്കു മുഗ്രമായ്. 21

രാജാവിൻ മുൻപിലും, നാടു—
വാണിടുന്നോർക്കടുക്കലും
നിങ്ങളിൽ, മറെറാരോ ജാതി—
ക്കാക്കും തങ്ങൾക്കു തന്നെയും, 22

വ്യാജസാക്ഷ്യങ്ങളാൽ, ക്രൂറാ—
രോപണം സാദ്ധ്യമാക്കുവാൻ
അവർ നിങ്ങളെ ഹാ! നീത—
രാക്കിടും ഞാൻ നിമിത്തമായ്. 23

[യുഗ്മകം]

അവിടെ,ത്തങ്ങളെന്തൊന്നെ—
ങ്ങനെയോതിടുമിങ്ങനെ
ശങ്കവേണ്ട, കഥിക്കേണ്ട—
തെല്ലാം നല്കപ്പെടും തദാ. 24

നിങ്ങളല്ലപ്പൊഴോതുന്ന—
തവ, നിങ്ങൾ മുഖാന്തരം
പിതാവിൻ ദിവ്യമാമാത്മാ—
വത്രേ ഭാഷിപ്പുയുക്തമായ്. 25

താതൻ പുത്രനെയും, ഭ്രാതാ—
സ്വന്തംഭ്രാതാവെയും, തഥാ.
പുത്രൻ താതനെയും നല്കും
കൊലയ്ക്കായ് ശത്രുപാണിയിൽ. 26

ദ്വിഷ്ടരായ്ത്തീരു, മെൻനാമം—
നിമിത്തം നിങ്ങളുവ്വിയിൽ;
സഹിച്ചുനിൽക്കു മാ രന്ത്യം—
വരെ,? ജീവിക്കുമായവൻ. 27

പുരമൊന്നിൽ,പ്പുരം പീഡ
നിങ്ങൾക്കവരണയ്ക്കുകിൽ,
മറെറാന്നിലേയ്ക്കു വേഗത്തി—
ലോടിപ്പൊയ്ക്കൊള്ളുവിൻ തദാ. 28

മനുഷ്യപുത്രനെത്തീടും—
വരെ, യിസ്രേൽപ്പുരങ്ങളെ
നടന്നു നിങ്ങൾ തീർക്കില്ലെ—
ന്നോതുന്നു സത്യമായീ ഞാൻ. 29

ശിഷ്യനുന്നതനല്ലേതും
ഗുരുവേക്കാളൊരിക്കലും,
കിങ്കരൻ പ്രഭുവേക്കാള—
മേലല്ലെന്നും ധരിക്കുവിൻ. 30

ശിഷ്യൻ ഗുരുവിനോടൊപ്പം,
ദാസൻ നാഥനൊടൊപ്പവും
ആയിത്തീരുന്നതേ പോരു,—
മാശിച്ചീടേണ്ടതില്ലരം. 31

ഗൃഹനാഥനെ, സാത്താനെ—
ന്നവർ ഹന്ത! വിളിക്കുകിൽ,
എത്രയേറെ വിളിക്കില്ല
വീട്ടിൽ മറുള്ളകുട്ടരെ! 32

ആകയാ,ലവരെത്തെല്ലും
നിങ്ങൾ ഭീതിപ്പെടേണ്ട മേൽ;
വെളിപ്പെടാതെയില്ലൊന്നും
മറവാ,യറിയാതെയും. 33

ഞാനിരുട്ടിൽക്കഥിക്കുന്ന—
തോതുവിൻ നിങ്ങൾ ദീപ്തിയിൽ,
പുരമേൽ നിന്നു ഘോഷിപ്പിൻ.
ചെവിയിൽക്കേൾപ്പതത്രയും. 34

ശരീരത്തെ വധിക്കുന്നോ—
രെങ്കിലും, ദേഹിതൻ വധം
സാധിപ്പാൻ കഴിവരേറാരെ—
പ്പറ്റി ഭീ വേണ്ട നിങ്ങളിൽ. 35

ദേഹിദേഹങ്ങളെത്തീ വ്വ—
നരകത്തിൽ ഹനിക്കുവാൻ
കഴിയുന്നവനേ നിങ്ങൾ
പേടിപ്പിനധികാധികം. 36

വില്ക്കപ്പെടുന്നതില്ലേ, കാ—
ശൊന്നിനു ചടകദ്വയം?
പിതാവറിഞ്ഞിടാതിങ്ങു—
വീഴില്ലവയിലൊന്നുമേ. 37

മൂർദ്ധ്നി നിങ്ങൾക്കെഴും രോമം
കൂടെയും വീഴ്ചയെന്നിയേ
സൂക്ഷ്മം കൃത്യമായെണ്ണ—
പ്പെട്ടിരിക്കുന്നു മുന്നമേ. 38

ആകയാൽ, വത്സരേ, വേണ്ട
നിങ്ങൾക്കു ഭയമൊന്നിലും,
കളപിംഗങ്ങളെക്കാളും
നിങ്ങളുൽക്കൃഷ്ടരല്ലയോ. 39

മർത്ത്യർക്കു മുൻപി, ലാരെന്നെ—
സ്വീകരിച്ചു കഥിക്കുമോ?
അവരെ സ്വീകരിച്ചോരും
ഞാനു, മെൻ താതസന്നിധൗ. 40

എന്നെ മർത്ത്യക്കു മുൻപാകെ—
ത്തള്ളിപ്പറയുമാരെയും,
ഞാനും സ്വർഗ്ഗസ്ഥനാം താതൻ—
മുന്നിൽത്തള്ളിപ്പറഞ്ഞിടും. 41

ഭൂമിയിൽ ഞാൻ സമാധാനം
സ്ഥാപിക്കാൻ വന്നുചേർന്നതായ്
നിങ്ങളോർക്കേണ്ട, വാളത്രേ
ഞാൻ പ്രതിഷ്ഠിപ്പതുഴിയിൽ. 42

പുത്രിയെ ജനയിത്രീക്കും,
പുത്രനെ ജനിതാവിനും,
സ്നുഷയെ ശ്വശ്രുവിന്നും, ഞാ—
നെതിരാക്കും പരസ്പരം. 43

ഒരു മാനവനോടിങ്ങു,
ഞാൻ നിമിത്തം നിരന്തരം
അവന്റെ വീട്ടുകാരെല്ലാം
പരിപന്ഥികളായ് വരും. 44

താതമാതാക്കളെശ്ശ്രാദ്ധ—
മെന്നെക്കാളിദ്ധരിത്രിയിൽ
സ്നേഹിക്കുമൊരുവൻ, യോഗ്യ—
നല്ലെനിക്കു, ധരിക്കുവിൻ. 45

എന്നെക്കാളും മക്കളെയേറെ—
സ്നേഹിക്കും ജനിതാക്കളും
എനിക്കു യോഗ്യരല്ലെന്നു
തീർത്തും ഞാൻ പറയുന്നിതാ. 46

തൻ കുരിശ്ശും വഹിച്ചെന്റെ
പിന്നാലെ വന്നിടാത്തവർ
ഏവരും യോഗ്യരല്ലേതു—
മെനിക്കു ഭുവി, നിർണ്ണയം. 47

ഹനിക്കും സ്വന്തമാം ജീവൻ
സൂക്ഷിപ്പോനതിനെ സ്വയം;
എന്നെക്കുറിച്ചു തൻ ജീവൻ
ഹനിപ്പോ,നതു ലഭ്യമാം. 48

നിങ്ങളെ സ്വീകരിക്കുന്നോൻ
സ്വീകരിക്കുന്നു മാം, തഥാ
മാമയച്ചവനേ, മാം സ്വീ—
കരിപ്പോൻ സ്വീകരിച്ചിടും. 49

പ്രവാചകാഭിധാനത്തിൽ
പ്രവാചകരിലേകനെ
ഗ്രഹിപ്പോൻ നേടുമദ്ദിവ്യാ—
ത്മാവിൻ പ്രതിഫലം തദാ. 50

നീതിമാൻ തന്റെ നാമത്തിൽ
നീതിമാനാമൊരുത്തനെ
സ്വീകരിപ്പവനാർജ്ജിക്കും
നീതിമാനുള്ള കൂലിയെ. 51

ശിഷ്യനാമത്തിലിക്കാണും
ചെറിയോരിലൊരാൾ, ക്കൊരാൾ
ഒരു പാത്രം ജലം പാനം—
ചെയ്വതിന്നൻപോടേകിയാൽ, 52

വത്സരേ, നഷ്ടമായ്പ്പോകി—
ല്ലവൻ തൻകൂലി, യെന്നു ഞാൻ
സത്യമായ്ത്തന്നെയിത്തവ്വിൽ—
ക്കഥിപ്പു നിങ്ങളോടിതാ. 53

[യുഗ്മകം]

---

* അടുത്തു പ്രസിദ്ധീകരിക്കുന്ന "ശ്രീയേശു ഗീത"യിൽനിന്നു്

പാലാ രൂപതാ തലസ്ഥാനം

തോമസ് ജോസഫ് കൊട്ടുകാപ്പള്ളി

മാർക്കോപോളോ കേരളം സന്ദർശിക്കുന്നതിനു് മൂന്നു നൂറ്റാണ്ടുകൾക്കു മുമ്പു്, കൊളംബസ് അമേരിക്ക കണ്ടുപിടിക്കുന്നതിനു് 5 ശതാബ്ദങ്ങൾ മുമ്പു്, ജോബ് ചാർനോക്കു് ഹുഗ്ലിയുടെ തീരത്തു് കൽക്കട്ടാ പണിയുന്നതിനു് ഏഴു നൂറ്റാണ്ടുകൾ മുമ്പു് ക്ഷീണഗംഗയെന്നു് കവണ മഹർഷിയാൽ സംബോധന ചെയ്യപ്പെട്ട മീനച്ചിലാറിന്റെ തീരത്തു് A.D. 1002 -ൽ തന്നെ പാലാ വലിയ പള്ളി സ്ഥാപിക്കപ്പെട്ടിരുന്നു.


പണ്ടു് 'കവണാർ' എന്നറിയപ്പെട്ടിരുന്ന മീനച്ചിലാറിന്റെ ഇരുകരകളിലും സ്ഥിതിചെയ്യുന്ന ഫലപുഷ്ടമായ മീനച്ചിൽ പ്രദേശത്തിന്റെ സിരാകേന്ദ്രമായ പാലാ ദർല്ലഭമായ കാഷ്ടികോല്പന്നങ്ങൾക്കു് പ്രസിദ്ധിനേടിയിരുന്നു. കുരുമുളകും, ഇഞ്ചിയും, ഏലവും മറ്റു സുഗന്ധദ്രവ്യങ്ങളും പാലായുടെ നാമം ക്രിസ്താബ്ദത്തിനു മുമ്പുതന്നെ റോമൻ കമ്പോളങ്ങളിൽ എത്തിച്ചിരുന്നതാണു്. മദ്ധ്യശതകങ്ങളിൽ വെനീസിലെ വർത്തകപ്രമാണികളുടെ ഇടയിലും ആധുനികകാലത്തു് ന്യൂയോർക്കിലേയും ഷിക്കാഗോയിലേയും വ്യവസായികളുടെയിടയിലും മീനച്ചലിലെ കൃഷിയുല്പന്നങ്ങൾ പ്രത്യേകിച്ചും പാലാ കുരുമുളകു് ഈ നാടിന്റെ പ്രശസ്തിയെ നിലനിറുത്തുവാൻ സഹായിച്ചിട്ടുണ്ടു്.

ഒരു പക്ഷേ, സഹ്യാദ്രി സാനുക്കളിൽ വളരുന്ന സുഗന്ധദ്രവ്യങ്ങൾ ശേഖരിക്കുവാൻ റോമൻ സ്വർണ്ണനാണയങ്ങളുമായി നദീമാർഗ്ഗം വന്ന വർത്തകരായിരിക്കണം മീനച്ചിലാറിന്റെ തീരത്തുള്ള പാലായുടെ സാമ്പത്തിക പുരോഗതിക്കു് അടിസ്ഥാനമിട്ടതു്. ഈ സാമ്പത്തിക സമ്പർക്കത്തിന്റെ ഫലമായി അന്നത്തെ തുറമുഖനഗരമായിരുന്ന കൊടുങ്ങല്ലൂരിൽ നിന്നും പല ക്രൈസ്തവകുടുംബങ്ങളും മീനച്ചിൽ പ്രദേശത്തിന്റെ സമ്പൽസമൃദ്ധിയാൽ ആകൃഷ്ടരായി പാലായിൽ കുടിയേറിപ്പാർത്തിട്ടുണ്ടു്. അതുപോലെതന്നെ കിടങ്ങൂരും അരുവിത്തുറയിലും പൂഞ്ഞാറിലും. സസ്യശാസ്ത്രഗവേഷകനായ ബോർഡിലിന്റെ അഭിപ്രായത്തിൽ പടിഞ്ഞാറൻ കടൽമുതൽ കിഴക്കൻ മലഞ്ചെരുവുകൾവരെ ഗതാഗതസൗകര്യമുള്ള കേരളത്തിലെ ഏകനദി കവണാറാണു്. ഇവിടത്തെ ഹൈന്ദവ സഹോദരന്മാർ നവാഗതരെ സഹർഷം സ്വാഗതം ചെയ്യുവെന്നുവേണം വിചാരിക്കുവാൻ. കാരണം, അന്നത്തെ നാടുവാഴികളായിരുന്ന മീനച്ചിൽ കർത്താക്കന്മാർ, ക്രൈസ്തവർക്കു് ദേവാലയനിർമ്മാണത്തിനു് ഭൂമി ഇഷ്ടദാനം ചെയ്തതായും ദേവാലയത്തിന്റെ ആഡംബരാദികർമ്മങ്ങൾക്കുവേണ്ടി തന്റെ പടയാളികളെ നിയോഗിച്ചിരുന്നതായും പുരാതന രേഖകൾ സാക്ഷ്യംവഹിക്കുന്നു. ഈ സഹകരണബന്ധം, മീനച്ചിലിന്റെ സാമ്പത്തികവും സാംസ്കാരികവുമായ പുരോഗതിയെ വളരെയേറെ സഹായിച്ചിട്ടുണ്ടു്. കാലാന്തരത്തിൽ ജനസംഖ്യാവർദ്ധനയോടുകൂടി കൃഷിവൃത്തി മുഖ്യതൊഴിലായി മാറി. സ്ഥലവാസികൾ മീനച്ചിലിലെ ഭൂമിയെല്ലാം തരിശിടാതെ കൃഷിക്കധീനമാക്കുകയും ചെയ്തു.


തന്നെയുമല്ല പുരാതന ഗ്രീക്കുനഗരരാഷ്ട്രങ്ങളും, ഫിനിഷ്യർ, റോമാക്കാർ ആദിയായവരും ചെയ്തതുപോലെ അദ്ധ്വാനശീലരും ബുദ്ധിശാലികളുമായിരുന്ന സ്ഥലത്തെ ജനങ്ങൾ അയൽപ്രദേശങ്ങളിലേക്കും ഹൈറേഞ്ചിലേക്കും, പ്രല്ലാലങ്ങളിൽ മലബാറിലെ മലങ്കെട്ടുകളിലേക്കും കുടിയേറിപ്പാർത്തു് കോളനികൾ സ്ഥാപിക്കുകയും അവിടങ്ങളിലെ സാമ്പത്തിക പുരോഗതിക്കു് മാർഗ്ഗദർശനം നല്കുകയും ചെയ്തു. പുരാതന ഗ്രീക്കുകാരെപ്പോലെ തന്നെ ഇവരിൽ അധികംപേരും തങ്ങളുടെ ജന്മസ്ഥലവുമായി സാംസ്കാരിക ബന്ധങ്ങൾ പുലർത്തിയും പോരുന്നു. ദേവാലയങ്ങളിലെ പ്രധാന തിരുനാൾ ആഘോഷങ്ങളോടു് അനുബന്ധിച്ചെങ്കിലും ആണ്ടുവട്ടത്തിൽ ഒരിക്കൽ അവർ ജന്മസ്ഥലം സന്ദർശിക്കുക പതിവാണു്.

മീനച്ചിൽ പ്രദേശത്തിന്റെ പുരോഗതിയോടൊപ്പം തന്നെ പാലാ പട്ടണവും വളരുകയുണ്ടായിട്ടുണ്ടു്. പതിനാറാം നൂറ്റാണ്ടോടുകൂടി പാലായിലും പരിസരങ്ങളിലുമായി മനോഹരങ്ങളായ പല പള്ളികളും ക്ഷേത്രങ്ങളും സ്ഥാപിതമായിരുന്നു എന്നു കാണാം.


JUBILEE CELEBRATIONS



മുൻ മന്ത്രി ററി. എ. തൊമ്മൻ ജൂബിലേറിയനു്
രൂപതവക മംഗളപത്രം സമർപ്പിക്കുന്നു



ജൂബിലേറിയനു് വികാരിമാരുടേയും ഇടവക
പ്രതിനിധികളുടേയും അഭിവാദനങ്ങൾ



ജൂബിലേറിയനു് ധനകാര്യമന്ത്രി
മി. കെ. എം. മാണിയുടെ അനുമോദനം



രൂപതയുടെ വിവിധ ഭാഗങ്ങളിൽനിന്നും
കൂട്ടികൾ പ്രഥമ ദിവ്യകാരുണ്യസ്വീകരണത്തിനു്
ഒന്നിച്ചുകൂടിയപ്പോൾ


JUBILEE CELEBRATIONS (Contd.)




Sacred ordination of five Deacons at the Jubilee Pandal



Concelebration with the new Priests





A view of the faithful

ഗവേഷണകുതുകിയായ ശ്രീ തോമസ് മാത്യു കൊട്ടാരത്തുംകുഴിയുടെ അഭിപ്രായത്തിൽ 1736–ൽ നാടുവാഴിയായ മീനച്ചിൽ കർത്താവ് രാജ്യത്തിന്റെയും പ്രജകളുടേയും ഐശ്വര്യത്തെ ലാക്കാക്കി ഒരു അങ്ങാടി സ്ഥാപിക്കാൻ നിശ്ചയിച്ചു. മീനച്ചിലാറിന്റെ വടക്കേക്കരയിൽ (ഇന്നു പാലാ അങ്ങാടി സ്ഥിതി ചെയ്യുന്ന സ്ഥാനം) കാടും പടലും പിടിച്ചു കിടന്നിരുന്ന സ്ഥലങ്ങൾ വെട്ടിത്തെളിച്ച് പീടികത്തറകൾക്കുവേണ്ടി അളന്നുതിരിച്ചു. കർത്താവുതന്നെ കമ്പുനാട്ടി അതിരുതിട്ടപ്പെടുത്തി അന്നത്തെ പ്രമുഖർക്കെല്ലാം പതിച്ചുകൊടുത്തു. (ഇന്നു പ്രസിദ്ധമായിത്തീർന്നിരിക്കുന്ന പാലാ നഗരത്തിന്റെ ആരംഭം ഇങ്ങനെയാണ്.) ചുരുങ്ങിയ കാലംകൊണ്ട് പാലാ അങ്ങാടി ഉന്നതിയെ പ്രാപിച്ചു. വ്യാപാരികളിൽ പലരും പാലക്കാട്ട്, പാണ്ടി തുടങ്ങിയ പ്രദേശങ്ങളുമായി വാണിജ്യബന്ധം നടത്തുകയും വമ്പിച്ച ധനികന്മാരായിത്തീരുകയും ചെയ്തു. ജനസംഖ്യയും അനുദിനമെന്നോണം അധികരിച്ചുവന്നു. അടുത്തെങ്ങും അങ്ങാടികളും വ്യാപാരങ്ങളും ഇല്ലാതിരുന്നതിനാൽ പാലാ അങ്ങാടിക്കു വലിയ പ്രസിദ്ധി ഉണ്ടായി.

ഇന്നു പാലാ നഗരം കടന്നുപോകുന്ന ഏറ്റുമാനൂർ – പൂഞ്ഞാർ റോഡ് വെട്ടിത്തുറന്നിട്ട് 95 കൊല്ലവും പാലാ – തൊടുപുഴ റോഡ് ഉണ്ടായിട്ട് 79 കൊല്ലവും മാത്രമേ ആയിട്ടുള്ളൂ. കാൽനടയായി മാത്രം സഞ്ചരിക്കാവുന്ന ഒരു വെട്ടുവഴി മാത്രമാണ് പൂർവ്വകാലത്തു പാലായിൽ ഉണ്ടായിരുന്നതു്. ഇന്നത്തെ ഏറ്റുമാനൂർ പൂഞ്ഞാർ റോഡ് പ്രധാനമായും പഴയ ''വെട്ടുവഴി'' ലൈനിൽനിന്നു മാറിയും ചില സ്ഥാനങ്ങളിൽ പഴയ ''വെട്ടുവഴി'' വിസ്താരപ്പെടുത്തിയും നന്നാക്കിയുമാണ് ഉണ്ടാക്കിയിട്ടുള്ളതു്. പണ്ടത്തെ വഴിയുടെ അംശങ്ങൾ കൊട്ടാരംമറ്റത്തിനു കിഴക്കും പടിഞ്ഞാറും വശങ്ങളിലും ഗവണ്മെന്റ് ആശുപത്രിക്കു കിഴക്കുവശം ചേർന്നും നഗരത്തിൽ പല സ്ഥലത്തും അതിന്റെ പഴയ രൂപത്തിൽ കാണാം. പൂർവ്വവഴിയോടു ചേർന്ന് വടക്കുവശമായിട്ടാണ് പട്ടണത്തിലെ അമലോത്ഭവ മാതാവിന്റെ കുരിശുപള്ളി സ്ഥാപിക്കപ്പെട്ടിരിക്കുന്നതു്. 19–ാംനൂറാണ്ടിന്റെ പ്രാരംഭത്തിൽ നിർമ്മിച്ചിട്ടുള്ളതാണ് ഈ കുരിശുപള്ളി.

ഒരു വാണിജ്യകേന്ദ്രമെന്നതിനേക്കാളേറെ ഒരു വിദ്യാഭ്യാസകേന്ദ്രമെന്ന നിലയിലാണ് പാലാ നഗരം ഇന്നു പ്രസിദ്ധമായിരിക്കുന്നതു്. ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ ഉൾപ്പെടെയുള്ള നാലു് ഹൈസ്കൂളുകൾക്കു പുറമേ രണ്ടു കോളേജുകളും ഒരു ടെയിനിംഗ് കോളേജും ഒരു ടെയിനിംഗ് സ്കൂളും ഈ പട്ടണത്തിലുണ്ട്.

ഒട്ടേറെ പുരാതന ക്രിസ്തീയ ദേവാലയങ്ങളും ക്ഷേത്രങ്ങളും തീർത്ഥാടക കേന്ദ്രങ്ങളും പാലാ പരിസരങ്ങളിലുണ്ട്. മീനച്ചിൽ കർത്താവിന്റെ സഹായത്താൽ A. D. 1002 ജൂലൈ 3-ാം തീയതി സ്ഥാപിതമായ പാലാ വലിയ പള്ളി പാലായുടെ പ്രശസ്തിക്കു മകുടം ചൂട്ടുന്ന ഒരു മഹാസ്ഥാപനമാണ്. സെൻറ് തോമസിന്റെ നാമത്തിലുള്ള കേരളത്തിലെ ഏക കത്തീഡ്രലും പാലാ വലിയ പള്ളിയത്രേ. 1683–ൽ സ്ഥാപിതമായ ളാലം പഴയപള്ളി ഒരു അർമ്മേനിയൻ വ്യാപാരിയുടെ പണംകൊണ്ടു നിർമ്മിക്കപ്പെട്ടതാണ്. പാലാ കടപ്പാട്ടൂർ ക്ഷേത്രം കേരളത്തിലെ ഒരു പ്രധാന തീർത്ഥാടക കേന്ദ്രമാണ്. ദൈനംദിനം അവിടെ എത്തുന്ന ഭക്തജനങ്ങൾക്കു കണക്കില്ല. ഈഴവരുടെ കുലഗുരുവായ നാരായണഗുരുസ്വാമികൾ പ്രതിഷ്ഠ നടത്തിയ പ്രസിദ്ധമായ ഇടപ്പാടി ആനന്ദഷൺമുഖക്ഷേത്രവും പാണ്ഡവന്മാരുടെ പാലാ പരിസരത്തെ അജ്ഞാതവാസക്കാലത്തു് ധർമ്മപുത്രരാൽ പ്രതിഷ്ഠ നടത്തപ്പെട്ടുവെന്നു വിശ്വസിക്കപ്പെടുന്ന ഭരണങ്ങാനം ശ്രീകൃഷ്ണസ്വാമി ക്ഷേത്രവും, വിശ്വവിഖ്യാതയായ സിസ്റ്റർ അൽഫോൻസായുടെ ഭൗതികാവശിഷ്ടങ്ങൾ സ്ഥിതിചെയ്യുന്നതു് പാലായ്ക്കു തൊട്ടടുത്താണ്.

കാലാനുസൃതമായി സാംസ്കാരിക രംഗത്തു് പുരോഗതി വന്നുഭവിച്ചുകൊണ്ടിരിക്കുന്നു. പാലാ സെൻറ് തോമസ് ഹൈസ്കൂൾ മന്ദിരം ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ പണികഴിപ്പിച്ചിട്ടുള്ളതാണെന്നു സ്മരിക്കുമ്പോൾ, പാലാക്കാർ വാസ്തുശില്പത്തിൽ കാണിക്കുന്ന താല്പര്യത്തെപ്പറ്റി അത്ഭുതപ്പെടേണ്ടതായിട്ടില്ല.

സാമുദായികമായും സാംസ്കാരികമായും സാമ്പത്തികമായും ക്രമാനുഗതമായുണ്ടായ പുരോഗതിയോടൊപ്പം ജനതാമദ്ധ്യേ അനുഭവപ്പെട്ടിരുന്ന രാഷ്ട്രീയാവശതകൾ പരിഹരിക്കുന്നതിനായി ഉടലെടുത്ത നിവർത്തന പ്രക്ഷോഭണത്തിലും തുടർന്നുള്ള സ്വാതന്ത്ര്യസമരത്തിലും പാലായിലെ ജനങ്ങൾ എന്നും നേതൃത്വസ്ഥാനത്തു നിന്നിട്ടുണ്ട്.

ഭാരതം സ്വതന്ത്രമാവുകയും വൈകിയാണെങ്കിലും പാലാ ഒരു മുനിസിപ്പൽ നഗരമായി പ്രഖ്യാപിക്കുകയും ചെയ്ത കാലഘട്ടം പാലായുടെ പുരോഗമനവീഥിയിലെ ഒരു പ്രധാന നാഴികക്കല്ലായിരുന്നു എന്നു് കാണാൻ കഴിയും. തുടർന്നുള്ള സംഭവങ്ങളും വസ്തുതകളും അനുസ്മരിക്കുമ്പോൾ പാലായ്ക്കു് ഒരു സുവർണ്ണകാലം അന്നു് ഉദയം ചെയ്തതായും കാണാം.

പാലാ മുനിസിപ്പൽ നഗരമായി ഉയർന്നതിനെ തുടർന്നു് ഒരു ഫസ്റ്റ് ഗ്രേഡ് കോളേജ് ആരംഭിക്കുവാ

നുള്ള സംരംഭങ്ങളിലും ഇന്നാട്ടുകാർ വ്യാപൃതരായി, പാലായ്ക്കു മേന്മനല്കിയ ഈ കലാലയത്തിന്റെ ഉത്ഘാടനകർമ്മം നടക്കുന്ന അതേ മുഹൂർത്തത്തിൽ തന്നെ പാലായെ ലോകത്തിലെ ഒരു ക്രൈസ്തവ കേന്ദ്രമായി പ്രഖ്യാപിച്ചുകൊണ്ടുള്ള റോമാ സിംഹാസനത്തിന്റെ വിളംബരവും ഇന്നത്തെ രൂപതാദ്ധ്യക്ഷനെ പാലായുടെ പ്രഥമ ബിഷപ്പായി നിയോഗിച്ചുകൊണ്ടുള്ള കല്പനയും പുറപ്പെടുവിക്കപ്പെട്ടതു് ഈശ്വരന്റെ അതുല്യമായ ഹസ്തങ്ങൾ ലൗകിക കാര്യങ്ങളിലും പ്രത്യക്ഷപ്പെടാറുണ്ടു് എന്ന വിശ്വാസത്തിനു് കാരണം നല്കുന്നതാണു്. ഈ കാലയളവിൽത്തന്നെ മീനച്ചിൽക്കാരുടെ മറെറാരു അഭിലാഷവും സാധിതമായി. അതു പാലായുടെ ഇരുകരകളേയും യോജിപ്പിക്കുന്ന വലിയ പാലത്തിന്റെ നിർമ്മാണമായിരുന്നു. ഇക്കാലഘട്ടത്തിൽ തന്നെ രണ്ടാം ലോകമഹായുദ്ധാനന്തരം ഇൻഡോനേഷ്യൻ കുരുമുളകു വിപണിക്കുണ്ടായ തകർച്ചയുടെ ഫലമായി കുരുമുളകിനു് അഭൂതപൂർവ്വമായ വിലവർദ്ധനവു് ഉണ്ടാവുകയും പാലായിലേക്കു് ഒരു ധനപ്രവാഹം സംഭവിക്കുകയും ചെയ്തു.

പാലാ നഗരസഭയുടെ ഇതുപര്യന്തമുള്ള പ്രവർത്തനങ്ങളുടെ ഫലമായി ഗണനീയങ്ങളായ പല നേട്ടങ്ങളുമുണ്ടായിട്ടുണ്ടു്. തെരുവീഥികളും വിസ്തൃതമാക്കുകയും ജലപ്രളയത്തിനു് എളുപ്പത്തിൽ അധീനമാകുന്ന സ്ഥലങ്ങളും ഉയർത്തുകയും ചെയ്തു. മനോഹരമായ ഒരു ബസ്സു് സ്റ്റേഷൻ, ആറിലും തോട്ടിലും പുതിയ കുളിക്കടവുകളും, മുനിസിപ്പൽ മാർക്കറ്റു്, ഒന്നാം കിടയിലുള്ള ഒരു മുനിസിപ്പൽ ലൈബ്രറി, അതിനോടനുബന്ധിച്ചു് ആകർഷണീയമായ ഒരു പാർക്കു്, ഒരു ആധുനിക ശുദ്ധജല വിതരണപദ്ധതി, മുനിസിപ്പൽ സ്റ്റേഡിയം, ഷോപ്പിംഗ് കോംപ്ലെക്സു് തുടങ്ങിയവയുടെ സ്ഥാപനവും നഗരസഭയുടെ പ്രവർത്തനഫലമാണു്. ഒരു വിപുലമായ ഭവന നിർമ്മാണ പദ്ധതിക്കു് കൗൺസിൽ രൂപം കൊടുത്തുകൊണ്ടിരിക്കുകയാണു്.

പാലാ മുനിസിപ്പൽ നഗരത്തിന്റേയും പാലാ രൂപതയുടേയും വളർച്ച ഏതാണ്ടു സമാന്തരമായി നടന്നു എന്നതന്നെ പറയാം. രൂപതാ തലസ്ഥാനമെന്നതു് നഗരത്തിന്റെ പ്രാധാന്യത്തേ വളരെ വർദ്ധിപ്പിച്ചിരിക്കുന്നു. നഗര ജീവിതത്തിന്റെ നാഡിമിടിപ്പുകളുടെ നല്ലൊരു പങ്കു് രൂപതയുടേയും രൂപതാദ്ധ്യക്ഷന്റേയും പ്രയത്നഫലമായി ഉദയം ചെയ്തതാണെന്നു് കാണുവാൻ സാധിക്കും. മുനിസിപ്പാലിറ്റിയുടെ ആദ്യകാല ചെയർമാനും വയലിൽ തിരുമേനിയുടെ ആത്മസുഹൃത്തും ആയിരുന്ന ശ്രീ ജോജ്ജു് തോമസു് കൊട്ടുകാപ്പള്ളിയുടെ സ്മരണയെ നിലനിർത്തുവാനായി അത്യന്താധുനിക സജ്ജീകരണങ്ങളോടുകൂടി ഈ വർഷം പണിതീരുന്ന ടൗൺ ഹാൾ രൂപതാ തലസ്ഥാനത്തിനും രൂപതാദ്ധ്യക്ഷനും ഉള്ള ഒരു ജൂബിലി സമ്മാനമായി പരിലസിക്കുന്നതാണു്.



സെൻറ് തോമസ് കോളജ് - ഒരു പ്രത്യവലോകനം

[1950-1975]

റവ. ഡോ. തോമസ് പരുവനാനി

'പാലാ രൂപതയുടെ വിദ്യാഭ്യാസ–സാംസ്കാരിക മണ്ഡലത്തിന്റെ തിലകക്കുറിയായി പ്രശോഭിക്കുന്ന പാലാ സെൻറ് തോമസ് കോളേജ് അതിന്റെ സ്ഥാപനത്തിന്റെ രജതജൂബിലി ആഘോഷിക്കുകയാണ്.

1. പാലാ രൂപതയോടൊപ്പം രൂപംകൊണ്ട രൂപതയിലെ പ്രമുഖ വിദ്യാഭ്യാസസ്ഥാപനമാണ് പാലാ സെൻറ് തോമസ് കോളജ്. 1950 ഏപ്രിൽ 16–ന് ഈ കോളജിന്റെ ശിലാസ്ഥാപനം നടന്നു. സുഭഗസ്മരണാർഹനായ മാർ ജെയിംസ് കാളാശ്ശേരി തിരുമനസ്സിലെ നിര്യാണം മൂലം, അന്നു പാലായും കൂടി ഉൾപ്പെട്ടിരുന്ന ചങ്ങനാശ്ശേരി രൂപത വൈധവ്യദുഃഖനിമഗ്നയായിരിക്കെ, അദ്ദേഹത്തിന്റെ സുധീരമായ ആദ്ധ്യാത്മികനേതൃത്വത്തിനു് എക്കാലവും ഒരു ബലിഷ്ഠാവലംബമായിരുന്ന മദ്രാസ് ആർച്ചുബിഷപ്പ് ലൂയി മത്യാസ് തിരുമേനിയായിരുന്ന ആ മംഗലകർമ്മം നിർവഹിച്ചതു്.

2. ബിഷപ്പ് കാളാശ്ശേരിയുടെ ഭരണസാരഥ്യത്തിൽ തന്നെ പാലാ കോളജിനു ബീജാവാപം നടന്നിരുന്നു. പാലായിൽ ഒരു കലാലയം സ്ഥാപിക്കുന്നതിനുള്ള ഈ ദിഗ്വാസികളുടെ അഭിനിവേശം സമാദരിച്ചു് തദർത്ഥം വേണ്ട നടപടികളും സ്വീകരിക്കുവാൻ അന്നത്തെ പാലാ ഫൊറോനാ വികാരിയും സെന്തോമസ് ഹൈസ്കൂൾ മാനേജരുമായ ഫാദർ എമ്മാനുവേൽ മേച്ചേരിക്കുന്നേലിനു് ചങ്ങനാശ്ശേരി രൂപതാദ്ധ്യക്ഷനിൽനിന്നും നിർദ്ദേശം ലഭിച്ചതനുസരിച്ചു് 1948 ഓഗസ്റ്റ് 15–ാംതീയതി കലാലയ സ്ഥാപനത്തിനുള്ള ഔപചാരികമായ അഭ്യർത്ഥന ഫാ. മേച്ചേരിക്കുന്നേൽ തിരുവിതാംകൂർ സർവ്വകലാശാലാ രജിസ്ട്രാർക്കു സമർപ്പിച്ചു. മീനച്ചിലിൽ പൗരാവലിയുടെ ഈ ചിരന്തനാഭിലാഷം പൂർത്തീകരിച്ചു് 1937–ൽ മദ്രാസ് സർവ്വകലാശാലക്കും 1938–ൽ തിരുവിതാംകൂർ സർവ്വകലാശാലക്കും അപേക്ഷകൾ സമർപ്പിക്കപ്പെട്ടിരുന്ന കാര്യം പ്രസ്തുതാഭ്യർത്ഥനയിൽ അദ്ദേഹം അനുസ്മരിക്കുകയുണ്ടായി.

3. 1948 ഒക്ടോബർ 21–നു് സർവ്വകലാശാലയിൽനിന്നുള്ള അനുഭാവപൂർവ്വകമായ മറുപടിയും കലാലയസ്ഥാപനവ്യവസ്ഥകളും വന്നുചേർന്നതോടെ അതിലേക്കുള്ള പരിശ്രമങ്ങൾക്കും അതിവേഗം മുമ്പോട്ടു നീങ്ങി. 1949 ജൂലൈ 17–ാംതീയതി ശ്രീ. ജോർജ്ജ് തോമസ് കൊട്ടുകാപ്പള്ളിയുടെ അദ്ധ്യക്ഷതയിൽ സെൻറ് തോമസ് ഹൈസ്കൂളിൽ ചേർന്ന മഹായോഗത്തിൽ തിരു-കൊച്ചി നിയമസഭാ സ്പീക്കർ ശ്രീ. ആർ. വി. തോമസ് അവതരിപ്പിച്ച പ്രമേയത്തിൽ കോളജു സ്ഥാപനത്തിനുള്ള ബഹുജനാഭിലാഷവും പിന്തുണയും പ്രഖ്യാപിക്കുകയും 430 പൗരമുഖ്യന്മാരടങ്ങിയ ഒരു ജനറൽ കമ്മറിയെ തെരഞ്ഞെടുക്കുകയും ചെയ്തു. തുടർന്നു് ആഗസ്റ്റ് 22–ാംതീയതി സമ്മേളിച്ച മഹായോഗത്തിൽ 33 പേരടങ്ങിയ ഒരു വർക്കിംഗ് കമ്മറിയെ തെരഞ്ഞെടുക്കുകയും പ്രസ്തുത കമ്മറിയുടെ പ്രസിഡൻറായി പാലാ സെൻറ് തോമസ് ടെയിനിംഗ് സ്കൂൾ ഹെഡ്മാസ്റ്ററും സ്ഥലത്തെ സകല സൽപ്രസ്ഥാനങ്ങളുടെയും മുൻപന്തിയിൽ നിന്നിരുന്ന ഊർജ്ജസ്വലനുമായ ഫാദർ മാണി സെബാസ്റ്റ്യൻ വയലിൽ കളപ്പുരയെ നാമനിർദ്ദേശം ചെയ്യുകയും ചെയ്തു. രൂപതാദ്ധ്യക്ഷൻ തിരുമനസ്സിലെ പ്രതിനിധിയായി എസ്. ബി. കോളജു പ്രിൻസിപ്പലും സർവ്വകലാശാലാ സിൻഡിക്കേറ്റംഗവുമായ ഫാദർ വില്യം റവ. ഒ. സി. ഡി. പ്രസ്തുത യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. തുടർന്നുള്ള കമ്മറി മീറ്റിംഗുകളിലും അദ്ദേഹം സന്നിഹിതനായിരുന്നു. കോളജു കമ്മറി പ്രസിഡൻറായി ഫാ. മാണി സെബാസ്റ്റ്യൻ നിർദ്ദേശിക്കപ്പെട്ടതു് രൂപതാദ്ധ്യക്ഷൻ അംഗീകരിച്ചു. മീനച്ചിൽ താലൂക്കിന്റെ അഭിമാനഭാജനങ്ങളും കർമ്മശൂരന്മാരുമായി എണ്ണപ്പെട്ട വ്യക്തികളെല്ലാം പ്രസ്തുത കമ്മറിയിൽ ഉൾപ്പെട്ടിരുന്നു. മുകളിൽ പേർ പറഞ്ഞവർക്കു പുറ

മെ സവ്വ്ശ്രീ ഡോ. പി. ജെ. തോമസ്, തോമസ് ആഗസ്തി കൈയാലയ്ക്കകം, കെ. വി. തോമസ് പൊട്ടംകുളം, ശ്രീ. കെ. സി. സെബാസ്റ്റ്യൻ, വെരി റവ. ഫാദർ ജേക്കബ് വെള്ളരിങ്ങാട്ട്, എ. ഓ. ജോസഫ്, ആർ. എം. ചാക്കോ, ചെറിയാൻ ജെ. കാപ്പൻ, കെ. എം. ചാണ്ടി, ജോസഫ് തുമ്പശ്ശേരി, ജോൺ നെച്ചിക്കാട്ട്, മാത്യു ജെ. വൈപ്പന, പാപ്പച്ചൻ മേനാംപറമ്പിൽ, ജേക്കബ് ചെറിയാൻ മരുതുക്കുന്നേൽ, ഫ്രാൻസീസ് ചിറേറാട്ട്, ഫാ. കുര്യവിളകാപ്പിൽ തുടങ്ങിയവർ പ്രസ്തുത കമ്മറിയിൽ അംഗങ്ങളായിരുന്നു.


4. കോളേജിനു സ്ഥലം നിണ്ണയിക്കുന്നതിനും ഫണ്ടു പിരിക്കുന്നതിനുമായി ഫാ. മേച്ചേരിക്കുന്നേലിനേറെയും ഫാ. മാണി സെബാസ്റ്റ്യനേറെയും നേതൃത്വത്തിൽ വക്കിംഗ് കമ്മറി ത്വരിതമായി ശ്രമങ്ങൾ ആരംഭിച്ചു. സ്ഥലം സംബന്ധിച്ച് സ്വാഭാവികമായും ഭിന്നാഭിപ്രായങ്ങൾ പൊട്ടിപ്പുറപ്പെടുകയുണ്ടായി. അരുണാപുരവും കിഴതടിയൂരുമായിരുന്നു നിർദ്ദേശിക്കപ്പെട്ട രണ്ടു കേന്ദ്രങ്ങൾ. 1949 ആഗസ്റ്റ് അവസാനം ഇരു സ്ഥലങ്ങളും ചുറ്റിനടന്നു സന്ദർശിച്ച സവ്വകലാശാലാ പ്രഥമ കമ്മീഷൻ അരുണാപുരം തന്നെ സമുചിത സ്ഥാനമായി അഭിപ്രായപ്പെട്ടു. ഇങ്ങനെ നിശ്ചയിക്കപ്പെട്ട സ്ഥാനം തെക്കും കിഴക്കും മീനച്ചിലാറും വടക്കുവശം കോട്ടയം പൂഞ്ഞാർ റോഡും പടിഞ്ഞാറു ഭാഗം നെൽപ്പാടങ്ങളുമായി, കരയും നിലവും, കുന്നും ചതുപ്പും എല്ലാം ചേർന്ന് മീക്കവാറും ഒരു ഉപദ്വീപുപോലെ ഒറ്റതിരിഞ്ഞു കിടക്കുന്ന ഏതാണ്ട് അറുപതോളം ഏക്കർ ഭൂപ്രദേശമായിരുന്നു. ഭൂരിഭാഗവും പലരുടെ വകയായി ചിന്നിച്ചിതറി കിടന്നിരുന്ന സ്ഥലത്തു് അറുപതേക്കർ സ്ഥലം ഒരേ ഉടമയിൽ ഒരുമിച്ചു ചേർക്കുക അത്ര സുഗമമായ ഒരു കാര്യമായിരുന്നില്ല. അതിൽ പന്ത്രണ്ടേക്കറോളം ശ്രീ ജോജ്ജ് തോമസ് കൊട്ടുകാപ്പള്ളി, മാത്യു ജെ. വൈപ്പന ഇവരിൽനിന്നും സംഭാവനയായി ലഭിച്ചിരുന്നു. എന്നാൽ ചിലരുടെ സ്ഥലങ്ങളും കോളേജാവശ്യത്തിനായി ഗവണ്മേൻറിൽ നിന്നും പൊന്നിൻവിലയ്ക്കുടുക്കുക, അതിലേക്കായി വസ്തു ഒഴിപ്പിക്കുക മുതലായ നടപടികളും ഇതു സംബന്ധിച്ചു സ്വീകരിക്കേണ്ടിവന്നു. (പില്ലാലത്തു് വിലയ്ക്കു വാങ്ങിയ സ്ഥലങ്ങളും ഉൾപ്പെടെ ഇപ്പോൾ കോളേജു കാമ്പസ് എഴുപത്തഞ്ചു് ഏക്കറോളം ആയിരിക്കുന്നു. ഇതിൽ പത്തേക്കർ കളിസ്ഥലങ്ങളും തന്നെയാണു്).

5. കോളേജു കെട്ടിടങ്ങളിൽ പ്രഥമ സ്ഥാനീയമായ മെയിൻ ബിൽഡിംഗ് (തിസ്സറാങ് ഹോൾ) ലൂയി മത്യാസ് തിരുമേനി തറക്കല്ലിട്ടതിനെ തുടർന്നു് ശീഘ്രഗതിയിൽ പണി തുടർന്നുകൊണ്ടിരുന്നു. സെൻറ് തോമസ് ഹൈസ്കൂൾ കാര്യസ്ഥനും ബോർഡിംഗ് റെക്ടറുമായി സേവനമനുഷ്ഠിച്ചുകൊണ്ടിരുന്ന ഇപ്പോഴത്തെ ഭരണങ്ങാനം ഫൊറോനാ വികാരി ഫാദർ ജെയിക്കബ്ബു് താഴത്തേൽ കെട്ടിടനിർമ്മാണ പുരോഗതികാംക്ഷിയായി നിയോഗിക്കപ്പെട്ടു. ശില്പകലാ സുഭഗതയുടെ ഒരു നിദർശനമായി ശ്രീ ജോജ്ജ് തോമസ് കൊട്ടുകാപ്പള്ളിയുടെ ഭാവനയിൽ രൂപംകൊണ്ട ഈ രമ്യഹർമ്മ്യത്തിനു പ്ലാൻ തയ്യാറാക്കിയതു് മദ്രാസിലെ ബ്രൈൻ ആബട്ട്സ് & കമ്പനി എന്ന പ്രസിദ്ധ എൻജിനീയറിംഗ് സ്ഥാപനമായിരുന്നു. 1953 ഡിസംബർ 1—ാം തീയതി അതിൻറെ ഉൽഘാടനം നടന്നു. റോമിൽ പൗരസ്ത്യ തിരുസംഘത്തിൻറെ അധിപനും കേരളസഭയുടെ ചിരകാലസുഹൃത്തുമായിരുന്ന യൂജിൻ കാർഡിനൽ തിസ്സറാങ്ങ് തിരുമനസ്സുകൊണ്ട് കെട്ടിടം ആശീർവ്വദിച്ചു. കോളേജു നിർമ്മാണത്തിനു് ആ വൈദിക ശ്രേഷ്ഠൻ പൗരസ്ത്യ തിരുസംഘംവഴി നൽകിയ അത്യുദാരമായ സംഭാവനയേയും പ്രോത്സാഹനത്തേയും സമാദരിച്ചു് അതിനു് Tisserant Hall എന്നു നാമകരണം ചെയ്യപ്പെട്ടു.


6. 1950 ജൂലൈ 25—ാം തീയതി പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ ചങ്ങനാശ്ശേരി രൂപതയെ രണ്ടായി വിഭജിച്ചു് പാലാ രൂപതാ സ്ഥാപനത്തിനുള്ള ബൂളാ പുറപ്പെടുവിച്ചു. പുതിയ രൂപതയുടെ പ്രഥമാദ്ധ്യക്ഷനായി ഡോ. സെബാസ്റ്റ്യൻ വയലിൽ നിയമിതനായ വിവരം പാലായിൽ ഔദ്യോഗികമായി അറിവു കിട്ടുന്നതു് കോളെജിൻറെ ഉദ്ഘാടനദിവസമായ 1950 ഓഗസ്റ്റ് 7—ാം തീയതി ആയതു് വെറും യാദൃശ്ചിക സംഭവമായി അന്നാരും എണ്ണിയിരുന്നില്ല. രൂപതയുടേയും കോളെജിൻറെയും ഭാഗധേയങ്ങൾ കോളെജു സ്ഥാപനത്തിനു മുൻകൈയെടുത്തു പ്രവർത്തിച്ചിരുന്ന മാർ സെബാസ്റ്റ്യൻ വയലിൽ തിരുമനസ്സിലെ ബലിഷ്ഠഹസ്തങ്ങളിൽ വന്നുചേർന്നു എന്നുള്ളതു് ഈശ്വര പരിപാലനയിലെ ഒരു നിർണ്ണായകസംവിധാനമായി അന്നു മുതൽ അംഗീകരിക്കപ്പെട്ടു പോന്നു.

7. അഭിനവ രൂപതാദ്ധ്യക്ഷനോടൊപ്പം കോളെജിൻറെ ആവിർഭാവത്തിനും വളർച്ചയ്ക്കും സാരഥ്യം വഹിച്ച മഹാനാണ് മോൺസിഞ്ഞോർ എമ്മാനുവേൽ മേച്ചേരിക്കുന്നേൽ. രൂപതയുടെ പ്രഥമ വികാരിജനറാളും കോളെജ് മാനേജരുമായി ആ വൈദികവരേണ്യൻ നിയമിതനാവുകയും നവജാതരായ ഈ ഇരട്ട ശിശുക്കളെ ബാലാരിഷ്ടതകളും തീർത്തു് വളർത്തിക്കൊണ്ടു വരുവാൻ അദ്ദേഹം ബദ്ധശ്രദ്ധനാവുകയും ചെയ്തു. ആയിരം രൂപായിൽ കുറയാ

JUBILEE CELEBRATIONS (Contd.)




Procession to the Jubilee Pandal for the solemn Concelebration - Archbishop Mar Antony Padiyara, who gave the Homily during the Holy Mass, also is seen.




Offertory procession




The Cathedral Choir led by Fr. Cyriac Velamakunnel




Final celebration of the Silver Jubilee. The Jubilarian Celebrates Mass with the Auxiliary Bishop Mar Joseph Pallikaparampil and 250 priests from the diocesan and religious clergy.



കത്തീഡ്രൽ പള്ളി അങ്കണത്തിൽ തയ്യാറാക്കിയ
ജൂബിലി പന്തലിലെ അൾത്താര



കത്തീഡ്രലിൽനിന്നും ജൂബിലി പന്തലിലേക്ക്
വിശുദ്ധ കുർബാനയുടെ പ്രദക്ഷിണം



ജൂബിലി സ്മാരകം
ഒരു സാധുകുടുംബത്തിന് ഭവനം

തെ സംഭാവന ചെയ്യുന്നവരെ കോളെജിന്റെ ഉപകാരികളാക്കി പ്രത്യേക സർട്ടിഫിക്കറ്റ് നൽകുകയും അവരുടെ നാമധേയങ്ങൾ പിച്ചളത്തകിടിൽ കൊത്തി കോളെജാഫീസിൽ സ്ഥിരപ്രതിഷ്ഠിക്കുകയും ചെയ്യുന്ന പദ്ധതി അദ്ദേഹം ആവിഷ്കരിച്ചു പൂർത്തിയാക്കി. കോളെജിന്റെ ആദ്യവത്സരങ്ങളിൽത്തന്നെ മൂന്നു ലക്ഷത്തിനുമേൽ മൂലധനം ഇങ്ങനെ പിരിച്ചെടുക്കുവാൻ സാധിച്ചു. ഉൽപ്പന്നപ്പിരിവുകളും മറ്റുമായി വലുതും ചെറുതുമായ സംഭാവനകളും മറ്റിനങ്ങളിലും ലഭിക്കുകയുണ്ടായി. പണപ്പിരിവിനായി രൂപതയുടെ നാനാഭാഗങ്ങളിലും വെളിയിലും സഞ്ചരിച്ചു, കാട്ടും മേട്ടും കയറി, സുഹൃത്തുക്കളേയും അഭ്യുദയകാംക്ഷികളേയും കാണുവാൻ മോൺസിഞ്ഞോർ മേച്ചേരിക്കുന്നേൽ നടത്തിയ ഭഗീരഥ പ്രയത്നത്തിന്റെ ഫലമാണ് കോളെജിന്റെ ആദ്യത്തെ ആറേഴുകൊല്ലങ്ങൾക്കുള്ളിൽ രൂപം കൊണ്ട വൻകെട്ടിടങ്ങളും സംവിധാനങ്ങളും. രൂപതയേയും കോളെജിനേയും ദുഃഖത്തിൽ ആഴ്ത്തിക്കൊണ്ട് ആ കർമ്മകുശലൻ 1957 ഫെബ്രുവരി 12-ാം തീയതി ഇഹലോകവാസം വെടിഞ്ഞു.

8. വെറും 45 ദിവസം കൊണ്ടു പണിതീർന്ന സെന്റ് ജോസഫ്സ് ബ്ലോക്ക് എന്ന ഒറ്റനിലകെട്ടിടത്തിൽ ലളിതവും വിനീതവുമായ തോതിൽ 1950 ഓഗസ്റ്റ് 7-ാം തീയതി കോളെജ് ഉദ്ഘാടനം ചെയ്യപ്പെട്ടപ്പോൾ കേവലം 12 അദ്ധ്യാപകരും 310 വിദ്യാർത്ഥികളും മാത്രമാണ് ഉണ്ടായിരുന്നത്. മദ്രാസ് സർവ്വകലാശാലയിലെ എക്കണോമിക്സ് പ്രൊഫസ്സറും ഇന്ത്യാ ഗവൺമെന്റിന്റെ സാമ്പത്തികോപദേഷ്ടാവുമായിരുന്ന ഡോ. പി. ജെ. തോമസ് എം. എ. (ഓക്സ്ഫൺ) ഡി. ലിറ്റ് ആയിരുന്നു കോളെജിന്റെ പ്രഥമ പ്രിൻസിപ്പൽ. ബഹുകാര്യവ്യഗ്രനായിരുന്ന ആ പ്രതിഭാശാലിക്ക് പാലായിൽ സ്ഥിരതാമസം തുടങ്ങുന്നതിനോ കോളെജിന്റെ ദൈനംദിന ഭരണകാര്യങ്ങളിൽ ദത്തശ്രദ്ധനാകുന്നതിനോ സൗകര്യപ്പെട്ടില്ലെങ്കിലും ഉന്നത വിദ്യാഭ്യാസരംഗത്ത് ഉന്നത നേട്ടങ്ങളും കൈവരിക്കുവാൻ ഉദ്ദേശിക്കപ്പെട്ടിരുന്ന ഈ സ്ഥാപനത്തിന്റെ ഭാഗധേയങ്ങളും വ്യവസ്ഥാപനങ്ങളും സംബന്ധിച്ച് വിദഗ്ധ നിർദ്ദേശങ്ങളും നൽകുന്നതിൽ അദ്ദേഹം ജാഗ്രുകനായിരുന്നു. ഡോ. പി. ജെ. തോമസ്സിന്റെ അസാന്നിദ്ധ്യത്തിൽ കോളെജ് ഭരണം നിർവ്വഹിച്ചത് ഫിസിക്സ് പ്രഫസ്സറും വൈസ് പ്രിൻസിപ്പലുമായി നിയമിതനായ പ്രൊ. വി. ജെ. ജോസഫ് അവർകളായിരുന്നു. ശൈശവദശയിൽ വേണ്ട പരിചരണങ്ങളും നൽകി ഈ കലാലയ ശിശുവിനെ പിച്ചവയ്ക്കുവാൻ പഠിപ്പിച്ച പണ്ഡിതവരേണ്യരായ ഈ പ്രശസ്ത വിദ്യാഭ്യാസ പ്രവർത്തകർ രണ്ടു പേരോടും സെന്റ് തോമസ്സിനുള്ള കൃതജ്ഞതാ ബാദ്ധ്യതകളും അഗാധതലസ്പർശിയാണ്.

9. ഈ അതികായന്മാരോടൊപ്പം പാരിചയസമ്പന്നരായ ചില അദ്ധ്യാപകരേയും ആദ്യവത്സരത്തിൽത്തന്നെ കോളെജ് മാനേജ്മെന്റ് തിരഞ്ഞുപിടിക്കുകയുണ്ടായി. പ്രൊ. പി. സി. ജോസഫ്, പ്രൊ. പി. കെ. മാണി, പ്രൊ. തെക്കുംകൂർ സോമവർമ്മ രാജ, പ്രൊ. വി. ജെ. മത്തായി, പ്രൊ. എ. ഒ. ജോസഫ്, പ്രൊ. വി. ഏലിയാസ്, പ്രൊ. എ. ചുമ്മാർ, പ്രൊ. കെ. റ്റി. എബ്രഹാം തുടങ്ങിയവർ ഈ ഗണത്തിൽ പെടുന്നു. കോളെജ് തുടങ്ങിയതിന്റെ പിറ്റെക്കൊല്ലം തന്നെ ഇവിടെ അദ്ധ്യാപകരംഗത്തേയ്ക്കു നിയമിതരായ നാലു വൈദികരാണ് റവ. ഡോ. എബ്രാഹം വടക്കേൽ, ഫാ. ജോൺ മറ്റം, ഫാ. കുര്യാക്കോസ് പാറപ്പുറത്തുക്കൽ എന്നിവരും ഈ ലേഖകനും.

10. കോളെജ് തുടങ്ങി മൂന്നാം കൊല്ലംതന്നെ എസ്. ബി. കോളെജ് ബർസാറും പിന്നീട് കൊല്ലം ഫാത്തിമ കോളെജ് പ്രിൻസിപ്പലുമായിരുന്ന ഫാ. ജോസഫ് കുറീത്തടം പ്രിൻസിപ്പലും, ഇംഗ്ലീഷ് പ്രൊഫസറുമായി നിയമിതനായി. പ്രൊ. വി. ജെ. ജോസഫ് രണ്ടുകൊല്ലത്തെ പ്രശസ്ത സേവനത്തിനുശേഷം ഇതിനകം ഉദ്യോഗത്തിൽ നിന്നു വിരമിക്കുകയും മധ്യവേനലവധിക്കാലത്തുതന്നെ ഫാ. കുറീത്തടം ചാർജ്ജെടുക്കുകയും ചെയ്തു. തുടർന്നുള്ള പതിനാറുകൊല്ലത്തെ കോളെജിന്റെ ചരിത്രം ഫാദർ കുറീത്തടത്തിന്റെ സേവനചരിത്രം തന്നെയാണ്. കോളെജിന്റെ സ്ഥലസൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിലും അതിന്റെ നാനാവശങ്ങളിലുമുള്ള വികാസത്തിലും അഭിവന്ദ്യ രക്ഷാധികാരിയും മോൺസിഞ്ഞോർ മേച്ചേരിക്കുന്നേലും പിന്നീട് മോൺസിഞ്ഞോർ വാലിയിലും നൽകിക്കൊണ്ടിരുന്ന അനന്യമായ പിന്തുണയെ പരമാവധി പ്രയോജനപ്പെടുത്തി സെന്തോമസ്സിനെ കുറിച്ചിടകൊണ്ട അക്ഷരത്തിലും അർത്ഥത്തിലും ഒരു ''ഒന്നാംകിട കോളെജായി ഉയർത്തുവാൻ അദ്ദേഹത്തിനു സാധിച്ചു. ഡിഗ്രികോഴ്സുകളുടേയും ബിരുദാനന്തര പഠനങ്ങളുടേയും ബാഹുല്യം, വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും സംഖ്യാവർദ്ധന, സർവ്വകലാശാലാ പരീക്ഷകളിലും കായികരംഗങ്ങളിലും കോളേജു സമാർജ്ജിച്ച ഉന്നത പ്രശസ്തി, അച്ചടക്കത്തിന്റേയും അദ്ധ്വാനനിലവാരത്തിന്റേയും സർവ്വാതിശായിയായ പാരമ്പര്യം ഇവയെല്ലാമാണ് ഈ മേന്മയുടെ ഘടകങ്ങളും.

11. 1952 മുതൽ ഡിഗ്രി കോഴ്സുകളും 1957 മുതൽ ബിരുദാനന്തര കോഴ്സുകളും ഇവിടെ ആരംഭിച്ചു. ആദ്യത്തെ ഡിഗ്രി കോഴ്സുകൾ (ഐശ്ചികങ്ങൾ) മാത്തമാറ്റിക്സും, എക്കണോമിക്സും, ബോട്ടണിയും, ആദ്യത്തെ ബിരുദാനന്തര ശാഖ ഹിന്ദിയുമായിരുന്നു. 1961—നകം മറ്റു് ഐശ്ചികവിഷയങ്ങളിലും 1967—നകം ഇതര ബിരുദാനന്തര ശാഖകളിലും കോളെജിനു് അഫിലിയേഷൻ ലഭിച്ചു. തിരുവിതാംകൂർ സർവ്വകലാശാല ഇതിനിടെ കേരള സർവ്വകലാശാലയായി പുനഃസംഘടിതമായിക്കഴിഞ്ഞിരുന്നു. ഫാ. കുരീത്തടം ഉദ്യോഗത്തിൽനിന്നു വിരമിക്കുമ്പോൾ (1968) പത്തു ഡിഗ്രി കോഴ്സുകളും ഒൻപതു് ബിരുദാനന്തര ശാഖകളും ഇവിടെ ആരംഭിച്ചിരുന്നു. ഇംഗ്ലീഷ്, മലയാളം, മാത്തമാറ്റിക്സു്, ഫിസിക്സ്, കെമിസ്ട്രി, ബോട്ടണി, സുവോളജി, ഇക്കണോമിക്സ്, പൊളിറ്റിക്സ്, കോമേഴ്സ്, ഇവ ഐശ്ചികതലത്തിലും, സുവോളജി, കോമേഴ്സ്, മലയാളം, ഇവയൊഴികെ ഇപ്പറഞ്ഞ ശാഖകളിലെല്ലാം—ഹിന്ദിയും സ്റ്റാറ്റിസ്റ്റിക്സും ഉൾപ്പെടെ—ബിരുദാനന്തരതലത്തിലും ഇപ്പോൾ ഇവിടെയുള്ള പഠനശാഖകളാണു്. കെമിസ്ട്രിശാഖയിൽ മണ്ണു പരിശോധനസ്റ്റാം ഹിന്ദി, പൊളിറ്റിക്സ് ഇവയിൽ ഡോക്ടറൽ ഗവേഷണത്തിനും ഇവിടെ അടുത്ത കാലത്തു് സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടു്. സ്പെഷ്യൽ ബി. എസ്സു്. സി. നിലവിലിരുന്ന കാലയളവിൽ ആ വിഭാഗം ഇവിടെയുണ്ടായിരുന്നു. 1968 ഫെബ്രുവരിയിൽ പരി. സിംഹാസനത്തിൽനിന്നും മോൺ സിഞ്ഞോർ എന്ന സ്ഥാനം ഫാ. കുരീത്തടത്തിനു് നൽകുകയുണ്ടായി.

12. ബിരുദാനന്തര ശാഖകൾ സംഘടിപ്പിക്കുവാൻ പ്രഗത്ഭമതികളും പരിചയ സമ്പന്നരുമായ അദ്ധ്യാപക വിദഗ്ധന്മാരുടെ സേവനം യൂണിവേഴ്സിറ്റിയും ഗവണ്മെൻറും അപ്പോഴപ്പോൾ വിട്ടുതരികയുണ്ടായി. ഇങ്ങനെ ഇവിടെ സേവനമനുഷ്ഠിച്ച അദ്ധ്യാപകരുടെ ഒരു പരമ്പരതന്നെ ഉണ്ടായിട്ടുണ്ടു്. പ്രൊ. പി. കെ. കേശവൻനായർ, പ്രൊ. ആരുവാമുദം ഐയ്യൻകാർ, പ്രൊ. എൻ. കെ. രാമസ്വാമി, പ്രൊ. ദാമോദരൻ നമ്പീശൻ, പ്രൊ. സി. വി. കെ. ഐയ്യൻകാർ, പ്രൊ. വി. കെ. വേലപ്പൻനായർ, പ്രൊ. കൊച്ചുണ്ണിപ്പണിക്കർ, പ്രൊ. എം. ആർ. ദൊരസ്വാമി അയ്യങ്കാർ, റാവുബഹദൂർ എം. വൈദ്യനാഥയ്യർ, സോ. ഏ. ശിവരാമ കൃഷ്ണയ്യർ, മുതലായവർ ഈ ഗണത്തിൽപ്പെടുന്നു. കോളജിൻെറ ആദ്യ വത്സരങ്ങളിൽത്തന്നെ ഇവിടെ സേവനമാരംഭിച്ചവരും ഇപ്പോഴും ഉന്നതമായ നിലവാരത്തിൽ ആ സേവനം തുടരുന്നവരുമായ വകുപ്പദ്ധ്യക്ഷന്മാരാണു് സർവ്വശ്രീ പ്രൊ. പി. എം. ചാക്കോ, പ്രൊ. കെ. രാമകൃഷ്ണപിള്ള, പ്രൊ. ഏ. വി. വക്കി, പ്രൊ. എ. റ്റി. തര്യൻ, പ്രൊ. ഏ. സി. കുരുവിള, പ്രൊ. പി. റ്റി. സിറിയക്കു്, പ്രൊ. കെ. ജെ. സ്കറിയാ, ഡോ. എൻ. ആർ. എളേടം, പ്രൊ. എൻ. എസ്സു്. പരമേശ്വരൻ, പ്രൊ. ഒ. മത്തായി, പ്രൊ. സി. ജെ. സെബാസ്റ്റ്യൻ, പ്രൊ. വി. വി. മാണി, പ്രൊ. റ്റി. എസ്സു്. ജോസഫു് എന്നിവർ. ദീർഘകാലത്തെ സേവനത്തിനു ശേഷം അടുത്തകാലത്തു സേവനരംഗത്തുനിന്നും വിരമിച്ചവരാണു് പ്രൊ. വി. ജെ. മത്തായി, പ്രൊ. സോമവമ്മരാജാ, പ്രൊ. പി. കെ. മാണി, പ്രൊ. ഡി. ജോസഫു്. പ്രൊ. ഫാദർ പാറപ്പാക്കൽ എന്നിവർ. ഇവിടെ ഇംഗ്ലീഷു് പ്രൊഫസറായിരിക്കെ റബർ ബോർഡു് ചെയർമാനായി നിയമിതനായ പ്രൊ. കെ. എം. ചാണ്ടി അവിടെ തൻെറ സേവനം തുടരുന്നു.

13. പല തുറകളിലായി ഇവിടെ വിദഗ്ധ സേവനമനുഷ്ഠിച്ചിട്ടുള്ള അദ്ധ്യാപകരുടെ കഴിവുകളും സമയോചിതമായി പ്രയോജനപ്പെടുത്തുന്നതിൽ തന്നെയല്ല ഫാദർ കുരീത്തടത്തിൻെറ പ്രാഗത്ഭ്യം പ്രകടിതമായതു്. തുടരെത്തുടരെ പല പ്രാവശ്യം യൂണിവേഴ്സിറ്റി സെനറ്റിലും സിൻഡിക്കേറ്റിലും അംഗമായിരുന്നുകൊണ്ടു് യുക്തമായ അവസരങ്ങളിലെല്ലാം ഇവിടെ പുതിയ കോഴ്സുകൾക്കു് അഫിലിയേഷൻ ലഭിക്കുന്നതിലും സ്റ്റേറ്റു ഗവണ്മെൻറിൽ നിന്നും കേന്ദ്രഗവണ്മെൻറിൽനിന്നും കെട്ടിടനിർമ്മാണം, ലൈബ്രറി, ലാബോറട്ടറി, കളിസ്ഥലങ്ങൾ സ്വിമ്മിംഗ്പൂൾ തുടങ്ങിയ ഇനങ്ങൾക്കും സഹായധനം വാങ്ങിക്കുന്നതിലും ഫാ. കുരീത്തടത്തിൻെറ ജാഗ്രുകതയും കർമ്മശൂരതയും സ്വാധീനശക്തിയും പ്രയോജനപ്പെടുകയുണ്ടായി.

14. കോളജിൻെറ ശിലാസ്ഥാപനം മുതൽ 1957 വരെ അതിൻെറ നിർമ്മാണപദ്ധതികളും ധനവിനിയോഗവും സുവിദഗ്ധമായി കൈകാര്യംചെയ്ത ഫാ. ജേക്കബു് താഴത്തേൽ, 1951 മുതൽ മലയാള വകുപ്പദ്ധ്യക്ഷനായും 1952 മുതൽ വൈസ് പ്രിൻസിപ്പലായും സേവനമനുഷ്ഠിച്ച ഫാ. ജോൺ മറ്റം എം. ഏ., 1954 മുതൽ '74 വരെ ഭരിഭാഗവും കോളജു ബർസാറായും, ഹോസ്റ്റൽ വാർഡൻ, സിറിയക് പ്രൊഫസർ എന്നീ നിലകളിലും സേവനമനുഷ്ഠിച്ച ഫാദർ ജോസഫു് കുരിയാസ്, 1953 മുതൽ '55 വരെ ഇവിടെ മരാമത്തു പണികളുടെ ഉത്തരവാദിത്വം വഹിച്ചുശേഷം പരുമലക്കുന്നിൽ മൈനർ സെമിനാരി പണിയിക്കുവാൻ നിയോഗിക്കപ്പെട്ട ഫാ.

സെബാസ്റ്റ്യൻ ചെറുശ്ശേരി ഇവരുടേയും പ്രശസ്ത സേവനങ്ങൾ ഫാ. കുരീത്തടത്തിന്റെ ബഹുമുഖമായ നേതൃത്വത്തോടൊപ്പം ഇവിടെ അനുസ്മരിക്കേണ്ടതുണ്ട്. കെട്ടിടനിർമ്മാണഘട്ടങ്ങളിൽ എൻജിനീയർ ശ്രീ. വി. എ. വക്കിയും ശ്രീ. എം. എ. സക്കറിയാസും നിർവ്വഹിച്ച സേവനങ്ങൾ അവിസ്മരണീയങ്ങളാണ്.

15. 1957 ഏപ്രിൽ മുതൽ 1974 ഏപ്രിൽ അവസാനംവരെയായിരുന്ന മോൺ. ഫിലിപ്പു വാലിയിലിന്റെ ഭരണഘട്ടം. മോൺ. മേച്ചേരിക്കുന്നേൽ മരണമടഞ്ഞപ്പോൾ കത്തീഡ്രൽ വികാരിയായിരുന്ന ഫാദർ വാലിയിൽ വികാരി ജനറാളും കോളേജു മാനേജരുമായി നിയമിതനായി. നാം കുനാം കുതിച്ചുകയറിക്കൊണ്ടിരുന്ന അദ്ധ്യാപക വേതനം, കെട്ടിടനിർമ്മാണച്ചിലവുകൾ, വർദ്ധമാനമായ ലൈബ്രറി – ലബോറട്ടറിച്ചിലവുകൾ – ഇവയെല്ലാംകൂടി കോളേജുമാനേജുമെന്റിന്റെ സാമ്പത്തിക കഴിവുകളെ ഞെക്കിഞെരുക്കിക്കൊണ്ടിരുന്ന ഒരു കാലഘട്ടമായിരുന്ന മോൺസിഞ്ഞോർ വാലിയിലിന്റെ ഭരണകാലം. അഭിവന്ദ്യ രക്ഷാധികാരിയുടെ പിന്തുണയോടെ, തുടരെത്തുടരെ സ്ഥാപനങ്ങളിൽനിന്നും വ്യക്തികളിൽനിന്നും വസ്തുക്കൾ കടമെടുത്തും, രൂപതയുടെ ധനാഗമമാർഗ്ഗങ്ങൾ പരമാവധി പ്രയോജനപ്പെടുത്തിയും അദ്ദേഹം ഈ പരീക്ഷണഘട്ടങ്ങൾ സ്തുത്യർഹമായി പിന്നിട്ടുകൊണ്ടിരുന്നു. സാമാന്യേന അരോഗദൃഢഗാത്രനെങ്കിലും ദീർഘകാലത്തെ ബഹുകാര്യവ്യഗ്രതയും ബദ്ധപ്പാടുകളും മൂലം അനുഭവേദ്യമാകുന്ന ചില കായികാസ്വാസ്ഥ്യങ്ങൾ അദ്ദേഹത്തേയും അലട്ടിക്കൊണ്ടിരുന്നു. വിശ്രമമനുവദിക്കുവാൻ പല പ്രാവശ്യം അദ്ദേഹം രൂപതാദ്ധ്യക്ഷന്റെ പക്കൽ അഭ്യർത്ഥിക്കുകയുണ്ടായി. വീണ്ടും വീണ്ടും അവയെല്ലാം നിരസിക്കപ്പെട്ടതിനുശേഷം, രൂപതാ സഹായമെത്രാനായി മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ 1973 ഓഗസ്റ്റ് 15-ന് അഭിഷിക്തനായി ഏതാനും മാസങ്ങൾ കഴിഞ്ഞ് ചിരപ്രാർത്ഥിതമായ ആ വിശ്രമാനുമതി മോൺസിഞ്ഞോർ വാലിയിലിനു ലഭിച്ചു. നവീന സൗകര്യങ്ങളോടുകൂടിയ അദ്ധ്യാപക ഹോസ്റ്റലായിരുന്ന അദ്ദേഹത്തിന്റെ ഭരണകാലത്തെ അന്തിമമായ സംരംഭം. ഈ നവ്യഹർമ്മ്യത്തിന്റെ മൂന്നു ലക്ഷം രൂപാ ചെലവിൽ ഒന്നേമുക്കാൽ ലക്ഷം കേന്ദ്രഗവണ്മെന്റ് ഏജൻസിയായ സർവ്വകലാശാലാ ധനസഹായകമ്മീഷനിൽനിന്നും ഗ്രാന്റായി ലഭിച്ചു. 1974 ഏപ്രിൽ 30-ാംതീയതി ആ സ്ഥാപനത്തിന്റെ ഉൽഘാടനവേളയിൽ മോൺ. വാലിയിലിന്റെ ബഹുമാനാർത്ഥം അഭിവന്ദ്യ രക്ഷാധികാരി അതിനു് "സെന്റ് ഫിലിപ്പ്സ് ഹോസ്റ്റൽ" എന്നു നാമകരണം ചെയ്തു. അരുണാപുരത്തെ മരിയൻ മെഡിക്കൽ സെന്ററിന്റേയും ക്ഷാരമാത്തിന്റേയും ചാപ്പയിനായി അദ്ദേഹം അജപാലനരംഗത്തു് തന്റെ സേവനം തുടരുകയാണു്.

16. മോൺസിഞ്ഞോർ വാലിയിലിന്റെ ഭരണഘട്ടത്തിന്റെ ഉത്തരാർത്ഥത്തിൽ, 12–2–'68–ൽ ആണു്, ഇപ്പോഴത്തെ പ്രിൻസിപ്പൽ റവ. ഡോക്ടർ എൻ. എം. തോമസ് എം. എ., പി. എച്ച്. ഡി. നിയമിതനായതു്. 1964–ൽ അൽഫോൻസാ കോളജു സ്ഥാപിതമായതു മുതൽ ഫാ. എൻ. എം. തോമസായിരുന്ന അതിന്റെ പ്രിൻസിപ്പൽ. അതിനു മുൻപു് സെന്തോമസ്സിൽ പൊളിറ്റിക്സ് പ്രൊഫസ്സറുമായിരുന്നു. അച്ചടക്ക പാരമ്പര്യത്തിലും വിദ്യാഭ്യാസ കായിക രംഗങ്ങളിലെ പ്രശസ്തിയിലും സെന്റ് തോമസിനു പണ്ടു മുതലേയുള്ള സൽപ്പേരിനെ അഭംഗുരമായി പരിരക്ഷിച്ചു കൊണ്ടുപോരുവാൻ അദ്ദേഹത്തിനു സാധിച്ചിട്ടുണ്ടു്. ഹിന്ദിയിലും പൊളിറ്റിക്സിലും പി. എച്ച്. ഡി. നിലവാരത്തിലുള്ള ഗവേഷണത്തിനു് ഈ കോളജ് അംഗീകരിക്കപ്പെട്ടതു് അദ്ദേഹത്തിന്റെ ഭരണകാലത്താണു്. വിദ്യാഭ്യാസ രംഗത്തെ രാഷ്ട്രീയമായ അതിപ്രസരത്തിന്റെ പശ്ചാത്തലത്തിൽ കേരളത്തിലെ കോളേജുകളിലാകമാനം അച്ചടക്കരാഹിത്യവും അദ്ധ്യയന മാന്ദ്യവും വിദ്യാഭ്യാസ നിലവാരത്തിൽ അധോഗതിയും നേരിട്ട 1975 വരെയുള്ള (അടിയന്തിരാവസ്ഥയുടെ തൊട്ടു മുമ്പിലേ) ആ അര വ്യാഴവട്ടക്കാലം വിജയപഥത്തിലൂടെ സെന്തോമസ്സിനെ മുമ്പോട്ടു നയിച്ചതാണു് ഡോ. തോമസിന്റെ പ്രശസ്തമായ നേട്ടം. അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും സമാദരങ്ങളും സന്മനോഭാവവും സമാർജ്ജിച്ചിരിക്കുന്ന അദ്ദേഹത്തിന്റെ ഭരണകാലം അനതിദീർഘമെങ്കിലും കോളജിന്റെ ചരിത്രത്തിൽ അവിസ്മരണീയമായ ഒന്നുതന്നെയാണു്.

17. 1968 ജൂണിൽ ഫാ. ജോൺ മറ്റം തുക്കാക്കര കോളേജു പ്രിൻസിപ്പലായി ചാർജ്ജെടുത്തപ്പോൾ ഇവിടെ വൈസ് പ്രിൻസിപ്പലായി നിയമിതനായ ഈ ലേഖകനു് അമൂല്യ സേവനാവസരമാണു് അഭിവന്ദ്യ രക്ഷാധികാരിയിൽനിന്നും വീണ്ടും ലബ്ധമായതു്, എന്നും അനുസ്മരിച്ചുകൊള്ളട്ടെ.

18. 1974 ഏപ്രിൽ 15–ാം തീയതി മോൺ സിഞ്ഞോർ വാലിയിൽ കോളേജു മാനേജർ സ്ഥാനത്തുനിന്നും വിരമിക്കുകയും സഹായമെത്രാൻ ഡോ. ജോസഫ് പള്ളിക്കാപ്പറമ്പിൽ തൽസ്ഥാനം ഔപചാരികമായി ഏറ്റെടുക്കുകയുംചെയ്ത ചുരുങ്ങിയ ഇട

കൊണ്ട് കോളജു കൃാമ്പസിനുണ്ടായ മാറ്റം ശ്രദ്ധേയമായിരിക്കുന്നു. 1972—മുതൽ കോളജിന്റെ ശമ്പള ബിൽ മുഴുവൻ ഗവണ്മെൻറിൽനിന്നും ലഭിക്കുന്നതിനാൽ മാനേജുമെൻറുകളെ നിരന്തരമായി അലട്ടിക്കൊണ്ടിരിക്കുന്ന ആ പ്രതിമാസ പേടിസ്വപ്നം കോളജു ഭരണമേഖലയിൽനിന്നും എന്നേക്കുമായി തിരോഭവിച്ചിരിക്കുന്ന സാഹചര്യത്തിൽ, കോളജു പരിസരങ്ങളിലേക്കും, കൃഷിസ്ഥലങ്ങളിലേക്കും വിദ്യാർത്ഥികളുടെ ശ്രമദാന യത്നങ്ങളിലേക്കും മാനേജുമെൻറിന്റെ ശ്രദ്ധ പതിഞ്ഞിരിക്കുന്നതു് സ്വാഭാവികമാണു്. 1974 മുതൽ ഫാ. തോമസു് ഈറ്റയ്ക്കുന്നേൽ കോളജു ബർസാറായി സേവനമനുഷ്ഠിക്കുന്നു.

19. ഇക്കഴിഞ്ഞ കാൽനൂറ്റാണ്ടിനിടയ്ക്കു് കോളജിനെ സംബന്ധിച്ച വിവിധ ഉത്തരവാദിത്വങ്ങളിൽ പലരും വന്നും പോയും ഇരിക്കെ എല്ലാറ്റിനും താങ്ങും തണലുമായി അചഞ്ചലമായി നിലകൊള്ളുന്ന ഒരു വടവൃക്ഷമാണു് ശ്രുപതാദ്ധ്യക്ഷനായ അഭിവന്ദ്യ ഡോ. സെബാസ്റ്റ്യൻ വയലിൽ. വന്ദ്യപിതാവിന്റെ കാൽനൂറ്റാണ്ടു പിന്നിട്ട ശ്രുപതാഭരണത്തിലെ അതിപ്രശസ്തമായ നേട്ടംതന്നെയാണു് ഈ സ്ഥാപനം. രണ്ടായിരത്തിലേറെ വിദ്യാർത്ഥികളും പ്രീഡിഗ്രി മുതൽ പടിപടിയായി ബിരുദാനന്തര പഠനവും ഡോക്ടറൽ ഗവേഷണവുംവരെയുള്ള വിവിധ തലങ്ങളിൽ ഇവിടെ അദ്ധ്യയനവും പരിശീലനവും നേടുന്നു. വിവിധ വിജ്ഞാനശാഖകളിൽ വ്യൽപ്പന്നരും പ്രശസ്ത പരീക്ഷായോഗ്യതകളും ഉള്ളവരുമായ നൂറ്റിനാല്പതോളം ഉപാദ്ധ്യായന്മാർ ഇവിടെ അദ്ധ്യാപനം നടത്തുന്നു. ഇവരിൽ 15 പേർ വൈദികരും എൺപതിലധികം പേർ ഈ കലാലയത്തിലെ പൂർവ്വ വിദ്യാർത്ഥികളുമാണു്. സെനറ്റംഗവും മുൻസിപ്പൽ കൗൺസിലറുമായ ശ്രീ സി. ജെ. ദേവസ്യാ തുടങ്ങി അനദ്ധ്യാപകരായും 70 ഓളം പേർ ഇവിടെ സേവനനിരതരായിരിക്കുന്നു.

20. ഈ ഇരുപത്തഞ്ചു കൊല്ലക്കാലത്തിനിടയ്ക്കു് 30,000—ത്തോളം വിദ്യാർത്ഥികളും ഇവിടെ പ്രവേശിതരായിട്ടുണ്ടു്. ഇവരിൽ കുറഞ്ഞതു് 8000—ത്തിലധികം പേർ ഇപ്പോഴും വിവിധ ബിരുദധാരികളാണു്. വിജ്ഞാനശാഖയുമേന്തി വിവിധ സേവനരംഗങ്ങളിലേക്കു് ഇറങ്ങിപ്പുറപ്പെട്ടിട്ടുള്ള ഈ അഭ്യസ്തവിദ്യർ ഒന്നുകിൽ ബുദ്ധിപരവും ദേശീയ നേതൃതപരവുമായ രംഗങ്ങളിൽ, അല്ലെങ്കിൽ കുടുംബപശ്ചാത്തലത്തിലെ വാണിജ്യാദി മേഖലകളിൽ കർമ്മനിരതരായിരിക്കുകയാണു്. അഭിഭാഷകന്മാർ, ഡോക്ടറന്മാർ, എൻജിനീയർമാർ, സേനാധിപന്മാർ, ഉദ്യോഗസ്ഥ മേധാവികളും, വിദേശ രാജ്യങ്ങളിൽ ശാസ്ത്രീയ വൈജ്ഞാനികരംഗങ്ങളിൽ സുപ്രശസ്തരായിത്തീർന്നവർ ഇങ്ങനെ നല്ലഗണം ഇവിടത്തെ പൂർവ്വവിദ്യാർത്ഥികളിലുണ്ടു്. എന്നാൽ ഭൂരിഭാഗവും കൃഷി വാണിജ്യാദിരംഗങ്ങളിലോ അദ്ധ്യാപകവൃത്തിയിലോ വ്യാപൃതരായിക്കഴിയുന്നു.

21. ചുരുക്കത്തിൽ, ഈ നാടിന്റെ അഭിവൃദ്ധിയിൽ ഈ കലാലയം വഹിച്ചിട്ടുള്ള പങ്കു് അനന്യാദൃശമാണു്. കോളജാരംഭിച്ചകാലത്തു് രണ്ടോ മൂന്നോ റൂട്ടുകളിൽ മാത്രം ഇവിടെനിന്നും ബസ്സു് സർവ്വീസുണ്ടായിരുന്നെങ്കിൽ, പില്ക്കാലത്തു് തെക്കൻ പ്രദേശങ്ങളെ പാലായുമായി ബന്ധിക്കത്തക്കവിധം പാലായിലും, മുത്തോലിയിലും, കിടങ്ങൂരും പാലങ്ങളും തീർന്നതോടെ പത്തിരുപതുമൈൽ ചുറ്റളവിലുള്ള എല്ലാ കേന്ദ്രങ്ങളിൽനിന്നും 'അരുണാപുരം' എന്ന ബോർഡുവെച്ച ബസ്സുകളും കാലത്തും വൈകിട്ടും വന്നും പോയുമിരിക്കുന്നു. സെൻറ് തോമസ് കോളജിന്റെ അഭ്യുദയ ചരിത്രം ഈ പ്രദേശത്തിന്റെയും അഭ്യുദയ ചരിത്രം തന്നെയാണു്.

22. അഭിവന്ദ്യ രക്ഷാധികാരി ഡോക്ടർ സെബാസ്റ്റ്യൻ വയലിൽ തന്റെ മെത്രാഭിഷേക രജതജൂബിലിയാഘോഷിച്ച അവസരത്തിൽ പലേ മഹത്തുക്കളും എടുത്തുപറഞ്ഞതുപോലെ പാലായുടെ നവോത്ഥാനത്തിൽ അഭിവന്ദ്യപിതാവു വഹിച്ച പങ്കു് പ്രഥമ ഗണനീയമെങ്കിൽ ആ നവോത്ഥാനത്തിന്റെ മുഖ്യഘടകമായ കോളജിന്റെ അനുപമമായ വളർച്ചയിൽ അവിടുത്തേക്കുള്ള പങ്കും അതുല്യമാണു്. 1953 ഡിസംബർ 1—ാംനു- മെയിൻ ബിൽഡിംഗായ ടി സ്സാങ് ഹോം ഉത്ഘാടനം ചെയ്യപ്പെട്ടതിനെ തുടർന്നു് അനുക്രമമായി ഈ സ്ഥാപനത്തിന്റെ ഓരോ വികസനഘട്ടങ്ങളിലും പടുകൂറ്റൻ കെട്ടിടങ്ങളുമതന്നെ ഇവിടെ പണിതുയർത്തപ്പെടുകയുണ്ടായി. 1957 ഡിസംബറിൽ ക്രിസ്തുരാജു് ഹോസ്റ്റലും സ്വാമീസ്ഹൂപൂളും കേരളാ ഗവണ്ണർ ശ്രീ ബി. രാമകൃഷ്ണറാവു ഉത്ഘാടനം ചെയ്തു. 1962 ഫെബ്രുവരിയിൽ അന്നത്തെ കേരളാഗവണ്ണർ (പിന്നീടു് ഇൻഡ്യൻ പ്രസിഡൻറ്) ശ്രീ. വി. വി. ഗിരി ലൈബ്രറി ബിൽഡിംഗും ഓഡിറ്റോറിയവും ഉത്ഘാടനം ചെയ്തു. 1963 മാർച്ചിൽ സ്റ്റുഡൻറ് സെൻററിന്റെ പണി പൂർത്തിയായി. 1967 ജൂണിൽ പോസ്റ്റ് ഗ്രാഡ് വേയ്റ്റ് സയൻസ് ബ്ലോക്കും ഫാത്തിമാ ഹോസ്റ്റലും അഭിവന്ദ്യ രക്ഷാധികാരി ഉത്ഘാടനം ചെയ്തു. 1964—ൽ ആരംഭിച്ച സ്റ്റാഫ് കാർട്ടേഴ്സ് അപ



narmada

TEXTILES



PALLAVI

SAREES



pinky

GARMENTS



BOMBAY DYEING EXCLUSIVE SHOW ROOM



narmada KANJIRAPALLY

Jeeva

ST. THOMAS COLLEGE, PALAI

GREETS

IT'S FOUNDER PATRON

His Excellency the Jubilarian
Rt. Rev. Dr. Sebastian Vayalil

Greetings from

Moozhayil Medical Agencies

PALAI, KERALA

Phone No. 388

Do you want to multiply your money?

HERE IS AN OPPORTUNITY TO DO SO

Invest in our novel scheme - **KALPAKA NIDHI** - see how Rs. 1,000 - grows into Rs. 12,000/-

Deposits of Rs. 100/- and multiples thereof for periods from 61 months and every complete year from 6 years to 25 years accepted.

For details, please contact any one of the bank's branches:

THE SOUTH INDIAN BANK LIMITED

(Regd. Office: TRICHUR)

AUTHORISED DEALERS IN FOREIGN EXCHANGE

അക്ഷയനിധി

ഫെഡറൽ കുറികളെ അടിസ്ഥാനമാക്കിയുള്ള പുതിയ

★ പ്രതിമാസപദ്ധതി ★

സമ്പാദ്യത്തോടൊപ്പം ഭാഗ്യപരീക്ഷണവും

ഓരോ യൂണിറ്റിലും **192** പേരിൽ ഒരാൾക്ക്
100 രൂപ മുടക്കുമ്പോൾ **19200** രൂപ കിട്ടുന്നു.

നറുക്കു കിട്ടുന്നവർ തുടർന്നു പണം അടയ്ക്കേണ്ടതില്ല

കൂടുതൽ വിവരങ്ങൾക്ക്
ഞങ്ങളുടെ ശാഖകളിൽ അന്വേഷിക്കുക:

ദി ഫെഡറൽ ബാങ്ക് ലിമിറ്റഡ്

രജി. ഓഫീസ്: ആലുവാ

Our loving regards

To

His Excellency Mar Sebastian Vayalil

M/S. VELLAPPALLY BROTHERS

KOTTAYAM

ര്യാപ്തമായതിനാൽ 1974–ൽ പുതിയ സ്റ്റാഫ് ഹോസ്റ്റൽ പണിയപ്പെട്ടു. ഇതിനകം കോളജ് ചാപ്പൽ, വൈദീകമന്ദിരം, സ്റ്റുഡൻറ് ലഞ്ചുഹോം എന്നിവയും വ്യത്യസ്ത കാലഘട്ടങ്ങളിൽ പണിതുയർത്തപ്പെടുകയുണ്ടായി. വലുതും ചെറുതുമായി ഇന്നു കോളജു കാമ്പസിൽ നിലകൊള്ളുന്ന ഒരു ഡസനോളം ബലിഷ്ഠ ഹർമ്മ്യങ്ങൾക്കു് ഒരു കോടിയോളം ചെലവു് കണക്കാക്കാം. ആദ്യം ആയിരം രൂപയോ കൂടുതലോ നൽകിയ ഉപകാരികൾക്കു പൗരമെ, ഉൽപ്പന്നപ്പിരിവുകളായും ചെറുസംഭാവനകളായും രൂപതയിലെ ഓരോ ഇടവകയും സ്ഥാപനവും കുടുംബവും കോളജു വികസനത്തിനായി സംഭാവനകൾ നല്കിയിട്ടുണ്ടു്. ഗവണ്മെൻറ് ഗ്രാൻറുകളും പരി. സിംഹാസനത്തിൽ നിന്നുള്ള പാരിതോഷികങ്ങളും അപ്പോഴപ്പോൾ പ്രയോജനപ്പെടുകയുണ്ടായി. എന്നാൽ എല്ലാറ്റിലുമുപരിയായി ബൃഹത്തായ ഈ സംരംഭത്തെ രൂപതയുടെ കഴിവുകളെ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ടു് പുരോഗമിപ്പിച്ചതു് ഔദാര്യധനനായ വയലിൽതിരുമേനി തന്നെയാണു്. ഇതേ ഉദ്ദേശവും മുൻനിറുത്തി തിരുമനസ്സുകൊണ്ടു് 1966–ൽ യൂറോപ്പിലും അമേരിക്കയിലും പര്യടനം നടത്തിയതും വിസ്മരിക്കാവതല്ല.

23. ഇന്ത്യൻ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധി കോളജു രജതജൂബിലിയാഘോഷം ഉൽഘാടനം ചെയ്യാൻ 1976 ഫെബ്രുവരി 12–ാംതീയതി കോളജിൽ എത്തിയതു് സെൻറ് തോമസിനേറയും പാലായുടേയും പ്രശസ്തിയെ രാജ്യമാകെ വ്യാപിപ്പിക്കുവാൻ സഹായിച്ചിട്ടുണ്ടു്. അഭിവന്ദ്യ രക്ഷാധികാരിയുടേയും രൂപതയുടേയും ജൂബിലിയുമായി ഈ ആഘോഷം ബന്ധപ്പെട്ടതുകൊണ്ടു് ഈ സന്ദർശനം ശ്രീമതി ഗാന്ധിയ്ക്കു് വിശേഷാൽ സന്തുഷ്ടിപ്രദവുമാവുകയുണ്ടായി. 1958–ൽ അവർ ഈ സ്ഥാപനം സന്ദർശിച്ച കാര്യം ഉൽഘാടനപ്രസംഗത്തിൽ അനുസ്മരിക്കുക തന്നെ ചെയ്തു. 1954–ൽ പണ്ഡിത് ജവഹർലാൽ നെഹ്രുവും, അതിനു മുൻപും പിൻപും കൈലാസ്നാഥ് കട്ജു, വി. കെ. കൃഷ്ണമേനോൻ തുടങ്ങിയ കേന്ദ്രമന്ത്രിമാരും, കാർഡിനൽ ഫ്യൂസ്റ്റൻബർഗ്, കാർഡിനൽ ഗ്രേഷ്യസ് തുടങ്ങിയ വൈദികവരേണ്യരും ഈ കലാലയം സന്ദർശിച്ചിട്ടുണ്ടെന്നും അനുസ്മരിച്ചുകൊള്ളട്ടെ.

24. ഈ കോളജുമായി സ്ഥാപനഘട്ടത്തിലോ ഭരണനേതൃത്വത്തിലോ അദ്ധ്യാപനരംഗത്തോ ബന്ധപ്പെട്ടവാനിടയായവരും ഇതിനകം ഐഹിക വാസം വെടിഞ്ഞവരുമായ പലേ പ്രശസ്തവ്യക്തികളും ഈ പ്രകൃതത്തിൽ പ്രത്യേകം അനുസ്മരണീയരായുണ്ടു്. യൂജിൻ കാർഡിനൽ ടിസ്സറാങ്ങു്, ആർച്ചു ബിഷപ്പു് ലൂയി മത്യാസു്, ബിഷപ്പു് കാളാശ്ശേരി, ആർച്ചു ബിഷപ്പു് മാത്യു കാവുകാട്ടു്, ബിഷപ്പു് തോമസു് തറയിൽ, മോൺസിഞ്ഞോർ എമ്മാനുവേൽ മേച്ചേരിക്കുന്നേൽ, ഷെവലിയർ ഡോ. പി. ജെ. തോമസു്, ഷെവലിയർ പ്രൊ. വി. ജെ. ജോസഫു്, ശ്രീ. ജോർജ്ജു് തോമസു് കൊട്ടുകാപ്പള്ളി, ശ്രീ. ജോസഫു് ആഗസ്തി കയ്യാലയ്ക്കകം, ശ്രീ. ആർ. വി. തോമസു്, ശ്രീ. ജേക്കബു് ചെറിയാൻ മരുതുക്കുന്നേൽ, ശ്രീ. ജോസഫു് എബ്രഹാം കള്ളിവയലിൽ, ശ്രീ. തോമസു് ജെ. കയ്യാലയ്ക്കകം, ശ്രീ. കെ. വി. തോമസു് പൊട്ടങ്കുളം, ശ്രീ. കെ. സി. സെബാസ്റ്റ്യൻ, ശ്രീ. എ. ഒ. ജോസഫു്, ശ്രീ. വി. ജെ. സക്കറിയാസു് വൈപ്പന, ഫാ. വില്യം റെറി. ഒ. സി. ഡി., മോൺ. ജോസഫു് കരീത്തടം, ഫാ. തെയോഡോഷ്യസു് സി. എം. ഐ., ശ്രീ. ആർ. എം. ചാക്കോ, ശ്രീ. മാത്യു ജെ. വൈപ്പന, ശ്രീ. പാപ്പച്ചൻ മേനാംപറമ്പിൽ, ഫാ. കരുവേലകാപ്പിൽ, ശ്രീ. വി. എ. വക്കി, ഫാ. പി. സി. മാത്യു, ഡോ. ശിവരാമകൃഷ്ണയ്യർ, പ്രൊ. കെ. ദാമോദരമേനോൻ, പ്രൊ. പി. സി. ജോസഫു്, ശ്രീ. വി. ഏലിയാസു്, പ്രൊ. കെ. ഐ. മത്തായി, ശ്രീ കെ. വി. ജോസഫു് മുതലായവരാണവർ. ഇവരെല്ലാവരും നിത്യവിശ്രാന്തിയടയട്ടെ.

25. ത്രിജൂബിലികൾ സന്ധിക്കുന്ന ഈ മംഗലവേളയിൽ ജഗന്നിയന്താവിൻറെ കൃപാകടാക്ഷം എന്നെന്നും സെന്തോമസ്സിൻറെ മേൽ ഉണ്ടാവട്ടെ എന്നു് ആശംസിക്കുന്നു.



ഡയറിക്കുറിപ്പുകൾ

1950 — 1975

1950 July 25. Quo Ecclesiarum എന്ന തിരുവെഴുത്തുവഴി പന്ത്രണ്ടാം പീയൂസ് മാപ്പിളപ്പാ ചങ്ങനാശ്ശേരി രൂപതയെ രണ്ടായി വിഭജിക്കുകയും പാലാ രൂപത സ്ഥാപിക്കുകയും ചെയ്തു.

Dilecto Filio എന്ന തിരുവെഴുത്തു മുഖേന ഫാ. എമ്മാനുവൽ സെബാസ്റ്റ്യൻ വയലിൽ പുതിയ രൂപതയുടെ പ്രഥമ മെത്രാനായി നിയമിതനായി.

1950 Aug. 7. വന്ദ്യപിതാവിന്റെ നിയമനം സംബന്ധിച്ച് റോമിൽനിന്നുള്ള ഔദ്യോഗിക അറിയിപ്പ് പാലായിൽ ലഭിച്ചു

ഇതേദിവസം തന്നെയാണ് കോട്ടയം മെത്രാൻ മാർ തോമസ് തറയിൽ പാലാ സെന്റ് തോമസ് കോളേജ് ഉത്ഘാടനം ചെയ്തത്.

1950 Nov. 9. റോമിൽ വി. ത്രേസ്യായുടെ ദൈവാലയത്തിൽവച്ച് വന്ദ്യപിതാവ് ചങ്ങനാശ്ശേരി രൂപതയുടെ നിയുക്തമെത്രാൻ മാർ മാത്യു കാവുകാട്ടുമെത്രാനുമായിച്ചു അത്യുന്നത കർദ്ദിനാൾ എവുജീൻ കാർഡിനൽ ടിസറാൻറിൽനിന്ന് മെത്രാനായി അഭിഷിക്തനായി. തദവസരത്തിൽ Rt. Rev. Dr. തോമസ് തറയിൽ (കോട്ടയം) Rt. Rev. Dr. ജെറോം ഫർണാണ്ടസ് (കൊല്ലം) എന്നീ വൈദീക മേലദ്ധ്യക്ഷന്മാർ സഹകാർമ്മികരായിരുന്നു.

പട്ടാഭിഷേകാനന്തരം റോമിലെ പുണ്യതീർത്ഥങ്ങളും അസ്സീസി, പാദുവാ, മിലാൻ, വെനീസ്, ഫ്ലോറൻസ്, ജനീവാ, ലൂർദ്ദ്, പാരീസ്, ലിസ്യൂ, ലണ്ടൻ മുതലായ പ്രസിദ്ധ കേന്ദ്രങ്ങളും സന്ദർശിച്ചു.

1951 Jan. 4. വന്ദ്യപിതാവ് റോമിൽ നിന്ന് തിരിച്ചെത്തുകയും പേപ്പൽ ഇൻറർനൺഷ്യോ മോസ്റ്റ് റവ. ഡോ. ലിയോ പീറർ കീയർക്കൽസിന്റെ സാന്നിദ്ധ്യത്തിൽ പാലാ സെന്തോമസ് കത്തീഡ്രലിൽവച്ച് രൂപതാഭരണം ഏറ്റെടുക്കുകയും ചെയ്തു.

1951 Feb. 11. പ്രഥമ ഇടയലേഖനം പ്രസിദ്ധപ്പെടുത്തി.

1951 July 3. പാലാ ളാലം പുത്തൻപള്ളിയിൽ ഗ്രഡ്ഷെപ്പേർഡ് മൈനർ സെമിനാരി, സെൻറ് ജോസഫ്സ് മിഷൻ ഹോമുമൊത്ത് പ്രവർത്തനം ആരംഭിച്ചു.

1952 Jan. 3. വികാർ ജനറാലും ഫാ. എമ്മാനുവൽ മേച്ചേരിക്കുന്നേൽ Domestic Prelate ആയി ഉയർത്തപ്പെട്ടു.

1952 വി. തോമ്മാശ്ലീഹാ ഭാരതത്തിൽ വന്നതിന്റെ 19-ാം ശതവാർഷികവും, വി. ഫ്രാൻസീസ് സേവ്യറിന്റെ ചരമത്തിന്റെ 4-ാം ശതവാർഷികവും.

1953 Jan. 20 രൂപതവകയായി സെൻറ് തോമസ് പ്രസ്സ് സ്ഥാപിതമായി.

1953 July 22. സെൻറ് ജോസഫ്സ് ചിൽഡ്രൻസ് ഹോം എന്ന പേരിൽ കുമ്മണ്ണൂരിൽ അനാഥമന്ദിരം ഉത്ഘാടനം ചെയ്തു.

1953 Nov. 30. പൗരസ്ത്യതിരുസംഘം സെക്രട്ടറി അത്യുന്നത കർദ്ദിനാൾ ടിസ്സറൻറ് തിരുമേനിക്ക് പാലായിൽ ഉജ്ജ്വലസ്വീകരണം.

ഡിസംബർ 3-ന വരെ കർദ്ദിനാൾ തിരുമേനി പാലാ പള്ളിമേടയിലുള്ള മെത്രാസനമന്ദിരത്തിൽ താമസിച്ചു.

Dec. 1. കത്തീഡ്രൽ പള്ളി സ്ഥാപിതമായിട്ട് 950-വർഷങ്ങൾ തികയുന്ന ജൂബിലി വാർഷികം. പുതിയ കത്തീഡ്രൽ ദൈവാലയത്തിനു കർദ്ദിനാൾ തിരുമേനി ശിലാസ്ഥാപനം നിർവ്വഹിച്ചു.

Dec. 1. സെൻറ് തോമസ് കോളേജ് Main Block ഒരു വമ്പിച്ച സദസ്സിന്റെ സാന്നിദ്ധ്യത്തിൽ കർദ്ദിനാൾ ടിസ്സറൻറ് ഉത്ഘാടനം ചെയ്തു. കോളേജ് മൈതാനിയിൽ അദ്ദേഹത്തിന്റെ ബഹുമാനാർത്ഥം ഒരു ഉദ്യാനവിരുന്ന് നൽകപ്പെട്ടു.

Dec. 2. ദൈവദാസി സി. അൽഫോൻസായുടെ നാമകരണത്തിനായുള്ള രൂപതാ ട്രിബുണൽ ഭരണങ്ങാനം ഫൊറോനാപ്പള്ളിയിൽവച്ച് ഉത്ഘാടനം ചെയ്യപ്പെട്ടു.

കർദ്ദിനാൾ ടിസ്സറാൻ അരുവിത്തുറ, രാമപുരം മുട്ടുചിറ, കുറവിലങ്ങാട് ഫൊറോനാ ദൈവാലയങ്ങൾ സന്ദർശിച്ചു.

Dec. 3. കർദ്ദിനാൾ പാലാ രൂപതയിൽനിന്നും മടങ്ങിപ്പോയി.

1953 Dec. 31. തലശ്ശേരി രൂപതാ അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക് ആയി കടക്കല്ലിറ ഇടവകയിൽപ്പെട്ട റവ. ഫാ. സെബാസ്റ്റ്യൻ വള്ളോപ്പള്ളി നിയമിതനായി.

1954 March 19. മോൺ. സെബാസ്റ്റ്യൻ വള്ളോപ്പള്ളി തലശ്ശേരി രൂപതയുടെ ഭരണഭാരം ഏറ്റു.

1955 രൂപതാ മൈനർ സെമിനാരി ളാലം പുത്തൻ പള്ളിയിൽനിന്ന് കുമ്മണ്ണൂരേക്ക് മാറ്റി സ്ഥാപിച്ചു.

1955 Oct. 16 മോൺ. സെബാസ്റ്റ്യൻ വള്ളോപ്പള്ളി തലശ്ശേരി രൂപതയുടെ പ്രഥമ മെത്രാനായി നിയമനം

1956 Aug. 22 ചങ്ങനാശ്ശേരി രൂപത അതിരൂപതയായി ഉയർത്തപ്പെടുകയും പാലായും കോട്ടയവും ചങ്ങനാശ്ശേരിയുടെ സാമന്തരൂപതകളെന്ന് പ്രഖ്യാപിക്കപ്പെടുകയും ചെയ്തു.

1956 Oct. 7 പാലാ പരമലക്കുന്നിൽ നവീനമായി പണിതീർത്തിരിക്കുന്ന സെമിനാരിയുടെ കെട്ടിടം ഉദ്ഘാടനം ചെയ്യപ്പെട്ടു. ഗ്രഡ്ഷെപ്പേർഡ് മൈനർ സെമിനാരി എന്നും ഈ സ്ഥാപനം അറിയപ്പെടുന്നു.

1957 Feb. 11. പാലാ കേന്ദ്രമായുള്ള ലീജിയൻ ഓഫ് മേരി കേരളാസെനാത്തൂസ് ഉദ്ഘാടനം.

1957 Feb. 12. രൂപതയുടെ പ്രഥമ വികാർ ജനറാൾ മോൺ എമ്മാനുവൽ മേച്ചേരിക്കുന്നേൽ ചരമം പ്രാപിച്ചു. അദ്ദേഹത്തിന്റെ മൃതദേഹം പിറ്റെ ദിവസം പാലാ കത്തീഡ്രൽ ദൈവാലയത്തിൽ സാഘോഷം സംസ്കരിക്കപ്പെട്ടു.

1957 March 25. കത്തീഡ്രൽ പള്ളി വികാരി വെരി റവ. ഫാ. ഫിലിപ്പ് വാലിയിൽ വികാർ ജനറാളായി നിയമിതനായി.

1957 April 3. ദൈവദാസിയായ സി. അൽഫോൻസായുടെ കബറിടം തുറക്കുകയും, നിയമപ്രകാരമുള്ള നിരീക്ഷണറിപ്പോർട്ടുകൾ തയ്യാറാക്കിയശേഷം പൂജ്യാവശിഷ്ടങ്ങൾ പുതുതായി ഒരുക്കിയിരുന്ന ഒരു പേടകത്തിലാക്കി മുൻകല്ലറയിൽ തന്നെ സ്ഥാപിക്കുകയും ചെയ്തു.

1957 June 12. കേരളത്തിലെ കമ്മ്യൂണിസ്റ്റ് ഗവണ്മെൻറ് അവതരിപ്പിച്ചിരിക്കുന്ന വിദ്യാഭ്യാസബില്ലിനെപ്പറ്റി ചർച്ച ചെയ്യുവാൻ വൈദികരുടേയും അത്മായപ്രതിനിധികളുടേയും ഒരു യോഗം കത്തീഡ്രൽ പാരിഷ് ഹാളിൽ വന്ദ്യ പിതാവിന്റെ അദ്ധ്യക്ഷതയിൽ കൂടി. സ്വകാര്യവിദ്യാലയങ്ങളുടെ സംരക്ഷണാർത്ഥം എന്തു ത്യാഗവും അനുഷ്ഠിക്കുവാൻ യോഗം തീരുമാനമെടുത്തു. June 13-ന് രൂപതയിലെ എല്ലാ സ്ഥാപനങ്ങളും അടച്ചു ഹർത്താൽ ആചരിക്കണമെന്നും 15-ന് ഉപവാസമനുഷ്ഠിക്കണമെന്നും 16-ന് വിശേഷാൽ പ്രാർത്ഥനാദിനമായി ആചരിക്കണമെന്നും നിശ്ചയിച്ചു.

1957 Sept. 8. അരുവിത്തുറ ഇടവക ഫൊറോനാ ആയി ഉയർത്തപ്പെട്ടു.

1957 Nov. 4. സെൻറ് തോമസ് ടെയിനിംഗ് കോളേജ് ഉദ്ഘാടനം.

1958 June 4. പുതിയ മെത്രാസനമന്ദിരത്തിന്റെ ശിലാസ്ഥാപനം.

1958 Oct 9. XII-ാംപീയൂസ് മാർപ്പാപ്പാ ദിവംഗതനായി.

1958 Nov. 28. ജോൺ XXIII-ാമൻ മാർപ്പാപ്പായുടെ സ്ഥാനാരോഹണം.

1959 Feb. 18. രൂപതാതലത്തിൽ ലൂർദ്ദ് ശതാബ്ദീ ജൂബിലി ആഘോഷങ്ങൾ. ളാലം ഗ്രോട്ടോയിൽനിന്ന് മരിയൻ റാലി സെൻറ് തോമസ് കോളേജ് ഗ്രൗണ്ടിലേക്ക്. യോഗത്തിൽ വലേറിയൻ കാർഡിനൽ ഗ്രേഷ്യസ് അദ്ധ്യക്ഷം വഹിച്ചു. ചങ്ങനാശ്ശേരി, കോട്ടയം, വിജയപുരം, തിരുവല്ലാ, കോതമംഗലം രൂപതകളിലെ വൈദികമേലദ്ധ്യക്ഷന്മാരുടെ സാന്നിദ്ധ്യം. ശ്രീ. റവ. ജെ. മാത്യു തെള്ളിയിലിനു ഷെവലിയർ (K. S. G.) എന്ന പേപ്പൽ ബഹുമതി നൽകപ്പെട്ടു.

1959 Aug. 15. പുതിയ മെത്രാസനമന്ദിരം ആശീർവ്വദിച്ചു. പാലാപ്പള്ളി മേടയിൽനിന്നും പുതിയ മന്ദിരത്തിലേക്ക് താമസം മാറ്റി.

1959 Nov. 26. ചങ്ങനാശ്ശേരി അതിരൂപതാ പ്രോവിൻസിന്റെ ഔദ്യോഗിക ഉദ്ഘാടനം.

1960 April 30. പ്രഥമ Adlimina സന്ദർശനത്തിനായി വന്ദ്യപിതാവ് റോമിലേക്കു പുറപ്പെട്ടു. കൊച്ചിയിൽനിന്നും കപ്പൽ മാർഗ്ഗം പുറപ്പെട്ട ഈ യാത്രയിൽ Arch bishop മാർ മാത്യു കാവുകാട്ട്, Bp ആൻറണി പടിയറ, Mgr. കുര്യൻ വഞ്ചിപ്പുരയ്ക്കൽ എന്നിവരും പിതാവിനോടൊത്തുണ്ടായിരുന്നു.

1960 June 1. പരി. പിതാവ് ജോൺ XXIII-ാമൻ പാപ്പായെ സന്ദർശിച്ചു.

1960 July 31 - Aug. 7. മ്യൂണിക്കിൽ നടന്ന അഖിലലോക ദിവ്യകാരുണ്യ കോൺഗ്രസ്സിൽ സംബന്ധിച്ചു.

ഈ യാത്രയിൽ ലൂർദ്ദ്, ലിസ്യൂ, പരലമോണിയൽ, ആർസ് മുതലായ തീർത്ഥകേന്ദ്രങ്ങളും യൂറോപ്പിലെ വിവിധ രാജ്യങ്ങളും സന്ദർശിച്ചു

റോമിൽ നിന്നുള്ള മടക്കയാത്രയിൽ വിശുദ്ധനാടുകളും സന്ദർശിച്ചു. ഗാഗുൽത്തായിലും ഗേദ്സെമനിയിലും ദിവ്യബലി അർപ്പിച്ചു. കുരിശിന്റെവഴി കഴിച്ചു.

1960 Sept. 14. റോമായാത്രയ്ക്കു ശേഷം തിരിച്ചെത്തി.

1960 Nov. 9. വികാർ ജനറാൾ ഫാ. ഫിലിപ്പ് വാലിയിലിനു ഡൊമസ്റ്റിക് പ്രിലേറ്റ് എന്ന പേപ്പൽ ബഹുമതി നല്കി.

1960 Dec. 21. വന്ദ്യപിതാവ് ഗുരുപട്ടം സ്വീകരിച്ചതിന്റെ രജതജൂബിലി ആഘോഷങ്ങൾ. രാവിലെ വി. തോമ്മാശ്ലീഹായുടെ തിരുശേഷിപ്പ് സംവഹിച്ചുകൊണ്ടുള്ള പ്രദക്ഷിണം ബിഷപ്പ്സ് ഹൗസിൽനിന്നു കത്തീഡ്രലിലേക്കു്. ജൂബിലി പന്തലിൽ പൊൻറിഫിക്കൽ കുർബാനയും അഭിവന്ദ്യ തിരുവനന്തപുരം മെത്രാപ്പോലീത്താ ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ പ്രസംഗവും. ഉച്ചകഴിഞ്ഞു്, വി. കുർബാനയുടെ പ്രദക്ഷിണവും പൊതുയോഗവും. അദ്ധ്യക്ഷൻ, വരാപ്പുഴ മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോ. ജോസഫ് അട്ടിപ്പേററി, കേരള ആഭ്യന്തര മന്ത്രി Mr. P. T. ചാക്കോ, Chev. V. C. ജോർജ്ജ് തുടങ്ങിയവർ പ്രസംഗിച്ചു. ചങ്ങനാശ്ശേരി, തിരുവനന്തപുരം, തൃശ്ശൂർ, തലശ്ശേരി, കോട്ടയം, കോതമംഗലം, വിജയപുരം, തിരുവല്ലാ, കൊല്ലം, ആലപ്പുഴ, കോയമ്പത്തൂർ രൂപതാദ്ധ്യക്ഷന്മാരും എറണാകുളം, കൊച്ചി രൂപതകളുടെ വികാർ ജനറൽമാരും തദവസരത്തിൽ സന്നിഹിതരായിരുന്നു. അനേകശതം വൈദികരും കന്യാസ്ത്രീകളും ആയിരക്കണക്കിനു വിശ്വാസികളും ഭക്തികമ്മങ്ങളിൽ പങ്കെടുത്തു.

1961 April 27. രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ സെമ്മിനാരി, സർവ്വകലാശാലകൾ ഇവയെ സംബന്ധിച്ചുള്ള Preparatory Commission-ൽ സംബന്ധിക്കുവാനായി വന്ദ്യപിതാവ് റോമിലേക്കു് യാത്രയായി. ഈ യാത്രയിൽ സ്പെയിൻ, ഐർലൻഡ്, ലൂർദ്ദ്, ജർമ്മനി മുതലായ രാജ്യങ്ങളും സന്ദർശിച്ചു. Claretian സഭക്കാരുമായി ബന്ധം പുലർത്തി. അവരുടെ അപേക്ഷപ്രകാരം ഏതാനും വൈദികവിദ്യാർത്ഥികളും അവരുടെ സഭയിൽ ചേരുവാൻ അനുവദിച്ചു.

1962 June 18. പേപ്പൽ ഇൻറർനുൺഷ്യോ മോസ്റ്റ് റവ. ഡോ. ജെയിംസ് നോക്കു് വന്ദ്യപിതാവിന്റെ ആതിഥ്യം സ്വീകരിച്ചു.

1962 July 3. സീറോ-മലബാർ സഭയിലെ പുനരുദ്ധരിക്കപ്പെട്ട ക്രമമനുസരിച്ചു് കത്തീഡ്രലിൽ മലയാളത്തിൽ ഇടംപ്രഥമമായി ദിവ്യബലി അർപ്പിച്ചു.

കോട്ടയം വടവാതൂർ സെമിനാരിയുടെ ഉത്ഘാടനം.

ചരന്ദാമിഷൻ ഉത്ഘാടനം ചെയ്തു.

1962 Sept. 27. ദൈവദാസി സി. അൽഫോൻസായുടെ നാമകരണത്തിനായുള്ള രൂപതാ നടപടികളും സമാപിച്ചു.

1962 Oct. 3. കുമ്മണ്ണൂർ സ്ഥാപിക്കുന്ന വൈദിക മന്ദിരത്തിന്റെ ശിലാസ്ഥാപനം.

1962 Oct. 7. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രഥമ സമ്മേളനത്തിൽ സംബന്ധിക്കുവാനായി റോമിലേക്കു് പുറപ്പെട്ടു.
മോൺ. ജോൺ പെരുമറ്റം അനുയാത്ര ചെയ്തു.

ഈ യാത്രയിൽ സി. അൽഫോൻസായുടെ നാമകരണം സംബന്ധിച്ചുള്ള രൂപതാ പ്രോസസ്സിന്റെ രേഖകളും റോമിലേക്കു് കൊണ്ടുപോവുകയും അവ ബ. പോസ്റ്റുലേററച്ചനെ ഏല്പിക്കുകയും ചെയ്തു.

1962 Oct. 11. രണ്ടാം വത്തിക്കാൻ സൂനഹദോസ് റോമിൽ ഉത്ഘാടനം ചെയ്യപ്പെട്ടു. പരി. പിതാവു് ജോൺ XXIII-ാമൻ പാപ്പാ പ്രസ്തു

ത ഉത്ഘാടനകർമ്മം നിർവ്വഹിച്ച അവസരത്തിൽ 2300–ൽ അധികം മെത്രാന്മാർ ചടങ്ങുകളിൽ സംബന്ധിക്കുകയുണ്ടായി.

1962 Dec 14. വന്ദ്യപിതാവ് റോമിൽനിന്നു തിരിച്ചെത്തി.

1963 Jan 30. Mr. K. T. അബ്രാഹം തെക്കേമുറിക്കു (കൊഴുവനാൽ) Bene Merenti എന്ന പേപ്പൽ ബഹുമതി നല്കപ്പെട്ടു.

1963 Aug. 18. വത്തിക്കാൻ കൗൺസിൽ രണ്ടാം സമ്മേളനത്തിൽ സംബന്ധിക്കുവാൻ റോമിലേക്കു. ഈ സമ്മേളനത്തിലും തുടർന്നുള്ള സമ്മേളനങ്ങളിലും പരി. പിതാവ് പോൾ ആറാമൻ നേതൃത്വം നൽകി.

കൗൺസിലിനു ശേഷം ജർമ്മനിയിലും ബൽജിയത്തിലുമുള്ള വിവിധ സ്ഥലങ്ങൾ സന്ദർശിച്ചു.

1963 Dec. 9. റോമിൽനിന്നു തിരിച്ചെത്തി.

1964 Feb. 27. വെരി റവ. ഫാ. ജേക്കബ് വെള്ളരിങ്ങാട്ടിനു പരി. സിംഹാസനത്തിൽ നിന്നും Domestic Prelate എന്ന പേപ്പൽ ബഹുമതി ലഭിച്ചു.

1964 May 17. Mr. C. മാത്യു കട്ടക്കയത്തിനു Bene Merenti എന്ന പേപ്പൽ ബഹുമതി.

1964 July 8. പാലാ അൽഫോൻസാ കോളേജ് ഉത്ഘാടനം

1964 Sept. 17. വത്തിക്കാൻ കൗൺസിൽ മൂന്നാം സമ്മേളനത്തിൽ പങ്കെടുക്കുവാൻ റോമിലേക്കു പുറപ്പെട്ടു.

1964 Nov. 26 – Dec. 4. ബോംബെയിൽ നടന്ന 38–ാമതു അഖിലലോക ദിവ്യകാരുണ്യ കോൺഗ്രസിൽ സംബന്ധിച്ചു. പരി. പിതാവു പോൾ ആറാമൻ പാപ്പാ ബോംബെയിൽ എത്തുകയും ദിവ്യകാരുണ്യകോൺഗ്രസ്സിൽ പങ്കെടുക്കുകയും ചെയ്തു. ഈ കോൺഗ്രസ്സിൽ ദൈവദാസി സി. അൽഫോൻസായെപ്പറ്റി വന്ദ്യ പിതാവു ഒരു പ്രസംഗം ചെയ്തു.

1965 Aug. 17. സൂനഹദോസിന്റെ നാലാമത്തേതും അവസാനത്തേതുമായ സമ്മേളനത്തിൽ പങ്കെടുക്കുവാൻ യാത്ര പുറപ്പെട്ടു.

1965 Dec. 8. രണ്ടാം വത്തിക്കാൻ സൂനഹദോസ് സമാപിച്ചു.

ഇരുപതാം നൂറ്റാണ്ടിലെ സഭാചരിത്രത്തിൽ അതിപ്രധാനമായ സംഭവമായിരുന്ന ഈ കൗൺസിൽ. ആകെ 16 പ്രമാണരേഖകൾ സൂനഹദോസിൽ പാസ്സാക്കുകയുണ്ടായി.

Dec 12. വന്ദ്യപിതാവു റോമിൽനിന്നു തിരിച്ചെത്തി.

1966 April 23. രണ്ടാമതു Adlimina സന്ദർശനത്തിനായി റോമിലേക്കു. ശ്രുപതാ സംബന്ധമായ റിപ്പോർട്ടുകൾ പരി. പിതാവിനു സമർപ്പിച്ചതിനു ശേഷം അമേരിക്കയിൽ പര്യടനം നടത്തുന്നതിനായി യാത്രതിരിച്ചു. ഫാ. N. M. തോമസ് അനുയാത്രചെയ്തു.

വിദ്യാഭ്യാസരംഗത്തു വന്ദ്യപിതാവു നിർവ്വഹിച്ചിട്ടുള്ള നിസ്തുല സേവനങ്ങളെ പരിഗണിച്ചു ചിക്കാഗോയിലെ De Paul University വന്ദ്യപിതാവിനു Doctor of Laws എന്ന ബഹുമതി നൽകി. അമേരിക്കയിൽ ന്യൂയോർക്കു, വാഷിങ്ടൺ, ബോസ്റ്റൺ, ചിക്കാഗോ, ഫിലാഡൽഫിയാ, ലോസ് ആൻജലസ്, സാൻഫ്രാൻസിസ്കോ മുതലായ പട്ടണങ്ങൾ സന്ദർശിച്ചു. തുടർന്നു കാനഡായും സന്ദർശിച്ചു. ടോക്കിയോ, ഹോങ്കോങ്ങ് തുടങ്ങിയ പട്ടണങ്ങളിലും മടക്കയാത്രയിൽ സന്ദർശനം നടത്തുകയുണ്ടായി.

1966 July 23. സുദീർഘമായ ആഗോള പര്യടനം നടത്തിയതിനുശേഷം പാലായിൽ തിരിച്ചെത്തി.

1966 Oct. 12 — 21. ഡൽഹിയിൽ ചേർന്ന C. B. C. I. സമ്മേളനത്തിൽ പങ്കെടുത്തു.

1967 Aug. 8. ശ്രുപതയിലെ വൈദികസെനറ് ഉദ്ഘാടനം ചെയ്തു.

1967 Sept. 14. പാസ്റ്ററൽ കൗൺസിൽ ഉദ്ഘാടനം.

1968 Jan. 8. കോട്ടയം വടവാതൂർ സെമിനാരി റക്ടർ വെരി. റവ. ഫാ. കുര്യൻ വഞ്ചിപ്പുരയ്ക്കൽ മോൺസിഞ്ഞോർ സ്ഥാനത്തേക്കുയർത്തപ്പെട്ടു.

1968 Jan. 20. റവ. ഫാ. ജോസഫ് കുറീത്തടം, ഫാ. J. C. കാപ്പൻ, ഫാ. തോമസ് മൂത്തേടം, എന്നീ വൈദികർക്കു പരി. സിംഹാസനത്തിൽനിന്നും മോൺസിഞ്ഞോർ സ്ഥാനം ലഭിച്ചു.

1968 Feb. വന്ദ്യപിതാവു ചെയർമാനായി 15 അംഗങ്ങളുള്ള ശ്രുപതാ ലിറർജിക്കൽ കമ്മീഷൻ രൂപീകൃതമായി.

1968 Feb. 22. പൗരസ്ത്യതിരുസംഘം പ്രീഫെക്ട് കർദ്ദിനാൾ മാക്സ് മില്ലൻ ഡി ഫുർസ്റ്റൻബർഗ്ഗ്, പ്രോനുൺഷ്യോ മോൺ. ജോസഫ് കാപ്രിയോ തുടങ്ങിയ പ്രശസ്ഥാതിഥികൾക്ക് പാലായിൽ സ്വീകരണം. പാലാ സെൻറ് തോമസ് ഹൈസ്കൂൾ മൈതാനിയിൽ പൊതുസമ്മേളനം.

— ദീപനാളം എന്ന കലാസാംസ്ക്കാരിക വാരിക ഉദ്ഘാടനം ചെയ്തു.

— സെൻറ് തോമസ് മിഷനറി സൊസൈറ്റിയുടെ കേന്ദ്രഭവനത്തിൻെറ ഉദ്ഘാടനം അമ്പാറയിൽ നിർവ്വഹിച്ചു.

— സെൻറ് തോമസ് കോളെജിൽ വച്ച് കർദ്ദിനാളിനു സ്വീകരണ സൽക്കാരം നൽകി.

1968 Feb. 23. കർദ്ദിനാൾ തിരുമേനി കത്തീഡ്രൽ ദൈവാലയത്തിൽ ദിവ്യബലി അർപ്പിക്കുകയും പ്രസംഗിക്കുകയും ചെയ്തു. പത്തുമണിയോടുകൂടി ചങ്ങനാശ്ശേരിക്ക് യാത്രയായി.

1968 July 3. Association of the Diocesan Clergy Palai (A. D. C. P.) യുടെ പുതിയ നിയമാവലി നടപ്പിൽ വന്നു.

1968 July 16. സെൻറ് തോമസ് മിഷനറി സൊസൈറ്റി പുനഃപ്രകാരം ആരംഭിച്ചു. മെത്രാസനമന്ദിരത്തിൽവച്ച് ഫാ. ജോൺ പെരുമറ്റം സൊസൈറ്റിയുടെ പ്രഥമ ഡിറക്ടർ ജനറൽ ആയി തിരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹം വന്ദ്യപിതാവിൻെറ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്തു ചാർജെടുത്തു. സൊസൈറ്റിയുടെ ഇതര അംഗങ്ങളും ഡിറക്ടർ ജനറലിൻെറ മുമ്പിലും സത്യപ്രതിജ്ഞ ചെയ്തു.

1968 July 22. ക്രൂരീഷ്യൻ സഭയിൽ ചേർന്നു ജർമ്മനിയിൽ വൈദീകവിദ്യാഭ്യാസം നടത്തിയിരുന്ന നമ്മുടെ തൃപതക്കാരായ ശമ്മാശന്മാർക്ക് വൈദീകപട്ടം നല്കുന്നതിനായി ജർമ്മനിയിലേക്ക് പുറപ്പെട്ടു. ഫാ. തോമസ് പുരയിടം അനുയാത്ര ചെയ്തു.

1968 July 25. ഫ്രാങ്ക്ഫർട്ടിൽവച്ച് ഫാ. ജോസഫ് മാധവത്തു, C M. F., ഫാ. മാത്യു പഴയകോട്ട് C. M. F. എന്നിവർ വന്ദ്യപിതാവിൽനിന്നും വൈദീകപട്ടം സ്വീകരിച്ചു. തുടർന്നു, കൊളോൺ, ലൂർദ്ദ്, ബ്രസ്സൽസ്, പാരീസ്, ലിസ്യൂ തുടങ്ങിയ സ്ഥലങ്ങളും സന്ദർശിച്ചു.

1968 Sept. 26. പരി. പിതാവു പോൾ ആറാമൻ പാപ്പായെ സന്ദർശിച്ചു.

1968 Sept. 27. വിദേശപര്യടനം കഴിഞ്ഞു പാലായിൽ തിരിച്ചെത്തി.

1968 Oct. 17. പാലായിൽ അരുണാപുരത്തു അസംപ്ഷൻ സിസ്റ്റേഴ്സിൻെറ ഇൻഡ്യയിലെ പ്രഥമ ഭവനം സമാരംഭിച്ചു.

1968 Nov. 1. ഉജ്ജയിനിൽ വച്ചു മോൺ. ജോൺ പെരുമറ്റം ഉജ്ജയിൻ എക്സാർക്കായി ഭരണഭാരം കയ്യേറ്റു. വന്ദ്യപിതാവും ഉജ്ജയിനിൽ എത്തി പ്രസ്തുത ചടങ്ങുകളിൽ സംബന്ധിച്ചു.

1969 Jan. 14. ഉജ്ജയിൻ എക്സാർക്കേറ്റിൻെറ ഔദ്യോഗിക ഉദ്ഘാടനം പ്രോനുൺഷ്യോ, മോൺ. ജോസഫ് കാപ്രിയോ നിർവ്വഹിച്ചു. തദവസരത്തിൽ വന്ദ്യപിതാവും സന്നിഹിതനായിരുന്നു. ഭോപാൽ, സാഗർ തുടങ്ങിയ സ്ഥലങ്ങളും സന്ദർശിച്ചു.

1969 July 3. ഡോട്ടേഴ്സ് ഓഫ് സെൻറ് തോമസ് സന്യാസിനീ സമൂഹത്തിൻെറ ആരംഭം.

1969 Aug. 31. അമ്പാറയിൽ ആരംഭിക്കുന്ന S. S. T. മൈനർ സെമിനാരി ആശീർവ്വദിച്ചു ഉദ്ഘാടനം ചെയ്തു.

1969 Sept. 14. മലബാർ സഭയിലെ പ്രഥമ കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ തിരുമേനിക്കു പാലായിൽ ഗംഭീര സ്വീകരണം. തൃപതാതിർത്ഥിയായ മാന്നാറിൽവച്ചു കർദ്ദിനാളിനെ സ്വീകരിച്ചു പാലായിലേക്കു ആനയിക്കുന്നു. സെൻറ് തോമസ് ഹൈസ്കൂൾ ഗ്രൗണ്ടിൽ പൊതുയോഗം.

—Sept. 15. സെൻറ് തോമസ് കത്തീഡ്രലിൽ കർദ്ദിനാൾ ദിവ്യബലി അർപ്പിച്ചു.

1969 Oct. 8. മെത്രാന്മാരുടെ അസാധാരണസിനഡിൽ സംബന്ധിക്കുവാനായി വന്ദ്യപിതാവു റോമിലേക്കു പുറപ്പെട്ടു.

1969 Oct. 9. അഭിവന്ദ്യ മാർ കാവുകാട്ടുപിതാവിൻെറ ചരമം. കാവുകാട്ടു പിതാവിനോടുള്ള ബഹുമാനസൂചകമായി ഒരാഴ്ചത്തേക്കു തൃപതയൊട്ടാകെ ദുഃഖാചരണം.

1969 Oct. 11.–27. റോമിൽ മെത്രാന്മാരുടെ സിനഡിൽ പങ്കെടുത്തു.

1969 Oct 21. പരിശുദ്ധ പിതാവു് പോൾ ആറാമൻ മാർപ്പാപ്പായെ സന്ദർശിച്ചു.

1969 Nov. 1. റോമിൽനിന്നു് തിരിച്ചെത്തി. —ചങ്ങനാശ്ശേരിയിൽ എത്തി കാവുകാട്ടു പിതാവിന്റെ കബറിടത്തിങ്കൽ ദിവ്യബലി അർപ്പിക്കുകയും പ്രസംഗിക്കുകയും ചെയ്തു.

1970 Marh 3. കുറവിലങ്ങാട്ടു് ക്ലാരിഷ്യൻ കോൺഗ്രിഗേഷന്റെ ഇൻഡ്യയിലെ പ്രഥമ ഭവനത്തിന്റെ ശിലാസ്ഥാപനം.

1970 Aug. 15 ഊട്ടി മെത്രാൻ മാർ ആൻറണി പടിയറ ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ ആയി ജോലി ഭരമേല്ക്കുന്നു. തൽസംബന്ധമായ ചടങ്ങുകളിൽ സംബന്ധിച്ചു.

1970 Oct. 4. കേരളാ റീജിയണൽ വൊക്കേഷൻ സർവ്വീസു് സെൻറർ (K. R. V. S. C) ഭരണങ്ങാനത്തു് അഭിവന്ദ്യ കർദ്ദിനാൾ ജോസഫു് പാറേക്കാട്ടിൽ ഉദ്ഘാടനം ചെയ്തു. തദവസരത്തിൽ വന്ദ്യപിതാവു് സ്വാഗതപ്രസംഗം ചെയ്തു.

1971 June 29. മംഗലപ്പുഴ സെമിനാരി സുറിയാനി മല്പാൻ വെ. റവ. ഫാ. ജോർജു് പുത്തൻപുരയ്ക്കു് Domestic Prelate എന്ന പേപ്പൽ ബഹുമതി. വന്ദ്യപിതാവു് ആലുവാ സെമിനാരിയിൽ എത്തി തൽസംബന്ധമായ ചടങ്ങുകളിൽ പങ്കുകൊണ്ടു.

1971 July 28. ദൈവദാസി സി. അൽഫോൻസായുടെ ചരമത്തിന്റെ രജതജൂബിലി ആഘോഷങ്ങൾ ഭരണങ്ങാനത്തു്. കർദ്ദിനാൾ ജോസഫു് പാറേക്കാട്ടിലും, ചങ്ങനാശ്ശേരി, തിരുവനന്തപുരം, വരാപ്പുഴ, തൃശ്ശൂർ, തലശ്ശേരി, കോതമംഗലം, വിജയപുരം രൂപതകളുടെ വൈദീകമേലദ്ധ്യക്ഷന്മാരും എറണാകുളം കോട്ടയം സഹായമെത്രാന്മാരും തദവസരത്തിൽ സന്നിഹിതരായിരുന്നു. അഭിവന്ദ്യ പിതാവാണു് സ്വാഗതപ്രസംഗം നടത്തിയതു്. കർദ്ദിനാൾ അദ്ധ്യക്ഷ്യം വഹിച്ചു് പ്രസംഗിച്ചു.

—ശ്രീ. വി. സി. ജോർജിനു ഷെവലിയർ (K. S. G.) എന്ന പേപ്പൽ ബഹുമതി ലഭിച്ചു

1971 Nov. 1. സാൻതോം പ്രോസസു് സ്റ്റുഡിയോയുടെ ഉദ്ഘാടനം.

1971 Nov. 8. റവ. സി. മേരി ബനീഞ്ജാസ്സു് Bene Merenti എന്ന പേപ്പൽ ബഹുമതി. പ്രസ്തുത ബഹുമതിദാനം ആലുവാ C. M. C. General House—ൽ വച്ചു് ഔപചാരികമായി നല്കപ്പെട്ടു.

1972 July 9. കേരള സർക്കാരിന്റെ പ്രൈവറ്റു് കോളേജു് പിടിച്ചെടുക്കുന്നതിനുള്ള സംരംഭത്തെ ചെറുക്കുന്നതിനായി പാലായിൽ സംഘടിപ്പിച്ചതും രണ്ടരലക്ഷത്തിൽപരം ജനങ്ങൾ പങ്കെടുത്തതുമായ വമ്പിച്ച പ്രകടനജാഥാ വന്ദ്യപിതാവു് നയിക്കുകയും പാലാ സെൻറു് തോമസു് സ്കൂൾ മൈതാനിയിൽ ചേർന്ന പ്രതിഷേധ സമ്മേളനം ഉത്ഘാടനം ചെയ്യുകയും ചെയ്തു. അന്നേദിവസം കൊട്ടാരംമറ്റം മുതൽ ളാലം പാലം വരെയും തിരിച്ചു് സെൻറു് തോമസു് ഹൈസ്കൂൾ വരെയും വന്ദ്യപിതാവു് ജാഥാ നയിച്ചുകൊണ്ടു് നടക്കുകയുണ്ടായി.

1972 Nov. 17–19. രൂപതാതലത്തിൽ സെൻറു് തോമസു് സെൻറിനറി ആഘോഷങ്ങൾ. ചെറുപുഷ്പ മിഷൻലീഗു്, മൂന്നാം സഭ, മതബോധനം, സെൻറു് വിൻസെൻറു് ഡി പോൾ സൊസൈറ്റി, ലീജിയൻ ഓഫു് മേരി തുടങ്ങിയ സംഘടനകളുടേയും കൂട്ടികൾ, യുവജനങ്ങൾ. സന്യാസിനികൾ തുടങ്ങിയ വിഭാഗങ്ങളുടേയും പ്രത്യേകം പ്രത്യേകം സമ്മേളനങ്ങൾ ഉണ്ടായിരുന്നു. ഈ സമ്മേളനങ്ങളിലും സമാപന സമ്മേളനത്തിലുമായി കർദ്ദിനാൾ ജോസഫു് പാറേക്കാട്ടിൽ, ബനഡിക്ടു് മാർ ഗ്രിഗോറിയോസു്, മാർ ആൻറണി പടിയറ, മോൺ. കൊർണേലിയുസു് ഇലഞ്ഞിക്കൽ, മാർ ജോസഫു് കുണ്ടുകുളം, മാർ കൂര്യാക്കോസു് കുന്നശ്ശേരി, മാർ ജോസഫു് പവ്വത്തിൽ, മോൺ. ജോൺ പെരുമറ്റം എന്നീ വൈദിക മേലദ്ധ്യക്ഷന്മാർ സംബന്ധിക്കുകയും പ്രസംഗിക്കുകയും ചെയ്തു.

1973 June 8. സഹായമെത്രാൻ മാർ ജോസഫു് പള്ളിക്കാപറമ്പിലിന്റെ നിയമന വാർത്ത കോട്ടയം വടവാതൂർ സെമിനാരിയിൽ St. Ephreme's Day ആഘോഷിക്കുന്നതിനായി ചേർന്ന യോഗത്തിൽവച്ചു് പ്രസിദ്ധീകൃതമായി. കർദ്ദിനാൾ ജോസഫു് പാറേക്കാട്ടിലും കേരളത്തിലെ മറ്റു പല വൈദീകമേലദ്ധ്യക്ഷന്മാരും തദവസരത്തിൽ സന്നിഹിതരായിരുന്നു

1973 Aug. 15. മാർ ജോസഫ് പള്ളിക്കാപ്പറമ്പിലിന്റെ മെത്രാൻ പട്ടാഭിഷേകം. സെൻറ് തോമസ് കേളേജ് മൈതാനിയിൽ സജ്ജമാക്കിയിരുന്ന പന്തലിൽ വച്ചാണ് ചടങ്ങുകൾ നടന്നത്. കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ മുഖ്യ കാർമ്മികനും വന്ദ്യപിതാവും, തലശ്ശേരി മെത്രാൻ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിയും സഹകാർമ്മികരുമായിരുന്നു. കേരളത്തിലെ കത്തോലിക്കാ വൈദീകമേലദ്ധ്യക്ഷന്മാർക്കു പുറമെ ഇതര ക്രൈസ്തവ സഭകളുടെ അദ്ധ്യക്ഷന്മാരും വിവിധ സമുദായങ്ങളുടെ പ്രതിനിധികളും, രാഷ്ട്രീയനേതാക്കന്മാർ തുടങ്ങിയവരും മെത്രാഭിഷേകത്തെ തുടർന്നു നടത്തിയ പൊതുയോഗത്തിൽ ആശംസാപ്രസംഗങ്ങളും നടത്തി.

— കുടുംബസഹായഫണ്ട് ഉത്ഘാടനം ചെയ്യപ്പെട്ടു.

1973 Sept. 13. പുതുതായി സ്ഥാപിതമായ പാളയംകോട്ട രൂപതയുടെ മെത്രാൻ മോൺ. ഇരുദയരാജിന്റെ മെത്രാഭിഷേകത്തിൽ വന്ദ്യ പിതാക്കന്മാരിരുവരും പങ്കെടുത്തു.

തുടർന്നു മധുര, തഞ്ചാവൂർ രൂപതാദ്ധ്യക്ഷന്മാരെ സന്ദർശിക്കുകയും വേളാങ്കണ്ണിയിൽ എത്തി മാതാവിന്റെ ദൈവാലയത്തിൽ ദിവ്യബലി അർപ്പിക്കുകയും ചെയ്തു.

1973 Oct. 10. വന്ദ്യപിതാവ് കോഹിമാ, ഇംഫാൽ രൂപതയുടെ മേലദ്ധ്യക്ഷൻ മോൺ. ഇലഞ്ഞിമറ്റത്തിന്റെ പട്ടാഭിഷേക ചടങ്ങുകളിൽ സംബന്ധിക്കുവാനായി യാത്രപുറപ്പെട്ടു. ആസ്സാം, മേഘാലയാ, നാഗാലാൻഡ്, മണിപ്പൂർ തുടങ്ങിയ മിഷൻ ദേശങ്ങളും സന്ദർശിച്ചു.

1973 Nov. 2. മിഷൻ പര്യടനം കഴിഞ്ഞു പാലായിൽ തിരിച്ചെത്തി.

1973 Dec. 3. Poor Hand maids of Jesus Christ (West Germany) സന്യാസിനീ സമൂഹം പ്രവിത്താനത്തു ആരംഭിക്കുന്ന മാർ മാത്യു കാവുകാട്ടു മെമ്മോറിയൽ ഹോസ്പിറ്റൽ ഉദ്ഘാടനം.

1974 April 15. മോൺ. ഫിലിപ്പ് വാലിയിൽ വികാരി ജനറാൾ സ്ഥാനത്തുനിന്നും വിരമിക്കുന്നു.

1974 Aug. 15. പിതാവിനു അനുഭവപ്പെട്ട ഹൃദ്രോഗബാധയെ തുടർന്നു മെഡിക്കൽ കോളെജ് ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടു. അവിടെ ആറാഴ്ചയോളം ചികിത്സാർത്ഥം താമസിച്ചു.

1975 Jan. 4. രൂപതാസ്ഥാപനത്തിന്റെ രജതജൂബിലി ആഘോഷങ്ങൾ ഇന്നാരംഭിക്കുന്നു. തികച്ചും ആർഭാടരഹിതമായ വിധത്തിൽ ഭക്തിനിർഭരങ്ങളായ ചടങ്ങുകളോടെ ജൂബിലി ആഘോഷിക്കണമെന്നാണ് പിതാവു നിർദ്ദേശിച്ചിരിക്കുന്നതു. ഇന്നു കത്തീഡ്രൽ ദേവാലയത്തിൽ ആരംഭിച്ച ദിവ്യകാരുണ്യ ആരാധന, രൂപതയിലെ എല്ലാ ദൈവാലയങ്ങളുടെയും ആശ്രമങ്ങളുടേയും മഠങ്ങളുടേയും സഹകരണത്തോടെ 1976 ജനു. 4 വരെ ഒരു വർഷത്തേക്കു തുടരുന്നതാണു. ആവിധത്തിലുള്ള ഒരു പരിപാടി തയ്യാറാക്കി ബന്ധപ്പെട്ട എല്ലാവരേയും അറിയിച്ചിട്ടുണ്ടു. രാത്രികാലങ്ങളിലെ ആരാധന മിക്കവാറും മഠങ്ങളിലാണു നടത്തപ്പെടുന്നതു.

ഇന്നു ചങ്ങനാശ്ശേരി സഹായമെത്രാൻ മാർ ജോസഫ് പവ്വത്തിൽ കത്തീഡ്രലിൽ പ്രസംഗിച്ചു. വന്ദ്യപിതാവു ദിവ്യകാരുണ്യവാഴ്വു നടത്തി.

1975 Feb. 14. കൂത്താട്ടുകുളം ദേവമാതാ ഹോസ്പിറ്റൽ ഉദ്ഘാടനം. അഡോറേഷൻ സന്യാസിനീസമൂഹമാണു ഈ ആസ്പത്രി നടത്തുന്നതു.

1975 July 25. വന്ദ്യപിതാവു മെത്രാനായി നിയുക്തനായതിന്റെ രജതജൂബിലി. രാവിലെ സമൂഹബലി അർപ്പിച്ചു.

1975 Nov. 9. പട്ടാഭിഷേകം നടന്നിട്ടു 25 വർഷങ്ങളും തികയുന്നു. രാവിലെ ബിഷപ്സ് ഹൗസ് ചാപ്പലിൽ സമൂഹബലി അർപ്പിച്ചു. പകൽ സമയം മുഴുവനും ദിവ്യകാരുണ്യ ആരാധന നടത്തി. ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ മാർ ആൻറണി പടിയറയും സഹായമെത്രാൻ മാർ ജോസഫ് പവ്വത്തിലും മറ്റനേകം ആളുകളും വന്ദ്യപിതാവിനെ സന്ദർശിച്ചു ജൂബിലി മംഗളങ്ങൾ ആശംസിച്ചു. ദിവ്യകാരുണ്യ ആശീർവ്വാദത്തിനുശേഷം ചാപ്പലിൽ തടിച്ചുകൂടിയിരുന്ന വിശ്വാസികളോടു പ്രസംഗിച്ചു.

1975 Nov. 8. ഗ്രഡ്ഷെപ്പേർഡ് മൈനർ സെമ്മിനാരിയോടനുബന്ധിച്ച് പണിതീർത്തിരിക്കുന്ന Extension block ഉദ്ഘാടനം.

1975 Dec. 19. എല്ലാ ഇടവകകളിലേയും ബഹു. വികാരിമാരും ഈരണ്ട് ഇടവക പ്രതിനിധികളും വന്ദ്യപിതാവിനു് മംഗളങ്ങൾ ആശംസിക്കുവാൻ സമ്മേളിച്ചു. സെൻറ് തോമസ് ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ ചേർന്ന പ്രസ്തുത യോഗത്തിൽ പിതാവ് എല്ലാവരുമൊത്തു് കാപ്പി കുടിച്ചു. രൂപതവകയായുള്ള മംഗളപത്രം വായിച്ചു സമർപ്പിച്ചു. പിതാവ് എല്ലാവർക്കും കൃതജ്ഞത പറഞ്ഞുകൊണ്ട് പ്രസംഗിച്ചു. ജൂബിലിസ്മാരകമായി ഒരു കാത്തലിക് സെൻറർ സ്ഥാപിക്കുന്നതിനു് തീരുമാനമെടുത്തു.

Dec. 21. ജൂബിലി ആഘോഷങ്ങളുടെ സമാപനം ആരംഭിക്കുന്നു. ഈ രൂപതയിൽപ്പെട്ട ആറു ശമ്മാശ്ശന്മാർക്ക് കത്തീദ്രൽ പള്ളി അങ്കണത്തിൽ തയ്യാറാക്കിയിരിക്കുന്ന പന്തലിൽവച്ചു് വന്ദ്യ പിതാവു് വൈദികപട്ടം നൽകി. നവവൈദികരുടെ കൂടെ ദിവ്യബലി അർപ്പിച്ചു. പിതാവു് ഗ്രൂപ്പട്ടം സ്വീകരിച്ചിട്ടു് ഇന്നു് 40 വർഷങ്ങൾ പൂർത്തിയായി.

Dec. 22. കുട്ടികളുടെ പ്രഥമ ദിവ്യകാരുണ്യസ്വീകരണദിനം. രൂപതയുടെ വിവിധ ഭാഗങ്ങളിൽനിന്നും പാലാ കത്തീദ്രലിൽ, മുന്നൂറിലധികം പിഞ്ചുകുഞ്ഞുങ്ങൾ പ്രഥമ ദിവ്യകാരുണ്യസ്വീകരണത്തിനായി തങ്ങളുടെ മാതാപിതാക്കന്മാരുടെ കൂടെ എത്തിച്ചേർന്നു. വന്ദ്യപിതാവു് ദിവ്യബലി അർപ്പിക്കുകയും കൊച്ചുകുട്ടികൾക്ക് ആദ്യദിവ്യകാരുണ്യം നല്കുകയും ചെയ്തു.

Dec 23 വന്ദ്യപിതാവു്, പൗരോഹിത്യത്തിലുള്ള തൻറെ സഹോദരന്മാരോടുകൂടെ ബലി അർപ്പിക്കുന്നു. കത്തീദ്രൽ പള്ളി അങ്കണത്തിൽ തയ്യാറാക്കിയിരിക്കുന്ന ജൂബിലി പന്തലിൽ വച്ചു് ഉച്ചകഴിഞ്ഞു് 3 മണിക്കു് രൂപതാ വൈദികരും സന്യാസവൈദികരുമുൾപ്പെടെ 200-ൽ അധികം പേർ ചേർന്നു് സമൂഹബലി അർപ്പിച്ചു. ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ മാർ ആൻറണി പടിയറ ആശംസാപ്രസംഗം നടത്തി. തുടർന്നു് കൊച്ചുപിതാവിൻറെ പ്രധാന കാമ്മികത്വത്തിൽ കത്തീദ്രൽപള്ളിയിൽനിന്നു് ജൂബിലി പന്തലിലേക്കു് വി. കുർബാനയുടെ പ്രദക്ഷിണം. വന്ദ്യപിതാവു് വികാരനിർഭരമായ ഭാഷയിൽ എല്ലാവർക്കും കൃതജ്ഞത പറഞ്ഞു.

— വൈകിട്ടു് 6-നു് പാലാ നഗരസഭ വന്ദ്യപിതാവിനു് ഒരുജ്വലസ്വീകരണം നൽകി.

— രൂപതയുടെ വിവിധ ഭാഗങ്ങളിലുള്ള സാധുക്കളായ ആളുകൾക്കു് ഒരു നേരത്തെ ആഹാരം കൊടുക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ടു്. മൊത്തം ചിലവിൻറെ ഒരു ഭാഗം രൂപതാകേന്ദ്രവും വഹിക്കുകയുണ്ടായി.

1976 Jan 4. കഴിഞ്ഞ ജനുവരി 4-ാംതീയതി ആരംഭിച്ച കൃതജ്ഞതയുടേതായ അഖണ്ഡദിവ്യകാരുണ്യ ആരാധന ഇന്നു് കത്തീദ്രൽ പള്ളിയിൽ സമാപിച്ചു.

— കോർപ്പറേറ്റു് എഡ്യൂക്കേഷനൽ ഏജൻസിയിൽ പെട്ട അദ്ധ്യാപകർ വന്ദ്യപിതാവിനു് ജൂബിലിമംഗളങ്ങൾ ആശംസിച്ചു. ഇതോടനുബന്ധിച്ചു് പാലാ സെൻറു് തോമസ് ഹൈസ്കൂൾ ഗ്രൗണ്ടിൽ ചേർന്ന യോഗത്തിൽ കേരള ഗവർണർ ശ്രീ. N. N. വാഞ്ചു, ആഭ്യന്തരമന്ത്രി ശ്രീ. K. കരുണാകരൻ, ധനകാര്യമന്ത്രി ശ്രീ. K. M. മാണി, ശ്രീ. K. M. ജോർജ്, അബ്രാഹം മാർ ക്ലീമിസ് മെത്രാപ്പോലീത്താ, C S. I. ബിഷപ്പ് Dr. T. S ജോസഫ്, Dr. സെബാസ്റ്റ്യൻ മങ്കുഴിക്കരി തുടങ്ങി നിരവധി പ്രമുഖ വ്യക്തികളും ആശംസാപ്രസംഗങ്ങളും നടത്തി, രജതജൂബിലി ആഘോഷങ്ങൾ സമംഗളം പര്യവസാനിച്ചു.

DIOCESE OF PALAI

(1950 - 1975)

SUMMARY OF STATISTICS

			Actual Figures	
			1950	1975
1	Area and population			
	Area ...	... Sq. Km.	1166	1166
	Total Population ...	...	391600	481,150
	Catholics of the diocese	...	221007	268,850
2	Churches and Chapels			
	Parish Churches ...	...	83	119
	Filial Churches & Chapels	...	74	176
3	Priests in the Diocese	...	199	468
4	Religious Sisters			
	Congregations of Sisters	...	4	15
	Houses in the Diocese	...	41	118
	Sisters	...	766	2466
5	Priests & Sisters from Palai Serving other regions in India			
	Priests	...	209	1060
	Seminarians & Scholastics	...	120	619
	Religious Brothers	...	12	293
	Religious Sisters, Novices	...	606	4457
6	Number of Vocations from the Diocese upto 1975 ...		7195	
	In the year 1975	...	390	
7	Reunions and Conversions in the year 1975			
	From Non Catholics	...	48	
	From Non Christians		9	
9	Educational Instititutions			
	a) University Colleges	...	—	5
	Professors	...	—	300
	Students	...	—	6652
	Graduates in the Diocese	...	389	5350
	b) Inst. for Tech. Education		—	8
	Small Handicraft Centres		—	38

c) Higher Secondary Schools		19	37
Students		11050	20702
Upper Primary Schools		24	72
Students		8712	30955
d) Lower Primary Schools		96	105
Students		18182	26,682
e) Nursery Schools		—	64
f) Seminaries		1	6
g) Theological College		—	1
9 Charitable or other Institutions			
Hospitals & Dispensaries	...	1	17
Orphanages	...	2	14
Homes of Shelter	...	—	11
Nursing Homes	...	—	2
Printing Presses	...	—	5
Publications	...	—	5
Pastoral Organisations	...	—	4
Socio-religious Organisations: Members		21490	55230
10 University Degree annually conferred for			ca. 800
11 Works of Charity			
Houses built for the poor in the diocese till 1975			612
,, completed or under construction in 1975			430

(Works of charity promoted in 1975, see pages 46 & 47)

Greetings to the Jubilarian Mar Sebastian Vayalil

FROM

Phone: 337, 483

STEEL INDIA

INDUSTRIAL ESTATE

PALAI

Phone: 312 Grams: DEVINE

M. O. DEVASIA & CO.

MERCHANTS & COMMISSION AGENTS

PALAI

Phone: 329

C. C. JOSEPH & Co.

Hill Produce Merchants

H. O. PALAI BR. NEW DELHI

BRANCHES:

MATTANCHERRY & ALLEPPEY

Greetings to the Jubilarian Mar Sebastian Vayalil

FROM

Phone: 360

C. J. JOSEPH & CO.

CHERUVALLIL STORES

General Merchants & Commission Agents

PALAI

Phone: 422

SWAMY'S TEXTILES

PALAI

Prop: S. Rama Iyer, Kidangoor

Phone: 456

K. C. Sebastian & Co.

PALAI

Phones: 372, 538

ഇടപ്പാമ്പ്രത്ത് സ്റ്റോഴ്സ്

പാലാ

Prop: ജോർജ് ജോസഫ്

Vadayattu Jewellery

PALAI

Phone: Resi: 221
Shop: 222

Estd: 1937

St. Joseph's Book Depot

BOOK SELLERS, STATIONERS &
SPORTS GOODS DEALERS

PALAI, KERALA

Telegram: EMJEY

Phone: 498

Moozhayil Jewellers

PALAI

Prop: M. C. Abraham

Thottumkal Jewellers

PALAI

Phone: 409

Blue Star Restaurant

PALAI

Thottumkal Stores

AGENTS FOR

HIND LIVER CATTLE FEED

ഹിന്ദ് ലിവർ കന്നുകാലിത്തീറ്റ

Greetings to the Jubilarian Mar Sebastian Vayalil

FROM

Phone : Shop: 213 Resi: 395

V. M. Joseph & Company

VELLIAPPALLIL BUILDINGS

PALAI

General Merchants & Commission Agents

Phone : Shop: 326 Resi: 396

P. J. Thomas & Company

PANJIKUNNEL BUILDINGS

PALAI

Stockists & Distributors

Phone : 423

Thakidiyal Photos

PHOTOGRAPHIC DEALERS

P. B. No. 74, PALAI, KERALA

Cherupushpam Bankers & Trust Hospital, Palai

Phone : 202

BLUE MOON

PALAI

Universal Theatre, Palai

Phone : 431

T. V. ABRAHAM THARAPPEL & CO.

PALAI

Phone : 530

Nirmala Medicals, Palai

C.Y.M.L. PALAI

Phone : 485

Kathambari, Palai

GEOGRAPHICAL MAP OF
THE DIOCESE OF PALAI
CHURCHES & INSTITUTIONS

N
W E
S

- FORANE CHURCHES
- CHURCHES
- MONASTERIES
- CONVENTS
- COLLEGES
- HIGHER SECONDARY SCHOOLS
- UPPER PRIMARY SCHOOLS
- LOWER PRIMARY SCHOOLS
- HOSPITALS
- CHARITABLE ISTITUTIONS
- CHURCHES OF OTHER DIOCESES
- ROADS
- RAIL WAYS

M.C. ROAD - ALWAYE
THODUPUZHA
THODUPUZHA RIVER
To IDUKKI
ERNAKULAM
M.C. ROAD
KOTTAYAM-ERATTUPETTA ROAD
KOTTAYAM (M.C. ROAD)
MEENACHIL RIVER
PONNANI RIVER
ERATTUPETTA

AKKOOR, VADAKARA, KOOTHATTUKULAM, PIRAVOM, PERUMPPURAM, MUTHOLAPURAM, XAVIER PURAM (NEERAL), VECHOOR, MULAKKULAM, ELANJI, MARANGOLY, THIRUVAMATTOM, THIRUTHIPPALLY, MANIPPALLY, KURUMABU, KEEZHOOR, ARUNOOTTIMANGALAM, MANARE, KADUTHURUTHY, NEDUMCHIRA, KANJIRATHANAM, MALAPPURAM, VENGATHANAM, VILAYAMCODE, KURAVILANGADU, NAZARETH HILL, MANNACKANADU, MARANGATTUPILLY, KUDAKKACHIRA, KURICHITHANAM, VAYALA, KALIKAVU, KALATHOOR, KODALLOOR, MANVETTAM, MANJARAPPARA, KOTHANALLOOR, RATNAGIRI, KADAPLAMATTAM, PALAYAM, PAINGULAM, NELLIYANI, PALACKATTUMALA, CHAKAMPUZHA, CHITAR, KARUR, AMANAKARA, KONDADU, KURINJI, MANATHOOR, GAGULTHA, VRUMPUKAVU, RAMAPURAM, EZHACHERY, ELIVALY, ANTHIYALAM, ANTHINAD, PARVITHANAM, ANAKU, KAYYOOR, NEELOOR, KADAMADU, KURUMANNU, MARYLAND, MELUKAVU, PARIS MOUNT, VAKAKADU, EDAMARUKU, VALMKUMARAMANGALAM, NELLAPARA, KUDAYATHOOR, SANKARAPALLY, THUDANGANADU, VELLIAMATTAM, ARAKKULAM (NEW), ARAKKULAM (OLD), KULAMAVU, MOOLAMATTAM, KOLATTOOKADAVU, NARIYANGANAM, EZHASSANAL, ELAMTHOTTAM, MUNDANKOR, KAVERKUMMY, THAMALY, KANAKKALLU, KARANANGANAM, PALAI CATHEDRAL, KIZHA PARAYAR, AMPARA NIRAPEL, AYYAMPARA, ADUKKAM, TEKOY, VELLILAMALAM, VAGAMON, MAVADY, POONJAR, ARUVITHURA, EDAMATTAM, POOVATHOOR, THIDANADU, MANIAMKUNNU, PERINGULAM, ADIVARAM, KAIPALLY, MANIAMCHERRY, CHENNADU, KUNNONNI, MALAYINCHIPARA, CHATTUTHODU, KOOTTICKAL, PARATHANAM, VENTHIYAR, KURUVINAYAM, MUTHOLY, MUTHOLY, CHERUMKAL, CHEMPILAVU, MEENACHIL, PADUA, KOZHUVANAL, THODANAL, KARAMPANY, PAIKA, MALIKASSERY, URULIKUNNAM, MATTAKKARA, MANALUNKAL, MANJAPATTAM, MOOZHOOR, KANJIRAMATTAM, PAYARANY, VAKKUMADAM, CHEMMALAMATTAM

CENTRAL KERALA
TELLICHERRY
PALGHAT
TRICHUR
ERNAKULAM
KOTHAMANGALAM
PALAI
CHANGANACHERRY
KOTTAYAM

Greetings & Best Wishes

TO

The Jubilarian Mar Sebastian Vayalil
Bishop of Palai

FROM

Teekoy Rubbers (India) Limited

Karikode Rubbers (1945) Limited

Periyar & Pareekanni Rubbers India Limited

PALAI, KERALA

PRODUCERS OF QUALITY
CREEP & SHEET RUBBER

CT Library
8800005888
M73 D62/1975

OUR BEST WISHES TO

THE JUBILARIAN

HIS EX. RT. REV. DR. SEBASTIAN VAYALIL

BISHOP OF PALAI

M/s. JOSEPH MICHAEL & BROS., (P) LTD.
T. D. ROAD, ERNAKULAM
COCHIN 682011

Telegrams: 'JAYEMBROS' Telephone: 34776

COVER DESIGNED AND PRINTED AT JOHN MATHEW & BROS., KOTTAYAM-1